# സൈറസിലെ തിയഡൊറെറ്റ്

# ക്രിസ്തുശാസ്ത്രം

## (എരാനിസ്തെസ്)

www.malankaralibrary.com

www.malankaralibrary.com

ܡܕܪ̈ܫܐ മദ്റോശോ - 7

ജി. ചേടിയത്ത്

# സൈറസിലെ തിയഡൊറെറ്റ്
# ക്രിസ്തുശാസ്ത്രം
## (എരാനിസ്തെസ്)

St. Ephrem Ecumenical Research Institute [SEERI]
Baker Hills, Kottayam - 686 001
Kerala, India.

May 2007

www.malankaralibrary.com

**G. Chediath** (tr.), *Cyrasile Theodoret, Kristubhashyam (Eranistes)*
**Published by** St. Ephrem Ecumenical Research Institute [SEERI]
Baker Hills, Kottayam - 686 001, Kerala, India.

© G. Chediath, 2007

Price : Rs. 125/-

Printing : Bethany Offset Printers, Kottayam. Tel.0481-2571355

*www.malankaralibrary.com*

# വിഷയവിവരം


| | | |
|---|---|---|
| ആമുഖം | – | 7 |
| അവതാരിക | – | 8 |
| ഗ്രന്ഥത്തിന്റെ ആമുഖം | – | 11 |
| ഡയലോഗ് – 1 : വ്യതിയാനാതീതം | - | 14 |
| ഡയലോഗ് – 2 : സമ്മിശ്രരഹിതം | - | 67 |
| ഡയലോഗ് – 3 : സഹനാതീതം | - | 150 |
| ഉപസംഹാരം | - | 222 |
| അടിക്കുറിപ്പുകൾ | - | 234 |


www.malankaralibrary.com

## ***DEDICATION***

*Lovingly dedicated to His Beatitude*
*Moran Mor Baselios Cleemis*
*Major Archbishop - Catholicos*
*of the Manlankara Catholic Church*

www.malankaralibrary.com

# ആമുഖം

സൈറസിലെ തിയഡൊറെറ്റിന്റെ എരാനിസ്തെസ് അഥവാ പോളി മോർഫോസ് (യാചകൻ) എന്ന കൃതി ആദ്യമായി മലയാളഭാഷയിൽ പ്രസിദ്ധീകരിക്കാൻ വളരെയധികം സന്തോഷമുണ്ട്. ഇത് അദ്ദേഹത്തിന്റെ ക്രിസ്തുശാസ്ത്ര കൃതിയാണ്. ഇതിൽ അന്ത്യോക്യൻ ചിന്താരീതികളും പദപ്രയോഗങ്ങളും കാണാം. അതുപോലെ അക്കാലത്തെ താർക്കിക മനഃസ്ഥിതി പ്രകടമാണ്. സംഭാഷണശൈലിയിലാണ് ഇതെഴുതിയിരിക്കുന്നത്. സാരസത്തയും പദപ്രയോഗങ്ങളും തമ്മിൽ വേർതിരിച്ചു കാണാൻ കഴിയാത്തവിധം മാനുഷിക ബലഹീനതയ്ക്ക് അക്കാലത്തുള്ളവർ വിധേയരായിരുന്നു.താർക്കികമനോഭാവം തള്ളിക്കളഞ്ഞിട്ട് അന്ത്യോക്യൻ ക്രിസ്തുശാസ്ത്രം മനസ്സിൽ വച്ചുകൊണ്ട് ഇതു വായിച്ചാൽ, അന്ത്യോക്യൻ വീക്ഷണങ്ങൾ കുറേയൊക്ക ഗ്രഹിക്കാൻ സഹായിക്കും.

ഈ കൃതിക്ക് രൂപം നൽകുവാൻ സഹായിച്ച എല്ലാവരെയും നന്ദി പൂർവം സ്മരിക്കുന്നു. ഈ ഗ്രന്ഥം സീരിയുടെ *മദ്റോശോ* സീരിസിൽ സദയം ഉൾപ്പെടുത്തിയ ബഹുമാനപ്പെട്ട ഡോ. ജേക്കബ് തെക്കേപ്പറമ്പിലച്ചന് കൃതജ്ഞതയുടെ കൂപ്പുകൈ. ഇതിന്റെ ലേ ഔട്ട് ഭംഗിയായി നിർവഹിച്ച ഷാനിക്കും ബഥനിപ്രസിലെ അധികാരികൾക്കും എല്ലാ പ്രവർത്തകർക്കും നന്ദി രേഖപ്പെടുത്തുന്നു. ഇത് പൊതുജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

ജി.ചേടിയത്ത്

മലങ്കര സെമിനരി,
തിരുവനന്തപുരം.
ഏപ്രിൽ 15, 2007.

www.malankaralibrary.com

# അവതാരിക

അന്ത്യോക്യൻ സഭയിലെ അവസാനത്തെ ഏറ്റവും വലിയ ദൈവശാസ്തജ്ഞനായിരുന്നു സൈറസിലെ മെത്രാനായിരുന്ന തിയഡൊറെറ്റ് (393–466). അദ്ദേഹം വളരെ കാര്യക്ഷമമായി ദീർഘനാൾ സൈറസ് രൂപതയ്ക്ക് നേതൃത്വം നൽകി (423–466). അക്കാലത്ത് ഉടലെടുത്ത സഭാതർക്കങ്ങളിൽ സജീവമായി പങ്കെടുത്തു. അന്ത്യോക്യൻ കലാലയഭാഷ്യരീതികളും ചിന്താധാരകളും അദ്ദേഹം സ്വന്തമാക്കിയിരുന്നു: അന്ത്യോക്യക്കാർ ചരിത്രപുരുഷനായ യേശുക്രിസ്തുവിൽ നിന്നാണ് ക്രിസ്തുശാസ്ത്രം തുടങ്ങുന്നത്. മനുഷ്യനായി അവതരിച്ച ദൈവപുത്രന്റെ മാനുഷികവശത്തിന് അവർ വേണ്ടത്ര ഊന്നൽ നൽകി. മഹനീയവും ബലഹീനവുമായ സംഗതികളെല്ലാം ഈ ഏകയാളിൽ – യേശുക്രിസ്തുവിൽ, നമ്മുടെ രക്ഷകനിൽ, നമ്മുടെ കർത്താവിൽ – അവർ ആരോപിച്ചു. ഈ നാമങ്ങളെല്ലാം വ്യക്തിത്വത്തെ കുറിക്കുന്നതായി അവർ കരുതി. എന്നാൽ അവരുടെ ചിന്തയനുസരിച്ച്, *വചനം* എന്ന നാമം ദൈവത്വത്തെ കുറിക്കുന്നതിനാൽ, ബലഹീനമായവ വചനത്തിൽ ആരോപിക്കാൻ അവർ മടിച്ചു. "വചനം മാംസമായി" എന്ന തിരുവചനം അംഗീകരിച്ചെങ്കിലും, പീഡാനുഭവം, മരണം ആദിയായ മാനുഷികബലഹീനതകൾ അവർ വചനത്തിൽ ആരോപിക്കാതെ, യേശുക്രിസ്തു എന്ന നാമത്തിലാണ് ആരോപിക്കുന്നത്. അക്കാരണത്താൽ "വചനം പീഡ അനുഭവിച്ചു, മരിച്ചു" എന്നൊക്കെ പറഞ്ഞിരുന്ന അലക്സാണ്ഡ്രിയൻ ചിന്താഗതിക്കാരെ അവർ വിമർശിച്ചിരുന്നു. യേശുക്രിസ്തുവിന്റെ മനുഷ്യത്വം അലക്സാണ്ഡ്രിയാക്കാർ വേണ്ടവണ്ണം ഊന്നിപ്പറഞ്ഞില്ല എന്നായിരുന്നു അവരുടെ പരാതി. തദ്ഫലമായി അന്ത്യോക്യക്കാർ അത് തറപ്പിച്ചുപറയുകയും ഒരുപോലെ ദൈവത്വവും മനുഷ്യത്വവും ഊന്നിപ്പറയുകയും ചെയ്തു. എന്നാൽ ഇത് തെറ്റിദ്ധരിച്ച്, അന്ത്യോക്യക്കാർ യേശുക്രിസ്തുവിനെ ദൈവവും മനുഷ്യനുമെന്ന് രണ്ടായി വിഭജിക്കുന്നു എന്ന് അലക്സാണ്ഡ്രിയാക്കാരും തെറ്റിദ്ധരിച്ചു.

എഫേസോസ് (431), രണ്ടാം കോൺസ്റ്റാന്റിനോപ്പിൾ (553) സിനഡുകൾ ഏകപക്ഷീയമായ അലക്സാൺഡ്രിയൻ ക്രിസ്തുശാസ്ത്രത്തിന്റെ വിജയമായിരുന്നു. മഹനീയവും ബലഹീനവുമായവയെല്ലാം വചനത്തിൽ

www.malankaralibrary.com

ആരോപിക്കുന്ന രീതിയായിരുന്നു അലക്സാൺഡ്രിയാക്കാർക്കുണ്ടായിരുന്നത്. അവരെ സംബന്ധിച്ച് വചനം എന്ന നാമം വ്യക്തിത്വത്തെ കുറിക്കുന്നു. "വചനം മാംസമായി" എന്നു പറയുന്നതുപോലെ "വചനം തന്റെ ജഡത്തിൽ പീഡ അനുഭവിച്ചു, മരിച്ചു" എന്നൊക്കെ പറയുന്നതിന് അവർക്ക് യാതൊരു ബുദ്ധിമുട്ടുമുണ്ടായിരുന്നില്ല. ഈ ചിന്താരീതിയെ അന്ത്യോക്യക്കാർ എതിർത്തു. അലക്സാൺഡ്രിയൻ-അന്ത്യോക്യൻ കലാലയങ്ങളിലെ ക്രിസ്തുശാസ്ത്ര ചിന്താധാരകളെ സമന്വയിപ്പിച്ച് കൊണ്ടുപോകാൻ കാൽസിഡൺ കൗൺസിൽ (451) ശ്രമിച്ചു. എന്നാൽ മാനുഷികബലഹീനത നിമിത്തം പരസ്പരം മനസിലാക്കാനുള്ള സന്മനസ്സ് രണ്ടു ഭാഗത്തുനിന്നും ഉണ്ടായില്ല. തർക്കങ്ങളിൽ കക്ഷികളായിരുന്നവരുടെ ആത്മാർഥതയെ ചോദ്യം ചെയ്യേണ്ടതില്ല. തങ്ങൾ പഠിപ്പിക്കുന്നത് ശ്ലൈഹികപ്രബോധനം ആയിരിക്കണമെന്ന് അവർക്കൊക്കെ നിർബന്ധം ഉണ്ടായിരുന്നു. വിശ്വാസത്തിന്റെ സാരസത്തയിലുള്ള യോജിപ്പു മാത്രമല്ല, പദപ്രയോഗങ്ങളിലുള്ള ഐകരൂപ്യത്തിനും ഇരുകൂട്ടരും ഊന്നൽ കൊടുത്തു. വ്യത്യസ്ത താത്വിക-ദൈവശാസ്ത്ര പദപ്രയോഗങ്ങളിലെല്ലാം ഐകരൂപ്യം ഉണ്ടായിരിക്കണമെന്നു കരുതിയത് അവസാനിക്കാത്ത കലഹങ്ങളിലേക്കും പിളർപ്പുകളിലേക്കും നയിച്ചു. ഇങ്ങനെ, സത്യവിശ്വാസം പഠിപ്പിക്കുകയും വിശ്വാസത്തിന്റെ സാരസത്ത അഭംഗുരം കാത്തുസൂക്ഷിക്കുകയും ചെയ്തവരുടെ ഇടയിൽ തന്നെ പദപ്രയോഗങ്ങളെ ചൊല്ലി അഭിപ്രായവ്യത്യാസങ്ങളും കലഹങ്ങളും ഉണ്ടായി. ഇതിനെ മറികടക്കാൻ അവർക്കു കഴിഞ്ഞില്ല.

മറുവശത്ത്, വിവിധയിനം അബദ്ധോപദേശകർ കടന്നാക്രമണം നടത്താൻ തുടങ്ങി. ഗ്നോസ്റ്റിക്കുകൾ, മനിക്കേയർ, വഴിതെറ്റിയ കരിസ്മാറ്റിക്കുകാർ എന്നു തുടങ്ങി വിവിധതരത്തിലുള്ള പാഷണ്ഡികൾ സത്യവിശ്വാസവക്താക്കളായി രംഗപ്രവേശം നടത്തി: ക്രിസ്തുവിന്റെ മനുഷ്യത്വം നിഷേധിച്ചവർ, ക്രിസ്തുവിന് മനുഷ്യാത്മാവില്ലെന്ന് സങ്കൽപിച്ചവർ, ക്രിസ്തുവിന്റെ ശരീരം മായയാണെന്നു കരുതിയവർ, ക്രിസ്തുവിന്റെ ദൈവസ്വഭാവത്തിൽ മനുഷ്യസ്വഭാവം ലയിച്ച് ഏകസ്വഭാവമായി തീർന്നെന്ന് വാദിച്ചവർ, രണ്ടു വ്യക്തികളുടെ ഉടമയാണ് ക്രിസ്തു എന്ന് കരുതിയവർ, ദത്തെടുക്കൽ വഴി യേശു ദൈവപുത്രനായി എന്നു പഠിപ്പിച്ചവർ, യേശു സ്നാനംവഴി മിശിഹായായിത്തീർന്നു എന്നു കരുതിയവർ, യേശുവിലെ ബൗദ്ധികാത്മാവിനെ നിഷേധിച്ചവർ, ക്രിസ്തുവിന്റെ ദൈവത്വം നിഷേധിക്കുകയും ക്രിസ്തു ഒരു സൃഷ്ടിയും നിർമിക്കപ്പെട്ട വസ്തുവുമാണെന്ന് കരുതിയവർ-ഇങ്ങനെ പോകുന്നു അബദ്ധോപദേശകരുടെ നീണ്ട പട്ടിക. പലപ്പോഴും അബദ്ധപ്രബോധകരെയും വ്യത്യസ്ത പദപ്രയോഗങ്ങൾ നടത്തിയ സത്യവിശ്വാസികളെയും തിരിച്ചറിയാൻ പലർക്കും കഴിയാതെ വന്നു. പരസ്പരം കുറ്റാരോപണം നടത്തുകയും പാഷണ്ഡതകൾ ആരോപിക്കുകയും ചെയ്യുന്ന പ്രവണതയും ദൃശ്യമായി. സഭാരാഷ്ട്രീയത്തിൽ മേൽക്കോയ്മ പുലർത്താൻ

www.malankaralibrary.com

കഴിഞ്ഞവരുടെ ചിന്താധാരകൾ സ്വീകൃതങ്ങളും മറ്റുള്ളവരുടെ വീക്ഷണങ്ങൾ തിരസ്കൃതങ്ങളുമായി. ഇതിനൊരു മാറ്റവും കൂടാതെ നൂറ്റാണ്ടുകൾ കടന്നുപോയി. പിളർപ്പിന്റെ പാപത്തെപ്പറ്റിയുള്ള അവബോധം പോലും നഷ്ടപ്പെട്ടു. ഈ കലഹപശ്ചാത്തലം തലമുറകൾ കൈമാറിക്കൊണ്ടിരുന്നു. ഇതിനൊരു മാറ്റം കുറിച്ചത് രണ്ടാം വത്തിക്കാൻ കൗൺസിലോടു കൂടെയാണ്. എന്നാൽ എല്ലാ സഭകളിലും ഈ നൂതന ചിന്താധാര ഇപ്പോഴും കടന്നു ചെന്നിട്ടില്ല എന്ന ദുഃഖസത്യം അവശേഷിക്കുന്നു.

തിയഡൊറെറ്റ് സുറിയാനിക്കാരൻ ആയിരുന്നെങ്കിലും കൃതികൾ രചിച്ചത് ഗ്രീക്കിലാണ്. അദ്ദേഹം അന്ത്യോക്യൻ ചിന്താധാര സ്വന്തമാക്കിയിരുന്ന ആളായിരുന്നു. വളരെയധികം വിഷയങ്ങളിൽ അദ്ദേഹത്തിന് താൽപര്യമുണ്ടായിരുന്നു. ദൈവശാസ്ത്രത്തിലെ മിക്കവാറും എല്ലാ ശാഖകളിലും അദ്ദേഹം കൈവച്ചു. 35 പുസ്തകങ്ങൾ എഴുതിയെന്ന് 450-ൽ അദ്ദേഹം തന്നെ പറയുന്നു. അദ്ദേഹത്തിന്റെ ഡോഗ്മാറ്റിക് - താത്വിക കൃതികളിൽ ഒന്നാണ് എരാനിസ്തെസ് (യാചകൻ) എന്ന കൃതി. ഏകസ്വഭാവവാദികൾക്കെതിരെ 447-ൽ മൂന്നു ഭാഗങ്ങളിലായി എഴുതപ്പെട്ട ക്രിസ്തുശാസ്ത്ര കൃതിയാണിത്. നേരത്തേ ഉടലെടുത്ത പല പാഷണ്ഡതകളിൽ നിന്നും ഇരന്നെടുത്തതാണ് ഏകസ്വഭാവവാദം എന്നത്രേ ഗ്രന്ഥകാരന്റെ ചിന്ത. ആമുഖത്തിൽ തന്റെ തലക്കെട്ടിനെ (എരാനിസ്തെസ്) അദ്ദേഹം ന്യായീകരിക്കുന്നു. ഒരു സത്യവിശ്വാസിയും (ഓർത്തഡോക്സ്) ഏകസ്വഭാവവാദിയും (എരാനിസ്തെസ്) തമ്മിലുള്ള സംഭാഷണരീതിയിലാണ് കൃതി. ഇതൊരു സാഹിത്യശൈലി മാത്രമാണ്. യഥാർത്ഥത്തിൽ നടന്ന ചർച്ചയുടെ കുറിപ്പെഴുത്തല്ല.

ക്രിസ്തുവിന്റെ മാറ്റമില്ലാത്ത ദൈവസ്വഭാവം (*atreptos*) ഇരുസ്വഭാവങ്ങളും തമ്മിൽ കൂടിക്കലരാതിരിക്കൽ, (*asynchutos*) സഹനാതീത ദൈവസ്വഭാവം (*apathes*) എന്നിവ ചർച്ചചെയ്യുന്നു. ഓരോ ഭാഗത്തിന്റെയും അവസാനം തെളിവിനായി പിതാക്കന്മാരിൽ നിന്ന് ഉദ്ധരിക്കുന്നു. അങ്ങനെ 88 പിതാക്കന്മാരിൽ നിന്നുള്ള 238 ഭാഗങ്ങൾ കൃതിയിൽ ഉദ്ധരിച്ചിട്ടുണ്ട്.

അന്ത്യോക്യൻ ക്രിസ്തുശാസ്ത്രത്തെപ്പറ്റി അറിയാൻ സഹായകമായ ഈ ഗ്രന്ഥം പൊതുജനസമക്ഷം അവതരിപ്പിക്കുന്നതിന് അതിയായ സന്തോഷമുണ്ട്. ഇത് മലയാളത്തിൽ വിവർത്തനം ചെയ്ത ചേടിയത്തച്ചനെ അഭിനന്ദിക്കുന്നു.

റവ. ഡോ. ജേക്കബ് തെക്കേപ്പറമ്പിൽ
ഡയറക്ടർ, സീരി

കോട്ടയം,
ഏപ്രിൽ 8, 2007.

www.malankaralibrary.com

## സൈറസിലെ തിയഡൊറെറ്റ്
# ക്രിസ്തുശാസ്ത്രം

### ഗ്രന്ഥത്തിന്റെ ആമുഖം

തങ്ങളുടെ വംശപരമ്പരകൊണ്ടോ, പാണ്ഡിത്യം കൊണ്ടോ, വ്യക്തിപരമായ നേട്ടംകൊണ്ടോ വിഖ്യാതരോ മഹനീയരോ ആകാത്തവരുണ്ട്. അതുകൊണ്ട്, തിന്മ പ്രവർത്തിച്ച് അറിയപ്പെടാൻ അത്തരക്കാർ പരിശ്രമിക്കുന്നു. ഉദാ. ചെമ്പുപണിക്കാരനായ അലക്സാണ്ടർ പ്രത്യേകത ഒന്നും ഉള്ളവനായിരുന്നില്ല. അവൻ കുലീനകുടുംബത്തിൽ പെട്ടവനായിരുന്നില്ല. പ്രശസ്തവാഗ്മിയോ, രാഷ്ട്രീയക്കാരനോ, സേനാനായകനോ, ധീരനായ പോരാളിയോ ആയിരുന്നില്ല. അവന്റെ സാധാരണ തൊഴിൽ ഒഴികെ മറ്റൊന്നും അവൻ ചെയ്തിരുന്നില്ല. അതിശ്രേഷ്ഠനായ പൗലോസിനെതിരെ ക്രുദ്ധനായി എന്നതുകൊണ്ടു മാത്രം അവൻ അറിയപ്പെട്ടവനായി (2തിമോ.4,14). അതുപോലെ, തികച്ചും അപ്രസക്തനും നീചനുമായ ശിമെയി, ദൈവനിവേശിതനായ ദാവീദിനോടുള്ള ധിക്കാരപരമായ പെരുമാറ്റത്താൽ മാത്രം അറിയപ്പെട്ടവനായിത്തീർന്നു (2സാമു.16,5-8). മനിക്കെയൻ പാഷണ്ഡതയുടെ ഉപജ്ഞാതാവ് വെറുമൊരടിമ മാത്രമായിരുന്നു. പ്രശസ്തി കാംക്ഷിച്ച് അവൻ മ്ലേച്ഛമായ ഒരു മതത്തിനു രൂപം കൊടുത്തു.

ഇന്നും ചില മനുഷ്യർ ഇതുപോലെതന്നെ പ്രവർത്തിക്കാറുണ്ട്. സുകൃതത്തിൽ നിന്നു വരുന്ന സ്തുതിക്കും പുകഴ്ചയ്ക്കും പരിശ്രമം ആവശ്യമാകയാൽ, അത് തിരസ്കരിച്ചിട്ട് അവർ ഏറ്റവും മ്ലേച്ഛമായ കുപ്രസിദ്ധി ആർജിക്കുന്നു. നവീന പ്രബോധനങ്ങൾ അവതരിപ്പിക്കാനുള്ള വെമ്പലിൽ അനേകം പാഷണ്ഡതകളിൽ നിന്നുള്ള ദുഷ്ടതകൾ പെറുക്കിയെടുത്ത്, അവർ തങ്ങളുടെ വിനാശകരമായ പാഷണ്ഡത രൂപീകരിക്കുന്നു. അവരെ സൗഖ്യമാക്കാനും ആരോഗ്യമുള്ളവരോടുള്ള താൽപര്യം കാണിക്കാനും അവരുമായി ചെറിയൊരു ചർച്ച നടത്താൻ ഞാൻ ആഗ്രഹിക്കുന്നു.

www.malankaralibrary.com

എന്റെ ഗ്രന്ഥത്തിന്റെ പേര് എരാനിസ്തെസ് അഥവാ പോളിമോർഫ് എന്നാണ്. കാരണം, നിരവധി ദുഷ്ടമനുഷ്യരുടെ ദുഷ്ടപ്രബോധനങ്ങൾ ശേഖരിച്ച്, അവർ തങ്ങളുടെ സങ്കീർണവും ബഹുമൂർത്തവുമായ പ്രബോധനം അവതരിപ്പിക്കുന്നു."കർത്താവായ ക്രിസ്തു ദൈവം മാത്രമാണ്" എന്ന പ്രസ്താവന ശീമോൻ, ചെർദോൻ, മാർസ്യൻ എന്നിവരിൽ നിന്നും ഈ ദുഷിച്ച വിഭാഗത്തിൽ പെട്ട മറ്റുള്ളവരിൽ നിന്നുമാണ് വരുന്നത്. കന്യകയിൽ നിന്നുള്ള ജനനം ഏറ്റുപറയുന്നെങ്കിലും, അത് വെറുമൊരു താൽക്കാലിക കടന്നുപോകൽ മാത്രമാണെന്നും വചനമാം ദൈവം കന്യകയിൽ നിന്ന് ഒന്നും എടുത്തില്ലെന്നും പറയുന്നത്, വലന്റീനസ്, ബർദൈസാൻ, അവരുടെ അനുയായികൾ എന്നിവരുടെ പൊട്ടക്കഥകളിൽ നിന്ന് കട്ടെടുത്തതാണ്. "കർത്താവായ ക്രിസ്തുവിന്റെ ദൈവത്വവും മനുഷ്യത്വവും ഏകസ്വഭാവമാണ്" എന്നു പറയുന്നത് അപ്പൊള്ളിനാരിസിന്റെ ചിത്തഭ്രമത്തിൽ നിന്ന് അവർ മോഷ്ടിച്ചതാണ്. കർത്താവായ ക്രിസ്തുവിന്റെ ദൈവത്വത്തിൽ പീഡാസഹനം ആരോപിക്കുന്നത് ആരിയസിന്റെയും എവുണോമിയസിന്റെയും ദൈവദൂഷണത്തിൽ നിന്ന് അവർ കടമെടുത്തതാണ്. തദ്ഫലമായി, പഴന്തുണിക്കഷണങ്ങൾ തുന്നിക്കൂട്ടി യാചകർ ധരിക്കുന്ന വസ്ത്രത്തിനു തുല്യമാണ് ഈ പാഷണ്ഡത. അതുകൊണ്ടാണ് ഞാൻ ഈ ഗ്രന്ഥത്തിന് എരാനിസ്തെസ് അഥവാ പോളിമോർഫ് എന്നു പേരിട്ടിരിക്കുന്നത്.

ചോദ്യോത്തരങ്ങൾ, പ്രശ്നാവതരണം, പ്രശ്നപരിഹാരം, തടസ്സവാദങ്ങൾ എന്നു തുടങ്ങി സംഭാഷണരീതിയുടെ മറ്റ് സവിശേഷതകൾ ഉൾപ്പെടുത്തി ഡയലോഗ് രീതിയിലായിരിക്കും എന്റെ ചർച്ച. എന്നാൽ പ്രാചീന ഗ്രീക്കുതാത്വികർ ചെയ്തതുപോലെ, ചോദ്യകർത്താവിന്റെയും ഉത്തരം നൽകുന്നയാളിന്റെയും പേരുകൾ ചർച്ചയ്ക്കുള്ളിൽ ഞാൻ കൊണ്ടുവരുന്നില്ല. എന്നാൽ അതിനു പകരം ഡയലോഗിന്റെ ഓരോ പുതിയ ഭാഗത്തിന്റെയും ആരംഭത്തിൽ മാർജിനിൽ അവ കുറിക്കുന്നതാണ്. ജീവിതം ചർച്ചകൾക്കായി ഉഴിഞ്ഞുവച്ച പണ്ഡിതരെ ഉന്നംവച്ച് എഴുതിയ ഗ്രീക്കുകാരിൽ നിന്ന് വ്യത്യസ്തമായി, വാചകതർക്കങ്ങളിൽ പരിചിതരല്ലാത്ത വായനക്കാർക്ക് സുഗ്രാഹ്യവും പ്രയോജനകരവും ആകത്തക്കവിധമായിരിക്കണം എന്റെ കൃതിയെന്ന് ആഗ്രഹിച്ചുകൊണ്ടാണ് ഞാനിതു ചെയ്യുന്നത്. പങ്കെടുക്കുന്നവരുടെ പേരുകൾ മാർജിനിൽ എഴുതിയിരിക്കുന്നതിനാൽ അവർ ആരാണെന്നുള്ളത് സുവ്യക്തമായിരിക്കും. അപ്പസ്തോലിക പ്രബോധനത്തിനുവേണ്ടി നിലകൊള്ളുന്നയാൾ *ഓർത്തഡോക്സ്* എന്നും മറ്റെയാൾ *എരാനിസ്തെസ്* എന്നും വിളിക്കപ്പെടും. അനേകരുടെ കാരുണ്യത്തിൽ ജീവിക്കുന്നവനെ യാചകൻ എന്നും ബിസിനസിൽ കഴിവുറ്റവനെ ബിസിനസുകാരൻ എന്നും നാം

www.malankaralibrary.com

സാധാരണയായി വിളിക്കുന്നു. അതുപോലെ ഇവിടെ അവരുടെ പ്രവൃത്തിയുടെ സ്വഭാവം കൊണ്ട് നാം അവർക്ക് ഒരു പേരു നൽകുന്നു. മുൻവിധി ഒന്നും കൂടാതെ സത്യമെന്തെന്ന് വിധിക്കാൻ ഞാൻ അനുവാചകരെ ക്ഷണിക്കുന്നു.

വ്യക്തതയ്ക്കുവേണ്ടി ഈ ഗ്രന്ഥത്തെ മൂന്നു ഡയലോഗുകളായി തിരിച്ചിരിക്കുന്നു. ഒന്നാമത്തേത്, ഏകജാതനാം പുത്രന്റെ ദൈവത്വം വ്യതിയാനാതീതം ആണെന്ന് തെളിയിക്കുന്നു. രണ്ടാമത്തേത്, കർത്താവായ ക്രിസ്തുവിന്റെ ദൈവത്വവും മനുഷ്യത്വവും തമ്മിലുള്ള ഐക്യത്തിൽ *(ഹെനോസിസ്)* കൂടിക്കലരൽ ഇല്ലെന്ന് ദൈവസഹായത്താൽ കാണിക്കുന്നതാണ്. മൂന്നാമത്തേത്, നമ്മുടെ രക്ഷകന്റെ ദൈവത്വം സഹനാതീതം ആണെന്ന് വാദിക്കുന്നു. ഓരോ ഡയലോഗിനും ശേഷം ചർച്ചയുടെ പൂർണതയ്ക്കായി, മറ്റു ചില സാക്ഷ്യങ്ങൾ കൂട്ടിച്ചേർക്കുന്നതാണ്. ഓരോ പ്രധാന വിഷയത്തിനും അനുസൃതമായി നാം നമ്മുടെ വാദഗതി നിയന്ത്രിക്കുകയും നാം ശ്ലൈഹികപ്രബോധനം നിലനിർത്തുന്നെന്ന് വ്യക്തമായി കാണിക്കുകയും ചെയ്യാം.

●

www.malankaralibrary.com

## ഡയലോഗ് – 1

# വ്യതിയാനാതീതം

ഓർത്തഡോക്സ്: ധാരണയിലെത്തി ശ്ലൈഹികപ്രബോധനം അഭംഗുരം സംരക്ഷിക്കുക എന്നതായിരുന്നു നമുക്കു നല്ലത്. എന്നാൽ ഏതോ ചില കാരണത്താൽ നീ യോജിപ്പ് തകർക്കുകയും കഥയില്ലാത്ത പ്രബോധനങ്ങൾ അവതരിപ്പിക്കുകയും ചെയ്യുന്നതിനാൽ, നമുക്ക് വഴക്കടിക്കാതെ ഒന്നിച്ച് സത്യമെന്തെന്ന് അന്വേഷിക്കാം.

എരാനിസ്തെസ്: നമുക്ക് ഒന്നിച്ച് അന്വേഷിക്കേണ്ട കാര്യമില്ല. കാരണം, സത്യം വ്യക്തമായി ഞങ്ങളുടെ പക്കലാണ്.

ഓർ: എല്ലാ പാഷണ്ഡികളും ഇതുതന്നെയാണ് ധരിച്ചിരുന്നത്. തങ്ങൾ സത്യപ്രബോധനത്തിനുവേണ്ടി നിലകൊള്ളുന്നെന്ന് യഹൂദരും ഗ്രീക്കുകാരും പോലും ചിന്തിക്കുന്നു. പ്ലേറ്റോയുടെയും പിത്തഗോറസിന്റെയും ആരാധകർ മാത്രമല്ല, തികച്ചും നിരീശ്വരരും ഭൗതികവാദികളുമായ എപ്പിക്കൂരിയരും ഇതിൽ ഉൾപ്പെടുന്നു. നാം മുൻവിധിയുടെ അടിമകളാകാതെ യഥാർഥ ജ്ഞാനം തേടേണ്ടതുണ്ട്.

എരാ: താങ്കളുടെ നിർദേശത്തിനു ഞാൻ വഴങ്ങുകയും അത് അംഗീകരിക്കുകയും ചെയ്യുന്നു.

ഓർ: അങ്ങനെ ആണെങ്കിൽ, താങ്കൾ എന്റെ ആദ്യനിർദേശം സ്വമേധയാ അംഗീകരിച്ചതിനാൽ, സത്യാന്വേഷണത്തിൽ മാനുഷികവാദഗതികൾക്കു വശംവദനാകാതെ, പ്രവാചകന്മാരുടെയും അവരുടെ പിൻഗാമികളായ വിശുദ്ധരുടെയും കാൽപ്പാടുകൾ തേടിപ്പോകാൻ ഞാൻ അപേക്ഷിക്കുന്നു. കാരണം, യാത്രക്കാർക്കു വഴിതെറ്റിപ്പോയാൽ ഇപ്രകാരമാണ് ചെയ്യുക. അവർ വഴിത്താരകൾ സൂക്ഷ്മാവലോകനം ചെയ്യുന്നു. മനുഷ്യരുടെയോ, കുതിരകളുടെയോ, കഴുതകളുടെയോ, കോവർകഴുതകളുടെയോ കാൽപ്പാടുകൾ തേടുന്നു. അങ്ങനെ ഒന്നു കണ്ടെത്തിയാൽ, നായ്ക്കളെപ്പോലെ അവയെ പിന്തുടരുന്നു. ശരിയായ പാതയിൽ എത്തിച്ചേരുന്നതുവരെ അവർ യാത്ര നിർത്തുന്നില്ല.

www.malankaralibrary.com

എരാ. നമുക്ക് അങ്ങനെ ചെയ്യാം. നീ ചർച്ച തുടങ്ങിവച്ചതിനാൽ, നീ ആ പാതയിലൂടെ നയിച്ചാലും.

ഓർ. സത്ത (substance), സ്വയംസ്ഥിതയാഥാർഥ്യങ്ങൾ (subsistent entities), വ്യക്തികൾ (persons), സവിശേഷതകൾ (properties) എന്നു തുടങ്ങി ദൈവത്തെപ്പറ്റിയുള്ള പദങ്ങളുടെ സമഗ്രപരിശോധന കൊണ്ട് നമുക്കു തുടങ്ങാം. അവയെപ്പറ്റി അറിയാൻ ശ്രമിച്ച് ഒന്നിൽ നിന്ന് മറ്റൊന്നിനെ വേർതിരിച്ചു കാണാം. എന്നിട്ട് അവിടെ നിന്ന് നമുക്കാരംഭിക്കാം.

എരാ. നമ്മുടെ ഡയലോഗിന് ഏറ്റവും വാചാലവും അവശ്യാവശ്യകവുമായ ഒരാമുഖം നീ നൽകിയിരിക്കുന്നു. കാരണം, ഈ സംഗതികൾ വ്യക്തമായിക്കഴിയുമ്പോൾ, തുടർന്നുള്ള ചർച്ച എളുപ്പമായിരിക്കും.

ഓർ. കൊള്ളാം. എന്റെ സ്നേഹിതാ, നാം ഈ യോജിപ്പിൽ എത്തുകയും ഈ നടപടിക്രമം സംബന്ധിച്ച് തീരുമാനിക്കുകയും ചെയ്തതിനാൽ, ഈ ചോദ്യത്തിന് ഉത്തരം പറയുക. പഴയതും പുതിയതുമായ തിരുലിഖിതങ്ങളും നിഖ്യായിൽ സമ്മേളിച്ച പിതാക്കന്മാരും നമ്മെ പഠിപ്പിച്ചതുപോലെ, പിതാവും ഏകജാതനാം പുത്രനും പരിശുദ്ധാത്മാവുമായ ദൈവത്തിൽ ഏകസത്തയാണെന്ന് നാം ഏറ്റുപറയുന്നുവോ? അതോ, ആരിയസിന്റെ ദൈവദൂഷണങ്ങളെ പിൻചെല്ലുന്നുവോ?

എരാ. പരിശുദ്ധ ത്രിത്വത്തിൽ ഏക സത്തയാണെന്ന് നാം ഏറ്റുപറയുന്നു.

ഓർ. സ്വയംസ്ഥിതയാഥാർഥ്യം സത്തയിൽ നിന്ന് വ്യത്യസ്തമായി നാം മനസ്സിലാക്കുന്നുവോ അതോ, അതിനെ സത്തയുടെ പര്യായമായി പരിഗണിക്കുന്നുവോ?

എരാ. സത്ത ഏതെങ്കിലും തരത്തിൽ സ്വയംസ്ഥിതയാഥാർഥ്യത്തിൽ നിന്ന് വ്യത്യസ്തമാണോ?

ഓർ. ലൗകികവിജ്ഞാനം അനുസരിച്ചല്ല. തദനുസൃതം, സത്ത എന്നാൽ എന്തായിരിക്കുന്നു എന്നതും സ്വയംസ്ഥിതയാഥാർഥ്യമെന്നാൽ എങ്ങനെ സ്ഥിതി ചെയ്യുന്നു എന്നതും അർഥമാക്കുന്നു. എന്നാൽ പിതാക്കന്മാരുടെ പ്രബോധനാനുസൃതം സത്തയും സ്വയംസ്ഥിതയാഥാർഥ്യവും തമ്മിലുള്ള വ്യത്യാസം പൊതുവും പ്രത്യേകവും *(common and proper)*, അഥവാ, വർഗവും *(genus)* ഉപഗണവും / വ്യക്തിയും *(species / individual)* തമ്മിലുള്ള വ്യത്യാസം പോലെയാണ്.

എരാ. വർഗം *(genus)*, ഉപഗണം *(species)*, വ്യക്തി *(individual)* എന്നിവ വ്യക്തമാക്കിയാലും.

www.malankaralibrary.com

ഓർ. ജീവനുള്ളതിനെ നാം വർഗമെന്നു വിളിക്കുന്നു. ഒരേ രൂപത്തിൻ കീഴിൽ വരുന്ന അനേകം വസ്തുക്കളെ - ബൗദ്ധിക യാഥാർഥ്യങ്ങളെയും അല്ലാത്തവയെയും - സൂചിപ്പിക്കുന്നു. ബുദ്ധിരഹിതയാഥാർഥ്യങ്ങൾക്ക് തന്നെ അനേകം ഉപഗണങ്ങളുണ്ട്. ഉദാ. പറവകൾ, ഉഭയചരങ്ങൾ, കരജീവികൾ, ജല ജീവികൾ. ഇവയിൽ ഓരോ ഉപഗണത്തിനും അവാന്തരവിഭാഗങ്ങളുണ്ട്. കര ജീവികളുടെ കൂട്ടത്തിൽ സിംഹം, പുള്ളിപ്പുലി, കാള എന്നു തുടങ്ങി നിരവധി ഇനങ്ങളുണ്ട്. പറവകളുടെ ഗണത്തിലും മറ്റുള്ളവയിലും അതുപോലെ അനേകം ഉപഗണങ്ങളുണ്ട്. എന്നാൽ അവയെല്ലാം ജീവനുള്ളവ എന്ന വർഗ ത്തിൽ പെടുന്നു. അവയുടെ ഉപഗണങ്ങളെയാണ് ഇപ്പോൾ സൂചിപ്പിച്ചത്. അതുപോലെ മനുഷ്യൻ എന്ന പേര് മനുഷ്യസ്വഭാവത്തിനു പൊതുവാണ്. അത് റോമാക്കാരെയും ആഥൻസുകാരെയും പേർഷ്യാക്കാരെയും സൗറോ മാത്യരെയും ഈജിപ്തുകാരെയും, ചുരുക്കത്തിൽ, ഈ സ്വഭാവമുള്ള എല്ലാ വരെയും കുറിക്കുന്നു. എന്നാൽ പൗലോസ്, പത്രോസ് എന്നു തുടങ്ങിയ നാമങ്ങൾ സ്വഭാവത്തിനു പൊതുവായുള്ളതിനെ സൂചിപ്പിക്കുന്നില്ല. പിന്നെ യോ, വ്യക്തികളെ മാത്രമേ കുറിക്കുന്നുള്ളു. കാരണം, പൗലോസ് എന്നു കേൾക്കുമ്പോൾ നാം ആദത്തെയോ അബ്രഹാമിനെയോ യാക്കോബിനെ യോ പറ്റി ചിന്തിക്കാറില്ല. പിന്നെയോ, നാം കേട്ട ഈ വ്യക്തിപരമായ പേരു കാരനെ പറ്റി മാത്രമേ ചിന്തിക്കുന്നുള്ളു. മനുഷ്യൻ എന്നു മാത്രം കേൾക്കു മ്പോൾ നാം നമ്മുടെ ചിന്ത ഏതെങ്കിലും വ്യക്തിയിലേക്കു തിരിക്കുന്നില്ല. പിന്നെയോ, അതിലൂടെ ഇൻഡ്യാക്കാരെയും ഷിത്യരെയും മഡഗാസ്കർകാ രെയും, പൊതുവായി മനുഷ്യകുലം മുഴുവനെയും ആയി നാം മനസിലാ ക്കുന്നു.

പ്രകൃതിയിൽ നിന്നു മാത്രമല്ല, തിരുലിഖിതത്തിൽ നിന്നുകൂടി നാമിതു മനസിലാക്കുന്നു. എന്തുകൊണ്ടെന്നാൽ അതിപ്രകാരം പറയുന്നു: “ദൈവം പറഞ്ഞു: ഞാൻ രൂപീകരിച്ച മനുഷ്യനെ ഭൂമുഖത്തുനിന്നു ഞാൻ തുടച്ചു നീക്കും” (ഉൽപ.6,7). എണ്ണമറ്റ സമൂഹങ്ങളെ പറ്റിയാണ് ദൈവം ഇതു പറ ഞ്ഞത്. കാരണം, ആദം മുതൽ 2200 വർഷത്തിലധികം കഴിഞ്ഞപ്പോഴാണ് ദൈവം ജലപ്രളയത്താൽ മനുഷ്യരെ പൂർണമായി നശിപ്പിച്ചത്. ഭാഗ്യവാനാ യ ദാവീദും ഇതേ രീതിയിൽ സംസാരിക്കുന്നു: “ബഹുമാനിക്കപ്പെട്ട മനു ഷ്യൻ മനസിലാക്കിയില്ല” (സങ്കീ.49,20). ഇവിടെ അവൻ ഏതെങ്കിലും ഒരു വ്യക്തിയെയല്ല, മനുഷ്യകുലം മുഴുവനെയും പൊതുവായിട്ടാണ് കുറ്റപ്പെടു ത്തുന്നത്. നമുക്ക് മറ്റ് നിരവധി ദൃഷ്ടാന്തങ്ങൾ ചൂണ്ടിക്കാണിക്കാനാവും. എന്നാൽ ഇതേപ്പറ്റി ഇനിയും കൂടുതൽ സംസാരിക്കേണ്ടതില്ല.

എരാ. പൊതുവും പ്രത്യേകവും തമ്മിലുള്ള വ്യത്യാസം വ്യക്തമായി അവതരിപ്പിച്ചതിനാൽ, ഇനിയും നമുക്ക് സത്തയും സ്വയംസ്ഥിതയാ ഥാർഥ്യവും സംബന്ധിച്ചുള്ള ചർച്ചയിലേക്കു കടക്കാം.

www.malankaralibrary.com

ഓർ. മനുഷ്യൻ എന്നത് ഈ പ്രകൃതിയുടെ പൊതുനാമം ആയിരിക്കുന്നതുപോലെ, ദൈവികസത്ത വിശുദ്ധ ത്രിത്വത്തെ സൂചിപ്പിക്കുന്നു. എന്നാൽ സ്വയംസ്ഥിതയാഥാർഥ്യം പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ ആളുകളെ കുറിക്കുന്നു. കാരണം, പിതാക്കന്മാർ നിശ്ചയിച്ച പരിധികളിൽ കൂടി പ്രയാണം ചെയ്തുകൊണ്ട് സ്വയംസ്ഥിതയാഥാർഥ്യം *(subsistent entity)*, വ്യക്തി *(person)*, സവിശേഷത *(property)* എന്നിവ ഒരേ സംഗതി സൂചിപ്പിക്കുന്നെന്നു നാം പറയുന്നു.

എരാ. ഇത് ശരിയാണെന്നുള്ളതിൽ നാം യോജിക്കുന്നു.

ഓർ. അതുകൊണ്ട്, ദൈവം, കർത്താവ്, സ്രഷ്ടാവ്, എല്ലാറ്റിന്റെയും ഭരണാധികാരി എന്നു തുടങ്ങി ദൈവസ്വഭാവത്തെപ്പറ്റി പറയുന്ന പദങ്ങൾ പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും പൊതുവായിട്ടുള്ളതാണ്.

എരാ. നിശ്ചയമായും അവ ത്രിത്വത്തിന് പൊതുവായിട്ടുള്ളവയാണ്.

ഓർ. സ്വയംസ്ഥിതയാഥാർഥ്യങ്ങളെ കുറിക്കുന്ന പദങ്ങൾ പരിശുദ്ധ ത്രിത്വത്തിന് പൊതുവായിട്ടുള്ളവയല്ല. പിന്നെയോ, ഏതിന്റെ സവിശേഷതയാണോ, അതിന്റേതു മാത്രമാണ്. ഉദാ. പിതാവ്, ജനനവിഹീനൻ എന്നിവ പിതാവിന്റെ സവിശേഷതയാണ്. പുത്രൻ, ഏകജാതൻ, വചനമാം ദൈവം എന്നിവ പിതാവിനെയോ, പരിശുദ്ധാത്മാവിനെയോ സൂചിപ്പിക്കുന്നില്ല. പുത്രനെ മാത്രം കുറിക്കുന്നു. പരിശുദ്ധാത്മാവ്, പാറക്ലേത്താ എന്നിവ ആത്മാവിന്റെ സ്വയംസ്ഥിതയാഥാർഥ്യത്തെ സൂചിപ്പിക്കുന്നു.

എരാ. എന്നാൽ തിരുലിഖിതം പിതാവിനെയും പുത്രനെയും ആത്മാവെന്നു വിളിക്കുന്നില്ലേ? (യോഹ.4,24; 2കൊറി.3,17)

ഓർ. ദൈവസ്വഭാവം അശരീരവും പരിധിരഹിതവുമാണെന്നു കാണിക്കാനാണ് തിരുലിഖിതം പിതാവിനെയും പുത്രനെയും ആത്മാവെന്നു വിളിച്ചത്. എന്നാൽ ആത്മാവിന്റെ സ്വയംസ്ഥിതയാഥാർഥ്യത്തെ മാത്രമേ അത് പരിശുദ്ധാത്മാവെന്ന് വിളിക്കുന്നുള്ളു.

എരാ. ഇതും സംശയരഹിത സംഗതി തന്നെ.

ഓർ. ചില സവിശേഷതകൾ പരിശുദ്ധ ത്രിത്വത്തിന് പൊതുവാണെന്നും മറ്റു ചിലത് ഓരോ സ്വയംസ്ഥിതയാഥാർഥ്യത്തിനും പ്രത്യേകമായിട്ടുള്ളതാണെന്നും നാം പറയുന്നതിനാൽ, വ്യതിയാനരാഹിത്യമെന്ന പദം സത്തയ്ക്ക് പൊതുവായിട്ടുള്ളതാണോ ഏതെങ്കിലും ഒരു സ്വയംസ്ഥിത യാഥാർഥ്യത്തിന്റെ പ്രത്യേകതയാണോ?

എരാ. വ്യതിയാനരഹിതം എന്ന പദം ത്രിത്വത്തിന് പൊതുവായിട്ടുള്ളതാണ്. കാരണം, ഒരു സത്തയുടെ ഒരു ഭാഗം വ്യതിയാനവിധേയവും മറ്റൊരു ഭാഗം വ്യതിയാനരഹിതവും ആയിരിക്കുക അസാധ്യമാണല്ലോ.

www.malankaralibrary.com

ഓർ. നീ ഭംഗിയായി പറഞ്ഞു. മർത്യത മനുഷ്യർക്ക് പൊതുവായിരിക്കുന്നതുപോലെ, വ്യതിയാനരാഹിത്യവും മാറ്റമില്ലായ്മയും പരിശുദ്ധ ത്രിത്വത്തിന് പൊതുവായിട്ടുള്ളതാണ്. അതുകൊണ്ട്, ഏകജാതനാം പുത്രൻ, തന്നെ ജനിപ്പിച്ച പിതാവിനെ പോലെയും പരിശുദ്ധാത്മാവിനെ പോലെയും വ്യതിയാനരഹിതനാണ്.

എരാ. പുത്രൻ വ്യതിയാനരഹിതനാണ്.

ഓർ. എങ്കിൽ,"വചനം മാംസമായി" എന്ന സുവിശേഷഭാഗം ഉദ്ധരിച്ചുകൊണ്ട് (യോഹ.1,14) നിങ്ങൾ എന്തിനാണ് വ്യതിയാനരഹിത സ്വഭാവത്തിന് വ്യതിയാനം ആരോപിക്കുന്നത്?

എരാ. "വചനം മാംസമായി" എന്ന് ഞങ്ങൾ പറയുന്നത് മാറ്റത്തിലൂടെയല്ല. പിന്നെയോ, തനിക്കു മാത്രം അറിയാവുന്ന രീതിയിലാണ്.

ഓർ. "വചനം മാംസമായി", എന്നാൽ വചനം മാംസം എടുത്തില്ല എന്ന് നിങ്ങൾ പറയുകയാണെങ്കിൽ, താഴെപ്പറയുന്ന രണ്ട് അനുമാനങ്ങളിൽ ഒന്ന് നിങ്ങൾ തെരഞ്ഞെടുത്തേ പറ്റൂ. ഒന്നുകിൽ, വചനം മാംസമായി മാറി. അല്ലെങ്കിൽ, ഈ രീതിയിൽ കാണപ്പെടുക മാത്രം ചെയ്തു, വാസ്തവത്തിൽ ശരീരം കൂടാതെ ദൈവമായിരുന്നു.

എരാ. ഇത് വലന്റീനിയർ, മാർസ്യനീത്തർ, മനിക്കേയർ എന്നിവരുടെ അഭിപ്രായമാണ്. വചനമാം ദൈവം ശരീരിയായിത്തീർന്നു എന്നാണ് ഞങ്ങളെ വ്യക്തമായി പഠിപ്പിച്ചിരിക്കുന്നത്.

ഓർ. ''ശരീരിയായിത്തീർന്നു'' എന്നത് നിങ്ങൾ എങ്ങനെയാണ് മനസിലാക്കുന്നത്? ജഡമെടുത്തെന്നാണോ, ജഡമായി മാറിയെന്നാണോ?

എരാ. "വചനം മാംസമായി" എന്നു പറയുന്ന സുവിശേഷകനിൽ നിന്ന് ഞങ്ങൾ കേട്ട രീതിയിൽ.

ഓർ. "ആയിത്തീർന്നു" എന്നത് നിങ്ങൾ എങ്ങനെ മനസിലാക്കുന്നു? വചനം മാറ്റത്തിനു വിധേയനായി മാംസമായി തീർന്നു എന്ന അർഥത്തിലാണോ?

എരാ. അവൻ അറിയുന്നു എന്ന് ഞാൻ നേരത്തേതന്നെ പറഞ്ഞുകഴിഞ്ഞു. അവന് എല്ലാം സാധ്യമാണെന്ന് നമുക്കറിയാമല്ലോ. കാരണം, അവൻ നൈൽജലത്തെ രക്തമായും പകലിനെ രാവായും കടലിനെ ഉണങ്ങിയ കരയായും വരണ്ട മരുഭൂമിയെ ജലാശയമായും മാറ്റി: "ആകാശത്തിലും ഭൂമിയിലും കർത്താവ് തനിക്കിഷ്ടമുള്ളതെല്ലാം പ്രവർത്തിച്ചു"എന്ന് പ്രവാചകൻ പറയുന്നതും നാം കേൾക്കുന്നു (സങ്കീ.135,6).

ഓർ. സൃഷ്ടി വ്യതിയാനവിധേയം ആയതിനാലും സ്രഷ്ടാവിന്റെ കൽപനകൾ അനുസരിക്കുന്നതിനാലും തനിക്കിഷ്ടമുള്ള രീതിയിൽ

www.malankaralibrary.com

സ്രഷ്ടാവ് സൃഷ്ടിയെ രൂപപ്പെടുത്തുന്നു. എന്നാൽ സ്രഷ്ടാവിന്റെ സ്വഭാവം മാറ്റമില്ലാത്തതും വ്യതിയാനാതീതവുമാണ്. അതുകൊണ്ടാണ്, "എല്ലാം പ്രവർത്തിക്കുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നവൻ'' എന്ന് സ്രഷ്ടാവിനെപ്പറ്റി പ്രവാചകൻ പറയുന്നത് (ആമോ.5,8). ശക്തനായ ദാവീദ് വചനമാം ദൈവത്തെപ്പറ്റി പറയുന്നു: "നീ ഒരുപോലെയാണ്. നിന്റെ സംവത്സരങ്ങൾ അവസാനിക്കുന്നില്ല" (സങ്കീ.102,27). തന്നെപ്പറ്റി ദൈവം തന്നെ പറയുന്നു: "ഞാനാകുന്നു. എനിക്കു മാറ്റമില്ല" (മലാ.3,6).

എരാ. നിഗൂഢമായിരിക്കുന്നവയെ പരിശോധനാവിഷയമാക്കുന്നത് തെറ്റാണ്.

ഓർ. വെളിപ്പടുത്തപ്പെട്ടവയെ സംബന്ധിച്ച് പരിപൂർണമായി അജ്ഞനായിരിക്കുന്നതും തെറ്റാണ്.

എരാ. മനുഷ്യാവതാരം എങ്ങനെ സംഭവിച്ചെന്ന് എനിക്കറിയില്ല. എന്നാൽ "വചനം മാംസമായി" എന്നു ഞാൻ കേട്ടു.

ഓർ. വചനം മാറ്റത്തിലൂടെ മാംസമായി തീർന്നെങ്കിൽ, താൻ നേരത്തേ ആയിരുന്ന അവസ്ഥയിൽ അവിടുന്ന് നിലനിന്നില്ല. നിരവധി ദൃഷ്ടാന്തങ്ങളിൽ നിന്ന് ഇത് വളരെ എളുപ്പത്തിൽ ഗ്രഹിക്കാവുന്നതാണ്. ഒരു പ്രത്യേക തരം മണൽ ചൂടാക്കുമ്പോൾ ആദ്യം അത് ഉരുകുകയും പിന്നീട് കട്ടിയുള്ള ഗ്ലാസായി മാറുകയും ചെയ്യുന്നു. അതിനെ പിന്നെ മണൽ എന്നല്ല ഗ്ലാസ് എന്നാണ് വിളിക്കുക. അങ്ങനെ, മാറ്റത്തോടുകൂടെ അതിന്റെ പേരും മാറുന്നു.

എരാ. അത് വാസ്തവം തന്നെ.

ഓർ. മുന്തിരിയുടെ ഫലത്തെ നാം മുന്തിരിങ്ങാ എന്നു വിളിക്കുന്നു. എന്നാൽ പിഴിഞ്ഞെടുക്കുന്ന ചാറിനെ മുന്തിരിങ്ങാ എന്നു വിളിക്കാതെ വീഞ്ഞെന്നു വിളിക്കുന്നു.

എരാ. ശരിതന്നെ.

ഓർ. വീഞ്ഞ് പുളിച്ചുകഴിയുമ്പോൾ നാം അതിനെ വീഞ്ഞെന്നല്ല, വിനാഗിരി എന്നാണ് വിളിക്കുക.

എരാ. ശരി.

ഓർ. കല്ല് അലിയിച്ച് സംസ്കരിക്കുമ്പോൾ കല്ലെന്ന് വിളിക്കാതെ കുമ്മായമെന്നോ ചുണ്ണാമ്പെന്നോ വിളിക്കുന്നു. മാറ്റത്തിനു വിധേയമാകുമ്പോൾ പേരിൽ മാറ്റം വരുന്ന ഇത്തരം ആയിരക്കണക്കിനു ദൃഷ്ടാന്തങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും.

എരാ. ഞാൻ യോജിക്കുന്നു.

ഓർ. വചനമാം ദൈവം മാംസമായി മാറിയെന്നു നീ പറയുന്നെങ്കിൽ,

www.malankaralibrary.com

എന്തുകൊണ്ട് വചനത്തെ ജഡം എന്നു വിളിക്കാതെ ദൈവം എന്നു വിളിക്കുന്നു എന്ന് ദയവായി എന്നോട് പറഞ്ഞാലും. കാരണം, സ്വഭാവത്തിനു മാറ്റം വരുന്നതിന് അനുസൃതമായിട്ടാണ് പേരിലുള്ള മാറ്റവും വരുന്നത്. മാറ്റത്തിനു വിധേയമായ വസ്തുക്കൾക്ക് തങ്ങളുടെ മുൻ അവസ്ഥയുമായി എന്തെങ്കിലും ബന്ധമുണ്ടെങ്കിൽ, അവ മാറ്റത്തിനു ശേഷവും മറ്റേ നാമത്തിൽ പങ്കുകൊള്ളുന്നു. ഉദാ. വിനാഗിരി ഒരുതരത്തിൽ വീഞ്ഞിനോടും വീഞ്ഞ് മുന്തിരിങ്ങായോടും ഗ്ലാസ് കല്ലുകളോടും അടുത്താണ്. എന്നാൽ അവ തമ്മിലുള്ള അന്തരം അനന്തവും, ദൃശ്യവും അദൃശ്യവുമായ സമസ്ത സൃഷ്ടികളും ഒരുറുമ്പും തമ്മിലുള്ള അന്തരത്തിനൊപ്പം വലുതും ആകുമ്പോൾ, മാറ്റത്തിനുശേഷം എപ്രകാരം ആദ്യനാമം നിലനിൽക്കാനാകും? കാരണം, ജഡവും ദൈവത്വവും തമ്മിലുള്ള അന്തരം അത്രമാത്രം വലുതാണ്. വാസ്തവത്തിൽ അതിനേക്കാൾ വളരെ വലുതാണ്.

എരാ. മാറ്റത്തിനു വിധേയമായി വചനം മാംസമായില്ല. പിന്നെയോ, താനായിരിക്കുന്ന അവസ്ഥയിൽ നിലനിന്നുകൊണ്ട്, താനല്ലാതിരുന്ന അവസ്ഥയിൽ ആയിത്തീർന്നെന്ന് ഞാൻ പലപ്രാവശ്യം പറഞ്ഞതാണല്ലോ.

ഓർ. എന്നാൽ "ആയിത്തീർന്നു" എന്ന വാക്ക് വ്യക്തമാക്കിയില്ലെങ്കിൽ, അത് മാറ്റവും വ്യതിയാനവും സൂചിപ്പിക്കാം. കാരണം, വചനം ജഡമെടുക്കാതെ മാംസമായെങ്കിൽ, മാറ്റത്തിലൂടെയാണ് ജഡമായിത്തീർന്നത്.

എരാ. "എടുക്കൽ" എന്നത് നിന്റെ കണ്ടുപിടുത്തമാണ്. കാരണം, "വചനം മാംസമായി" എന്നാണ് സുവിശേഷകൻ പറയുന്നത്.

ഓർ. ഒന്നുകിൽ നിനക്ക് തിരുലിഖിതപരിജ്ഞാനം കുറവാണ്. അഥവാ, പരിജ്ഞാനം ഉണ്ടെങ്കിലും നീ തെറ്റായി ധരിക്കുന്നു എന്നു തോന്നുന്നു. നിനക്ക് അറിവില്ലെങ്കിൽ ഞാൻ നിന്നെ പഠിപ്പിക്കാം. നീ തെറ്റായി വ്യാഖ്യാനിക്കുകയാണെങ്കിൽ ഞാൻ നിന്നെ ഖണ്ഡിക്കും. അതുകൊണ്ട്, ഇതിനുത്തരം പറയുക. ദിവ്യനായ പൗലോസിന്റെ പ്രബോധനം ആത്മീയമാണെന്ന് നീ അംഗീകരിക്കുന്നുണ്ടോ?

എരാ. തീർച്ചയായും.

ഓർ. സുവിശേഷകരിലും ശ്ലീഹന്മാരിലും പ്രവർത്തിച്ചത് ഒരേ ആത്മാവാണെന്ന് നീ പറയുന്നുണ്ടോ?

എരാ. അതേ. കാരണം, ശ്ലൈഹികവചനം ഇക്കാര്യം എന്നെ പഠിപ്പിച്ചിട്ടുള്ളതാണ്. അതിപ്രകാരമാണ്: "ദാനങ്ങളിൽ വൈവിധ്യമുണ്ടെങ്കിലും, ഒരേ ആത്മാവാണ്" (1കൊറി.12,4). "ഒരേ ആത്മാവ് തന്റെ അഭീഷ്ടമനുസരിച്ച് ഓരോരുത്തർക്കും പങ്കിട്ടുകൊടുത്തുകൊണ്ട് ഇവയെല്ലാം പ്രവർത്തിക്കുന്നു" (1കൊറി.12,11). "വിശ്വാസത്തിന്റെ ഒരേ ആത്മാവോടുകൂടെ" എന്നും അവൻ പറയുന്നു (2 കൊറി.4,13).

www.malankaralibrary.com

ഓർ. നീ ശ്ലൈഹികസാക്ഷ്യം ഉചിതമായ നിമിഷത്തിൽ അവതരിപ്പിച്ചിരിക്കുന്നു. അതുകൊണ്ട്, സുവിശേഷകരുടെയും ശ്ലീഹന്മാരുടെയും പ്രബോധനം ഒരേ ആത്മാവിൽ നിന്നു വരുന്നെന്ന് നാം പറയുന്നെങ്കിൽ, സുവിശേഷഭാഗം ശ്ലീഹാ എങ്ങനെ വ്യാഖ്യാനിക്കുന്നെന്ന് നമുക്കു ശ്രവിക്കാം. എബ്രായലേഖനത്തിൽ അവൻ പറയുന്നു: "എന്തുകൊണ്ടെന്നാൽ അവൻ മാലാഖമാരെയല്ല, അബ്രഹാമിന്റെ ബീജമാണ് എടുത്തത്" (2,16). "അവൻ അബ്രഹാമിന്റെ ബീജമായി തീർന്നു" എന്നല്ല, "അബ്രഹാമിന്റെ ബീജം എടുത്തു" എന്നാണ് അവൻ പറഞ്ഞത്. "അബ്രഹാമിന്റെ ബീജം" എന്നതുകൊണ്ട് നീ എന്താണ് മനസിലാക്കുന്നതെന്ന് പറഞ്ഞാലും.

എരാ. ഇത് സ്പഷ്ടമായി അബ്രഹാമിന്റെ സ്വഭാവത്തെ കുറിക്കുന്നു.

ഓർ. സ്വഭാവത്താലേ അബ്രഹാമിന് ഉണ്ടായിരുന്നവയെല്ലാം അബ്രഹാമിന്റെ സന്തതിക്കും ഉണ്ടായിരിക്കുകയില്ലേ?

എരാ. എല്ലാം ഉണ്ടായിരുന്നില്ല. കാരണം, ക്രിസ്തു പാപം ചെയ്തില്ല.

ഓർ. പാപം സ്വഭാവത്തിൽ നിന്നു വരുന്നതല്ല. പിന്നെയോ, തെറ്റായ സ്വതന്ത്രേച്ഛയിൽ നിന്നു വരുന്നതാണ്. അതുകൊണ്ടാണ് അബ്രഹാമിന് ഉണ്ടായിരുന്നതെല്ലാം എന്നു പറയാതെ, സ്വഭാവത്താലേ അബ്രഹാമിന് ഉണ്ടായിരുന്നവയെല്ലാം, അതായത്, ശരീരവും ബൗദ്ധികാത്മാവും, എന്നു ഞാൻ പറഞ്ഞത്. അതുകൊണ്ട്, അബ്രഹാമിന്റെ സന്തതിക്ക് ശരീരവും ബൗദ്ധികാത്മാവും ഉണ്ടെന്ന് നീ അംഗീകരിക്കുന്നുണ്ടോ എന്ന് എന്നോട് വ്യക്തമായി പറയുക. ഇല്ലെങ്കിൽ, നീ ഇക്കാര്യത്തിൽ അപ്പൊള്ളിനാരിസിന്റെ കലപില പറച്ചിലുമായി യോജിക്കുകയായിരിക്കും. എന്നാൽ ഇതംഗീകരിക്കാൻ മറ്റൊരു രീതിയിൽ നിന്നെ ഞാൻ നിർബന്ധിക്കാൻ പോകുകയാണ്. യഹൂദർക്ക് ശരീരവും ബൗദ്ധികാത്മാവും ഉണ്ടോ എന്ന് എന്നോട് പറഞ്ഞാലും.

എരാ. തീർച്ചയായും അവർക്കുണ്ട്.

ഓർ. അപ്പോൾ, "നീ, എന്റെ മകനായ ഇസ്രായേലേ, ഞാൻ തെരഞ്ഞെടുത്ത യാക്കോബേ, ഞാൻ സ്നേഹിച്ച അബ്രഹാമിന്റെ ബീജമേ," എന്ന് പ്രവാചകൻ പറയുന്നത് കേൾക്കുമ്പോൾ (ഏശാ.41,8), യഹൂദന്മാർ ശരീരം മാത്രമാണെന്നും ശരീരവും ബൗദ്ധികാത്മാവുമുള്ള സമ്പൂർണ മനുഷ്യർ അല്ലെന്നും നാം ചിന്തിക്കാറില്ല. ചിന്തിക്കില്ലല്ലോ?

എരാ. അതു ശരിതന്നെ.

ഓർ. അബ്രഹാമിന്റെ സന്തതി ആത്മാവും മനസ്സും ഇല്ലാത്തതല്ല, പിന്നെയോ, അബ്രഹാമിന്റെ സ്വഭാവത്തിനുള്ളവയെല്ലാം അതിനുമുണ്ടെന്ന് നാം ചിന്തിക്കുന്നില്ലേ?

എരാ. ഇപ്രകാരം പറയുന്നവർ രണ്ടു പുത്രന്മാരെപ്പറ്റി പഠിപ്പിക്കുന്നു.

www.malankaralibrary.com

ഓർ. 'വചനമാം ദൈവം ജഡമായി മാറി' എന്നു പറയുന്നവർ ഒരു പുത്രനെപ്പോലും അംഗീകരിക്കുന്നില്ല. കാരണം, ജഡം അതിൽ തന്നെയും അതിനാൽ തന്നെയും പുത്രനല്ല. എന്നാൽ നാം ഏകപുത്രനെ ഏറ്റുപറയുന്നു. ദിവ്യശ്ലീഹായുടെ പ്രബോധനാനുസൃതം, അബ്രഹാമിന്റെ ബീജമെടുത്ത് മനുഷ്യരക്ഷ സാധിച്ചു. ശ്ലൈഹികപ്രബോധനത്തിൽ നീ തൃപ്തനല്ലെങ്കിൽ, അത് പരസ്യമായി അംഗീകരിക്കുക.

എരാ. ശ്ലീഹന്മാർ പരസ്പരവിരുദ്ധ പ്രസ്താവനകൾ നടത്തിയിട്ടുണ്ടെന്ന് നാം പറയുന്നു. കാരണം, "വചനം മാംസമായി" എന്നത് "അവൻ അബ്രഹാമിന്റെ ബീജമെടുത്തു" എന്നതിനെ ഖണ്ഡിക്കുന്നതായി തോന്നുന്നു.

ഓർ. പരസ്പരയോജിപ്പുള്ള പ്രസ്താവനകൾ പരസ്പരവിരുദ്ധങ്ങളായി നിനക്കു തോന്നുന്നു. കാരണം, ഒന്നുകിൽ നിനക്കു ഗ്രഹണശക്തിയില്ല. അല്ലെങ്കിൽ അർഥശൂന്യമായ തർക്കങ്ങളിൽ നീ തൽപരനാണ്. ശ്രദ്ധാപൂർവം വാദിക്കുന്നവർ ഇവിടെ വൈരുധ്യം കാണുന്നില്ല. വചനമാം ദൈവം മാംസമായത് മാറ്റത്തിലൂടെയല്ല, പിന്നെയോ, അബ്രഹാമിന്റെ ബീജം എടുത്തതിലൂടെയാണെന്ന് ദിവ്യശ്ലീഹാ പഠിപ്പിക്കുന്നു. അതേസമയം, അബ്രഹാമിനോടു ചെയ്ത വാഗ്ദാനങ്ങൾ അവൻ അനുസ്മരിക്കയും ചെയ്യുന്നു. അഥവാ, പ്രപഞ്ചത്തിന്റെ ദൈവം പൂർവപിതാവിനോടു ചെയ്ത വാഗ്ദാനങ്ങൾ നീ മറന്നുപോയോ?

എരാ. ഏതു വാഗ്ദാനങ്ങൾ?

ഓർ. ദൈവം അവനെ തന്റെ പിതൃഭവനത്തിൽ നിന്ന് ആനയിച്ച് പലസ്തീനയിലേക്കു പോകാൻ കൽപിച്ചപ്പോൾ, "നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും. നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും. ലോകത്തിലെ സർവജനങ്ങളും നിന്റെ സന്തതിയാൽ അനുഗ്രഹിക്കപ്പെടും" എന്ന് ദൈവം അവനോടു പറഞ്ഞില്ലേ? (ഉൽപ.12,3).

എരാ. ഈ വാഗ്ദാനങ്ങൾ ഞാൻ ഓർക്കുന്നു.

ഓർ. ദൈവം ഇസഹാക്കിനോടും യാക്കോബിനോടും ചെയ്ത ഉടമ്പടികളും ഓർക്കുക. കാരണം, ആദ്യത്തെ ഉടമ്പടികൾ രണ്ടാമത്തേതും മൂന്നാമത്തേതും കൊണ്ട് ഉറപ്പിച്ചുകൊണ്ട് ദൈവം അതേ വാഗ്ദാനങ്ങൾ അവരോടും നടത്തി.[1]

എരാ. ഇവയും ഞാൻ ഓർക്കുന്നു.

ഓർ. "വാഗ്ദാനങ്ങൾ അബ്രഹാമിനും അവന്റെ സന്തതിക്കുമാണ് നൽകിയത്. അനേകരെ പരാമർശിക്കുന്നതുപോലെ അവന്റെ സന്തതികൾക്ക് എന്ന് അവൻ പറഞ്ഞില്ല. പിന്നെയോ, ഒരാളോടെന്നപോലെ, അവന്റെ സന്തതി എന്നാണ് പറഞ്ഞത്. ആ സന്തതി ക്രിസ്തുവാകുന്നു" എന്ന് ഗലാ

www.malankaralibrary.com

തൃലേഖനത്തിൽ ദിവ്യശ്ലീഹാ പറയുമ്പോൾ (3,16), ഈ ഉടമ്പടികൾ വ്യാഖ്യാനിക്കുകയത്രേ ചെയ്യുക. അങ്ങനെ ക്രിസ്തുവിന്റെ മനുഷ്യത്വം അബ്രഹാമിന്റെ ബീജത്തിൽ നിന്ന് ഉരുവായെന്നും അബ്രഹാമിനോടു ചെയ്ത വാഗ്ദാനം പൂർത്തിയാക്കിയെന്നും അവൻ വ്യക്തമായി കാണിക്കുന്നു.

എരാ. അതാണ് ശ്ലീഹാ പറഞ്ഞത്.

ഓർ. ഈ പ്രശ്നം സംബന്ധിച്ചുള്ള തർക്കങ്ങളെല്ലാം പരിഹരിക്കാൻ ഇതു മതിയാകും. എങ്കിലും ഞാൻ മറ്റൊരു പ്രവചനം കൂടി നിന്നെ ഓർപ്പിക്കാം. പൂർവപിതാവായ യാക്കോബ്, തനിക്കും തന്റെ പിതാവിനും പൂർവപിതാവിനും ലഭിച്ച അനുഗ്രഹം തന്റെ മകനായ യൂദായ്ക്ക് മാത്രമാണ് നൽകിയത്. അവൻ ഇപ്രകാരം പറഞ്ഞു: "ആർക്കുവേണ്ടി അത് നീക്കിവച്ചിരിക്കുന്നുവോ, അയാൾ വരുന്നതുവരെ യൂദായിൽ നിന്ന് ഭരണാധികാരിയോ, അവന്റെ തുടയ്ക്കിടയിൽ നിന്ന് നേതാവോ ഇല്ലാതാകുകയില്ല. അവൻ ജനതകളുടെ പ്രത്യാശ ആയിരിക്കും" (ഉൽപ.49,10). അഥവാ, ഈ പ്രവചനം രക്ഷകനായ ക്രിസ്തുവിനെ പറ്റിയാണെന്നുള്ളത് നീ അംഗീകരിക്കുന്നില്ലേ?

എരാ. ഇതുപോലുള്ള പ്രവചനങ്ങൾ യഹൂദർ ദുർവ്യാഖ്യാനം ചെയ്യുന്നു. എന്നാൽ ദൈവത്തിന്റെ വാക്കുകൾ വിശ്വസിക്കുകയും നമ്മുടെ രക്ഷകനെ പറ്റിയുള്ള പ്രവചനങ്ങൾ സംശയം കൂടാതെ സ്വീകരിക്കുകയും ചെയ്യുന്ന ഒരു ക്രിസ്ത്യാനിയാണ് ഞാൻ.

ഓർ. നീ പ്രവചനങ്ങളിൽ വിശ്വസിക്കുന്നെന്ന് ഏറ്റുപറയുകയും ഈ പറഞ്ഞ പ്രവചനം നമ്മുടെ രക്ഷകനെ പറ്റിയാണെന്ന് സമ്മതിക്കുകയും ചെയ്യുന്നതിനാൽ, ശ്ലീഹായുടെ വാക്കുകളുടെ അർഥം ഇപ്പോൾ പരിഗണിക്കുക. പൂർവപിതാക്കന്മാരോടു ചെയ്ത വാഗ്ദാനങ്ങൾ പൂർത്തീകരിക്കപ്പെട്ടെന്ന് വെളിപ്പെടുത്തുമ്പോൾ തന്നെ അവൻ താഴെപ്പറയുന്ന സുപ്രധാന വാക്കുകളും കൂട്ടിച്ചേർത്തു: ''അവൻ മാലാഖമാരെയല്ല എടുത്തത്'' (എബ്രാ.2,16). അതുകൊണ്ട്, അവൻ ഉദ്ദേശിച്ചത് ഇതാണ്: "വാഗ്ദാനം സത്യമാണ്. കർത്താവ് തന്റെ വാഗ്ദാനങ്ങൾ പൂർത്തിയാക്കി. അനുഗ്രഹത്തിന്റെ ഉറവിടം വിജാതിയർക്ക് തുറന്നുകൊടുത്തു. വചനമാംദൈവം അബ്രഹാമിന്റെ ബീജം എടുക്കുകയും, വളരെക്കാലം മുമ്പ് വാഗ്ദാനം ചെയ്ത രക്ഷ അതിലൂടെ പൂർത്തിയാക്കുകയും വിജാതിയരുടെ പ്രതീക്ഷയ്ക്ക് ഉറപ്പു വരുത്തുകയും ചെയ്തു."

എരാ. പ്രവചനങ്ങൾ ശ്ലൈഹികവാക്കുകളുമായി വളരെ നന്നായി ഒത്തുപോകുന്നു.

ഓർ. "കർത്താവ് യൂദായിൽനിന്ന് വന്നു എന്നത് വ്യക്തമാണല്ലോ" എന്നു പറയുമ്പോൾ (എബ്രാ.7,14), ദിവ്യശ്ലീഹാ യൂദായ്ക്കു ലഭിച്ച അനുഗ്രഹത്തെ ഈ രീതിയിൽ നമ്മെ അനുസ്മരിപ്പിക്കുകയും അതും പൂർത്തി

www.malankaralibrary.com

യായി എന്ന് കാണിക്കുകയും ചെയ്യുന്നു. മീഖാ പ്രവാചകനും സുവിശേഷകനായ മത്തായിയും ഇതുതന്നെയാണ് ചെയ്തത്. കാരണം, മീഖാ പ്രവചനം പറഞ്ഞു. മത്തായി തന്റെ വിവരണത്തിൽ അതിനു സാക്ഷ്യം നൽകി. ക്രിസ്തു ബേത്‌ലഹേമിൽ ജനിക്കുമെന്ന് സത്യവിരോധികൾ ഹേറോദേസിനോട് വ്യക്തമായി പറഞ്ഞു എന്ന് രേഖപ്പെടുത്തിയതാണ് ആശ്ചര്യകരമായ സംഗതി. അവൻ പറയുന്നു: “എന്തുകൊണ്ടെന്നാൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: യൂദയായിലെ ബേത്‌ലഹേമേ, നീ യൂദയായിലെ പ്രഭുക്കന്മാരിൽ ഒട്ടും ചെറുതല്ല. എന്തെന്നാൽ, എന്റെ ജനമായ ഇസ്രായേലിനെ നയിക്കാനുള്ളവൻ നിന്നിൽ നിന്നു വരും.”[2] എന്നാൽ അപൂർണസാക്ഷ്യം അവതരിപ്പിച്ചതിലൂടെ യഹൂദർ മനഃപൂർവം വിട്ടുകളഞ്ഞതുകൂടെ നമുക്കു കൂട്ടിച്ചേർക്കാം. കാരണം, “എന്തുകൊണ്ടെന്നാൽ നിന്നിൽ നിന്ന് ഒരു നേതാവു വരും” എന്നു പറഞ്ഞശേഷം പ്രവാചകൻ ഇപ്രകാരം കൂട്ടിച്ചേർക്കുന്നു: “അവന്റെ പുറപ്പാട് ആരംഭം മുതൽ, നിത്യതയുടെ ദിവസങ്ങൾ, മുതലാണ്” (മീഖാ,5,2).

എരാ. പ്രവാചകന്റെ സമ്പൂർണസാക്ഷ്യം നീ അവതരിപ്പിച്ചത് വളരെ നന്നായി. കാരണം, ദൈവം ബേത്‌ലഹേമിൽ പിറന്നെന്ന് അത് കാണിക്കുന്നു.

ഓർ. ദൈവം മാത്രമല്ല, ഒരു മനുഷ്യജീവിയും ബേത്‌ലഹേമിൽ പിറന്നു. അവിടുന്ന് ജഡപ്രകാരം യൂദായിൽ നിന്ന് ഉദിച്ചതിനാലും ബേത്‌ലഹേമിൽ ജനിച്ചതിനാലും മനുഷ്യജീവി. നിത്യത മുതൽ സ്ഥിതിചെയ്യുന്നതിനാൽ ദൈവം. “നിന്നിൽ നിന്ന് ഒരു നേതാവു വരും” എന്ന വാക്കുകൾ ജഡപ്രകാരമുള്ള ജനനത്തെ കുറിക്കുന്നു. അത് അന്ത്യദിവസങ്ങളിൽ സംഭവിച്ചു. എന്നാൽ “അവന്റെ പുറപ്പാട് ആരംഭം മുതൽ, നിത്യതയുടെ ദിവസങ്ങൾ മുതലാണ്” എന്ന ഭാഗം സ്പഷ്ടമായി നിത്യമായ അസ്തിത്വത്തെ പ്രഘോഷിക്കുന്നു. അതുകൊണ്ട്, യഹൂദരുടെ നേരത്തെയുള്ള സൗഭാഗ്യമെല്ലാം മാറിപ്പോയി എന്ന് റോമാലേഖനത്തിൽ ദിവ്യശ്ലീഹാ വിലപിക്കുന്നതോടൊപ്പം ദിവ്യവാഗ്ദാനവും ദിവ്യനിയമവും അനുസ്മരിച്ചുകൊണ്ട് ഇപ്രകാരം കൂട്ടിച്ചേർക്കുന്നു: “പിതാക്കന്മാർ അവരുടേതായിരുന്നു. എല്ലാറ്റിന്മേലും ദൈവമായിരിക്കുന്ന ജഡപ്രകാരമുള്ള ക്രിസ്തു അവരിൽ നിന്നു വന്നു. അവൻ എന്നുമെന്നേക്കും വാഴ്ത്തപ്പെട്ടവനാകുന്നു. ആമ്മീൻ” (9,5). അവിടുന്ന് സ്രഷ്ടാവും കർത്താവും ദൈവത്തേപ്പോലെ എല്ലാറ്റിന്റേയും ഭരണാധിപനും അതേസമയം മനുഷ്യജീവിയായി യഹൂദരിൽ നിന്ന് ഉദിച്ചവനും ആണെന്ന് ഒരേ സമയം അവൻ കാണിക്കുന്നു.

എരാ. ഇതിനുള്ള നിന്റെ വ്യാഖ്യാനമാണിത്. ജറമിയായുടെ പ്രവചനത്തെപ്പറ്റി നീ എന്തു പറയുന്നു? അവൻ ദൈവം മാത്രമാണെന്ന് അത് പ്രഘോഷിക്കുന്നു.

www.malankaralibrary.com

ഓർ. ഏതു പ്രവചനമാണ് നീ ഉദ്ദേശിക്കുന്നത്?

എരാ. "ഇതാണ് നമ്മുടെ ദൈവം. അവനെപ്പോലെ മറ്റാരുമില്ല. അവൻ അറിവിന്റെ പാതകളെല്ലാം കണ്ടെത്തി. അവൻ അത് തന്റെ മകനായ യാക്കോബിനും തന്റെ പ്രിയങ്കരനായ ഇസ്രായേലിനും നൽകി. ഇതിനുശേഷം അവൻ ധരയിൽ കാണപ്പെടുകയും മനുഷ്യരോടൊത്തു പാർക്കുകയും ചെയ്തു" (ബാറൂ.3,35-37). ഇവിടെ പ്രവാചകൻ പ്രവചിച്ചത് ജഡത്തെ പറ്റിയോ, മനുഷ്യകുലത്തെ പറ്റിയോ മനുഷ്യജീവിയെ പറ്റിയോ അല്ല. പിന്നെയോ, ദൈവത്തെപ്പറ്റി മാത്രമാണ്. അതുകൊണ്ട്, നമുക്ക് താത്വികചർച്ചകളുടെ ആവശ്യമെന്താണ്?

ഓർ. ദിവ്യസ്വഭാവം അദൃശ്യമാണെന്ന് നാം പറയുന്നുവോ? അഥവാ, "അമർത്യനും അദൃശ്യനുമായ ഏകദൈവത്തിന്" എന്ന് ശ്ലീഹാ പറയുന്നത് നാം വിശ്വസിക്കുന്നില്ലേ? (1തിമോ.1,17).

എരാ. ദിവ്യസ്വഭാവം തീർച്ചയായും അദൃശ്യമാണ്.

ഓർ. അപ്പോൾ അദൃശ്യസ്വഭാവത്തെ ശരീരം കൂടാതെ എങ്ങനെ കാണാൻ കഴിയുമെന്ന് എന്നോടു പറയുക. അഥവാ, ദിവ്യസ്വഭാവം അദൃശ്യമാണെന്ന് വ്യക്തമായി പഠിപ്പിക്കുന്ന ശ്ലൈഹികവാക്കുകൾ നീ ഓർക്കുന്നില്ലേ? അവൻ പറയുന്നു: "അവനെ ഒരു മനുഷ്യനും കണ്ടിട്ടില്ല. കാണാൻ സാധിക്കുകയുമില്ല" (1തിമോ.6,16). അതുകൊണ്ട് ദിവ്യസ്വഭാവത്തെ കാണാൻ മനുഷ്യർക്ക്-മാലാഖമാർക്കുപോലും എന്നു ഞാൻ പറയും-അസാധ്യമാണെങ്കിൽ, എങ്ങനെയാണ് അദൃശ്യനും കാഴ്ചയ്ക്ക് അതീതനുമായവൻ ധരയിൽ കാണപ്പെട്ടതെന്ന് എന്നോട് പറയുക.

എരാ. അവൻ ധരയിൽ കാണപ്പെട്ടെന്ന് പ്രവാചകൻ പറഞ്ഞിരിക്കുന്നു.

ഓർ. "അമർത്യനും അദൃശ്യനുമായ ഏകദൈവത്തിന്" എന്നും "അവനെ ഒരു മനുഷ്യനും കണ്ടിട്ടില്ല, കാണാൻ സാധിക്കയുമില്ല" എന്നും ശ്ലീഹാ പറഞ്ഞു.[3]

എരാ. അതിൽ നിന്ന് എന്തു ധ്വനിക്കുന്നു? പ്രവാചകൻ നുണ പറയുകയാണോ?

ഓർ. ഒരിക്കലുമില്ല. കാരണം, രണ്ടു പ്രസ്താവനകളും ദിവ്യാരൂപിയിൽ നിന്നാണ് വന്നത്. അതുകൊണ്ട്, അദൃശ്യൻ എങ്ങനെ ദൃശ്യനായെന്ന് കണ്ടെത്താൻ നമുക്കു പരിശ്രമിക്കാം.

എരാ. ഞാൻ തിരുലിഖിതങ്ങളിൽ മാത്രം ആശ്രയിക്കുന്നതിനാൽ, എനിക്ക് മാനുഷിക ബൗദ്ധികവാദങ്ങളോ താത്വികവാദങ്ങളോ ആവശ്യമില്ല.

ഓർ. തിരുലിഖിതസാക്ഷ്യത്തിന്റെ പിൻബലമില്ലാത്ത യാതൊരു വാദവും നീ അംഗീകരിക്കേണ്ടതില്ല.

www.malankaralibrary.com

എരാ. ഈ ചർച്ചയിൽ തിരുലിഖിതത്തിൽ നിന്നുള്ള തീരുമാനം അവതരിപ്പിച്ചാൽ, വാദമോ, തർക്കമോ കൂടാതെ ഞാൻ അംഗീകരിക്കാം.

എരാ. സുവിശേഷകന്റെ സാക്ഷ്യം ശ്ലീഹായുടെ സാക്ഷ്യത്താൽ അല്പംമുമ്പ് നാം വ്യക്തമാക്കിയത് നിനക്കറിയാമല്ലോ. അവൻ മാലാഖമാരെ എടുക്കാതെ, അബ്രഹാമിന്റെ ബീജം എടുത്തെന്ന് സ്പഷ്ടമായി പറഞ്ഞപ്പോൾ, എങ്ങനെ "വചനം മാംസമായി" എന്ന് ദിവ്യശ്ലീഹാ നമുക്കു കാട്ടിത്തന്നു. അതുകൊണ്ട്, ദൈവം എങ്ങനെ ധരയിൽ കാണപ്പെട്ടെന്നും മനുഷ്യരുടെ ഇടയിൽ പാർത്തെന്നും അതേ പ്രവാചകൻ നമുക്ക് വിശദീകരിച്ചുതരും.

എരാ. ഞാൻ പ്രവാചകന്മാരുടെയും ശ്ലീഹന്മാരുടെയും വാക്കുകൾ വിശ്വസിക്കുന്നു. അതുകൊണ്ട്, വാഗ്ദാനമനുസരിച്ച് പ്രവചനം വ്യാഖ്യാനിച്ചാലും.

ഓർ. തിമോതിക്കുള്ള ലേഖനത്തിൽ ദിവ്യശ്ലീഹാ ഇതും പറഞ്ഞിരിക്കുന്നു: "നമ്മുടെ മതത്തിന്റെ രഹസ്യം വളരെ വലുതാണ്. ദൈവം ജഡത്തിൽ വെളിപ്പെടുത്തപ്പെട്ടു, മാലാഖമാർ അവനെ ദർശിച്ചു, ജനതകളുടെ ഇടയിൽ അവൻ പ്രഘോഷിക്കപ്പെട്ടു, ലോകം മുഴുവൻ അവനിൽ വിശ്വസിച്ചു, അവൻ മഹത്വത്തിൽ എടുക്കപ്പെട്ടു" (1തിമോ.3,16). അതുകൊണ്ട്, ദിവ്യസ്വഭാവം അദൃശ്യമാണെന്നും ജഡം ദൃശ്യമാണെന്നും അദൃശ്യമായത് ദൃശ്യമായതിലൂടെ കാണപ്പെട്ടെന്നും അതിലൂടെ അത്ഭുതം പ്രവർത്തിച്ചെന്നും അതിന്റെ സ്വന്തം ശക്തി കാട്ടിയെന്നും സുവ്യക്തമാണ്. കാരണം, തന്റെ കൈകൊണ്ട് കാഴ്ചശക്തിയുണ്ടാക്കി, ജന്മനാ അന്ധനായവനെ സുഖപ്പെടുത്തി. അതുപോലെ, ഉപകരണത്തിനു പകരം തന്റെ വിരലുകൾ ഉപയോഗിച്ചുകൊണ്ടും തിന്മയെ ദൂരെയകറ്റാൻ മരുന്നായി തുപ്പൽ പ്രയോഗിച്ചുകൊണ്ടും അവൻ ബധിരന് കേൾവിയും മൂകന് സംസാരശക്തിയും നൽകി. ദൈവത്വം സർവശക്തിയുള്ളതാണെന്ന് കടലിന്മീതേ നടന്നുകൊണ്ട് അവിടുന്ന് കാണിച്ചു. അതുകൊണ്ട്, "അവിടുന്ന് ജഡത്തിൽ വെളിപ്പെടുത്തപ്പെട്ടു" എന്ന് ദിവ്യശ്ലീഹാ പറഞ്ഞത് ശരിയാണ്. കാരണം, അദൃശ്യസ്വഭാവം ജഡത്തിലൂടെ വെളിപ്പെടുകയും മാലാഖമാരുടെ ഗണങ്ങൾ ജഡത്തിലൂടെ അത് ദർശിക്കുകയും ചെയ്തു."അവൻ മാലാഖമാർക്ക് കാണപ്പെട്ടു" എന്ന് അവൻ പറയുന്നു (1തിമോ.3,16). അതുകൊണ്ട്, അശരീര യാഥാർഥ്യങ്ങളുടെ സ്വഭാവം ഈ ദാനം നമ്മോടുകൂടെ പങ്കുവച്ചു.

എരാ. അപ്പോൾ, രക്ഷകൻ പ്രത്യക്ഷപ്പെടുന്നതുവരെ മാലാഖമാർ ദൈവത്തെ കണ്ടില്ലേ?

ഓർ. അവിടുന്ന് ജഡത്തിൽ വെളിപ്പെടുത്തപ്പെട്ടെന്നും മാലാഖമാർ അവനെ കണ്ടെന്നും ശ്ലീഹാ പറയുന്നു.

www.malankaralibrary.com

എരാ. എന്നാൽ കർത്താവ് പറഞ്ഞു: “ഈ ചെറിയവരിൽ ഒരുവനെയും നിന്ദിക്കാതിരിക്കാൻ സൂക്ഷിക്കുവിൻ. അവരുടെ ദൂതന്മാർ നിങ്ങളുടെ സ്വർഗ സ്ഥനായ പിതാവിന്റെ മുഖം അനുദിനം കാണുന്നു എന്ന് സത്യമായി ഞാൻ നിങ്ങളോടു പറയുന്നു” (മത്താ.18,10).

ഓർ. എന്നാൽ കർത്താവ് ഇതും പറഞ്ഞു:“ദൈവത്തിൽ നിന്നുള്ളവൻ അല്ലാതെ ആരും പിതാവിനെ കണ്ടിട്ടില്ല. അവൻ മാത്രം പിതാവിനെ കണ്ടിട്ടു ണ്ട്” (യോഹ.6,46). അതുകൊണ്ടാണ് സുവിശേഷകൻ സ്പഷ്ടമായി വിളിച്ചുപറ യുന്നത്:“ആരും ദൈവത്തെ ഒരുനാളും കണ്ടിട്ടില്ല” (യോഹ. 1,18). കർത്താവ് പറഞ്ഞത് അവൻ ഉറപ്പിക്കുന്നു. അവൻ പറയുന്നു: “പിതാവിന്റെ മടിയിൽ ഇരി ക്കുന്ന ഏകജാതനായ പുത്രൻ ഇതു വെളിപ്പെടുത്തി ” (യോഹ.1,18). അദൃശ്യ സ്വഭാവത്തെ കാണാൻ കൊതിച്ച വലിയ മോശ, ദൈവമായ കർത്താവുതന്നെ പറയുന്നതായി ഇപ്രകാരം കേട്ടു:“ആരും എന്റെ മുഖം കണ്ടിട്ട് ജീവിക്കയില്ല” (പുറ.33,20).

എരാ. അപ്പോൾ, “അവരുടെ മാലാഖമാർ അനുദിനം നിങ്ങളുടെ പിതാ വിന്റെ മുഖം കാണുന്നു” എന്നത് നാം എങ്ങനെയാണ് മനസിലാക്കേണ്ടത്? (മത്താ.18,10)

ഓർ. ദൈവത്തെ കണ്ടു എന്നു കരുതുന്ന ജനങ്ങളെപ്പറ്റി പറയുന്നത് നാം സാധാരണ മനസിലാക്കുന്നതുപോലെ.

എരാ. കുറേക്കൂടി വ്യക്തമായി പറഞ്ഞാലും. കാരണം, എനിക്കിതു മനസിലാകുന്നില്ല.

ഓർ. ദൈവത്തെ കാണാൻ മനുഷ്യർക്കു കഴിയുമോ?

എരാ. തികച്ചും സാധ്യമല്ല.

ഓർ. എങ്കിലും തിരുലിഖിതം പറയുന്നതായി നാം ഇപ്രകാരം കേൾക്കുന്നു:‘‘മമ്രേയിലെ ഓക്കുമരത്തിന്റെ അടുത്തുവച്ച് അബ്രഹാം ദൈവത്തെ കണ്ടു” (ഉൽപ.18,1). ഏശായാ പറയുന്നതു നാം കേൾക്കുന്നു: “ഉയർന്നതും മഹനീയവുമായ ഒരു സിംഹാസനത്തിൽ കർത്താവ് ഇരിക്കു ന്നത് ഞാൻ കണ്ടു” (6,1). മീഖായും (1,1) ദാനിയേലും (10,4-8) എസക്കി യേലും (1,1) ഇതുതന്നെ പറയുന്നു. നിയമദാതാവായ മോശയെ പറ്റിയുള്ള വിവരണത്തിൽ പറയുന്നു: “ഒരാൾ തന്റെ സ്നേഹിതനോട് സംസാരിക്കു ന്നതുപോലെ കർത്താവ് മോശയോട് മുഖാമുഖം സംസാരിച്ചു” (പുറ.33,11). പ്രപഞ്ചത്തിന്റെ ദൈവം തന്നെ പറയുന്നു: “ഞാൻ അവനോട് ഉപമകളിലൂ ടെയല്ല, വ്യക്തമായി മുഖാമുഖം സംസാരിക്കും” (സംഖ്യ 12,8). അപ്പോൾ നാം എന്താണ് പറയേണ്ടത്? അവർ ദിവ്യസ്വഭാവം കണ്ടെന്നാണോ?

www.malankaralibrary.com

എരാ. തീർച്ചയായും അല്ല. എന്തുകൊണ്ടെന്നാൽ ദൈവം തന്നെ പറഞ്ഞിരിക്കുന്നു: "എന്റെ മുഖം കണ്ടിട്ട് ആരും ജീവിക്കയില്ല" (പുറ.33,20).

ഓർ. അപ്പോൾ, ദൈവത്തെ കണ്ടെന്നു പറയുന്നവർ നുണ പറയുകയാണോ?

എരാ. തീർച്ചയായും അല്ല. അവർക്ക് കാണാൻ കഴിയുന്നത് അവർ കണ്ടു.

ഓർ. അതുപോലെ നമ്മെ സ്നേഹിക്കുന്ന കർത്താവ്, തന്നെ സ്നേഹിക്കുന്നവരുടെ കഴിവനുസരിച്ച് വെളിപാടുകൾ ക്രമപ്പെടുത്തുന്നു.

എരാ. തീർച്ചയായും.

ഓർ. ദൈവം ഇത് പ്രവാചകനിലൂടെ വ്യക്തമാക്കി. അവൻ പറയുന്നു: "ഞാൻ ദർശനങ്ങൾ വർദ്ധിപ്പിക്കുകയും പ്രവാചക കരങ്ങളിൽ സാദൃശ്യം ആയിത്തീരുകയും ചെയ്തു" (ഹോസി.12,10). "ഞാൻ കാണപ്പെട്ടു" എന്ന് അവൻ പറയുന്നില്ല. പിന്നെയോ, "ഞാൻ സാദൃശ്യം ആയിത്തീർന്നു" എന്നാണ് പറയുക. കാണപ്പെടുന്നവന്റെ യഥാർഥസ്വഭാവം സാദൃശ്യം വെളിപ്പെടുത്തുന്നില്ല. ചക്രവർത്തിയുടെ പടം ദൃശ്യഘടകങ്ങൾ കാത്തുസൂക്ഷിച്ചാലും ചക്രവർത്തിയുടെ സ്വഭാവം മുഴുവൻ വെളിപ്പെടുത്തുന്നില്ല.

എരാ. ഇത് അവ്യക്തവും അസ്പഷ്ടവുമാണ്.

ഓർ. ആ വെളിപാടുകൾ ദർശിച്ച മനുഷ്യർ ദൈവികസത്ത ദർശിച്ചില്ല. ദർശിച്ചോ?

എരാ. അങ്ങനെ പറയാൻ മുതിരുന്നതിനു തക്ക വിഭ്രാന്തിയുള്ളവൻ ആരാണ്?

ഓർ. എന്നാൽ അവർ കണ്ടു എന്നാണ് പറഞ്ഞിരിക്കുന്നത്.

എരാ. അതേ.

ഓർ. അതുകൊണ്ട്, നാം മതപരമായ വാദങ്ങൾ ഉപയോഗിക്കുകയും ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ലെന്ന് സ്പഷ്ടമായി പറയുന്ന ദിവ്യ നിഷേധങ്ങളെ ആധാരമാക്കുകയും ചെയ്യുമ്പോൾ (യോഹ.1,18), അവർ കണ്ടു എന്നുതന്നെ നാം പറയുന്നു. എന്നാൽ ദൈവസ്വഭാവമല്ല, അവരുടെ കഴിവിന് അനുസൃതമായ ചില ദർശനങ്ങളാണ് ഉണ്ടായത്.

എരാ. അതാണ് നാം പറയുന്നത്.

ഓർ. അപ്പോൾ, മാലാഖമാരെപ്പറ്റി, "അവർ നിങ്ങളുടെ പിതാവിന്റെ മുഖം അനുദിനം ദർശിക്കുന്നു" എന്നു കേൾക്കുമ്പോൾ (മത്താ.18,10), ഈ രീതിയിൽ നമുക്ക് ചിന്തിക്കാം. കാരണം, അനന്തവും അപരിമിതവും അഗ്രാഹ്യവും എല്ലാറ്റിനെയും ഉൾക്കൊള്ളുന്നതുമായ ദിവ്യസത്ത അവർ കാണു

www.malankaralibrary.com

ന്നില്ല. പിന്നെയോ, തങ്ങളുടെ പ്രകൃതിക്കനുസൃതമായ മഹത്വമാണ് അവർ ദർശിക്കുന്നത്.

എരാ. ഇത് ശരിയാണെന്ന് ഞാൻ സമ്മതിച്ചിട്ടുള്ളതാണ്.

ഓർ. ദിവ്യശ്ലീഹാ പറയുന്നതുപോലെ, മനുഷ്യാവതാരത്തിനുശേഷം അവനെ മാലാഖമാരും കണ്ടു. മഹത്വത്തിന്റെ സാദൃശ്യത്തിലല്ല, പിന്നെയോ, മറയെന്നപോലെ യഥാർഥവും സജീവവുമായ ശരീരമാകുന്ന വസ്ത്രം ഉപയോഗിച്ചുകൊണ്ട്. എന്തുകൊണ്ടെന്നാൽ അവൻ പറയുന്നു:"ശരീരത്തിൽ പ്രത്യക്ഷപ്പെടുകയും ആത്മാവിൽ നീതീകരിക്കപ്പെടുകയും ചെയ്തവൻ മാലാഖമാർക്ക് ദൃശ്യനായി" (1തിമോ.3,16).

എരാ. ഇത് തിരുലിഖിതാനുസൃതമെന്ന് ഞാൻ അംഗീകരിക്കുന്നു. എന്നാൽ പുതുതായി കണ്ടുപിടിക്കപ്പെട്ട വാക്കുകൾ ഞാൻ സ്വീകരിക്കുന്നില്ല.

ഓർ. നാം എന്തു വാക്കാണ് കണ്ടുപിടിച്ചത്?

എരാ. "വിരി" എന്ന വാക്ക്. കർതൃശരീരത്തെ വിരിയെന്ന് ഏത് തിരുലിഖിതവാക്യമാണ് വിളിച്ചത്?

ഓർ. നീ തിരുലിഖിതം വളരെ ശ്രദ്ധാപൂർവം വായിച്ചിട്ടില്ലെന്നു തോന്നുന്നു. വായിച്ചിരുന്നെങ്കിൽ, എന്റെ ഉപമയിൽ നീ കുറ്റം കണ്ടെത്തുകയില്ലായിരുന്നു. ഒന്നാമത്, "അദൃശ്യസ്വഭാവം ജഡത്തിലൂടെ വെളിപ്പെട്ടു" എന്ന ദിവ്യശ്ലീഹായുടെ വാക്കുകൾ (1തിമോ.3,16), ജഡം ദൈവത്വത്തിന്റെ വിരിയായി മനസിലാക്കാൻ നമ്മെ അനുവദിക്കുന്നു. രണ്ടാമത്, എബ്രായലേഖനത്തിൽ ശ്ലീഹാ ഈ വാക്ക് സുവ്യക്തമായി ഉപയോഗിച്ചിട്ടുണ്ട്. അവൻ പറയുന്നു: "സഹോദരരേ, യേശുവിന്റെ രക്തംമൂലം വിശുദ്ധ സ്ഥലത്തേക്ക് പ്രവേശിക്കാൻ നമുക്ക് മനോധൈര്യമുണ്ട്. എന്തെന്നാൽ തന്റെ ശരീരമാകുന്ന വിരിയിലൂടെ അവൻ നമുക്കായി നവീനവും സജീവവുമായ ഒരു പാത തുറന്നുതന്നിരിക്കുന്നു. ദൈവഭവനത്തിന്റെ മേൽനോട്ടക്കാരനായി നമുക്കൊരു മഹാപുരോഹിതനുണ്ട്. അതിനാൽ വിശ്വാസത്തിന്റെ സമ്പൂർണമായ ഉറപ്പിൽ സത്യഹൃദയത്തോടെ നമുക്ക് അടുത്തുചെല്ലാം" എന്നിത്യാദി (10,19-22).

എരാ. ശ്ലൈഹിക സാക്ഷ്യത്താൽ ഉറപ്പിക്കപ്പെട്ടതിനാൽ ഈ വാദം അനിഷേധ്യമാണ്.

ഓർ. എങ്കിൽ നവീനത്വം എന്നു പറഞ്ഞ് നമ്മെ കുറ്റപ്പെടുത്തരുത്. കാരണം, കർതൃശരീരത്തെ മേലങ്കിയെന്നും ഉടുപ്പെന്നും വ്യക്തമായി വിളിക്കുന്ന പ്രവാചകസാക്ഷ്യവും ഞാൻ അവതരിപ്പിക്കാം.

എരാ. അത് അവ്യക്തവും ദ്വയാർഥധ്വന്യവുമായി കണ്ടാൽ ഞാൻ തള്ളിക്കളയും. എന്നാൽ സുവ്യക്തമാണെങ്കിൽ നന്ദിപൂർവം സ്വാഗതം ചെയ്യും.

www.malankaralibrary.com

ഓർ. ഈ ഉറപ്പിന്റെ സത്യാവസ്ഥയ്ക്ക് നിന്നെക്കൊണ്ടുതന്നെ ഞാൻ സാക്ഷ്യം പറയിക്കാം. പിതാവായ യാക്കോബ് യൂദായെ അനുഗ്രഹിച്ചപ്പോൾ, കർത്താവിന്റെ മക്കളുടെ മേൽ യൂദായുടെ അധികാരം അവൻ നിശ്ചയിച്ച കാര്യം നിനക്കറിയാമോ? അവൻ പറയുന്നു: “അവകാശി വന്നുചേരുന്നതു വരെ യൂദായിൽ നിന്ന് അധികാരി ഇല്ലാതാകുകയില്ല. അവന്റെ അരയിൽ നിന്ന് നേതാവ് ഇല്ലാതാകുകയില്ല. അവൻ ജനതകളുടെ പ്രതീക്ഷ ആയിരിക്കും” (ഉൽപ.49,10). ഈ പ്രവചനം നമ്മുടെ രക്ഷകനെ കുറിച്ചാണെന്ന് നീ നേരത്തേതന്നെ സമ്മതിച്ചതാണല്ലോ.

എരാ. അതേ.

ഓർ. അപ്പോൾ, താഴെ വരുന്നത് ഓർക്കുക. അവൻ തുടർന്നു പറയുന്നു:“ജനതകൾ അവന്റെ വരവ് നോക്കിപ്പാർത്തുകൊണ്ടിരിക്കുന്നു. അവൻ തന്റെ ഉടുപ്പ് വീഞ്ഞിലും മേലങ്കി മുന്തിരിച്ചാറിലും കഴുകും” (ഉൽപ.49,11).

എരാ. പൂർവപിതാവ് ശരീരത്തെപ്പറ്റിയല്ല, വസ്ത്രത്തെപ്പറ്റിയാണ് സംസാരിച്ചത്.

ഓർ. എപ്പോൾ അല്ലെങ്കിൽ എവിടെ അവൻ തന്റെ മേലങ്കി മുന്തിരിച്ചാറിൽ കഴുകി എന്നത് എനിക്കു കാണിച്ചുതരിക.

എരാ. അവൻ തന്റെ ശരീരം അവകൊണ്ട് ചെമപ്പിച്ചു എന്നു നീ കാട്ടിത്തരിക.

ഓർ. ആനീതരാക്കപ്പെടാത്ത ചിലർ സമീപത്ത് കണ്ടേക്കാം എന്നതിനാൽ എസോട്ടെറിക് ഭാഷയിൽ സദയം മറുപടി പറഞ്ഞാലും.

എരാ. ഞാൻ അതുപോലെ മറുപടി പറയാം. നീയും അപ്രകാരം പറയണം.

ഓർ. കർത്താവ് തന്നെത്തന്നെ മുന്തിരിവള്ളി എന്നു വിളിച്ചത് നിനക്കറിയാമോ?

എരാ. ‘‘ഞാൻ യഥാർഥ മുന്തിരിച്ചെടിയാണ്’’ എന്ന് അവിടുന്ന് പറഞ്ഞതായി എനിക്കറിയാം (യോഹ.15,1).

ഓർ. മുന്തിരിങ്ങാ പിഴിഞ്ഞെടുക്കുമ്പോൾ ലഭിക്കുന്ന ചാറിന് എന്തു പേരു പറയും?

എരാ. അതിനെ വീഞ്ഞ് എന്നു വിളിക്കുന്നു.

ഓർ. പടയാളികൾ രക്ഷകന്റെ പാർശ്വം കുന്തത്താൽ കുത്തിത്തുളച്ചപ്പോൾ, സുവിശേഷകരുടെ വിവരണം അനുസരിച്ച് അതിൽനിന്ന് എന്താണ് ഒഴുകിയത്?

എരാ. രക്തവും വെള്ളവും.

www.malankaralibrary.com

ഓർ. അതുകൊണ്ട്, രക്ഷകന്റെ രക്തത്തെ അവൻ മുന്തിരിയുടെ രക്തമെന്ന് വിളിച്ചു. കർത്താവ് മുന്തിരിച്ചെടിയെന്നും മുന്തിരിയുടെ ഫലം വീഞ്ഞെന്നും വിളിക്കപ്പെട്ടെങ്കിൽ, കർതൃപാർശ്വത്തിൽനിന്ന് രക്തവും വെള്ളവും ഒഴുകി തന്റെ ശരീരം നനച്ച് മണ്ണിൽ വീണെങ്കിൽ, പൂർവപിതാവിന്റെ പ്രവചനം ഉചിതവും യുക്ത്യനുസൃതവുമാണ്: “അവൻ തന്റെ മേൽ വസ്ത്രം വീഞ്ഞിലും തന്റെ ഉടുപ്പ് മുന്തിരിയുടെ രക്തത്തിലും കഴുകും” (ഉൽപ.49,11). മുന്തിരിയുടെ കൗദാശികഫലത്തെ കൂദാശയ്ക്കുശേഷം കർതൃതിരുരക്തം എന്നു നാം വിളിക്കുന്നതുപോലെ, സത്യമുന്തിരിച്ചാറിനെ മുന്തിരിയുടെ രക്തം എന്ന് അവൻ വിളിക്കുന്നു.

എരാ. നീ നൽകിയ വിശദീകരണം വ്യക്തവും *എസോറ്ററിക്കുമാണ്.*

ഓർ. ഞാൻ പറഞ്ഞത് നിന്നെ ബോധ്യപ്പെടുത്തിയെങ്കിലും, വാസ്തവികത ഉറപ്പിക്കാൻ ഞാൻ മറ്റൊരു തെളിവുകൂടി അവതരിപ്പിക്കാം.

എരാ. നീയിതു ചെയ്താൽ ഉപകാരപ്രദമായിരിക്കും. കാരണം, അതുവഴി എനിക്ക് കൂടുതൽ പ്രയോജനം ഉണ്ടാകും.

ഓർ. കർത്താവ് തന്റെ സ്വന്തശരീരത്തെ അപ്പമെന്ന് വിളിച്ചത് നിനക്കറിയാമോ?

എരാ. അതും എനിക്കറിയാം. എന്തുകൊണ്ടെന്നാൽ, “മനുഷ്യപുത്രൻ മഹത്വപ്പെടാനുള്ള നാഴികയായി” എന്നും “ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് തനിയെ ഇരിക്കുന്നു, എന്നാൽ നിലത്തുവീണ് അഴിഞ്ഞാൽ അത് വളരെ ഫലം പുറപ്പെടുവിക്കും” എന്നും അവൻ പറയുന്നത് ഞാൻ കേട്ടു (യോഹ.12,23-24).

ഓർ. ദിവ്യരഹസ്യങ്ങൾ കൈമാറിക്കൊടുത്തപ്പോൾ അവിടുന്ന് അപ്പത്തെ ശരീരമെന്നും മിശ്രിതത്തെ രക്തമെന്നും വിളിച്ചു.

എരാ. അതു ശരിയാണ്.

ഓർ. എന്നാൽ സ്വഭാവേന ശരീരത്തെ ശരീരമെന്നും രക്തത്തെ രക്തമെന്നുമാണ് ഉചിതമായി വിളിക്കേണ്ടത്.

എരാ. ഞാൻ യോജിക്കുന്നു.

ഓർ. എന്നാൽ നമ്മുടെ രക്ഷകൻ പേരുകൾ മാറ്റിപ്പറഞ്ഞു. പ്രതീകത്തിന്റെ പേര് ശരീരത്തിനും ശരീരത്തിന്റെ പേര് പ്രതീകത്തിനും നൽകി. അതുപോലെ, അവിടുന്ന് സ്വയം മുന്തിരിവള്ളിയെന്നു വിളിക്കുകയും പ്രതീകത്തെ രക്തമെന്നു വിളിക്കുകയും ചെയ്തു.

എരാ. നീ പറഞ്ഞത് ശരിയാണ്. എന്നാൽ പേരുകൾ മാറ്റിപ്പറഞ്ഞതിന്റെ കാരണമറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

www.malankaralibrary.com

ഓർ. ദിവ്യരഹസ്യങ്ങളിലേക്ക് ആനീതരായവർക്ക് ഇത് വ്യക്തമാണ്. കാരണം, വിശുദ്ധ രഹസ്യങ്ങളിൽ ഭാഗഭാക്കാകുന്നവർ, അർപ്പിതവസ്തുക്കളുടെ പ്രകൃതത്തിൽ ശ്രദ്ധിക്കാതെ നാമങ്ങളുടെ കൈമാറ്റം നിമിത്തം കൃപയാൽ സംജാതമാകുന്ന രൂപാന്തരീകരണത്തിൽ വിശ്വസിക്കണമെന്ന് അവിടുന്ന് ആഗ്രഹിച്ചു. സ്വാഭാവികശരീരത്തെ ഗോതമ്പെന്നും അപ്പമെന്നും വിളിക്കുകയും തന്നെത്തന്നെ മുന്തിരിയെന്നു നാമകരണം ചെയ്യുകയും ചെയ്യുന്നതിലൂടെ, ശരീരം, രക്തം എന്നീ നാമങ്ങളാൽ ദൃശ്യപ്രതീകങ്ങളെ അവിടുന്ന് ബഹുമാനിച്ചു. അവയുടെ പ്രകൃതം മാറ്റിക്കൊണ്ടല്ല, പിന്നെയോ, പ്രകൃതത്തിൽ കൃപ കൂട്ടിച്ചേർത്തുകൊണ്ടാണ്.

എരാ. *എസോറ്ററിക്* ഭാഷയിൽ നീ ദിവ്യരഹസ്യങ്ങൾ ചർച്ചചെയ്യുകയും എല്ലാവർക്കും സുഗ്രാഹ്യമല്ലാത്ത സംഗതി സുവ്യക്തമായി വിശദമാക്കുകയും ചെയ്തിരിക്കുന്നു.

ഓർ. കർതൃശരീരത്തെ പൂർവപിതാവ് ഉടുപ്പെന്നും മേൽവസ്ത്രം എന്നും വിളിച്ചതും ദിവ്യരഹസ്യങ്ങളിലേക്ക് നമ്മുടെ ചർച്ച മാറ്റിയതും നാം അംഗീകരിച്ചല്ലോ. അതുകൊണ്ട്, ഈ പാവനഭക്ഷണം പ്രതീകവും സൂചിതവും ആയിരിക്കുന്നത് കർത്താവായ ക്രിസ്തുവിന്റെ ദൈവത്വത്തിന്റെ ആണോ ശരീരത്തിന്റെയും രക്തത്തിന്റെയുമാണോ? നിനക്ക് എന്ത് തോന്നുന്നെന്ന് സത്യസന്ധമായി എന്നോട് പറയുക.

എരാ. ഏതു വസ്തുക്കളുടെ നാമമാണോ അവ സ്വീകരിച്ചിരിക്കുന്നത്, അവയുടെ പ്രതീകവും ടൈപ്പുമാണെന്നത് സുവ്യക്തമാണ്.

ഓർ. ശരീരത്തിന്റെയും രക്തത്തിന്റെയും ആണെന്നാണോ നീ അർഥമാക്കുന്നത്?

എരാ. അതേ.

ഓർ. സത്യത്തെ സ്നേഹിക്കുന്നവനെപ്പോലെ നീ സംസാരിച്ചിരിക്കുന്നു. കാരണം, കർത്താവ് പ്രതീകം എടുത്തപ്പോൾ, ഇത് എന്റെ ദൈവത്വമാണ് എന്നു പറഞ്ഞില്ല. പിന്നെയോ, “ഇത് എന്റെ ശരീരമാണ്” എന്നും “ഇത് എന്റെ രക്തമാണ്” എന്നുമാണ് പറഞ്ഞത് (മത്താ.26,26–28). മറ്റൊരിടത്ത് അവിടുന്ന് പറഞ്ഞു: “ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നൽകുന്ന അപ്പം എന്റെ ശരീരമാകുന്നു” (യോഹ.6,51).

എരാ. ഇവ ദിവ്യവചനങ്ങളാകയാൽ സത്യമാണ്.

ഓർ. ഇവ സത്യമാണെങ്കിൽ,–ഇവ സത്യം തന്നെയാണ്–കർത്താവിന് ഒരു ശരീരം ഉണ്ടായിരുന്നു.

എരാ. അവിടുത്തേക്ക് ശരീരമില്ലെന്ന് ഞാൻ പറഞ്ഞോ?

www.malankaralibrary.com

ഓർ. അവിടുത്തേക്ക് ഒരു ശരീരം ഉണ്ടായിരുന്നെന്ന് നീ സമ്മതിക്കുന്നുണ്ടല്ലോ.

എരാ. "വചനം മാംസമായി" എന്നു ഞാൻ പറയുന്നു. കാരണം, ഇങ്ങനെയാണ് എന്നെ പഠിപ്പിച്ചിരിക്കുന്നത്.

ഓർ. പഴഞ്ചൊല്ല് പറയുന്നതുപോലെ, കീറിയ പാളയിൽ നാം വെള്ളം കോരുകയാണെന്നു തോന്നുന്നു. കാരണം, ഈ തെളിവുകൾക്കും നിന്റെ തടസ്സവാദങ്ങൾക്കുള്ള മറുപടികൾക്കും ശേഷം, നീ ഒരേവാക്കുകൾ ആവർത്തിച്ചു കൊണ്ടിരിക്കുകയാണ്.

എരാ. എന്റെ വാക്കുകളല്ല, സുവിശേഷവാക്കുകളാണ് ഞാനുദ്ധരിച്ചത്.

ഓർ. എന്നാൽ പ്രവാചകന്മാരുടെയും ശ്ലീഹന്മാരുടെയും പ്രസ്താവനകളുടെ വെളിച്ചത്തിൽ ഞാൻ സുവിശേഷവാക്കുകൾക്ക് ഒരു വ്യാഖ്യാനം തന്നില്ലേ?

എരാ. അവ പ്രശ്നപരിഹാരമാകില്ല.

ഓർ. അവിടുന്ന് അദൃശ്യനായിരുന്നെങ്കിലും ജഡത്തിലൂടെ പ്രത്യക്ഷനായി എന്നു നാം കാണിച്ചതാണ്. ദിവ്യവ്യക്തികൾ ജഡവുമായുള്ള ഈ ബന്ധത്തെപ്പറ്റിത്തന്നെ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. "എന്തുകൊണ്ടെന്നാൽ അവൻ അബ്രഹാമിന്റെ ബീജം എടുത്തു" (എബ്രാ.2,16). "ദൈവമായ കർത്താവ് അബ്രഹാമിനോടു പറഞ്ഞു: ഭൂമിയിലെ എല്ലാ രാജ്യങ്ങളും നിന്റെ സന്തതിയാൽ അനുഗ്രഹിക്കപ്പെടും" (ഉൽപ.22,18). ശ്ലീഹാ പറയുന്നു: "കർത്താവ് യൂദായിൽ നിന്നു ജനിച്ചെന്ന് വ്യക്തമാണല്ലോ" (എബ്രാ.7,14). ഇതുപോലുള്ള മറ്റ് നിരവധി സാക്ഷ്യങ്ങൾ ഞാൻ ഉദ്ധരിച്ചു. വീണ്ടും കേൾക്കാൻ നീ ആഗ്രഹിക്കുന്നതിനാൽ, ശ്ലീഹായെ ശ്രവിക്കുക. അവൻ പറയുന്നു: "മനുഷ്യരിൽ നിന്ന് എടുക്കപ്പെട്ട പ്രധാനാചാര്യൻ കാഴ്ചകളും ബലികളും അർപ്പിക്കാൻ നിയുക്തനായിരിക്കുന്നു" (എബ്രാ.5,1). കാഴ്ചയർപ്പണത്തിന് അവന് എന്തെങ്കിലും ഉണ്ടായിരിക്കണമെന്ന് ഇതിൽ നിന്ന് ധ്വനിക്കുന്നു.

എരാ. അവൻ ഒരുശരീരം എടുക്കുകയും അതർപ്പിക്കുകയും ചെയ്തെന്ന് എന്നെ കാണിക്കുക.

ഓർ. അതേ ഭാഗത്ത് ദിവ്യശ്ലീഹാ ഇത് വ്യക്തമായി പഠിപ്പിക്കുന്നു: "ഇതിനാൽ, അവൻ ലോകത്തിലേക്ക് പ്രവേശിച്ചപ്പോൾ ഇങ്ങനെ അരുളിച്ചെയ്തു: ബലികളും കാഴ്ചകളും അവിടുന്ന് ആഗ്രഹിച്ചില്ല. എന്നാൽ അവിടുന്ന് എനിക്കൊരു ശരീരം സജ്ജമാക്കിയിരിക്കുന്നു" (എബ്രാ.10,5). "നീ എന്നെ ഒരു ശരീരമായി മാറ്റിയിരിക്കുന്നു" എന്നല്ല അവൻ പറഞ്ഞത്, പിന്നെയോ, "നീ എനിക്കൊരു ശരീരം സജ്ജമാക്കിയിരിക്കുന്നു" എന്നത്രേ. മാലാഖാ പറഞ്ഞ വാക്കിനനുസൃതം പരിശുദ്ധാത്മാവിനാലാണ് ശരീരം രൂപീകൃതമായതെന്ന്

www.malankaralibrary.com

അവൻ വെളിപ്പെടുത്തുന്നു. അവൻ പറയുന്നു: "നിന്റെ ഭാര്യയായ മറിയത്തെ സ്വീകരിക്കാൻ ശങ്കിക്കേണ്ട. എന്തുകൊണ്ടെന്നാൽ അവളിൽ ഉരുവായിരിക്കുന്നത് പരിശുദ്ധാത്മാവിനാലാകുന്നു" (മത്താ.1,20).

എരാ. അപ്പോൾ, കന്യക ഒരു ശരീരത്തെ മാത്രമേ പ്രസവിച്ചുള്ളു.

ഓർ. നീ ഈ വാക്കുകളുടെ അർഥം ഗ്രഹിച്ചില്ലെന്നു മാത്രമല്ല, ഇവയുടെ അടിസ്ഥാന പദാന്വയംപോലും മനസിലാക്കിയിട്ടില്ലെന്നു തോന്നുന്നു. പ്രസവത്തെപ്പറ്റിയല്ല, ഗർഭധാരണരീതിയെ കുറിച്ചാണ് ദൂതൻ യൗസേപ്പിനെ പഠിപ്പിക്കുന്നതെന്ന് കാണുക. കാരണം, അവളിൽ നിന്ന് ജനിച്ചതെന്ന് അവൻ പറഞ്ഞില്ല. പിന്നെയോ, "അവളിൽ ഉരുവായിരിക്കുന്നത് പരിശുദ്ധാത്മാവിൽ നിന്നാണ്" എന്നത്രേ. യൗസേപ്പിന് ഈ ദിവ്യരഹസ്യം അജ്ഞാതമായിരുന്നു. വ്യഭിചാരത്താലാണോ എന്ന് സംശയം ഉദിക്കുകയും ചെയ്തു. അതുകൊണ്ട് രൂപീകരണം പരിശുദ്ധാത്മാവിനാൽ ആണെന്ന് അവനെ വ്യക്തമായി പഠിപ്പിച്ചു. പ്രവാചകനിലൂടെ പറഞ്ഞുകൊണ്ട് ദൈവം ഇതേപ്പറ്റി സൂചിപ്പിച്ചിരുന്നു: "നീ എനിക്കൊരു ശരീരം രൂപീകരിച്ചു" (സങ്കീ.40.6). ആത്മീയ മനുഷ്യനായ ദിവ്യശ്ലീഹാ ഈ പ്രവചനം വ്യഖ്യാനിച്ചു (എബ്രാ.10,5). കാഴ്ചകൾ അർപ്പിക്കയാണ് പുരോഹിതന്മാരുടെ ഉചിതകർമം. കർത്താവായ ക്രിസ്തു തന്റെ മനുഷ്യത്വത്തിൽ പുരോഹിതൻ എന്നു വിളിക്കപ്പെടുന്നു. അവിടുന്ന് തന്റെ സ്വന്തം ശരീരമല്ലാതെ മറ്റൊരു ബലിയർപ്പണവും നടത്തിയില്ല. എങ്കിൽ കർത്താവായ ക്രിസ്തുവിന് ഒരു ശരീരം ഉണ്ടായിരുന്നു.

എരാ. വചനമാം ദൈവം ശരീരരഹിതനായി പ്രത്യക്ഷനായി എന്നു ഞാൻ പറയുന്നില്ലെന്ന് പലപ്പോഴും പ്രസ്താവിച്ചിട്ടുള്ളതാണ്. എന്നാൽ വചനമാം ദൈവം ഒരു ശരീരമെടുത്തു എന്നും ഞാൻ പറയുന്നില്ല. പിന്നെയോ, അവൻ മാസമായിത്തീർന്നു.

ഓർ. ഞാൻ കാണുന്നതനുസരിച്ച്, വലന്റീനസ്, മാർസ്യൻ, മാനി എന്നിവരുടെ അനുയായികളോടാണ് നാം പോരാട്ടം നടത്തുന്നത്. എന്നാൽ വ്യതിയാനാതീതസ്വഭാവം മാംസമായി മാറിയെന്ന് അവർ പോലും പറയാൻ മുതിരുകയില്ല.

എരാ. മറ്റാളുകളെ നിന്ദിക്കുന്നത് ക്രൈസ്തവവിരുദ്ധമാണ്.

ഓർ. നാം നിന്ദിക്കുകയല്ല, സത്യത്തിനുവേണ്ടി പോരാടുകയാണ്. തർക്കരഹിത സംഗതികളെ കുറിച്ച്, സംശയാസ്പദം എന്നവണ്ണം നീ കലഹിക്കുന്നതിൽ നാം അതീവദുഃഖിതനാണ്. എന്നാൽ നിന്റെ ബാലിശമായ കലഹം ഒഴിവാക്കാൻ ഞാൻ പരിശ്രമിക്കാം. അതുകൊണ്ട്, ദൈവം ദാവീദിനോടു ചെയ്ത വാഗ്ദാനങ്ങൾ നീ ഓർക്കുന്നോയെന്ന് എന്നോടു പറയുക.

എരാ. ഏവ?

www.malankaralibrary.com

ഓർ. എൺപത്തിഒൻപതാം സങ്കീർത്തനത്തിൽ പ്രവാചകൻ എഴുതിയവ.

എരാ. ദാവീദിനോടു ചെയ്ത പല വാഗ്ദാനങ്ങളെപ്പറ്റി എനിക്കറിയാം. നീ ഏതാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്?

ഓർ. കർത്താവായ ക്രിസ്തുവിനെ കുറിച്ചുള്ളവ.

എരാ. തെളിവു തരാമെന്നു പറഞ്ഞതിനാൽ, ഏതാണെന്ന് നീ തന്നെ പറഞ്ഞാലും.

ഓർ. സങ്കീർത്തനാരംഭത്തിൽ തന്നെ പ്രവാചകൻ ദൈവസ്തുതിപ്പുകൾ പാടുന്നത് ശ്രവിക്കുക. ജനങ്ങൾ നിയമം ലംഘിക്കുകയും അക്കാരണത്താൽ അടിമകളാകുകയും ചെയ്യുമെന്ന് അവൻ പ്രവാചകദൃഷ്ട്യാ കണ്ടതിനാൽ, സത്യവാഗ്ദാനങ്ങളെ സംബന്ധിച്ച് അവൻ തന്റെ കർത്താവിനെ അനുസ്മരിച്ചുകൊണ്ട് പറയുന്നു: "കർത്താവേ, ഞാൻ എന്നും അങ്ങയുടെ കാരുണ്യം പ്രകീർത്തിക്കും. എന്റെ അധരങ്ങൾ തലമുറകളോട് അങ്ങയുടെ വിശ്വസ്തത പ്രകീർത്തിക്കും. എന്തെന്നാൽ കാരുണ്യം എന്നേക്കും സുസ്ഥാപിതമായിരിക്കും എന്ന് നീ അരുളിച്ചെയ്തിരിക്കുന്നു" (89,1-2). മനുഷ്യകുലത്തോടുള്ള സ്നേഹത്താലാണ് ദൈവം ഈ വാഗ്ദാനം നടത്തിയതെന്നും വാഗ്ദാനങ്ങൾ സത്യമാണെന്നും ഈ വാക്കുകളിലൂടെയെല്ലാം പ്രവാചകൻ പഠിപ്പിക്കുന്നു. പിന്നീട്, ദൈവം എന്താണ് വാഗ്ദാനം ചെയ്തതെന്നും ആരോടാണ് വാഗ്ദാനം ചെയ്തതെന്നും, ദൈവം തന്നെ സംസാരിക്കുന്നതായി അവൻ പറയുന്നു. "എന്റെ തെരഞ്ഞെടുക്കപ്പട്ടവരുമായി ഞാൻ ഒരുടമ്പടി ചെയ്തു" (സങ്കീ.89,3). തെരഞ്ഞെടുക്കപ്പെട്ടവരെന്ന് പൂർവപിതാക്കന്മാരെ അവൻ വിളിക്കുന്നു. എന്നിട്ട് ഇപ്രകാരം കൂട്ടിച്ചേർക്കുന്നു: "എന്റെ ദാസനായ ദാവീദിനോട് ഞാൻ ശപഥം ചെയ്തു" (സങ്കീ. 89,3). ആ ശപഥത്തിന്റെ ഉള്ളടക്കവും അവൻ അവതരിപ്പിക്കുന്നു: "നിന്റെ സന്തതിയെ നിത്യതയ്ക്കായി ഞാൻ ഒരുക്കും. നിന്റെ സിംഹാസനം തലമുറകളോളം ഞാൻ നിലനിർത്തും" (89,4). അതുകൊണ്ട്, എന്നോടു പറയുക: ദാവീദിന്റെ സന്തതിയെന്ന് വിളിച്ചിരിക്കുന്നത് ആരെയാണെന്നാണ് നീ കരുതുന്നത്?

എരാ. സോളമനെ പറ്റിയാണ് വാഗ്ദാനം നടന്നത്.

ഓർ. അപ്പോൾ, സോളമനെ കുറിച്ചാണ് പൂർവപിതാക്കന്മാരുമായും ദൈവം ഉടമ്പടികൾ ചെയ്തത്! കാരണം, ദാവീദിനെപ്പറ്റി പറഞ്ഞതിനു മുമ്പ്, അവരുമായി ചെയ്ത വാഗ്ദാനങ്ങളെ സങ്കീർത്തകൻ അനുസ്മരിക്കുന്നു. അവൻ പറയുന്നു: ''എന്റെ തെരഞ്ഞെടുക്കപ്പെട്ടവരുമായി ഞാൻ ഒരുടമ്പടി ചെയ്തു" (89,3). പൂർവപിതാക്കന്മാരുടെ സന്തതിയാൽ ലോകജനതകളെയെല്ലാം താൻ അനുഗ്രഹിക്കുമെന്ന് ദൈവം പൂർവപിതാക്കന്മാരോട് വാഗ്ദാനം ചെയ്തു. അപ്പോൾ, സോളമനിലൂടെ ജനതകൾ അനുഗ്രഹിക്കപ്പെട്ടത് എനിക്കു കാണിച്ചുതരിക.

www.malankaralibrary.com

എരാ. സോളമനിലൂടെ അല്ലാതെ നമ്മുടെ രക്ഷകനിലൂടെ ദൈവം ഈ വാഗ്ദാനം പൂർത്തിയാക്കിയോ?

ഓർ. അതേ. ദാവീദിനോടു ചെയ്ത വാഗ്ദാനങ്ങൾ കർത്താവായ ക്രിസ്തു പൂർത്തിയാക്കി.

എരാ. സോളമനെ കുറിച്ചോ സെറുബാബേലിനെ കുറിച്ചോ ആണ് ദൈവം ഈ വാഗ്ദാനങ്ങൾ നടത്തിയതെന്ന് എനിക്കു തോന്നുന്നു.

ഓർ. അൽപനിമിഷം മുൻപ് നീ വലന്റീനസിന്റെയും മാർസ്യന്റെയും മാനിയുടെയും വാക്കുകളാണ് ഉപയോഗിച്ചുകൊണ്ടിരുന്നത്. എന്നാൽ ഇപ്പോൾ അതിനു നേരേ വിപരീതമായ നിലപാട് എടുക്കുകയും യൂദരുടെ നിന്ദ്യമായ നിലപാടിനുവേണ്ടി നിലകൊള്ളുകയുമാണ്. പ്രധാനപാതയിൽ നിന്ന് തിരിയുന്നവരുടെ രീതിയാണിത്. ആരും സഞ്ചിരിക്കാത്ത പാതയിലൂടെ ചരിക്കുന്നതിനാൽ അവർ അവിടെയും ഇവിടെയും അലഞ്ഞുതിരിയുന്നു.

എരാ. ശ്ലീഹാ പരദൂഷകരെ ദൈവരാജ്യത്തിൽ നിന്ന് പുറന്തള്ളുന്നു (1കൊറി.6,10).

ഓർ. ദൂഷണം അടിസ്ഥാനരഹിതമാണെങ്കിൽ. ഇത്തരം സംസാരരീതി അവലംബിക്കുകയും ഗലാത്യരെ 'ഭോഷന്മാരേ' എന്നു വിളിക്കുകയും (3,1) മറ്റുള്ളവരെപ്പറ്റി "ദുഷിച്ച മനസുള്ളവരും വിശ്വാസനിന്ദകരും" എന്ന് പറയുകയും ചെയ്തപ്പോൾ (2 തിമോ.3,8), ദിവ്യശ്ലീഹാ ഉചിതമായിട്ടത്രേ പ്രവർത്തിച്ചത്. മറ്റൊരു വിഭാഗത്തെപ്പറ്റി, "ഉദരമാണ് അവരുടെ ദൈവം, ലജ്ജാകരമായതാണ് അവരുടെ അഭിമാനം" എന്നും പറഞ്ഞിരിക്കുന്നു (ഫിലി.3,19).

എരാ. എന്നെ ദുഷിക്കാൻ ഞാനെന്താണ് പറഞ്ഞതെന്ന് കാണിച്ചാലും.

ഓർ. സത്യത്തിന്റെ കൊടിയ ശത്രുക്കളെ നീ സന്തോഷപൂർവം പിന്താങ്ങുന്നു. മതാത്മകചിന്തയുള്ള മനുഷ്യർക്ക് ന്യായമായി പ്രകോപനം ഉണ്ടാകാൻ മതിയായവ ഇതിലുണ്ടെന്ന് നിനക്കു തോന്നുന്നില്ലേ?

എരാ. ഏത് സത്യവിരുദ്ധരെയാണ് ഞാൻ പിന്തുണച്ചത്?

ഓർ. അൽപം മുമ്പ് നീ യൂദരെ പിന്തുണച്ചു.

എരാ. എങ്ങനെ? ഏതു രീതിയിൽ?

ഓർ. ക്രിസ്തീയ പ്രബോധനം പരസ്പരവിരുദ്ധമെന്ന് തെളിയിക്കാനായി യൂദർ ഇത്തരം പ്രവചനങ്ങൾ സോളമനെപ്പറ്റിയും സെറുബാബേലിനെ പറ്റിയുമാണെന്ന് തട്ടിവിടുന്നു. എന്നാൽ ഈ വാക്കുകൾതന്നെ അവരുടെ ദുഷ്ടതയെ ഖണ്ഡിക്കാൻ മതിയായവയാണ്. എന്തെന്നാൽ, ദൈവം പറയുന്നു: "നിത്യതയ്ക്കായി നിന്റെ സന്തതിയെ ഞാൻ സജ്ജമാക്കും"(സങ്കീ. 89,4). ഇത്തരം പ്രവചനങ്ങൾ സോളമനെയും സെറുബാബേലിനെയുമാണ് പരാമർശിക്കുന്നതെന്ന് അവർ പറയുന്നെങ്കിലും, തങ്ങൾക്ക് നിശ്ചയിക്കപ്പെട്ട കാലം അവർ

www.malankaralibrary.com

ജീവിച്ചു കടന്നുപോയി എന്നു മാത്രമല്ല, ദാവീദിന്റെ കുടുംബം മുഴുവനുംതന്നെ തുടച്ചുനീക്കപ്പെടുകയും ചെയ്തു. കാരണം, ഇന്ന് ആർക്കെങ്കിലും ദാവീദിന്റെ ഭവനത്തിൽപെട്ട ആരെയെങ്കിലും അറിയാമോ?

എരാ. യൂദരുടെ പാത്രിയർക്കീസുമാർ എന്ന് വിളിക്കപ്പെടുന്നവരാരും ദാവീദിന്റെ വംശാവലിയിൽ പെട്ടവരല്ലേ?

ഓർ. നിശ്ചയമായും അല്ല.

എരാ. എന്നാൽ പിന്നെ അവർ എവിടെനിന്നു വന്നു?

ഓർ. വിദേശിയനായ ഹേറോദേസിൽ നിന്ന് ഉത്ഭവിച്ചവരാണവർ. അവന്റെ പിതൃവഴിയിൽ അവൻ അശ്കലോൻകാരനും മാതൃവഴിയിൽ ഇദൂമിയനുമാണ്. അവരും പൂർണമായി തുടച്ചുനീക്കപ്പെട്ടു. അവരുടെ ഭരണം അവസാനിച്ചിട്ട് നീണ്ട കാലമായി. എന്നാൽ ദാവീദിന്റെ സന്തതിയെ എന്നേക്കും കാത്തുപരിപാലിക്കുമെന്ന് മാത്രമല്ല, അവന്റെ രാജ്യം അനന്തമായി സംരക്ഷിക്കുമെന്നും ദൈവമായ കർത്താവ് വാഗ്ദാനം ചെയ്തിരിക്കുന്നു. എന്തെന്നാൽ "നിന്റെ സിംഹാസനം തലമുറകളോളം ഞാൻ നിലനിർത്തും" എന്ന് ദൈവം പറഞ്ഞിരിക്കുന്നു (സങ്കീ.89,4). എന്നാൽ ദാവീദിന്റെ കുടുംബം ഇല്ലാതായി. അവന്റെ രാജ്യം അസ്തമിച്ചു എന്നു നാം കാണുന്നു. നാം ഇപ്രകാരം കാണുന്നെങ്കിലും പ്രപഞ്ചത്തിന്റെ ദൈവം നുണ പറയുന്നില്ലെന്ന് നമുക്കറിയാം.

എരാ. നിശ്ചയമായും ദൈവം നുണ പറയുകയില്ല.

ഓർ. നിശ്ചയമായും ദൈവം സത്യവാനാണ്. ദാവീദിന്റെ കുടുംബത്തെ എന്നേക്കുമായി കാത്തുപരിപാലിക്കുമെന്നും അവന്റെ രാജ്യത്തെ അനന്തമായി സംരക്ഷിക്കുമെന്നും ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നു. എന്നാൽ കുടുംബവും രാജ്യവും അവസാനിച്ചതിനാൽ, നാം അവ രണ്ടും കാണുന്നില്ല. അങ്ങനെയെങ്കിൽ, ദൈവം നുണ പറയുന്നില്ലെന്ന് നമ്മുടെ എതിരാളികളെ നമുക്ക് എങ്ങനെ ബോധ്യപ്പെടുത്താനാവും?

എരാ. ഈ പ്രവചനം കർത്താവായ ക്രിസ്തുവിനെ ഖണ്ഡിതമായി പ്രഘോഷിക്കുന്നു.

ഓർ. നീ ഇതംഗീകരിക്കുന്നതിനാൽ, വരിക. നമുക്കൊരുമിച്ച് ഇപ്പോൾ ആ സങ്കീർത്തനത്തിന്റെ മധ്യഭാഗം പരിശോധിക്കാം. അപ്പോൾ ആ പ്രവചനത്തിന്റെ അർഥം കൂടുതൽ വ്യക്തമായി ഗ്രഹിക്കാൻ കഴിയും.

എരാ. നീ ഈ അന്വേഷണത്തിന്റെ പാത തെളിക്കുക. ഞാൻ ശ്രദ്ധാപൂർവം നിന്നെ അനുഗമിക്കാം.

ഓർ. ഈ സന്തതിയെ സംബന്ധിച്ച് ദൈവം നിരവധി വാഗ്ദാനങ്ങൾ ചെയ്തിരുന്നു: അവൻ കടലിലും കരയിലും ഭരണം നടത്തും, ഭൗമികാധികാരികൾക്ക് ഉപരിസ്ഥനായിരിക്കും., അവൻ ദൈവത്തിന്റെ ആദ്യജാതൻ

www.malankaralibrary.com

എന്നു വിളിക്കപ്പെടും. അവൻ അറച്ചുനിൽക്കാതെ ദൈവത്തെ പിതാവ് എന്നു വിളിക്കും (സങ്കീ.89,19-27). തുടർന്ന് അവിടുന്ന് കൂട്ടിച്ചേർക്കുന്നു: "എന്റെ കരുണ എപ്പോഴും അവന്റെമേൽ ഉണ്ടായിരിക്കും. അവനോടുള്ള എന്റെ ഉട മ്പടി അചഞ്ചലമായി നിലനിൽക്കും. ഞാൻ അവന്റെ വംശത്തെ ശാശ്വതമാ ക്കും. അവന്റെ സിംഹാസനം ആകാശം ഉള്ളിടത്തോളം കാലം നിലനിൽക്കും" (89,28-29).

എരാ. മനുഷ്യർ മർത്യരാണ്. എന്നാൽ ജീവനും ബഹുമാനവും അമർത്യതയും നിത്യത്വവും ഉൾക്കൊള്ളുന്നതിനാൽ, ഈ വാഗ്ദാനം മനു ഷ്യപ്രകൃതിക്ക് ഉപരിസ്ഥമാണ്. മനുഷ്യജീവിതം ഹ്രസ്വമാണ്. രാജകീയാ ധികാരം, ജീവിതകാലത്തു തന്നെയും നിരവധി മാറ്റങ്ങൾക്കും കീഴ്മറിച്ചി ലുകൾക്കും വിധേയമാണ്. അതുകൊണ്ട്, ഈ വാഗ്ദാനത്തിന്റെ മഹനീ യത രക്ഷകനായ ക്രിസ്തുവിനു മാത്രം ചേരുന്നതാണ്.

ഓർ. ഈ സങ്കീർത്തനത്തിന്റെ ബാക്കി ഭാഗങ്ങൾകൂടി വായിക്കുക. അപ്പോൾ ഇതേപ്പറ്റിയുള്ള നിന്റെ അഭിപ്രായം നിശ്ചയമായും കൂടുതലായി ഉറപ്പിക്കപ്പെടും. കാരണം, പ്രപഞ്ചത്തിന്റെ കർത്താവ് പറയുന്നു: "ഞാൻ എന്നേക്കുമായി എന്റെ പരിശുദ്ധിയെകൊണ്ട് ശപഥം ചെയ്തു. ദാവീദിനോട് ഞാൻ വ്യാജം പറയുകയില്ല. അവന്റെ വംശം ശാശ്വതമായും അവന്റെ സിംഹാസനം സൂര്യനുള്ള കാലത്തോളവും എന്റെ മുമ്പിൽ നിലനിൽക്കും. അത് ചന്ദ്രനെപ്പോലെ എന്നേക്കും നിലനിൽക്കും" (89,35-37). "ആകാശം ഉള്ളിടത്തോളം കാലം അത് അചഞ്ചലമായിരിക്കും" എന്ന് കൂട്ടിച്ചേർത്തു കൊണ്ട്, വാഗ്ദാനം സത്യമാണെന്ന് അവൻ കാണിച്ചു (89,37).

എരാ. വിശ്വസ്തസാക്ഷി ചെയ്ത വാഗ്ദാനങ്ങൾ സംശയം കൂടാതെ നാം വിശ്വസിക്കണം. കാരണം, സത്യസന്ധരായ ആളുകൾ പറയുന്നവ ശപ ഥത്തോടുകൂടെ അല്ലെങ്കിൽപോലും നാം വിശ്വസിക്കുന്നെങ്കിൽ, ശപഥത്തോ ടുകൂടെ പ്രപഞ്ചസ്രഷ്ടാവ് പറഞ്ഞവ വിശ്വസിക്കാതിരിക്കാൻ തക്ക ബുദ്ധി ഭ്രമം ബാധിച്ചവർ ആരാണുള്ളത്? എന്തുകൊണ്ടെന്നാൽ, "ശപഥത്താൽ" എന്ന് ശ്ലീഹായും പറയുന്നതുപോലെ, ആണയിടുന്നത് നിരോധിച്ചവൻ തന്റെ ഇച്ഛയുടെ മാറ്റമില്ലായ്മ വെളിപ്പെടുത്തി: "മാറ്റമില്ലാത്തതും ദൈവത്തെ സംബ ന്ധിച്ച് വ്യാജമാകാത്തതുമായ രണ്ട് കാര്യങ്ങളിലൂടെ നമ്മുടെ മുമ്പിൽ വയ്ക്ക പ്പെട്ടിരിക്കുന്ന പ്രത്യാശയെ മുറുകെ പിടിക്കുന്നതിന് യത്നിക്കുന്ന നമുക്ക് വലിയ പ്രോത്സാഹനം ലഭിക്കുന്നു" (എബ്രാ.6,18).

ഓർ. വാഗ്ദാനം സംശയാതീതമായി സത്യമാണ്. യൂദരുടെ ഇടയിൽ പ്രവാചകനായ ദാവീദിന്റെ കുടുംബമോ, രാജ്യമോ നാം കാണുന്നില്ല. അതുകൊണ്ട്, തന്റെ മനുഷ്യത്വത്തിൽ നമ്മുടെ കർത്താവേശുക്രിസ്തു "ദാവീദിന്റെ സന്തതി" എന്ന് വിളിക്കപ്പെടുന്നു എന്ന് നാം വിശ്വസിക്കണം. കാരണം, ജീവനും നിത്യരാജ്യവും അവനുള്ളതാകുന്നു.

www.malankaralibrary.com

എരാ. നമുക്ക് ഒട്ടുംതന്നെ സംശയമില്ല. ഇത് സത്യമാണെന്ന് നാം അംഗീകരിക്കുകയും ചെയ്യുന്നു.

ഓർ. ദാവീദിന്റെ ബീജത്തിൽ നിന്ന് നമ്മുടെ ദൈവമായ രക്ഷകൻ എടുത്ത മനുഷ്യത്വത്തെപ്പറ്റി വ്യക്തമായി കാണിക്കാൻ ഇത് മതിയാകും. എങ്കിലും കൂടുതൽ സാക്ഷ്യങ്ങളാൽ എല്ലാ വിയോജിപ്പും നീക്കിക്കളയാൻ, ദാവീദിനോടു ചെയ്ത വാഗ്ദാനങ്ങൾ അനുസ്മരിച്ചുകൊണ്ട് ഏശായാ പ്രവാചകന്റെ സ്വരത്തിലൂടെ ദൈവത്തെ നമുക്കു ശ്രവിക്കാം. അവൻ പറയുന്നു: "നിങ്ങളുമായി ഞാനൊരു നിത്യഉടമ്പടി ഉണ്ടാക്കും" (55,3). നിയമദാതാവിനെ തിരിച്ചറിയാൻ അവൻ കൂട്ടിച്ചേർക്കുന്നു: "ദാവീദിന്റെ വിശുദ്ധ വസ്തുക്കൾ വിശ്വസ്തമാണ്" (55,3). കാരണം, "ആകാശത്തിലെ സാക്ഷ്യം വിശ്വസ്തമാണ്" (സങ്കീ.89,37) എന്ന് ദാവീദിനോട് വാഗ്ദാനം ചെയ്തപ്പോൾ ദൈവം പറഞ്ഞതിനാൽ, ഇവ അവരെ അനുസ്മരിപ്പിക്കാൻ ഏശായാ പറയുന്നു: "ദാവീദിന്റെ വിശുദ്ധ വസ്തുക്കൾ വിശ്വസ്തമാണ്" (ഏശാ.55,3). ഏശായായിലൂടെ പറഞ്ഞവ, ദൈവം തന്നെയാണ് ദാവീദിനോട് വാഗ്ദാനം ചെയ്തതെന്നും അവിടുന്ന് അവ പൂർത്തിയാക്കുമെന്നും ഇപ്രകാരം അവിടുന്ന് പഠിപ്പിക്കുന്നു. ഇതിന്റെ ശേഷിച്ച പ്രവചനം ഇതുമായി ചേരുന്നതാണ്. അത് ഇപ്രകാരം പറയുന്നു: "ഇതാ, ഞാൻ അവനെ ജനതകൾക്കു സാക്ഷിയും നേതാവും അധിപനുമാക്കിയിരിക്കുന്നു. ഇതാ, നിന്നെ അറിയാത്ത ജനതകൾ നിന്നെ വിളിച്ചപേക്ഷിക്കും. നിന്നെ അറിയാത്തവർ സംരക്ഷണാർഥം നിന്റെ പക്കൽ ഓടിക്കൂടും" (55,4-5). ഇത് ദാവീദിന്റെ മക്കൾക്കും ചേരുന്നതല്ല. ഏശായാ പറഞ്ഞതുപോലെ ദാവീദിന്റെ ഏത് അനന്തരഗാമിയാണ് ജനതകളുടെ അധിപനായി പ്രഖ്യാപിക്കപ്പെട്ടത്? ദൈവത്തോടെന്നപോലെ ദാവീദിന്റെ ഏതു മകനെയാണ് ജനതകൾ വിളിച്ചപേക്ഷിച്ചത്?

എരാ. സുവ്യക്തമായതിനെ സംബന്ധിച്ച് ചർച്ച നീട്ടിക്കൊണ്ടുപോയിട്ട് കാര്യമില്ല. കാരണം, ഇവയെല്ലാം കർത്താവായ ക്രിസ്തുവിനെ പറ്റിയാണ്.

ഓർ. നമുക്ക് മറ്റൊരു പ്രവാചകസാക്ഷ്യത്തിലേക്ക് തിരിഞ്ഞ് അതേ പ്രവാചകൻ പറയുന്നത് ശ്രവിക്കാം: "ഈശായിയുടെ വേരിൽ നിന്ന് ഒരു മുള കിളിർത്തുവരും. അവന്റെ വേരിൽ നിന്ന് ഒരു പുഷ്പം ഉയർന്നുവരും" (11,1).

എരാ. ഈ പ്രവചനം സെറുബാബേലിനെ കുറിച്ചാണെന്ന് എനിക്കു തോന്നുന്നു.

ഓർ. ഇതിന്റെ ശേഷമുള്ളതുകൂടെ കേട്ടാൽ നീ നിന്റെ മനസ്സു മാറ്റും. കാരണം, യൂദർപോലും ഈ പ്രവചനം ഈ രീതിയിൽ മനസിലാക്കിയിരുന്നില്ല. പ്രവാചകൻ തുടർന്നു പറയുന്നു: "കർത്താവിന്റെ ആത്മാവ് അവന്റെ മേൽ ആവസിക്കും. ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ആത്മാവ്, ഉപ

www.malankaralibrary.com

ദേശത്തിന്റെയും ശക്തിയുടെയും ആത്മാവ്, അറിവിന്റെയും ദൈവഭക്തിയുടെയും ആത്മാവ് " (11,2-3). ആത്മാവിന്റെ ദാനങ്ങൾ വിശുദ്ധ വ്യക്തികൾക്കു പോലും വിവിധ രീതികളിൽ നൽകപ്പെടുന്നതിനാൽ, വെറുമൊരു മനുഷ്യന് ഈ വാക്കുകൾ ആരും ആരോപിക്കയില്ല (1കൊറി.12,4). ദിവ്യശ്ലീഹാ ഇതിനു സാക്ഷ്യം വഹിക്കുന്നു: "ഒരേ ആത്മാവുതന്നെ ഒരാൾക്ക് വിവേകത്തിന്റെ വചനവും മറ്റൊരാൾക്ക് ജ്ഞാനത്തിന്റെ വചനവും നൽകുന്നു" (1കൊറി.12,8). എന്നാൽ ഈശായിയുടെ വേരിൽ നിന്നുദിച്ചവന് ആത്മാവിന്റെ എല്ലാ ശക്തികളും ഉണ്ടെന്ന് പ്രവാചകൻ ഇവിടെ പറഞ്ഞിരിക്കുന്നു (11,1-3).

എരാ. ഇത് നിഷേധിക്കുന്നത് തികഞ്ഞ വിഭ്രാന്തി തന്നെയാണ്.

ഓർ. അങ്ങനെയെങ്കിൽ ഇതിന്റെ ബാക്കികൂടി കേൾക്കുക. കാരണം, ഇതിന്റെ ചില ഭാഗങ്ങൾ മനുഷ്യപ്രകൃതിക്ക് ഉപരിസ്ഥമാണ്. അവൻ പറയുന്നു: "അവൻ അഭ്യൂഹങ്ങൾക്കനുസൃതം വിധിക്കുകയോ, അലസ സംസാരങ്ങൾക്കനുസൃതം കുറ്റം ചുമത്തുകയോ ഇല്ല. എളിയവരെ അവൻ നീതിപൂർവം വിധിക്കും. ഭൂമിയിലെ ശക്തരെ ധർമനിഷ്ഠയോടെ കുറ്റപ്പെടുത്തും. തന്റെ അധരശ്വാസത്താൽ ദുഷ്ടരെ അവൻ സംഹരിക്കും" (11,3-4). ഇവയിൽ ചില പ്രവചനങ്ങൾ മനുഷ്യത്വത്തിനും മറ്റുചില പ്രവചനങ്ങൾ ദൈവത്വത്തിനും ചേരുന്നവയാണ്. നീതി, സത്യസന്ധത, ആർജവം, മുഖനോട്ടം കൂടാതുള്ള വിധി എന്നിവ മാനുഷികഗുണങ്ങളാണ്. ഒറ്റവാക്കാൽ ദുഷ്ടരെ സംഹരിക്കുന്നതും ശ്രേഷ്ഠതരമായവയിലേക്ക് ധരയെ മാറ്റുന്നതും ദൈവത്വത്തിന്റെ സർവശക്തിയുടെ അടയാളമാണ്.

എരാ. നമ്മുടെ രക്ഷകനായ ക്രിസ്തുവിന്റെ വരവിനെപ്പറ്റി പ്രവാചകൻ മുൻകൂട്ടി പറഞ്ഞെന്ന് ഇതിൽ നിന്ന് വളരെ വ്യക്തമായി നാം ഗ്രഹിച്ചിരിക്കുന്നു.

ഓർ. തുടർന്നു വരുന്ന വാക്കുകൾ ഈ വ്യാഖ്യാനത്തിന്റെ സത്യാവസ്ഥ കൂടുതൽ വ്യക്തമായി നിന്നെ പഠിപ്പിക്കും. അവൻ ഇപ്രകാരം കൂട്ടിച്ചേർക്കുന്നു: "അപ്പോൾ ചെന്നായും ആട്ടിൻകുട്ടിയും ഒന്നിച്ചുമേയും. പുള്ളിപ്പുലി കോലാട്ടിൽ കുട്ടിയോടുകൂടെ കിടക്കും. പശുക്കിടാവും സിംഹക്കുട്ടിയും കാളയും ഒന്നിച്ചുമേയും" (11,6). ഈ വാക്കുകളിലൂടെ, ആളുകളുടെ വൈവിധ്യവും വിശ്വാസത്തിന്റെ ഒത്തൊരുമയും അവൻ പഠിപ്പിക്കുന്നു. നമ്മുടെ അനുഭവവും ഈ പ്രവചനത്തിന് സാക്ഷ്യമാണ്. കാരണം, ഒരേ ഉറവ ധനികരെയും ദരിദ്രരെയും, അടിമകളെയും യജമാനന്മാരെയും, ഭരണാധികാരികളെയും ഭരണീയരെയും, പടയാളികളെയും പൗരന്മാരെയും, ലോകം മുഴുവൻ ഭരിക്കുന്നവരെയും സ്വാഗതം ചെയ്യുന്നു. എല്ലാവർക്കും ഒരേ പ്രബോധനം ലഭിക്കുന്നു. എല്ലാവർക്കും ഏക കൗദാശികമേശയിൽനിന്ന് കൊടുക്കുന്നു. ഓരോ വിശ്വാസിയും തുല്യമായി അനുഭവിക്കുന്നു.

www.malankaralibrary.com

എരാ. ദൈവമാണ് ഈ പ്രവചനത്തിന്റെ കർത്താവെന്ന് ഇത് കാണിക്കുന്നു.

ഓർ. അവൻ ദൈവം മാത്രമല്ല, മനുഷ്യൻ കൂടിയാണ്. അതുകൊണ്ടാണ്, "ഈശായിയുടെ വേരിൽ നിന്ന് ഒരു മുള കിളിർത്തുവരും" എന്ന് തന്റെ ഈ പ്രവചനത്തിന്റെ ആരംഭത്തിൽ തന്നെ അവൻ പറഞ്ഞത് (11,1). ആ പ്രവചനത്തിന്റെ അവസാനത്തിലും, ആരംഭത്തിൽ പറഞ്ഞത് അവൻ ആവർത്തിക്കുന്നു: "ഈശായിയുടെ വേര് ഉണ്ടായിരിക്കും. അവൻ ജനതകളെ ഭരിക്കാൻ എഴുന്നേൽക്കും. ജനതകൾ അവനിൽ പ്രത്യാശ വയ്ക്കും. അവന്റെ വിശ്രമം മഹത്വപൂർണമായിരിക്കും" (11,10). ഈശായി ദാവീദിന്റെ പിതാവായിരുന്നു. ശപഥത്തോടുകൂടെയുള്ള വാഗ്ദാനം ദാവീദിനോടാണ് ചെയ്തത്. കർത്താവായ ക്രിസ്തുവിനെ ദൈവമായി മാത്രം അറിഞ്ഞിരുന്നെങ്കിൽ, "ഈശായിയിൽ നിന്നുള്ള മുള" എന്ന് അവനെ അവൻ വിളിക്കയില്ലായിരുന്നു. ലോകത്തിലെ മാറ്റത്തെപ്പറ്റിയും പ്രവചനം മുൻകൂട്ടി പറഞ്ഞിരിക്കുന്നു: "സമുദ്രം ജലം കൊണ്ടെന്നപോലെ, ഭൂമി കർത്താവിനെ കുറിച്ചുള്ള ജ്ഞാനം കൊണ്ട് നിറയും" (11,9).

എരാ. പ്രവാചകവചനങ്ങൾ ഞാൻ കേട്ടിട്ടുള്ളതാണ്. എന്നാൽ കർത്താവായ ക്രിസ്തു ജഡപ്രകാരം ദാവീദിന്റെ ബീജത്തിൽ നിന്നു ജനിക്കുമെന്ന് ദിവ്യശ്ലീഹന്മാരുടെ സംഘം പറഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമായി അറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

ഓർ. നിന്റെ ആവശ്യം പ്രയാസമുള്ളതല്ല. നിസാരമാണ്, എളുപ്പമുള്ളതുമാണ്. ശ്ലീഹന്മാരുടെ തലവനെ ശ്രവിക്കുക. അവൻ ഇപ്രകാരം വിളംബരം ചെയ്യുന്നു: "ദാവീദ് ഒരു പ്രവാചകനായിരുന്നു. തന്റെ സിംഹാസനത്തിൽ ഇരിക്കാൻ തന്റെ അരയുടെ ഫലത്തിൽ നിന്ന് ജഡപ്രകാരം മിശിഹായെ എഴുന്നേൽപ്പിക്കുമെന്ന് ദൈവം തന്നോട് ശപഥം ചെയ്തെന്ന് ദാവീദ് അറിഞ്ഞിരുന്നു. അവന്റെ ആത്മാവ് പാതാളത്തിൽ ഉപേക്ഷിക്കപ്പെടുകയോ, അവന്റെ ശരീരം ജീർണിക്കുകയോ ഇല്ലെന്ന് അവന്റെ ഉത്ഥാനത്തെപ്പറ്റി അവൻ മുൻകൂട്ടി ദർശിച്ച് പറഞ്ഞു" (നട.2,30-31). അങ്ങനെ കർത്താവായ ക്രിസ്തു ജഡപ്രകാരം ദാവീദിന്റെ ബീജത്തിൽ നിന്നു ജനിച്ചെന്നും അവന് ജഡം മാത്രമല്ല ആത്മാവും ഉണ്ടായിരുന്നെന്നും നിനക്ക് ഗ്രഹിക്കാനാവും.

എരാ. ഇത് മറ്റേതെങ്കിലും ശ്ലീഹാ പ്രസംഗിച്ചിട്ടുണ്ടോ?

ഓർ. ബലിഷ്ഠനായ പത്രോസ് സത്യത്തിനു നൽകിയ സാക്ഷ്യം തന്നെ മതിയായതാണ്. കാരണം, കർത്താവ് അവനിൽ നിന്നു മാത്രമാണ് വിശ്വാസപ്രഖ്യാപനം സ്വീകരിക്കുകയും ഭുവനപ്രസിദ്ധമായ അനുഗ്രഹത്താൽ അത് ഉറപ്പിക്കുകയും ചെയ്തത് (മത്താ.16,13-19). എന്നാൽ ഇത് മറ്റുള്ളവർ പ്രഘോഷിച്ചതും കേൾക്കാൻ നീ താൽപര്യപ്പെടുന്നതിനാൽ, പിസീദിയായിലെ

അന്ത്യോകൃയിൽ പൗലോസും ബർണബാസും പ്രസംഗിച്ചത് ശ്രവിക്കുക. ദാവീദിനെപ്പറ്റി പറഞ്ഞശേഷം അവർ ഇതും കൂട്ടിച്ചേർത്തു: "വാഗ്ദാനമനുസരിച്ച്, അവന്റെ വംശത്തിൽ നിന്ന് ഇസ്രായേലിന് രക്ഷകനായി യേശുവിനെ ദൈവം ഉയർത്തിയിരിക്കുന്നു" (നട.13,23). തിമോതിക്കുള്ള കത്തിൽ ദിവ്യപ്രചോദിതനായ പൗലോസ് ഇപ്രകാരം എഴുതുന്നു: "എന്റെ സുവിശേഷാനുസൃതം, ദാവീദിന്റെ വംശത്തിൽ നിന്നുള്ളവനും മരിച്ചവരിൽ നിന്ന് ഉയർപ്പിക്കപ്പെട്ടവനുമായ യേശുക്രിസ്തുവിനെ അനുസ്മരിക്കുക"(2തിമോ.2,8). അവൻ റോമാക്കാർക്കെഴുതിയപ്പോൾ അതിന്റെ ആമുഖത്തിൽതന്നെ ദാവീദുമായുള്ള ബന്ധം അനുസ്മരിച്ചുകൊണ്ട് എഴുതുന്നു: "യേശുക്രിസ്തുവിന്റെ ദാസനും ശ്ലീഹാ ആയിരിക്കാൻ വിളിക്കപ്പെട്ടവനും ദൈവത്തിന്റെ സുവിശേഷത്തിനായി പ്രത്യേകം നിയോഗിക്കപ്പെട്ടവനുമായ പൗലോസ് എഴുതുന്നത്. ഈ സുവിശേഷം വിശുദ്ധ ലിഖിതങ്ങളിൽ പ്രവാചകന്മാർ മുഖേന മുൻകൂട്ടി വാഗ്ദാനം ചെയ്തിട്ടുള്ളതാണ്. ഇത് അവിടുത്തെ പുത്രനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിനെ സംബന്ധിച്ചുള്ളതാണ്. അവൻ ജഡപ്രകാരം ദാവീദിന്റെ സന്തതിയിൽ നിന്നു ജനിച്ചവനാണ്" (റോമ.1,1-3).

എരാ. തെളിവുകൾ നിരവധിയാണ്. അവ സത്യവുമാണ്. എന്നാൽ എന്തുകൊണ്ടാണ് നീ ബാക്കിയുള്ള സാക്ഷ്യങ്ങൾ വിട്ടുകളഞ്ഞതെന്നു പറഞ്ഞാലും.

ഓർ. കാരണം, നിന്റെ സംശയങ്ങൾ ദൈവത്വത്തെപ്പറ്റി അല്ലായിരുന്നു, മനുഷ്യത്വത്തെപ്പറ്റി ആയിരുന്നു. നീ ദൈവത്വത്തെപ്പറ്റിയാണ് തർക്കിച്ചിരുന്നതെങ്കിൽ, അതിനു ഞാൻ തെളിവു നൽകുമായിരുന്നു. എടുത്തു പറഞ്ഞില്ലെങ്കിൽ തന്നെയും, "ശരീരപ്രകാരം" എന്നു വെറുതെ പറയുന്നത് ദൈവത്വം വെളിപ്പെടുത്താൻ മതിയായതാണ്. കാരണം, ഒരു സാധാരണ മനുഷ്യനോടുള്ള ബന്ധം വിവരിക്കുമ്പോൾ, "ജഡപ്രകാരം ഇന്നയാളുടെ മകനായ ഇന്നാര്" എന്നു പറയാതെ, വെറുതെ "പുത്രൻ" എന്നേ പറയാറുള്ളു. ഇങ്ങനെയാണ് ദിവ്യസുവിശേഷകൻ വംശാവലി തയാറാക്കിയത്. അവൻ പറയുന്നു: "അബ്രഹാം ഇസഹാക്കിനെ ജനിപ്പിച്ചു"(മത്താ.1,2). ഇസഹാക്ക് മനുഷ്യൻ മാത്രമായതിനാൽ, 'ജഡപ്രകാരം' എന്ന് അവൻ കൂട്ടിച്ചേർത്തില്ല. ആ രീതിയിലാണ് തുടർന്നുള്ളവരെപ്പറ്റിയും അവൻ പറഞ്ഞിരിക്കുന്നത്. മനുഷ്യസ്വഭാവത്തിന് ഉപരിസ്ഥമായതൊന്നും ഇല്ലാത്ത സാധാരണ മനുഷ്യരായിരുന്നു അവരെല്ലാം. എന്നാൽ സത്യപ്രഘോഷകർ കർത്താവായ ക്രിസ്തുവിനെ പറ്റി സംസാരിക്കുകയും ഈ ലോകത്തോട് അവനുള്ള ബന്ധം അറിയാത്തവരോട് കാര്യങ്ങൾ വെളിപ്പെടുത്തുകയും ചെയ്തപ്പോൾ, 'ജഡപ്രകാരം' എന്ന് കൂട്ടിച്ചേർത്തു. ഇങ്ങനെ അവർ ദൈവത്വത്തിലേക്ക് വിരൽചൂണ്ടുകയും കർത്താവായ ക്രിസ്തു മനുഷ്യൻ മാത്രമല്ല, നിത്യദൈവം കൂടിയാണെന്ന് പഠിപ്പിക്കുകയും ചെയ്യുന്നു.

എരാ. നീ നിരവധി ശ്ലൈഹികസാക്ഷ്യങ്ങളും പ്രവാചകസാക്ഷ്യങ്ങളും

www.malankaralibrary.com

അവതരിപ്പിച്ചു. എന്നാൽ "വചനം മാംസമായി" എന്നു പറയുന്ന സുവിശേഷകനെ ഞാൻ വിശ്വസിക്കുന്നു.

ഓർ. ഞാനും ഈ തിരുലിഖിതം അംഗികരിക്കുന്നു. എന്നാൽ ഞാൻ ഇത് മതാത്മകാർഥത്തിലാണ് മനസിലാക്കുന്നത്. മാംസവും ബൗദ്ധികാത്മാവും എടുത്തുകൊണ്ട് "വചനം മാംസമായി" എന്നാണ് അതിന്റെ അർഥം. വചനമാം ദൈവം നമ്മുടെ പ്രകൃതിയിൽ നിന്ന് ഒന്നും എടുത്തില്ലെങ്കിൽ, പ്രപഞ്ചത്തിന്റെ ദൈവം ശപഥത്തോടുകൂടെ പൂർവപിതാക്കന്മാരോടു ചെയ്ത ഉടമ്പടികൾ സത്യമല്ലെന്നുവരും. യൂദായ്ക്ക് ലഭിച്ച അനുഗ്രഹം കഥയില്ലാത്തതായിത്തീരും (ഉൽപ.49,8-12). ദാവീദിനോടുള്ള വാഗ്ദാനം നുണയായിത്തീരും. വചനമാം ദൈവത്തിന് കന്യക ഒന്നുംതന്നെ നൽകാത്തതിനാൽ, കന്യക അധികപ്പറ്റായിത്തീരും. അങ്ങനെ പ്രവാചകവചനങ്ങൾ പൂർത്തീകരിക്കപ്പെടാത്തവയായി അവശേഷിക്കും.

അതുകൊണ്ട്, "ഞങ്ങളുടെ പ്രസംഗം വ്യർഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർഥം. ഉയർപ്പിലുള്ള പ്രത്യാശയും വ്യർഥം" (1കൊറി.15,14). "ദൈവം യേശുക്രിസ്തുവിൽ നമ്മെ ഉയർപ്പിച്ച് സ്വർഗീയ ഇടങ്ങളിൽ ഇരുത്തി" എന്ന് ശ്ലീഹാ പറയുന്നത് നുണയായിത്തീരും (എഫേ.2,6). കാരണം കർത്താവായ ക്രിസ്തുവിന് നമ്മുടെ സ്വഭാവത്തിൽ നിന്ന് യാതൊന്നും ലഭിച്ചിട്ടില്ലെങ്കിൽ, അവനെ 'ആദ്യഫലം' എന്നു വെറുതെ വിളിക്കുകയാണ് (1കൊറോ.15,20). അവൻ ശാരീരികമായി മരിച്ചവരിൽ നിന്ന് ഉത്ഥിതനാകുകയും സ്വർഗത്തിൽ വലത്തുഭാഗത്തുള്ള സ്ഥാനം അവനു ലഭിക്കുകയും ചെയ്തിട്ടില്ല (എഫേ.2,6). ഇവയൊന്നും സംഭവിച്ചിട്ടില്ലെങ്കിൽ, സ്വഭാവേന ക്രിസ്തുവുമായി നമുക്ക് പൊതുവായി ഒന്നുമില്ലാത്തപ്പോൾ, ദൈവം എങ്ങനെ നമ്മെ ഉയർപ്പിച്ച് അവനോടുകൂടെ ഇരുത്തും? ഇങ്ങനെ പറയുന്നത് ദുഷ്ടതയാണ്. പൊതുവായ ഉത്ഥാനം ഇപ്പോഴും സംഭവിച്ചിട്ടില്ലെങ്കിലും, സ്വർഗരാജ്യം വിശ്വാസികൾക്ക് ഇപ്പോഴും ലഭിച്ചിട്ടില്ലെങ്കിലും, "ദൈവം യേശുക്രിസ്തുവിൽ നമ്മെ ഉയർപ്പിച്ച് സ്വർഗീയ ഇടങ്ങളിൽ ഇരുത്തി" എന്ന് ദിവ്യശ്ലീഹാ അട്ടഹസിക്കുന്നു (എഫേ.2,6). നമ്മുടെ ആദ്യഫലം ഉത്ഥാനം ചെയ്ത് വലത്തുഭാഗത്ത് ഉപവിഷ്ടനായതിനാൽ നാമും നിശ്ചയമായും ഉത്ഥാനം ചെയ്യും. അവന്റെ സ്വഭാവത്തിൽ പങ്കുകാരായി വിശ്വാസം സ്വീകരിച്ചവർ അവന്റെ മഹത്വത്തിന്റെ ആദ്യഫലത്തിലും പങ്കുകാരാകുമെന്ന് അവൻ പഠിപ്പിക്കുന്നു.

എരാ. പല സത്യവാചകങ്ങളും നീ വിശദമാക്കി. എന്നാൽ എനിക്കു വേണ്ടത് സുവിശേഷകന്റെ വാക്കുകളുടെ അർഥമാണ്.

ഓർ. നിനക്ക് മറ്റൊരാളുടെ വ്യാഖ്യാനം ആവശ്യമില്ല. കാരണം, സുവിശേഷകൻതന്നെ ഇത് വ്യാഖ്യാനിക്കുന്നു. "വചനം മാംസമായി" എന്നു പറഞ്ഞതിനു ശേഷം, "നമ്മുടെ ഇടയിൽ വസിച്ചു" എന്ന് അവൻ കൂട്ടിച്ചേർക്കുന്നു (യോഹ.1,14). മറ്റുവാക്കുകളിൽ, വചനം നമ്മുടെ ഇടയിൽ വസിച്ചുകൊണ്ടും

www.malankaralibrary.com

നമ്മിൽ നിന്നെടുത്ത ശരീരത്തെ ഒരാലയം എന്നവണ്ണം ഉപയോഗിച്ചു കൊണ്ടും മാംസമായി എന്നു പറയുന്നു. വചനം വ്യതിയാനാതീതനായി നിലനിന്നെന്ന് നമ്മെ പഠിപ്പിക്കാൻ, "നമ്മൾ അവന്റെ മഹത്വം ദർശിച്ചു, കൃപയും സത്യവും നിറഞ്ഞതും പിതാവിന്റെ ഏകജാതന്റേതുമായ മഹത്വം" എന്ന് അവൻ കൂട്ടിച്ചേർത്തു (1,14). കാരണം, അവൻ ജഡമാകുന്ന വസ്ത്രം ധരിച്ചെങ്കിലും, പിതാവിന്റെ മഹിമ വെളിപ്പെടുത്തി, ദൈവത്വത്തിന്റെ കിരണങ്ങൾ നിർഗമിപ്പിച്ചു. നിഗൂഢമായ സ്വഭാവം അത്ഭുതങ്ങളിലൂടെ വെളിപ്പെടുത്തിക്കൊണ്ട്, കർതൃശക്തിയുടെ തേജസ് വർഷിച്ചു.

ദിവ്യശ്ലീഹാ ഫിലിപ്യർക്ക് ഇതുപോലെതന്നെ എഴുതി: "യേശു ക്രിസ്തുവിന് ഉണ്ടായിരുന്ന ഈ മനോഭാവം നിങ്ങളിലും ഉണ്ടാകട്ടെ. അവൻ ദൈവത്തിന്റെ രൂപത്തിൽ ആയിരുന്നെങ്കിലും, ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട കാര്യമായി പരിഗണിച്ചില്ല. തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച്, മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന്, ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു. മരണം വരെ, അതേ കുരിശുമരണം വരെ, അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി" (ഫിലി.2,5-8).

അവരുടെ പ്രഖ്യാപനങ്ങൾ തമ്മിലുള്ള പൊരുത്തം കാണുക. "വചനം മാംസമായി" എന്ന് സുവിശേഷകൻ പറഞ്ഞപ്പോൾ, "മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്നു" എന്ന് ശ്ലീഹാ പറഞ്ഞു. "നമ്മുടെ ഇടയിൽ വസിച്ചു" എന്ന് സുവിശേഷകൻ പറഞ്ഞപ്പോൾ, "ദാസന്റെ രൂപമെടുത്തു" എന്ന് ശ്ലീഹാ പറഞ്ഞു. "നമ്മൾ അവന്റെ മഹത്വം ദർശിച്ചു, പിതാവിന്റെ ഏകജാതന്റേതായ മഹത്വം" എന്ന് ശ്ലീഹാ പറഞ്ഞപ്പോൾ, "അവൻ ദൈവത്തിന്റെ രൂപത്തിൽ ആയിരുന്നെങ്കിലും ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട കാര്യമായി പരിഗണിച്ചില്ല" എന്ന് ശ്ലീഹാ പറഞ്ഞു. ചുരുക്കിപ്പറഞ്ഞാൽ, അവിടുന്ന് ദൈവവും ദൈവപുത്രനും ആണെങ്കിലും മഹത്വത്തിൽ വസ്ത്രം ധരിച്ചിരിക്കുന്നെങ്കിലും, തന്റെ ജനകന്റെ അതേ സ്വഭാവവും ശക്തിയുമാണ് അവിടുത്തേക്ക് ഉള്ളതെങ്കിലും, ആദിയിൽ സ്ഥിതിചെയ്യുകയും ദൈവത്തോടുകൂടെ ആയിരിക്കുകയും ദൈവമായിരിക്കുകയും ചെയ്യുന്നെങ്കിലും, സൃഷ്ടിയെ രൂപീകരിച്ചെങ്കിലും, ദാസന്റെ രൂപമെടുത്തു എന്ന് ഇരുവരും പഠിപ്പിക്കുന്നു. അവൻ ദൃശ്യൻ മാത്രമാണെന്ന് കരുതപ്പെട്ടിരുന്നു. എന്നാൽ മനുഷ്യസ്വഭാവത്തിൽ വസ്ത്രം ധരിച്ച്, മനുഷ്യരക്ഷ സാധിച്ച ദൈവം കൂടിയാണ് അവിടുന്ന്. "വചനം മാംസമായി" എന്ന ടെക്സ്റ്റും "മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്നു, ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു" എന്ന ടെക്സ്റ്റും ഇതാണ് പ്രസ്പഷ്ടമാക്കുന്നത്. യഹൂദർ മാനുഷിക വശം മാത്രം കണ്ടു. അതുകൊണ്ട് അവർ അവനോടു പറഞ്ഞു: "ഏതെങ്കിലും നല്ല പ്രവൃത്തികൾ മൂലമല്ല, ദൈവദൂഷണം മൂലമാണ് ഞങ്ങൾ നിന്നെ കല്ലെ

www.malankaralibrary.com

റിയുന്നത്. കാരണം, മനുഷ്യനായിരിക്കെ നീ നിന്നെത്തന്നെ ദൈവമാക്കുന്നു" (യോഹ.10,33). ''ഈ മനുഷ്യൻ ദൈവത്തിൽ നിന്നുള്ളവനല്ല. എന്തുകൊണ്ടെന്നാൽ അവൻ സാബത് ആചരിക്കുന്നില്ല" എന്നും അവർ പറഞ്ഞു (യോഹ.9,16).

എരാ. തങ്ങളുടെ വിശ്വാസരാഹിത്യത്താൽ യൂദർ അന്ധരായിരുന്നു. അതുകൊണ്ടാണ് അവർ ഇങ്ങനെയൊക്കെ പറഞ്ഞത്.

ഓർ. ഉത്ഥാനത്തിനു മുമ്പുതന്നെ ശ്ലീഹന്മാർ ഇപ്രകാരം പറഞ്ഞതായി കണ്ടാൽ നീ വ്യാഖ്യാനം സ്വീകരിക്കുമോ?

എരാ. ഒരുപക്ഷേ ഞാൻ സ്വീകരിക്കും.

ഓർ. കടലിനെ ശാന്തമാക്കിയ മഹാത്ഭുതത്തിനുശേഷം വള്ളത്തിൽ വച്ച് അവർ പറഞ്ഞത് ശ്രദ്ധിക്കുക: "എന്തുതരം മനുഷ്യനാണിവൻ? കാറ്റും കടലും പോലും ഇവനെ അനുസരിക്കുന്നല്ലോ" (മത്താ.8,27).

എരാ. നീ അത് തെളിയിച്ചിരിക്കുന്നു. എന്നാൽ, "അവൻ മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്നു" എന്ന് ദിവ്യശ്ലീഹാ പറയുന്നത് എന്തുകൊണ്ടാണ്?

ഓർ. മനുഷ്യന്റെ സാദൃശ്യമല്ല അവൻ എടുത്തത്. മനുഷ്യന്റെ സ്വഭാവമാണ്. കാരണം, അത് ദാസന്റെ രൂപമാണ്. ദൈവത്തിന്റെ രൂപം ദൈവസ്വഭാവമായി മനസിലാക്കുന്നതുപോലെ, ദാസന്റെ രൂപം ദാസന്റെ സ്വഭാവമായി മനസിലാക്കുന്നു. അതുകൊണ്ട്, ഈ സ്വഭാവം എടുത്തുകൊണ്ട് അവൻ മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീരുകയും ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെടുകയും ചെയ്തു. അവൻ ദൈവമായിരുന്നെങ്കിലും, താൻ എടുത്ത സ്വഭാവം നിമിത്തം മനുഷ്യനായി കാണപ്പെട്ടു. അതുകൊണ്ട് "മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്നു" എന്നത് "മാംസമായി" എന്ന് സുവിശേഷകൻ പറഞ്ഞു. നമ്മുടെ രക്ഷകന്റെ ശരീരത്തെ നിഷേധിക്കുന്നവർ എതിർഅരൂപിയുടെ ശിഷ്യരാണെന്ന് നീ ഗ്രഹിക്കാനായി, കാതോലിക ലേഖനത്തിൽ ശക്തനായ യോഹന്നാൻ പറയുന്നത് കേൾക്കുക: "യേശുക്രിസ്തു ശരീരത്തിൽ വന്നെന്ന് ഏറ്റുപറയുന്ന ആത്മാവ് ദൈവത്തിൽ നിന്നാണ്. യേശുക്രിസ്തു ശരീരത്തിൽ വന്നെന്ന് ഏറ്റുപറയാത്ത ആത്മാവ് ദൈവത്തിൽ നിന്നല്ല, അത് അന്തിക്രിസ്തുവിന്റെ ആത്മാവാണ്" (1യോഹ.4,2-3).

എരാ. നിന്റെ വിശദീകരണം പ്രേരകപ്രധാനമാണ്. എന്നാൽ "വചനം മാംസമായി" എന്ന ടെക്സ്റ്റ് സഭയിലെ പുരാതന പ്രബോധകർ എങ്ങനെ മനസിലാക്കി എന്നറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

ഓർ. ശ്ലീഹന്മാരിൽ നിന്നും പ്രവാചകന്മാരിൽ നിന്നുമുള്ള തെളിവുകൾ നിന്നെ ബോധ്യപ്പെടുത്തേണ്ടതായിരുന്നു. എന്നാൽ നീ വിശുദ്ധ പിതാക്ക

www.malankaralibrary.com

ന്മാരുടെ വ്യാഖ്യാനങ്ങൾ ആവശ്യപ്പെട്ടതിനാൽ, ദൈവസഹായത്താൽ ഞാൻ അവയും അവതരിപ്പിക്കാം.

എരാ. അപ്രശസ്തരോ, അംഗീകരിക്കപ്പെടാത്തവരോ ആയ ആളുകളെ അവതരിപ്പിക്കരുത്. അത്തരക്കാരുടെ വ്യാഖ്യാനങ്ങൾ ഞാൻ സ്വീകരിക്കുന്നതല്ല.

ഓർ. നിനക്ക് എന്തു തോന്നുന്നു? അലക്സാൺഡ്രിയൻ സഭയുടെ ജ്യോതിർഗോളമായ പ്രശസ്തനായ *അത്തനാസ്യോസ്* വിശ്വസനീയനാണോ?

എരാ. തീർച്ചയായും. സത്യത്തിനുവേണ്ടി പീഡകൾ സഹിച്ച്, അവൻ തന്റെ പ്രബോധനം ഉറപ്പിച്ചു.

ഓർ. അദ്ദേഹം എപ്പിക്ടെറ്റസിന് (8) എഴുതിയത് കേൾക്കുക:

1. "വചനം മാംസമായി" എന്നതിന് അതുപോലെയുള്ള ടെക്സ്റ്റിൽ നിന്ന് ഗ്രഹിക്കാവുന്നതുപോലെ ഈ അർഥമാണ് (മുൻവാചകത്തിൽ പറഞ്ഞ അർഥം). "ക്രിസ്തു നമുക്കുവേണ്ടി ശാപമായിത്തീർന്നു" എന്ന് പൗലോസ് എഴുതിയിരിക്കുന്നു (ഗലാ.3,13). അവൻ തന്നെ ശാപമായി എന്ന അർഥത്തിലല്ല. പിന്നെയോ, നമുക്കുവേണ്ടി അവൻ ശാപം സ്വീകരിച്ചു എന്ന അർഥത്തിൽ അവൻ ശാപമായി എന്ന് പറയപ്പെട്ടിരിക്കുന്നു. അതുപോലെ, അവൻ മാംസമായി എന്നു പറയപ്പെട്ടിരിക്കുന്നു. അവൻ മാംസമായി മാറി എന്ന അർഥത്തിലല്ല, പിന്നെയോ, അവൻ നമുക്കുവേണ്ടി ജഡമെടുത്തു എന്ന അർഥത്തിലാണ്.

അതിദിവ്യനായ അത്തനാസ്യോസിന്റെ വാക്കുകളാണിവ. അടുത്തത് പ്രശസ്തനായ *ഗ്രിഗറി*യുടേതാണ്. അദ്ദേഹം ബോസ്ഫറസിന്റെ കരയിലുള്ള ഇമ്പീരിയൽ നഗരത്തെ വളരെ മുമ്പ് നയിച്ചു. പിന്നീട് നസ്യാൻസസിൽ ജീവിച്ചു. തലനാരിഴ കീറുന്ന അപ്പൊള്ളിനാരിസിനെതിരെ അദ്ദേഹം അതുപോലെ ക്ലെദോണിയസിനെഴുതി.

എരാ. അദ്ദേഹം സുപ്രസിദ്ധനും വലിയ മതനേതാവുമായിരുന്നു.

ഓർ. അദ്ദേഹത്തിന്റെ വാക്കുകൾ കേൾക്കുക[4]:

2. എന്റെ അഭിപ്രായത്തിൽ, വചനം മാംസമായി എന്നത് അവൻ പാപവും ശാപവുമായി എന്ന പ്രസ്താവനപോലെ മനസിലാക്കണം (1കൊറി.5,21;ഗലാ.3,13). കർത്താവ് അവയിലേക്ക് മാറ്റപ്പെട്ടു എന്നല്ല. കാരണം, അതസാധ്യമാണ്. പിന്നെയോ, അവ സ്വീകരിക്കുന്നതു വഴി അവൻ നമ്മുടെ നിയമലംഘനങ്ങൾ വഹിക്കുകയും നമ്മുടെ രോഗങ്ങൾ സഹിക്കുകയും ചെയ്തു (ഏശാ.1,14).

www.malankaralibrary.com

എരാ. ഇവർ ഇരുവരുടെയും വ്യാഖ്യാനങ്ങൾ ഒരുപോലെ ഇരിക്കുന്നു.

ഓർ. തെക്കും വടക്കുമുള്ള ഇടയന്മാർ ഒരുപോലെ പഠിപ്പിക്കുന്നെന്നു നാം ചൂണ്ടിക്കാട്ടി. അതുകൊണ്ട്, ഇപ്പോൾ പടിഞ്ഞാറുള്ള പ്രശസ്തരായ പ്രബോധകരെ അവതരിപ്പിക്കാം. അവർ വ്യത്യസ്തഭാഷയിൽ എഴുതിയെങ്കിലും ആശയത്തിൽ യാതൊരു വ്യത്യാസവും ഇല്ലായിരുന്നു.

എരാ. മിലാനിലെ മഹാപുരോഹിതസിംഹാസനം അലങ്കരിക്കുകയും എല്ലാ പാഷണ്ഡതകൾക്കുമെതിരെ ധൈര്യപൂർവം പോരാടുകയും നിരവധി ശ്രേഷ്ഠകൃതികൾ രചിക്കുകയും ചെയ്ത *അംബ്രോസ്* ശ്ലൈഹിക പ്രബോധനവുമായി യോജിക്കുന്നെന്ന് ഞാൻ കേട്ടിരിക്കുന്നു.

ഓർ. ഞാൻ നിനക്ക് അദ്ദേഹത്തിന്റെ വ്യാഖ്യാനം നല്കാം.

> 3. വിശ്വാസത്തെപ്പറ്റിയുള്ള പ്രതിപാദനത്തിൽ[5] അദ്ദേഹം പറയുന്നു: "വചനം മാംസമായി" എന്ന് എഴുതപ്പെട്ടിരിക്കുന്നു എന്ന് അവർ പറയുന്നു. എഴുതപ്പെട്ടിരിക്കുന്നത് ഞാൻ നിഷേധിക്കുന്നില്ല. എന്നാൽ അതിന്റെ അർഥമെന്താണെന്ന് നോക്കുക. കാരണം, "നമ്മുടെ ഇടയിൽ വസിച്ചു"എന്ന് അവൻ തുടരുന്നു. അതായത്, മാംസം ധരിച്ച ആ വചനമാണ് നമ്മുടെ ഇടയിൽ വസിച്ചത്. അതായത്, മനുഷ്യമാംസത്തിൽ വസിച്ചത്. വചനമാം ദൈവം പാപരഹിതനാണെങ്കിലും, "പാപമായി" എന്ന് പറയപ്പെട്ടിരിക്കുന്നു (2കൊറി.5,21). എങ്കിൽ വചനമാം ദൈവം മാംസമെടുത്തതിനാൽ "വചനം മാംസമായി" എന്ന ടെക്സ്റ്റിനെക്കുറിച്ച് അത്ഭുതപ്പെടുന്നുവോ? വചനം പാപപ്രകൃതിയും പാപശക്തിയും ആയിത്തീർന്നു എന്നല്ല ഇതിനർഥം. പിന്നെയോ, തന്റെ ജഡത്തിൽ വചനം പാപത്തെ കുരിശിൽ തറച്ചു. അതുകൊണ്ട്, വചനത്തിന്റെ സ്വഭാവം മാറിയെന്ന് അവർ പറയാതിരിക്കട്ടെ. കാരണം, എടുത്തവൻ ഒന്നും എടുക്കപ്പെട്ടത് മറ്റൊന്നുമാണ്.

എരാ. ഇവയ്ക്കുശേഷം നമുക്ക് പൗരസ്ത്യപ്രബോധകരെ ശ്രവിക്കാം. നാം ഇതുവരെ പരാമർശിക്കാതിരുന്നത് ലോകത്തിന്റെ ഈ ഭാഗത്തുള്ളവരെയാണ്.

ഓർ. അവരായിരുന്നു വാസ്തവത്തിൽ സത്യത്തിന്റെ ആദ്യസാക്ഷികൾ. കാരണം, അവരാണ് ശ്ലൈഹികപ്രഘോഷണം ആദ്യമായി ശ്രവിച്ചത്. എന്നാൽ മതത്തിന്റെ ആദ്യസന്തതികൾക്കെതിരെ നീ നിന്റെ നാവിനു മൂർച്ച കൂട്ടി, അസത്യത്തിന്റെ ചാണക്കല്ലിൽ അവരെ ഉരച്ചതിനാൽ അവരെ അവസാനം പരിഗണിക്കാമെന്നു കരുതി. അങ്ങനെ മറ്റുള്ളവരെ ആദ്യം കേട്ട ശേഷം നീ രണ്ടുകൂട്ടരുടെയും പ്രസ്താവനകൾ താരതമ്യപ്പെടുത്തി അവരുടെ പൊരുത്തത്തിൽ ആശ്ചര്യപ്പെടുകയും ദൂഷണം പറയുന്നത് അവസാ

www.malankaralibrary.com

നിപ്പിക്കുകയും ചെയ്യാനാണിത്. ദീർഘകാലം വിവേകപൂർവം അന്ത്യോക്യൻ സഭയെ നയിക്കയും ആരിയൻ വെള്ളപ്പാച്ചിലിനെ കീഴടക്കാൻ താൻ നേതൃത്വം കൊടുത്ത സഭയ്ക്ക് കഴിവു നൽകുകയും ചെയ്ത *ഫ്ളാവിയനെ* ശ്രവിക്കാം. സുവിശേഷത്തിനു നൽകിയ വ്യാഖ്യാനത്തിൽ അവൻ പറയുന്നു[6]:

> 4. "വചനം മാംസമായി" നമ്മുടെ ഇടയിൽ വസിച്ചു. വചനം മാംസമായി രൂപാന്തരപ്പെടുകയോ, ദൈവമായിരുന്ന അവസ്ഥ അവസാനിക്കുകയോ ചെയ്തില്ല. ദൈവമായിരുന്ന അവസ്ഥ നിത്യമാണ്. മാംസമായിത്തീർന്നത് ദൈവികപദ്ധതിയിൽ സംഭവിച്ചതാണ്. കാരണം, വചനം തന്റെ സ്വന്തം ആലയം നിർമിക്കുകയും താനുണ്ടാക്കിയതിൽ വസിക്കുകയും ചെയ്തു. ആ ആലയം സഹനവിധേയമായിരുന്നു.

ഓർ. പുരാതന പലസ്തീനക്കാരെ കേൾക്കണമെന്നുണ്ടെങ്കിൽ, കേസറിയാസഭയെ കാര്യക്ഷമമായി നയിച്ച മഹനീയനായ *ജലാസിയുസിനെ* ശ്രവിക്കുക. കർതൃപ്രത്യക്ഷീകരണത്തെപ്പറ്റിയുള്ള പ്രസംഗത്തിൽ താഴെവരും വിധം അദ്ദേഹം പറയുന്നു:[7]

> 5. "വചനം മാംസമായി" എന്നു പറയുന്ന മുക്കുവനായ യോഹന്നാനിൽ നിന്ന് സത്യം ഗ്രഹിക്കുക. വചനം വ്യതിയാനവിധേയൻ ആയതിനാലല്ല, പിന്നെയോ, അവൻ നമ്മുടെ ഇടയിൽ വസിച്ചതിനാലത്രേ. കൂടാരം ഒന്ന്, വചനം മറ്റൊന്ന്. ആലയം ഒന്ന്, അതിൽ വസിക്കുന്ന ദൈവം മറ്റൊന്ന്.

എരാ. അവരുടെ യോജിപ്പിൽ ഞാൻ അത്യധികം അത്ഭുതപ്പെടുന്നു.

ഓർ. വളരെ താൽപര്യപൂർവം ആദ്യം അന്ത്യോക്യൻ സഭയെ ശുശ്രൂഷിക്കുകയും അതിനുശേഷം വിവേകപൂർവം ഇമ്പീരിയൽ നഗരത്തെ പരിപാലിക്കുകയും ചെയ്ത വിശ്വദീപ്തിയായ *ജോണും* ഉണ്ട്. അദ്ദേഹം വിശ്വാസത്തിന്റെ ശ്ലൈഹികനിയമം സംരക്ഷിച്ചെന്ന് നിനക്കു തോന്നുന്നില്ലേ?

എരാ. അദ്ദേഹം നിശ്ചയമായും മഹനീയനായ ഗുരുവായിരുന്നെന്ന് ഞാൻ വിശ്വസിക്കുന്നു.

ഓർ. എല്ലാത്തരത്തിലും ശ്രേഷ്ഠനായിരുന്ന അദ്ദേഹം ഈ സുവിശേഷഭാഗം വ്യാഖ്യാനിച്ചുകൊണ്ട് പറയുന്നു:[8]

> 6. "വചനം മാംസമായി" എന്നു കേൾക്കുമ്പോൾ സംഭ്രമിക്കുകയോ, സങ്കടപ്പെടുകയോ ചെയ്യരുത്. കാരണം, സത്ത മാംസമായി രൂപാന്തരപ്പെട്ടില്ല-തികഞ്ഞ ദുഷ്ടതയിൽ നിന്നാണ് ഈ ആശയം ഉദിച്ചിരിക്കുന്നത്. എന്നാൽ വചനം ആയിരുന്ന അവസ്ഥയിൽ നില നിന്നു കൊണ്ടുതന്നെ ദാസന്റെ രൂപമെടുത്തു. കാരണം,

www.malankaralibrary.com

"ക്രിസ്തു നമ്മെപ്രതി ശാപമായി തീർന്നുകൊണ്ട് നിയമത്തിന്റെ ശാപത്തിൽ നിന്ന് നമ്മെ വിലയ്ക്കുവാങ്ങി" എന്നു പറയുമ്പോൾ (ഗലാ.3,13), അവന്റെ സത്ത തന്റെ മഹത്വം ദൂരെയെറിഞ്ഞ് ശാപമായി രൂപാന്തരപ്പെട്ടെന്നല്ല അവൻ പറയുന്നത്.-പിശാചുക്കളോ, മുഴുക്കിറുക്കന്മാരോ, തികഞ്ഞ മന്ദബുദ്ധികളോ പോലും ഇപ്രകാരം ചിന്തിക്കുകയില്ല. കാരണം, അത് മുഴുക്കിറുക്കും ദുഷ്ടതയും കൂടിക്കലർന്നതാണ്-അതുകൊണ്ട് അവൻ ഇതല്ല പറയുന്നത്. പിന്നെയോ, നമ്മുടെ മേലുള്ള ശാപം അവൻ സ്വീകരിച്ചു എന്നും ശാപഗ്രസ്തരായി നമ്മെ അപ്പോൾ മുതൽ ഉപേക്ഷിക്കുന്നില്ല എന്നുമാണ് അവൻ ഉദ്ദേശിച്ചത്. അതുപോലെ അവൻ മാംസമായി എന്ന് ഇവിടെ പറയുന്നു. അവന്റെ സത്ത മാംസമായി മാറിയല്ല, പിന്നെയോ, സത്ത മാറ്റം കൂടാതെ നിലനിന്നുകൊണ്ട് മാംസമെടുത്തതാണ്.

ഓർ. ഗാബാലായിലെ ഇടയനായ *സെവേരിയനെ* കേൾക്കാൻ താൽപര്യമുണ്ടെങ്കിൽ, ഞാൻ അദ്ദേഹത്തിന്റെ വ്യാഖ്യാനവും അവതരിപ്പിക്കാം. അത് ശ്രദ്ധാപൂർവം കേൾക്കുക:[9]

7. "വചനം മാംസമായി" എന്ന പ്രസ്താവന സ്വഭാവത്തിലുള്ള മാറ്റമല്ല,നമ്മുടെ സ്വഭാവത്തിന്റെ എടുക്കലാണ് സൂചിപ്പിക്കുന്നത്. "ആയി" എന്നവാക്ക് മാറ്റത്തെ കുറിക്കുന്നു എന്നു നീ ചിന്തിച്ചാൽ, "ക്രിസ്തു നമുക്കുവേണ്ടി ശാപമായി തീർന്നുകൊണ്ട്,നിയമത്തിന്റെ ശാപത്തിൽ നിന്ന് നമ്മെ വിലയ്ക്കുവാങ്ങി" എന്ന് പൗലോസ് പറയുന്നത് കേൾക്കുമ്പോൾ, അത് സ്വഭാവത്തെപ്പറ്റിയും ശാപമായി മാറുന്നതിനെപ്പറ്റിയുമാണോ നീ മനസിലാക്കുന്നത്? "ശാപമായി തീർന്നു" എന്നതിനർഥം, നമുക്കെതിരെയുള്ള ശാപം അവൻ തന്റെ മേൽ ഏറ്റെടുത്തു എന്നത്രേ. അതുപോലെ, "വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു" എന്നത് മാംസം എടുത്തതിനെ സൂചിപ്പിക്കുകയത്രേ ചെയ്യുന്നത്.

എരാ. ഈ മനുഷ്യരുടെ പരസ്പരയോജിപ്പിൽ ഞാൻ ആശ്ചര്യപ്പെടുന്നു. അവരെല്ലാവരും ഇക്കാര്യത്തിനായി ഒത്തുകൂടി തങ്ങളുടെ അഭിപ്രായം ഒന്നിച്ചു രേഖപ്പെടുത്തി എന്നതുപോലെ ഈ തിരുലിഖിതവാക്യം ഒരുപോലെ വ്യാഖ്യാനിച്ചിരിക്കുന്നു.

ഓർ. കടലുകളും പർവതങ്ങളും അവരെ തമ്മിൽ വളരെ അകറ്റിയിരുന്നു. എന്നാൽ ഒരേ ആത്മീയകൃപയാൽ അവർ പ്രബോധിപ്പിക്കപ്പെട്ടതിനാൽ, ഈ അകൽച്ച അവരുടെ ഒത്തൊരുമയെ ബാധിച്ചില്ല. മതത്തിന്റെ വിജയ

www.malankaralibrary.com

ശ്രീലാളിതരായി പോരാട്ടം നടത്തിയ ദിയദോറിന്റെയും തിയഡോറിന്റെയും വ്യാഖ്യാനങ്ങൾ ഞാൻ നൽകുമായിരുന്നു. എന്നാൽ നീ അവരോട് അനുഭാവരഹിതമായ മനോഭാവം പുലർത്തുകയും അപ്പൊള്ളിനാരിസിന് അവരോടുള്ള വിദ്വേഷത്തിൽ പങ്കാളിയാകുകയും ചെയ്യുന്നു എന്നു കാണുന്നതിനാൽ, ഞാൻ അതിന് ഉദ്യമിക്കുന്നില്ല. അവരും ഇതേ ആശയം അവതരിപ്പിച്ചു. ദിവ്യ ഉറവയിൽ നിന്ന് കോരിക്കുടിച്ചു. അവർ തന്നെയും പരിശുദ്ധാത്മാവിന്റെ ഉറവകളായിത്തീർന്നു. അവർക്കെതിരെ നീ സന്ധിയില്ലാസമരം ആരംഭിച്ചിരിക്കുന്നതിനാൽ, ഞാൻ അവരെ വിട്ടുകളയുന്നു. ദിവ്യമനുഷ്യാവതാരത്തെപ്പറ്റി സഭയിലെ പ്രശസ്തരായ ഗുരുക്കന്മാർ ചിന്തിച്ചതെന്താണെന്ന് ഞാൻ കാട്ടിത്തരാം. അങ്ങനെ, എടുക്കപ്പെട്ട സ്വഭാവത്തെപ്പറ്റി അവർ ചിന്തിച്ചതെന്താണെന്ന് നിനക്ക് അറിയാൻ കഴിയും.

പ്രശ്സ്തനായ ഇഗ്നേഷ്യസിനെപ്പറ്റി നിശ്ചയമായും നീ കേട്ടുകാണും. ശക്തനായ പത്രോസിന്റെ വലത്തുകൈയാൽ അവന് മെത്രാൻസ്ഥാനത്തിന്റെ കൃപ ലഭിച്ചു. അവൻ അന്ത്യോക്യൻ സഭയെ നയിക്കുകയും രക്തസാക്ഷിമകുടം ചൂടുകയും ചെയ്തു. പോളിക്കാർപ്പിന്റെ പ്രബോധനം കേൾക്കാൻ ഭാഗ്യമുണ്ടായ ഐറേനിയസിനെപ്പറ്റിയും നീ കേട്ടുകാണും. അദ്ദേഹം പാശ്ചാത്യഗാള്ളിയരുടെ ദീപമായിത്തീർന്നു. അതുപോലെ, മെത്രാന്മാരും രക്തസാക്ഷികളുമായ ഹിപ്പോളിറ്റസിനെ പറ്റിയും മെതോഡിയസിനെ പറ്റിയും മറ്റുള്ളവരെ പറ്റിയും കേട്ടുകാണും. അവരുടെ പ്രബോധനത്തോടു ചേർത്ത് അവരുടെ പേരുകൾ നൽകാം.

എരാ. നീ ഈ സാക്ഷ്യങ്ങൾ കൂടി നൽകിയാൽ നീയെന്നെ സംതൃപ്തനാക്കും.

ഓർ. അതുകൊണ്ട്, ഈ മനുഷ്യർ ശ്ലൈഹികപ്രബോധനം പഠിപ്പിക്കുന്നത് കേൾക്കാൻ ഇവരെ ശ്രവിക്കുക.

**അന്ത്യോക്യൻ മെത്രാനും രക്തസാക്ഷിയുമായ വി. ഇഗ്നേഷ്യസ്**

8. സ്മിർണാക്കാർക്കെഴുതിയ ലേഖനത്തിൽ നിന്ന് (1,1–2): നമ്മുടെ കർത്താവിനെ സംബന്ധിച്ച്, ജഡപ്രകാരം അവിടുന്ന് സത്യമായും ദാവീദിന്റെ വംശത്തിൽ നിന്ന് ഉണ്ടായി എന്നും ദൈവത്വവും ദൈവികശക്തിയും അനുസരിച്ച്, ദൈവപുത്രനാണെന്നും എല്ലാ നീതിയും പൂർത്തീകരിക്കപ്പെടാൻ അവിടുന്ന് കന്യകയിൽ നിന്ന് പിറന്നെന്നും യോഹന്നാനാൽ സ്നാനപ്പെട്ടെന്നും പൊന്തിയോസ് പീലാത്തോസിന്റെയും നാലാം കൂറധികാരി ഹേറോദേസിന്റെയും കാലത്ത് നമുക്കുവേണ്ടി ശരീരത്തിൽ സത്യമായി ക്രൂശിതനായെന്നും പൂർണമായി വിശ്വസിക്കുന്നവരാണ് നിങ്ങൾ.

9. അതേ ലേഖനത്തിൽ നിന്ന് (5,2): ആരെങ്കിലും എന്നെ പുകഴ്ത്തുകയും അതേസമയം എന്റെ കർത്താവ് ശരീരമെടുത്തെന്ന് ഏറ്റുപറയാതി

www.malankaralibrary.com

രുന്ന് അവനെ ദുഷിക്കുകയും ചെയ്താൽ, എനിക്കെന്തു നന്മയാണ് ചെയ്യുന്നത്? ഇതു പറയാത്തവർ കർത്താവിനെ പൂർണമായി തള്ളിപ്പറയുകയും ശവം ചുമന്നുകൊണ്ട് നടക്കുകയുമത്രേ ചെയ്യുന്നത്.

10. അതേ ലേഖനത്തിൽ നിന്ന് (4,2-5,1): നമ്മുടെ കർത്താവ് ചെയ്തത് നാട്യമായിരുന്നെങ്കിൽ, എന്റെ വിലങ്ങുകളും അപ്രകാരം തന്നെ. ഞാൻ പിന്നെന്തിന് എന്നെത്തന്നെ മരണത്തിനും അഗ്നിക്കും വാളിനും വന്യമൃഗങ്ങൾക്കും ഏൽപിച്ചുകൊടുക്കുന്നു? വാളിനടുത്തെന്നാൽ ദൈവത്തിനടുത്തെന്നാണ്. വന്യമൃഗങ്ങളുടെ ദംഷ്ട്രങ്ങൾക്കിടയിലെന്നാൽ ദൈവസാന്നിധ്യത്തിൽ എന്നാണ്. പരിപൂർണമനുഷ്യനായിത്തീർന്ന യേശുക്രിസ്തു എനിക്കു ശക്തി തരുന്നതിനാൽ, അവനോടുകൂടെ സഹിക്കാനായി അവന്റെ നാമത്തിൽ ഞാൻ ഇവയെല്ലാം സഹിക്കുന്നു. എന്നാൽ ചിലർ തങ്ങളുടെ അജ്ഞതയാൽ അവനെ നിഷേധിച്ചു പറയുന്നു.

11. എഫേസ്യലേഖനത്തിൽ നിന്ന് (18,2): ദൈവികപദ്ധതിയനുസരിച്ച്, നമ്മുടെ ദൈവമായ യേശുക്രിസ്തു പരിശുദ്ധാത്മാവിൽ നിന്നും ദാവീദിന്റെ വംശത്തിൽ നിന്നും മറിയത്തിൽ ഗർഭസ്ഥിതനായി. നമ്മുടെ മർത്യതയെ ശുദ്ധീകരിക്കാൻ അവൻ ജനിക്കുകയും സ്നാനപ്പെടുകയും ചെയ്തു.

12. അതേ ലേഖനത്തിൽ നിന്ന് (20,2): മനുഷ്യപുത്രനും ദൈവപുത്രനും ജഡപ്രകാരം ദാവീദിൽ നിന്ന് ഉത്ഭവിച്ചവനുമായ ഏക യേശുക്രിസ്തുവിലും ഏകവിശ്വാസത്തിലും കൃപയിൽ നിങ്ങളെല്ലാവരും, വ്യക്തികളെന്ന നിലയിൽ ഒറ്റയ്ക്കൊററയ്ക്കും ഗ്രൂപ്പുകളായും, ഒന്നിച്ചുകൂടിയാൽ...

13. അതേ ലേഖനത്തിൽ നിന്ന് (7,2): ശാരീരികനും ആത്മീയനും, ജനിച്ചവനും സൃഷ്ടിയല്ലാത്തവനും, ദൈവം മനുഷ്യനായവനും മൃത്യുവിന്റെ മധ്യത്തിലുള്ള യഥാർഥജീവനും, മറിയത്തിൽ നിന്നും ദൈവത്തിൽ നിന്നും ജനിച്ചവനും, ആദ്യം സഹനവിധേയനും പിന്നെ സഹനാതീതനുമായ നമ്മുടെ കർത്താവേശുക്രിസ്തു എന്ന ഒരേഒരു വൈദ്യൻ മാത്രമേ നമുക്കുള്ളു.

14. ത്രാള്ള്യർക്കുള്ള ലേഖനത്തിൽ നിന്ന് (9,1): ദാവീദിന്റെ വംശത്തിൽ നിന്ന് മറിയത്തിൽ നിന്നു ജനിച്ച യേശുക്രിസ്തുവിനെ അവഗണിക്കുന്ന എല്ലാ സംസാരങ്ങൾക്കും ചെവിയടച്ചു കളയുവിൻ.. അവിടുന്ന് യഥാർഥമായി ജനിക്കുകയും ഭക്ഷിക്കുകയും കുടിക്കുകയും ചെയ്തു. പൊന്തിയോസ് പീലാത്തോസിന്റെ നാളുകളിൽ യഥാർഥമായി പീഡിപ്പിക്കപ്പെട്ടു. ആകാശത്തിന്റെയും ഭൂമിയുടെയും പാതാളത്തിന്റെയും മുമ്പാകെ ക്രൂശിൽ തറയ്ക്കപ്പെടുകയും ചെയ്തു.

www.malankaralibrary.com

**ലയൺസിലെ മെത്രാനായ വി. ഐറേനിയസ്**

15. പാഷണ്ഡതകൾക്കെതിരെയുള്ള കൃതിയുടെ മൂന്നാംപുസ്തകത്തിൽ നിന്ന് (3,10.4): ദാവീദിനോടു ദൈവം ചെയ്ത വാഗ്ദാനത്തെപ്പറ്റിയുള്ള സദ്വാർത്ത പ്രഘോഷിക്കാനല്ലെങ്കിൽ പിന്നെന്തിനാണ് "ദാവീദിന്റെ പട്ടണത്തിൽ" എന്ന് ദൂതന്മാർ കൂട്ടിച്ചേർത്തത്? അതായത്, ദാവീദിന്റെ വംശാവലിയിൽ നിന്ന് നിത്യ രാജാവ് ഉണ്ടാകുമെന്ന് പ്രപഞ്ചസ്രഷ്ടാവ് ചെയ്ത വാഗ്ദാനം.

16. അതേ പുസ്തകത്തിൽ നിന്ന് (3,21.5): "ദാവീദിന്റെ ഭവനമേ, ശ്രവിക്കുക" എന്ന് അവൻ പറയുമ്പോൾ (ഏശാ.7,13), ദാവീദിന്റെ വംശാവലിയിൽ നിന്ന് ഒരു നിത്യരാജാവ് ഉദിച്ചുവരുമെന്ന് ദൈവം അവനോട് വാഗ്ദാനം ചെയ്തിരുന്നെന്ന് കാണിക്കുന്നു (സങ്കീ.132,11-12). ദാവീദിന്റെ വംശാവലിയിൽ നിന്നുള്ള കന്യകയിൽ നിന്നു ജനിച്ചവൻ ഇവനാകുന്നു.

17. അതേ പുസ്തകത്തിൽ നിന്ന് (3,21.10-22.1): ആദ്യത്തെ ആദാമിന് ഒരു ഭൗമികപിതാവ് ഉണ്ടായിരിക്കുകയും അവന്റെ ബീജത്തിൽ നിന്ന് അവൻ ജനിക്കുകയും ചെയ്തെങ്കിൽ, രണ്ടാമത്തെ ആദാം യൗസേപ്പിൽ നിന്ന് ജനിച്ചെന്ന് ന്യായമായി പറയാമായിരുന്നു. എന്നാൽ ഒന്നാമത്തെ ആദാം മണ്ണിൽ നിന്ന് എടുക്കപ്പെടുകയും ദൈവം അവനെ രൂപീകരിക്കുകയും ചെയ്തെങ്കിൽ, ദൈവം രൂപീകരിച്ചവനെ തന്നിൽ സംവഹിച്ച് നവീകരിച്ച് കൂട്ടിച്ചേർത്തവനും മറ്റവനെപ്പോലുള്ള ജനനം ഉണ്ടായിരിക്കണം. എന്തുകൊണ്ടാണ് ദൈവം വീണ്ടും മണ്ണെടുക്കാതെ, അതിനു പകരം മറിയത്തിലൂടെ രൂപീകരിക്കാൻ ഇടയാക്കിയത്? വ്യത്യസ്തമായ രൂപീകരണം ഉണ്ടാകാതിരിക്കാൻ, മറ്റൊന്നും രക്ഷിക്കപ്പെടാതിരിക്കാൻ, ഛായയുടെ സംരക്ഷണം വഴി ആ മനുഷ്യൻ തന്നെയും നവീകരിക്കപ്പെടാൻ. അതുകൊണ്ട്, അവൻ കന്യകയിൽ നിന്ന് ഒന്നും എടുത്തില്ലെന്നു പറയുന്നവർ ഭയങ്കര നാശത്തിൽ നിപതിക്കുന്നു. അവർ ജഡത്തിന്റെ അനന്തരാവകാശം നിരസിച്ച്, ഛായയെ ഉപേക്ഷിക്കുന്നു.

18. അതേ പുസ്തകത്തിൽ നിന്ന് (3,22.2): .... മറിയത്തിലേക്ക് അവൻ ഇറങ്ങിവന്നത് അധികപ്പറ്റാകുമായിരുന്നു. അവളിൽ നിന്ന് ഒന്നുമെടുത്തില്ലെങ്കിൽ പിന്നെ എന്തിനാണ് അവൻ അവളിലേക്ക് ഇറങ്ങിവന്നത്? കൂടാതെ, അവൻ മറിയത്തിൽ നിന്ന് ഒന്നുമെടുത്തിട്ടില്ലെങ്കിൽ, ധരയിൽ നിന്നെടുക്കുന്ന ഭക്ഷണമൊന്നും അവൻ കഴിക്കുകയില്ലായിരുന്നു. ധരയിൽ നിന്ന് എടുക്കപ്പെടുന്ന ശരീരത്തെ പോഷിപ്പിക്കുന്നത് അതാണല്ലോ. മോശയെപ്പോലെയും ഏലിയായെപ്പോലെയും നാൽപ്പതുദിവസം ഉപവസിച്ചശേഷം അവന് വിശക്കുമായിരുന്നില്ല. കാരണം, ശരീരമാണല്ലോ അതിനു പറ്റിയ ആഹാരം തേടുന്നത്. "യാത്രാക്ഷീണത്താൽ യേശു ഇരുന്നു" എന്ന് അവന്റെ ശിഷ്യനായ യോഹന്നാൻ അവനെപ്പറ്റി എഴുതുകയില്ലായിരുന്നു (4,6). "എന്റെ മുറിവുകളുടെ

www.malankaralibrary.com

വേദന അവർ വർധിപ്പിച്ചു" എന്ന് ദാവീദ് അവനെപ്പറ്റി പ്രവചിക്കയില്ലായിരുന്നു (സങ്കീ.69,26). അവൻ ലാസറിനെ പ്രതി കരയുകയോ, അവന്റെ രക്തം വിയർപ്പു തുള്ളികൾ പോലെ വരികയോ ചെയ്കയില്ലായിരുന്നു: "എന്റെ ആത്മാവ് വളരെ ദുഃഖപൂരിതമായിരിക്കുന്നു" എന്ന് അവൻ പറയുകയില്ലായിരുന്നു (മത്താ.26,38). അവന്റെ പാർശ്വം കുത്തിത്തുളച്ചപ്പോൾ രക്തവും വെള്ളവും ഒഴുകുകയില്ലായിരുന്നു. ധരയിൽ നിന്നെടുത്ത മാംസത്തിന്റെ അടയാളങ്ങളാണ് ഇവയെല്ലാം. തന്റെ സൃഷ്ടിയെ രക്ഷിച്ചുകൊണ്ട് അവയെല്ലാം അവൻ തന്നിൽ സംഗ്രഹിച്ചു.

19. അതേ കൃതിയിൽ നിന്ന് (3,18.7): ഉഴാത്ത നിലത്തുനിന്ന് ആദ്യം രൂപീകരിക്കപ്പെട്ട ഒരു മനുഷ്യന്റെ അനുസരണക്കേടുമൂലം അനേകർ പാപികളായി പ്രഖ്യാപിക്കപ്പെടുകയും ജീവൻ നഷ്ടപ്പെടുകയും ചെയ്തു. അതുപോലെ, കന്യകയിൽ നിന്നുള്ള ആദ്യജാതനായ ഒരു മനുഷ്യന്റെ അനുസരണംമൂലം അനേകർ നീതീകരിക്കപ്പെടുകയും രക്ഷ പ്രാപിക്കുകയും ചെയ്യുക ആവശ്യമായിരുന്നു.

20. അതേ കൃതിയിൽ നിന്ന് (3,19.1): "നിങ്ങൾ ദൈവങ്ങളാണെന്നും അത്യുന്നതന്റെ മക്കളാണെന്നും ഞാൻ പറഞ്ഞു. എങ്കിലും നിങ്ങൾ മനുഷ്യരെപ്പോലെ മരിക്കുമെന്ന് ഞാൻ പറഞ്ഞു" (സങ്കീ.82,6-7). ദത്തെടുക്കൽ ദാനം അംഗീകരിക്കാത്തവരെപ്പറ്റിയാണ് അവൻ ഇതു പറഞ്ഞത്. അവർ വചനമാം ദൈവത്തിന്റെ പാവന ജന്മത്തിലൂടെ ജഡമെടുത്തതിനെ അപമാനിക്കുന്നു. മനുഷ്യത്വത്തിന്റെ ദൈവത്തിങ്കലേക്കുള്ള കരേറ്റത്തെ ഇല്ലാതാക്കുന്നു. അവർക്കുവേണ്ടി മനുഷ്യനായിത്തീർന്ന വചനമാം ദൈവത്തോട് നന്ദികേട് കാട്ടുകയും ചെയ്യുന്നു. മനുഷ്യൻ വചനത്തെ ഉൾക്കൊള്ളുകയും ദത്തെടുക്കൽ സ്വീകരിക്കുകയും ചെയ്ത് ദൈവപുത്രരായി തീരാനാണ് വചനം മനുഷ്യനായതും ദൈവപുത്രൻ മനുഷ്യപുത്രനായി തീർന്നതും.

21. അതേ കൃതിയിൽ നിന്ന് (3,17.4): അതുകൊണ്ട്, ദൈവത്തിന്റെ നിത്യനിശ്ചയത്താൽ ആത്മാവ് താഴേക്കിറങ്ങിവന്നു. പിതാവിന്റെ വചനം കൂടിയായ, ദൈവത്തിന്റെ ഏകജാതനാം പുത്രനും കാലപൂർത്തിയിൽ വരികയും ഒരു മനുഷ്യസ്ത്രീയിൽ നിന്ന് മാംസമാകുകയും ചെയ്തു. കർത്താവുതന്നെ സാക്ഷിക്കുന്നതുപോലെയും ശ്ലീഹന്മാർ ഏറ്റുപറയുന്നതുപോലെയും പ്രവാചകന്മാർ പ്രഘോഷിക്കുന്നതു പോലെയും ഒരേ ഒരാളായ നമ്മുടെ കർത്താവായ യേശുക്രിസ്തു മനുഷ്യരെ സംബന്ധിച്ചുള്ള ദൈവികപദ്ധതി മുഴുവൻ പൂർത്തിയാക്കി. അതുകൊണ്ട്, *ഒഗ്ഡൊവാഡുകളും ടെട്രാഡുകളും* മായാജാലങ്ങളും[10] മറ്റും കണ്ടുപിടിച്ചവരുടെ പ്രബോധനങ്ങളെല്ലാം തെറ്റാണെന്ന് തെളിയിക്കപ്പെട്ടിരിക്കുന്നു.

www.malankaralibrary.com

**മെത്രാനും രക്തസാക്ഷിയുമായ ഹിപ്പോളിറ്റസ്**

22. "കർത്താവ് എന്റെ ഇടയനാകുന്നു" (സങ്കീ.23,1) എന്ന ടെക്സ്റ്റിനെ കുറിച്ചുള്ള പ്രതിപാദനത്തിൽ നിന്ന്:[11] രക്ഷകൻ തന്നെയും ജീർണിക്കാത്ത തടി കൊണ്ടുണ്ടാക്കിയ പേടകമായിരുന്നു. കാരണം, പാപകരമായ ജീർണത ഉണ്ടാക്കാത്ത, അനശ്വരവും അഴിവിനതീതവുമായ അവന്റെ കൂടാരം ഇവിടെ പ്രഘോഷിക്കപ്പെട്ടു. എന്തുകൊണ്ടെന്നാൽ, "എന്റെ ഭോഷത്തം നിമിത്തം എന്റെ വ്രണങ്ങൾ ചീഞ്ഞുനാറി" എന്ന് പാപം ചെയ്തവൻ ഏറ്റുപറയുന്നു (സങ്കീ.38,5). എന്നാൽ കർത്താവ് പാപരഹിതനായിരുന്നു. അവന്റെ മനുഷ്യത്വം അഴിവിനതീതമായ തടികൊണ്ട്, അതായത്, പരിശുദ്ധാത്മാവിൽ നിന്നും കന്യകയിൽ നിന്നും രൂപീകരിക്കപ്പെട്ടതായിരുന്നു. ശുദ്ധസ്വർണത്താലെന്ന പോലെ വചനമാം ദൈവത്താൽ അകത്തും പുറത്തും അവൻ പൊതിയപ്പെട്ടിരുന്നു.

23. എൽക്കാനായെയും ഹന്നായെയും കുറിച്ചുള്ള പ്രതിപാദനത്തിൽ നിന്ന് (1സാമു.1,1):[12] ദാവീദിൽ നിന്നു ജനിച്ചവനും രാജാവും പുരോഹിതനുമായി പിതാവ് അഭിഷേകം ചെയ്തവനും ആയവനെ വെളിപ്പെടുത്താനായി, സാമുവേലേ, ബേത്‌ലഹേമിലേക്ക് കൊണ്ടുപോയ പശുക്കിടാവിനെ എന്റെ പക്കലേക്കു കൊണ്ടുവരിക (1സാമു.16,1-4).

24. അതേ കൃതിയിൽ നിന്ന്: ഭാഗ്യവതിയായ മറിയമേ, നിന്റെ ഉദരത്തിൽ നീ എന്തു ഗർഭം ധരിച്ചെന്ന് എന്നോട് പറഞ്ഞാലും. നിന്റെ കന്യാത്വോദരത്തിൽ നീഎന്താണ് വഹിച്ചത്? ആദ്യജാതനായ മനുഷ്യനുമായി ഐക്യപ്പെട്ട ഏകജാതനായ വചനമാം ദൈവം വെളിപ്പെടുന്നതിന്, ഏകജാതനായ വചനമാം ദൈവം സ്വർഗത്തിൽ നിന്ന് നിന്റെ പക്കലേക്ക് ഇറങ്ങിവരികയും ആദ്യജാതനായ മനുഷ്യൻ നിന്റെ ഉദരത്തിൽ രൂപീകരിക്കപ്പെടുകയും ചെയ്തു.

25. അതേ കൃതിയിൽ നിന്ന്: സാമുവേൽ ആദിയായ പ്രവാചകരിലൂടെ സംഭവിച്ച രണ്ടാമത്തേതിൽ ദൈവം ജനത്തെ തിരിച്ചുവിളിക്കുകയും വൈദേശികാടിമത്തത്തിൽ നിന്ന് അവരെ സ്വതന്ത്രരാക്കുകയും ചെയ്യുന്നു (1സാമു.7,3-4). കന്യകയിൽ നിന്ന് മനുഷ്യനെ എടുത്തുകൊണ്ട് ദൈവം ജഡത്തിൽ സന്നിഹിതനായിരുന്ന മൂന്നാമത്തേതിൽ അവൻ നഗരം കണ്ട് അതിനെപ്പറ്റി വിലപിച്ചു (ലൂ.19,41).

26. ഏശായായുടെ ആരംഭത്തെ കുറിച്ചുള്ള പ്രതിപാദനത്തിൽ നിന്ന്: അവൻ ലോകത്തെ ഈജിപ്തിനോടും വിഗ്രഹാരാധനയെ ബിംബങ്ങളോടും വിഗ്രഹങ്ങൾ നീക്കി നശിപ്പിക്കുന്നതിനെ ഭൂമികുലുക്കത്തോടും താരതമ്യപ്പെടുത്തിയിരിക്കുന്നു. എന്നാൽ അവൻ വചനത്തെ കർത്താവെന്നും പാപത്തെ നശിപ്പിക്കാൻ നമ്മുടെ കർത്താവായ യേശുക്രിസ്തു ലോകത്തിൽ പ്രവേ

www.malankaralibrary.com

ശിച്ചപ്പോൾ ആരൂഢനായിരുന്ന അതിപാവനകൂടാരത്തെ വേഗതയുള്ള മേഘമെന്നും വിളിച്ചു (ഏശാ.19,1).

**മെത്രാനും രക്തസാക്ഷിയുമായ വി. മെതോഡിയസ്**

27. രക്തസാക്ഷികളെ കുറിച്ചുള്ള പ്രതിപാദനത്തിൽ നിന്ന്: രക്തസാക്ഷിത്വം കാമ്യവും ഭീതിജനകവുമാണ്. ദൈവപുത്രനായ കർത്താവേശുക്രിസ്തു തന്നെ തന്റെ സാക്ഷ്യത്താൽ അതിനെ ബഹുമാനിച്ചു. ദൈവത്തോടുള്ള സമാനത നിലനിർത്തേണ്ട കാര്യമായി അവൻ പരിഗണിച്ചില്ല. താനിറങ്ങി വസിച്ച മനുഷ്യവ്യക്തിയെ ഈ വരത്താൽ കിരീടം ധരിപ്പിക്കാൻ വേണ്ടിയായിരുന്നു ഇത്.

**അന്ത്യോക്യൻമെത്രാനും വിശ്വാസസാക്ഷിയുമായ വി. ഒസ്താത്യോസ്**

28. സങ്കീ.15-ന്റെ വ്യാഖ്യാനത്തിൽ നിന്ന്: യേശുവിന്റെ ആത്മാവിന് രണ്ടുതരം അറിവുണ്ടായിരുന്നു. കാരണം, മനുഷ്യാത്മാക്കളുടെ സ്ഥാനത്തായിരുന്നു അത്. അതുപോലെ, അത് മാംസത്തിന് ഉപരിസ്ഥവുമായിരുന്നു. അത് അതിൽ തന്നെ നിലനിന്നു. അതുകൊണ്ട്, അത് ബൗദ്ധികവും മറ്റു മനുഷ്യരുടെ ആത്മാക്കളുടെ അതേ സത്തയോടുകൂടിയതും ആണ്. മറിയത്തിൽ നിന്നെടുത്ത ശരീരം മറ്റു മനുഷ്യരുടെ ശരീരം പോലയാണ്.

29. ആത്മാവിനെ കുറിച്ചുള്ള പ്രതിപാദനത്തിൽ നിന്ന്: ശിശുവിന്റെ പരിപാലനയോ, പ്രായത്തിലുള്ള വളർച്ചയോ, സമയത്തിന്റെ കടന്നുപോകലോ, അവന്റെ ശരീരത്തിന്റെ വളർച്ചയോ കാണുമ്പോൾ, അവർ എന്തു പറയും? ധരയിൽ പ്രവർത്തിച്ച അത്ഭുതങ്ങൾ ഉപേക്ഷിക്കുമ്പോൾ, മരിച്ചവരെ ഉയർപ്പിച്ച സംഭവങ്ങൾ, പീഡാനുഭവത്തിന്റെ അടയാളങ്ങൾ, ചാട്ടയടിയുടെ പാടുകൾ, ചമ്മട്ടിയടികളുടെ മുറിവുകൾ, കുത്തിത്തുളയ്ക്കപ്പെട്ട വിലാപ്പുറം, ആണിപ്പഴുതുകൾ, വാർന്നൊഴുകിയ രക്തം, മരിച്ചതിന്റെ അടയാളങ്ങൾ, ചുരുക്കത്തിൽ, അവന്റെ ശരീരത്തിന്റെ ഉത്ഥാനം എന്നിവ അവർ കാണട്ടെ.

30. അതേ കൃതിയിൽ നിന്ന്: ശരീരത്തിന്റെ ജനനത്തെപ്പറ്റി പരിഗണിച്ചാൽ, അവൻ ബേത്‌ലഹേമിൽ ജനിച്ചെന്നും പഴന്തുണികളാൽ പൊതിയപ്പെട്ടെന്നും ഹേറോദേസിന്റെ കുതന്ത്രങ്ങൾ നിമിത്തം കുറേനാൾ ഈജിപ്തിൽ ജീവിച്ചെന്നും നസ്രത്തിൽ വളർന്ന് ഒരു പുരുഷനായി തീർന്നെന്നും വ്യക്തമായി കാണാവുന്നതാണ്.

31. അതേ കൃതിയിൽ നിന്ന്: വചനമാം ദൈവത്തിന്റെ കൂടാരത്തിലൂടെ ഭാഗ്യവാനായ സ്റ്റീഫൻ ദിവ്യമഹത്വം ദർശിച്ചു (നട.7,56). അത് വചനമാം ദൈവം തന്നെയല്ലേ?

32. "കർത്താവ് തന്റെ വഴികളുടെ ആരംഭത്തിൽ എന്നെ സൃഷ്ടിച്ചു"എന്നതിനെ ആധാരമാക്കിയുള്ള പ്രതിപാദനത്തിൽനിന്ന് (സുഭാ.8,22): വചനം തന്റെ

www.malankaralibrary.com

അമ്മയുടെ ഗർഭപാത്രത്തിൽ കൂടി കടന്ന് ശാരീരികരൂപം ധരിച്ചപ്പോഴാണ് അസ്തിത്വത്തിൽ എത്തിയതെങ്കിൽ, അവൻ സ്ത്രീയിൽ നിന്ന് ജനിച്ചെന്ന് വ്യക്തമാണ്. എന്നാൽ വചനമാം ദൈവം ആദിയിലേ പിതാവിനോടുകൂടെ ആയിരുന്നു. എല്ലാം അവനിലൂടെ സൃഷ്ടിക്കപ്പെട്ടെന്ന് നാം പറയുന്നു. അങ്ങനെയെങ്കിൽ, അസ്തിത്വം തന്നെ ആയിരിക്കുന്നവൻ, നിർമിതമായവയുടെയെല്ലാം ഹേതുവായവൻ, സ്ത്രീയിൽ നിന്നു ജനിച്ചില്ല. പിന്നെയോ, അവൻ സ്വഭാവത്താലേ ദൈവമാണ്, സ്വയംപര്യാപ്തനാണ്, അപരിമിതനാണ്, അഗ്രാഹ്യനാണ്. എന്നാൽ സ്ത്രീയിൽനിന്ന് ജനിച്ചത് ഒരു മനുഷ്യനാണ്. അവനെ കന്യകയുടെ ഉദരത്തിൽ ഉരുവാക്കിയത് പരിശുദ്ധാത്മാവാണ്.

33. അതേ കൃതിയിൽ നിന്ന്: വചനത്തെ ചുറ്റിയിരിക്കുന്ന മാനുഷിക കൂടാരം സത്യമായും സംശുദ്ധവും മാലിന്യരഹിതവുമാണ്. അതിനെ ദൈവം തന്റെ വാസസ്ഥലമാക്കി, അവിടെ പാർത്തു. നാം ഊഹാപോഹം പറയുകയല്ല. കാരണം, ആലയത്തിന്റെ തകർച്ചയെപ്പറ്റിയും ഉത്ഥാനത്തെപ്പറ്റിയും സ്വഭാവത്താലേ ഈ ദൈവത്തിന്റെ പുത്രൻ തന്നെയാണ് മുൻകൂട്ടി പറഞ്ഞിരിക്കുന്നത്: "നിങ്ങൾ ഈ ആലയം തകർക്കുവിൻ. മൂന്നു ദിവസങ്ങൾക്കകം ഞാനിത് പുനരുദ്ധരിക്കും" എന്ന് രക്തദാഹികളായ യൂദരോട് പറയുമ്പോൾ നമ്മെ അവിടുന്ന് വ്യക്തമായി പ്രബോധിപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു (യോഹ.2,19).

34. അതേ കൃതിയിൽ നിന്ന്: വചനം ആലയം നിർമിച്ച് മനുഷ്യനെ ധരിച്ചപ്പോൾ, ഒരു ശരീരത്തോടുകൂടെ അവിടുന്ന് മനുഷ്യരുടെ ഇടയിൽ വ്യാപരിച്ചു. കാണപ്പെടാതെ എല്ലാത്തരം അത്ഭുതങ്ങളും പ്രവർത്തിച്ചു. നിത്യരാജ്യത്തിന്റെ പ്രഘോഷകരായി അവൻ ശ്ലീഹന്മാരെ അയച്ചു.

35. സങ്കീ.93-ന്റെ വ്യാഖ്യാനത്തിൽനിന്ന്: അഭിഷേകം ചെയ്യുന്നവൻ എന്നത് ദൈവത്തെ കുറിക്കുന്നു. അവന്റെ സിംഹാസനം നിത്യമാണെന്ന് സങ്കീർത്തകൻ പറയുന്നു. അങ്ങനെയെങ്കിൽ, അഭിഷേകം ചെയ്യുന്നവൻ ദൈവത്തിൽനിന്ന് ജനിച്ചവനും വ്യക്തമായി സ്വഭാവത്താലേ ദൈവവുമായിരിക്കണം. എന്നാൽ അഭിഷേകം സ്വീകരിച്ചവനുള്ള ശ്രേഷ്ഠരൂപം അവനു കൈവന്നതാണ്. തെരഞ്ഞെടുക്കപ്പെട്ട ആലയത്താൽ അവൻ അലംകൃതനായി. അവനിൽ വസിച്ച ദൈവത്വം അത് അവനു നൽകിയതാണ്.

## അലക്സാൺഡ്രിയൻമെത്രാനും വിശ്വാസസാക്ഷിയുമായ വി. അത്തനാസ്യോസ്

36. അലക്സാൺഡ്രിയായിലെ ദിവന്നാസ്യോസിനെ ന്യായീകരിച്ചുകൊണ്ടുള്ള എഴുത്തിൽ നിന്ന് (10,4-5): "ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശാഖകളുമാകുന്നു. എന്റെ പിതാവ് തോട്ടക്കാരനാകുന്നു" (യോഹ.15,5.1). ശാരീരികമായിട്ടാണ് നാം കർത്താവുമായി ബന്ധപ്പെട്ടിരിക്കുന്നത്. നിന്റെ നാമം ഞാൻ എന്റെ സഹോദരങ്ങളെ അറിയിക്കുമെന്ന് അതുകൊണ്ടാണ്

www.malankaralibrary.com

അവൻ പറഞ്ഞത് (സങ്കീ.22,22). ശാഖകൾ മുന്തിരിച്ചെടിയിൽ നിന്നു വരുന്നു. രണ്ടിനും ഒരേ സത്തയാണ്. അതുപോലെ കർതൃശരീരം പോലെയുള്ള ശരീരമുള്ള നാം അവന്റെ പൂർണതയിൽ നിന്നു സ്വീകരിക്കുകയും അത് ഉത്ഥാനത്തിനും രക്ഷയ്ക്കുമുള്ള വേരുപോലെ വർത്തിക്കുകയും ചെയ്യുന്നു. പിതാവ് തോട്ടക്കാരൻ എന്നു വിളിക്കപ്പെടുന്നത്, കർതൃശരീരമായ മുന്തിരി ച്ചെടിയെ വചനത്തിലൂടെ അവിടുന്ന് പരിപാലിക്കുന്നതിനാലാണ്.

37. അതേ ഭാഗത്തുനിന്ന്: ശാഖകളുമായുള്ള ശാരീരികബന്ധം നിമിത്തമാണ് കർത്താവ് മുന്തിരിച്ചെടിയെന്ന് വിളിക്കപ്പെടുന്നത്. നാമാണ് ആ ശാഖകൾ (യോഹ.15,5).

38. വിശ്വാസത്തെപ്പറ്റിയുള്ള വലിയ പ്രതിപാദനത്തിൽ നിന്ന് (2): "ആദിയിൽ വചനം ഉണ്ടായിരുന്നു" എന്നത് ദൈവത്വത്തെ വ്യക്തമായി വെളിപ്പെടുത്തുന്നു. "വചനം മാംസമായി" എന്നത് കർത്താവിന്റെ മനുഷ്യത്വത്തെ കാണിക്കുന്നു.

39. അതേ കൃതിയിൽ നിന്ന് (75): "അവൻ തന്റെ വസ്ത്രം വീഞ്ഞിൽ കഴുകും" എന്ന ടെക്സ്റ്റ് (ഉൽപ.49,11), അതായത്, ദൈവത്വത്തിന്റെ വസ്ത്രമായ ശരീരം തന്റെ സ്വന്ത രക്തത്താൽ....

40. അതേ കൃതിയിൽ നിന്ന്: "ഉണ്ടായിരുന്നു" എന്ന വാക്ക് അവന്റെ ദൈവത്വത്തെ കുറിക്കുന്നു. "മാംസമായി" എന്നത് ശരീരത്തെ സൂചിപ്പിക്കുന്നു. "വചനം മാംസമായി": മാംസമായി മാറിക്കൊണ്ടല്ല, പിന്നെയോ, മാംസം ധരിച്ചുകൊണ്ടാണ്. ഇന്നയാൾ ആരംഭം മുതൽ വൃദ്ധനായി ജനിച്ചതല്ലെങ്കിലും, വൃദ്ധനായിത്തീർന്നു എന്നു പറയുന്നതു പോലെയാണിത്. അഥവാ, പടയാളി നേരത്തേ അല്ലായിരുന്നെങ്കിലും, പ്രായമുള്ളവനായിത്തീർന്നു എന്ന് പറയുന്നതു പോലെയാണിത്. യോഹന്നാൻ പറയുന്നു: "കർതൃദിവസത്തിൽ ഞാൻ പത്മോസ് ദ്വീപിൽ ആയിരുന്നു" (വെളി.1,9). അവൻ അസ്തിത്വത്തിലെത്തിയെന്നോ, അവിടെ ഉരുവായെന്നോ അല്ല അതിനർഥം. പിന്നെയോ, "ഞാൻ സന്നിഹിതനായിരുന്നു" എന്നതിനു പകരമാണ് "ഞാൻ പത്മോസിലായിരുന്നു" എന്ന് അവൻ പറഞ്ഞത്. "വചനം മാംസമായി" എന്ന് തിരുലിഖിതം പറയുന്നതുപോലെ, ഈ രീതിയിലാണ് വചനം മംസത്തിൽ സന്നിഹിതനായിരുന്നത്. അവൻ പറയുന്നത് ശ്രദ്ധിക്കുക: "ഞാൻ ഉടഞ്ഞു തകർന്ന പാത്രം പോലെയായി" (സങ്കീ.31,12). "മരിച്ചവരുടെ ഇടയിൽ പരിത്യക്തനെപ്പോലെ ഞാനായി" (88,5)

41. എപ്പിക്ടെറ്റസിനുള്ള ലേഖനത്തിൽ നിന്ന് (2): ആരെങ്കിലും ഇതുപോലുള്ളവ കേട്ടിട്ടുണ്ടോ? ആരിത് പഠിപ്പിച്ചു? ആരിത് പഠിച്ചു? കാരണം, "സീയോനിൽ നിന്ന് നിയമവും ജറുസലേമിൽ നിന്ന് കർത്താവിന്റെ വചനവും വരും" (ഏശാ.2,3). ഇതെല്ലാം എവിടെനിന്ന് വന്നു? മറിയത്തിൽ

www.malankaralibrary.com

നിന്നുള്ള ശരീരം വചനത്തിന്റെ ദൈവത്വത്തിന്റെ അതേ സത്തയാണെന്നോ, അഥവാ, മാംസവും അസ്ഥികളും തലമുടിയും ശരീരം മുഴുവനുമായി വചനം മാറിയെന്നോ എന്തുതരം പാതാളമാണ് വിസർജിച്ചുവച്ചത്? കർത്താവ് ദത്തെടുക്കലിലൂടെ ശരീരം ധരിച്ചതേയുള്ളു, സ്വഭാവത്താലെയല്ലെന്ന് ഏതെങ്കിലും പള്ളിയിൽ നിന്നോ, ഏതെങ്കിലും ക്രിസ്ത്യാനിയിൽ നിന്നോ ആരാണ് കേട്ടിട്ടുള്ളത്?

42. അതേ ലേഖനത്തിൽ നിന്ന് (2): 'വചനം മറിയത്തിന്റെ ശരീരമല്ല, തന്റെ സ്വന്തം സത്തയിൽനിന്ന് സഹനവിധേയമായ ശരീരം തനിക്കായി രൂപീകരിച്ചു' എന്നു പറയുന്നവനെ എങ്ങനെ ക്രിസ്ത്യാനിയെന്നു വിളിക്കാനാവും? 'കർതൃശരീരം മറിയത്തിൽ നിന്നെടുത്തെന്നു പറയുന്നത് ദൈവത്വത്തിൽ ത്രിത്വത്തിനു പകരം 'ടെട്രാഡ്' ആണെന്ന് പറയുന്നതിനു തുല്യമാണ്' എന്നു ചിന്തിക്കുകയും പറയുകയും ചെയ്യുന്ന മ്ലേച്ഛമായ അഭക്തിമെനഞ്ഞെടുത്തത് ആരാണ്? 'മറിയത്തിൽ നിന്നു ധരിച്ച ശരീരം ത്രിത്വത്തിന്റെ സത്തയാണ്' എന്ന് ഇങ്ങനെ വിശ്വസിക്കുന്നവർ പറയുന്നു. അവസാനമായി, മേൽപ്പറഞ്ഞതരം ദൈവദൂഷണം ഛർദിക്കാൻ മനുഷ്യർ എവിടെ നിന്നു പഠിച്ചു? 'വചനത്തിന്റെ ദൈവത്വത്തേക്കാൾ പുതിയതല്ല ശരീരം, പിന്നെയോ, വിജ്ഞാനത്തിന്റെ സത്തയിൽ നിന്ന് രൂപീകൃതമാകയാൽ, വചനവുമായി സമനിത്യമായിരുന്നു' എന്ന് അത്തരക്കാർ പറയുന്നു.

43. അതേ ലേഖനത്തിൽ നിന്ന് (7): തിരുലിഖിതാനുസൃതം, മറിയത്തിൽ നിന്നുള്ള ശരീരം സ്വഭാവത്താലേ മാനുഷികമായിരുന്നു. അത് നമ്മുടെ ശരീരം പോലുള്ള ശരീരം തന്നെ ആയിരുന്നതിനാൽ, യഥാർഥശരീരം ആയിരുന്നു. നാമെല്ലാവരും ആദത്തിൽ നിന്നാകയാൽ, മറിയം നമ്മുടെ സഹോദരിയാണ്. ലൂക്കോസ് എഴുതിയത് അനുസ്മരിക്കുന്നവന് ഇക്കാര്യങ്ങളെക്കുറിച്ച് സംശയിക്കാൻ സാധ്യമല്ല (24,39-40).

**കേസറിയായിലെ മെത്രാനായ വി. ബേസിൽ**

44. സങ്കീ.60-ന്റെ വ്യാഖ്യാനത്തിൽ നിന്ന്: എല്ലാ വിദേശികളും അനുസരിക്കുകയും ക്രിസ്തുവിന്റെ നുകത്തിന് വിധേയരാകുകയും ചെയ്തു. ഇക്കാരണത്താൽ "അവൻ ഏദോമിൽ തന്റെ പാദുകം അഴിച്ചുവയ്ക്കുന്നു" (സങ്കീ.60,8). ദൈവത്വത്തിന്റെ പാദുകമാണ് ദൈവത്തെ വഹിക്കുന്ന മാംസം. അതുപയോഗിച്ച് അവൻ മനുഷ്യരുടെ ഇടയിൽ വ്യാപരിച്ചു.

45. പരിശുദ്ധാത്മാവിനെപ്പറ്റി ആംഫിലോക്കിയസിനുള്ള കൃതിയിൽ നിന്ന് (5,12): "സ്ത്രീയിൽ നിന്ന്" എന്ന് പൗലോസ് പറഞ്ഞതുപോലെ (ഗലാ.4,4), "ആരിലൂടെ" എന്നതിനു പകരം "ആരിൽനിന്ന്" എന്ന് മാറ്റി അവൻ ഉപയോഗിച്ചിരിക്കുന്നു. 'പുരുഷനിൽനിന്ന് ജനിക്കുക' എന്നത് സ്ത്രീക്ക് ഉചിതമാണ്, 'സ്ത്രീയിലൂടെ ജനിക്കുക' എന്നത് പുരുഷന് ഉചി

www.malankaralibrary.com

തമാണ് എന്ന് പറഞ്ഞുകൊണ്ട് മറ്റെവിടെയോ അവൻ നമുക്കായി ഈ വ്യത്യാസം വരുത്തിയിരിക്കുന്നു. 'പുരുഷനിൽ നിന്ന് സ്ത്രീ ആയിരിക്കുന്നതുപോലെ, പുരുഷൻ, സ്ത്രീയിലൂടെയാണ്' എന്ന് അവൻ ഈ ടെക്സ്റ്റിൽ പറയുന്നു (1കൊറി.11,12). എന്നാൽ പ്രയോഗത്തിൽ വലിയ വ്യത്യാസമില്ലെന്ന് അവൻ ചൂണ്ടിക്കാണിക്കുകയും കർതൃശരീരം ആത്മീയമാണെന്ന് കരുതിയവരുടെ തെറ്റ് സാന്ദർഭികമായി തിരുത്തുകയും ചെയ്തതോടൊപ്പം, ദൈവത്തെ വഹിക്കുന്ന ശരീരം മാനുഷികപദാർഥത്തിൽ നിന്നാണ് രൂപീകൃതമായതെന്ന് കാണിക്കാൻ കുറേക്കൂടി സുവ്യക്തമായ പ്രയോഗം തെരഞ്ഞെടുക്കുകയും ചെയ്തു. കാരണം, "സ്ത്രീയിലൂടെ" എന്ന പ്രയോഗം, വെറുമൊരു കടന്നുപോക്ക് മാത്രമാണ് ജനനം എന്ന് ധ്വനിപ്പിക്കാൻ ഇടയുണ്ട്. എന്നാൽ "സ്ത്രീയിൽനിന്ന്" എന്ന പ്രയോഗം പുരുഷനെ പ്രസവിച്ച സ്ത്രീയുടെ സ്വഭാവത്തിലുള്ള ഭാഗഭാഗിത്വം പുരുഷനുണ്ടെന്ന് മതിയാംവണ്ണം വ്യക്തമാക്കുന്നു.

**വി. ഗ്രിഗറി നസ്യാൻസൻ**

46. ക്ലെദോണിയസിനുള്ള ലേഖനത്തിൽനിന്ന് (101,30–31): ശരീരം സ്വർഗത്തിൽ നിന്നു വന്നെന്നും ഇവിടെ നമ്മിൽ നിന്നല്ലെന്നും പറയുന്നവൻ ശപിക്കപ്പെടട്ടെ. താഴെപ്പറയുന്ന വാചകങ്ങൾ മനുഷ്യനുമായുള്ള ഐക്യം നിമിത്തം പറയപ്പെട്ടവയാണെന്നു മനസിലാക്കണം: "രണ്ടാമത്തെ മനുഷ്യൻ സ്വർഗത്തിൽ നിന്നായിരുന്നു" (1കൊറി.15,47). "സ്വർഗത്തിൽ നിന്നുള്ളവൻ എങ്ങനെയോ, സ്വർഗീയരും അങ്ങനെതന്നെ" (15,48). "സ്വർഗത്തിൽ നിന്ന് ഇറങ്ങി വന്നവനല്ലാതെ മറ്റാരും ഇതുവരെ സ്വർഗത്തിൽ കയറിയിട്ടില്ല" (യോഹ.3,13). ഇതുപോലുള്ള മറ്റുവാചകങ്ങളും. താഴെപ്പറയുന്നവ പോലെയാണിവയും: "ക്രിസ്തുവിലൂടെ സമസ്തവും അസ്തിത്വത്തിലെത്തി" (യോഹ.1,3). "ക്രിസ്തു നമ്മുടെ ഹൃദയങ്ങളിൽ വസിക്കുന്നു" (എഫേ.3,17). ദൈവത്തിന്റെ ദൃശ്യസാന്നിധ്യാനുസൃതമല്ല, പിന്നെയോ, ദൈവത്തിന്റെ ബൗദ്ധിക ധാരണാനുസൃതമാണ്. കാരണം, പേരുകൾ കൂട്ടിക്കലർത്തി പറയുന്നതുപോലെ, സ്വഭാവങ്ങളെ പറ്റിയും പറയാം.

47. അതേ ലേഖനത്തിൽ നിന്ന് (101,50–54): അവർ പറഞ്ഞതുപോലെ, മനുഷ്യത്വം എടുക്കുന്നത്, അഥവാ, മാംസമായി തീരുന്നത് സംബന്ധിച്ച് അവരുടെ വിശദീകരണം എന്താണെന്ന് നമുക്കു കാണാം. അഗ്രാഹ്യനായ ദൈവം സുഗ്രാഹ്യനാകുകയും ഒരു വിരിയിലൂടെ എന്നവണ്ണം ജഡത്തിൽ മനുഷ്യരുമായി ഇടപഴകുകയും ചെയ്യാനായിരുന്നെങ്കിൽ, അവർ അവതരിപ്പിക്കുന്ന അവരുടെ മുഖംമൂടിയും നാടകവും കപടമാണ്. മുൻകാലങ്ങളിൽ കത്തുന്ന മുൾച്ചെടിയിലൂടെയും മാനുഷികരൂപത്തിലും ചെയ്തതുപോലെ, മറ്റുരീതികളിൽ ദൈവത്തിന് നമ്മോടു സംസാരിക്കാമെന്ന സംഗതി അവർ മറന്നുകളയുന്നു. എന്നാൽ തുല്യവസ്തുക്കളാൽ വിശുദ്ധീകരിച്ചുകൊണ്ട്

www.malankaralibrary.com

പാപത്തിനുള്ള ശിക്ഷാവിധി തുടച്ചുമാറ്റാനായിരുന്നെങ്കിൽ, മാംസത്തിന്റെ ശാപം നിമിത്തം മാംസവും ആത്മാവിന്റെ ശാപം നിമിത്തം ആത്മാവും മനസിന്റെ ശാപം നിമിത്തം മനസും ഉണ്ടായിരിക്കണം. ആദത്തിൽ അത് വീണു എന്നു മാത്രമല്ല, രോഗങ്ങളെപ്പറ്റി വൈദ്യന്മാർ പറയുന്നതുപോലെ, ആദ്യമായി ബാധിച്ചത് അതിനെയാണ്. കാരണം, കൽപന സ്വീകരിച്ചത്, കൽപന പാലിച്ചില്ല. കൽപന പാലിക്കാത്തത്, കൽപന ലംഘിക്കാൻ മുതിർന്നു. ലംഘിച്ചതിനാണ് രക്ഷ ഏറ്റവും ആവശ്യമായിതീർന്നത്. രക്ഷ ആവശ്യമായിരുന്നത് എടുക്കപ്പെട്ടു. അതുകൊണ്ട്, അവർക്ക് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും, മനസ് എടുത്തെന്ന്, അവർ പറയുന്നതുപോലെ, *ജ്യോമെട്രിക്* ആവശ്യത്തോടും തെളിവോടും കൂടെ ഇപ്പോൾ കാണിച്ചിരിക്കുന്നു.

ഒരാളുടെ കണ്ണിന് അസുഖവും തദ്ഫലമായി കാലിന് മുറിവും ഉണ്ടായപ്പോൾ, കണ്ണിന് ഒന്നും ചെയ്യാതെ കാല് സുഖപ്പെടുത്തി വിടുന്ന മട്ടിലാണ് നിങ്ങളുടെ രീതികളെന്ന് തോന്നിപ്പോകുന്നു. അഥവാ, ഒരു കലാകാരൻ മോശമായി ഒരു പെയ്ന്റിംഗ് നടത്തുകയും നിങ്ങൾ അതിൽ മാറ്റം വരുത്തുകയും കലാകാരൻ നന്നായി ചെയ്തു എന്നപോലെ അയാളെ വിട്ടുകളയുകയും ചെയ്യുന്നതു പോലെയാണിത്. ഈ വാദഗതികൾ കണക്കിലെടുക്കാതെ, മനസുകൂടാതെ തന്നെ ദൈവത്തിന് മനുഷ്യകുലത്തെ രക്ഷിക്കാൻ കഴിയുമെന്ന് വാദിച്ചുകൊണ്ടിരുന്നാൽ, തന്റെ ഇച്ഛയുടെ ഏകപ്രവൃത്തിയാൽ, അശരീരിയായ ദൈവം എല്ലാറ്റിനെയും ശരീരമുള്ളവയായി നിർമിച്ചതും നിർമിക്കുന്നതും പോലെ, ദൈവത്തിന് ശരീരം കൂടാതെ തന്നെ അപ്രകാരം ചെയ്യാൻ കഴിയുമെന്ന് പറയേണ്ടിവരും. അതുകൊണ്ട്, നിങ്ങളുടെ വിഭ്രാന്തി പൂർണമാക്കാൻ മനസും മാംസവും നീക്കിക്കളയുവിൻ.

### വി. ഗ്രിഗറി നീസ്സാ

48. അബ്രഹാമിനെ കുറിച്ചുള്ള പ്രതിപാദനം:[13] വചനം താഴേക്കിറങ്ങി വന്നു. അവിടുന്ന് തന്നിൽ സ്ഥിതിചെയ്യുന്നതു പോലെയല്ല, പിന്നെയോ, മാംസമായി തീർന്നുകൊണ്ട്. ദൈവത്തിന്റെ രൂപത്തിലല്ല, പിന്നെയോ, ദാസന്റെ രൂപത്തിൽ. തനിക്ക് സ്വന്തമായി ഒന്നും ചെയ്യാൻ കഴിയുകയില്ലെന്നു പറഞ്ഞവൻ ഇവനാണ് (യോഹ.5,19). കാരണം, കഴിവുകുറവ് ബലഹീനതയുടെ അടയാളമാണ്. അന്ധകാരം പ്രകാശത്തിനും, മരണം ജീവനും എതിരായിരിക്കുന്നതു പോലെയാണ് ബലഹീനത ശക്തിക്ക് എതിരായിരിക്കുന്നത്. എന്നാൽ “ക്രിസ്തു ദൈവത്തിന്റെ ശക്തിയാണ്” (1കൊറി.1,24). ശക്തി സാധാരണയായി ശക്തിരഹിതമല്ല. കാരണം, ശക്തി ബലഹീനമായാൽ, അതിന് പിന്നെന്തു ശക്തിയുണ്ടാകും? അതുകൊണ്ട്, തനിക്കൊന്നും കഴിയില്ലെന്ന് വചനം പ്രഖ്യാപിക്കുമ്പോൾ, ഏകജാതന്റെ ദൈവത്വത്തിനല്ല അവൻ ശക്തിരാഹിത്യം ആരോപിക്കുന്നത്. പിന്നെയോ, നമ്മുടെ സ്വഭാവത്തിന്റെ ബലഹീനതയാണ് ശക്തിരാഹിത്യത്തിന് കാരണമെന്ന് അവൻ സാക്ഷിക്കുകയാ

www.malankaralibrary.com

ണ്. "ആത്മാവ് ഒരുക്കമുള്ളത്, ജഡമോ ബലഹീനം" എന്ന് തിരുലിഖിതം പറയുന്നതുപോലെ (മത്താ.26,41), ജഡം ബലഹീനമാണ്.

49. ജീവിതപരിപൂർണതയെ പറ്റിയുള്ള കൃതിയിൽ നിന്ന്:[14] എന്നാൽ യഥാർഥനിയമദാതാവ് നമ്മുടെ സ്വഭാവത്തിന്റെ കൽപ്പലകകൾ നമ്മുടെ മണ്ണിൽ നിന്ന് തനിക്കായി രൂപീകരിച്ചു. മോശ അവന്റെ പ്രതീകമായിരുന്നു. കാരണം, അവന്റെ ദൈവവാഹകശരീരത്തെ വിവാഹബന്ധം ഉൽപാദിപ്പിച്ചില്ല. എന്നാൽ അവൻ തന്നെയാണ് തന്റെ സ്വന്തം ശരീരത്തിന്റെ കൊത്തുപണിക്കാരൻ. ദൈവത്തിന്റെ വിരലുകൾ കൊണ്ടാണ് അത് എഴുതപ്പെട്ടത്. എന്തുകൊണ്ടെന്നാൽ പരിശുദ്ധാത്മാവ് കന്യകയുടെമേൽ വന്നു. അത്യുന്നതന്റെ ശക്തി അവളിൽ ആവസിച്ചു (ലൂ.1,35). ഇതു സംഭവിച്ചപ്പോൾ നമ്മുടെ സ്വഭാവം വീണ്ടും തകർക്കപ്പെടാൻ കഴിഞ്ഞില്ല (പുറ.32,19). കാരണം, വിരലടയാളത്താൽ ഇത് അമർത്യമായിത്തീർന്നു.

50. എവുണോമിയസിനെതിരെയുള്ള പ്രതിപാദനത്തിൽ നിന്ന്:[15] "വിജ്ഞാനം തനിക്കായി ഒരു ഭവനം പണിതു" (സുഭാ.9,1) എന്ന് തന്റെ മുൻപ്രതിപാദനത്തിൽ അവൻ പറഞ്ഞപ്പോൾ, കർതൃശരീരത്തിന്റെ രൂപീകരണത്തെപ്പറ്റി നിഗൂഢമായി സംസാരിക്കുകയായിരുന്നെന്ന് നാം പറയുന്നു. യഥാർഥവിജ്ഞാനം മറ്റൊരാളുടെ കൂടാരത്തിൽ പാർക്കാതെ, കന്യകയുടെ ശരീരത്തിൽ നിന്ന് തനിക്കായി ഒരു ഭവനം നിർമിച്ചു.

51. അതേ കൃതിയിൽ നിന്ന് (3.3.64): വചനം നിത്യത മുതൽ സ്ഥിതി ചെയ്തു. എന്നാൽ മാംസം കാലാന്ത്യത്തിലാണ് അസ്തിത്വത്തിൽ എത്തിയത്. ഈ ക്രമം മാറ്റിമറിച്ച്, മാംസം നിത്യമാണെന്നും വചനം കാലാന്ത്യത്തിൽ അസ്തിത്വത്തിൽ എത്തിയെന്നും ആരും പറയരുത്.

52. അതേ കൃതിയിൽ നിന്ന് (3.1.50): "അവൻ എന്നെ സൃഷ്ടിച്ചു" എന്നത് (സുഭാ.8,22) ദൈവത്വത്തെയും കേവലത്വത്തെയും കുറിക്കുന്നതല്ല. പിന്നെയോ, നേരത്തേ പറഞ്ഞതുപോലെ, ദൈവികപദ്ധതി അനുസരിച്ച്, നമ്മുടെ സൃഷ്ടപ്രകൃതിയിൽ നിന്ന് എടുക്കപ്പെട്ടതിനെ കുറിക്കുന്നു.

53. ഗിരിപ്രഭാഷണം ഒന്നാം പ്രതിപാദനത്തിൽ നിന്ന്: "ദൈവത്തിന്റെ രൂപത്തിൽ ആയിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട കാര്യമായി പരിഗണിച്ചില്ല. പിന്നെയോ, തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപമെടുത്തു" (ഫിലി.2,6-7). ദൈവത്തെ സംബന്ധിച്ച് ദാസന്റെ രൂപത്തേക്കാൾ ദരിദ്രമായി എന്താണുള്ളത്? നമ്മുടെ ദരിദ്രപ്രകൃതിയുമായി സ്വേച്ഛയാ സംസർഗത്തിൽ പ്രവേശിക്കുക എന്നതിനേക്കാൾ, എല്ലാറ്റിന്റെയും ഭരണാധികാരിക്ക് വിനീതമായി മറ്റെന്താണുള്ളത്? രാജാക്കന്മാരുടെ രാജാവും കർത്താക്കന്മാരുടെ കർത്താവും സ്വേച്ഛയാ ദാസന്റെ രൂപം ധരിക്കുന്നു.

www.malankaralibrary.com

**അന്ത്യോക്യൻ മെത്രാൻ വി. ഫ്ളാവിയൻ**

54. സ്നാപകയോഹന്നാനെ കുറിച്ചുള്ള ഹോമിലിയിൽ നിന്ന്: അതു കൊണ്ട്, ഒരു ശാരീരിക സംയോഗത്തെപ്പറ്റി ചിന്തിക്കരുത്. വൈവാഹിക സംബന്ധമായി ഇത് മനസിലാക്കുകയുമരുത്. കാരണം, നിന്റെ സ്രഷ്ടാവ് തന്റെ ശാരീരികാലയം സൃഷ്ടിക്കുന്നു. അതാണ് നിന്നിൽ നിന്ന് ജനിച്ചത്.

55. "കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്"(ലൂ.4,18) എന്ന ടെക്സ്റ്റിനെ കുറിച്ചുള്ള പ്രതിപാദനത്തിൽ നിന്ന്: അവിടുന്ന് പറയുന്നത് ശ്രവിക്കുക: "കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. അതിനാലാണ് അവൻ എന്നെ അഭിഷേകം ചെയ്തിരിക്കുന്നത്." "നിങ്ങൾ എന്താണ് വായിക്കുന്നതെന്ന് നിങ്ങൾക്കറിഞ്ഞുകൂടാ" എന്ന് അവൻ പറയുന്നു. കാരണം, "ആത്മാവിനാൽ അഭിഷിക്തനായി ഞാൻ വന്നിരിക്കുന്നു." അദൃശ്യസ്വഭാവമല്ല അഭിഷേകം ചെയ്യപ്പെട്ടത്. പിന്നെയോ, നമ്മുടേതുപോലുള്ളതാണ്.

**ഇക്കോണിയത്തിലെ മെത്രാൻ ആംഫിലോക്കിയസ്**

56. "എന്റെ പിതാവ് എന്നേക്കാൾ വലിയവനാകുന്നു"(യോഹ.14,28) എന്ന ടെക്സ്റ്റിനെ കുറിച്ചുള്ള പ്രതിപാദനത്തിൽ നിന്ന്: ഇപ്പോൾ മുതൽ ദൈവത്തിന്റേയും മനുഷ്യന്റേയുമെന്ന് സ്വഭാവങ്ങളെ വേർതിരിക്കുവിൻ. കാരണം, ദൈവത്വം നഷ്ടപ്പെടുത്തി മനുഷ്യൻ ഉണ്ടായതല്ല. മനുഷ്യനിൽ കൂട്ടിച്ചേർക്കൽ വരുത്തി ദൈവമുണ്ടായതുമല്ല. ഞാൻ ദൈവത്തെയും മനുഷ്യനെയും പറ്റിയാണ് സംസാരിക്കുന്നത്. പീഡാസഹനങ്ങൾ മാംസത്തിലും അത്ഭുതങ്ങൾ ദൈവത്തിലും ആരോപിക്കുമ്പോൾ, മനസില്ലാമനസോടെ ആണെങ്കിലും ബലഹീനമായ വാക്കുകൾ മറിയത്തിൽ നിന്നുള്ള മനുഷ്യനും, ശ്രേഷ്ഠവും ദൈവത്തിനുചിതവുമായവ ആദിമുതൽ സ്ഥിതിചെയ്യുന്ന വചനത്തിനുമാണ് ആരോപിക്കുന്നത്. അതുകൊണ്ട്, ഉള്ളിൽ വസിക്കുന്ന വചനത്തിന്റെ മഹനീയത മഹനീയ വാക്കുകളിലൂടെ വെളിപ്പെടുന്നതിനും വിനീത വചനത്തിലൂടെ ബലഹീനജഡത്തിന്റെ ബലഹീനത അറിയിക്കുന്നതിനുമായി ഞാൻ ചിലപ്പോൾ മഹനീയവാക്കുകൾ സാസാരിക്കും. മറ്റുചിലപ്പോൾ നിസ്സാരമായവ പറയും. അതുകൊണ്ട്, ഞാൻ പിതാവിന് തുല്യനാണെന്ന് ഞാൻ ചിലപ്പോൾ പറയും (യോഹ.10.30). പിതാവ് എന്നേക്കാൾ വലിയവനാണെന്ന് മറ്റുചിലപ്പോൾ പറയും (14,28). ഞാൻ എന്നെത്തന്നെ ഖണ്ഡിക്കുകയല്ല. പിന്നെയോ, ഞാൻ ദൈവവും മനുഷ്യനുമാണെന്ന് കാണിക്കുകയത്രേ ചെയ്യുന്നത്-മഹനീയ വാക്കുകളിലൂടെ ദൈവം, വിനീതവാക്കുകളിലൂടെ മനുഷ്യൻ. എന്നാൽ പിതാവ് എന്നേക്കാൾ വലിയവനായിരിക്കുന്നത് എങ്ങനെയാണെന്ന് അറിയണമെങ്കിൽ, ഞാൻ ദൈവത്വത്തിന്റെ വശത്തു നിന്നല്ല, ജഡത്തിന്റെ വശത്തുനിന്നാണ് സംസാരിക്കുന്നതെന്ന് ഗ്രഹിക്കുക.

57. "പുത്രന് തനിയെ ഒന്നും ചെയ്യാൻ കഴിയുകയില്ല" (യോഹ.5,19)

www.malankaralibrary.com

എന്ന ടെക്സ്റ്റിനെ കുറിച്ചുള്ള പ്രതിപാദനത്തിൽ നിന്ന്: ഏതുതരം ആദമാണ് സ്വർഗത്തിൽ അനുസരിക്കാതിരുന്നത്? ആദ്യരൂപീകരണത്തിൽ ഏതുതരം ആദ്യരൂപീകൃത മനുഷ്യനാണ് സ്വർഗീയശരീരത്തിൽ നിന്ന് രൂപീകൃതനായത്? ആദിയിൽ ഭൂമിയിൽ നിന്നുള്ളവനാണ് രൂപീകൃതനായത്. ഭൂമിയിൽ നിന്നുള്ളവൻ അനുസരണക്കേടു കാണിച്ചു. ഭൂമിയിൽ നിന്നുള്ളവൻ എടുക്കപ്പെട്ടു. അതുകൊണ്ട്, ദൈവികപദ്ധതിയുടെ അർഥം സത്യസന്ധവും അവശ്യാവശ്യവുമായി വെളിപ്പെടാനായി ഭൂമിയിൽ നിന്നുള്ളവൻ തന്നെയാണ് രക്ഷിക്കപ്പെട്ടത്.

**കോൺസ്റ്റാന്റിനോപ്പിൾ മെത്രാനായ വി. ജോൺ**

58. ഗോതിക് മൂപ്പൻ അവന്റെ മുമ്പിൽ സംസാരിച്ചപ്പോൾ അവൻ ചെയ്ത പ്രസംഗത്തിൽ നിന്ന്:[16] ആരംഭം മുതൽ അവൻ ചെയ്യുന്നത് എന്താണെന്ന് കാണുക. നമ്മുടെ ബലഹീനവും കീഴ്പ്പെടുത്തപ്പെട്ടതുമായ സ്വഭാവത്തിലൂടെ പോരാടാനും യുദ്ധം ചെയ്യാനുമായി അവൻ അതിനെ ധരിച്ചു. ആരംഭം മുതലേ വിഭ്രാന്തിയുടെ സ്വഭാവം അവൻ പിഴുതെറിഞ്ഞു.

59. ജനനപ്പെരുനാളിനെ കുറിച്ചുള്ള പ്രതിപാദനത്തിൽ നിന്ന് (ഹോമിലി,6): അവർ തങ്ങളുടെ ദേവന്മാരെ കല്ലുകൾ കൊണ്ടും വിലകുറഞ്ഞ തടികൾ കൊണ്ടുമുള്ള രൂപങ്ങളിൽ കൊത്തിയുണ്ടാക്കി, കാരാഗൃഹത്തിലെന്നവണ്ണം പൂട്ടിസൂക്ഷിക്കുന്നു. അവർ ലജ്ജാകരമാംവിധമാണ് സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതെന്ന് ചിന്തിക്കാതിരിക്കുകയും ചെയ്യുന്നു. അതേസമയം, ദൈവം പരിശുദ്ധാത്മാവിനാൽ തനിക്കായി സജീവാലയം നിർമിക്കുകയും അതിലൂടെ ലോകത്തെ സഹായിക്കുകയും ചെയ്തെന്ന് പറയുന്നതിന് അവർ നമ്മെ കുറ്റപ്പെടുത്തുന്നു. ഇത് തികഞ്ഞ ബുദ്ധിഭ്രമമല്ലേ? ദൈവം മനുഷ്യശരീരത്തിൽ വസിക്കുന്നത് ലജ്ജാകരമാണെങ്കിൽ, മനുഷ്യരേക്കാൾ വളരെ വിലകുറഞ്ഞ കല്ലിലും തടിയിലും വസിക്കുന്നത് അതിനേക്കാൾ വളരെയധികം നിന്ദ്യമല്ലേ? മനുഷ്യകുലം അചേതന വസ്തുക്കളേക്കാൾ വിലകുറഞ്ഞതാണെന്ന് അവർ ചിന്തിക്കുന്നില്ലെങ്കിൽ മാത്രം! അവർ ദൈവത്തിന്റെ സത്ത കല്ലിലേക്കും തടിയിലേക്കും കൊണ്ടുവരുന്നു. അനേകം പാഷണ്ഡികൾ ഇവയേക്കാൾ അപമാനകരമായ മറ്റു വസ്തുക്കളിലേക്കുപോലും കൊണ്ടുവരുന്നു. എന്നാൽ നാം ഇവയൊന്നും പരിഗണിക്കുന്നില്ല. ക്രിസ്തു കന്യകയുടെ ഉദരത്തിൽ നിന്ന് പരിപാവനവും വിശുദ്ധവും കളങ്കരഹിതവും പാപരഹിതവുമായ മാംസമെടുത്ത് തന്റെ സ്വന്തം പാത്രം നിർമിച്ചെന്നു നാം പറയുന്നു.

60. അൽപം കഴിഞ്ഞ്: വചനമാം ദൈവം തനിക്കായി ഒരു വിശുദ്ധാലയം നിർമിക്കുകയും അതിലൂടെ സ്വർഗീയ ജീവിതരീതി നമ്മുടെ ജീവിതത്തിലേക്ക് കൊണ്ടുവരികയും ചെയ്തെന്ന് നാം പറയുന്നു.

www.malankaralibrary.com

61. ക്രിസ്തുവിന്റെ വിനീതവചനങ്ങളും പ്രവൃത്തികളും ശക്തിയിലുള്ള ബലഹീനത കൊണ്ടല്ല, പിന്നെയോ, ദൈവികപദ്ധതിയിലെ വ്യത്യാസം കൊണ്ടാണ് എന്നതിനെ പറ്റിയുള്ള പ്രതിപാദനത്തിൽനിന്ന്:[17] എന്തുകൊണ്ടാണ് അവനും ശ്ലീഹന്മാരും അവനെപ്പറ്റി നിരവധി ബലഹീന സംഗതികൾ പറയുന്നത്? ഒന്നാമത്തേതും ഏറ്റവും പ്രധാനപ്പെട്ടതുമായ കാരണം, അവിടുന്ന് മാംസം ധരിക്കുകയും അന്നും ഭാവിയിലുമുള്ള എല്ലാവരും ഇത് ഒരുതരം നിഴലോ വെറും ദൃശ്യരൂപമോ അല്ലെന്നും യഥാർഥ സ്വഭാവമാണെന്നും വിശ്വസിക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്തു എന്ന സംഗതിയാണ്. അവനും ശ്ലീഹന്മാരും മാനുഷികവും ബലഹീനവുമായ നിരവധി കാര്യങ്ങൾ തന്നെപ്പറ്റി പറഞ്ഞിട്ടുപോലും ദൈവികപദ്ധതിയുടെ അർഥം നിഷേധിക്കാനും അവൻ മാംസമെടുത്തില്ലെന്നു പറയാൻ മുതിരാനും മനുഷ്യകുലത്തോട് ദൈവത്തിനുള്ള സ്നേഹത്തിന്റെ അടിത്തറ മുഴുവൻ തകർക്കാനും മ്ലേച്ഛരും പാവപ്പെട്ടവരുമായ ചിലരെ പ്രേരിപ്പിക്കാൻ പിശാചിനു കഴിഞ്ഞു. അവൻ ഇതൊന്നും പറയാതിരുന്നെങ്കിൽ, എത്രയധികം പേർ ഈ കുഴിയിൽ നിപതിക്കുമായിരുന്നു!

ഓർ. എണ്ണങ്ങളുടെ ബാഹുല്യത്താൽ നിനക്ക് മടുപ്പു തോന്നാതിരിക്കാൻ, നിരവധി സത്യപ്രബോധകരിൽ നിന്നുള്ള കുറച്ച് ഉദ്ധരണികൾ ഞാൻ അവതരിപ്പിച്ചെന്നുമാത്രം. പ്രശസ്തരായ വ്യക്തികൾ ചിന്തിക്കുന്നതിന്റെ അർഥം വ്യക്തമാക്കാൻ ഇത്രയും മതിയാകും. ഞാൻ പറഞ്ഞതിനെപ്പറ്റി നിന്റെ അഭിപ്രായം വ്യക്തമാക്കാനുള്ള സമയമാണിത്.

എരാ. അവരെല്ലാം ഏകയോഗമായി പറഞ്ഞിരിക്കുന്നു. കിഴക്കും പടിഞ്ഞാറുമുള്ളവരെല്ലാം ഇതിൽ യോജിക്കുന്നു. എന്നാൽ അവരുടെ വാക്കുകളിൽ ഞാൻ വലിയ വൈവിധ്യം കാണുന്നു.

ഓർ. ഈ മനുഷ്യർ ദിവ്യശ്ലീഹന്മാരുടെ പിൻഗാമികളായിരുന്നു. ചിലർക്ക് അവരുടെ വിശുദ്ധ വാക്കുകൾ കേൾക്കുന്നതിനും ഈ ശ്രേഷ്ഠവ്യക്തികളെ കാണുന്നതിനുമുള്ള ഭാഗ്യമുണ്ടായി. അനേകർ രക്തസാക്ഷിമകുടം ചൂടിയവരാണ്. അവർക്കെതിരെ ദൂഷണം പറയുന്നത് ശരിയാണെന്ന് നിനക്കു തോന്നുന്നുണ്ടോ?

എരാ. അതിനു ഞാൻ ഭയപ്പെടുന്നു. എന്നാൽ വലിയ വൈവിധ്യം അംഗീകരിക്കുന്നില്ല.

ഓർ. കൊള്ളാം. വീണ്ടും ഞാൻ നിനക്ക് അപ്രതീക്ഷിതമായ പ്രതിവിധി നൽകാം. നിന്റെ പാഷണ്ഡതയുടെ ഒരു പ്രബോധകനായ അപ്പൊള്ളിനാരിസിനെ ഞാനുദ്ധരിക്കാം. വചനം മാംസമായി എന്ന ടെക്സ്റ്റ് വിശുദ്ധ പിതാക്കന്മാർ മനസിലാക്കിയതുപോലെ അയാൾ മനസിലാക്കിയെന്നു ഞാൻ കാട്ടിത്തരാം. *എപ്പിറ്റോം* എന്ന തന്റെ കൃതിയിൽ ഇതേപ്പറ്റി അയാൾ എഴുതിയിരിക്കുന്നത് കേൾക്കുക:

www.malankaralibrary.com

62. *എപ്പിറ്റോം* എന്ന ഗ്രന്ഥത്തിൽ നിന്ന്: എടുത്തതിലേക്ക് എടുക്കുന്നവൻ മാറ്റപ്പെടുന്നില്ലെങ്കിൽ, ക്രിസ്തു മാംസമെടുത്തപ്പോൾ മാംസമായി മാറിയില്ല.

63. തുടർന്ന് അയാൾ കൂട്ടിച്ചേർക്കുന്നു: കാരണം, നമ്മെ രക്ഷിക്കാൻ ശരീരത്തിലൂടെ അവൻ നാമുമായി ബന്ധത്തിലേർപ്പെട്ടു. എന്നാൽ രക്ഷിക്കുന്നത് രക്ഷിക്കപ്പെടുന്നതിനേക്കാൾ വളരെ ഉന്നതമാണ്. അതുകൊണ്ട്, അവൻ ശരീരത്തിലാണെങ്കിൽ പോലും നമ്മേക്കാൾ വളരെ ശ്രേഷ്ഠനാണ്. അവൻ മാംസമായി മാറിയിരുന്നെങ്കിൽ, കൂടുതൽ മഹനീയൻ ആകുമായിരുന്നില്ല.

64. തുടർന്ന് അയാൾ പറയുന്നു: കേവലമായത് ഏകമാണ്. എന്നാൽ മിശ്രിതം ഏകമല്ല. "അവൻ മാംസമായി" എന്നു പറയുന്നവർ ഏകനായ വചനത്തിൽ മാറ്റം ആരോപിക്കയാണ്. മനുഷ്യരുടെ കാര്യത്തിൽ എന്നപോലെ, മിശ്രിതവും ഏകമാണെങ്കിൽ, മാംസവുമായുള്ള ഐക്യം നിമിത്തം വചനം മാംസമായി എന്നു പറയുന്നവർ, മിശ്രിതമനുസരിച്ച് ഏകം എന്നാണ് പറയുന്നത്.

65. അൽപം കഴിഞ്ഞ്: മാംസമായി തീരുക ശൂന്യമാക്കലാണ്. ശൂന്യമാക്കൽ ദൈവപുത്രനെയല്ല, മനുഷ്യപുത്രനെയാണ് വെളിപ്പെടുത്തിയത്. താനെടുത്ത വസ്ത്രത്താൽ അവിടുന്ന് സ്വയംശൂന്യനാക്കി. എന്നാലത് മാറ്റം വഴിയല്ല.

ഓർ. നിന്റെ വിശ്വാസങ്ങൾ പഠിപ്പിക്കുന്നയാളും *വസ്ത്രം* എന്ന പദം ഉപയോഗിച്ചിരിക്കുന്നത് ശ്രദ്ധിക്കുക. എങ്കിലും:

66. *വിശ്വാസത്തെപ്പറ്റി* എന്ന ലഘുകൃതിയിൽ അയാൾ പറയുന്നു: അതുകൊണ്ട് ദൈവത്വം മാറ്റം കൂടാതെ നിലനിന്നുകൊണ്ട്, മനുഷ്യത്വത്തിന്റെ നവീകരണത്തിനായി മാംസമായി എന്നു നാം വിശ്വസിക്കുന്നു. മാറ്റമോ, വ്യതിയാനമോ, പരിധിയോ ദൈവത്തിന്റെ വിശുദ്ധ ശക്തിയെ ബാധിച്ചിട്ടില്ല.

67. തുടർന്ന്: വിശുദ്ധ കന്യകയിൽ നിന്ന് മാംസമെടുത്ത ദൈവത്തെ നാം ആരാധിക്കുന്നു. ജഡപ്രകാരം അവിടുന്ന് മനുഷ്യനാണ്. എന്നാൽ ആത്മീയമായി ദൈവമാണ്.

68. മറ്റൊരു പ്രതിപാദനത്തിൽ അയാൾ പറയുന്നു: പേരിലല്ല, യഥാർഥമായി കന്യകമറിയത്തിൽ നിന്ന് മാംസമെടുത്ത് മനുഷ്യപുത്രനായിത്തീർന്ന ദൈവപുത്രനെ നാം ഏറ്റുപറയുന്നു.

എരാ. അപ്പൊള്ളിനാരിസ് ഇപ്രകാരം ചിന്തിച്ചിരുന്നെന്ന് ഞാൻ ഗ്രഹിച്ചിരുന്നില്ല. എനിക്ക് അയാളെപ്പറ്റി വ്യത്യസ്താഭിപ്രായം ആയിരുന്നു.

ഓർ. പ്രവാചകന്മാർക്കും ശ്ലീഹന്മാർക്കും അവർക്കു പിന്നാലെ ലോക

www.malankaralibrary.com

ഗുരുക്കന്മാരായി ഔദ്യോഗികമായി നിയമിതരായവർക്കും പുറമേ, പാഷണ്ഡതാവിഡ്ഢിത്തത്തിന്റെ ഉപജ്ഞാതാവായ അപ്പൊള്ളിനാരിസും വചനമാം ദൈവം വ്യതിയാനാതീതനാണെന്ന് ഏറ്റുപറഞ്ഞത് നീ ഗ്രഹിച്ചല്ലോ. അവിടുന്ന് മാറിയെന്ന് അയാൾ പറയുന്നില്ല. പിന്നെയോ, മാംസമെടുത്തു എന്നാണ് പറയുന്നത്. നീ കേട്ടതുപോലെ അയാൾ കൂടെക്കൂടെ ഈ ഏറ്റുപറച്ചിൽ നടത്തുന്നു. അതുകൊണ്ട്, നിന്റെ ഗുരുവിനെ ദൈവദൂഷണത്തിൽ കത്തിവെട്ടാൻ മുതിരേണ്ട. കർത്താവ് പറഞ്ഞതുപോലെ, "ശിഷ്യൻ ഗുരുവിനേക്കാൾ വലിയവനല്ല" (മത്താ.10,24).

എരാ. വചനമാം ദൈവം വ്യതിയാനാതീതനാണെന്നും മാംസമെടുത്തെന്നും ഞാനും ഏറ്റുപറയുന്നു. ഈ നിരവധി സാക്ഷികളെ എതിർക്കുന്നത് തികഞ്ഞ ഭ്രാന്താണ്.

ഓർ. അവശേഷിക്കുന്ന പ്രശ്നങ്ങൾക്കും ഉത്തരം നൽകുന്നത് നല്ല കാര്യമായി തോന്നുന്നുണ്ടോ?

എരാ. ഈ കാര്യങ്ങളെ കുറിച്ചുള്ള അന്വേഷണം നമുക്ക് നാളത്തേക്ക് മാറ്റി വയ്ക്കാം.

ഓർ. അതുകൊണ്ട്, നമുക്ക് ഇപ്പോൾ ചർച്ച അവസാനിപ്പിച്ച് പിരിയാം. നാം ഏറ്റുപറഞ്ഞത് അനുസ്മരിക്കാം.

O

www.malankaralibrary.com

## ഡയലോഗ്– 2

# സമ്മിശ്രരഹിതം

എരാനിസ്തെസ്: പറഞ്ഞിരുന്നതുപോലെ ഞാൻ എത്തിയിരിക്കുന്നു. നീയിപ്പോൾ രണ്ടിലൊന്നു ചെയ്യണം: ഒന്നുകിൽ ചോദ്യങ്ങൾക്ക് ഉത്തരം നൽകി ചർച്ച ചെയ്യണം. അല്ലെങ്കിൽ, ഞാൻ പറയുന്നതുമായി യോജിക്കണം.

ഓർത്തഡോക്സ്: ഞാൻ ഈ വെല്ലുവിളി സ്വീകരിക്കുന്നു. കാരണം, ഇത് ന്യായയുക്തമാണെന്ന് കരുതുന്നു. എന്നാൽ ഇന്നലത്തെ നമ്മുടെ ചർച്ച അവസാനിപ്പിച്ച് നാമെത്തിച്ചേർന്ന നിഗമനം അനുസ്മരിക്കേണ്ടതുണ്ട്.

എരാ. അത് അവസാനിപ്പിച്ചത് ഞാൻ ഓർക്കുന്നു. കാരണം, വചനമാം ദൈവം വ്യതിയാനാതീതൻ ആണെന്നും ജഡമെടുത്തെന്നും മാംസമായി മാറിയില്ലെന്നും നാം അംഗീകരിച്ചത് ഞാൻ ഓർക്കുന്നു.

ഓർ. നീ കൃത്യമായി ഓർത്തതിനാൽ, ഈ നിഗമനങ്ങളിൽ നീ തൃപ്തനാണെന്ന് തോന്നുന്നു.

എരാ. ഇത്രയധികം പ്രഗത്ഭരായ പ്രബോധകരോട് തർക്കത്തിനു മുതിരുന്നവന് തികച്ചും ഭ്രാന്താണെന്ന് ഞാൻ നേരത്തേതന്നെ പറഞ്ഞല്ലോ. എന്നാൽ അപ്പൊള്ളിനാരിസ് മനുഷ്യാവതാരത്തെപ്പറ്റിയുള്ള തന്റെ ചർച്ചയിൽ വ്യക്തമായി എതിർദിശയിൽ നീങ്ങിയെങ്കിലും, സത്യവിശ്വാസികൾ പറഞ്ഞതു തന്നെ പറയുന്നതിൽ എനിക്കൽപം അത്ഭുതം തോന്നി.

ഓർ. അതുകൊണ്ട്, "വചനമാം ദൈവം മാംസമെടുത്തു" എന്നു നാം പറയുന്നല്ലോ.

എരാ. തീർച്ചയായും.

ഓർ. മാംസം എന്നതുകൊണ്ട് നാം എന്താണുദ്ദേശിക്കുന്നത്? ആരിയസും എവുണോമിയസും ചിന്തിക്കുന്നതുപോലെ, ശരീരം മാത്രമാണോ, അതോ, ശരീരവും ആത്മാവുമാണോ?

എരാ. ശരീരവും ആത്മാവും.

www.malankaralibrary.com

ഓർ. എന്തുതരം ആത്മാവ്? ബൗദ്ധികാത്മാവാണോ (നൂസ്), അതോ, മൃഗീയാത്മാവെന്ന് ചിലർ വിളിക്കുന്ന ആത്മാവാണോ (പ്സ്യുക്കെ അലോഗോസ്)? കാരണം, അപ്പൊള്ളിനാരിസിന്റെ കൃതികളിലെ പരാമർശങ്ങൾ ഇത്തരം അനാവശ്യചോദ്യങ്ങൾ ചോദിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു.

എരാ. വിവിധതരം ആത്മാക്കളെപ്പറ്റി അപ്പൊള്ളിനാരിസ് സൂചിപ്പിക്കുന്നുണ്ടോ?

ഓർ. മനുഷ്യന് മൂന്നു ഭാഗങ്ങളുണ്ടെന്ന് അയാൾ പറയുന്നു: ശരീരം, (സാർക്സ്), മൃഗീയാത്മാവ് (പ്സ്യുക്കെ അലോഗോസ്), മനസ് എന്ന് അയാൾ വിളിക്കുന്ന ബൗദ്ധികാത്മാവ് (നൂസ്). എന്നാൽ തിരുലിഖിതങ്ങൾക്ക് ഏകയാത്മാവിനെപ്പറ്റിയേ അറിവുള്ളു. രണ്ടിനെപ്പറ്റി അറിയില്ല. ആദ്യമനുഷ്യന്റെ രൂപീകരണം ഇക്കാര്യം വ്യക്തമായി നമ്മെ പഠിപ്പിക്കുന്നു. അതിപ്രകാരം പറയുന്നു: "ദൈവം ഭൂമിയിലെ മണ്ണെടുത്ത് മനുഷ്യനെ ഉണ്ടാക്കി. അവന്റെ മൂക്കിൽ ജീവശ്വാസം ഊതി. മനുഷ്യൻ ജീവനുള്ള ആത്മാവായിത്തീർന്നു" (ഉൽപ.2,7). കർത്താവ് സുവിശേഷത്തിൽ വിശുദ്ധ ശിഷ്യരോട് ഇപ്രകാരം പറഞ്ഞു: "ശരീരത്തെ കൊല്ലുകയും ആത്മാവിനെ കൊല്ലാൻ കഴിയാതിരിക്കുകയും ചെയ്യുന്നവരെ നിങ്ങൾ ഭയപ്പെടേണ്ട. മറിച്ച്, ആത്മാവിനെയും ശരീരത്തെയും നിത്യാഗ്നിയിൽ നശിപ്പിക്കാൻ കഴിയുന്നവനെ ഭയപ്പെടുവിൻ" (മത്താ.10,28). അതിദിവ്യനായ മോശ ഈജിപ്തിലേക്കു കടന്നുവന്ന ജനങ്ങളെ ഗോത്രത്തലവന്റെ കീഴിൽ എണ്ണിയപ്പോൾ പറഞ്ഞു: "ഈജിപ്തിൽ കടന്നുവന്ന ആത്മാക്കൾ എല്ലാവരും കൂടി എഴുപത്തഞ്ചായിരുന്നു" (ഉൽപ. 46,27?). പ്രവേശിച്ച ഓരോരുത്തരെ ഓരോ ആത്മാക്കളായിട്ടാണ് അവൻ എണ്ണിയത്. ത്രോവാസിൽ വച്ച് എവുതീക്കെസ് മരിച്ചെന്ന് എല്ലാവരും കരുതിയപ്പോൾ, ദിവ്യശ്ലീഹാ പറഞ്ഞു: "നിങ്ങൾ വിഷമിക്കേണ്ട, അവന്റെ ആത്മാവ് അവന്റെ ഉള്ളിലുണ്ട്"(നട.20,10).

എരാ. ഓരോ മനുഷ്യനും ഓരോ ആത്മാവേയുള്ളു എന്ന് വ്യക്തമായി കാണിച്ചിരിക്കുന്നു.

ഓർ. എന്നാൽ രണ്ടാത്മാക്കളുണ്ടെന്നും വചനമാം ദൈവം മൃഗീയാത്മാവിനെ എടുത്തിട്ട് ബൗദ്ധികാത്മാവിന്റെ സ്ഥാനത്തു വസിച്ചെന്നും അപ്പൊള്ളിനാരിസ് പറയുന്നു. അതുകൊണ്ടാണ് ശരീരത്തോടൊപ്പം ഏതുതരം ആത്മാവിനെയാണ് എടുത്തതെന്ന് ഞാൻ നിന്നോട് ചോദിച്ചത്.

എരാ. ഞാൻ തിരുലിഖിതങ്ങൾ സ്വീകരിക്കുന്നതിനാൽ, ബൗദ്ധികാത്മാവാണെന്ന് ഞാൻ പറയുന്നു.

ഓർ. അതുകൊണ്ട്, വചനമാം ദൈവം ദാസന്റെ സമ്പൂർണ രൂപമെടുത്തെന്ന് നാം പറയുന്നുവോ?

എരാ. അതേ.

www.malankaralibrary.com

ഓർ. ഇത് തികച്ചും ശരിയാണ്. കാരണം, ആദ്യമനുഷ്യൻ മുഴുവനായി പാപവിധേയനായി. ദൈവികഛായയുടെ സവിശേഷതകൾ തകർത്തു. മനുഷ്യകുലം ആദ്യപിതാവിനെ അനുധാവനം ചെയ്തു. അതുകൊണ്ട്, മങ്ങിപ്പോയ ഛായയെ നവീകരിക്കാനുള്ള ആഗ്രഹത്താൽ, സ്രഷ്ടാവ് അവശ്യാവശ്യം മനുഷ്യസ്വഭാവം പൂർണമായി എടുക്കുകയും ആദ്യത്തേതിനേക്കാൾ മെച്ചപ്പെട്ട സവിശേഷതകൾ അതിൽ സ്ഥാപിക്കുകയും ചെയ്തു.

എരാ. ഇതു വാസ്തവമാണ്. എന്നാൽ നാം ആദ്യമേതന്നെ പദങ്ങളുടെ അർഥം വ്യക്തമാക്കണം. എങ്കിലേ സംവാദം എളുപ്പത്തിൽ നടക്കൂ. സ്തംഭിപ്പിക്കുന്ന സംശയാസ്പദമായതൊന്നും ഇടയ്ക്ക് കയറിവരികയുമില്ല.

ഓർ. വളരെ ശരിയാണ്. നിനക്ക് ഇഷ്ടമുള്ളത് ചോദിച്ചുകൊള്ളുക.

എരാ. യേശുക്രിസ്തുവിനെ നാം എന്താണ് വിളിക്കേണ്ടത്? മനുഷ്യനെന്നോ, ദൈവമെന്നോ?

ഓർ. ഏതെങ്കിലും ഒന്നുമാത്രമല്ല, ഒരേസമയം രണ്ടുമാണ്. കാരണം, വചനമാം ദൈവം മനുഷ്യനായപ്പോൾ അവനെ യേശുക്രിസ്തു എന്നു വിളിച്ചു. തിരുലിഖിതം പറയുന്നു: "അവനു നീ യേശു എന്നു പേരിടണം. എന്തുകൊണ്ടെന്നാൽ അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിക്കും" (മത്താ.1,21). "ഇന്ന് ദാവീദിന്റെ പട്ടണത്തിൽ കർത്താവായ ക്രിസ്തു നിങ്ങൾക്കായി ജനിച്ചിരിക്കുന്നു" (ലൂ.2,11). ദൂതന്മാരുടെ വാക്കുകളാണിവ. എന്നാൽ മനുഷ്യനായി തീരുന്നതിനുമുമ്പ് ദൈവം, ദൈവപുത്രൻ, ഏകജാതൻ, കർത്താവ്, വചനമാം ദൈവം, സ്രഷ്ടാവ് എന്നൊക്കെ വചനം വിളിക്കപ്പെട്ടിരുന്നു. കാരണം, "ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടുകൂടെ ആയിരുന്നു. വചനം ദൈവമായിരുന്നു. സമസ്തവും അവനിലൂടെ ഉണ്ടായി." "അവൻ ജീവനായിരുന്നു." "ലോകത്തിലേക്കു കടന്നുവന്ന് എല്ലാവരെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം അവനായിരുന്നു" എന്നെല്ലാം എഴുതപ്പെട്ടിരുന്നു (യോഹ.1,1-4.9). ദൈവസ്വഭാവം വെളിപ്പെടുത്തുന്ന ഇതുപോലുള്ള ധാരാളം പ്രസ്താവനകളുണ്ട്. എന്നാൽ മനുഷ്യനായി തീർന്നശേഷം അതേ ആൾ *യേശു* എന്നും *ക്രിസ്തു* എന്നും വിളിക്കപ്പെട്ടു.

എരാ. അതുകൊണ്ട്, കർത്താവായ യേശു ദൈവം മാത്രമാണ്.

ഓർ. വചനമാം ദൈവം മനുഷ്യനായെന്നും അവനെ ദൈവം എന്നു മാത്രം വിളിക്കുന്നു എന്നും നീ കേട്ടിട്ടുണ്ടോ?

എരാ. മാറ്റം കൂടാതെ, താൻ ആയിരുന്ന അവസ്ഥയിൽ നിലനിന്നുകൊണ്ട്, അവിടുന്ന് മനുഷ്യനായി തീർന്നതിനാൽ, അവൻ എന്തായിരുന്നുവോ അത് അവനെ വിളിക്കണം.

ഓർ. വചനമാം ദൈവം വ്യതിയാനാതീതൻ ആയിരുന്നു, ആണ്,

www.malankaralibrary.com

ആയിരിക്കയും ചെയ്യും. എന്നാൽ മനുഷ്യസ്വഭാവം എടുത്ത് അവിടുന്ന് മനുഷ്യനായി. അതുകൊണ്ട് നാം രണ്ടു സ്വഭാവങ്ങളും ഏറ്റുപറയണം: എടുത്തതും എടുക്കപ്പെട്ടതും.

എരാ. ശ്രേഷ്ഠമായതിൽ നിന്നാണ് പേര് വരേണ്ടത്.

ഓർ. മനുഷ്യൻ, അതായത് ജീവനുള്ളവൻ, കേവലമാണോ, മിശ്രിതമാണോ?

എരാ. മിശ്രിതം.

ഓർ. എങ്ങനെയാണ് മിശ്രിതമായിരിക്കുന്നത്?

എരാ. ആത്മാവും ശരീരവും കൊണ്ട്.

ഓർ. ഇവയിൽ ഏതാണ് മെച്ചപ്പെട്ടത്?

എരാ. സുവ്യക്തമായി ആത്മാവാണ് മെച്ചപ്പെട്ടത്. കാരണം, അത് ബൗദ്ധികവും അമർത്യവുമാണ്. ജീവനുള്ളതിന്മേലുള്ള അധികാരം അതിനാണ് നൽകിയിരിക്കുന്നത്. എന്നാൽ ശരീരം മർത്യവും നശ്വരവുമാണ്. ആത്മാവിൽ നിന്നു വേർപെട്ടാൽ അത് ബുദ്ധിരഹിതവും മൃതവുമാണ്.

ഓർ. അപ്പോൾ, ജീവനുള്ളതിനെ തിരുലിഖിതം മെച്ചപ്പെട്ട സ്വഭാവം കൊണ്ട് വിളിക്കണമല്ലോ.

എരാ. തീർച്ചയായും അതു വിളിക്കുന്നു. കാരണം, ഈജിപ്തിലേക്കു കടന്നവരെ അത് ആത്മാക്കൾ എന്നു വിളിക്കുന്നു: "ഈജിപ്തിലേക്കു കടന്ന ഇസ്രായേൽക്കാർ എഴുപത്തഞ്ച് ആത്മാക്കളായിരുന്നു" എന്നാണ് തിരുലിഖിതം പറയുന്നത് (ഉൽപ.46,27).

ഓർ. ശരീരവുമായി ബന്ധപ്പെടുത്തി തിരുലിഖിതം ആരെയെങ്കിലും വിളിച്ചിട്ടുണ്ടോ?

എരാ. ജഡത്തിന് അടിമയായവരെ അത് ജഡമെന്ന് വിളിച്ചിട്ടുണ്ട്. "എന്റെ ആത്മാവ് ഈ ജനത്തിന്മേൽ വസിക്കയില്ല. കാരണം, അവർ ജഡമാണ്" എന്ന് തിരുലിഖിതം പറയുന്നു (ഉൽപ.6,3).

ഓർ. കുറ്റപ്പെടുത്തുന്നതല്ലാതെ അത് ആരെയെങ്കിലും ജഡമെന്നു വിളിച്ചിട്ടുണ്ടോ?

എരാ. ഞാൻ ഓർക്കുന്നില്ല.

ഓർ. വളരെ വിശുദ്ധരായ വ്യക്തികളെ അത് ജഡമെന്നു വിളിച്ചത് ഞാൻ നിന്നെ ഓർപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്യാം. ശ്ലീഹന്മാർ ആത്മീയരോ, ജഡികരോ? നിനക്കെന്തു തോന്നുന്നു?

എരാ. അവർ ആത്മീയരും ആത്മീയരുടെ നേതാക്കളും പ്രബോധകരുമാണ്.

www.malankaralibrary.com

ഓർ. അപ്പോൾ, ദിവ്യപ്രചോദിതനായ പൗലോസിന്റെ വാക്കുകൾ കേൾക്കുക: "എന്റെ മാതാവിന്റെ ഉദരത്തിൽ വച്ചുതന്നെ എന്നെ വേർതിരിക്കയും തന്റെ കൃപയാൽ എന്നെ വിളിക്കുകയും ചെയ്തവൻ തന്റെ പുത്രനെപ്പറ്റി വിജാതിയരോട് പ്രസംഗിക്കാനായി അവനെ എനിക്കു വെളിപ്പെടുത്താൻ തിരുമനസ്സായി. അപ്പോൾ ഞാൻ ജഡരക്തങ്ങളുടെ ഉപദേശം ഉടനേ തേടിയില്ല. എനിക്കു മുമ്പേ ശ്ലീഹന്മാരായിരുന്നവരുടെ പക്കലേക്ക് ഞാൻ കയറിപ്പോയില്ല" (ഗലാ.1,15–17). ഈ രീതിയിൽ ശ്ലീഹന്മാരെപ്പറ്റി പരാമർശിക്കുന്നതുകൊണ്ട് അവൻ അപ്പോൾ അവരെ വിമർശിക്കുകയായിരുന്നില്ല. ആയിരുന്നോ?

എരാ. ഒരിക്കലുമല്ല.

ഓർ. ദൃശ്യസ്വഭാവം കൊണ്ട് അവരെ വിളിച്ച്, മനുഷ്യരിലൂടെയുള്ള വിളിയെ സ്വർഗത്തിൽ നിന്നുള്ള വിളിയുമായി താരതമ്യപ്പെടുത്തുകയായിരുന്നില്ലേ?

എരാ. അതേ.

ഓർ. അപ്പോൾ, "സമസ്തജഡവും നിന്റെ പക്കലേക്കുവരും" എന്ന് സങ്കീർത്തന രചയിതാവായ ദാവീദ് പാടിപ്പറയുന്നത് ശ്രവിക്കുക (65,2). "സമസ്തജഡവും നമ്മുടെ ദൈവത്തിന്റെ രക്ഷ കാണും" എന്ന് ഏശായാ മുൻകൂട്ടി പറയുന്നതും കേൾക്കുക (52,10).

എരാ. കുറ്റപ്പെടുത്തൽ കൂടാതെതന്നെ തിരുലിഖിതം മനുഷ്യപ്രകൃതിയെ ജഡസംബന്ധമായ പദങ്ങൾ കൊണ്ട് വിളിക്കുന്നു എന്നത് വ്യക്തമായി കാണിച്ചിരിക്കുന്നു.

ഓർ. ഇപ്പോൾ ഞാൻ നിന്നെ മറ്റേവശം കൂടി കാണിക്കാം.

എരാ. ഏത് മറ്റേവശം?

ഓർ. ചിലരെ കുറ്റപ്പെടുത്തുമ്പോഴും തിരുലിഖിതം ആത്മാവിനെ സംബന്ധിക്കുന്ന പദങ്ങൾ മാത്രം ഉപയോഗിക്കുന്നുണ്ട്.

എരാ. തിരുലിഖിതത്തിൽ എവിടെയാണ് നീയിത് കാണുക?

ഓർ. എസക്കിയേൽ പ്രവാചകനിലൂടെ കർത്താവായ ദൈവം സംസാരിക്കുന്നത് കേൾക്കുക: "പാപം ചെയ്യുന്ന ആത്മാവ് മരിക്കും" (18,4). "പാപം ചെയ്യുന്ന ആത്മാവ്" എന്നും "ആ പ്രവാചകനെ ശ്രവിക്കാത്ത ആത്മാക്കളെല്ലാം നിശ്ശേഷം നശിപ്പിക്കപ്പെടും" എന്നും ശക്തനായ മോശയിലൂടെയും അവൻ പറയുന്നു (ആവ.18,19; സംഖ്യ 9,13). ഇതുപോലുള്ള നിരവധി പ്രസ്താവനകൾ നിനക്ക് കാണാൻ കഴിയും.

എരാ. ഇത് വ്യക്തമായിക്കഴിഞ്ഞു.

www.malankaralibrary.com

ഓർ. സ്വാഭാവികൈക്യവും സൃഷ്ടികളുടെയും സഹദാസരുടെയും സമകാലീനരുടെയും ഒന്നിച്ചുകൂടലും ഉള്ളപ്പോൾ, തിരുലിഖിതങ്ങൾ സാധാരണയായി മെച്ചപ്പെട്ട സ്വഭാവത്തിന് അനുസൃതമായ പേരുകൾ കൊണ്ടു മാത്രമല്ല, താഴ്ന്നതിന് അനുസൃതമായ പേരുകൾ കൊണ്ടുകൂടി വിളിക്കാറുണ്ട്. പല സംഗതികളാലും ഇത് തികച്ചും ആവശ്യമായിരിക്കുമ്പോൾ, കർത്താവായ ക്രിസ്തുവിനെ ദൈവമെന്ന് ഏറ്റുപറയുന്നതോടൊപ്പം മനുഷ്യനെന്നു പേരു വിളിക്കുന്നതിന് നിനക്ക് നമ്മെ എങ്ങനെ കുറ്റപ്പെടുത്താനാവും?

എരാ. രക്ഷകനായ ക്രിസ്തുവിനെ മനുഷ്യനെന്നു വിളിക്കുന്നതിന്റെ ആവശ്യമെന്താണ്?

ഓർ. പാഷണ്ഡപ്രബോധനങ്ങളുടെ ഇടയിലുള്ള വ്യത്യാസങ്ങളും പരസ്പര വിരുദ്ധതകളും.

എരാ. ഏത് പ്രബോധനങ്ങളാണ് പരസ്പര വിരുദ്ധങ്ങളായിരിക്കുന്നത്?

ഓർ. ആരിയസിന്റെ പ്രബോധനം സബെല്ലിയസിനെ ഖണ്ഡിക്കുന്നു. ആരിയസ് സത്തകളെ വിഭജിക്കുന്നു. സബെല്ലിയസ് സുസ്ഥിതയാഥാർഥ്യങ്ങളെ കൂട്ടിക്കലർത്തുന്നു. ആരിയസ് മൂന്ന് സത്തകൾ അവതരിപ്പിക്കുന്നു. മൂന്നിനു പകരം ഒരു സുസ്ഥിതയാഥാർഥ്യത്തെപ്പറ്റി സബെല്ലിയസ് പ്രസംഗിക്കുന്നു. ഓരോ രോഗവും എങ്ങനെയാണ് സുഖപ്പെടുത്തേണ്ടത്? രണ്ടിനും ഒരേ മരുന്ന് പ്രയോഗിച്ചോ, അതോ, ഓരോന്നിനും പറ്റിയത് ഉപയോഗിച്ചോ?

എരാ. ഓരോന്നിനും പറ്റിയത് ഉപയോഗിച്ചുകൊണ്ട്.

ഓർ. വിശുദ്ധ ത്രിത്വത്തിന്റെ ഏകസത്ത ഏറ്റുപറയാൻ ആരിയസിനെ പ്രേരിപ്പിക്കാൻ പരിശ്രമിക്കാം. തിരുലിഖിതത്തിൽ നിന്ന് അതിനുള്ള തെളിവുകൾ നൽകാം.

എരാ. അതാണ് വേണ്ടത്.

ഓർ. എന്നാൽ സബെല്ലിയസുമായി വാദിക്കുമ്പോൾ, നാം ഇതിന്റെ എതിരായിട്ടുള്ളതാണ് ചെയ്യുക. നാം സത്തയെപ്പറ്റി അവിടെ ഉരിയാടുകയില്ല. കാരണം, അവനും ഏകസത്ത അംഗീകരിക്കുന്നുണ്ട്.

എരാ. തീർച്ചയായും.

ഓർ. എന്നാൽ അവന്റെ ചിന്തയിലുള്ള രോഗം സൗഖ്യമാക്കാൻ നാം ശ്രമിക്കുന്നതാണ്.

എരാ. നിശ്ചയമായും.

ഓർ. അവന് എന്ത് രോഗമാണെന്നാണ് നാം പറഞ്ഞത്?

എരാ. സുസ്ഥിതയാഥാർഥ്യങ്ങളെ സംബന്ധിച്ച് അവനിൽ കുറവുണ്ടെന്നാണ് നാം പറഞ്ഞത്.

www.malankaralibrary.com

ഓർ. ത്രിത്വത്തിലെ ഏകസുസ്ഥിത യാഥാർഥ്യത്തെപ്പറ്റി അവൻ പറയുമ്പോൾ, തിരുലിഖിതം മൂന്ന് സുസ്ഥിതയാഥാർഥ്യങ്ങളെപ്പറ്റി പ്രഖ്യാപിക്കുന്നെന്ന് നാം അവനെ കാണിക്കുന്നതാണ്.

എരാ. ഇതാണ് ശരിയായ സമീപനം. എന്നാൽ ചർച്ച ചെയ്തുകൊണ്ടിരുന്ന വിഷയത്തിൽനിന്ന് നാം അകന്നുപോയി.

ഓർ. ഒരിക്കലുമില്ല. കാരണം, നാമതിനു തെളിവു സംഭരിക്കുകയാണ്. നിനക്ക് അതുടനേ മനസിലാകും. അറിയപ്പെടുന്ന പാഷണ്ഡതകളെല്ലാം ക്രിസ്തുവിന്റെ ദൈവത്വവും മനുഷ്യത്വവും ഏറ്റുപറയുന്നുണ്ടെന്ന് നിനക്ക് തോന്നുന്നുണ്ടോ എന്ന് എന്നോട് പറയുക.

എരാ. എനിക്കു തോന്നുന്നില്ല.

ഓർ. ചിലർ ദൈവത്വം മാത്രവും ചിലർ മനുഷ്യത്വം മാത്രവും ഏറ്റുപറയുന്നു.

എരാ. സത്യമാണ്.

ഓർ. മറ്റുചിലർ മനുഷ്യത്വത്തിന്റെ ഒരു ഭാഗം മാത്രവും ഏറ്റുപറയുന്നു.

എരാ. ഇത് ശരിയാണെന്ന് എനിക്കു തോന്നുന്നു. നമ്മുടെ അന്വേഷണം കുറേക്കൂടി വ്യക്തമായി മുന്നോട്ട് പോകാൻ, ഓരോ അഭിപ്രായം പറയുന്നവരുടെയും പേരുകൾ പറയണം.

ഓർ. ഞാനതുചെയ്യാം. ക്ഷുദ്രക്കാരൻ ശീമോൻ, മെനാൻഡർ, ചെർദോൻ, മാർസ്യൻ, വലന്റീസ്, ബസിലിദെസ്, ബർദൈസാൻ, മാനി എന്നിവർ ക്രിസ്തുവിന്റെ മനുഷ്യത്വം പാടേ നിഷേധിച്ചവരാണ്. അർതേമോൻ, തെയൊഡോട്ടസ്, സബെല്ലിയസ്, സാമൊസാട്ടക്കാരൻ പൗലോസ്, മർസെല്ലസ്, ഫൊത്തീനുസ് എന്നിവർ നേരേ എതിരായിട്ടുള്ള ദൈവദൂഷണത്തിൽ നിപതിച്ചു. ക്രിസ്തു ഒരു മനുഷ്യൻ മാത്രമാണെന്ന് അവർ പ്രഖ്യാപിക്കുകയും നിത്യത മുതൽ സ്ഥിതിചെയ്യുന്ന ദൈവത്വം നിഷേധിക്കുകയും ചെയ്യുന്നു. ആരിയസും എവുണോമിയസും ഏകജാതന്റെ ദൈവത്വത്തെ സൃഷ്ടിക്കപ്പെട്ടതെന്ന് വിളിക്കുകയും അവൻ ശരീരം മാത്രമേ എടുത്തുള്ളു എന്ന് പറയുകയും ചെയ്യുന്നു. ശരീരത്തോടൊപ്പം ആത്മാവിനെ എടുത്തതായി അപ്പൊള്ളിനാരിസ് ഏറ്റുപറയുന്നെങ്കിലും അയാളുടെ തന്നെ വാക്കുകളിൽ, മഹത്വവും രക്ഷയും ബൗദ്ധികാത്മാവിന് അയാൾ നിഷേധിക്കുന്നു. ഈ വഴിപിഴച്ച പ്രബോധനങ്ങളുടെ ഇടയിൽ ഇത്തരം ധാരാളം പൊരുത്തക്കേടുകളുണ്ട്. ഇത്തരം ആളുകളോട് നാം സംഭാഷണം നടത്തണമോ, അതോ, കുഴിയിൽ നിപതിച്ച അവരെ അവഗണിച്ച് പിശാചിന്റെ പക്കലേക്ക് പോകാൻ അനുവദിക്കണമോ എന്ന് സത്യത്തെ സ്നേഹിക്കുന്നവൻ എന്ന നിലയ്ക്ക് നിനക്ക് എന്തു തോന്നുന്നെന്ന് പറയുക.

www.malankaralibrary.com

എരാ. രോഗഗ്രസ്തരെ വെറുക്കുന്നത് മനുഷ്യത്വരഹിതമായ പ്രവൃത്തിയാണ്.

ഓർ. അതുകൊണ്ട്, നമുക്ക് അനുകമ്പ ഉണ്ടായിരിക്കണം. ഒരു പ്രതിവിധി നൽകാൻ നമ്മുടെ കഴിവനുസരിച്ച് പരിശ്രമിക്കുകയും വേണം.

എരാ. തീർച്ചയായും.

ഓർ. നീ ഒരു ഭിഷഗ്വരനാണെങ്കിൽ, കണ്ണുവേദന, ചെവിവേദന, പല്ലുവേദന, ഒടിവ്, ചതവ്, പനി തുടങ്ങി വിവിധ രോഗങ്ങളുമായി നിന്നെ സമീപിക്കുന്നവർക്ക് നീ എന്തു ചെയ്യുമെന്നു പറയുക. നീ അവർക്കെല്ലാം ഒറ്റ മരുന്നു നൽകുമോ, അതോ, ഓരോ രോഗത്തിനും പറ്റിയ മരുന്നു നൽകുമോ?

എരാ. ഓരോരുത്തരുടെയും രോഗം സുഖമാകാൻ പറ്റിയ വ്യത്യസ്ത മരുന്നുകൾ നൽകുമെന്ന് വ്യക്തമാണല്ലോ.

ഓർ. ചൂടുള്ള പനിയെ തണുപ്പിക്കുന്നു. തണുപ്പുകൊണ്ട് വിറയ്ക്കുന്നവരെ ചൂടാക്കുന്നു. കട്ടിയുള്ളത് മാർദവമാക്കുന്നു. ബലഹീനരെ നല്ല മരുന്നുകൾ കൊണ്ട് ബലമുള്ളവരാക്കുന്നു. പഴുപ്പുള്ളത് ഉണക്കുന്നു. ഉണങ്ങി വരണ്ടവയ്ക്ക് എണ്ണ പുരട്ടുന്നു. ഇങ്ങനെ രോഗം മാറ്റി ആരോഗ്യം വീണ്ടെടുത്തു കൊടുക്കുന്നു.

എരാ. വൈദ്യശാസ്ത്രം ഈ രീതിയിലുള്ള പ്രതിവിധി പ്രയോഗമാണ് നിർദേശിച്ചിരിക്കുന്നത്. എതിരായിട്ടുള്ളവ എതിരായവയെ സുഖപ്പെടുത്തുന്നു എന്ന് പറയപ്പെടുന്നു.

ഓർ. നീ ഒരു പൂന്തോട്ടക്കാരനാണെങ്കിൽ, എല്ലാ ചെടികൾക്കും ഒരുപോലുള്ള ശുശ്രൂഷയും പരിരക്ഷണവും നൽകുമോ? അത്തിമരത്തിനു പറ്റിയ സംരക്ഷണം അതിനു നൽകുന്നു, മാതളനാരകത്തിനു പറ്റിയത് അതിനു നൽകുന്നു. അതുപോലെ പേരയ്ക്കും ആപ്പിൾചെടിക്കും മുന്തിരിക്കും പറ്റിയ പരിചരണം നൽകുന്നില്ലേ? ചുരുക്കത്തിൽ ഓരോന്നിനും പറ്റിയ സംരക്ഷണമല്ലേ നൽകുക?

എരാ. ഓരോ ചെടിക്കും പറ്റിയ സംരക്ഷണമാണ് ആവശ്യം.

ഓർ. നീ വിദഗ്ദ്ധനായ കപ്പൽ നിർമാതാവാണെങ്കിൽ, കപ്പൽ പായ്മരത്തെ താങ്ങിനിർത്തുന്ന ഭാഗത്ത് പണി ആവശ്യമാണെന്നു കണ്ടാൽ, പങ്കായത്തിന് കൊടുക്കുന്ന ശ്രദ്ധ കൊടുക്കുമോ? അതോ, മറ്റതിനു പറ്റിയ ശ്രദ്ധ കൊടുക്കുമോ?

എരാ. വളരെ സുവ്യക്തമായ കാര്യങ്ങളാണിവ. ചെടിയായാലും ശരീരാവയവമായാലും വീട്ടുപകരണത്തിന്റെ ഭാഗമായാലും കപ്പലിന്റെ ഭാഗമായാലും ഓരോന്നിനും അതിന്റേതായ ശ്രദ്ധയും പരിചരണവും ആവശ്യമാണ്.

www.malankaralibrary.com

ഓർ. ആത്മാക്കളില്ലാത്ത വസ്തുക്കൾക്കും ശരീരത്തിനും ഉചിതമായ പ്രതിവിധി നൽകുമ്പോൾ, ആത്മാക്കളുടെ കാര്യത്തിൽ ഈ വൈദ്യശാസ്ത്ര നിയമം അനുവർത്തിക്കാത്തത് ദുഷ്ടതയല്ലേ?

എരാ. അത് തികച്ചും അനീതിയാണ്. അനീതിയാണെന്നു മാത്രമല്ല, വിഡ്ഢിത്തവുമാണ്. കാരണം, ഇതിൽ നിന്ന് വ്യത്യസ്തമായി പ്രവർത്തിക്കുന്നവർ വൈദ്യശാസ്ത്രത്തിൽ പ്രവീണരല്ല.

ഓർ. നാം വ്യത്യസ്ത പാഷണ്ഡതകളെപ്പറ്റി ചർച്ച ചെയ്യുമ്പോൾ ഓരോന്നിനും ഉചിതമായ പ്രതിവിധി നിർദേശിക്കേണ്ടതല്ലേ?

എരാ. തീർച്ചയായും.

ഓർ. അവർക്കുള്ള കുറവു നികത്തുകയും അധികപ്പറ്റായത് നീക്കുകയും ചെയ്യുന്നതിലാണ് പ്രതിവിധി അടങ്ങിയിരിക്കുന്നത്. ശരിയല്ലേ?

എരാ. അതേ.

ഓർ. ഫൊതീനുസ്, മർസെല്ലസ്, അവരുടെ അനുഗാമികൾ എന്നിവരെ സുഖപ്പെടുത്താൻ നാം ശ്രമിക്കുമ്പോൾ, വൈദ്യശാസ്ത്രനിയമം അനുസരിച്ച് എന്താണ് കൂട്ടിച്ചേർക്കേണ്ടത്?

എരാ. അവർ ക്രിസ്തുവിന്റെ ദൈവത്വം അംഗീകരിക്കാത്തതിനാൽ, അത് ഏറ്റുപറയുക എന്നതാണ്.

ഓർ. കർത്താവായ ക്രിസ്തു മനുഷ്യനാണെന്ന് അവർ ഏറ്റുപറയുന്നതിനാൽ, മനുഷ്യത്വത്തെപ്പറ്റി നാം അവരോട് ഒന്നും പറയേണ്ടതില്ല.

എരാ. ശരിയാണ്.

ഓർ. എന്നാൽ ആരിയസ്, എവുണോമിയസ് എന്നിവരുമായി ഏകജാതന്റെ മനുഷ്യാവതാരത്തെപ്പറ്റി സംസാരിക്കുമ്പോൾ, തങ്ങളുടെ ഏറ്റുപറച്ചിലിൽ അവർ കൂട്ടിച്ചേർക്കേണ്ടതുണ്ടെന്ന് അവരെ പ്രേരിപ്പിക്കേണ്ടത് എന്താണ്?

എരാ. വചനമാം ദൈവം ശരീരം മാത്രമേ എടുത്തുള്ളു എന്നു അവർ പറയുന്നതിനാൽ, ആത്മാവിനെ എടുത്ത കാര്യം.

ഓർ. മനുഷ്യാവതാരത്തെപ്പറ്റിയുള്ള അപ്പൊള്ളിനാരിസിന്റെ പ്രബോധനം കൃത്യമാകാൻ എന്താണ് കൂട്ടിച്ചേർക്കേണ്ടത്?

എരാ. അയാൾ ആത്മാവിൽനിന്ന് മനസിനെ വേർപെടുത്താൻ പാടില്ല. ശരീരത്തോടൊപ്പം ബൗദ്ധികാത്മാവിനെയും എടുത്തെന്ന് ഏറ്റുപറയണം.

ഓർ. ഇത് അവരുമായി നമുക്ക് ചർച്ച ചെയ്യാമോ?

എരാ. തീർച്ചയായും.

www.malankaralibrary.com

ഓർ. മാർസ്യൻ, വലന്റീനസ്, മാനി, അവരുടെ അനുയായികൾ എന്നിവരെപ്പറ്റി എന്തു പറയുന്നു? അവർ ഭാഗികമായി ഏറ്റുപറയുന്നതും പൂർണമായി നിഷേധിക്കുന്നതും എന്താണെന്നാണ് നാം പറയുന്നത്?

എരാ. അവർ ക്രിസ്തുവിന്റെ ദൈവത്വത്തിൽ വിശ്വസിക്കുന്നതായി അവകാശപ്പെടുന്നു. എന്നാൽ മനുഷ്യത്വത്തെപ്പറ്റിയുള്ള പ്രബോധനം അംഗീകരിക്കുന്നില്ല.

ഓർ. മനുഷ്യത്വത്തെപ്പറ്റിയുള്ള പ്രബോധനം അംഗീകരിക്കാനും ദൈവിക പദ്ധതിയെ മായയെന്ന് വിളിക്കാതിരിക്കാനും അവരെ നമുക്ക് പ്രേരിപ്പിക്കാൻ ശ്രമിക്കാം.

എരാ. ചെയ്യേണ്ട കാര്യമിതാണ്.

ഓർ. അതുകൊണ്ട്, ക്രിസ്തുവിനെ ദൈവമെന്നു മാത്രമല്ല, മനുഷ്യൻ എന്നുകൂടി വിളിക്കാൻ നമുക്ക് അവരോട് പറയാം.

എരാ. അത് ശരിയാണ്.

ഓർ. ക്രിസ്തുവിനെ മനുഷ്യനെന്നു വിളിക്കാൻ നാം കൂട്ടാക്കുന്നില്ലെങ്കിൽ, മറ്റുള്ളവരോട് നമുക്കിതെങ്ങനെ പറയാനാകും? കാരണം, അവർ നമ്മുടെ ഉപദേശം കേൾക്കുകയില്ല. മറിച്ച്, അവർ ചിന്തിക്കുന്നതുപോലെയാണ് നാമും ചിന്തിക്കുന്നതെന്ന് നമ്മെ കുറ്റപ്പെടുത്തും.

എരാ. വചനമാം ദൈവം മാംസവും ബൗദ്ധികാത്മാവും എടുത്തെന്ന് നാം ഏറ്റുപറയുമ്പോൾ, നാമെങ്ങനെയാണ് അവർ ചിന്തിക്കുന്നതുപോലെ ചിന്തിക്കുന്നത്?

ഓർ. ശരി. നാം യാഥാർഥ്യം ഏറ്റുപറയുന്നെങ്കിൽ, എന്തിനാണ് വാക്കുകൾ ഒഴിവാക്കുന്നതെന്ന് ദയവായി പറഞ്ഞാലും.

എരാ. നാം രക്ഷകനെ കൂടുതൽ ശ്രേഷ്ഠമായ ഘടകങ്ങളനുസരിച്ച് വിളിക്കണം.

ഓർ. ശരി. ഈ നിയമം മുറുകെ പിടിച്ചുകൊള്ളുക. ക്രൂശിക്കപ്പെട്ടവനെന്നോ, മരിച്ചവരിൽ നിന്ന് ഉയർത്തവനെന്നോ, അതുപോലെയുള്ള മറ്റു പേരുകളോ കൊണ്ട് അവനെ വിളിക്കാൻ പാടില്ലേ?

എരാ. രക്ഷ നേടിത്തന്ന പീഡാനുഭവത്തെ സൂചിപ്പിക്കുന്ന പദങ്ങളാണിവ. പീഡാനുഭവം നിഷേധിക്കുക എന്നാൽ രക്ഷ ഒഴിവാക്കുക എന്നാണർഥം.

ഓർ. മനുഷ്യനെന്ന പദം സ്വഭാവത്തെ കുറിക്കുന്നതാണ്. അതേപ്പറ്റി നിശ്ശബ്ദത പാലിക്കുന്നത് സ്വഭാവത്തെ നിഷേധിക്കലാണ്. സ്വഭാവം നിഷേധിക്കുന്നത് പീഡാനുഭവം ഒഴിവാക്കലാണ്. പീഡാനുഭവം ഒഴിവാക്കുന്നത് രക്ഷ നശിപ്പിക്കലാണ്.

www.malankaralibrary.com

എരാ. എടുക്കപ്പെട്ട സ്വഭാവത്തെപ്പറ്റി അറിയുന്നതിന് ഞാൻ വലിയ വില കൽപിക്കുന്നു. എന്നാൽ ലോകരക്ഷകനെ മനുഷ്യൻ എന്നു വിളിക്കുന്നത് കർത്താവിന്റെ മഹത്വത്തിന് മങ്ങലേൽപിക്കുന്നതാണ്.

ഓർ. നീ പത്രോസിനേക്കാളും പൗലോസിനേക്കാളും രക്ഷകനേക്കാൾ പോലും ജ്ഞാനിയാണെന്ന് കരുതുന്നുണ്ടോ? കർത്താവ് യൂദരോടു പറഞ്ഞു: "എന്റെ പിതാവിൽ നിന്നു കേട്ട സത്യം നിങ്ങളോടു സംസാരിച്ച മനുഷ്യനായ എന്നെ കൊല്ലാൻ എന്തിനാണ് നിങ്ങൾ അന്വേഷിക്കുന്നത്?" (യോഹ.8,40;7,19). അവൻ മിക്കപ്പോഴും തന്നെത്തന്നെ മനുഷ്യപുത്രൻ എന്നു വിളിച്ചിരുന്നു. അതിപരിശുദ്ധനായ പത്രോസ് യൂദരോട് സംസാരിച്ചുകൊണ്ട് പറഞ്ഞു: "ഇസ്രായേൽ ജനങ്ങളേ, ഈ വാക്കു കേൾക്കുവിൻ. നിങ്ങൾക്കായി ദൈവം അംഗീകരിച്ച നസ്രായനേശു" (നട.2,22). അരെയോപ്പഗാസിനടുത്ത് നിന്നിരുന്നവരോട് ഭാഗ്യവാനായ പൗലോസ് രക്ഷാകരസന്ദേശം അറിയിച്ചു കൊണ്ട് പല കാര്യങ്ങൾ പറഞ്ഞ കൂട്ടത്തിൽ ഇതും പറഞ്ഞു: "അജ്ഞതയുടെ കാലഘട്ടങ്ങളെ കണക്കിലെടുക്കാതെ ദൈവം കടത്തിവിട്ടു. എന്നാൽ ഇപ്പോൾ സർവമനുഷ്യരും എല്ലായിടത്തും അനുതപിക്കണമെന്ന് അവിടുന്ന് ആജ്ഞാപിക്കുന്നു. എന്തെന്നാൽ താൻ നിയോഗിച്ചിരുന്ന ഒരു മനുഷ്യൻവഴി ലോകത്തെ മുഴുവൻ നീതിയോടെ വിധിക്കാൻ അവിടുന്ന് ഒരു ദിവസം നിശ്ചയിച്ചിരിക്കുന്നു. ആ മനുഷ്യനെ മരിച്ചവരിൽ നിന്ന് ഉയർപ്പിച്ചുകൊണ്ട് അവിടുന്ന് ഇതിന് ഉറപ്പ് നൽകിയിട്ടുണ്ട്" (നട.17,30–31). കർത്താവും ശ്ലീഹന്മാരും നൽകുകയും പ്രഘോഷിക്കുകയും ചെയ്ത നാമം നിരസിക്കുന്നവൻ മഹാപ്രബോധകരേക്കാളും മഹാവിജ്ഞാനികളുടെ ഉറവിടത്തേക്കാളും വിജ്ഞാനിയാണെന്ന് കരുതുകയത്രേ ചെയ്യുന്നത്.

എരാ. അവർ അവിശ്വാസികൾക്കാണ് ഈ പ്രബോധനം നൽകിയത്. ഇന്നാകട്ടെ, ലോകത്തിന്റെ മിക്കഭാഗങ്ങളും വിശ്വാസത്തിലേക്ക് കടന്നുവന്നിരിക്കുന്നു.

ഓർ. എന്നാൽ ഇപ്പോഴും യൂദരും ഗ്രീക്കുകാരും എണ്ണമറ്റ പാഷണ്ഡ വിഭാഗക്കാരുമുണ്ട്. അവർക്ക് ഓരോരുത്തർക്കും ഉചിതമായ പ്രബോധനം നൽകേണ്ടതുണ്ട്. നമുക്കെല്ലാം ഒരേ അഭിപ്രായം ആണെങ്കിൽ, ക്രിസ്തു ദൈവവും മനുഷ്യനുമാണെന്ന് ഏറ്റുപറയുന്നതിൽ എന്താണ് ദോഷം? അഥവാ, യാതൊന്നിനും കുറവില്ലാതെ അവനിൽ പരിപൂർണ ദൈവത്വവും പരിപൂർണ മനുഷ്യത്വവും നാം കാണുന്നില്ലേ?

എരാ. നാം മിക്കപ്പോഴും ഇത് ഏറ്റുപറഞ്ഞിട്ടുള്ളതാണ്.

ഓർ. മിക്കപ്പോഴും ഏറ്റുപറഞ്ഞിട്ടുള്ളത് എന്തുകൊണ്ടാണ് ഒഴിവാക്കുന്നതെന്ന് ദയവായി പറയുക.

www.malankaralibrary.com

എരാ. ക്രിസ്തുവിനെ മനുഷ്യനെന്നു വിളിക്കുന്നത്, പ്രത്യേകിച്ച് ഒരു വിശ്വാസി മറ്റൊരു വിശ്വാസിയോട് സംസാരിക്കുമ്പോൾ, അധികപ്പറ്റാണെന്ന് എനിക്കു തോന്നുന്നു.

ഓർ. ദിവ്യശ്ലീഹാ ഒരു വിശ്വാസിയാണെന്ന് നിനക്കു തോന്നുന്നുണ്ടോ?

എരാ. അതേ. അവൻ എല്ലാ വിശ്വാസികളുടെയും പ്രബോധകനുമാണ്.

ഓർ. തിമോതി ഈ പേരിന് അർഹനാണെന്ന് നിനക്ക് തോന്നുന്നുണ്ടോ?

എരാ. അതേ. കാരണം, അവൻ പൗലോസിന്റെ ശിഷ്യനും മറ്റുള്ളവരുടെ പ്രബോധകനുമാണ്.

ഓർ. അങ്ങനെയെങ്കിൽ, പ്രബോധകരുടെ പ്രബോധകൻ ഏറ്റവും പരിപൂർണനായ ശിഷ്യന് എഴുതുന്നത് ശ്രവിക്കൂ: “ഒരു ദൈവമേയുള്ളു. ദൈവത്തിനും മനുഷ്യർക്കും മധ്യസ്ഥനായി ഒരുവനേയുള്ളു. മനുഷ്യനായ യേശുക്രിസ്തു. അവൻ എല്ലാവർക്കും വേണ്ടി തന്നെത്തന്നെ മോചനമൂല്യമായി നൽകി” (1തിമോ.2,5-6). ദിവ്യനാമങ്ങളെ സംബന്ധിച്ച് ചിലയ്ക്കുന്നതും നമുക്ക് കൽപന നൽകുന്നതും നിർത്തിവയ്ക്കൂ. ഇവിടെ മധ്യസ്ഥന്റെ നാമം തന്നെ ദൈവത്വവും മനുഷ്യത്വവും വെളിപ്പെടുത്തുന്നു. ദൈവം മാത്രമായതിനാലല്ല അവൻ മധ്യസ്ഥനായിരിക്കുന്നത്. കാരണം, അവന് നാമുമായി പൊതുവായി ഒന്നുമില്ലെങ്കിൽ, അവനെങ്ങനെ നമുക്കും ദൈവത്തിനും ഇടയിൽ മധ്യസ്ഥനാകുവാൻ കഴിയുമായിരുന്നു? എന്നാൽ ഒരേ സത്തയാൽ അവൻ പിതാവുമായി ഐക്യപ്പെട്ടിരിക്കുന്നു. അവൻ നമ്മിൽ നിന്ന് ദാസന്റെ രൂപം എടുത്തതിനാൽ മനുഷ്യൻ എന്ന നിലയിൽ നമ്മോട് ഐക്യപ്പെട്ടിരിക്കുന്നു. അതുകൊണ്ട്,അവനെ ശരിയായി മധ്യസ്ഥൻ എന്നു വിളിക്കുന്നു. കാരണം, ദൈവത്വവും മനുഷ്യത്വവുമെന്ന ഇരുസ്വഭാവങ്ങളുടെ ഐക്യത്തിലൂടെ, വ്യത്യസ്ത യാഥാർഥ്യങ്ങളെ അവൻ തന്നിൽ ഐക്യപ്പെടുത്തുന്നു.

എരാ. വെറുമൊരു മനുഷ്യൻ ആയിരുന്നിട്ടും മധ്യസ്ഥൻ എന്ന് മോശ വിളിക്കപ്പെട്ടിരുന്നില്ലേ?

ഓർ. അവൻ യാഥാർഥ്യത്തിന്റെ പ്രതിരൂപമായിരുന്നു. എന്നാൽ പ്രതിരൂപത്തിന് യാഥാർഥ്യത്തിനുള്ളതെല്ലാം ഉണ്ടായിരിക്കയില്ല. മോശ സ്വഭാവത്താലേ ദൈവമായിരുന്നില്ല. എന്നാൽ പ്രതിരൂപം പൂർത്തിയാക്കാൻ അവൻ ദൈവമെന്നു വിളിക്കപ്പെട്ടിരുന്നു. ദൈവം പറയുന്നു: “ഇതാ, ഞാൻ നിന്നെ ഫറവോന് ഒരു ദൈവമാക്കിയിരിക്കുന്നു” (പുറ.7,1). തുടർന്ന്, ഉടനെതന്നെ, ദൈവത്തിനെന്നപോലെ, ദൈവം ഒരു പ്രവാചകനെ നിയോഗിച്ചു. ദൈവം പറയുന്നു: “നിന്റെ സഹോദരൻ അഹറോൻ നിനക്ക് ഒരു പ്രവാചകൻ ആയിരിക്കും” (7,1). എന്നാൽ യാഥാർഥ്യം സ്വഭാവത്താലേ ദൈവവും സ്വഭാവത്താലേ മനുഷ്യനുമാണ്.

www.malankaralibrary.com

എരാ. മൂലത്തിന്റെ കൃത്യമായ സവിശേഷതകൾ ഇല്ലാത്തതിനെ ആരാണ് പ്രതിരൂപം എന്നു വിളിക്കുക?

ഓർ. ഇമ്പീരിയൽ പ്രതിച്ഛായകളെ ചക്രവർത്തിയുടെ പ്രതിച്ഛായകളെന്നു നീ വിളിക്കാറില്ലേ?

എരാ. നിശ്ചയമായും. ഞാൻ വിളിക്കാറുണ്ട്.

ഓർ. എങ്കിലും അവയ്ക്ക് മൂലത്തിന്റെ സവിശേഷതകളെല്ലാം ഇല്ലല്ലോ. ഒന്നാമത്, അവയ്ക്ക് ആത്മാവും ബുദ്ധിയുമില്ല. രണ്ടാമത്, ഹൃദയം, വയർ, കരൾ, അവയുമായി ബന്ധപ്പെട്ടവ എന്നീ ആന്തരികാവയവങ്ങൾ ഒന്നുമില്ല. മൂന്നാമത്, അവയ്ക്ക് ഇന്ദ്രിയങ്ങളുടെ രൂപമുണ്ടെങ്കിലും, അവയുടെ പ്രവർത്തനങ്ങളില്ല. അവ കേൾക്കുന്നില്ല, സംസാരിക്കുന്നില്ല, കാണുന്നില്ല, എഴുതുന്നില്ല, നടക്കുന്നില്ല, മറ്റു മാനുഷിക കർമങ്ങളൊന്നും ചെയ്യുന്നില്ല. എങ്കിലും അവ രാജകീയപ്രതിച്ഛായകളെന്നു വിളിക്കപ്പെടുന്നു. അതുപോലെ, മോശ ഒരു മധ്യസ്ഥനായിരുന്നു. ക്രിസ്തുവും മധ്യസ്ഥനായിരുന്നു. മോശ പ്രതിരൂപവും പ്രതിച്ഛായയും ആയിരുന്നു. ക്രിസ്തു യാഥാർഥ്യമായിരുന്നു. ഇത് കുറേക്കൂടി വ്യക്തമായി മറ്റൊരുറവിടത്തിൽ നിന്ന് കാണിക്കാനായി, എബ്രായലേഖനത്തിൽ മൽക്കീസദേക്കിനെപ്പറ്റി പറഞ്ഞിരിക്കുന്നത് വായിക്കൂ.

എരാ. ഏതുവാക്കുകൾ?

ഓർ. ദിവ്യശ്ലീഹാ ലേവ്യപൗരോഹിത്യത്തെ ക്രിസ്തുവിന്റെ പൗരോഹിത്യവുമായി താരതമ്യപ്പെടുത്തിയപ്പോൾ, മൽക്കീസദേക്കിനെ കർത്താവായ ക്രിസ്തുവുമായി മറ്റുകാര്യങ്ങളിൽ സാദൃശ്യപ്പെടുത്തി, മൽക്കീസദേക്കിന്റെ ക്രമപ്രകാരം കർത്താവ് പുരോഹിതനാണെന്ന് പറഞ്ഞിരിക്കുന്നു.

എരാ. ദിവ്യശ്ലീഹാ താഴെ വരുംവിധം പറഞ്ഞിരിക്കുന്നെന്ന് എനിക്കു തോന്നുന്നു: “രാജാക്കന്മാരെ വധിച്ചശേഷം മടങ്ങിവന്ന അബ്രഹാമിനെ കണ്ടപ്പോൾ ശാലേമിന്റെ രാജാവും അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനുമായ മൽക്കീസദേക്ക് അവനെ അനുഗ്രഹിച്ചു. അബ്രഹാം അവന് എല്ലാറ്റിന്റെയും ദശാംശം നൽകി. അവന്റെ പേരിന് ഒന്നാമത് നീതിയുടെ രാജാവെന്നും രണ്ടാമത് ശാലേമിന്റെ –സമാധാനത്തിന്റെ –രാജാവെന്നുമാണ് അർഥം. അവന് പിതാവോ, മാതാവോ, വംശപരമ്പരയോ ഇല്ല. അവന്റെ ദിവസങ്ങൾക്ക് ആരംഭമോ ആയുസിന് അവസാനമോ ഇല്ല. ദൈവപുത്രന് സദൃശ്യനായി അവൻ എന്നേക്കും പുരോഹിതനാണ്” (എബ്രാ.7,1–3). നീ ഈ വാക്കുകളെപ്പറ്റിയാണ് സംസാരിച്ചതെന്നു തോന്നുന്നു.

ഓർ. അവയെപ്പറ്റിയാണ് ഞാൻ സംസാരിച്ചത്. ഈ ഭാഗം വെട്ടിച്ചുരുക്കാതെ പൂർണമായി ഉദ്ധരിച്ചതിൽ ഞാൻ നിന്നെ പ്രകീർത്തിക്കുന്നു. ഈ വിശദാംശങ്ങളെല്ലാം സ്വഭാവത്താലെയും യഥാർഥമായും മൽക്കീസദേക്കിന് ചേരുന്നതാണോ എന്ന് എന്നോടു പറഞ്ഞാലും.

www.malankaralibrary.com

എരാ. ദിവ്യശ്ലീഹാ പറഞ്ഞിരിക്കുന്ന ക്രമം മാറ്റിപ്പറയാൻ ആരാണ് ധൈര്യപ്പെടുക?

ഓർ. ഈ വിശദാംശങ്ങൾ സ്വഭാവത്താലേ മൽക്കീസദേക്കിന് ചേരുന്നതാണെന്ന് നീ പറയുന്നുവോ?

എരാ. അതേ.

ഓർ. അവൻ മനുഷ്യനാണെന്ന് പറയുന്നോ, അതോ, മറ്റൊരു സ്വഭാവം സ്വീകരിച്ചെന്നു പറയുന്നോ?

എരാ. അവനൊരു മനുഷ്യനാണ്.

ഓർ. അവൻ ജനിച്ചവനോ, ജനിക്കാത്തവനോ?

എരാ. നീ വളരെ വിചിത്രചോദ്യങ്ങളാണ് ചോദിക്കുന്നത്.

ഓർ. അതു നിന്റെ കുറ്റമാണ്. കാരണം, നീ സത്യത്തിനെതിരെയാണ് പോരാടുന്നത്. ചോദ്യത്തിന് ഉത്തരം പറയുക.

എരാ. ഒരാൾ മാത്രമേ ജനിക്കാത്തവനായിട്ടുള്ളു: ദൈവവും പിതാവുമായവൻ.

ഓർ. അപ്പോൾ, മൽക്കീസദേക്ക് ജനിച്ചവനാണെന്ന് നാം പറയുന്നുവോ?

എരാ. അവൻ ജനിച്ചവനാണ്.

ഓർ. എന്നാൽ അവനെപ്പറ്റിയുള്ള ഭാഗം മറിച്ചാണ് പഠിപ്പിക്കുന്നത്. നീ ഇപ്പോൾ ചൊല്ലിയത് ഓർക്കുക:"അവന് പിതാവോ, മാതാവോ, വംശാവലിയോ ഇല്ല. അവന്റെ ദിവസങ്ങൾക്ക് ആരംഭമോ, ആയുസിന് അവസാനമോ ഇല്ല." അവന് പിതാവോ, മാതാവോ ഇല്ലെന്ന വാക്കുകൾ എങ്ങനെ അവന് ആരോപിക്കാനാവും? അവന് ആരംഭവും അവസാനവും ഇല്ല എന്ന വാക്കുകളും എങ്ങനെ പറയാനാവും? ഈ ഗുണവിശേഷങ്ങൾ മനുഷ്യസ്വഭാവത്തിന് ഉപരിസ്ഥമാണ്.

എരാ. അവ യഥാർഥത്തിൽ മനുഷ്യസ്വഭാവത്തിന്റെ പരിധിയെ ഉല്ലംഘിക്കുന്നവയാണ്.

ഓർ. ശ്ലീഹാ നുണ പറഞ്ഞെന്ന് നമുക്ക് പറയാമോ?

എരാ. ഒരിക്കലുമില്ല.

ഓർ. അപ്പോൾ, ശ്ലീഹായ്ക്ക് എങ്ങനെ സത്യസാക്ഷ്യം നൽകാനും അതേസമയം പ്രകൃതിയെ ഉല്ലംഘിക്കുന്ന സവിശേഷതകൾ മൽക്കീസദേക്കിന് ആരോപിക്കാനും കഴിയും?

എരാ. ഈ ഭാഗം വളരെ അവ്യക്തമാണ്. നീണ്ട വിശദീകരണം വളരെ ആവശ്യമായ ഭാഗമാണിത്.

ഓർ. ശ്രദ്ധിക്കാൻ താൽപര്യമുള്ളവർക്ക് ഇതിന്റെ അർഥം അറിയാൻ വഴിയുണ്ട്. "അവന് പിതാവോ, മാതാവോ, വംശാവലിയോ ഇല്ല. അവന്റെ ദിവസങ്ങൾക്ക് ആരംഭമോ, ആയുസിന് അവസാനമോ ഇല്ല" എന്നു പറഞ്ഞശേഷം ദിവ്യശ്ലീഹാ ഇതും കൂട്ടിച്ചേർക്കുന്നു: "ദൈവപുത്രനു സദൃശ്യനായ അവൻ എന്നേക്കും പുരോഹിതനാണ്." മനുഷ്യസ്വഭാവത്തെ ഉല്ലംഘിക്കുന്ന സംഗതികളിൽ മൽക്കീസദേക്കിന്റെ ഒറിജിനൽ കർത്താവായ ക്രിസ്തുവാണ്. എന്നാൽ മൽക്കീസദേക്ക് കർത്താവായ ക്രിസ്തുവിന്റെ ച്ഛായയും പ്രതീകവുമാണെന്ന് അവൻ വ്യക്തമായി നമ്മെ പഠിപ്പിക്കുന്നു. കാരണം, മൽക്കീസദേക്കിനെ ദൈവപുത്രനുമായിട്ടാണ് താരതമ്യപ്പെടുത്തിയിരിക്കുന്നത്. എന്നാൽ നമുക്ക് താഴെവരുംവിധം നമ്മുടെ അന്വേഷണം തുടരാം. കർത്താവിന് ജഡപ്രകാരം ഒരു പിതാവുണ്ടായിരുന്നെന്ന് നീ പറയുന്നുവോ?

എരാ. നിശ്ചയമായും ഇല്ല.

ഓർ. എന്തുകൊണ്ട്?

എരാ. കാരണം, അവൻ വിശുദ്ധ കന്യകയിൽ നിന്നു മാത്രമാണ് ജനിച്ചത്.

ഓർ. അതുകൊണ്ട് അവന് പിതാവില്ലായിരുന്നെന്നു പറയുന്നത് ശരിയാണല്ലോ.

എരാ. ശരിയാണ്.

ഓർ. ദൈവസ്വഭാവം അനുസരിച്ച് അവന് മാതാവുണ്ടായിരുന്നെന്ന് നീ പറയുന്നുവോ?

എരാ. ഒരിക്കലുമില്ല.

ഓർ. കാലത്തിനു മുമ്പേ പിതാവിൽ നിന്നു മാത്രം അവിടുന്ന് ജനിച്ചതു കൊണ്ടാണോ അത്?

എരാ. അതേ.

ഓർ. അതുകൊണ്ട്, അവന് വംശാവലിയുമില്ലെന്ന് നാം പറയുന്നു. കാരണം, പിതാവിൽ നിന്നുള്ള അവന്റെ ജനനം വിവരണാതീതമാണ്. "അവന്റെ തലമുറയെ ആര് വിവരിക്കും? " എന്ന് പ്രവാചകൻ ചോദിക്കുന്നു (ഏശാ.53,8).

എരാ. നീ പറയുന്നത് സത്യമാണ്.

ഓർ. അവന്റെ ദിവസങ്ങൾക്ക് ആരംഭമോ, ആയുസിന് അവസാനമോ ഇല്ലാതിരിക്കുക അവന് ഉചിതമാണ്. കാരണം, അവന് ആരംഭമില്ല, അത് മാറ്റമില്ലാത്തതാണ്. ഒറ്റവാക്കിൽ, അവൻ നിത്യനും പിതാവുമായി സമനിത്യനുമാണ്.

എരാ. ഇതും സത്യമാണെന്ന് ഞാൻ വിശ്വസിക്കുന്നു. എന്നാൽ ഇത് ശ്രേഷ്ഠനായ മൽക്കീസദേക്കിന് എങ്ങനെ ആരോപിക്കാനാകുമെന്ന് അറിയാനാണ് നാം ശ്രമിക്കേണ്ടത്.

ഓർ. ഛായയും *(image)* പ്രതീകവും *(type)* എന്ന നിലയിലാണ് ഇത് അവന് ആരോപിക്കുന്നത്. നാം നേരത്തേ പറഞ്ഞതുപോലെ, മൂലത്തിന്റെ സവിശേഷതകളെല്ലാം ഛായക്ക് കാണുകയില്ല. ഈ വിശദാംശങ്ങളെല്ലാം സ്വഭാവത്താലെയും യഥാർഥമായും രക്ഷകന് ഇണങ്ങുന്നതാണ്. എന്നാൽ പുരാതന ചരിത്രവിവരണം അവ മൽക്കീസദേക്കിന് അനുരൂപപ്പെടുത്തി. പൂർവപിതാവായ അബ്രഹാമിന്റെ പിതാവിനെപ്പറ്റിയും ഇസഹാക്കിന്റെ മാതാപിതാക്കളെപ്പറ്റിയും യാക്കോബിനെയും അവന്റെ മക്കളെയും പറ്റിയും അത് പഠിപ്പിക്കുകയും വളരെ കാലങ്ങൾക്കുമുമ്പ് ജീവിച്ചവരുടെ വിശദമായ വംശാവലി നൽകുകയും ചെയ്തു. എന്നാൽ മൽക്കീസദേക്കിന്റെ മാതാപിതാക്കളെപ്പറ്റി സൂചിപ്പിച്ചില്ല. യഥാർഥമായി മാതാവും പിതാവും ഇല്ലാത്തവന്റെ പ്രതീകമായിരിക്കാനായി, നോഹയുടെ മക്കളിൽ ഒരാളിൽനിന്ന് അവന്റെ വംശാവലി വരച്ചുകാട്ടിയുമില്ല. ദിവ്യശ്ലീഹായാണ് നമ്മെ ഈ വ്യാഖ്യാനം പഠിപ്പിച്ചത്. അതേഭാഗത്ത് അവൻ ഇതും കൂട്ടിച്ചേർക്കുന്നു: “അവരുടെ വംശാവലിയിൽ പെടാതിരുന്നിട്ടും മൽക്കീസദേക്ക് അബ്രഹാമിൽനിന്ന് ദശാംശം വാങ്ങുകയും വാഗ്ദാനം ലഭിച്ചവനെ അനുഗ്രഹിക്കുകയും ചെയ്തു” (എബ്രാ.7,6).

എരാ. തിരുലിഖിതങ്ങൾ അവന്റെ മാതാപിതാക്കളെപ്പറ്റി സൂചിപ്പിക്കാത്തതിനാൽ, അവന് മാതാപിതാക്കൾ ഇല്ലായിരുന്നെന്ന് പറയാൻ സാധിക്കുമോ?

ഓർ. അവൻ യഥാർഥത്തിൽ മാതാപിതാക്കൾ ഇല്ലാത്തവൻ ആയിരുന്നെങ്കിൽ, അവൻ ഛായ ആകുമായിരുന്നില്ല, യാഥാർഥ്യമാകുമായിരുന്നു. ഈ സവിശേഷതകൾ സ്വഭാവത്താലേ അവന് ഇല്ലാതിരുന്നെങ്കിലും തിരുലിഖിതങ്ങളുടെ ദിവ്യപദ്ധതി അനുസരിച്ച്, അവൻ യാഥാർഥ്യത്തിന്റെ പ്രതീകം വെളിപ്പെടുത്തുന്നു.

എരാ. ഛായക്ക് മൂലവസ്തുവുമായി പ്രകടമായ സവിശേഷതകൾ ഉണ്ടായിരിക്കണം.

ഓർ. മനുഷ്യൻ ദൈവത്തിന്റെ ഛായയാണോ?

എരാ. ദൈവത്തിന്റെ ഛായയല്ല, ദൈവഛായയിൽ നിർമിക്കപ്പെട്ടവനാണ് (ഉൽപ.1,27).

ഓർ. അങ്ങനെയെങ്കിൽ ശ്ലീഹാ പറയുന്നത് ശ്രവിക്കുക. അവൻ പറയുന്നു: “പുരുഷൻ ദൈവത്തിന്റെ ഛായയും മഹിമയും ആകയാൽ, തന്റെ ശിരസ്സു മൂടാൻ പാടില്ല” (1കൊറി.11,7).

www.malankaralibrary.com

എരാ. അവൻ ദൈവഛായ ആണെന്നു സങ്കൽപിക്കുക.

ഓർ. അപ്പോൾ, നീ പറയുന്നതനുസരിച്ച്, മൂലയാഥാർഥ്യത്തിന്റെ എല്ലാ പ്രകടസവിശേഷതകളും മനുഷ്യനുണ്ടായിരിക്കണം. അവൻ ഒരു സൃഷ്ടിയോ, സംയുക്തമോ, പരിമിതനോ ആകാൻ പാടില്ല. മൂലയാഥാർഥ്യത്തെപ്പോലെ അവനും ഇല്ലായ്മയിൽനിന്ന് സൃഷ്ടിച്ചിരിക്കണം. ആയാസം കൂടാതെ ഒറ്റവാക്കാൽ എല്ലാം ഉൽപ്പാദിപ്പിച്ചിരിക്കണം. അതിനും പുറമേ, രോഗബാധിതനാകാനും പാടില്ല. ദുഃഖമോ, കോപമോ, ഉണ്ടാകരുത്. പാപം ചെയ്യാൻ ഇടയാകരുത്. പ്രത്യുത, അമർത്യനും വ്യതിയാനാതീതനും ആയിരിക്കണം. കൃത്യമായി മൂലയാഥാർഥ്യത്തെപ്പോലെ ഇരിക്കണം.

എരാ. മനുഷ്യൻ എല്ലാ വിശദാംശങ്ങളിലും ദൈവഛായയല്ല.

ഓർ. മനുഷ്യൻ ദൈവഛായയാണെന്ന് നീ അംഗീകരിക്കുന്ന തലങ്ങളൊഴികെ, യാഥാർഥ്യത്തിൽ നിന്ന് അത് വളരെയധികം വ്യത്യസ്തമാണെന്ന് നിശ്ചയമായി നിനക്ക് കാണാനാകുമെന്നത് വാസ്തവമാണ്.

എരാ. ഞാൻ യോജിക്കുന്നു.

ഓർ. ഇതേപ്പറ്റിയും ചിന്തിക്കുക: ദിവ്യശ്ലീഹാ പുത്രനെ പിതാവിന്റെ ഛായയെന്നു വിളിച്ചു: "അദൃശ്യദൈവത്തിന്റെ ഛായ" എന്ന് അവൻ പറയുന്നു (കൊളോ.1,15).

എരാ. അതുകൊണ്ടെന്ത്? പുത്രൻ കൃത്യമായി പിതാവിനെപ്പോലെയല്ലേ?

ഓർ. പുത്രൻ പിതാവല്ല, ജനനവിഹീനനല്ല, ഹേതുരഹിതനല്ല.

എരാ. അങ്ങനെ ആയിരുന്നെങ്കിൽ, അവൻ പുത്രൻ ആയിരിക്കയില്ല.

ഓർ. അപ്പോൾ, ഛായ കൃത്യമായി മൂലയാഥാർഥ്യമല്ലെന്നു പറഞ്ഞപ്പോൾ ഞാൻ സത്യമാണ് പറഞ്ഞത്.

എരാ. ശരിയാണ്.

ഓർ. മൽക്കീസദേക്കിനെ ദൈവപുത്രനുമായി താരതമ്യപ്പെടുത്തിയിരിക്കുന്നെന്ന് ദിവ്യശ്ലീഹാ പറഞ്ഞത് ഈയർഥത്തിലാണ്.

എരാ. "അവന് പിതാവോ, മാതാവോ, വംശാവലിയോ ഇല്ല" എന്ന വാക്കുകൾ നീ പറഞ്ഞ അർഥത്തിൽ മനസിലാക്കാം. "അവന്റെ ദിവസങ്ങൾക്ക് ആരംഭമോ ആയുസിന് അവസാനമോ ഇല്ല" എന്നത് എപ്രകാരമാണ് മനസിലാക്കേണ്ടത്?

ഓർ. ആദം കുറേ വർഷങ്ങൾ ജീവിക്കുകയും ശേതിനെ ജനിപ്പിക്കുകയും ചെയ്തു. കുറേ വർഷങ്ങൾകൂടി ജീവിച്ചിട്ട് അവൻ തന്റെ ജീവിതാന്ത്യത്തിൽ എത്തിച്ചേർന്നു എന്ന് പുരാതനവംശാവലി തയാറാക്കിയപ്പോൾ ദിവ്യപ്രചോദിതനായ മോശ നമ്മെ പഠിപ്പിച്ചിരിക്കുന്നു. ശേതിനെയും ഏനോശി

www.malankaralibrary.com

നെയും മറ്റുള്ളവരെയും പറ്റി അവൻ ഇതുപോലെതന്നെ പറഞ്ഞിരിക്കുന്നു. എന്നാൽ മൽക്കീസദേക്കിന്റെ ജനനസമയത്തെപ്പറ്റിയോ, അവന്റെ ജീവിതാന്ത്യത്തെപ്പറ്റിയോ അവൻ ഒന്നും തന്നെ പറഞ്ഞിട്ടില്ല. അതുകൊണ്ട്, വിവരണം അനുസരിച്ച് അവന്റെ ദിവസങ്ങൾക്ക് ആരംഭമോ, ആയുസിന് അവസാനമോ ഇല്ല. വസ്തുനിഷ്ഠമായി ദൈവത്തിന്റെ ഏകജാതനാം പുത്രന്റെ അസ്തിത്വത്തിന് ആരംഭമില്ല, അന്ത്യവുമില്ല.

എരാ. ഞാൻ യോജിക്കുന്നു.

ഓർ. സത്യമായും ദൈവികവും ദൈവത്തിനു മാത്രം ഉചിതവുമായ സവിശേഷതകളെ സംബന്ധിച്ച് മൽക്കീസദേക്ക്, കർത്താവായ ക്രിസ്തുവിന്റെ പ്രതീകമാണ്. എന്നാൽ ദൈവത്തേക്കാൾ മനുഷ്യനു ചേരുന്ന മഹാപുരോഹിതശുശ്രൂഷ സംബന്ധിച്ച്, കർത്താവായ ക്രിസ്തു, മൽക്കീസദേക്കിന്റെ ക്രമപ്രകാരം മഹാപുരോഹിതൻ ആയിത്തീർന്നു. കാരണം, മൽക്കീസദേക്ക് വിജാതിയരുടെ മഹാപുരോഹിതനായിരുന്നു. കർത്താവായ ക്രിസ്തു സകല മനുഷ്യർക്കും വേണ്ടി പരിപാവനവും രക്ഷാകരവുമായ ബലിയർപ്പിച്ചു.

എരാ. നാം ഈ വിഷയം സംബന്ധിച്ച് മതിയാംവണ്ണം ചർച്ചചെയ്തു കഴിഞ്ഞു.

ഓർ. നിനക്കറിയാവുന്നതുപോലെ, കുറേക്കൂടി ചർച്ച ചെയ്യേണ്ടതായിരുന്നു. കാരണം, ഈ ഭാഗം സുഗ്രാഹ്യമല്ലെന്നു നീ പറഞ്ഞിരുന്നല്ലോ.

എരാ. നമുക്ക് നമ്മുടെ മുൻപിലുള്ള വിഷയത്തിലേക്കു തിരിയാം.

ഓർ. നാമെന്താണ് പറഞ്ഞുകൊണ്ടിരുന്നത്?

എരാ. ക്രിസ്തുവിനെ മനുഷ്യനെന്നു വിളിക്കരുത്, ദൈവമെന്നു മാത്രമേ വിളിക്കാവൂ എന്ന് ഞാൻ പറഞ്ഞപ്പോൾ, നീ നിരവധി സാക്ഷ്യങ്ങൾ ഉദ്ധരിച്ചു. അതോടൊപ്പം ശ്ലീഹാ തിമോതിക്കെഴുതിയ ലേഖനത്തിലെ വാചകവും അവതരിപ്പിച്ചു: "ഒരു ദൈവമേയുള്ളു. ദൈവത്തിനും മനുഷ്യർക്കും ഇടയിൽ മധ്യസ്ഥനായി ഒരുവനേയുള്ളു: മനുഷ്യനായ യേശു ക്രിസ്തു. അവൻ എല്ലാവർക്കുംവേണ്ടി തന്നെത്തന്നെ മോചനദ്രവ്യമായി നൽകി" (1തിമോ.2,5-6).

ഓർ. നാം അൽപം വ്യതിചലിച്ചത് എന്തിനാണെന്ന് ഞാൻ ഓർക്കുന്നു. മധ്യസ്ഥനെന്ന പേരുതന്നെ നമ്മുടെ രക്ഷകന്റെ ഇരുസ്വഭാവങ്ങൾ വെളിപ്പെടുത്തുന്നെന്ന് ഞാൻ പറഞ്ഞപ്പോൾ, മോശ ദൈവവും മനുഷ്യനുമല്ല, വെറുമൊരു മനുഷ്യൻ മാത്രമായിരുന്നിട്ടും, മധ്യസ്ഥനെന്നു വിളിക്കപ്പെട്ടെന്ന് നീ പറകയുണ്ടായി. പ്രതീകത്തിന് മൂലയാഥാർഥ്യത്തിന്റെ സമസ്ത സവിശേഷതകളും ഇല്ലെന്ന് കാണിക്കാൻ തദവസരം ഈ വിശദാംശങ്ങളിലേക്കു കടക്കാൻ ഞാൻ നിർബന്ധിതനായി. രക്ഷകനായ ക്രിസ്തുവിനെ മനു

www.malankaralibrary.com

ഷ്യൻ എന്നുകൂടി വിളിക്കണമെന്നു നീ ഏറ്റുപറയുന്നുണ്ടോ എന്ന് എന്നോടു പറയുക.

എരാ. ഞാൻ അവനെ ദൈവമെന്നു വിളിക്കുന്നു. കാരണം, അവൻ ദൈവപുത്രനാണ്.

ഓർ. അവൻ ദൈവപുത്രനാണെന്ന് നീ പഠിച്ചിരിക്കുന്നതിനാൽ അവനെ ദൈവമെന്നു നീ വിളിക്കുന്നെങ്കിൽ, അവൻ പലപ്പോഴും തന്നെത്തന്നെ മനുഷ്യപുത്രനെന്നു വിളിച്ചതിനാൽ, അവനെ മനുഷ്യനെന്നുകൂടി വിളിക്കണം.

എരാ. ദൈവമെന്ന പേര് അവന് ആരോപിക്കുന്നതു പോലെയല്ല മനുഷ്യനെന്ന പദം.

ഓർ. അതു തെറ്റായതിനാലാണോ, മറ്റേതെങ്കിലും കാരണത്താലാണോ?

എരാ. ദൈവമെന്ന നാമം സ്വഭാവാനുസൃതമാണ്. മനുഷ്യനെന്ന നാമം ദൈവികപദ്ധതി അനുസരിച്ചാണ്.

ഓർ. ദൈവികപദ്ധതി സത്യമാണെന്ന് പറയുന്നോ, അതോ, അത് ഒരു തരം മായാജാലമാണോ?

എരാ. അത് സത്യമാണ്.

ഓർ. ദൈവികപദ്ധതിയുടെ കൃപ സത്യമാണെങ്കിൽ, വചനമാം ദൈവത്തിന്റെ മനുഷ്യാവതാരത്തെ ദൈവികപദ്ധതിയെന്നു വിളിക്കുന്നെങ്കിൽ, മനുഷ്യനെന്ന നാമവും സത്യമാണ്. കാരണം, മനുഷ്യസ്വഭാവം എടുത്തശേഷം വചനം മനുഷ്യനെന്നു വിളിക്കപ്പെട്ടിരുന്നു.

എരാ. പീഡാനുഭവത്തിനു മുമ്പ് അവൻ മനുഷ്യനെന്നു വിളിക്കപ്പെട്ടിരുന്നു. പീഡാനുഭവത്തിനു ശേഷം ആ പദം ഉപയോഗിച്ചിട്ടേയില്ല.

ഓർ. പീഡാനുഭവത്തിനും ഉത്ഥാനത്തിനും ശേഷം തിമോതിക്കെഴുതിയ ലേഖനത്തിൽ ദിവ്യശ്ലീഹാ രക്ഷകനായ ക്രിസ്തുവിനെ മനുഷ്യനെന്നു വിളിച്ചിരിക്കുന്നു (1തിമോ.2,5-6). പീഡാനുഭവത്തിനും ഉത്ഥാനത്തിനും ശേഷം ആഥൻസിൽ പ്രസംഗിച്ചപ്പോൾ അവനെ മനുഷ്യനെന്നു വിളിച്ചു (നട.17,31). പീഡാനുഭവത്തിനും ഉത്ഥാനത്തിനും ശേഷം കൊറിന്തോസുകാർക്ക് എഴുതിക്കൊണ്ട് അവൻ വിളിച്ചുപറഞ്ഞു: "ഒരു മനുഷ്യൻ വഴി മരണമുണ്ടായതു പോലെ, ഒരു മനുഷ്യൻവഴി മരിച്ചവരിൽ നിന്നുള്ള ഉത്ഥാനവും ഉണ്ടായി" (1കൊറി.15,21). ആരെപ്പറ്റിയാണ് പറയുന്നതെന്ന് കൂടുതൽ വ്യക്തമായി പഠിപ്പിക്കാൻ വേണ്ടി അവൻ കൂട്ടിച്ചേർക്കുന്നു: "ആദത്തിൽ എല്ലാവരും മരണാധീനർ ആകുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും പുനർജീവിക്കും" (15,22). പീഡാനുഭവത്തിനും ഉത്ഥാനത്തിനും ശേഷം, യഹൂദരോട് സംസാരിച്ചപ്പോൾ, ദിവ്യനായ പത്രോസ് അവനെ മനുഷ്യനെന്നു വിളിച്ചു (നട.2,22). സ്വർഗാരോഹണാനന്തരം മഹനീയനും വിജയശ്രീലാളിതനുമായ സ്റ്റീഫൻ കല്ലെറിയപ്പെട്ട

www.malankaralibrary.com

പ്പോൾ, യഹൂദരോടു പറഞ്ഞു: "ഇതാ,സ്വർഗം തുറന്നിരിക്കുന്നതും മനുഷ്യ പുത്രൻ ദൈവത്തിന്റെ വലത്തുഭാഗത്തു നിൽക്കുന്നതും ഞാൻ കാണുന്നു" (നട.7,56). അതുകൊണ്ട്, സത്യപ്രഘോഷകരെക്കാൾ നാം വിജ്ഞാനിക ളാണെന്നു ചിന്തിക്കരുത്.

എരാ. വിശുദ്ധ പ്രബോധകരെക്കാൾ വിജ്ഞാനിയാണെന്ന് ഞാൻ കരുതുന്നില്ല. എന്നാൽ ഈ നാമം ഉപയോഗിച്ചതായി ഞാൻ കാണുന്നില്ല.

ഓർ. മാർസ്യനീത്തർ, മനിക്കേയർ തുടങ്ങി ഈ രോഗത്താൽ ക്ലേശിച്ച് കർത്താവിന്റെ മനുഷ്യത്വത്തെ നിഷേധിക്കുന്നവരെ, പ്രഘോഷിക്കപ്പെട്ട സത്യം ഏറ്റുപറയാൻ നീ എങ്ങനെ പ്രേരിപ്പിക്കും? ഇത്തരം നിരവധി സാക്ഷി കളെ അവതരിപ്പിക്കുകയും കർത്താവായ ക്രിസ്തു ദൈവം മാത്രമല്ല, മനുഷ്യൻ കൂടിയാണെന്ന് പഠിപ്പിക്കുകയും ചെയ്യുകയില്ലേ?

എരാ. അവരോട് ഒരുപക്ഷേ ഈ സമീപനം സ്വീകരിച്ചേ മതിയാവൂ.

ഓർ. എന്നാൽ പിന്നെ നീ എന്തുകൊണ്ട് വിശ്വാസികളെ സത്യപ്രബോ ധനം പഠിപ്പിക്കുന്നില്ല? "ന്യായീകരണം ആവശ്യപ്പെടുന്നവർക്ക് അതു നൽകാൻ തയാറായിരിക്കുവിൻ" എന്ന് നമ്മോടു കൽപിക്കുന്ന ശ്ലൈഹിക കൽപന നീ മറന്നുപോയോ? (1പത്രോ.3,15). നമുക്ക് നമ്മുടെ അന്വേഷണം ഈ വഴിക്ക് തുടരാം. ഏറ്റവും നല്ല ജനറൽ തനിച്ച് ശത്രുവിനെ എതിരിടു കയും അമ്പെയ്യുകയും കുന്തം എറിയുകയും ശത്രുനിര ഭേദിച്ചു കടക്കുകയും ചെയ്യുമോ? അതോ, പട്ടാളക്കാരെ സുസജ്ജരാക്കി അണിനിരത്തി ധൈര്യ ശാലികളാക്കുമോ?

എരാ. അവൻ രണ്ടാമത്തേതാകും ചെയ്യുക.

ഓർ. കാരണം, പടയാളികൾ നേരേ നിന്നു യുദ്ധംചെയ്യാൻ അവരെ കരുത്തുറ്റവരാക്കുകയാണ് ജനറലിന്റെ ദൗത്യം. അല്ലാതെ, തന്റെ ചുറ്റും കിടന്നുറങ്ങാൻ അവരെ അനുവദിക്കുകയും ആപത്തിനെ അഭിമുഖീകരിച്ച് തനിയെ യുദ്ധമുന്നണിയിൽ നിൽക്കുകയുമല്ല.

എരാ. സത്യം.

ഓർ. ദിവ്യനായ പൗലോസും ഇപ്രകാരമാണ് ചെയ്യുക. "സാത്താന്റെ കുടിലതന്ത്രങ്ങളെ എതിർത്തു നിൽക്കാൻ ദൈവത്തിന്റെ ആയുധം ധരിക്കുവിൻ" എന്നു പറഞ്ഞപ്പോൾ, അവൻ വിശ്വാസികളെയാണ് അഭിസം ബോധന ചെയ്തത് (എഫേ.6,13.11). സത്യം കൊണ്ട് അരമുറുക്കി നില്ക്കു വിൻ എന്നും അവൻ പറയുന്നു (6,14). നാം നേരത്തേ പറഞ്ഞതും ഓർക്കുക. പ്രകൃതിക്ക് നഷ്ടപ്പെട്ടത് ഡോക്ടർ നൽകുന്നു. കൂടുതൽ തണുപ്പുള്ളിടത്ത് അവൻ ചൂടുവയ്ക്കുന്നു. മറ്റുള്ളവ സംബന്ധിച്ചും അങ്ങനെ തന്നെ. കർത്താ വും ഇതുതന്നെ ചെയ്തു.

www.malankaralibrary.com

എരാ. കർത്താവും ഇതുതന്നെ ചെയ്തെന്ന് നിനക്ക് എവിടെ കാണിക്കാൻ കഴിയും?

ഓർ. ദിവ്യസുവിശേഷങ്ങളിൽ.

എരാ. എങ്കിൽ എന്നെ കാണിച്ച് വാക്കു പാലിക്കുക.

ഓർ. രക്ഷകനായ ക്രിസ്തു ആരായിരുന്നു എന്നാണ് യൂദർ ചിന്തിച്ചത്?

എരാ. മനുഷ്യൻ.

ഓർ. അവൻ ദൈവംകൂടി ആയിരുന്നു എന്നതിനെപ്പറ്റി അവർക്ക് യാതൊരാശയവും ഇല്ലായിരുന്നോ?

എരാ. ഇല്ലായിരുന്നു.

ഓർ. ഇതറിയാൻ പാടില്ലാത്തവർ ഇത് ഗ്രഹിക്കേണ്ടേ?

എരാ. ഗ്രഹിക്കണം.

ഓർ. അവൻ അവരോട് പറയുന്നത് ശ്രദ്ധിക്കുക: "പിതാവിൽ നിന്നുള്ള അനേകം നല്ല പ്രവൃത്തികൾ ഞാൻ നിങ്ങളെ കാണിച്ചു. ഇവയിൽ ഏത് പ്രവൃത്തി മൂലമാണ് നിങ്ങൾ എന്നെ കല്ലെറിയുന്നത്?'' (യോഹ.10,32). "ഏതെങ്കിലും നല്ല പ്രവൃത്തി മൂലമല്ല, ദൈവദൂഷണം മൂലമാണ് ഞങ്ങൾ നിന്നെ കല്ലെറിയുന്നത്. കാരണം, മനുഷ്യനായിരിക്കെ, നീ നിന്നെത്തന്നെ ദൈവമാക്കുന്നു" എന്ന് അവർ പറഞ്ഞപ്പോൾ, അവൻ കൂട്ടിച്ചേർത്തു: "നിങ്ങൾ ദൈവങ്ങളാണെന്ന് ഞാൻ പറഞ്ഞു എന്ന് നിങ്ങളുടെ നിയമത്തിൽ എഴുതപ്പെട്ടിട്ടുണ്ടല്ലോ. വിശുദ്ധ ലിഖിതം നിറവേറാതിരിക്കയില്ല. ദൈവവചനം ആരുടെ അടുത്തേക്കു വന്നുവോ, അവരെ അവൻ ദൈവങ്ങളെന്നു വിളിച്ചു. അങ്ങനെയെങ്കിൽ, പിതാവ് വിശുദ്ധീകരിച്ച് ലോകത്തിലേക്ക് അയച്ച എന്നെ, ഞാൻ ദൈവപുത്രനാണെന്ന് പറഞ്ഞതുകൊണ്ട്, നീ ദൈവദൂഷണം പറയുന്നെന്ന് നിങ്ങൾ കുറ്റപ്പെടുത്തുന്നുവോ? ഞാൻ എന്റെ പിതാവിന്റെ പ്രവൃത്തികൾ ചെയ്യുന്നില്ലെങ്കിൽ നിങ്ങൾ എന്നെ വിശ്വസിക്കേണ്ട. എന്നാൽ ഞാൻ അവ ചെയ്യുന്നെങ്കിൽ നിങ്ങൾ എന്നിൽ വിശ്വസിക്കുന്നില്ലെങ്കിലും ആ പ്രവൃത്തികളിൽ വിശ്വസിക്കുവിൻ. അപ്പോൾ, പിതാവ് എന്നിലും ഞാൻ പിതാവിലും ആണെന്ന് നിങ്ങൾ അറിയുകയും വിശ്വസിക്കുകയും ചെയ്യും" (യോഹ.10,31-38).

എരാ. കർത്താവ് യഹൂദർക്ക് മനുഷ്യനായിട്ടല്ല, ദൈവമായി തന്നെത്തന്നെ വെളിപ്പെടുത്തിയെന്ന് നീയിപ്പോൾ വായിച്ച വാക്കുകളിലൂടെ കാണിച്ചിരിക്കുന്നു.

ഓർ. അതു ശരിയാണ്. കാരണം, അവർക്കറിയാവുന്നവ അവർ പഠിക്കേണ്ടതില്ല. അവൻ മനുഷ്യനാണെന്നുള്ളത് അവർക്ക് അറിയാമായിരുന്നു. അവൻ ദൈവം കൂടിയാണെന്നുള്ളത് അവർ അറിഞ്ഞിരുന്നില്ല. ഫരിസേയരോടും അവിടുന്ന് ഇതുപോലെയാണ് പ്രവർത്തിച്ചത്. വെറുമൊരു മനുഷ്യന്റെ

www.malankaralibrary.com

പക്കലേക്കെന്നവണ്ണം അവർ അവന്റെ പക്കലെത്തിയപ്പോൾ, അവൻ അവരോട് ഇപ്രകാരം ചോദിച്ചു: "ക്രിസ്തുവിനെപ്പറ്റി നിങ്ങൾ എന്തു ചിന്തിക്കുന്നു? അവൻ ആരുടെ പുത്രനാണ്?" "ദാവീദിന്റെ" എന്ന് അവർ പറഞ്ഞപ്പോൾ, അവൻ കൂട്ടിച്ചേർത്തു: "അങ്ങനെയെങ്കിൽ ദാവീദ് ആത്മാവിനാൽ പ്രചോദിതനായി അവനെ കർത്താവ് എന്നു വിളിക്കുന്നതെങ്ങനെ? അവൻ പറയുന്നു: കർത്താവ് എന്റെ കർത്താവിനോട് അരുളിച്ചെയ്തു: നീ എന്റെ വലത്തുഭാഗത്ത് ഇരിക്കുക."പിന്നീട് അവിടുന്ന് ഉപസംഹരിക്കുന്നു: "അവൻ അവന്റെ കർത്താവാണെങ്കിൽ, അവന്റെ പുത്രൻ ആകുന്നതെങ്ങനെ?"(മത്താ.22,42 –45). എരാ. നീ നിനക്കെതിരെ തന്നെ ഒരു സാക്ഷ്യം അവതരിപ്പിച്ചിരിക്കുന്നു. തന്നെ ദാവീദിന്റെ പുത്രനെന്നല്ല, ദാവീദിന്റെ കർത്താവെന്നു വിളിക്കണമെന്ന് കർത്താവ് ഫരിസേയരെ വ്യക്തമായി പഠിപ്പിച്ചിരിക്കുന്നു. ഈ രീതിയിൽ, മനുഷ്യനെന്നല്ല, ദൈവമെന്ന് വിളിക്കപ്പെടാൻ ആഗ്രഹിച്ചെന്ന് അവൻ കാണിക്കുന്നു.

ഓർ. നീ ദിവ്യപ്രബോധനം ശ്രദ്ധിച്ചിട്ടില്ലെന്നു തോന്നുന്നു. കാരണം, ദാവീദിന്റെ പുത്രനെന്ന സംജ്ഞ അവൻ തള്ളിക്കളഞ്ഞില്ല. പിന്നെയോ, താൻ ദാവീദിന്റെ കർത്താവ് കൂടെയാണെന്ന സംഗതി വിശ്വസിക്കേണ്ടതിന്റെ ആവശ്യകത കൂട്ടിച്ചേർക്കുക മാത്രമാണ് ചെയ്തത്. "അവൻ അവന്റെ കർത്താവാണെങ്കിൽ, അവൻ എങ്ങനെയാണ് അവന്റെ പുത്രനായിരിക്കുന്നത്?" എന്ന അവന്റെ വാക്കുകൾ ഇത് വ്യക്തമായി പഠിപ്പിക്കുന്നു. അവൻ കർത്താവാണെങ്കിൽ പുത്രനല്ല എന്ന് അവൻ പറഞ്ഞില്ല. പിന്നെയോ, അവൻ എങ്ങനെ പുത്രനായിരിക്കും എന്നത്രേ. മറ്റുവാക്കുകളിൽ, ഒരു വശത്ത് അവൻ കർത്താവാണ്. മറ്റൊരു വശത്ത് അവൻ പുത്രനാണ്. ഇത് ദൈവത്വവും മനുഷ്യത്വവും വ്യക്തമായി വെളിപ്പെടുത്തുന്നു.

എരാ. വാദഗതികളൊന്നും ആവശ്യമില്ല. കാരണം, ദാവീദിന്റെ പുത്രനെന്നു വിളിക്കപ്പെടാൻ താൻ ആഗ്രഹിക്കുന്നില്ലെന്ന് കർത്താവ് വ്യക്തമായി പഠിപ്പിച്ചിട്ടുണ്ട്.

ഓർ. എങ്കിൽ, തന്നെ ദാവീദിന്റെ പുത്രനെന്നു വിളിക്കരുതെന്ന് അവിടുന്ന് അന്ധന്മാരെയും കനാൻകാരിയെയും ജനക്കൂട്ടത്തേപ്പോലും പഠിപ്പിക്കേണ്ടതായിരുന്നു. കാരണം, "ദാവീദിന്റെ പുത്രാ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ" എന്ന് അന്ധർ വിളിച്ചുപറഞ്ഞു (മത്താ.20,30). കനാൻകാരി പറഞ്ഞു: "ദാവീദിന്റെ പുത്രാ, എന്റെമേൽ കരുണ തോന്നണമേ. എന്റെ മകളെ പിശാച് ക്രൂരമായി പീഡിപ്പിക്കുന്നു" (മത്താ.15,22). ജനക്കൂട്ടം വിളിച്ചുപറഞ്ഞു: "ദാവീദിന്റെ പുത്രന് ഓശാന, കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു" (മത്താ.21,9). അവന് അത് ശല്യമായി തോന്നിയില്ലെന്നു മാത്രമല്ല, അവൻ അവരുടെ വിശ്വാസത്തെ പ്രകീർത്തിക്കുക കൂടി ചെയ്തു. അവസാനിക്കാത്ത രാത്രിയിൽ നിന്ന് അവൻ

www.malankaralibrary.com

അന്ധരെ വിടുവിച്ച് അവർക്ക് കാഴ്ചശക്തി നൽകി. കനാൻകാരിയുടെ മകളുടെ ക്രുദ്ധമായ വിഭ്രാന്തിയിൽ നിന്ന് അവൾക്ക് മോചനം നൽകുകയും ദുഷ്ടപിശാചിനെ ഓടിക്കുകയും ചെയ്തു. “ദാവീദിന്റെ പുത്രന് ഓശാന” എന്നു വിളിച്ചുപറഞ്ഞ ശിശുക്കളെ പുരോഹിതപ്രമാണികളും ഫരിസേയരും വിമർശിച്ചപ്പോൾ, അവിടുന്ന് ശിശുക്കളെ തടഞ്ഞില്ലെന്നു മാത്രമല്ല, അവരെ പ്രകീർത്തിക്കുക കൂടി ചെയ്തു: “ഈ ജനം നിശ്ശബ്ദരായാൽ കല്ലുകൾ ആർപ്പുവിളിക്കും എന്ന് സത്യമായി ഞാൻ നിങ്ങളോടു പറയുന്നു” എന്ന് അവിടുന്ന് പറകയുണ്ടായി (ലൂ.19,40).

എരാ. അപ്പോഴും യഥാർഥവിശ്വാസം ഇല്ലാത്തവരുടെ ബലഹീനത പരിഗണിച്ചാണ് ഉത്ഥാനത്തിനുമുമ്പ് ഈ പേരുകൾ അവിടുന്ന് അംഗീകരിച്ചത്. എന്നാൽ ഉത്ഥാനാനന്തരം ഇവ അധികപ്പറ്റായിരുന്നു.

ഓർ. ഭാഗ്യവാനായ പൗലോസിനെ ആരുടെകൂടെ നാം കൂട്ടും? പരിപൂർണരുടെയോ, അപൂർണരുടെയോ ഇടയിൽ?

എരാ. ഗൗരവമായ വിഷയങ്ങളെപ്പറ്റി തമാശ പറയാൻ പാടില്ല.

ഓർ. ദിവ്യപ്രസ്താവനകൾ വായിക്കുന്നതിന് ആരും വിമുഖത കാണിക്കയുമരുത്.

എരാ. തങ്ങളുടെ സ്വന്തം രക്ഷയിൽ താൽപര്യം കാണിക്കാത്ത പരമ ദരിദ്രരായിട്ടുള്ളവർ ആരാണ്?

ഓർ. ചോദ്യത്തിന് ഉത്തരം പറയുക. അപ്പോൾ നിനക്ക് നിന്റെ അജ്ഞത ഗ്രഹിക്കാൻ കഴിയും.

എരാ. ഏതു ചോദ്യം?

ഓർ. ദിവ്യശ്ലീഹായെ നാം എവിടെ നിർത്തും?

എരാ. തീർച്ചയായും ഏറ്റവും വലിയ പരിപൂർണരുടെ ഇടയിൽ. അവൻ പരിപൂർണരുടെ പ്രബോധകനുമാണ്.

ഓർ. അദ്ദേഹം എപ്പോഴാണ് പ്രസംഗിക്കാൻ തുടങ്ങിയത്?

എരാ. രക്ഷകന്റെ സ്വർഗാരോഹണത്തിനും പരിശുദ്ധാത്മാവിന്റെ വരവിനും വിജയശ്രീലാളിതനായ സ്റ്റീഫന്റെ രക്തസാക്ഷിത്വത്തിനും ശേഷം.

ഓർ. ദിവ്യശ്ലീഹാ തന്റെ ജീവിതാന്ത്യത്തോടടുത്തപ്പോൾ തന്റെ ശിഷ്യനായ തിമോതിക്ക് ഒരു വിൽപത്രം എന്നപോലെയും പിതൃസ്വത്ത് എന്നപോലെയും ഒരന്ത്യസന്ദേശം എഴുതി അയച്ചു. അതിൽ അവൻ പറയുന്നു: “എന്റെ സുവിശേഷത്തിൽ പ്രഘോഷിച്ചിട്ടുള്ളതുപോലെ, ദാവീദിന്റെ വംശജനും മരിച്ചവരിൽനിന്ന് ഉയർത്തവനുമായ യേശുക്രിസ്തുവിനെ ഓർക്കുക” (2തിമോ.2,8). സുവിശേഷത്തെ പ്രതിയുള്ള തന്റെ സഹനങ്ങൾ അവൻ

www.malankaralibrary.com

ചൂണ്ടിക്കാണിക്കുകയും അതിലൂടെ സുവിശേഷത്തിന്റെ സത്യം കാണിച്ചു കൊടുക്കുകയും ചെയ്യുന്നു. അവൻ പറയുന്നു: “ആ സുവിശേഷത്തിനു വേണ്ടിയാണ് ഞാൻ കഷ്ടത സഹിച്ചുകൊണ്ട് ഒരു കുറ്റവാളിയെപ്പോലെ വിലങ്ങുകൾക്കുവരെ അധീനനാകുന്നത്” (2,9). ഇതുപോലെ, മറ്റനേകം സാക്ഷ്യങ്ങൾ എളുപ്പത്തിൽ അവതരിപ്പിക്കാൻ എനിക്കു കഴിയുമെങ്കിലും, അതിന്റെ ആവശ്യമില്ലെന്ന് കരുതുന്നു.

എരാ. പ്രബോധനത്തിൽ പോരായ്മയുള്ളവരെ കർത്താവ് പഠിപ്പിച്ചു എന്ന് കാണിക്കാമെന്ന് വാഗ്ദാനം ചെയ്തതനുസരിച്ച്, തന്റെ ദൈവത്വത്തെപ്പറ്റി അവിടുന്ന് യഹൂദരോടും ഫരിസേയരോടും സംസാരിച്ചു എന്ന് നീ പറയുകയുണ്ടായി. എന്നാൽ തന്റെ ശരീരത്തെപ്പറ്റിയും അവിടുന്ന് പഠിപ്പിച്ചെന്ന് നീ തെളിയിച്ചില്ലല്ലോ.

ഓർ. ദൃശ്യശരീരത്തെപ്പറ്റി സംസാരിക്കുക തികച്ചും അധികപ്പറ്റാണ്. അത് ഭക്ഷിക്കുന്നതും കുടിക്കുന്നതും ജോലി ചെയ്യുന്നതും ഉറങ്ങുന്നതും ഒക്കെ വ്യക്തമായി മനുഷ്യർ കണ്ടതാണ്. എങ്കിലും, പീഡാനുഭവത്തിലും അതിനു മുമ്പും നടന്ന പല കാര്യങ്ങളും വിസ്മരിച്ച് ഉത്ഥാനാനന്തരവും ശിഷ്യന്മാർ അവിശ്വസിച്ചപ്പോൾ അവിടുന്ന് തന്റെ ദൈവത്വമല്ല മനുഷ്യത്വം അവരെ കാണിച്ചു. അവൻ പറയുന്നു: “എന്റെ കൈകളും കാലുകളും കണ്ട് ഇത് ഞാൻ തന്നെയാണെന്ന് മനസിലാക്കുവിൻ. എന്നെ സ്പർശിച്ചു നോക്കുവിൻ. എനിക്കുള്ളതുപോലെ മാംസവും അസ്ഥികളും ഭൂതത്തിന് ഇല്ലല്ലോ” (ലൂ.24,39). ഇതാ, നാം നിന്നോട് ചെയ്ത വാഗ്ദാനം നിറവേറ്റിയിരിക്കുന്നു. ദൈവത്വത്തെപ്പറ്റി അറിയാൻ പാടില്ലാത്തവർക്ക് അതേപ്പറ്റിയുള്ള പ്രബോധനം നൽകിയെന്നും ശരീരത്തിന്റെ ഉത്ഥാനത്തിൽ വിശ്വസിക്കാതിരുന്നവരെ ശരീരം കാണിച്ചെന്നും തെളിയിച്ചിരിക്കുന്നു. അതുകൊണ്ട്, തർക്കം നിർത്തി രക്ഷകന്റെ ഇരുസ്വഭാവങ്ങളും ഏറ്റുപറയുക.

എരാ. ഐക്യത്തിനു മുമ്പ് രണ്ടുണ്ട്. അവ ഒന്നിച്ച് ചേർന്നപ്പോൾ ഏക സ്വഭാവമായിത്തീർന്നു.

ഓർ. ഐക്യം എപ്പോൾ സംഭവിച്ചു എന്നാണ് നീ പറയുന്നത്?

എരാ. ഗർഭധാരണത്തിന്റെ അവസരം എന്നു ഞാൻ പറയുന്നു.

ഓർ. ഗർഭധാരണത്തിനു മുമ്പ് വചനമാം ദൈവം സ്ഥിതിചെയ്തിരുന്നില്ലെന്ന് നീ പറയുന്നുണ്ടോ?

എരാ. സമയത്തിനുമുമ്പ് വചനമാം ദൈവം സ്ഥിതിചെയ്യുന്നു എന്ന് ഞാൻ പറയുന്നു.

ഓർ. മാംസം വചനത്തോടുകൂടെ സ്ഥിതിചെയ്യുന്നെന്ന് നീ പറയുന്നുണ്ടോ?

എരാ. തീർച്ചയായും ഇല്ല.

www.malankaralibrary.com

ഓർ. ദൂതന്റെ ആശംസയ്ക്കുശേഷം പരിശുദ്ധാത്മാവിനാൽ അത് രൂപീകൃതമായെന്നു നീ പറയുന്നില്ലേ?

എരാ. അതേ.

ഓർ. അപ്പോൾ ഐക്യത്തിനുമുമ്പ് രണ്ടുസ്വഭാവങ്ങൾ ഉണ്ടായിരുന്നില്ല, പിന്നെയോ, ഒന്നേ ഉണ്ടായിരുന്നുള്ളു, ഒന്നുമാത്രം. ദൈവത്വത്തിന് മുന്നസ്തിത്വം ഉണ്ടായിരുന്നു. മനുഷ്യത്വം അതിന്റെ കൂടെ സ്ഥിതിചെയ്തിരുന്നില്ല. കാരണം, ദൂതന്റെ ആശംസയ്ക്ക് ശേഷമാണ് അത് രൂപീകൃതമായത്. രൂപീകരണത്തോടൊപ്പമാണ് ഐക്യം നടന്നത്. അങ്ങനെയെങ്കിൽ, ഐക്യത്തിനുമുമ്പ് ഒരു സ്വഭാവമേ ഉണ്ടായിരുന്നുള്ളു. അതായത്, എപ്പോഴും സ്ഥിതിചെയ്തിരുന്നതും കാലത്തിനുമുമ്പ് സ്ഥിതിചെയ്തിരുന്നതുമായ സ്വഭാവം. ഈ കൃത്യസംഗതി ഇപ്പോൾ വീണ്ടും നമുക്ക് പരിശോധിക്കാം. മാംസമായിത്തീരുന്നത്, അഥവാ, മനുഷ്യനായിത്തീരുന്നത് ഐക്യമല്ലാതെ മറ്റെന്തെങ്കിലും സൂചിപ്പിക്കുന്നതായി നിനക്ക് തോന്നുന്നുണ്ടോ?

എരാ. ഇല്ല.

ഓർ. കാരണം, മാംസം എടുത്തുകൊണ്ടാണ് വചനം മാംസമായത്.

എരാ. നിശ്ചയമായും.

ഓർ. ഐക്യം ഉണ്ടായത് എടുക്കലിലൂടെയാണോ?

എരാ. അതേ.

ഓർ. അപ്പോൾ ഐക്യത്തിനുമുമ്പ് ഒരു സ്വഭാവമേ ഉണ്ടായിരുന്നുള്ളു. ഐക്യവും മനുഷ്യനായി തീരുക എന്നതും ഒരേ സംഗതിയാണ്. വചനം മനുഷ്യനായത് മനുഷ്യസ്വഭാവം എടുത്തുകൊണ്ടാണ്. ദൈവത്തിന്റെ രൂപം ദാസന്റെ രൂപമെടുത്തു. അങ്ങനെയെങ്കിൽ, ഐക്യത്തിനുമുമ്പ് ഏകസ്വഭാവമേ ഉണ്ടായിരുന്നുള്ളു: ദൈവസ്വഭാവം.

എരാ. ഐക്യവും മനുഷ്യനായി തീരുന്നതും എങ്ങനെയയാണ് ഒരേ സംഗതി ആകുന്നത്?

ഓർ. ഈ പദങ്ങൾ തമ്മിൽ വ്യത്യാസം ഒന്നുമില്ലെന്ന് നീ ഇപ്പോൾ അംഗീകരിച്ചതേയുള്ളല്ലോ.

എരാ. നിന്റെ വാദഗതികൾകൊണ്ട് നീയെന്നെ പറ്റിച്ചു.

ഓർ. വളരെ ലളിതമായ കാര്യങ്ങൾ മാത്രമേ ഞാൻ നിന്റെ മുമ്പിൽ അവതരിപ്പിച്ചുള്ളു.

എരാ. എന്നാൽ നിന്റെ മുൻവാദഗതിയിലാണ് ഞാൻ ശ്രദ്ധിച്ചുകൊണ്ടിരുന്നത്.

ഓർ. താൽപര്യമുണ്ടെങ്കിൽ, അതേ ചർച്ചയിലേക്കു നമുക്ക് മടങ്ങാം.

www.malankaralibrary.com

എരാ. അതാണ് വേണ്ടത്.

ഓർ. മനുഷ്യാവതാരം അതിന്റെ സ്വഭാവം അനുസരിച്ച്, ഐക്യത്തിൽ നിന്നു വ്യത്യസ്തമാണോ?

എരാ. വളരെ വ്യത്യസ്തമാണ്.

ഓർ. ഈ വ്യത്യാസത്തിന്റെ വിവിധ രൂപങ്ങൾ ഏവയെന്ന് പൂർണ മായി വിശദീകരിച്ചാലും.

എരാ. വാക്കുകളുടെ അർഥം തന്നെ വ്യത്യാസം വെളിപ്പെടുത്തുന്നു. മനുഷ്യാവതാരം മാംസത്തിന്റെ എടുക്കൽ വെളിപ്പെടുത്തുന്നു. എന്നാൽ ഐക്യമെന്നാൽ, വേർപെട്ടിരിക്കുന്ന വസ്തുക്കളുടെ ഒന്നിച്ചുചേരൽ വെളി പ്പെടുത്തുന്നു.

ഓർ. മനുഷ്യാവതാരം ഐക്യത്തിനു മുമ്പ് സംഭവിച്ചെന്ന് നീ പറയു ന്നുണ്ടോ?

എരാ. ഒരിക്കലുമില്ല.

ഓർ. ഗർഭധാരണാവസരം ഐക്യമുണ്ടായി എന്നല്ലേ നീ പറയുന്നത്?

എരാ. അതേ.

ഓർ. അങ്ങനെയെങ്കിൽ, മാംസമെടുക്കലും ഐക്യവും തമ്മിൽ ഞൊടിയിട നേരംപോലും വ്യത്യാസമില്ല. എടുക്കലിനും ഐക്യത്തിനും മുമ്പ് എടുക്കപ്പെട്ട സ്വഭാവം സ്ഥിതിചെയ്തിരുന്നില്ല. അങ്ങനെയെങ്കിൽ, മനുഷ്യാ വതാരവും ഐക്യവും ഒരേ കാര്യമാണ് സൂചിപ്പിക്കുന്നത്. അതുകൊണ്ട്, ഐക്യത്തിന്, അഥവാ, മനുഷ്യാവതാരത്തിന്, മുമ്പ് ഒരു സ്വഭാവമേ ഉണ്ടാ യിരുന്നുള്ളു. ഐക്യത്തിനുശേഷം രണ്ടു സ്വഭാവങ്ങൾ എന്നു പറയുന്ന താകും ഉചിതം: എടുത്തുതും എടുക്കപ്പെട്ടതും.

എരാ. ക്രിസ്തു രണ്ട് സ്വഭാവങ്ങളിൽ നിന്നാണ് എന്നത്രേ ഞാൻ പറയുന്നത്. എന്നാൽ രണ്ടു സ്വഭാവങ്ങൾ എന്നു ഞാൻ പറയുന്നില്ല.

ഓർ. "രണ്ടു സ്വഭാവങ്ങളിൽ നിന്ന്" എന്ന പ്രയോഗം ഒന്നു വിശദീക രിച്ചുതരിക. സ്വർണംകൊണ്ട് വെള്ളിയിൽ പോറൽ വീഴ്ത്തുന്നതു പോലെ യാണോ? അതോ, അംബരധാതു *(amber)* ഉണ്ടാക്കുന്നതു പോലെയാണോ? അതോ, ഈയവും ടിന്നും ചേർന്ന മിശ്രിതമായ പൊടി പോലെയാണോ?

എരാ. ഈ ഐക്യം ഇതുപോലെ ഒന്നുമല്ല. കാരണം, ഇത് അപരിമേ യവും അവാച്യവും എല്ലാ മാനുഷിക ധാരണകൾക്കും ഉപരിസ്ഥവുമാണ്.

ഓർ. ഈ ഐക്യം വിവരണാതീതമാണെന്ന് ഞാനും സമ്മതിക്കുന്നു. എന്നാൽ ഐക്യത്തിനു ശേഷവും ഇരുസ്വഭാവങ്ങളും കൂടിക്കുഴയാതെ നിലനിൽക്കുന്നെന്ന് തിരുലിഖിതം എന്നെ പഠിപ്പിച്ചിരിക്കുന്നു.

www.malankaralibrary.com

എരാ. തിരുലിഖിതം ഇത് എവിടെയാണ് പഠിപ്പിച്ചിരിക്കുന്നത്?

ഓർ. തിരുലിഖിതത്തിൽ ഉടനീളം ഈ പ്രബോധനം കാണാം.

എരാ. നീ പറയുന്നത് തെളിയിച്ചാലും.

ഓർ. ഓരോ സ്വഭാവത്തിന്റെയും സവിശേഷതകൾ നീ അംഗീകരിക്കാത്തപ്പോൾ, നിനക്ക് തെളിവു വേണമോ?

എരാ. ഐക്യത്തിനു ശേഷമല്ല.

ഓർ. എന്നാൽ തിരുലിഖിതം നമ്മെ പഠിപ്പിച്ചിരിക്കുന്നത് കൃത്യമായി ഇതാണ്.

എരാ. ഞാൻ തിരുലിഖിതങ്ങളിൽ വിശ്വസിക്കുന്നു.

ഓർ. "ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടുകൂടെ ആയിരുന്നു. വചനം ദൈവമായിരുന്നു" എന്നും "എല്ലാം അവനിലൂടെ നിർമിക്കപ്പെട്ടു" എന്നും മറ്റും ദിവ്യപ്രചോദിതനായ യോഹന്നാൻ വിളിച്ചുപറയുമ്പോൾ നീ എന്തു പറയുന്നു? ആദിയിലേ മാംസം ദൈവത്തോടുകൂടെ ആയിരുന്നെന്നും സ്വഭാവത്താലേ ദൈവമാണെന്നും എല്ലാം സൃഷ്ടിച്ചെന്നും നീ പറയുമോ? അതോ, സമയത്തിനുമുമ്പ് പിതാവിൽനിന്ന് വചനമാം ദൈവം ജനിച്ചെന്നു പറയുമോ?

എരാ. ഈ വാക്കുകൾ വചനമാം ദൈവത്തെപ്പറ്റിയാണെന്ന് ഞാൻ പറയുന്നു. എന്നാൽ വചനവുമായി ഐക്യപ്പെട്ട മാംസത്തെ വചനത്തിൽനിന്ന് ഞാൻ വേർപെടുത്തുന്നില്ല.

ഓർ. ഞങ്ങളും വചനമാം ദൈവത്തിൽനിന്ന് മാംസത്തെ വേർപെടുത്തുന്നില്ല. എന്നാൽ ഐക്യത്തെ മിശ്രിതമാക്കുന്നുമില്ല.

എരാ. ഐക്യത്തിനുശേഷം ഞാൻ ഒരു സ്വഭാവത്തെ മാത്രമേ അറിയുന്നുള്ളു.

ഓർ. സുവിശേഷകർ സുവിശേഷങ്ങൾ എഴുതിയത് എപ്പോഴാണ്? ഐക്യത്തിനുമുമ്പോ ഐക്യത്തിനുശേഷം വളരെ നാളുകൾ കഴിഞ്ഞോ?

എരാ. ഐക്യത്തിനും ജനനം, അത്ഭുതങ്ങൾ, പീഡാനുഭവം, ഉത്ഥാനം, സ്വർഗാരോഹണം, പരിശുദ്ധാത്മാവിന്റെ ആവാസം എന്നിവയ്ക്കും ശേഷമാണ് അവരെഴുതിയത്.

ഓർ. യോഹന്നാൻ പറയുന്നത് ശ്രദ്ധിക്കുക: "ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടുകൂടെ ആയിരുന്നു. വചനം ദൈവമായിരുന്നു. അവൻ ആദിയിൽ ദൈവത്തോടുകൂടെ ആയിരുന്നു. എല്ലാം അവൻ വഴി ഉണ്ടായി. അവനെ കൂടാതെ ഒന്നും ഉണ്ടായതുമില്ല" (യോഹ.1,1-3). മത്തായിയെ ശ്രവിക്കുക: "അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്ര

www.malankaralibrary.com

നായ യേശുക്രിസ്തുവിന്റെ വംശാവലി പുസ്തകം" (1,1). ലൂക്കായും അബ്രഹാമിൽ നിന്നും ദാവീദിൽ നിന്നുമാണ് വംശാവലി രേഖപ്പെടുത്തുന്നത് (3,23-38). ഈ സംഗതികളെല്ലാം ഏകസ്വഭാവവുമായി പൊരുത്തപ്പെടുത്തുക. എന്നാലത് സാധ്യമല്ല. കാരണം, അബ്രഹാമിൽ നിന്നുള്ള വംശാവലി, ആദിയിലേ ഉള്ള അസ്തിത്വവുമായി ഒത്തുപോകുന്നതല്ല. സൃഷ്ടിക്കപ്പെട്ട ഒരു വംശത്തലവൻ ഉള്ളതും, എല്ലാം സൃഷ്ടിച്ചതും പരസ്പരവിരുദ്ധമാണ്.

എരാ. നീയിത് പറയുന്നെങ്കിൽ, ഏകജാതനാം പുത്രനെ രണ്ടാളുകളായി വിഭജിക്കുകയായിരിക്കും ചെയ്യുക.

ഓർ. ഞാൻ നമ്മുടെ കർത്താവേശുക്രിസ്തു എന്ന ഏകപുത്രനെ അറിയുകയും ആരാധിക്കുകയും ചെയ്യുന്നു. എന്നാൽ ദൈവത്വവും മനുഷ്യത്വവും തമ്മിൽ അന്തരമുണ്ടെന്ന് ഞാൻ ഗ്രഹിച്ചിരിക്കുന്നു. ഐക്യത്തിനുശേഷം ഏകസ്വഭാവമെന്നു പറയുന്ന നീ സുവിശേഷങ്ങളുടെ ആരംഭങ്ങളെ ഇതുമായി പൊരുത്തപ്പെടുത്തി കാണിക്കുക.

എരാ. ഇത് വളരെ പ്രയാസമുള്ളതും ഒരുപക്ഷേ അസാധ്യവുമായ പ്രസ്താവനയായി നീ കരുതുന്നെന്ന് തോന്നുന്നു.

ഓർ. നിനക്കിത് എളുപ്പവും ലഘുവുമായിരിക്കാം. എന്നാലിത് പരിഹരിച്ച് കാണിക്കുക.

എരാ. ആദിയിലേ ഉള്ള അസ്തിത്വവും ജഡപ്രകാരം അബ്രഹാമിൽ നിന്നും ദാവീദിൽ നിന്നുമുള്ള ജനനവും കർത്താവായ ക്രിസ്തുവിന് ചേരുന്നതാണ്.

ഓർ. ഐക്യത്തിനുശേഷം ഏകസ്വഭാവമെന്ന് പറയണമെന്ന് നീ നിയമം വച്ചല്ലോ. ജഡത്തെ സൂചിപ്പിച്ചുകൊണ്ട് നിന്റെ നിയമം നീ മാറ്റിമറിക്കരുത്.

എരാ. ജഡത്തെപ്പറ്റി സൂചിപ്പിക്കാതെ തന്നെ ഈ പ്രശ്നം പരിഹരിക്കാനാവും. കാരണം, ഞാൻ രണ്ടും രക്ഷകനായ ക്രിസ്തുവിൽ ആരോപിക്കുന്നു.

ഓർ. രണ്ടും കർത്താവായ ക്രിസ്തുവിന് ചേരുന്നതാണെന്ന് ഞാനും പറയുന്നു. എന്നാൽ ഞാനിതു പറയുന്നത് അവനിൽ രണ്ടു സ്വഭാവങ്ങൾ കാണുന്നതുകൊണ്ടും ഓരോന്നിന്റെയും സവിശേഷതകൾ അതാതിന് ആരോപിക്കുന്നതു കൊണ്ടുമാണ്. എന്നാൽ ക്രിസ്തു ഏകസ്വഭാവം ആണെങ്കിൽ പരസ്പരവിരുദ്ധ സവിശേഷതകൾ എങ്ങനെ അതിൽ ആരോപിക്കാനാവും? കാരണം, ദാവീദിനുശേഷം അനേകം തലമുറകൾ കഴിഞ്ഞുള്ള ജനനത്തെപ്പറ്റി പറയാതെ തന്നെ അബ്രഹാമിൽ നിന്നും ദാവീദിൽ നിന്നും ആരംഭം എടുക്കുന്നത് ആദിയിലുള്ള അസ്തിത്വത്തിന് വിരുദ്ധമാണ്. അതുപോലെ, ഭൗമിക പൂർവപിതാക്കന്മാർ ഉണ്ടായിരിക്കുക എന്നത് ദൈവത്തിൽ നിന്നുള്ള അസ്തിത്വത്തിന് എതിരായിരിക്കുന്നതുപോലെ, സൃഷ്ടികളിൽ

www.malankaralibrary.com

നിന്നുള്ള ജനനം, എല്ലാറ്റിനെയും സൃഷ്ടിക്കുന്നതിന് എതിരാണ്. കാലികം നിത്യത്വത്തിന് എതിരാണ്. എന്നാൽ ഇപ്പോൾ ഈ രീതിയിൽ നമുക്ക് നമ്മുടെ അന്വേഷണം തുടരാം. വചനമാം ദൈവം എല്ലാറ്റിന്റെയും സ്രഷ്ടാവാണെന്ന് നാം പറയുന്നുണ്ടോ?

എരാ. ഇങ്ങനെ വിശ്വസിക്കാൻ തിരുലിഖിതം നമ്മെ പഠിപ്പിച്ചിരിക്കുന്നു.

ഓർ. ആകാശവും ഭൂമിയും സൃഷ്ടിച്ചിട്ട് എത്ര ദിവസം കഴിഞ്ഞാണ് ആദം സൃഷ്ടിക്കപ്പെട്ടതെന്നാണ് നാം പഠിച്ചിട്ടുള്ളത്?

എരാ. ആറാംദിവസം.

ഓർ. ആദത്തിനും അബ്രഹാമിനും ഇടയിൽ എത്ര തലമുറകൾ ഉണ്ടായിരുന്നു?

എരാ. ഇരുപത് എന്നാണ് ഞാൻ മനസിലാക്കുന്നത്.

ഓർ. അബ്രഹാം മുതൽ നമ്മുടെ രക്ഷകനായ ക്രിസ്തുവരെ എത്ര തലമുറകളെ സുവിശേഷകനായ മത്തായി കണക്കാക്കുന്നു?

എരാ. നാൽപത്തിരണ്ട്.

ഓർ. അങ്ങനെയെങ്കിൽ, കർത്താവായ ക്രിസ്തു ഏകസ്വഭാവം ആണെങ്കിൽ, അവനെങ്ങനെ ഒരേസമയം ദൃശ്യാദൃശ്യവസ്തുക്കളുടെയെല്ലാം സ്രഷ്ടാവായിരിക്കുകയും അനേകം തലമുറകൾ കഴിഞ്ഞ് പരിശുദ്ധാത്മാവിനാൽ കന്യകയുടെ ഉദരത്തിൽ ഉരുവാകുകയും ചെയ്തു? അവന് എങ്ങനെ ആദത്തിന്റെ സ്രഷ്ടാവും ആദത്തിന്റെ വംശാവലിയിൽ ജനിച്ചവനുമാകാൻ കഴിയും?

എരാ. അവതരിച്ച ദൈവമെന്ന നിലയിൽ രണ്ടും അവിടുത്തേക്ക് ചേരുന്നതാണെന്ന് ഞാൻ നേരത്തേ തന്നെ പറഞ്ഞല്ലോ. കാരണം, വചനത്തിന്റെ, അവതരിച്ച ഏകസ്വഭാവത്തെ മാത്രമേ ഞാൻ അറിയുന്നുള്ളു.

ഓർ. എന്റെ സ്നേഹിതാ, വചനമാം ദൈവത്തിന്റെ രണ്ടു സ്വഭാവങ്ങൾ മാംസമായി എന്നു നാം പറയുന്നില്ല. കാരണം, വചനമാം ദൈവത്തിന്റെ ഏകസ്വഭാവത്തെപ്പറ്റിയേ നമുക്കറിവുള്ളു. എന്നാൽ അവതരിക്കാനായി വചനം ഉപയോഗിച്ച മാംസം മറ്റൊരു സ്വഭാവമാണെന്നാണ് നാം പഠിച്ചിരിക്കുന്നത്. നീയും ഇതംഗീകരിക്കുമെന്ന് ഞാൻ കരുതുന്നു. അതുകൊണ്ട്, എന്നോട് പറയൂ: ഏതെങ്കിലും തരത്തിലുള്ള മാറ്റത്തിലൂടെയാണ് മനുഷ്യാവതാരം സംഭവിച്ചതെന്ന് നീ പറയുന്നുണ്ടോ?

എരാ. എങ്ങനെയാണെന്ന് എനിക്കറിയില്ല. എന്നാൽ വചനം മാംസമായെന്നു ഞാൻ വിശ്വസിക്കുന്നു.

ഓർ. അജ്ഞത നടിക്കുന്നതിലൂടെ നീ തെറ്റായും ഫരിസേയരെപ്പോ

www.malankaralibrary.com

ലെയും പെരുമാറുന്നു. കാരണം, കർത്താവിന്റെ ചോദ്യങ്ങളുടെ ശക്തി മനസിലാക്കിയപ്പോൾ, വിധിയെ ഭയപ്പെട്ട് അവർ പറഞ്ഞു: "ഞങ്ങൾക്ക് അറിഞ്ഞുകൂടാ" (മത്താ.21,27). എന്നാൽ ദിവ്യമായ മനുഷ്യാവതാരം മാറ്റം കൂടാതെയാണെന്ന് സുവ്യക്തമായി ഞാൻ ഉറക്കെ പ്രസ്താവിക്കുന്നു. കാരണം, ഏതെങ്കിലും തരത്തിലുള്ള വ്യതിയാനത്തിലൂടെയും മാറ്റത്തിലൂടെയുമാണ് വചനം മാംസമായതെങ്കിൽ, മാറ്റത്തിനുശേഷം ദിവ്യനാമങ്ങളും യാഥാർഥ്യങ്ങളും അവന് ഒരുതരത്തിലും ആരോപിക്കാനാവില്ല.

എരാ. വചനമാം ദൈവം വ്യതിയാന രഹിതനാണെന്ന് നാം പലപ്പോഴും ഏറ്റുപറഞ്ഞിട്ടുള്ളതാണല്ലോ.

ഓർ. അതുകൊണ്ട്, മാംസമെടുത്ത് അവൻ മാംസമായി.

എരാ. വാസ്തവം.

ഓർ. അപ്പോൾ, വചനമാം ദൈവത്തിന്റെ അവതരിച്ച സ്വഭാവം ഒന്ന്. അവതരിക്കാനും മനുഷ്യനായി തീരാനും വചനത്തിന്റെ ദൈവസ്വഭാവം എടുത്ത മാംസത്തിന്റെ സ്വഭാവം മറ്റൊന്ന്.

എരാ. അംഗീകരിക്കുന്നു.

ഓർ. അപ്പോൾ, അവൻ മാംസമായി മാറിയില്ല.

എരാ. തീർച്ചയായും ഇല്ല.

ഓർ. അതുകൊണ്ട്, വചനം മാറ്റം വഴിയല്ല, മാംസമെടുത്താണ് മാംസമായത്. അവതരിച്ച ദൈവമെന്ന നിലയിൽ രണ്ടുതരം സവിശേഷതകളും വചനത്തിന് ആരോപിക്കാം. എങ്കിൽ, സ്വഭാവങ്ങൾ കൂടിക്കുഴഞ്ഞില്ല. അവ സമ്മിശ്രപ്പെടാതെ നിലനിന്നു. ഇതാണ് നമ്മുടെ ധാരണയെങ്കിൽ, സുവിശേഷകരുടെ പൊരുത്തംകൂടി നമുക്കു കാണാം. കാരണം, ഏകജാതനായ ഏകന്റെ, കർത്താവായ ക്രിസ്തുവിന്റെ, ദൈവത്വം ഒരാൾ പ്രഘോഷിക്കുന്നു; മറ്റെയാൾ മനുഷ്യത്വം പ്രഘോഷിക്കുന്നു. കർത്താവായ ക്രിസ്തു തന്നെയും ഈ രീതിയിലുള്ള മനസിലാക്കൽ നമ്മെ പഠിപ്പിക്കുന്നു. കാരണം, ചിലപ്പോൾ അവിടുന്ന് തന്നെത്തന്നെ ദൈവപുത്രനെന്നും മറ്റുചിലപ്പോൾ മനുഷ്യപുത്രനെന്നും വിളിക്കുന്നു (യോഹ.10,36; മത്താ.9,6). തന്നെ പ്രസവിച്ചവളായി ഒരവസരം അവൻ തന്റെ അമ്മയെ ബഹുമാനിക്കുന്നു. മറ്റൊരവസരം യജമാനൻ എന്ന നിലയിൽ അവളെ കുറ്റപ്പെടുത്തുന്നു (ലൂ.2,51; യോഹ.2,4). ദാവീദിന്റെ പുത്രൻ എന്നു തന്നെ വിളിച്ചവരെ ഒരവസരം അവൻ അംഗീകരിക്കുന്നു. മറ്റൊരവസരം, താൻ ദാവീദിന്റെ പുത്രൻ മാത്രമല്ല, ദാവീദിന്റെ കർത്താവു കൂടെയാണെന്ന് അറിയാത്തവരെ അവൻ പഠിപ്പിക്കുന്നു (മത്താ.22,41–45). നസ്രത്തിനെയും കഫർണാമിനെയും തന്റെ ജന്മനാടെന്ന് അവൻ വിളിക്കുന്നു (ലൂ.4,16–24). എന്നാൽ "അബ്രഹാമിനു മുമ്പ് ഞാനുണ്ട്"

www.malankaralibrary.com

എന്നും അവൻ വിളിച്ചുപറയുന്നു (യോഹ.8,58). തിരുലിഖിതങ്ങളിൽ ഇത്തരം ധാരാളം ദൃഷ്ടാന്തങ്ങൾ നിനക്കു കാണാനാകും. അവ ഏകസ്വഭാവമല്ല, രണ്ടുസ്വഭാവങ്ങളെയാണ് വെളിപ്പെടുത്തുന്നത്.

എരാ. ക്രിസ്തുവിൽ രണ്ടു സ്വഭാവങ്ങൾ കാണുന്നവൻ ഏകജാതനായ ഏകനെ രണ്ടു പുത്രന്മാരായി വിഭജിക്കുന്നു.

ഓർ. കൊള്ളാം. ആത്മാവും ശരീരവും ചേർന്നതാണ് പൗലോസ് എന്നു പറയുമ്പോൾ, ഏകപൗലോസ് രണ്ടുപൗലോസാണെന്ന് നീ പറയുന്നുണ്ടോ?

എരാ. ഈ ദൃഷ്ടാന്തം പറ്റിയതല്ല.

ഓർ. അത് എനിക്കും അറിയാം. കാരണം, ഇവിടെ പൗലോസിന്റെ കാര്യത്തിൽ കാലികവും സൃഷ്ടവും സഹസേവകരുടേതുമായ സ്വാഭാവി കൈക്യമാണ്. കർത്താവായ ക്രിസ്തുവിനെ സംബന്ധിച്ച് ഇത് സന്മനോ ഭാവത്തിന്റേയും മനുഷ്യസ്നേഹത്തിന്റേയും കൃപയുടേയും കാര്യമാണ്. പൗലോസിന്റെ കാര്യത്തിലുള്ള ഐക്യം സ്വാഭാവികൈക്യം ആണെങ്കിൽ പോലും, സ്വഭാവങ്ങളുടെ സവിശേഷതകൾ കൂടിക്കുഴയാതെ നിലനിൽക്കുന്നു.

എരാ. സ്വഭാവങ്ങളുടെ സവിശേഷതകൾ കൂടിക്കുഴയുന്നില്ലെങ്കിൽ, ശരീ രത്തോടൊപ്പം എന്തുകൊണ്ടാണ് ആത്മാവ് പോഷണത്തിന് കാംക്ഷിക്കു ന്നത്?

ഓർ. ആത്മാവ് പോഷണത്തിന് ദാഹിക്കുന്നില്ല. അത് അമർത്യവും പോഷണത്തിന് അതീതവും ആകയാൽ, അതിന് എങ്ങനെ സാധിക്കും? എന്നാൽ ആത്മാവിൽ നിന്ന് ജീവനുള്ള കഴിവ് നേടുന്ന ശരീരം ആവശ്യം തിരിച്ചറിയുകയും കുറവുള്ളത് ലഭിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. അതുകൊണ്ട്, അധ്വാനത്തിനുശേഷം അത് വിശ്രമം തേടുന്നു. ഉണർന്നിരു ന്നശേഷം ഉറക്കം ആഗ്രഹിക്കുന്നു. അതുപോലെ മറ്റുകാര്യങ്ങളും. അതു കൊണ്ട്, അതിന്റെ അഴിവിനുശേഷം അതിന് ജീവന്റെ പ്രവർത്തനം അവ സാനിക്കുന്നു. അതിന് കുറവുള്ളത് എത്തിപ്പിടിക്കുന്നില്ല, അതിനു ലഭിക്കാ ത്തതിനാൽ ജീർണിച്ചുപോകുന്നു.

എരാ. വിശപ്പും ദാഹവും അതുപോലുള്ള ആവശ്യങ്ങളും ആത്മാ വിന്റേതായിട്ടാണോ നീ കാണുന്നത്?

ഓർ. അവ ആത്മാവിന്റേതാണെങ്കിൽ, ശരീരത്തിൽ നിന്ന് വേർപെടു മ്പോഴും അതിന് വിശക്കുകയും ദാഹിക്കുകയും മറ്റാവശ്യങ്ങൾ ഉണ്ടായിരി ക്കയും വേണം.

എരാ. അപ്പോൾ, ആത്മാവിന് സ്വന്തമായിട്ടുള്ളത് എന്താണെന്നാണ് നീ പറയുന്നത്?

www.malankaralibrary.com

ഓർ. ബൗദ്ധികമായിരിക്കുക, കേവലമായിരിക്കുക, അമർത്യമായിരിക്കുക, അദൃശ്യമായിരിക്കുക.

എരാ. ശരീരത്തിന് സ്വന്തമായിട്ടുള്ളത് എന്താണ്?

ഓർ. സമ്മിശ്രമായിരിക്കുക, ദൃശ്യമായിരിക്കുക, മർത്യമായിരിക്കുക.

എരാ. മനുഷ്യൻ ഇവയാൽ രൂപീകൃതമാണെന്ന് നാം പറയുന്നുണ്ടോ?

ഓർ. അതേ.

എരാ. മനുഷ്യനെ ബൗദ്ധികനും മർത്യനും ജീവനുള്ളവനുമെന്ന് നാം നിർവചിക്കുന്നുവോ?

ഓർ. അതേ.

എരാ. ഈ രണ്ടുതരം ഗുണവിശേഷങ്ങളിൽനിന്നും മനുഷ്യന് നാം പേരിടുന്നുണ്ടോ?

ഓർ. അതേ.

എരാ. ഇവിടെ നാം ഒരു വിഭജനവും ഉണ്ടാക്കാതെ ഒന്നിനെത്തന്നെ ബൗദ്ധികമെന്നും മർത്യമെന്നും പറയുന്നതുപോലെ, ക്രിസ്തുവിനെ സംബന്ധിച്ചും പറയുകയും ദൈവികവും മാനുഷികവുമായവ അവന് ആരോപിക്കുകയും വേണം.

ഓർ. നീ കൃത്യമായി പറഞ്ഞില്ലെങ്കിലും, ഇതുതന്നെയാണ് നാം പറയുന്നത്. അതുകൊണ്ട്, അത് ഈ രീതിയിൽ നോക്കുക. മനുഷ്യാത്മാവിനെ കുറിച്ച് നാമൊരു പഠനം നടത്തുമ്പോൾ, അതിന്റെ സ്വഭാവത്തിനും പ്രവർത്തനത്തിനും ചേരുന്നവ മാത്രമേ നാം സൂചിപ്പിക്കാറുള്ളോ?

എരാ. തീർച്ചയായും.

ഓർ. നാം ശരീരത്തെപ്പറ്റി സംസാരിക്കുമ്പോൾ, അതിന് ചേരുന്നവ മാത്രമേ സൂചിപ്പിക്കാറുള്ളോ?

എരാ. അതേ.

ഓർ. എന്നാൽ മനുഷ്യനെപ്പറ്റി സമഗ്രമായി ചർച്ചചെയ്യുമ്പോൾ, രണ്ടുതരം സവിശേഷതകളും അവതരിപ്പിക്കാൻ നാം മടിക്കുന്നില്ല. കാരണം, ആത്മാവിന്റേയും ശരീരത്തിന്റേയും സവിശേഷതകൾ മനുഷ്യന്റേതാണ്.

എരാ. നീ അത് നന്നായി അവതരിപ്പിച്ചു.

ഓർ. കർത്താവായ ക്രിസ്തുവിനെപ്പറ്റി ഈ രീതിയിലാണ് നാം സംസാരിക്കേണ്ടത്. നാം സ്വഭാവങ്ങൾ ചർച്ച ചെയ്യുമ്പോൾ, അതാതിന്റെ സവിശേഷതകൾ ഓരോ സ്വഭാവത്തിനും ആരോപിക്കണം. ചിലത് ദൈവത്വത്തിനും ചിലത് മനുഷ്യത്വത്തിനും ചേരുന്നതാണെന്ന് മനസിലാക്കണം. എന്നാൽ

www.malankaralibrary.com

ആളെപ്പറ്റി പറയുമ്പോൾ, സ്വഭാവങ്ങളുടെ സവിശേഷതകൾ പൊതുവായി പറയണം. രണ്ടുതരം സവിശേഷതകളും രക്ഷകനായ ക്രിസ്തുവിന് ആരോപിക്കണം. അവനെ ദൈവമെന്നും മനുഷ്യനെന്നും, ദൈവപുത്രനെന്നും മനുഷ്യപുത്രനെന്നും, ദാവീദിന്റെ പുത്രനെന്നും ദാവീദിന്റെ കർത്താവെന്നും, അബ്രഹാമിന്റെ പുത്രനെന്നും അബ്രഹാമിന്റെ സ്രഷ്ടാവെന്നും വിളിക്കണം. മറ്റുകാര്യങ്ങളിലും ഇതുപോലെ തന്നെ.

എരാ. ക്രിസ്തുവിന്റെ വ്യക്തിത്വം ഏകമാണെന്നും ദൈവികവും മാനുഷികവുമായ ഗുണവിശേഷങ്ങൾ അവന്റേതാണെന്നും നീ പറഞ്ഞത് വളരെ ശരിയാണ്. ഇത് വിശ്വാസ നിയമമായി ഞാൻ അംഗീകരിക്കുന്നു. എന്നാൽ, അതേസമയം, സ്വഭാവങ്ങളെപ്പറ്റി പറയുമ്പോൾ, ഓരോന്നിന്റേയും സവിശേഷതകൾ അതാതു സ്വഭാവത്തിന് ആരോപിക്കുന്നത് എന്റെ നോട്ടത്തിൽ, ഐക്യത്തെ ഇല്ലാതാക്കുന്നതാണ്. അതുകൊണ്ട്, ഇത്തരം ഭാഷ ഞാൻ അംഗീകരിക്കുന്നില്ല.

ഓർ. ആത്മാവിനെയും ശരീരത്തെയും നാം പരിശോധിച്ചപ്പോൾ, ആ പദങ്ങൾ വേർതിരിക്കുന്നത് തികച്ചും സ്വീകാര്യമാണെന്ന് നീ കരുതിയല്ലോ. കുറഞ്ഞപക്ഷം, അത് അംഗീകരിക്കുന്നെന്ന് നീ ഉടൻതന്നെ പറകയുണ്ടായി. അതേനിയമം എന്തുകൊണ്ടാണ് കർത്താവായ ക്രിസ്തുവിന്റെ ദൈവത്വത്തെയും മനുഷ്യത്വത്തെയും കുറിച്ച് അംഗീകരിക്കാത്തത്? അതോ, ക്രിസ്തുവിന്റെ ദൈവത്വവും മനുഷ്യത്വവും ആത്മാവിനും ശരീരത്തിനും തുല്യമായി നീ പരിഗണിക്കുന്നില്ലേ? ആത്മാവും ശരീരവും തമ്മിലുള്ള ഐക്യം കൂടിക്കലരൽ കൂടാത്തതാണെന്ന് നീ അംഗീകരിക്കുന്നു. ക്രിസ്തുവിന്റെ ദൈവത്വവും മനുഷ്യത്വവും കൂടിക്കലർന്ന് മിശ്രിതമായെന്ന് പറയാൻ നീ ധൈര്യപ്പെടുന്നുവോ?

എരാ. ക്രിസ്തുവിന്റെ ദൈവത്വവും അവന്റെ മാംസംപോലും ആത്മാവിനേയും ശരീരത്തേയുംകാൾ വളരെയധികം മഹനീയവും അനന്തമായി വലുതുമാണെന്ന് ഞാൻ കരുതുന്നു. എങ്കിലും ഐക്യത്തിനുശേഷം ഏകസ്വഭാവമെന്നു ഞാൻ ഇപ്പോഴും പറയുന്നു.

ഓർ. ശരീരവുമായി ചേരുന്ന ആത്മാവിന് ഒരുതരം മിശ്രിതവും സംഭവിക്കുന്നില്ലെന്നു പറയുകയും, പ്രപഞ്ചനാഥന്റെ ദൈവത്വത്തിന് അതിന്റെ സ്വഭാവം കലർപ്പില്ലാതെ കാത്തുസൂക്ഷിക്കാനും താനെടുത്ത മനുഷ്യത്വത്തെ അതിന് ഉചിതമായ പരിധിക്കുള്ളിൽ നിർത്താനും കഴിവില്ലെന്നും ശുദ്ധവസ്തുക്കൾ കൂടിക്കുഴയുന്നെന്നും സമ്മിശ്രപ്പെടാത്തവ സമ്മിശ്രപ്പെടുന്നെന്നും മറ്റും പറയുകയും ചെയ്യുന്നത് തിന്മയും ദുഷ്ടതയുമല്ലേ? കാരണം, ഏകസ്വഭാവം ഈ സംശയങ്ങൾക്കെല്ലാം ഇട നൽകുന്നു.

www.malankaralibrary.com

എരാ. സമ്മിശ്രം എന്ന പദം നാം ഒഴിവാക്കണമെന്ന് എനിക്കു തോന്നുന്നു. എന്നാൽ ഇരുപുത്രന്മാർ എന്ന തെറ്റിൽ നിന്ന് ഒഴിയാൻ ഇരുസ്വഭാവങ്ങൾ എന്നു പറയാൻ എനിക്കു മനസ്സുവരുന്നില്ല.

ഓർ. ദുഷ്ടത നിറഞ്ഞ മിശ്രിതം, ദുഷ്ടത നിറഞ്ഞ വേർതിരിവ് എന്നീ രണ്ട് പാറക്കൂട്ടങ്ങൾ ഒഴിവാക്കാനാണ് ഞാൻ പണിപ്പെടുന്നത്. പുത്രനെ രണ്ടായി വിഭജിക്കുന്നതുപോലെ കളങ്കപൂർണമാണ് സ്വഭാവങ്ങളുടെ ദ്വിത്വം നിഷേധിക്കുന്നത്. സത്യത്തെപ്രതി ഇപ്പോൾ ഇതിന് ഉത്തരം പറയുക. ആരിയസിന്റെയോ, എവുണോമിയസിന്റെയോ ഒരനുയായി നിന്നോട് തർക്കത്തിനു വന്നെന്നു കരുതുക. പുത്രന്റെ വിലയിടിച്ചു താഴ്ത്തി, പിതാവിനേക്കാൾ താണവനും കുറഞ്ഞവനുമാണെന്ന് സ്ഥാപിക്കാൻ അവൻ ശ്രമിക്കുന്നെന്നു കരുതുക. “പിതാവേ, കഴിയുമെങ്കിൽ ഈ കാസാ എന്നെ കടന്നുപോകട്ടെ.” “ഇപ്പോൾ എന്റെ ആത്മാവ് അസ്വസ്തമായിരിക്കുന്നു” എന്നു തുടങ്ങിയ ഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ട് അവർ സാധാരണ പറയാറുള്ള വാക്കുകൾ പറയുന്നു എന്നും കരുതുക. അപ്പോൾ നീ അവന്റെ പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കും? ഈ ടെക്സ്റ്റുകളുടെ പശ്ചാത്തലത്തിൽ പുത്രൻ താണവനല്ലെന്നും പുത്രന് വ്യത്യസ്ത സത്തയില്ല, പിന്നെയോ, പിതാവിന്റെ സത്തയിൽ നിന്ന് ജനിച്ചവനാണെന്നും നീ എങ്ങനെ കാണിക്കും?

എരാ. തിരുലിഖിതങ്ങൾ പറയുന്ന ചില കാര്യങ്ങൾ ദൈവത്തെ പറ്റിയും മറ്റുചിലത് ദൈവികപദ്ധതിയെ സംബന്ധിച്ചുമാണ്. അവ ഒന്നിച്ചുചേർക്കാൻ തുനിയരുതെന്നു ഞാൻ പറയും.

ഓർ. എന്നാൽ പഴയ ഉടമ്പടിയിൽ പോലും തിരുലിഖിതം ദൈവികപദ്ധതി സംബന്ധിച്ചുള്ള പല പരാമർശങ്ങളും നടത്തിയിട്ടുണ്ടെന്ന് നിന്റെ എതിരാളി പറയും. ഉദാ. “ഉലാത്തുന്ന ദൈവമായ കർത്താവിന്റെ സ്വരം ആദം കേട്ടു” (ഉൽപ. 3,8). “അവരുടെ പ്രവൃത്തികൾ, എന്റെ സന്നിധിയിൽ എത്തിയിട്ടുള്ള വിലാപങ്ങളെ സാധൂകരിക്കുന്നോ ഇല്ലയോ എന്നറിവാൻ ഞാൻ താഴേക്കു പോകുകയാണ്” (ഉൽപ.18,21). “നീ ദൈവത്തെ ഭയപ്പെടുന്നെന്ന് എനിക്കിപ്പോൾ ഉറപ്പായി” (ഉൽപ.22,12). ഇതുപോലുള്ള പല ടെക്സ്റ്റുകളും.

എരാ. ദിവ്യവ്യാപാരങ്ങൾ തമ്മിൽ വലിയ അന്തരമുണ്ടെന്നാണ് ഇതിന് എനിക്കുള്ള മറുപടി. പഴയതിൽ ദൈവികപദ്ധതി ഇത്തരം വാക്കുകളിൽ ഉൾക്കൊണ്ടിരുന്നു. എന്നാലിവിടെ പ്രവർത്തനങ്ങളാണ്.

ഓർ. എന്നാൽ എന്തു പ്രവർത്തനങ്ങളെന്ന് അവൻ ചോദിക്കും.

എരാ. മനുഷ്യാവതാരത്തിന്റെ പ്രവർത്തനങ്ങളെന്ന് അവൻ ഉടനേ കേൾക്കും. കാരണം, ദൈവപുത്രൻ മനുഷ്യനായപ്പോൾ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും ചിലപ്പോഴൊക്കെ മനുഷ്യത്വവും മററുചിലപ്പോൾ ദൈവത്വവും കാട്ടി. അങ്ങനെ, ഭയം എന്ന വികാരം വെളിപ്പെടുത്തിയതി

www.malankaralibrary.com

നാൽ മേലുദ്ധരിച്ച ഉദാഹരണങ്ങളിൽ അവൻ മാംസത്തിന്റെയും ആത്മാവിന്റെയും ബലഹീനത വെളിപ്പെടുത്തി.

ഓർ. എന്നാൽ ദൈവപുത്രൻ ആത്മാവിനെ എടുക്കാതെ ശരീരം മാത്രം എടുത്തെന്നും ദൈവത്വം ആത്മാവിനു പകരം ശരീരത്തോട് ഐക്യപ്പെട്ടെന്നും ആത്മാവ് ചെയ്യേണ്ടവയെല്ലാം ദൈവത്വം ചെയ്തെന്നും മറ്റും മറുപടിയായി പറഞ്ഞാൽ, ഈ വിഷമാവസ്ഥ പരിഹരിക്കാൻ നീയെന്തുചെയ്യും?

എരാ. ഞാൻ തിരുലിഖിതത്തിൽ നിന്നുള്ള സാക്ഷ്യങ്ങൾ നൽകുകയും വചനമാം ദൈവം മാംസം മാത്രമല്ല, ആത്മാവും എടുത്തെന്നു കാണിക്കുകയും ചെയ്യും.

ഓർ. തിരുലിഖിതത്തിൽ എവിടെയാണ് അത്തരം സാക്ഷ്യങ്ങൾ കാണുക?

എരാ. "എന്റെ ആത്മാവിനെ സമർപ്പിക്കാൻ എനിക്കധികാരമുണ്ട്. എന്റെ ആത്മാവിനെ തിരികെ എടുക്കാനും എനിക്കധികാരമുണ്ട്. ആരും അത് എന്നിൽനിന്ന് എടുത്തുകളയുന്നതല്ല. വീണ്ടും എടുക്കാനായി ഞാനത് സമർപ്പിക്കയത്രേ ചെയ്യുന്നത്"(യോഹ.10.17-18). "ഇപ്പോൾ എന്റെ ആത്മാവ് അസ്വസ്തമായിരിക്കുന്നു" (യോഹ.12,27). "എന്റെ ആത്മാവ് മരണത്തോളം ദുഃഖിതമായിരിക്കുന്നു" (മത്താ.26,38) എന്നൊക്കെ നമ്മുടെ കർത്താവ് പറഞ്ഞത് നീ കേട്ടിട്ടില്ലേ? അതുപോലെ, "അവന്റെ ആത്മാവ് പാതാളത്തിൽ ഉപേക്ഷിക്കപ്പെട്ടില്ല. അവന്റെ ജഡം ജീർണതയ്ക്ക് വിധേയമായില്ല" എന്ന് ദാവീദ് പറഞ്ഞ വാക്കുകൾ പത്രോസ് വ്യാഖ്യാനിച്ചത് നീ കേട്ടിട്ടില്ലേ? (നട.2,31). വചനമാം ദൈവം ശരീരം മാത്രമല്ല, ആത്മാവും എടുത്തെന്ന് ഈ ഭാഗങ്ങളും ഇതുപോലുള്ള മറ്റു ഭാഗങ്ങളും വ്യക്തമായി കാണിക്കുന്നു.

ഓർ. വളരെ ന്യായയുക്തവും ഉചിതവുമായ സാക്ഷ്യങ്ങളാണ് നീ അവതരിപ്പിച്ചത്. എന്നാൽ "എന്റെ ആത്മാവ് നിങ്ങളുടെ ഉപവാസങ്ങളും വിശുദ്ധ ദിവസങ്ങളും ആഘോഷങ്ങളും വെറുക്കുന്നു"എന്ന് മനുഷ്യാവതാരത്തിനു മുമ്പുതന്നെ ദൈവം യൂദജനത്തോട് പറഞ്ഞിട്ടുണ്ടല്ലോ (ഏശാ.1,13-14) എന്ന് അവർ തടസ്സം പറഞ്ഞേക്കാം. ദൈവത്തിന് ആത്മാവില്ലാതിരുന്നിട്ടും പഴയ ഉടമ്പടിയിൽ ആത്മാവിനെ സൂചിപ്പിച്ചതുപോലെ, ഇവിടെയും സൂചിപ്പിച്ചതേയുള്ളെന്ന് ന്യായമായി അനുമാനിച്ചുകൊണ്ട് അപ്പോൾ അവർ പറഞ്ഞെന്നിരിക്കും.

എരാ. ദൈവത്തെപ്പറ്റി പറയുമ്പോൾ, തിരുലിഖിതം ശരീരഭാഗങ്ങളും സൂചിപ്പിക്കുന്നതായി അവന് കേൾക്കാൻ കഴിയും. ഇപകാരം പറയുന്നു: "നിന്റെ ചെവി ചായിച്ച് ശ്രവിക്കണമേ. നിന്റെ കണ്ണു തുറന്ന് കാണണമേ" (ദാനി.9,18). ''കർത്താവിന്റെ വായ് ഇത് അരുളിച്ചെയ്തിരിക്കുന്നു'' (ഏശാ.58,14). "നിന്റെ കൈകൾ എന്നെ മെനഞ്ഞുണ്ടാക്കി" (സങ്കീ.119,73)

www.malankaralibrary.com

എന്നു തുടങ്ങി എണ്ണമറ്റ മറ്റു പ്രയോഗങ്ങളുമുണ്ട്. അതുകൊണ്ട്, മനുഷ്യാവതാരത്തിനുശേഷം ആത്മാവിനെ ആത്മാവായി പരിഗണിക്കേണ്ടതില്ലെങ്കിൽ, ശരീരത്തെയും ശരീരമായി പരിഗണിക്കേണ്ടതില്ല. അങ്ങനെ ദൈവികപദ്ധതിയുടെ മഹാരഹസ്യം വെറുമൊരു മായയായി കാണപ്പെടും. നാം മാർസ്യനിൽനിന്നും വലന്റീനസിൽ നിന്നും മാനിയിൽ നിന്നും യാതൊരു തരത്തിലും വ്യത്യസ്തരായിരിക്കയില്ല. കാരണം, അവർ പടച്ചുണ്ടാക്കുന്ന കെട്ടുകഥകൾ ഇത്തരത്തിലുള്ളവയാണ്.

ഓർ. എന്റെ സ്നേഹിതാ, അവൻ എടുത്തത് എന്തുതരം ആത്മാവിനെയാണെന്ന് അപ്പൊള്ളിനാരിയരിൽ ഒരുവൻ പെട്ടെന്ന് കടന്നുവന്ന് ചോദിച്ചാൽ നീയെന്തു മറുപടി പറയും?

എരാ. ഒന്നാമത്, മനുഷ്യന്റെ ഏക ആത്മാവിനെ മാത്രമേ ഞാൻ അറിയുന്നുള്ളു. ബൗദ്ധികവും അല്ലാത്തതുമായ ആത്മാക്കളുണ്ടെന്നു നീ കരുതുന്നെങ്കിൽ, ബൗദ്ധികാത്മാവിനെയാണ് എടുത്തതെന്ന് ഞാൻ കൂട്ടിച്ചേർക്കും. നമ്മുടെ രക്ഷ അപൂർണമാണെന്ന് നീ ചിന്തിക്കുന്നതിനാൽ, നിനക്ക് ബുദ്ധിരഹിതാത്മാവാണുള്ളതെന്നു തോന്നിപ്പോകും.

ഓർ. നീ പറയുന്നതിന് അവൻ തെളിവ് ആവശ്യപ്പെട്ടാലോ?

എരാ. എനിക്കത് എളുപ്പത്തിൽ നൽകാനാവും. ഞാൻ സുവിശേഷഭാഗങ്ങൾ ഉദ്ധരിക്കും: “ശിശു വളർന്നു, ആത്മാവിൽ ബലപ്പെട്ടു, ദൈവത്തിന്റെ കൃപ അവനോടുകൂടെ ഉണ്ടായിരുന്നു” (ലൂ.2,40). “യേശു ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പാകെ പ്രായത്തിലും ജ്ഞാനത്തിലും കൃപയിലും വളർന്നു” (ലൂ.2,52). ഇതൊന്നും ദൈവത്വത്തെപ്പറ്റിയല്ലെന്നു ഞാൻ പറയും. കാരണം, ശരീരം പ്രായത്തിൽ വളരുന്നു, ആത്മാവ്,-ബുദ്ധിരഹിതാത്മാവല്ല, ബൗദ്ധികാത്മാവ് - ജ്ഞാനത്തിൽ വളരുന്നു. അതുകൊണ്ട്, വചനമാം ദൈവം ബൗദ്ധികാത്മാവിനെ എടുത്തു.

ഓർ. എന്റെ നല്ല സ്നേഹിതാ, നമ്മുടെ എതിരാളികളുടെ മൂന്നു യുദ്ധനിരകളെയും വളരെ ശ്രേഷ്ഠമായി നീ തകർത്തിരിക്കുന്നു. എന്നാൽ നിന്റെ വാക്കുകൾകൊണ്ട്, നീണ്ട ചർച്ച നടത്തിയ കൂടിക്കലരലും മിശ്രിതവും കൊണ്ട്, ആ ഐക്യം രണ്ടായിട്ടു മാത്രമല്ല, മൂന്നു ഭാഗങ്ങളായിപ്പോലും നീ ശിഥിലമാക്കിയിരിക്കുന്നു. ദൈവത്വവും മനുഷ്യത്വവും തമ്മിലുള്ള വ്യത്യാസം മാത്രമല്ല നീ കാണിച്ചിരിക്കുന്നത്; പിന്നെയോ, നീ മനുഷ്യത്വത്തെ തന്നെയും രണ്ടായി കീറിയിരിക്കുന്നു. കാരണം, ആത്മാവ് ഒരു വസ്തുവാണെന്നും ശരീരം മറ്റൊരു വസ്തുവാണെന്നും നീ പഠിപ്പിച്ചിരിക്കുന്നു. അങ്ങനെ പറയുന്നതുപോലെ, നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിന്റെ രണ്ട് സ്വഭാവങ്ങളെയല്ല കാണുക, പിന്നെയോ, മൂന്നിനെയാണ്.

www.malankaralibrary.com

എരാ. നീയെന്താണ് അർഥമാക്കുന്നത്? ശരീരത്തിന്റെ സ്വഭാവവുമായി താരതമ്യപ്പെടുത്തുമ്പോൾ, ആത്മാവിന്റെ സത്ത വ്യത്യസ്തമാണെന്ന് നീ പറയുന്നില്ലേ?

ഓർ. അതേ. ഞാൻ പറയുന്നു.

എരാ. അപ്പോൾ പിന്നെ എന്റെ വിവരണം ശരിയല്ലെന്ന് ചിന്തിച്ചത് എന്തുകൊണ്ടാണ്?

ഓർ. കാരണം, രണ്ടെണ്ണം അംഗീകരിക്കാൻ കൂട്ടാക്കാതെ, നീ മൂന്നു സ്വഭാവങ്ങൾ അംഗീകരിച്ചതിനാൽ തന്നെ.

എരാ. നമ്മുടെ എതിരാളികളുമായുള്ള പോരാട്ടം അപ്രകാരം ചെയ്യാൻ എന്നെ നിർബന്ധിച്ചു. മാംസം, ആത്മാവ്, മനസ് എന്നിവ എടുത്തില്ലെന്നു പറയുന്നവരോട് ഇവയെപ്പറ്റി തിരുലിഖിതത്തിൽ നിന്നുള്ള തെളിവുകൾ നൽകുകയല്ലാതെ എങ്ങനെയാണ് സംസാരിക്കാൻ കഴിയുക? ഏകജാതന്റെ ദൈവത്വത്തെ താഴ്ത്തിക്കെട്ടാൻ ക്രോധാവേശത്തോടെ ശ്രമിക്കുന്നവരെ, തിരുലിഖിതം പറഞ്ഞിരിക്കുന്ന ചില സംഗതികൾ ദൈവത്തെ കുറിക്കുന്നതും മറ്റുചിലത് ദൈവികപദ്ധതിയെ കുറിക്കുന്നതുമാണെന്ന് കാണിച്ചുകൊണ്ടല്ലാതെ, എങ്ങനെയാണ് ഖണ്ഡിക്കാൻ കഴിയുക?

ഓർ. നീ പറയുന്നത് സത്യമാണ്. കാരണം, ഇതാണ് ഞങ്ങൾ പറയുന്നത്. അഥവാ, ശ്ലൈഹികനിയമം അഭംഗുരം കാത്തുസൂക്ഷിച്ചവരൊക്കെ പറയുന്നത്. നീ തന്നെയും ഞങ്ങളുടെ പ്രബോധനത്തിന്റെ വക്താവായി മാറിയിരിക്കുന്നു.

എരാ. ഇരുപുത്രന്മാർ എന്ന് പറയാത്ത ഞാൻ എങ്ങനെ നിന്റെ വക്താവാകും?

ഓർ. ഇരുപുത്രന്മാരെപ്പററി ഞങ്ങൾ പ്രസംഗിച്ചത് നീ എപ്പോഴാണ് കേട്ടത്?

എരാ. രണ്ടു സ്വഭാവങ്ങൾ പഠിപ്പിക്കുന്നവരെല്ലാം രണ്ടുപുത്രന്മാരെ പ്രസംഗിക്കുന്നു.

ഓർ. അപ്പോൾ, നീ മൂന്നു സ്വഭാവങ്ങൾ പഠിപ്പിക്കുന്നതിനാൽ, മൂന്നു പുത്രന്മാരെപ്പറ്റി സംസാരിക്കുന്നു.

എരാ. നമ്മുടെ എതിരാളികളുടെ പ്രശ്നം പരിഹരിക്കാൻ മറ്റൊരു വഴിയില്ലായിരുന്നു.

ഓർ. ഇതേ സംഗതി ഞങ്ങൾ പറയുന്നത് കേൾക്കുക. കാരണം, ഞങ്ങളും ഇതേ എതിരാളികളെയാണ് എതിരിടുന്നത്.

www.malankaralibrary.com

എരാ. എന്നാൽ ഐക്യത്തിനുശേഷം ഇരുസ്വഭാവങ്ങളെന്ന് ഞാൻ പറയുന്നില്ല.

ഓർ. ഐക്യം നടന്ന് അനേകം തലമുറകൾക്കുശേഷം, അൽപം മുമ്പ് നീ ഈ വാക്കുകൾ ഉപയോഗിച്ചു. എങ്കിലും, "ഐക്യത്തിനുശേഷം ഏക സ്വഭാവം" എന്നതുകൊണ്ട് നീ അർത്ഥമാക്കുന്നത് എന്താണെന്ന് പറഞ്ഞാലും. രണ്ടിൽ നിന്ന് ഒന്നുണ്ടായതാണോ, അതോ, ഒന്ന് ഇല്ലാതായി മറ്റത് നിലനിന്നതാണോ?

എരാ. ദൈവത്വം നിലനിന്നു, മനുഷ്യത്വത്തെ ദൈവത്വം വിഴുങ്ങി എന്നു ഞാൻ പറയുന്നു.

ഓർ. ഇവ ഗ്രീക്കുകാരുടെ പൊട്ടക്കഥകളും മനിക്കേയരുടെ വിഡ്ഢിത്തവുമാണ്. അവയെപ്പറ്റി പരസ്യമായി പറയാൻ തന്നെ ഞാൻ ലജ്ജിക്കുന്നു. കാരണം, ദേവന്മാരുടെ വിഴുങ്ങലുകളെപ്പറ്റി ഗ്രീക്കുകാർ കഥകൾ പടച്ചുണ്ടാക്കി. മനിക്കേയർ തങ്ങളുടെ പ്രതിപാദനങ്ങളിൽ പ്രകാശത്തിന്റെ പുത്രിയെപ്പറ്റി സംസാരിക്കുന്നു. നാം ഇത്തരം ആശയങ്ങൾ തിരസ്കരിക്കുന്നു. കാരണം, അവ ദുഷ്ടതയാണെന്നു മാത്രമല്ല, പമ്പരവിഡ്ഢിത്തം കൂടിയാണ്. ഈ പ്രപഞ്ചത്തെ ആവഹിക്കുന്നതും അനന്തവും എത്തിപ്പിടിക്കാനാവാത്തതുമായ കേവലവും മിശ്രിതരഹിതവുമായ സ്വഭാവം, എടുക്കപ്പെട്ട സ്വഭാവത്തെ എങ്ങനെ വിഴുങ്ങും?

എരാ. കടൽ ഒരുതുള്ളി തേൻ അതിൽ അലിയിക്കുന്നതുപോലെ. കാരണം, കടൽവെള്ളത്തിൽ ഒരുതുള്ളി അലിഞ്ഞു പോകുമ്പോൾ, അതുടനെ അപ്രത്യക്ഷമാകുന്നു.

ഓർ. കടലും തുള്ളിയും അളവിലും ഗുണത്തിലും വ്യത്യസ്തമാണ്. കാരണം, ഒന്ന് വളരെ വലുതാണ്, മറ്റത് വളരെ ചെറുതാണ്. ഒന്ന് മധുരമുള്ളതാണ്, മറ്റത് ഉപ്പുരസമാണ്. എന്നാൽ മറ്റുകാര്യങ്ങളിൽ അവ തമ്മിൽ അടുത്ത ബന്ധമുണ്ട്. രണ്ടും ദ്രാവകങ്ങളും നനവുള്ളവയും ഒഴുകുന്നവയുമാണ്. അവ രണ്ടും സൃഷ്ടവസ്തുക്കളാണ്. അവയ്ക്ക് രണ്ടിനും ആത്മാവില്ല, രണ്ടും പദാർഥങ്ങളെന്നു വിളിക്കപ്പെടുന്നു. അതുകൊണ്ട്, വളരെ അടുത്ത പ്രകൃതമുള്ള പദാർഥങ്ങൾ കലർത്തിയാൽ ഒന്നിൽ മറ്റത് ലയിച്ച് അപ്രത്യക്ഷമാകുന്നത് അസാധാരണമല്ല. എന്നാൽ യാഥാർഥ്യത്തിന്റെ പ്രതിഛായ കാണാൻ പറ്റാത്തവണ്ണം ഇവിടെ അനന്തമായ വ്യത്യാസമുണ്ട്. അതുപോലെ, കൂടിക്കലരുന്നവയെല്ലാം അലിഞ്ഞുചേർന്ന് ഒന്നായി തീരാതെ നിലനിൽക്കുന്നുണ്ടെന്നു കൂടി ഞാൻ നിന്നെ കാണിക്കാൻ പോകുകയാണ്.

എരാ. കൂടിച്ചേരാത്ത മിശ്രിതത്തെപ്പറ്റി ആര് കേട്ടിട്ടുണ്ട്?

ഓർ. ഇത് നിന്നെക്കൊണ്ട് ഞാൻ സമ്മതിപ്പിക്കാം.

www.malankaralibrary.com

എരാ. നീ പറയാൻ പോകുന്നത് സത്യമാണെങ്കിൽ, സത്യത്തിനെതിരെ ഞാൻ പോരാട്ടം നടത്തുകയില്ല.

ഓർ. എന്റെ വാദം കേട്ടിട്ട് യോജിക്കുന്നോ ഇല്ലയോ എന്ന് മറുപടി പറയുക.

എരാ. അപ്രകാരം ചെയ്യാം.

ഓർ. പ്രകാശം ഉദിക്കുമ്പോൾ അത് വായുമണ്ഡലം മുഴുവൻ നിറയുന്നു. ഏതെങ്കിലും ഗുഹയിൽ അടച്ചിരിക്കുന്നവനു മാത്രം പ്രകാശം കിട്ടുന്നില്ല. നീ ഇതംഗീകരിക്കുന്നല്ലോ?

എരാ. അതേ.

ഓർ. പ്രകാശം മുഴുവനായി വായുമണ്ഡലം മുഴുവൻ വ്യാപിച്ചിരിക്കുന്നു എന്നും നീ അംഗീകരിക്കുമല്ലോ?

എരാ. അതേ.

ഓർ. ഒന്നിച്ചു ചേർക്കപ്പെട്ടതിലെല്ലാം മിശ്രിതം വ്യാപിച്ചിരിക്കുന്നില്ലേ?

എരാ. അതേ.

ഓർ. എന്നാൽ പ്രകാശത്താൽ നിറഞ്ഞിരിക്കുന്ന വായുമണ്ഡലത്തെ പ്രകാശമായി നാം കാണുകയും അതിനെ പ്രകാശമെന്നു വിളിക്കുകയും ചെയ്യുന്നില്ലേ?

എരാ. തീർച്ചയായും.

ഓർ. എന്നാൽ പ്രകാശം ഉള്ളപ്പോഴും ഉണക്കും ഈർപ്പവും, മിക്കപ്പോഴും തണുപ്പും ചൂടും നമുക്ക് അനുഭവപ്പെടാറില്ലേ?

എരാ. അതേ.

ഓർ. പ്രകാശം പോയിക്കഴിഞ്ഞാലും, അന്തരീക്ഷം അതിനാൽ തന്നെ നിലനിൽക്കുന്നു.

എരാ. വാസ്തവം.

ഓർ. കൊള്ളാം. ഇപ്പോൾ ഇത് പരിഗണിക്കുക. അഗ്നിയുമായി ബന്ധപ്പെടുമ്പോൾ ഇരുമ്പ് ചുട്ടുപഴുക്കുന്നില്ലേ?

എരാ. തീർച്ചയായും.

ഓർ. അഗ്നി അതിന്റെ സത്ത മുഴുവൻ വ്യാപിക്കുന്നില്ലേ?

എരാ. അതേ

ഓർ. ഈ മിശ്രിതം അതിനെ പൂർണമായി നിറയ്ക്കുന്നെങ്കിലും, ഈ ഗാഢമായ ഐക്യം ഇരുമ്പിന്റെ പ്രകൃതം മാറ്റാത്തത് എന്തുകൊണ്ട്?

www.malankaralibrary.com

എരാ. എന്നാലത് പൂർണമായി മാറുന്നു. അതിനെ ഇരുമ്പായി പരിഗണിക്കാതെ അഗ്നിയായി പരിഗണിക്കുന്നു. അഗ്നിയുടെ സജീവശക്തിപോലും അതിനുണ്ട്.

ഓർ. അതുകൊണ്ട് കൊല്ലൻ അതിനെ ഇരുമ്പെന്ന് വിളിക്കുന്നത് അവസാനിപ്പിക്കുന്നോ? അതിനെ അടകല്ലിൽവച്ച് കൂടംകൊണ്ട് അടിച്ചു പരത്താതിരിക്കുന്നോ?

എരാ. ഇല്ല.

ഓർ. അതായത്, അഗ്നിയുമായുള്ള ബന്ധം ഇരുമ്പിന്റെ സ്വഭാവത്തെ നശിപ്പിച്ചില്ല.

എരാ. ഒരിക്കലുമില്ല.

ഓർ. കൊള്ളാം. കൂടിക്കലരാത്ത മിശ്രിതം പദാർഥങ്ങൾക്കിടയ്ക്ക് കാണാമെന്നിരിക്കെ, ശുദ്ധവും വ്യതിയാനരഹിതവുമായ പ്രകൃതത്തെപ്പറ്റി പ്രതിപാദിക്കുമ്പോൾ, മിശ്രിതത്തെപ്പറ്റിയും എടുക്കപ്പെട്ട, പ്രത്യേകിച്ച്, മനുഷ്യകുലത്തിന്റെ നന്മയ്ക്കുവേണ്ടി എടുക്കപ്പെട്ട, സ്വഭാവത്തിന്റെ നാശത്തെപ്പറ്റിയും ചിന്തിക്കുന്നത് ശുദ്ധഭ്രാന്താണ്.

എരാ. എടുക്കപ്പെട്ട സ്വഭാവം നശിച്ചുപോയെന്നു ഞങ്ങൾ പറയുന്നില്ല. പിന്നെയോ, അത് ദൈവത്വത്തിന്റെ സത്തയിലേക്ക് രൂപാന്തരപ്പെട്ടെന്നേ പറയുന്നുള്ളു.

ഓർ. അപ്പോൾ, മനുഷ്യരൂപത്തിന് നേരത്തേയുള്ള പരിമിതികളൊന്നും തന്നെയില്ലല്ലോ?

എരാ. അതിന് തീർച്ചയായും ഇല്ല.

ഓർ. അതിന് എപ്പോഴാണ് ഈ മാറ്റം സംഭവിച്ചത്?

എരാ. അത്യഗാധമായ ഐക്യത്തിനുശേഷം.

ഓർ. അതെപ്പോൾ സംഭവിച്ചെന്നാണ് നീ പറയുന്നത്?

എരാ. ഗർഭധാരണാവസരമെന്ന് ഞാൻ പലപ്പോഴും പറഞ്ഞിട്ടുണ്ട്.

ഓർ. ഗർഭധാരണത്തിനു ശേഷം അവൻ ഒരു ഭ്രൂണമായിരുന്നു. അവന്റെ ജന്മശേഷം അവൻ ഒരു ശിശുവായിരുന്നു. അങ്ങനെ വിളിക്കപ്പെട്ടിരുന്നു. ഇടയന്മാർ അവനെ ആരാധിച്ചു. അതുപോലെ, ദൂതൻ അവനെ ശിശുവെന്നു വിളിച്ചു. നിനക്കിതറിയാമോ? അതോ, നാം കഥ മെനഞ്ഞുണ്ടാക്കുകയാണെന്ന് നീ കരുതുന്നുണ്ടോ?

എരാ. ദിവ്യസുവിശേഷങ്ങളിലെ വിവരണം ഇതു പഠിപ്പിക്കുന്നു. ഇത് അനിഷേധ്യമാണ്.

www.malankaralibrary.com

ഓർ. എന്നാൽ നമുക്ക് ബാക്കിയുള്ളതും പരിഗണിക്കാം. കർത്താവ് പരിച്ഛേദനം ചെയ്യപ്പെട്ടെന്ന് നാം ഏറ്റുപറയുന്നില്ലേ?

എരാ. അതേ.

ഓർ. എന്താണ് അവിടെ ച്ഛേദിക്കപ്പെട്ടത്? മാംസമോ ദൈവത്വമോ?

എരാ. മാംസം.

ഓർ. പ്രായത്തിൽ വളരുകയും ജ്ഞാനത്തിൽ പുരോഗമിക്കുകയും ചെയ്യുന്നത് എന്താണ്?

എരാ. തീർച്ചയായും ഇവയൊന്നും ദൈവത്വത്തെപ്പറ്റി പറയാനാവില്ല.

ഓർ. അതുപോലെ വിശപ്പും ദാഹവും?

എരാ. തീർച്ചയായും ഇല്ല.

ഓർ. ഐക്യം നടന്നത് ഗർഭധാരണാവസരമാണ്. മേൽപ്പറഞ്ഞവ യെല്ലാം നടന്നത് ഗർഭധാരണത്തിനും ജനനത്തിനും ശേഷമാണ്. എങ്കിൽ ഐക്യത്തിനുശേഷം മനുഷ്യത്വത്തിന് അതിന്റെ സ്വന്തം പ്രകൃതം നഷ്ട പ്പെട്ടില്ല.

എരാ. എന്റെ നിർവചനം കൃത്യമല്ലായിരുന്നു. കാരണം, മരിച്ചവരിൽ നിന്നുള്ള ഉത്ഥാനത്തിനുശേഷം മാംസം ദൈവത്വത്തിന്റെ സ്വഭാവത്തിലേക്ക് രൂപാന്തരപ്പെട്ടു.

ഓർ. അപ്പോൾ, ഉത്ഥാനത്തിനുശേഷം മനുഷ്യസ്വഭാവത്തെ വെളിപ്പെ ടുത്തുന്ന യാതൊരു സവിശേഷതയും നിലനിന്നില്ല.

എരാ. അവ നിലനിന്നെങ്കിൽ, അവിടെ ദൈവികരൂപാന്തരീകരണം സംഭവിച്ചിട്ടില്ല.

ഓർ. അപ്പോൾ, വിശ്വസിക്കാതിരുന്ന ശ്ലീഹന്മാരെ തന്റെ കൈകളും പാദങ്ങളും കാണിക്കാൻ അവനെങ്ങനെ കഴിഞ്ഞു?

എരാ. വാതിലുകൾ അടച്ചിട്ടിരിക്കെ പോലും അവൻ അകത്തുകടന്ന തുപോലെ.

ഓർ. കന്യാത്വകവാടങ്ങൾ അടച്ചിരിക്കെ അവൻ ഉദരത്തിൽ നിന്ന് പുറത്തു വന്നതുപോലെയും കടലിന്മീതേ നടന്നതു പോലെയുമാണ് വാതി ലുകൾ അടച്ചിട്ടിരിക്കെ അകത്തു കടന്നത്. എന്നാൽ നീ പറയുന്നതനുസ രിച്ച് സ്വഭാവത്തിന്റെ രൂപാന്തരീകരണം അപ്പോഴും സംഭവിച്ചിട്ടില്ല.

എരാ. യാക്കോബിനോട് മൽപ്പിടുത്തം പിടിച്ചതു പോലെയാണ് കർത്താവ് ശ്ലീഹന്മാരെ തന്റെ കൈകൾ കാണിച്ചത്.[18]

www.malankaralibrary.com

ഓർ. എന്നാൽ കർത്താവ് ഈ വ്യാഖ്യാനം അനുവദിക്കുന്നില്ല. കാരണം, തങ്ങൾ ഒരു ഭൂതത്തെ കാണുന്നെന്നു കരുതിയ ശിഷ്യരുടെ സംശയം കർത്താവ് നീക്കുകയും തന്റെ ജഡത്തിന്റെ സ്വഭാവം വെളിപ്പെടുത്തുകയും ചെയ്തു. എന്തുകൊണ്ടെന്നാൽ അവിടുന്ന് പറയുന്നു: "നിങ്ങൾ അസ്വസ്ഥരാകുന്നത് എന്തുകൊണ്ട്? നിങ്ങളുടെ മനസിൽ ചോദ്യങ്ങൾ ഉയരുന്നതും എന്തിന്? എന്റെ കൈകളും കാലുകളും കണ്ട് ഇത് ഞാൻ തന്നെയാണെന്ന് മനസിലാക്കുവിൻ. എന്നെ സ്പർശിച്ചുനോക്കുവിൻ. എനിക്കുള്ളതുപോലെ മാംസവും അസ്ഥികളും ഭൂതത്തിന് ഇല്ലല്ലോ" (ലൂ.24,38-40). അവന്റെ വാക്കുകളുടെ വ്യക്തത ശ്രദ്ധിക്കുക. കാരണം, "മാംസവും അസ്ഥികളും ആയിരിക്കുന്ന" എന്ന് അവൻ പറഞ്ഞില്ല. പ്രത്യുത, "മാംസവും അസ്ഥികളുമുള്ള" എന്നാണ് പറഞ്ഞത്. സ്വഭാവേന ഉള്ളത് ഉണ്ടായിരുന്നതിൽ നിന്ന് വ്യത്യസ്തമാണെന്ന് കാണിക്കാനായിരുന്നു അത്.  കാരണം, എടുക്കുന്നത് ഒന്ന്, എടുക്കപ്പെട്ടത് മറ്റൊന്ന്. എന്നാൽ രണ്ടിൽ നിന്നും ഏകക്രിസ്തു അറിയപ്പെടുന്നു. അതുപോലെ, ഉള്ളത് ഉണ്ടായിരുന്നതിൽ നിന്ന് തികച്ചും വ്യത്യസ്തമാണ്.  എന്നാൽ അവയിൽ അറിയപ്പെടുന്ന ഏകനെ ഇത് രണ്ടാളുകളായി വിഭജിക്കുന്നില്ല. ശിഷ്യന്മാർക്ക് അപ്പോഴും സംശയം ഉണ്ടായിരുന്നതിനാൽ കർത്താവ് ആഹാരം ചോദിക്കുകയും എടുക്കുകയും കഴിക്കുകയും ചെയ്തു. മായാജാലം എന്ന രീതിയിലല്ല അവിടുന്ന് ആഹാരം കഴിച്ചത്. അതേസമയം അത് ശാരീരികാവശ്യം തൃപ്തിപ്പെടുത്താനുമല്ലായിരുന്നു.

എരാ. എന്നാൽ ഇപ്പോഴും നാം രണ്ടു സാധ്യതകളിൽ ഒന്ന് അംഗീകരിക്കണം: ഒന്നുകിൽ അവന് ആവശ്യമായതിനാൽ അവൻ ഭക്ഷണം കഴിച്ചു. അല്ലെങ്കിൽ, അവന് ആവശ്യമില്ലാതിരുന്നെങ്കിൽ, ഭക്ഷിക്കുന്നതായി തോന്നിച്ചെങ്കിലും ഭക്ഷണം കഴിച്ചതേയില്ല.

ഓർ. അവന്റെ ശരീരം അമർത്യമായി തീർന്നതിനാൽ, അതിന് ഭക്ഷണം ആവശ്യമില്ല. കാരണം, "അവിടെ അവർ വിവാഹം കഴിക്കുന്നില്ല, വിവാഹത്തിന് കൊടുക്കുന്നുമില്ല. പിന്നെയോ, അവർ മാലാഖമാരെ പോലെയാണ്"എന്ന് ഉത്ഥാനം ചെയ്യുന്നവരെപ്പറ്റി കർത്താവ് പറഞ്ഞിരിക്കുന്നു ( മർക്കോ.12,25). എങ്കിലും അവൻ ഭക്ഷിച്ചെന്ന് ശ്ലീഹന്മാർ സാക്ഷിക്കുന്നു. നടപടികളുടെ ആമുഖത്തിൽ ലൂക്കോസ് പറയുന്നു: "ശ്ലീഹന്മാർ ജറുസലേം വിട്ടുപോകരുതെന്ന് അവരോടൊപ്പം ഭക്ഷിച്ചുകൊണ്ടിരുന്നപ്പോൾ കർത്താവ് കൽപിച്ചു" (1,4). ദിവ്യനായ പത്രോസ് വളരെ വ്യക്തമായി പറയുന്നു: "അവൻ മരിച്ചവരിൽ നിന്ന് ഉത്ഥാനം ചെയ്തശേഷം അവനോടൊപ്പം ഭക്ഷിക്കുകയും കുടിക്കുകയും ചെയ്ത ഞങ്ങൾ" (നട.10,41). ഈ വർത്തമാനകാലജീവിതം നയിക്കുന്നവരാണ് ഭക്ഷിക്കുന്നത്. അതുകൊണ്ട് ശരീരത്തിന്റെ ഉത്ഥാനസത്യം അറിവില്ലാത്തവർക്ക് ഭക്ഷണപാനീയങ്ങളിലൂടെ അത് വെളിപ്പെടുത്തി കൊടുക്കേണ്ടിവന്നു. ലാസറിന്റെയും യായീറോസിന്റെ മകളു

www.malankaralibrary.com

ടെയും കാര്യത്തിൽ അവൻ ഇപ്രകാരം തന്നെ പ്രവർത്തിച്ചു. അവളെ ഉയർപ്പിച്ചശേഷം അവൾക്ക് ഭക്ഷിക്കാൻ എന്തെങ്കിലും കൊടുക്കാൻ അവിടുന്ന് കൽപിച്ചു. യഥാർഥമായ ഉത്ഥാനം വെളിപ്പെടുത്താൻവേണ്ടി അവൻ ലാസറുമൊത്ത് ഭക്ഷണത്തിനിരുന്നു.

എരാ. കർത്താവ് യഥാർഥത്തിൽ ഭക്ഷിച്ചെന്നു നാം സമ്മതിച്ചാൽ, ഉത്ഥാനാനന്തരം സകല മനുഷ്യരും ഭക്ഷിക്കുമെന്നുകൂടി സമ്മതിക്കണം.

ഓർ. ദൈവികപദ്ധതി അനുസരിച്ച് കർത്താവ് ചെയ്തത് ഒരു നിയമം അല്ല, പ്രകൃതിയുടെ പരിമിതിയുമല്ല. കാരണം, ദൈവികപദ്ധതി അനുസരിച്ച് അവൻ മറ്റു പല കാര്യങ്ങളും പ്രവർത്തിച്ചു. ജീവിതത്തിലേക്ക് തിരിച്ചു വരുന്നവരുടെ കാര്യത്തിൽ നിശ്ചയമായും അപ്രകാരം സംഭവിക്കുന്നില്ല.

എരാ. എന്തു കാര്യങ്ങളാണ്?

ഓർ. ഉത്ഥാനം ചെയ്യുന്നവരുടെ ശരീരങ്ങൾ അമർത്യവും അഴിവിനതീതവും ആയിത്തീരുന്നില്ലേ?

എരാ. അതാണ് വശുദ്ധ പൗലോസ് നമ്മെ പഠിപ്പിച്ചിരിക്കുന്നത്. അവൻ പറയുന്നു: "നശ്വരതയിൽ വിതയ്ക്കപ്പെടുന്നു. അനശ്വരതയിൽ ഉയർപ്പിക്കപ്പെടുന്നു. അവമാനത്തിൽ വിതയ്ക്കപ്പെടുന്നു. മഹിമയിൽ ഉയർപ്പിക്കപ്പെടുന്നു. ബലഹീനതയിൽ വിതയ്ക്കപ്പെടുന്നു. ശക്തിയിൽ ഉയർപ്പിക്കപ്പെടുന്നു. ഭൗതികശരീരം വിതയ്ക്കപ്പെടുന്നു. ആത്മീയശരീരം ഉയർപ്പിക്കപ്പെടുന്നു" (1കൊറി.15,42-44).

ഓർ. എന്നാൽ കുറ്റമോ, കുറവോ കൂടാതെ കർത്താവ് എല്ലാ മനുഷ്യരുടെയും ശരീരങ്ങളെ ഉയർപ്പിക്കും. കാരണം, ഉത്ഥാനം ചെയ്തവരിൽ മുടന്തോ, അന്ധതയോ കാണപ്പെട്ടില്ല. എങ്കിലും അവൻ തന്റെ സ്വന്തം ശരീരത്തിൽ ആണിപ്പഴുതുകളും പാർശ്വത്തിലെ മുറിവും അവശേഷിപ്പിച്ചു. കർത്താവും തോമസിന്റെ കൈകളും ഇതിനു സാക്ഷ്യം വഹിക്കുന്നു.

എരാ. അത് ശരിയാണ്.

ഓർ. ഉത്ഥാനാനന്തരം കർത്താവ് ഭക്ഷണം കഴിച്ചു, തന്റെ ശിഷ്യരെ തന്റെ കൈകളും കാലുകളും അവയിലെ ആണിപ്പഴുതുകളും കാണിച്ചു. "എന്നെ സ്പർശിച്ചു നോക്കുവിൻ. എനിക്കുള്ളതായി നിങ്ങൾ കാണുന്നതുപോലെ ഭൂതത്തിന് മാംസവും അസ്ഥികളും ഇല്ലല്ലോ" എന്ന് അവരോട് പറയുകയും ചെയ്തു (ലൂ.24,39). അങ്ങനെയാണെങ്കിൽ, ഉത്ഥാനത്തിനു ശേഷവും ശരീരത്തിന്റെ സ്വഭാവം മാറ്റംകൂടാതെ നിലനിന്നു. അത് മറ്റൊരു സത്തയിലേക്കു രൂപാന്തരപ്പെട്ടില്ല.

എരാ. എന്നാൽ ഉത്ഥാനത്തിനുശേഷം അവന്റെ ശരീരം നിശ്ചയമായും മർത്യമല്ല, സഹനവിധേയവുമല്ല. ആണോ?

www.malankaralibrary.com

ഓർ. ഒരിക്കലുമല്ല. അത് വ്യതിയാനാതീതവും സഹനാതീതവും അമർത്യവുമാണ്.

എരാ. അത് വ്യതിയാനാതീതവും സഹനാതീതവും അമർത്യവുമാണെങ്കിൽ, അത് മറ്റൊരു സ്വഭാവത്തിലേക്ക് രൂപാന്തരപ്പെട്ടു.

ഓർ. അപ്പോൾ, എല്ലാ മനുഷ്യരുടെയും ശരീരങ്ങൾ വ്യതിയാനാതീതവും അമർത്യവും ആയിത്തീരുന്നതിനാൽ, അവയെല്ലാം മറ്റൊരു സത്തയിലേക്ക് രൂപാന്തരപ്പെടേണ്ടതാണ്. അഥവാ, ശ്ലീഹാ പറയുന്നത് നീ കേൾക്കുന്നില്ലേ? "നശ്വരമായത് അനശ്വരമായതും മർത്യമായത് അമർത്യമായതും ധരിക്കണം" (1കൊറി.15,53).

എരാ. ഞാൻ അത് കേട്ടിട്ടുണ്ട്.

ഓർ. അപ്പോൾ സ്വഭാവം നിലനിൽക്കുന്നു. അതിന്റെ നശ്വരത അനശ്വരതയിലേക്കും, മർത്യത അമർത്യതയിലേക്കും രൂപാന്തരപ്പെടുന്നു. നമുക്കത് ഈ രീതിയിൽ നോക്കാം. ശരീരത്തിന് രോഗം ഉണ്ടെങ്കിലും ആരോഗ്യം ഉണ്ടെങ്കിലും നാം അതിനെ ശരീരമെന്നാണ് വിളിക്കുന്നത്.

എരാ. ശരി.

ഓർ. എന്തുകൊണ്ട്?

എരാ. രണ്ടിനും ഒരേ സത്തയായതിനാൽ.

ഓർ. എന്നാൽ അവ തമ്മിൽ വലിയ വ്യത്യാസം കാണുന്നുണ്ടല്ലോ. ഒന്ന് അരോഗദൃഢഗാത്രമാണ്, വേദനയിൽ നിന്ന് വിമുക്തമാണ്. മറ്റത് കണ്ണുപോയതോ, അസ്ഥി ഒടിഞ്ഞതോ, മറ്റെന്തെങ്കിലും ഗൗരവമായ രോഗം വന്നതോ ആണ്.

എരാ. ഒരേ പ്രകൃതിക്ക് നല്ല ആരോഗ്യവും രോഗവും ഉണ്ടാകാം.

ഓർ. അപ്പോൾ ശരീരത്തെ ഒരു സത്തയെന്ന് നിശ്ചയമായും വിളിക്കണം. രോഗത്തേയും ആരോഗ്യത്തേയും ആഗന്തുകങ്ങളെന്നും വിളിക്കണം.

എരാ. വളരെ ശരി. കാരണം, അവ ശരീരത്തിൽ സന്നിഹിതമോ, അസന്നിഹിതമോ ആകാം.

ഓർ. അപ്പോൾ ജീർണതയെയും മരണത്തെയും സത്തകളെന്നല്ല, ആഗന്തുകങ്ങൾ എന്നു വിളിക്കണം. കാരണം, അവ സന്നിഹിതമോ, അസന്നിഹിതമോ ആകാം.

എരാ. അങ്ങനെയാണ് പ്രയോഗിക്കേണ്ടത്.

ഓർ. അതുകൊണ്ട്, ഉത്ഥാനം ചെയ്യുമ്പോൾ മനുഷ്യശരീരങ്ങൾ ജീർണതയിൽനിന്നും മർത്യതയിൽ നിന്നും വിമുക്തമായിരിക്കും. എന്നാൽ അവയ്ക്ക് അവയുടെ സ്വന്തമായ പ്രകൃതി നഷ്ടപ്പെട്ടുപോകുന്നില്ല.

www.malankaralibrary.com

എരാ. വാസ്തവം.

ഓർ. അപ്പോൾ കർതൃശരീരം വ്യതിയാനാതീതമായും സഹനാതീതമായും അമർത്യമായും ദിവ്യമഹത്വത്താൽ മഹനീയമായും സ്വർഗീയ സൈന്യങ്ങളാൽ ആരാധ്യമായും ഉത്ഥാനം ചെയ്തു. എങ്കിലും അപ്പോഴും അത് നേരത്തേ ആയിരുന്നതുപോലെ പരിച്ഛേദ്യശരീരമായി[19] നിലനിന്നു.

എരാ. നീ പറയുന്നത് അർഥശൂന്യമായി തോന്നുന്നു. എന്നാൽ സ്വർഗത്തിലേക്ക് എടുക്കപ്പെട്ടശേഷം അത് ദൈവത്വത്തിലേക്ക് രൂപാന്തരപ്പെട്ടില്ലെന്ന് നീ പറയുമെന്ന് എനിക്ക് തോന്നുന്നില്ല.

ഓർ. മാനുഷിക വാദങ്ങളിലൂടെ ഇത് പറയാൻ എനിക്കു തോന്നുന്നില്ല. കാരണം, തിരുലിഖിതം സൂചിപ്പിക്കാത്ത ഒരു കാര്യം പറയാൻ ഞാൻ മുതിരുന്നില്ല. എന്നാൽ ദിവ്യപ്രചോദിതനായ പൗലോസ് വിളിച്ചുപറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: "താൻ നിയോഗിച്ചിരിക്കുന്ന ഒരു മനുഷ്യൻ വഴി ലോകത്തെ മുഴുവൻ നീതിയോടെ വിധിക്കാൻ അവിടുന്ന് ഒരു ദിവസം നിശ്ചയിച്ചിരിക്കുന്നു. ആ മനുഷ്യനെ മരിച്ചവരിൽ നിന്ന് ഉയർപ്പിച്ചുകൊണ്ട് അവിടുന്ന് ഇതിന് ഉറപ്പ് നൽകിയിട്ടുണ്ട്" (നട.17,31). അവൻ സ്വർഗത്തിലേക്ക് പോകുന്നതായി ശിഷ്യന്മാർ കണ്ടതുപോലെ അവൻ വരുമെന്ന് വിശുദ്ധ മാലാഖമാരിൽ നിന്ന് ഞാൻ പഠിക്കുകയും ചെയ്തിരിക്കുന്നു (1,11). അവർ പരിച്ഛേദ്യപ്രകൃതിയെയാണ്, അനന്തസ്വഭാവത്തെയല്ല കണ്ടത്. "മനുഷ്യപുത്രൻ വാനമേഘങ്ങളിൽ വരുന്നത് നിങ്ങൾ കാണും" എന്ന് കർത്താവ് പറയുന്നതും ഞാൻ കേൾക്കുന്നു (മത്താ.26,64). മനുഷ്യർ കാണുന്നത് പരിച്ഛേദ്യപ്രകൃതിയെയാണ്. കാരണം, ആത്മീയപ്രകൃതി അദൃശ്യമാണ്. അവസാനമായി, മഹത്വസിംഹാസനത്തിൽ ഇരിക്കുന്നതും ചെമ്മരിയാടുകളെ തന്റെ വലത്തുഭാഗത്തും കോലാടുകളെ തന്റെ ഇടത്തുഭാഗത്തും നിർത്തുന്നതും സംബന്ധിച്ച ഭാഗവും പരിച്ഛേദ്യപ്രകൃതിയെ വെളിപ്പെടുത്തുന്നു (മത്താ.25,31–33).

എരാ. അപ്പോൾ, മനുഷ്യനാകുന്നതിനുമുമ്പ് അവൻ നിശ്ചയമായും അനന്തനായിരുന്നില്ല. കാരണം, സ്രാപ്പേന്മാരാൽ വലയം ചെയ്യപ്പെട്ടവനായി പ്രവാചകൻ അവനെ ദർശിച്ചു (ഏശാ.6,2).

ഓർ. പ്രവാചകൻ ദൈവത്തിന്റെ യഥാർഥസത്ത കണ്ടില്ല. പിന്നെയോ, അവന്റെ കഴിവിന് അനുസൃതമായ ഒരുതരം ദർശനം ഉണ്ടായതേയുള്ളു. എന്നാൽ ഉത്ഥാനത്തിനുശേഷം എല്ലാവരും ന്യായാധിപന്റെ ദൃശ്യപ്രകൃതി തന്നെ ദർശിക്കും.

എരാ. സാക്ഷ്യരഹിതമായി ഒന്നുംതന്നെ പറകയില്ലെന്ന് നീ വാഗ്ദാനം ചെയ്തതാണ്. എന്നാൽ ഇപ്പോൾ നിന്റെ സ്വന്തം വാദഗതികൾ നീ ഉന്നയിക്കയാണ്.

ഓർ. തിരുലിഖിതങ്ങളാണ് എന്നെ ഇത് പഠിപ്പിച്ചത്. "അവർ കുത്തി

www.malankaralibrary.com

ത്തുളച്ചവനെ അവർ നോക്കും" എന്ന് സക്കറിയാ പ്രവാചകൻ പറയുന്നത് ഞാൻ കേൾക്കുന്നു (12,10). തങ്ങൾ കുരിശിൽ തറച്ചവന്റെ സ്വഭാവം അറിയുന്നില്ലെങ്കിൽ, എങ്ങനെയാണ് പ്രവചനം പൂർത്തീകരിക്കപ്പെടുക? "ഇതാ, സ്വർഗം തുറന്നിരിക്കുന്നതും ദൈവത്തിന്റെ വലത്തുഭാഗത്ത് മനുഷ്യപുത്രൻ നിൽക്കുന്നതും ഞാൻ കാണുന്നു" എന്ന് വിജയശ്രീലാളിതനായ സ്റ്റീഫൻ വിളിച്ചുപറയുന്നത് ഞാൻ കേൾക്കുന്നു. അവൻ അദൃശ്യസ്വഭാവമല്ല, ദൃശ്യസ്വഭാവമാണ് ദർശിച്ചത് (നട.7,56).

എരാ. ഇത് നിശ്ചയമായും തിരുലിഖിതത്തിൽ ഉള്ളതുതന്നെ. എന്നാൽ സ്വർഗാരോഹണത്തിനു ശേഷം ശരീരത്തെ ശരീരമെന്നു ആ ദിവ്യപ്രചോദിത വ്യക്തികൾ വിളിച്ചെന്ന് നിനക്ക് കാണിക്കാൻ കഴിയുമെന്ന് എനിക്കു തോന്നുന്നില്ല.

ഓർ. ഇപ്പോൾ ഞാൻ പറഞ്ഞ പ്രസ്താവന വളരെ വ്യക്തമായി ശരീരത്തെ സൂചിപ്പിക്കുന്നതാണ്. കാരണം, ദൃശ്യമാകുന്നത് ശരീരമാണ്. എങ്കിലും സ്വർഗാരോഹണത്തിനുശേഷവും കർതൃശരീരം ശരീരമെന്നു വിളിക്കപ്പെട്ടത് ഞാൻ കാട്ടിത്തരാം. ശ്ലീഹാ പഠിപ്പിക്കുന്നത് ശ്രവിക്കുക: "എന്തുകൊണ്ടെന്നാൽ നമ്മുടെ പൗരത്വം സ്വർഗത്തിലാണ്. അവിടെനിന്ന് ഒരു രക്ഷകനെ, കർത്താവായ യേശുക്രിസ്തുവിനെ, നാം കാത്തിരിക്കുന്നു. അവൻ നമ്മുടെ ദുർബല ശരീരത്തെ തന്റെ മഹത്വമുള്ള ശരീരം പോലെ രൂപാന്തരപ്പെടുത്തും" (ഫിലി.3,20 –21). അതുകൊണ്ട്, അത് മറ്റൊരു സ്വഭാവത്തിലേക്ക് രൂപാന്തരീകരിക്കപ്പെട്ടില്ല. പിന്നെയോ, അത് ദിവ്യമഹത്വത്താൽ നിറഞ്ഞതും പ്രകാശകിരണങ്ങൾ ബഹിർഗമിപ്പിക്കുന്നതും ആയിരുന്നിട്ടുപോലും, ശരീരമായിത്തന്നെ നിലനിന്നു. വിശുദ്ധരുടെ ശരീരങ്ങളും അതേരൂപത്തിൽ ആയിത്തീർന്നു. എന്നാൽ അത് മറ്റൊരു സ്വഭാവത്തിലേക്ക് മാറ്റപ്പെട്ടിരുന്നെങ്കിൽ, അവരുടെ ശരീരങ്ങളും അതുപോലെ മാറ്റപ്പെടുമായിരുന്നു. കാരണം, അവയും അതിനേപ്പോലെ ആയിത്തീരുമായിരുന്നു. വിശുദ്ധരുടെ ശരീരങ്ങൾ സ്വഭാവസവിശേഷതകൾ നിലനിർത്തുന്നെങ്കിൽ, കർതൃശരീരവും അതിന്റെ സത്ത മാറ്റം കൂടാതെ നിലനിർത്തും.

എരാ. അപ്പോൾ വിശുദ്ധരുടെ ശരീരങ്ങൾ കർതൃശരീരത്തിന് തുല്യമാണോ?

ഓർ. അതിന്റെ അഴിവിനതീതവും അമർത്യവുമായ പ്രകൃതിയിൽ അവയ്ക്കും ഭാഗഭാഗിത്വം ലഭിക്കും. ശ്ലീഹാ പറയുന്നതുപോലെ, അവയും അതിന്റെ മഹത്വത്തിൽ പങ്കുപറ്റും: "അവനോടൊപ്പം മഹത്വപ്പെടേണ്ടതിന് നാം അവനോടൊപ്പം പീഡയനുഭവിക്കുന്നു" (റോമ.8,17). എന്നാൽ സൂര്യനും ഗ്രഹങ്ങളും തമ്മിലും, യജമാനനും ദാസന്മാരും തമ്മിലും, പ്രകാശം തരുന്നതും പ്രകാശിപ്പിക്കപ്പെടുന്നതും തമ്മിലുമുള്ള വലിയ അന്തരം പോലെ, അതിന്റെ അപരിമേയത്വത്തിൽ വലിയ വ്യത്യാസം ദർശിക്കാൻ കഴിയും.

www.malankaralibrary.com

എങ്കിലും അവൻ തന്റെ സ്വന്തം സംജ്ഞകൾ തന്റെ ദാസരുമായി പങ്കുവച്ചു. പ്രകാശമെന്നു വിളിക്കപ്പെടുന്നവൻ വിശുദ്ധരെ പ്രകാശമെന്നു വിളിച്ചു. "നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു" എന്ന് അവൻ പറയുന്നു (മത്താ.5,14). നീതിസൂര്യനെന്നു വിളിക്കപ്പെടുന്നവൻ തന്റെ ദാസരെപ്പറ്റി പറയുന്നു: "അപ്പോൾ നീതിമാന്മാർ സൂര്യനെപ്പോലെ പ്രകാശിക്കും" (മത്താ.13,43). അതുകൊണ്ട്, കർതൃശരീരംപോലെ വിശുദ്ധരുടെ ശരീരത്തിന്റെ രൂപം ആയിത്തീരുന്നത് അപരിമേയത്വം അനുസരിച്ചല്ല, സവിശേഷത അനുസരിച്ചായിരിക്കും. നീ ആവശ്യപ്പെട്ടത് നാം സ്പഷ്ടമാക്കിയത് മനസിലാക്കുക. എന്നാൽ ഇപ്പോൾ നീ യോജിക്കുന്നെങ്കിൽ ഇത് മറ്റൊരു രീതിയിൽ നോക്കിക്കാണാം.

എരാ. സത്യം കണ്ടെത്താനായി, പ്രത്യേകിച്ച് ദിവ്യപ്രബോധനങ്ങളുടെ കാര്യത്തിലാകുമ്പോൾ, സുഭാഷിതങ്ങൾ പറയുന്നതുപോലെ, നമുക്ക് ഓരോ കല്ലും അടർത്തിനോക്കാം.

ഓർ. ബലിയർപ്പകർ കർത്താവായ ദൈവത്തിന് അർപ്പിക്കുന്ന കൗദാശിക പ്രതീകങ്ങൾ എന്താണ് സൂചിപ്പിക്കുന്നതെന്ന് പറയുക.

എരാ. കർത്താവിന്റെ ശരീരരക്തങ്ങളെ സൂചിപ്പിക്കുന്നു.

ഓർ. യഥാർഥശരീരമോ അയഥാർഥശരീരമോ?

എരാ. യഥാർഥശരീരം.

ഓർ. കൊള്ളാം. കാരണം, പ്രതിരൂപം സൂചിപ്പിക്കുന്ന മൂലവസ്തു യഥാർഥമായിരിക്കണം. വാസ്തവത്തിൽ ചിത്രകാരന്മാർ പ്രകൃതിയെ അനുകരിക്കുകയും ദൃശ്യവസ്തുക്കളുടെ പ്രതിരൂപങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു.

എരാ. വാസ്തവം.

ഓർ. ദിവ്യരഹസ്യങ്ങൾ യാഥാർഥ്യത്തിന്റെ പ്രതിരൂപങ്ങളാണെങ്കിൽ, കർതൃശരീരം ദിവ്യവും കർതൃശരീരവും ആണെങ്കിൽ, ഇപ്പോഴും ശരീരമാണ്. കാരണം, അത് ദൈവത്വത്തിന്റെ സ്വഭാവത്തിലേക്ക് രൂപാന്തരപ്പെട്ടില്ല. പിന്നെയോ, ദിവ്യമഹത്വം കൊണ്ട് നിറഞ്ഞിരുന്നു.

എരാ. ശരിയായ സമയത്താണ് നീ ദിവ്യരഹസ്യങ്ങളിലേക്ക് ചർച്ച തിരിച്ചുവിട്ടത്. കാരണം, കർതൃശരീരം മറ്റൊരു സ്വഭാവത്തിലേക്ക് മാറ്റപ്പെട്ടെന്നു കാണിക്കാൻ ഞാൻ അതുപയോഗിക്കാം. എന്റെ ചോദ്യത്തിന് ഉത്തരം പറയുക.

ഓർ. ഞാൻ പറയാം.

എരാ. വൈദിക പ്രാർഥനയ്ക്ക മുമ്പ് *(epiclesis)* അർപ്പിതവസ്തുക്കളെ എന്തു വിളിക്കും?

ഓർ. ആനീതരാകാത്തവർ അടുത്തുണ്ടായിരിക്കാൻ ഇടയുള്ളതിനാൽ, നാം വ്യക്തമായി സംസാരിക്കരുത്.

www.malankaralibrary.com

എരാ. ഉത്തരം വ്യംഗ്യമായി പറയുക.

ഓർ. ചില ധാന്യങ്ങളിൽ നിന്നുള്ള ഭക്ഷണം.

എരാ. മറ്റേ പ്രതീകത്തെ നാമെന്തു വിളിക്കുന്നു?

ഓർ. ഒരുതരം പാനീയത്തെ സൂചിപ്പിക്കുന്ന ഒരു പൊതുനാമം.

എരാ. അർപ്പണത്തിനുശേഷം *(hagiasmos-consecration)* അവയെ എന്തു വിളിക്കുന്നു?

ഓർ. ക്രിസ്തുവിന്റെ ശരീരരക്തങ്ങൾ.

എരാ. ക്രിസ്തുവിന്റെ ശരീരരക്തങ്ങളിൽ പങ്കാളിയാകുന്നെന്ന് യഥാർഥത്തിൽ നീ വിശ്വസിക്കുന്നുണ്ടോ?

ഓർ. ഞാനിത് വിശ്വസിക്കുന്നു.

എരാ. കർതൃശരീരരക്തങ്ങളുടെ പ്രതീകങ്ങൾ വൈദികപ്രാർഥനയ്ക്ക് മുമ്പ് ഒന്നും പ്രാർഥനാനന്തരം രൂപാന്തരപ്പെട്ട് മറ്റൊന്നും ആയിത്തീരുന്നതു പോലെ, സ്വർഗാരോഹണാനന്തരം കർതൃശരീരം ദിവ്യസത്തയിലേക്ക് രൂപാന്തരീകരിക്കപ്പെട്ടു.

ഓർ. നിന്റെ വലയിൽ നീ തന്നെ കുടുങ്ങി. കൂദാശയ്ക്ക് ശേഷം കൗദാശിക പ്രതീകങ്ങളുടെ പ്രകൃതിക്ക് മാറ്റം വരുന്നില്ല. കാരണം, നേരത്തേ ആയിരുന്നതുപോലെ, അവ ദൃശ്യമായും സ്പർശനവിധേയമായും നിലനിൽക്കുന്നു. എന്നാൽ അവ ആയിത്തീർന്നത് നാം ഗ്രഹിക്കുന്നു. അവ വിശ്വാസത്തിന്റെയും ആരാധനയുടെയും വിഷയമാണ്. അവ എന്താണെന്ന് വിശ്വസിക്കുന്നുവോ, അതാണവ. അതുകൊണ്ട്, പ്രതിച്ഛായയെ മൂലയാഥാർഥ്യവുമായി താരതമ്യപ്പെടുത്തുക. അപ്പോൾ നിനക്ക് സാദൃശ്യം കാണാൻ കഴിയും. കാരണം, പ്രതീകം യാഥാർഥ്യം പോലെ ആയിരിക്കും. യഥാർഥത്തിൽ ആ ശരീരം അതിന്റെ നേരത്തേയുള്ള രൂപവും ആകൃതിയും പരിമിതികളും, ചുരുക്കത്തിൽ ശരീരത്തിന്റെ സത്തയും, നിലനിർത്തുന്നു. എന്നാൽ ഉത്ഥാനത്തിനുശേഷം അത് അമർത്യവും വ്യതിയാനാതീതവും വലത്തുഭാഗത്തെ സിംഹാസനത്തിന് അർഹവും സമസ്ത സൃഷ്ടികളാലും ആരാധ്യവും ആയിത്തീർന്നു. കാരണം, അത് പ്രകൃതിനാഥന്റെ ശരീരമാണ്. അപ്രകാരം വിളിക്കപ്പെടുകയും ചെയ്യുന്നു.

എരാ. എങ്കിലും കൗദാശിക പ്രതീകങ്ങളുടെ പേരുകൾ മാറുന്നു. അവയുടെ മുൻപേരുകളാൽ അവ വിളിക്കപ്പെടുന്നില്ലല്ലോ. അവ ശരീരമെന്നു വിളിക്കപ്പെടുന്നു. അതുകൊണ്ട് യാഥാർഥ്യത്തെ കൂടി ശരീരമെന്നല്ല, ദൈവമെന്നാണ് വിളിക്കേണ്ടത്.

ഓർ. നിനക്ക് മനസിലാകുന്നില്ലെന്ന് തോന്നുന്നു. അത് ശരീരമെന്നു മാത്രമല്ല, ജീവന്റെ അപ്പമെന്നുകൂടി വിളിക്കപ്പെടുന്നു. കർത്താവ് അതിനെ

www.malankaralibrary.com

അങ്ങനെ വിളിച്ചു. നമ്മളും ഈ ശരീരത്തെ ദിവ്യശരീരമെന്നും ജീവദായക ശരീരമെന്നും വിളിക്കുന്നു. ഇത് യജമാനന്റെയും കർത്താവിന്റെയും ശരീരമാണ്. ഇത് സാധാരണ മനുഷ്യന്റെ ശരീരമല്ലെന്ന് ഈ രീതിയിൽ നാം പഠിപ്പിക്കുന്നു. നിത്യനും കാലികനും, ദൈവവും മനുഷ്യനുമായ നമ്മുടെ കർത്താവേശുക്രിസ്തുവിന്റെ ശരീരമാണിത്. കാരണം, "യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നേക്കും ഒന്നുതന്നെയാകുന്നു" (എബ്രാ.13,8).

എരാ. നീ ഇതേപ്പറ്റി ധാരാളം പറഞ്ഞു. എന്നാൽ വളരെക്കാലം മുമ്പ് സഭയുടെ മഹത്വമായിരുന്ന വിശുദ്ധ മനുഷ്യരെയാണ് ഞാൻ പിൻചെല്ലുന്നത്. അതുകൊണ്ട്, ഐക്യത്തിനുശേഷം സ്വഭാവങ്ങളെ വേർതിരിച്ചെന്ന് അവർ പറഞ്ഞത് കാണിച്ചാലും.

ഓർ. ഞാൻ നിനക്ക് അവരുടെ കൃതികൾ വായിച്ചുതരാം. ദുഷ്ടപാഷണ്ഡതകൾക്കെതിരെ പോരാടിയപ്പോൾ അവരുടെ കൃതികളിൽ അവർ ചേർത്ത എണ്ണമറ്റ വേർതിരിവുകൾ കാണുമ്പോൾ നീ അത്ഭുതപ്പെടുമെന്ന് എനിക്കുറപ്പുണ്ട്. അതുകൊണ്ട്, നാം നേരത്തേ തന്നവരുടെ സാക്ഷ്യങ്ങൾ ശ്രദ്ധിക്കുക. ഇക്കാര്യം അവർ സ്പഷ്ടമായും വ്യക്തമായും പറഞ്ഞിട്ടുണ്ട്.

**അന്ത്യോക്യൻ മെത്രാനും രക്തസാക്ഷിയുമായ വി. ഇഗ്നേഷ്യസ്**

1. സ്മിർണാക്കാർക്ക് എഴുതിയ ലേഖനത്തിൽ നിന്ന് (3,1-2): ഉയർപ്പിനുശേഷവും ക്രിസ്തു ശരീരത്തിൽ ആയിരുന്നെന്ന് ഞാൻ വിശ്വസിക്കുകയും ഉറപ്പായി കരുതുകയും ചെയ്യുന്നു. അവൻ പത്രോസിന്റെയും അവന്റെ സ്നേഹിതരുടെയും പക്കൽ അണഞ്ഞപ്പോൾ അവരോടു പറഞ്ഞു: "എന്നെ പിടിച്ചു നോക്കുവിൻ,സ്പർശിക്കുവിൻ, ഞാൻ ശരീരശൂന്യനായ ഭൂതമല്ലെന്നു കാണുവിൻ" (ലൂ.24,39). അവർ ഉടനെ അവനെ സ്പർശിക്കുകയും അതുവഴി അവനിൽ ഉറപ്പായി വിശ്വസിക്കുകയും ചെയ്തു.

2. അതേ കൃതിയിൽ നിന്ന് (3,3): അരൂപിയിൽ പിതാവിനോട് യോജിച്ചിരുന്നെങ്കിലും, ഉയർപ്പിനുശേഷം ആത്മാവും ശരീരവുമുള്ള ഒരു യഥാർഥ മനുഷ്യനെപ്പോലെ അവൻ അവരോടൊത്ത് ഭക്ഷിക്കുകയും കുടിക്കുകയും ചെയ്തു (ലൂ.24,43).

**ലയൺസിലെ മെത്രാനായ ഐറേനിയസ്**

3. പാഷണ്ഡതകൾക്കെതിരെ: മൂന്നാം പുസ്തകത്തിൽനിന്ന് (3,18.7): നാം നേരത്തേ പറഞ്ഞതുപോലെ, അവൻ മനുഷ്യനെ ദൈവവുമായി ഐക്യപ്പെടുത്തി. കാരണം, മനുഷ്യകുലത്തിന്റെ ശത്രുവിനെ ഒരു മനുഷ്യൻ കീഴടക്കിയില്ലായിരുന്നെങ്കിൽ, ശത്രു നീതിപൂർവം കീഴടക്കപ്പെടുമായിരുന്നില്ല. അതിനുംപുറമേ, രക്ഷ എന്ന ദാനം ദൈവം നൽകിയില്ലായിരുന്നെങ്കിൽ, ഉറപ്പായി നമുക്കത് സ്വന്തമാക്കാൻ കഴിയുമായിരുന്നില്ല. മനുഷ്യൻ ദൈവവുമായി ഐക്യപ്പെട്ടില്ലായിരുന്നെങ്കിൽ, അതിന് അഴിവില്ലായ്മയിൽ ഭാഗഭാഗിത്വം

www.malankaralibrary.com

ലഭിക്കുമായിരുന്നില്ല. എന്തുകൊണ്ടെന്നാൽ, ദൈവത്തിനും മനുഷ്യർക്കും ഇടയ്ക്കുള്ള മധ്യസ്ഥൻ അവശ്യാവശ്യം ഇരുകൂട്ടരുമായുള്ള തന്റെ ബന്ധം വഴി ഇരുവരെയും സ്നേഹത്തിലേക്കും ഒരുമയിലേക്കും നയിക്കണം, മനുഷ്യനെ ദൈവത്തിനു സമർപ്പിക്കണം, ദൈവത്തെ മനുഷ്യനു വെളിപ്പെടുത്തണം.

4. അതേ കൃതിയിൽ നിന്ന് (3,16.8): അതുകൊണ്ട്, "യേശു, ക്രിസ്തുവാണെന്ന് വിശ്വസിക്കുന്നവരെല്ലാം ദൈവത്തിൽ നിന്ന് ജനിച്ചവരാണ്"എന്നും അവൻ തന്റെ ലേഖനത്തിൽ പറയുന്നു (1യോഹ.5,1). കാരണം, അവൻ ഒരേ ഒരു യേശുക്രിസ്തുവിനെ അറിഞ്ഞു. അവിടുന്ന് മാംസമെടുത്തതിനാൽ, അവൻ വഴി സ്വർഗകവാടങ്ങൾ തുറക്കപ്പെട്ടു. താൻ പീഡ സഹിച്ച അതേ ശരീരത്തിൽ പിതാവിന്റെ മഹത്വം വെളിപ്പെടുത്താൻ അവൻ വരികയും ചെയ്തു.

5. അതേകൃതി നാലാം പുസ്തകത്തിൽ നിന്ന് (4,4.1): ഏശായാ പറഞ്ഞതുപോലെ, "യാക്കോബിന്റെ മക്കൾ തളിർക്കും, ഇസ്രായേൽ പുഷ്പിക്കും, ലോകം മുഴുവൻ അതിന്റെ ഫലംകൊണ്ട് നിറയും" (27,6). അതിന്റെ ഫലം ലോകം മുഴുവൻ ചിതറപ്പെട്ടിരുന്നെങ്കിലും, അത് ഉപേക്ഷിക്കപ്പെടുകയും അപ്രത്യക്ഷമാകുകയും ചെയ്തെങ്കിലും, ഒരിക്കൽ അത് നല്ല ഫലം കായിച്ചു. അവനിൽ നിന്ന് ജഡപ്രകാരം ക്രിസ്തു ജനിച്ചു; അതുപോലെ, ശ്ലീഹന്മാരും. എന്നാൽ ഇപ്പോൾ അവർ ഒന്നിനും കൊള്ളാത്തവരായിത്തീർന്നു.

6. അതേ കൃതിയിൽ നിന്ന് (4,33.4): എബിയൊണീത്തരെയും അവൻ കുറ്റപ്പെടുത്തുന്നു. ഭൂമിയിൽ അവരുടെ രക്ഷ യാഥാർഥ്യമാക്കിയത് ദൈവം അല്ലെങ്കിൽ, അവർക്കെങ്ങനെ രക്ഷപെടാൻ കഴിയുമായിരുന്നു? ദൈവം മനുഷ്യന്റെ പക്കലേക്ക് വന്നില്ലായിരുന്നെങ്കിൽ, മനുഷ്യൻ എങ്ങനെ ദൈവത്തിൻ പക്കലേക്ക് വരുമായിരുന്നു?

7. അതേ കൃതിയിൽ നിന്ന് (4,33.11): അമ്മാനുവേൽ കന്യകയിൽ നിന്നാണെന്ന് പ്രസംഗിച്ചവർ തന്റെ സൃഷ്ടിയുമായി വചനമാം ദൈവത്തിനുള്ള ഐക്യം വെളിപ്പെടുത്തി.

8. അതേ കൃതിയിൽ നിന്ന് (5,1.2): ഈ സംഗതികൾ മായാജാലമായി സംഭവിച്ചവയല്ല, പിന്നെയോ, സത്യത്തിൽ യഥാർഥമായി സംഭവിച്ചവയാണ്. അവൻ മനുഷ്യനായി തീരാതെ, മനുഷ്യനായി കാണപ്പെടുക മാത്രം ചെയ്തെങ്കിൽ, താൻ ആയിരുന്ന അവസ്ഥയിൽ, ദൈവാത്മാവായി അവൻ സത്യമായി നിലനിന്നില്ല. കാരണം, ആത്മാവ് അദൃശ്യമാണ്; കാണപ്പെട്ടവ പോലെയല്ല യാഥാർഥ്യം എന്നതിനാൽ, അവനിൽ സത്യമില്ല. സംഭവിക്കാൻ പോകുന്നത് ഒരു ദർശനത്തിലൂടെ പ്രഘോഷിച്ചുകൊണ്ട്, പ്രവാചകരീതിയിൽ അബ്രഹാമും മറ്റു പ്രവാചകരും  അവനെ ദർശിച്ചെന്ന് നാം നേരത്തേ

www.malankaralibrary.com

പറഞ്ഞല്ലോ. അതുകൊണ്ട്, ഇപ്പോൾ അവൻ ഇതുപോലെ കാണപ്പെട്ടെങ്കിൽ, കാണപ്പെട്ടതുപോലെയല്ല യാഥാർഥ്യമെങ്കിൽ, മനുഷ്യർക്ക് ഒരുതരം പ്രവാചകദർശനം മാത്രമേ ലഭിച്ചുള്ളു. അവൻ വീണ്ടും വരാൻ അവനെ കാത്തിരിക്കേണ്ടിയിരിക്കുന്നു. അപ്പോൾ, അവൻ ഇപ്പോൾ ആയിരിക്കുന്നതുപോലെ, പ്രവാചകരീതിയിൽ കണ്ടതുപോലെ ആയിരിക്കും. എന്നാൽ അവന്റെ പ്രത്യക്ഷീകരണം മായയാണെന്ന് പറയുന്നത്, മറിയത്തിൽ നിന്ന് അവൻ ഒന്നും എടുത്തില്ലെന്നു പറയുന്നതിന് തുല്യമായിരിക്കുമെന്ന് നാം കാണിച്ചിട്ടുണ്ട്. കാരണം, ആദത്തിന്റെ മൂലസൃഷ്ടി തന്നിൽ അവൻ സംവഹിച്ചിട്ടില്ലെങ്കിൽ, നമ്മെ വീണ്ടെടുത്ത മാംസവും രക്തവും അവന് യഥാർഥത്തിൽ ഇല്ലായിരുന്നു. തദ്ഫലമായി, ജഡത്തിന്റെ ജീവൻ തിരസ്കരിക്കാൻ വേണ്ടി ഇത് പഠിപ്പിക്കുന്ന വലന്റീനിയർ വെറുതേ സമയം പാഴാക്കുകയാണ്.

**മെത്രാനും രക്തസാക്ഷിയുമായ വി. ഹിപ്പോളിറ്റസ്**

9. താലന്തുകളുടെ വിതരണത്തെപ്പറ്റിയുള്ള പ്രതിപാദനത്തിൽ നിന്ന് (മത്താ.25): പാഷണ്ഡാഭിപ്രായങ്ങൾ വച്ചുപുലർത്തുന്നവർക്ക് തുല്യരാണ് ഈ മനുഷ്യരെന്ന് പറയാവുന്നതാണ്. കാരണം, അവർ അതേതരം തെറ്റു ചെയ്യുന്നു. ഒന്നുകിൽ അവർ ക്രിസ്തുവിന്റെ ദൈവത്വത്തിന്റെ താലന്ത് നിഷേധിച്ചുകൊണ്ട്, അവൻ വെറുമൊരു മനുഷ്യനായി മാത്രം പ്രത്യക്ഷപ്പെട്ടെന്നു പഠിപ്പിക്കുന്നു; അഥവാ, ദൈവമെന്ന് ഏറ്റുപറഞ്ഞുകൊണ്ട്, അവൻ മനുഷ്യനായിരുന്നു എന്നകാര്യം നിഷേധിക്കുന്നു. തന്നെ കണ്ടവരുടെ കാഴ്ചയെ അവൻ വിഭ്രമിപ്പിച്ചെന്നും അവർ പഠിപ്പിക്കുന്നു. അവൻ മനുഷ്യനെ മനുഷ്യനായി ധരിക്കാതെ, മായാജാലപ്രദർശനം നടത്തുകയായിരുന്നെന്ന് അവർ പറയുന്നു. ഇത് മാർസ്യന്റെയും വലന്റീനസിന്റെയും ഗ്നോസ്റ്റിക്കുകളുടെയും അബദ്ധത്തിനു തുല്യമാണ്. അവർ വചനത്തെ മാംസത്തിൽ നിന്ന് വലിച്ചു കീറുന്നു; മനുഷ്യാവതാരമെന്ന ഒരു താലന്ത് നിരാകരിക്കുന്നു.

10. ഒരു രാജ്ഞിക്കുള്ള കത്തിൽ നിന്ന് (ഉത്ഥാനത്തെപ്പറ്റി മാമെയാ രാജ്ഞിക്ക്): അവൻ "മരിച്ചവരിൽ നിന്നുള്ള ആദ്യജാതൻ" ആകയാൽ, (കൊളോ.1,18) അവനെ "നിദ്രപ്രാപിച്ചവരുടെ ആദ്യഫലം" എന്ന് അവൻ വിളിക്കുന്നു (1കൊറി.15,20). ശിഷ്യന്മാർ സംശയഗ്രസ്തർ ആയിരുന്നതിനാൽ, മരിച്ചതു തന്നെയാണ് ഉയർത്തതെന്ന് ഉത്ഥാനത്തിനു ശേഷം അവരെ കാണിക്കാൻ അവൻ ആഗ്രഹിച്ചു. അതുകൊണ്ട് അവിടുന്ന് തോമസിനോടു പറഞ്ഞു: "വന്ന് എന്നെ സ്പർശിച്ചു നോക്കുക. എനിക്കുള്ളതായി കാണുന്നതുപോലെ മാംസവും അസ്ഥികളും ഭൂതത്തിനില്ലല്ലോ" (ലൂ.24,39).

11. എൽക്കാനായെയും ഹന്നായെയും കുറിച്ചുള്ള പ്രതിപാദനത്തിൽ നിന്ന് (1സാമു.1,1): അതുകൊണ്ട്, രക്ഷകനെപ്പറ്റി പ്രവചിച്ചിരുന്ന ദിവ്യരഹസ്യങ്ങൾ പൂർത്തീകരിക്കാനായി ആണ്ടുവട്ടത്തെ മൂന്ന് പ്രത്യേകാവസരങ്ങൾ അവന്റെ തന്നെ പ്രതീകങ്ങളായി നീക്കിവച്ചിരിക്കുന്നു. *പെസഹായിൽ:*

www.malankaralibrary.com

"നമ്മുടെ പെസഹാ കുഞ്ഞാടായ ക്രിസ്തു ബലിയർപ്പിക്കപ്പെട്ടിരിക്കുന്നു" എന്ന് ശ്ലീഹാ പറയുന്നതുപോലെ (1കൊറി.5,7), ആടിനെപ്പോലെ ബലിയർപ്പിക്കപ്പെടാനുള്ളവൻ താനാണെന്ന് അവന് കാണിക്കാൻ കഴിയുന്നതിനും സത്യപെസഹാകുഞ്ഞാടായി വെളിപ്പെടാനുമായിരുന്നു അത്. *പെന്തക്കോസ്തിയിൽ:* സ്വർഗത്തിലേക്ക് ഒന്നാമനായി ആരോഹണം ചെയ്തുകൊണ്ട് സ്വർഗരാജ്യം പ്രഘോഷിക്കുന്നതിനും ദൈവത്തിന് ഒരർപ്പണമായി മനുഷ്യനെ സമർപ്പിക്കുന്നതിനും അവന് കഴിയുന്നതിനുമായിരുന്നു അത്.

12. മഹാകീർത്തനത്തെപ്പറ്റിയുള്ള പ്രതിപാദനത്തിൽ നിന്ന് (ആവർത്തന പുസ്തകത്തെപ്പറ്റി): ധരയിൽ നിന്ന് രൂപീകരിക്കപ്പെടുകയും നശിക്കയും മരണപാശങ്ങളാൽ ബന്ധിക്കപ്പെടുകയും ചെയ്ത ആദ്യമനുഷ്യനെ അവൻ പാതാളത്തിന്റെ അഗാധത്തിൽ നിന്ന് വലിച്ചെടുത്തു; അവൻ ഉന്നതത്തിൽ നിന്ന് താഴേക്കിറങ്ങിവന്ന്, താഴെക്കിടന്നവനെ ഉന്നതത്തിലേക്ക് പൊക്കിയെടുത്തു; അവൻ മരിച്ചവരുടെ സുവിശേഷകനും ആത്മാക്കളുടെ രക്ഷകനും മരിച്ചവരുടെ ഉത്ഥാനവും ആയിത്തീർന്നു. കീഴടക്കപ്പെട്ട മനുഷ്യന്റെ സഹായി ആയിത്തീർന്നവൻ അവനാണ്. മനുഷ്യന്റെ ആരംഭത്തിലേതുപോലെ: ആദ്യം രൂപീകൃതനായ ആദത്തെ സന്ദർശിച്ചുകൊണ്ട് ആദ്യജാതനായ വചനം കന്യകയിൽ; ഭൗമികനെ തേടി ആത്മീയൻ ഉദരത്തിൽ; അനുസരണക്കേടു മൂലം മരിച്ചവനെ തേടി നിത്യജീവനുള്ളവൻ; സ്വർഗീയൻ ഭൗമികനെ ഉന്നതത്തിലേക്കു വിളിച്ചുകൊണ്ട്; അടിമ സ്വതന്ത്രനായെന്നു തന്റെ സ്വന്തം അനുസരണത്തിലൂടെ പ്രഖ്യാപിക്കാൻ ആഗ്രഹിച്ച കുലീനൻ; മണ്ണിൽ അലിഞ്ഞു ചേർന്ന് പാമ്പിന്റെ ആഹാരമായി തീർന്ന മനുഷ്യനെ ബലിഷ്ഠനാക്കി മാറ്റുകയും കീഴടക്കപ്പെട്ടവന്റെ കർത്താവാണ് മരത്തിൽ തൂങ്ങിക്കിടന്നവനെന്ന് പ്രഖ്യാപിക്കയും ചെയ്തവൻ; മരത്തിലൂടെ കീഴടക്കപ്പെട്ട ആദം മരത്തിലൂടെ വിജയശ്രീലാളിതനായി ഇപ്പോൾ കാണപ്പെടുന്നത് അതുകൊണ്ടാണ്.

13. അതേ കൃതിയിൽ നിന്ന്: ഇപ്പോൾ ദൈവപുത്രനെ ജഡത്തിൽ അംഗീകരിക്കാത്തവർ-നിന്ദ്യമായ ശരീരത്തിൽ ഇപ്പോൾ അവൻ നിന്ദിക്കപ്പെടുന്നെങ്കിലും-ന്യായാധിപനായി മഹത്വത്തിൽ അവൻ എഴുന്നെള്ളുമ്പോൾ അവനെ അംഗീകരിക്കും.

14. അതേ കൃതിയിൽ നിന്ന്: മോശയുടെ ശരീരംതേടി ഇസ്രായേൽ മക്കൾ മലയിൽ കയറിയെങ്കിലും, അത് കണ്ടെത്താതിരുന്നതു പോലെ, ശ്ലീഹന്മാർ മൂന്നാംദിവസം കല്ലറയിൽ ചെന്നെങ്കിലും, യേശുവിന്റെ ശരീരം കണ്ടില്ല.

15. സങ്കീ.2,7-ന്റെ വ്യാഖ്യാനത്തിൽ നിന്ന്: അവൻ ലോകത്തിലേക്കു വന്നപ്പോൾ, ദൈവവും മനുഷ്യനുമായി വെളിപ്പെടുത്തപ്പെട്ടു. അവന് വിശക്കുകയും ദാഹിക്കുകയും അവൻ ക്ഷീണിതനാകുകയും വിവശനാകുകയും ചെയ്തതിൽ നിന്ന് അവൻ ഒരു മനുഷ്യനായിരുന്നു എന്നത് എളുപ്പത്തിൽ കാണാവുന്നതാണ്. ഭയംകൊണ്ട് അവൻ ഓടിപ്പോകുന്നു, ക്ലേശത്തിൽ

www.malankaralibrary.com

അവൻ പ്രാർഥിക്കുന്നു, തലയണവച്ച് ഗാഢനിദ്രയിൽ അമരുന്നു, വേദനയുടെ പാനപാത്രം നിരസിക്കുന്നു, അതിവേദനയാൽ വിയർക്കുന്നു, ഒരു ദൂതൻ അവനെ ശക്തിപ്പെടുത്തുന്നു, യൂദാസ് അവനെ ഒറ്റിക്കൊടുക്കുന്നു, കയ്യാഫാസ് അവനെ അപമാനിക്കുന്നു, ഹേറോദേസ് അവനെ നിന്ദിക്കുന്നു, പീലാത്തോസ് അവനെ ചമ്മട്ടികൊണ്ട് അടിക്കുന്നു, പടയാളികൾ അവനെ പ്രഹരിക്കുന്നു, യൂദന്മാർ അവനെ മരത്തിൽ തറയ്ക്കുന്നു, അവൻ പിതാവിനോട് ഉച്ചത്തിൽ നിലവിളിച്ചുകൊണ്ട് തന്റെ ആത്മാവിനെ സമർപ്പിക്കുന്നു, അവൻ തന്റെ തല ചായ്ച്ച് അന്ത്യശ്വാസം വലിക്കുന്നു, കുന്തംകൊണ്ട് അവന്റെ വിലാപ്പുറം കുത്തിത്തുളയ്ക്കപ്പെടുന്നു, കച്ചയിൽ പൊതിഞ്ഞ് അവനെ കല്ലറയിൽ വയ്ക്കുന്നു, പിതാവ് അവനെ മൂന്നാം ദിവസം ഉയർപ്പിക്കുന്നു. അതുപോലെ, ദൂതന്മാർ അവനെ ആരാധിക്കുന്നതിൽ നിന്നും ഇടയന്മാർ അവനെ ഉറ്റുനോക്കുന്നതിൽ നിന്നും ശെമയോൻ കാത്തിരിക്കുന്നതിൽ നിന്നും ഹന്നാ സാക്ഷ്യപ്പെടുത്തിയതിൽ നിന്നും വിദ്വാന്മാർ അവനെ തേടിവന്നതിൽ നിന്നും നക്ഷത്രം ചൂണ്ടിക്കാണിച്ചതിൽ നിന്നും അവന്റെ ദൈവത്വം വ്യക്തമായി കാണാവുന്നതാണ്. അവൻ കല്യാണവിരുന്നിൽ വെള്ളം വീഞ്ഞാക്കുന്നു, ശക്തമായ കാറ്റുകൊണ്ട് ക്ഷോഭിച്ച കടലിനെ ശാസിക്കുന്നു, കടലിന്മീതേ നടക്കുന്നു, ജന്മനാ അന്ധനായവന് കാഴ്ച നൽകുന്നു, മരിച്ചു നാലുദിവസം കഴിഞ്ഞ ലാസറിനെ ജീവിപ്പിക്കുന്നു, എല്ലാത്തരം അത്ഭുതങ്ങളും പ്രവർത്തിക്കുന്നു, പാപങ്ങൾ ക്ഷമിക്കുന്നു, ശിഷ്യർക്ക് ശക്തി നൽകുന്നു.

16. സങ്കീ.24,7-നെ കുറിച്ചുള്ള പ്രതിപാദനത്തിൽനിന്ന്: അവൻ സ്വർഗീയ കവാടങ്ങളിലേക്കു വരുന്നു. ദൂതന്മാർ അവനെ അനുധാവനം ചെയ്യുന്നു. സ്വർഗകവാടങ്ങൾ അടയ്ക്കപ്പെട്ടിരിക്കുന്നു. കാരണം, അവൻ അപ്പോഴും സ്വർഗത്തിലേക്ക് കയറിയിട്ടില്ല. സ്വർഗത്തിലേക്ക് കയറിക്കൊണ്ട്, സ്വർഗീയ സൈന്യങ്ങളെ ഇപ്പോൾ ആദ്യമായി മാംസം കാണിക്കുന്നു. അതുകൊണ്ട്, "അധികാരികളേ, നിങ്ങളുടെ കവാടങ്ങൾ ഉയർത്തുവിൻ. മഹത്വത്തിന്റെ രാജാവ് പ്രവേശിക്കട്ടെ" എന്ന് കർത്താവും രക്ഷകനുമായവന്റെ മുമ്പേ പോകുന്ന മാലാഖമാർ ശക്തികളോട് പറയുന്നു.

## അന്ത്യോക്യൻമെത്രാനും വിശ്വാസസാക്ഷിയുമായ വി. ഒസ്താത്യോസ്

17. സങ്കീർത്തന തലക്കെട്ടുകളെ കുറിച്ചുള്ള പ്രതിപാദനത്തിൽ നിന്ന്: അതുകൊണ്ട്, താൻ പാവനമായ സിംഹാസനത്തിൽ ഇരിക്കുമെന്ന് അവൻ ഇവിടെ പ്രവചിക്കുകയും നിരന്തരമായി തന്നിൽ വസിച്ച ദൈവം നിമിത്തം, ഏറ്റവും ദിവ്യമായ ആത്മാവോടൊത്ത് സിംഹാസനാരൂഢനാകാൻ, താൻ നിയമിതനായിരിക്കുന്നെന്ന് വെളിപ്പെടുത്തുകയും ചെയ്തു.

18. ആത്മാവിനെപ്പറ്റിയുള്ള പ്രതിപാദനത്തിൽ നിന്ന് (ആരിയർക്കെതിരെ): പ്രധാനപുരോഹിതന്മാരുടെ അനുയായികൾക്ക് താൻ കയ്യാളിക്കപ്പെടുമെന്ന് പറയുകയും കുരിശിന്റെ ട്രോഫി പ്രഘോഷിക്കുകയും ചെയ്തുകൊണ്ട് (മത്താ.20,18

www.malankaralibrary.com

–19), തന്റെ പീഡാനുഭവത്തിനുമുമ്പ് ഓരോ പ്രാവശ്യവും അവൻ തന്റെ ശാരീരികമരണം പ്രവചിച്ചു. എന്നാൽ പീഡാനുഭവത്തിനുശേഷം, മൂന്നാംദിവസം മരണത്തിൽ നിന്ന് ഉത്ഥാനം ചെയ്തപ്പോൾ, തന്റെ ഉത്ഥാനത്തെപ്പറ്റി ശിഷ്യന്മാർ സംശയിച്ചതിനാൽ, അവൻ തന്റെ യഥാർഥശരീരത്തിൽ അവർക്കു കാണപ്പെടുകയും തനിക്ക് യഥാർഥമായ മാംസവും അസ്ഥികളുമുണ്ടെന്ന് പ്രഖ്യാപിക്കുകയും തന്റെ പാർശ്വത്തിലെ മുറിവ് അവരെ കാണിക്കുകയും തന്റെ ആണിപ്പഴുതുകൾ അവർക്ക് അനുഭവവേദ്യമാക്കി കൊടുക്കുകയും ചെയ്തു.

19. "തന്റെ വഴികളുടെ ആരംഭത്തിൽ കർത്താവ് എന്നെ സൃഷ്ടിച്ചു" എന്ന ടെക്സ്റ്റിനെ കുറിച്ചുള്ള പ്രതിപാദനത്തിൽ നിന്ന് (സുഭാ.8,22): അവർക്ക് ദൈവപുത്രന്റെ അതേ രൂപമുണ്ടെന്നല്ല, പിന്നെയോ, "തന്റെ പുത്രന്റെ ഛായ എന്ന രൂപമാണുള്ളത്" എന്നാണ് പൗലോസ് പറഞ്ഞത് (റോമ.8,29). ഇതിലൂടെ പുത്രൻ ഒരു സംഗതിയും അവന്റെ ഛായ മറ്റൊരു സംഗതിയുമാണെന്ന് അവൻ കാണിക്കുന്നു. പിതാവിന്റെ ഈ ദൗത്യത്തിന്റെ ദിവ്യഅടയാളങ്ങൾ പുത്രൻ വഹിക്കുന്നു. അവൻ പിതാവിന്റെ ഛായയാണ്. കാരണം, കുട്ടികൾ തങ്ങളെ ജനിപ്പിക്കുന്നവരെപ്പോലെ ആകയാൽ, തങ്ങളുടെ മാതാപിതാക്കളുടെ യഥാർഥ ഛായയാണ്. എന്നാൽ അവൻ ധരിച്ച മനുഷ്യൻ പുത്രന്റെ ഛായയാണ്. എങ്ങനെ ആയാലും വസ്തുതകളുടെ നിയമം തന്നെ ഇത് പഠിപ്പിക്കുന്നു. കാരണം, അശരീരിയായ വിജ്ഞാനത്തിന്റെ ആത്മാവിനല്ല, ശരീരമുള്ള മനുഷ്യന്റെ അതേ രൂപമുള്ളത്. പിന്നെയോ, മനുഷ്യപ്രകൃതത്തിനാണുള്ളത്. മറ്റെല്ലാവർക്കുമുള്ള അസ്ഥികളോടും രൂപത്തോടുംകൂടെ ആത്മാവ് അതിനെ ശാരീരിക രൂപത്തിലാക്കി.

20. അതേ പ്രതിപാദനത്തിൽ നിന്ന്: "നമ്മുടെ പൗരത്വം സ്വർഗത്തിലാണ്, അവിടെ നിന്ന് ഒരു രക്ഷകനെ, കർത്താവായ യേശുക്രിസ്തുവിനെ, നാം കാത്തിരിക്കുന്നു; നമ്മുടെ ദുർബലശരീരം തന്റെ മഹത്വമുള്ള ശരീരത്തിന്റെ അതേ രൂപത്തിൽ ആയിത്തീരാനായി അവൻ രൂപാന്തരപ്പെടുത്തും"എന്ന് ഫിലിപ്യർക്കെഴുതുമ്പോൾ (3,20–21), ശരീരത്തിന് മറ്റു മനുഷ്യരുടെ അതേരൂപം ഉണ്ടെന്ന് താൻ പറയുന്നെന്ന് വളരെ വ്യക്തമായി പൗലോസ് നമ്മെ പഠിപ്പിക്കുന്നു. അവൻ നമ്മുടെ ദുർബലശരീരത്തെ രൂപാന്തരപ്പെടുത്തി, തന്റെ സ്വന്തം ശരീരത്തിന്റെ അതേ രൂപം അതിനു നൽകുന്നെങ്കിൽ, നമ്മുടെ എതിരാളികളുടെ ദുരാരോപണങ്ങൾ തികച്ചും കഥയില്ലാത്തതാണെന്നു തെളിയിക്കപ്പെടുന്നു.

21. അതേ പ്രതിപാദനത്തിൽ നിന്ന്: എന്നാൽ കന്യക പ്രസവിച്ച മനുഷ്യൻ, സ്ത്രീയിൽ നിന്നു ജാതനായി എന്നു പറയുന്നതുപോലെ, ചിലപ്പോഴൊക്കെ അവൻ നിയമാനുശാസ്സനകൾക്കനുസൃതം വ്യാപരിച്ചതിനാൽ, "നിയമത്തിന് അധീനനായി ജനിച്ചു" എന്ന് എഴുതപ്പെട്ടിരിക്കുന്നു (ഗലാ.4,4). ഉദാ.

www.malankaralibrary.com

അവൻ എട്ടുദിവസം പ്രായമുള്ള ശിശുവായിരുന്നപ്പോൾ, അവന്റെ മാതാപിതാക്കൾ അവനെ പരിച്ഛേദനം ചെയ്യാൻ തിടുക്കം കൂട്ടി: ലൂക്കാ സുവിശേഷകൻ പറയുന്നതുപോലെ (2,22-24), "ഒരുജോഡി ചെങ്ങാലികളെയോ, രണ്ടു പ്രാവിൻകുഞ്ഞുങ്ങളെയോ ബലിയർപ്പിക്കാൻ നൽകിക്കൊണ്ട് ശുദ്ധീകരണത്തിന്റെ അർപ്പണം പൂർത്തിയാക്കണമെന്ന കർതൃനിയമം അനുശാസിക്കുന്നതനുസരിച്ച്, അപ്പോൾ അവർ അവനെ കർത്താവിനു സമർപ്പിക്കാൻ ദേവാലയത്തിലേക്കു കൊണ്ടുപോയി." അതുകൊണ്ട്,ശുദ്ധീകരണത്തിനുള്ള അർപ്പണം, നിയമം അനുസരിച്ച് അവനുവേണ്ടി നൽകി. എട്ടാംദിവസം അവനെ അവർ പരിച്ഛേദനം ചെയ്തു. അങ്ങനെയെങ്കിൽ "അവൻ നിയമത്തിന് അധീനനായി ജനിച്ചു" എന്ന് പൗലോസ് എഴുതുന്നത് ന്യായയുക്തമാണ്. എന്നാൽ പരദൂഷകർ പറയുന്നതു പോലെ, വചനം നിയമത്തിന് അധീനനായിരുന്നില്ല. കാരണം, അവൻ തന്നെയാണ് നിയമവും ദൈവവും; അവൻ ഞൊടിയിട കൊണ്ട് സമസ്തവും ശുദ്ധീകരിക്കുകയും പവിത്രീകരിക്കുകയും ചെയ്യുന്നു. അവന് ശുദ്ധീകരണത്തിനുള്ള ബലിയർപ്പണം ആവശ്യമില്ല. എന്നാൽ, അവൻ കന്യകയിൽനിന്ന് മാനുഷികോപകരണം എടുത്തു ധരിക്കയും ആദ്യജാതന്മാരുടെ കടമ അനുസരിച്ച് ശുദ്ധീകരിക്കപ്പെട്ട് നിയമത്തിന് വിധേയനാകുകയും ചെയ്തു. അവൻ ഈ കർമപരിപാടികളിലൂടെ കടന്നുപോയത് അവന് അവയുടെ സഹായം ആവശ്യമായതിനാലല്ല; പ്രത്യുത, ശാപശിക്ഷയ്ക്ക് വിൽക്കപ്പെട്ടവരെ നിയമത്തിന്റെ അടിമത്തത്തിൽ നിന്ന് വീണ്ടെടുക്കാനായിരുന്നു.

**അലക്സാണ്ഡ്രിയൻ മെത്രാനായ വി. അത്തനാസ്യോസ്**

22. പാഷണ്ഡതകൾക്കെതിരെയുള്ള രണ്ടാം പ്രതിപാദനത്തിൽ നിന്ന് (ആരിയർക്കെതിരെയുള്ള മൂന്നു പ്രതിപാദനങ്ങൾ,2,70): വചനം ധരിച്ച മാംസം സ്വഭാവത്താലേ മാനുഷികം അല്ലാതിരുന്നെങ്കിൽ, നാം പാപത്തിൽ നിന്നും ശാപത്തിൽ നിന്നും സ്വതന്ത്രരാക്കപ്പെടുമായിരുന്നില്ല.-കാരണം, നമുക്കും വ്യത്യസ്തമായ ഒന്നിനും ഇടയിൽ പൊതുവായിട്ട് ഒന്നുമില്ല-അതുപോലെ, മാംസമായി തീർന്നവൻ സ്വഭാവത്താലേ പിതാവിൽ നിന്നല്ലെങ്കിൽ, പിതാവിന്റെ യഥാർഥവും സത്യവുമായ വചനം അല്ലായിരുന്നെങ്കിൽ, മനുഷ്യൻ നവീകരിക്കപ്പെടുമായിരുന്നില്ല. ഇങ്ങനെ, ഇത്തരത്തിലുള്ള ഐക്യമുണ്ടായത്, സ്വഭാവത്താലേ മനുഷ്യനായിരുന്നവനെ, ദൈവത്വത്തിന്റെ സ്വഭാവത്തിൽ പങ്കുപറ്റുന്നവനുമായി ഐക്യപ്പെടുത്തുന്നതിനും മനുഷ്യന്റെ രക്ഷയും ദൈവീകരണവും ഉറപ്പായി യാഥാർഥ്യമാക്കുന്നതിനുമാണ്. അതുകൊണ്ട്, പുത്രൻ സ്വഭാവത്താലേ പിതാവിൽ നിന്നാണെന്നും തന്റെ സത്തയുടെ ഭാഗമാണെന്നുമുള്ള യാഥാർഥ്യം നിഷേധിക്കുന്നവർ, നിത്യകന്യക മറിയത്തിൽ നിന്ന് അവൻ യഥാർഥമായി മനുഷ്യശരീരമെടുത്തു എന്നതും നിഷേധിക്കണം.

www.malankaralibrary.com

23. എപ്പിക്ടെറ്റസിനുള്ള ലേഖനത്തിൽ നിന്ന് (9): രക്ഷകന്റെ മനുഷ്യ ശരീരം സ്ഥിതിചെയ്യുന്നതിനാലും അത് മറിയത്തിൽ നിന്നാണെന്ന് തിരുലിഖിതം പറയുന്നതിനാലും, ശരീരംമൂലം എന്തോ കൂട്ടിച്ചേർക്കപ്പെട്ടു എന്ന മട്ടിൽ, ത്രിത്വത്തിനു പകരം ചതുർത്വം പ്രസ്താവിക്കപ്പെടുന്നെന്ന് അവർ ചിന്തിച്ചാൽ, അവർക്കു പൂർണമായി തെറ്റുപറ്റി. എന്തുകൊണ്ടെന്നാൽ, അവർ സൃഷ്ടിയെ സ്രഷ്ടാവിനു സമാനമാക്കുകയും ദൈവത്വത്തിനു കൂട്ടിച്ചേർക്കൽ സാധ്യമാണെന്ന് വിഭാവന ചെയ്യുകയും ചെയ്യുന്നു. ദൈവത്വത്തോട് കൂട്ടിച്ചർക്കൽ വഴിയല്ല, മറിച്ച്, മാംസം ഉയരാൻ വേണ്ടിയാണ് വചനം മാംസമായതെന്ന് അവർക്കറിയില്ല. വചനം മെച്ചപ്പെടാനല്ല, പിന്നെയോ, മനുഷ്യകുലത്തെ രക്ഷിക്കാനാണ് മറിയത്തിൽനിന്ന് ജനിച്ചത്. അപ്പോൾ, വചനം ജീവൻ പ്രദാനം ചെയ്ത് രക്ഷിച്ച ശരീരം ജീവൻ പ്രദാനം ചെയ്ത വചനത്തിന്റെ ദൈവത്വത്തിന് എങ്ങനെ കൂട്ടിച്ചേർക്കൽ വരുത്താൻ കഴിയും?

24. അഡെൽഫിയസിനുള്ള ലേഖനത്തിൽ നിന്ന് (8): വചനം ഒരു സൃഷ്ടി ആയിരുന്നെങ്കിൽ, സൃഷ്ടവസ്തുവിന് ജീവൻ പ്രദാനം ചെയ്യാൻ അത് സൃഷ്ടവസ്തുവിനെ എടുക്കുകയില്ലായിരുന്നെന്ന് അവർ കേൾക്കട്ടെ. കാരണം, രക്ഷ ആവശ്യമായിരിക്കുന്ന സൃഷ്ടിയിൽ നിന്ന് സൃഷ്ടികൾക്ക് എന്തുതരം സഹായം ലഭിക്കാൻ കഴിയും? എന്നാൽ സ്രഷ്ടാവു തന്നെയായ വചനം, സൃഷ്ടികളുടെ നിർമാതാവായി തീർന്നതിനാൽ, സ്രഷ്ടാവെന്ന നിലയിൽ, സൃഷ്ടിക്കപ്പെട്ടതിനെ വീണ്ടും നവീകരിക്കാനും പുനഃസൃഷ്ടി നടത്താൻ കഴിയുന്നതിനുമായി കാലപൂർത്തിയിൽ തന്നോട് ഐക്യപ്പെടുത്തി.

25a. വിശ്വാസത്തെ കുറിച്ചുള്ള വലിയ പ്രതിപാദനത്തിൽ നിന്ന്: "എന്റെ വലത്തുഭാഗത്തിരിക്കുക" എന്ന ടെക്സ്റ്റിനെ സംബന്ധിച്ച് (സങ്കീ.110,1) നാം ഈ കൂട്ടിച്ചേർക്കൽ നടത്തി. അതായത്, ഇത് കർത്താവിന്റെ ശരീരത്തെ കുറിച്ചാണ്. കാരണം, ജറമിയാ പറയുന്നതുപോലെ, "ഞാൻ സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു" എന്ന് കർത്താവ് പറയുന്നു (23,24). ദൈവം എല്ലാറ്റിനെയും ഉൾക്കൊള്ളുന്നു. എന്നാൽ ഒന്നും അവനെ പരിമിതപ്പെടുത്തുന്നില്ല. എങ്കിൽ, ദൈവം എന്തുതരം സിംഹാസനത്തിലാണ് ഇരിക്കുന്നത്? അതുകൊണ്ട്, "എന്റെ വലത്തുഭാഗത്ത് ഇരിക്കുക" എന്ന് ദൈവം പറയുന്നത് ശരീരത്തെ സംബന്ധിച്ചാണ്.

25b. അതേ കൃതിയിൽനിന്ന്: വളരുകയും പ്രായത്തിൽ എത്തുകയും ചെയ്യുന്ന ശരീരം ഒരു സൃഷ്ടിയും നിർമിക്കപ്പെട്ട വസ്തുവുമാണ് (ലൂ.2,52).

25c. അതുകൊണ്ട്, "എന്റെ വലത്തുഭാഗത്തിരിക്കുക" (സങ്കീ.110,1) എന്ന് ആ ശരീരത്തോടാണ് ദൈവം പറയുന്നത്. ദുഷ്ടശക്തികളോടുകൂടെ പിശാചും യൂദരും ഗ്രീക്കുകാരും ഒക്കെ അതിന്റെ ശത്രുക്കളായിരുന്നു. ഈ ശരീരത്തിലൂടെ, - "ഇത് നിങ്ങൾക്കായി മുറിക്കപ്പെടുന്ന എന്റെ ശരീമാ

www.malankaralibrary.com

കുന്നു" എന്നും, "ഇത് നിങ്ങൾക്കായി ചിന്തപ്പെടുന്ന പുതിയ ഉടമ്പടിയുടെ", പഴയതിന്റെയല്ല, "രക്തം" എന്നും പറഞ്ഞുകൊണ്ട് അവൻ നമുക്ക് കയ്യാളിച്ച രഹസ്യത്തിലൂടെ (1കൊറി.11,24;ലൂ.22,20) - അവൻ മഹാപുരോഹിതനും ശ്ലീഹായും ആയിത്തീർന്നു. അങ്ങനെ, വിളിക്കപ്പെടുകയും ചെയ്തു (എബ്രാ.3,1). ദൈവത്വം ശരീരമോ, രക്തമോ ആയിരുന്നില്ല. മറിയത്തിൽ നിന്ന് അവൻ എടുത്തു ധരിച്ച മനുഷ്യനാണ് ഈ പ്രസ്താവനകൾക്ക് കാരണം. അവനെപ്പറ്റി ശ്ലീഹാ പറയുന്നു: "നസ്രായനായ യേശുവിനെ, ദൈവം നിങ്ങൾക്കായി നിശ്ചയിച്ച മനുഷ്യനെ" (നട.2,22).

26. ആരിയർക്കെതിരെയുള്ള കൃതിയിൽ നിന്ന് (ആരിയർക്കെതിരെ മനുഷ്യാവതാരത്തെപ്പറ്റി, 2-3): "ഇക്കാരണത്താൽ ദൈവവും അവനെ അത്യധികം ഉയർത്തുകയും എല്ലാ നാമങ്ങൾക്കും ഉപരിയായ ഒരു നാമം അവനു നൽകുകയും ചെയ്തു" എന്ന് പറയുമ്പോൾ, അവന്റെ ശരീരമാകുന്ന ആലയത്തെപ്പറ്റിയാണ് അവൻ പറയുന്നത്, ദൈവത്വത്തെപ്പറ്റിയല്ല. കാരണം, അത്യുന്നതൻ ഉയർത്തപ്പെട്ടില്ല, എന്നാൽ അത്യുന്നതന്റെ ശരീരം ഉയർത്തപ്പെട്ടു. അത്യുന്നതന്റെ ശരീരത്തിനാണ് എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം നൽകപ്പെട്ടത്. വചനമാം ദൈവം എപ്പോഴും ദൈവമെന്നു വിളിക്കപ്പെട്ടിരുന്നു. എന്നാൽ അവന്റെ ശരീരം അവനോടുകൂടെ ദൈവമായി അംഗീകരിക്കപ്പെട്ടിരുന്നു.

27. അതേ കൃതിയിൽ നിന്ന് (3-4): "അതുവരെയും ആത്മാവ് നൽകപ്പെട്ടിട്ടില്ലായിരുന്നു. എന്തെന്നാൽ യേശു അതുവരെയും മഹത്വീകരിക്കപ്പെട്ടിരുന്നില്ല" എന്ന് അവൻ പറയുമ്പോൾ (യോഹ.7,39), അവന്റെ ശരീരം അതുവരെയും മഹത്വീകരിക്കപ്പെട്ടിരുന്നില്ല എന്നാണ് അവൻ അർഥമാക്കുന്നത്. കാരണം, മഹത്വത്തിന്റെ കർത്താവ് മഹത്വീകരിക്കപ്പെട്ടില്ല. പിന്നെയോ, മഹത്വത്തിന്റെ കർത്താവിന്റെ ശരീരം അവനോടൊപ്പം സ്വർഗത്തിലേക്ക് കരേറുമ്പോൾ മഹത്വം സ്വീകരിക്കും. മനുഷ്യർക്ക് അപ്പോഴും ദത്തുപുത്രസ്ഥാനത്തിന്റെ ആത്മാവ് ലഭിച്ചിരുന്നില്ല. എന്തുകൊണ്ടെന്നാൽ, മനുഷ്യരിൽ നിന്നെടുക്കപ്പെട്ട ആദ്യഫലം അതുവരെയും സ്വർഗത്തിലേക്ക് കയറിയിട്ടില്ലായിരുന്നു. അതുകൊണ്ട്, പുത്രൻ "എടുത്തു", "മഹത്വീകരിക്കപ്പെട്ടു" എന്നൊക്കെ തിരുലിഖിതം പറയുമ്പോൾ, തന്റെ മനുഷ്യത്വം നിമിത്തമാണ് അപ്രകാരം പറയുന്നത്, ദൈവത്വം നിമിത്തമല്ല.

28. അതേ കൃതിയിൽനിന്ന് (22): അതുകൊണ്ട്, മനുഷ്യനായി തീരുന്നതിനു മുമ്പും ദൈവത്തിനും മനുഷ്യർക്കും ഇടയ്ക്ക് മധ്യസ്ഥനായി ആയിത്തീർന്നശേഷവും യേശുക്രിസ്തു സത്യമായും ദൈവമാണ്. അവൻ ആത്മാവിൽ പിതാവുമായും ജഡത്തിൽ നാമുമായും ഐക്യപ്പെട്ടിരിക്കുന്നു. അവൻ ദൈവത്തിനും മനുഷ്യർക്കും ഇടയിൽ മധ്യസ്ഥനായിരുന്നു. അവൻ മനുഷ്യൻ മാത്രമല്ല, ദൈവവുമായിരുന്നു.

*www.malankaralibrary.com*

**മിലാനിലെ വി. അംബ്രോസ്**

29. വിശ്വാസവിശകലനത്തിൽനിന്ന്: ദൈവത്തിന്റെ ഏകജാതനാം പുത്രൻ, നമ്മുടെ കർത്താവേശുക്രിസ്തു, യുഗങ്ങൾക്കെല്ലാം മുമ്പേ, ആരംഭരഹിതനായി തന്റെ ദൈവത്വം സംബന്ധിച്ച് പിതാവിൽ നിന്നു ജനിച്ചു; അവസാനനാളുകളിൽ അവൻ തന്നെ വിശുദ്ധ കന്യകമറിയത്തിൽ മാംസമായിത്തീരുകയും ബൗദ്ധികാത്മാവും ശരീരവുമുള്ള സമ്പൂർണ മനുഷ്യനെ എടുക്കുകയും ചെയ്തെന്ന് നാം ഏറ്റുപറയുന്നു. തന്റെ ദൈവത്വത്തിൽ അവന് പിതാവിന്റെ അതേ സത്തയാണ്. തന്റെ മനുഷ്യത്വത്തിൽ അവൻ നമ്മുടെ സത്തയാണ്. അവാച്യമായ രീതിയിൽ രണ്ട് സമ്പൂർണ സ്വഭാവങ്ങളുടെ ഐക്യം സംഭവിച്ചു. അതുകൊണ്ട്, നാം ഏകക്രിസ്തുവിനെ, ഏകപുത്രനെ, നമ്മുടെ കർത്താവേശുക്രിസ്തുവിനെ, ദൈവപുത്രനെ, ഏറ്റുപറയുന്നു. തന്റെ ദൈവത്വത്തിൽ അവൻ നിത്യമായി തന്റെ പിതാവിനോടൊത്ത് സ്ഥിതിചെയ്യുന്നു; അങ്ങനെ അവൻ സമസ്ത സൃഷ്ടികളുടെയും സ്രഷ്ടാവു കൂടെയാണ്. എങ്കിലും “ഇതാ, ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ” എന്നു പറഞ്ഞുകൊണ്ട്, വിശുദ്ധകന്യക ദൂതന് സമ്മതം നൽകിയപ്പോൾ (ലൂ.1,38), അവൻ അവളിൽ നിന്ന് അവാച്യമാംവിധം തനിക്കായി ഒരാലയം രൂപീകരിക്കാൻ തിരുമനസായി. ഉത്ഭവനിമിഷത്തിൽ തന്നെ ഈ ആലയത്തെ താനുമായി സംയോജിപ്പിക്കാനും അവൻ തിരുമനസായി. തന്റെ സ്വന്തം സത്തയുടെ നിത്യശരീരം സ്വർഗത്തിൽനിന്ന് ധരിച്ചുകൊണ്ടല്ല, പിന്നെയോ, നമ്മുടെ സത്തയുടെ പ്രാകൃതവസ്തുവിൽ നിന്ന്, അതായത്, കന്യകയിൽ നിന്ന് അത് ധരിക്കുകയും അതിനെ തന്നോട് സംയോജിപ്പിക്കുകയും ചെയ്തു.

വചനമാം ദൈവം മാംസമായി മാറിയില്ല, അവൻ മായാജാലത്തിൽ കാണപ്പെട്ടതുമല്ല; മറിച്ച്, മാറ്റം കൂടാതെയും ഭേദം കൂടാതെയും അവൻ തന്റെ സ്വന്തം സത്ത സംരക്ഷിച്ചു. നമ്മുടെ സ്വഭാവത്തിന്റെ ആദ്യഫലത്തെ എടുക്കുകയും അതിനെ തന്നോട് സംയോജിപ്പിക്കുകയും ചെയ്തു. വചനമാം ദൈവം കന്യകയിൽനിന്ന് തന്റെ ആരംഭം സ്വീകരിച്ചതല്ല. മറിച്ച്, നിത്യമായി പിതാവിനോടൊത്ത് സ്ഥിതിചെയ്തിരിക്കുമ്പോൾ തന്നെ, തന്റെ മഹാനന്മയാൽ, നമ്മുടെ സ്വഭാവത്തിന്റെ ആദ്യഫലത്തെ താനുമായി സംയോജിപ്പിക്കാൻ തിരുമനസായി. അതുമായി കൂടിക്കലർന്നല്ല, പിന്നെയോ, “നിങ്ങൾ ഈ ആലയം തകർക്കുവിൻ, മൂന്നുദിവസത്തിനകം ഞാനത് പുനരുദ്ധരിക്കും” എന്ന തിരുലിഖിത വചനാനുസൃതം (യോഹ.2,19) രണ്ടുസത്തകളിലും ഒരേ ആളായി കാണപ്പെട്ടു കൊണ്ടത്രേ. എന്തുകൊണ്ടെന്നാൽ, ദൈവമായ ക്രിസ്തു, താനെടുത്ത എന്റെ സത്തയിൽ തകർക്കപ്പെട്ടു. തകർക്കപ്പെട്ട ആലയത്തെ അതേആൾ തന്റെ ദൈവികസത്തയിൽ ഉയർപ്പിച്ചു. അതിൽ അവൻ സമസ്ത വസ്തുക്കളുടെയും സ്രഷ്ടാവുമാണ്.

www.malankaralibrary.com

ഉത്ഭവനിമിഷം മുതൽ താനുമായി സംയോജിപ്പിക്കാൻ അവിടുന്ന് തിരുമനസായ ഐക്യത്തിനുശേഷം ഒരിക്കലും അവൻ തന്റെ ആലയത്തെ ഉപേക്ഷിച്ചില്ല. മനുഷ്യകുലത്തോടുള്ള തന്റെ അവാച്യസ്നേഹം നിമിത്തം അവന് ഉപേക്ഷിക്കാനും കഴിഞ്ഞില്ല. എന്നാൽ ഒരേ ഒരാൾതന്നെ സഹനവിധേയനും സഹനാതീതനുമാണ്. മനുഷ്യത്വത്തിൽ സഹനവിധേയൻ, ദൈവത്വത്തിൽ സഹനാതീതൻ. എന്തുകൊണ്ടെന്നാൽ, "ഇത് ഞാനാണെന്ന് നോക്കിക്കാണുവിൻ, എനിക്കു മാറ്റം വന്നിട്ടില്ല" (ലൂ.24,39). വചനമാം ദൈവം തന്റെ സ്വന്തം ആലയത്തെ ഉയർപ്പിക്കയും അതിൽ നമ്മുടെ സ്വഭാവത്തിന്റെ ഉത്ഥാനവും നവീകരണവും യാഥാർഥ്യമാക്കുകയും ചെയ്തു. ഈ സ്വഭാവത്തെ തന്റെ ശിഷ്യരെ കാണിച്ചുകൊണ്ട് അവൻ പറഞ്ഞു: "എന്നെ സ്പർശിച്ചു നോക്കുവിൻ, നിങ്ങൾ കാണുന്നതു പോലെ ഭൂതത്തിന് മാംസവും അസ്ഥികളും ഇല്ലല്ലോ" (ലൂ.24,39). 'ഞാൻ ആയിരിക്കുന്നതു പോലെ'എന്നല്ല, "എനിക്കുള്ളതു പോലെ" എന്നത്രേ. ആർക്കാണുള്ളതെന്നും ആരാണ് ആയിരിക്കുന്നതെന്നും നിങ്ങൾ കാണുന്നതിനാണ് അവനിതു പറഞ്ഞത്. ഇതൊരു കൂട്ടിക്കുഴച്ചിലോ, മാറ്റമോ, വ്യതിയാനമോ അല്ല, പിന്നെയോ, ഐക്യമായിരുന്നു എന്നു കാണുക.

ഇപ്രകാരം നമ്മുടെ സ്വഭാവത്തിന്റെ ഉത്ഥാനം തന്നിൽ പുതുക്കിയിരിക്കുന്നെന്ന് ശിഷ്യർ വിശ്വസിക്കേണ്ടതിന്, അവൻ ആണിപ്പഴുതുകളും വിലാപ്പുറത്തെ കുന്തം കൊണ്ടുള്ള മുറിവും അവരെ കാണിക്കുകയും അവരുടെ മുമ്പിൽ ഭക്ഷിക്കുകയും ചെയ്തു. എന്നാൽ തന്റെ ദൈവത്വത്തിന്റെ വാഴ്ത്തപ്പെട്ട സത്തയ്ക്കനുസൃതമായി അവൻ മാറ്റമില്ലാത്തവനും വ്യതിയാനരഹിതനും സഹനാതീതനും അമർത്യനും ആവശ്യരഹിതനും ആയിരുന്നെങ്കിലും, സ്വന്തഇഷ്ടത്താൽ തന്റെ സ്വന്തം ആലയം എല്ലാ പീഡകളും സഹിക്കാൻ അവൻ അനുവദിക്കുകയും തന്റെ സ്വന്തം ശക്തിയാൽ അതിനെ ഉയർപ്പിക്കയും ചെയ്തതിനാൽ, തന്റെ ആലയത്തിലൂടെ നമ്മുടെ സ്വഭാവത്തിന്റെ പരിപൂർണ നവീകരണം അവൻ യാഥാർഥ്യമാക്കി. എന്നാൽ ക്രിസ്തു വെറുമൊരു മനുഷ്യൻ മാത്രമായിരുന്നെന്നോ, വചനമാം ദൈവം സഹനവിധേയനായിരുന്നെന്നോ, മാംസമായി മാറിയെന്നോ, തന്റെ സ്വന്തം സത്ത പങ്കിട്ട ശരീരം അവനുണ്ടായിരുന്നെന്നോ, ശരീരം സ്വർഗത്തിൽ നിന്ന് കൊണ്ടുവന്നെന്നോ അത് മായാജാലമായിരുന്നെന്നോ പറയുന്നവരെ കാതോലികവും ശ്ലൈഹികവുമായ സഭ ഔദ്യോഗികമായി ശപിക്കുന്നു. അതുപോലെ, വചനമാം ദൈവം മർത്യനായിരുന്നെന്നോ, പിതാവിൽ നിന്നുള്ള ഉത്ഥാനം അവനാവശ്യമായിരുന്നെന്നോ ആത്മാവില്ലാത്ത ശരീരമാണ് അവൻ എടുത്തതെന്നോ, മനസില്ലാത്ത മനുഷ്യനെ എടുത്തെന്നോ, ക്രിസ്തുവിന്റെ രണ്ടു സ്വഭാവങ്ങളും കൂടിക്കലർന്ന് ഒരു മിശ്രിതമായി തീർന്നെന്നോ പറയുന്നവരെയും ശപിക്കുന്നു. നമ്മുടെ കർത്താവ് ഏകപുത്രനായ ക്രിസ്തു ആയിരി

www.malankaralibrary.com

ക്കുന്നതുപോലെ, കലർപ്പു കൂടാതെ രണ്ടു സ്വഭാവങ്ങളും ഏകയാളുമാണെന്ന് ഏറ്റുപറയാത്തവരെയും അത് ശപിക്കുന്നു.

30. അതേ ഗ്രന്ഥകാരനിൽ നിന്ന് (കർത്താവിന്റെ മനുഷ്യാവതാര രഹസ്യത്തെപ്പറ്റി, 6,57): തദ്ഫലമായി, എല്ലാവരുടെയും ജഡം ക്രിസ്തുവിൽ നിന്ദനത്തിനു വിധേയമായെങ്കിൽ, അതിനെ എങ്ങനെ ദൈവത്വവുമായി ഏക സുസ്ഥിതസത്തയായി പരിഗണിക്കാനാകും? വചനവും ഭൗമികസ്വഭാവമുള്ള മാംസവും ഒരേ സുസ്ഥിതസത്തയാണെങ്കിൽ, വചനവും താൻ പരിപൂർണമായി എടുത്ത ആത്മാവും ഒരേ സുസ്ഥിതസത്തയാണ്. "ഞാനും എന്റെ പിതാവും ഒന്നാണ്" (യോഹ.10,30) എന്ന പ്രഖ്യാപനമനുസരിച്ച്,-പിതാവിന്റെയും പുത്രന്റെയും പ്രഖ്യാപനമനുസരിച്ച്-വചനം ദൈവവുമായി ഏക സ്വഭാവമാണ്. അതുകൊണ്ട്, പിതാവിനും ശരീരത്തിനും ഏകസത്തയാണെന്ന് പറയേണ്ടിവരും. അപ്പോൾ, പിതാവും സൃഷ്ടികളും ഒരേ സത്തയാണെന്ന് നിങ്ങൾ തന്നെ പറയുമ്പോൾ, ദൈവപുത്രൻ ഒരു സൃഷ്ടിയാണെന്ന് പറയുന്ന ആരിയരോട് നിങ്ങൾ എന്തിനാണ് ഇപ്പോഴും കോപിച്ചിരിക്കുന്നത്?

31. ഗ്രേഷ്യൻ ചക്രവർത്തിക്കുള്ള കത്തിൽനിന്ന് (വിശ്വാസത്തെപ്പറ്റി, 2.9;77): നമുക്ക് ദൈവത്വവും മാംസവും തമ്മിലുള്ള വ്യത്യാസം നിലനിർത്താം. ദൈവപുത്രനിൽ ഇരുസ്വഭാവങ്ങളും ഉള്ളതിനാൽ, രണ്ടിലൂടെയും അവൻ സംസാരിക്കുന്നെങ്കിൽ, ആ ഒരാൾ തന്നെയാണ് സംസാരിക്കുന്നത്; എന്നാൽ എപ്പോഴും ഒരേ രീതിയിലല്ല നമ്മോടു സംസാരിക്കുന്നത്. ഇപ്പോൾ അവൻ മഹത്വത്തെപ്പറ്റി സംസാരിക്കുന്നത് അവനെ നോക്കിക്കാണുക; മറ്റവസരം, മാനുഷികവേദനകളെപ്പറ്റി സംസാരിക്കുന്നു. അവൻ വചനമായതിനാൽ ദൈവമെന്ന നിലയിൽ ദൈവികപ്രസ്താവനകൾ നടത്തുന്നു; അവൻ എന്റെ സുസ്ഥിതയാഥാർഥ്യത്തിൽ സംസാരിക്കുന്നതിനാൽ, മനുഷ്യനെന്ന നിലയിൽ താഴ്ന്നതരം പ്രസ്താവനകളും നടത്തുന്നു.

32. അതേ കൃതിയിൽ നിന്ന്(2,7.58): "മഹത്വത്തിന്റെ കർത്താവ് ക്രൂശിക്കപ്പെട്ടു" (1കൊറി.2,8) എന്ന ടെക്സ്റ്റ് വായിക്കുമ്പോൾ,അവൻ തന്റെ മഹത്വത്തിൽ ക്രൂശിക്കപ്പെട്ടു എന്ന് ചിന്തിക്കാതിരിക്കാം. എന്നാൽ അവൻ ദൈവവും മനുഷ്യനുമാകയാൽ, - ദൈവത്വമനുസരിച്ച് ദൈവം, ജഡമെടുത്തതിനാൽ മനുഷ്യനായ യേശുക്രിസ്തു - മഹത്വത്തിന്റെ കർത്താവ് ക്രൂശിക്കപ്പെട്ടു എന്നു പറയുന്നു. അവൻ ദൈവത്വം, മനുഷ്യത്വം എന്നീ രണ്ടു സ്വഭാവങ്ങളിലും പങ്കാളിയാണ്. "സ്വർഗത്തിൽ നിന്നു വന്നവൻ" എന്ന് എഴുതപ്പെട്ടിരിക്കുന്നതുപോലെ, സഹിച്ചവൻ, വേർതിരിക്കപ്പെടാതെ മഹത്വത്തിന്റെ കർത്താവെന്നും മനുഷ്യപുത്രനെന്നും വിളിക്കപ്പെടാനായി അവൻ മനുഷ്യസ്വഭാവത്തിൽ പീഡസഹിച്ചു.

33. അതേ കൃതിയിൽ നിന്ന് (2,97): അതുകൊണ്ട്, പദങ്ങളെ ചൊല്ലിയുള്ള അർഥശൂന്യമായ ചർച്ചകൾ നിർത്തിവയ്ക്കട്ടെ. കാരണം, എഴുതപ്പെ

www.malankaralibrary.com

ട്ടിരിക്കുന്നതു പോലെ, ദൈവരാജ്യം വശീകരണവാക്കുകളിലല്ല, പിന്നെയോ, ശക്തിയുടെ തെളിവിലാണ് (1കൊറി.2,4). ദൈവത്വവും മാംസവും തമ്മിലുള്ള വ്യത്യാസം നമുക്ക് നിലനിർത്താം. ഏകദൈവപുത്രനിൽ രണ്ടുസ്വഭാവങ്ങളും ഉള്ളതിനാൽ, ഏകയാൾ തന്നെ രണ്ടുതരം പ്രസ്താവനകളും നടത്തുന്നു. ഏകയാളാണ് സംസാരിക്കുന്നതെങ്കിലും, എപ്പോഴും അവൻ ഒരേ രീതിയിലല്ല സംസാരിക്കുന്നത്. കാരണം, ഇപ്പോൾ നീ അവനിൽ ദൈവത്തിന്റെ മഹത്വം ദർശിക്കും, മറ്റൊരവസരം മാനുഷികവേദനകളും. അവൻ വചനമായതിനാൽ, ദൈവമെന്ന നിലയിൽ ദൈവിക പ്രസ്താവനകൾ നടത്തുന്നു, അവൻ മനുഷ്യസ്വഭാവത്തിൽ സംസാരിച്ചതിനാൽ, മനുഷ്യനെന്ന നിലയിൽ മാനുഷിക പ്രസ്താവനകൾ നടത്തുന്നു.

34. അപ്പൊള്ളിനാരിയർക്കെതിരെ കർത്താവിന്റെ മനുഷ്യാവതാരത്തെപ്പറ്റി (6,49): നാം ഈ മനുഷ്യരെ ഖണ്ഡിച്ചുകൊണ്ടിരുന്നപ്പോൾ, ക്രിസ്തുവിന്റെ ശരീരവും ദൈവത്വവും ഏകസ്വഭാവമാണെന്നു പറഞ്ഞുകൊണ്ട് മറ്റു ചിലർ എഴുന്നേറ്റുവന്നു. ഇത്തരം ദൈവദൂഷണം ഏത് പാതാളം വിസർജിച്ചതാണ്? ഈയാളുകൾ ആരിയരുടെ വിശ്വാസരാഹിത്യത്തെ ബലപ്പെടുത്തുന്നു. ആരിയർ ഇവരേക്കാൾ സഹനീയരാണ്. തദ്ഫലമായി, പിതാവും പുത്രനും പരിശുദ്ധാത്മാവും ഏക സത്തയാണ് എന്നത് നിഷേധിക്കാൻ കൂടുതൽ മത്സരം നടക്കുന്നു. കാരണം, കർത്താവിന്റെ ദൈവത്വവും മാംസവും ഏകസ്വഭാവം ആണെന്ന് അവർ പറയുന്നു.

35. അതേ കൃതിയിൽ നിന്ന് (6,52): നിഖ്യാസൂനഹദോസ് പ്രഖ്യാപിച്ച പ്രസ്താവന താൻ സ്വീകരിക്കുന്നെന്ന് അവൻ എന്നോട് നിരന്തരം പറയുന്നു. എന്നാൽ ആ അന്വേഷണത്തിൽ ജഡമല്ല, വചനമാം ദൈവമാണ് പിതാവുമായി ഏകസത്ത എന്നാണ് നമ്മുടെ പിതാക്കന്മാർ പറഞ്ഞത്. വചനം പിതാവിന്റെ സത്തയിൽ നിന്നും മാംസം കന്യകയിൽ നിന്നും വന്നെന്ന് അവർ ഏറ്റുപറഞ്ഞു. അപ്പോൾ, അവർ എന്തിനാണ് നിഖ്യാസൂനഹദോസിന്റെ പേര് നമ്മോട് പറയുകയും നമ്മുടെ പൂർവപിതാക്കന്മാർ ചിന്തിക്കുക പോലും ചെയ്യാത്ത പുതിയ കാര്യങ്ങൾ അവതരിപ്പിക്കുകയും ചെയ്യുന്നത്?

36. അപ്പൊള്ളിനാരിയസിനെതിരെ(4,23): അതുകൊണ്ട്,സ്വഭാവേന ശരീരം ദൈവത്വത്തിനു തുല്യമാകാൻ ആഗ്രഹിക്കേണ്ട. കാരണം, ക്രിസ്തുവിന്റെ ശരീരം യഥാർഥ ശരീരമാണെന്ന് വിശ്വസിക്കുകയും മാറ്റത്തിന്റെ ബലിപീഠത്തിലേക്ക് അതിനെ കൊണ്ടുവരികയും, എന്നാൽ അതേസമയം ദൈവത്വത്തിന്റെ സ്വഭാവത്തെ ശരീരത്തിന്റേതിൽ നിന്ന് വേർതിരിക്കാതിരിക്കുകയും ചെയ്യുന്നെങ്കിൽ, നിങ്ങൾ ശരിയായി അർപ്പിക്കുകയും അതേസമയം ശരിയായി വേർതിരിക്കാതിരിക്കുകയും ചെയ്യുന്നെങ്കിൽ, നിങ്ങൾ പാപം ചെയ്യുന്നു. നിശ്ശബ്ദരായിരിക്കുക എന്നു നാം അവരോടു പറയും. നമ്മുടേതും വചനത്തിന് സ്വന്തമായിട്ടുള്ളതും വേർതിരിക്കുക. തദ്ഫലമായി അവന്റേ

www.malankaralibrary.com

തായിരുന്നത് എനിക്കില്ല. എന്റേതായിരുന്നത് അവന് ഉണ്ടായിരുന്നില്ല. തന്റെ സ്വന്തമായത് ഞാനുമായി പങ്കുവയ്ക്കാൻ, എന്റേത് അവനെടുത്തു. പൂർത്തീകരണത്തിനാണ്, സമ്മിശ്രത്തിനല്ല അവനിതു ചെയ്തത്.

37. അൽപം കഴിഞ്ഞ്(6,61): അതുകൊണ്ട്, വചനത്തിന്റെ സ്വഭാവം മാംസത്തിന്റേതായി മാറിയെന്ന് പറയുന്നത് അവർ അവസാനിപ്പിക്കട്ടെ. ഈ വ്യാഖ്യാനം അനുസരിച്ച്, വചനത്തിന്റെ സ്വഭാവം മാറി മാംസത്തിന്റെ ദൗർഭാഗ്യങ്ങൾക്കെല്ലാം വിധേയമായി എന്ന് തോന്നാതിരിക്കാനാണിത്. കാരണം, എടുത്തത് ഒന്ന്, എടുക്കപ്പെട്ടത് മറ്റൊന്ന്. അത്യുന്നതിന്റെ ശക്തി നിന്റെ മേൽ ആവസിക്കുമെന്ന് ദൂതൻ കന്യകയോടു പറഞ്ഞതുപോലെ, ശക്തി അവളുടെമേൽ വന്നാവസിച്ചു. എന്നാൽ ജനിച്ചത് കന്യകയുടെ ശരീരത്തിൽ നിന്നുള്ളതാണ്. അതുകൊണ്ട്, താഴേക്കുള്ള ഇറക്കം ദൈവികമായിരുന്നു; ഗർഭധാരണം മാനുഷികവും. അതുകൊണ്ട്, ദൈവത്വത്തിന്റെ സ്വഭാവവും ശരീരത്തിന്റെ സ്വഭാവവും ഒന്നായിരിക്കാൻ കഴിയില്ല.

**കേസറിയാ മെത്രാനായ വി. ബേസിൽ**

38. സ്തോത്രാർപ്പണത്തെപ്പറ്റിയുള്ള പ്രതിപാദനം (5): അതുകൊണ്ട് തന്റെ സ്നേഹിതനുവേണ്ടി കരഞ്ഞപ്പോൾ, മനുഷ്യത്വത്തിലുള്ള ഭാഗഭാഗിത്വം അവൻ വെളിപ്പെടുത്തി. രണ്ടു കാര്യങ്ങളിലുള്ള അമിതത്വത്തിൽ നിന്ന് അവിടുന്ന് നമ്മെ വിടുവിച്ചു. വേദനയുടെ മുമ്പിൽ കഠിനമായി ദുഃഖിക്കാനും വേദനാവസരത്തിൽ വികാരശൂന്യരായിരിക്കാനും അവൻ അനുവദിക്കുന്നില്ല. അതുകൊണ്ട്, താൻ കഴിച്ച ഖരപദാർഥം ദഹിച്ചുകഴിഞ്ഞപ്പോൾ, കർത്താവിനു വിശന്നു, തന്റെ യാത്രാക്ലേശത്താൽ മസ്സിലുകളും ഞരമ്പുകളും തളർന്നപ്പോൾ അവൻ ക്ഷീണിതനായി. ദൈവത്വം ക്ഷീണത്താൽ ക്ലേശിച്ചില്ല. എന്നാൽ മനുഷ്യപ്രകൃതിയെ അനുധാവനം ചെയ്യുന്ന ദൗർഭാഗ്യങ്ങളാൽ ശരീരം ക്ലേശിച്ചു.

39 എവുണോമിയസിനെതിരെ(1,18): "ദൈവത്തിന്റ രൂപത്തിൽ ആയിരിക്കുക" എന്നാൽ ദൈവത്തിന്റെ സത്തയിൽ ആയിരിക്കുക എന്നാണ് അർഥമെന്ന് ഞാൻ പറയുന്നു. "ദാസന്റെ രൂപമെടുത്തു" എന്നത് നമ്മുടെ കർത്താവ് മാനുഷികസത്തയിൽ ആയിത്തീർന്നു എന്നാണ് കാണിക്കുന്നത്. അതുപോലെ, അവൻ ദൈവത്തിന്റെ രൂപത്തിലായിരുന്നെന്നു പറയുന്നവർ ദൈവികസത്തയുടെ പ്രത്യേകഗുണവിശേഷങ്ങൾ കാണിക്കയത്രേ ചെയ്യുന്നത്.

**വി. ഗ്രിഗറി നസ്യാൻസൻ**

40. കർത്താവിന്റെ നവദിനത്തെപ്പറ്റിയുള്ള പ്രതിപാദനത്തിൽനിന്ന് (സ്നാനത്തെപ്പറ്റി,45): തന്റെ മഹനീയപ്രത്യക്ഷതയിൽ ജീവനുള്ളവരെയും മരിച്ചവരെയും വിധിക്കാൻ അവൻ വീണ്ടും വരും (നട.1,11). മാംസമായിട്ടല്ല, എന്നാൽ ജഡം കൂടാതെയുമല്ല അവൻ വരിക. ദൈവത്തിനു മാത്രം അറി

www.malankaralibrary.com

യാവുന്ന രീതിയിൽ കൂടുതൽ ദൈവസാദൃശ്യമുള്ള ശരീരത്തിൽ അവൻ വരും. അവനെ കുത്തിത്തുളച്ചവർ അവനെ ദർശിക്കയും ഭൗമികപദാർഥത്തെ ഉല്ലംഘിക്കുന്ന രീതിയിൽ ദൈവമായി അവൻ സ്ഥിതിചെയ്യുകയും ചെയ്യും.

41. ക്ലെദോണിയസിനുള്ള കത്തിൽനിന്ന് (ലേഖനം101,19–20): ആത്മാവും ശരീരവും ആയിരിക്കുന്നതുപോലെ, ദൈവവും മനഷ്യനും രണ്ടു സ്വഭാവ ങ്ങളാണ്. എന്നാൽ അവ രണ്ടു പുത്രന്മാരല്ല. ആന്തരിക മനുഷ്യനെന്നും ബാഹ്യമനുഷ്യനെന്നും പൗലോസ് സംസാരിക്കുന്നുണ്ടെങ്കിലും, ഇവിടെ രണ്ട് മനുഷ്യരില്ല. ചുരുക്കത്തിൽ, ദൃശ്യവും അദൃശ്യവും ഒന്നല്ലാതിരിക്കുന്നതി നാലും നിത്യവും കാലികവും ഒന്നല്ലാതിരിക്കുന്നതിനാലും, രണ്ട് വ്യത്യസ്ത പദാർഥങ്ങളിൽ നിന്നാണ് രക്ഷകൻ രൂപീകൃതനായിരിക്കുന്നത്. എന്നാൽ രണ്ട് വ്യത്യസ്ത വ്യക്തികളില്ല. ദൈവം ക്ഷമിക്കട്ടെ!

42. അതേ രേഖയിൽനിന്ന് (101,25–28): മാംസം ഇപ്പോൾ മാറ്റിവച്ചിരിക്ക യാണെന്നും ദൈവത്വത്തിൽ നിന്ന് ശരീരം ഉരിഞ്ഞു മാറ്റിയെന്നും അതോടു കൂടെ സ്ഥിതിചെയ്യുന്നില്ലെന്നും അതോടുകൂടെ വരില്ലെന്നും ആരെങ്കിലും പറഞ്ഞാൽ, അവന്റെ മഹനീയമായ വരവ് അവൻ കാണാതിരിക്കട്ടെ. കാര ണം, എടുത്തവന്റെ കൂടെ അല്ലെങ്കിൽ, ശരീരം ഇപ്പോൾ എവിടെയാണ്? അവമാനത്താൽ ബഹുമാനിതരാകാൻ മനിക്കേയർ ഭോഷത്തം പറയുന്ന തുപോലെ, അത് സൂര്യനിൽ സൂക്ഷിച്ചു വച്ചിരിക്കുകയല്ല. അഥവാ, ഒരു വാക്കുപോലെയോ, സുഗന്ധദ്രവ്യത്തിന്റെ പരിമളം പോലെയോ, ഇടി മിന്നൽപോലെയോ, അത് വായുവിൽ ലയിച്ച് അലിഞ്ഞുപോയില്ല. ഉത്ഥാന ശേഷം സ്പർശിക്കപ്പെട്ട യാഥാർഥ്യം എവിടെയാണ്? അവനെ കുത്തിത്തു ളച്ചവർ അതിലൂടെയായിരിക്കും അവനെ ദർശിക്കുക. ദൈവത്വം ദൈവത്വ മെന്ന നിലയിൽ അദൃശ്യമാണ്.

43. പുത്രനെ പറ്റിയുള്ള രണ്ടാം പ്രതിപാദനത്തിൽ നിന്ന് (6): വചനം എന്ന നിലയിൽ അവൻ അനുസരണമുള്ളവനോ, അനുസരണരഹിതനോ അല്ല. കാരണം, അധികാരത്തിനും വിധേയത്വത്തിനും വിധേയമായവർക്കാണ് ഇവ ചേരുന്നത്. ഋജുമാനസർക്ക് ആദ്യത്തേതും വിധിക്ക് വിധേയരായവർക്ക് രണ്ടാമത്തേതും ചേരുന്നു. എന്നാൽ ദാസന്റെ രൂപമെന്ന നിലയിൽ അവൻ സഹദാസന്മാരുടെ പക്കലേക്കു വരികയും വ്യത്യസ്തരൂപം സ്വീകരിക്കുകയും ചെയ്യുന്നു. അഗ്നി മെഴുകിനെയും സൂര്യൻ ഭൂമിയിലെ ഈർപ്പത്തേയും സ്വീക രിക്കുന്നതുപോലെ, താഴ്ന്നവനെ തന്നിൽ സ്വീകരിക്കാൻ എന്റേതെല്ലാം, എനിക്കുള്ളതെല്ലാം അവൻ തന്നിൽ സംവഹിക്കുന്നു.

44. ദൈവികോദയത്തെ കുറിച്ചുള്ള പ്രതിപാദനത്തിൽ നിന്ന് (13): അതു കൊണ്ട്, മാംസവും അരൂപിയും എന്ന രണ്ട് പരസ്പരവിരുദ്ധ യാഥാർഥ്യ ങ്ങളെടുത്ത് കന്യകയിലൂടെ അവൻ കടന്നുവന്നതിനാൽ, ആദ്യത്തേത് ദൈവ ത്തിലേക്ക് എടുക്കപ്പെട്ടു, മറ്റത്, ദൈവത്വത്തിന്റെ കൃപ പ്രദാനം ചെയ്തു.

www.malankaralibrary.com

45. അൽപം കഴിഞ്ഞ്: അവൻ അയക്കപ്പെട്ടു, എന്നാൽ ഒരു മനുഷ്യനായിട്ടാണ്. എന്തുകൊണ്ടെന്നാൽ, അവന്റെ സ്വഭാവം ദ്വൈതമായിരുന്നു. ഇക്കാരണത്താൽ, സംശയരഹിതമായി, മനുഷ്യശരീരത്തെ ഭരിക്കുന്ന നിയമം അനുസരിച്ച് അവനു വിശന്നു, ദാഹിച്ചു, അവൻ ക്ഷീണിതനായി, കരഞ്ഞു, ദുഃഖപരവശനായി.

46. പുത്രനെ കുറിച്ചുള്ള രണ്ടാം പ്രതിപാദനത്തിൽ നിന്ന് (8-9): അവൻ ദൈവമെന്നു വിളിക്കപ്പെടും, വചനത്തിന്റേതല്ല, പിന്നെയോ, ദൃശ്യയാഥാർഥ്യത്തിന്റെ. കാരണം, എങ്ങനെയാണ് ശരിയായ അർഥത്തിൽ ദൈവമായിരിക്കുന്നവന്റെ ദൈവമായിരിക്കാൻ അവനു കഴിയുക? അതുപോലെ, അവൻ പിതാവാണ്. ദൃശ്യയാഥാർഥ്യത്തിന്റേതല്ല, പിന്നെയോ, വചനത്തിന്റെ. കാരണം, വാസ്തവത്തിൽ അവൻ ദ്വിത്വമായിരുന്നു. തദ്ഫലമായി, ഇവയിൽ ആദ്യത്തേത് രണ്ടിനും ശരിയായ രീതിയിൽ ചേരുന്നതാണ്. എന്നാൽ രണ്ടാമത്തേത് അങ്ങനെയല്ല. ശരിയായ രീതിയിൽ അവൻ നമ്മുടെ ദൈവമാണ്. എന്നാൽ അതേ രീതിയിൽ അവൻ നമ്മുടെ പിതാവല്ല. അതുകൊണ്ട്, അവൻ നമുക്ക് ചെയ്യുന്നതിലും വ്യത്യസ്തമായി പരാമർശിക്കും. മിശ്രിതത്തിലൂടെ വാക്കുകൾ മാറ്റിമറിക്കുമ്പോൾ പാഷണ്ഡികളെ വഴിതെറ്റിക്കാൻ ഇടയാക്കുന്നത് വാക്കുകളുടെ സംയോജനമാണ്. സ്വഭാവങ്ങൾ ചിന്തയിൽ വേർതിരിക്കപ്പെടുമ്പോൾ, അവയുടെ പേരുകളും വേർതിരിക്കപ്പെടുന്നു എന്ന കാര്യമാണ് ഇതിനൊരടയാളം. പൗലോസ് പറയുന്നത് ശ്രവിക്കുക: “നമ്മുടെ കർത്താവേശുക്രിസ്തുവിന്റെ ദൈവം, മഹത്വത്തിന്റെ പിതാവ്...”(എഫേ.1,17). അവൻ ക്രിസ്തുവിന്റെ ദൈവവും മഹത്വത്തിന്റെ പിതാവുമാണ്. കാരണം, രണ്ടും ഒന്നാണെങ്കിൽ തന്നെയും അത് സ്വഭാവത്താലെയല്ല, സംയോജനത്താലെയാണ്. ഇതിനേക്കാൾ സുവ്യക്തമായിട്ടുള്ളത് എന്താണ്? അഞ്ചാമതൊരു സംഗതിയായി, അവൻ ജീവനും ന്യായവിധിയും രാജ്യങ്ങളുടെ അവകാശവും എല്ലാ ജഡത്തിന്മേലും അധികാരവും മഹത്വവും ശിഷ്യർ സൂചിപ്പിച്ച മറ്റെല്ലാ സംഗതികളും എടുത്തെന്നു പറയാം. ഇവയെല്ലാം മനുഷ്യത്വത്തെ സംബന്ധിച്ചുള്ളവയാണ്.

47. അതേ കൃതിയിൽ നിന്ന് (14): “എന്തുകൊണ്ടെന്നാൽ, ഒരു ദൈവമേയുള്ളു, ദൈവത്തിനും മനുഷ്യർക്കുമിടയിൽ ഏകമധ്യസ്ഥനും-മനുഷ്യനായ യേശുക്രിസ്തു” (1തിമോ.2,5). കാരണം, അവനെ ശാരീരികമായി, അതായത്, ജഡികവികാരങ്ങളോടുകൂടെ നാം അറിയുന്നില്ലെങ്കിലും, അവൻ പാപരഹിതനാണെങ്കിലും, താനെടുത്ത ശരീരത്തിലാകയാൽ, മനുഷ്യാവതാരശക്തിയാൽ എന്നെ ദൈവമാക്കുന്നതുവരെ മനുഷ്യനെന്ന നിലയിൽ അവൻ ഇപ്പോഴും എന്റെ രക്ഷയ്ക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുന്നു.

48. അതേ കൃതിയിൽ നിന്ന്(15): അറിയപ്പെടുന്നതിൽ നിന്ന് കാണപ്പെടുന്നതിനെ വേർതിരിച്ചാൽ, ക്രിസ്തുവിന് ദൈവമെന്ന നിലയിൽ അറിവുണ്ട്.

www.malankaralibrary.com

എന്നാൽ മനുഷ്യനെന്ന നിലയിൽ അറിവില്ലെന്ന് അവൻ പറയുന്നത് എല്ലാവർക്കും സുവ്യക്തമാണോ? പുത്രനെന്ന നാമം പരമമാണ്, വിശേഷണം കൂടാതുള്ളതുമാണ് എന്നതിൽ നിന്നാണ് നമുക്ക് ഈ വ്യഖ്യാനം കിട്ടുന്നത്. കാരണം, ഒരാളുടെയോ മറ്റൊരാളുടെയോ എന്ന് പുത്രനോടുകൂടെ കൂട്ടിച്ചേർത്തിട്ടില്ല. തദ്ഫലമായി, അജ്ഞത ദൈവത്തിനല്ല, മനുഷ്യത്വത്തിന് ആരോപിച്ചുകൊണ്ട്, കുറേക്കൂടി ഭക്തിപൂർണമായി അജ്ഞത നമുക്ക് മനസിലാക്കാം.

**വി. ഗ്രിഗറി നീസ്സാ**

49. മതാധ്യാപന ചർച്ചകളിൽ നിന്ന് (10): ഏതോ സ്വീകരണപാത്രം പോലെ ദൈവത്വത്തിന്റെ അനന്തതയെ ജഡത്തിന്റെ പരിമിതി പരിമിതപ്പെടുത്തിയെന്ന് ആരാണ് പറയുന്നത്?

50. അതേ കൃതിയിൽ നിന്ന്: പ്രകൃതിയുടെ ആവശ്യമനുസരിച്ച് ശരീരവുമായി കൂടിക്കലർന്ന മനുഷ്യാത്മാവ് അധികാരപൂർവം എല്ലായിടത്തും വ്യാപിച്ചിരിക്കുന്നെങ്കിൽ, ജഡത്തിന്റെ പ്രകൃതിയാൽ ദൈവത്വം പരിമിതപ്പെട്ടിരിക്കുന്നു എന്ന് പറയുന്നതിന്റെ ആവശ്യമെന്താണ്?

51. അതേ കൃതിയിൽ നിന്ന്: ഒരുതരം ഐക്യവും മാനുഷികമായതിലേക്കുള്ള ദൈവസ്വഭാവത്തിന്റെ അടുത്തുവരവും അംഗീകരിച്ച നമ്മെ അടുത്തുവരവിൽ പോലും ദൈവത്വത്തിന്റെ ശരിയായ മനസിലാക്കൽ കാത്തുസൂക്ഷിക്കുന്നതിൽ നിന്ന് എന്താണ് തടയുന്നത്? കാരണം, ദൈവത്വം മനുഷ്യരിലാണെങ്കിൽ പോലും, എല്ലാ പിരിമിതികളെയും ഉല്ലംഘിക്കുന്നെന്ന് നാം വിശ്വസിക്കുന്നു.

52. എവുണോമിയസിനെതിരെയുള്ള പ്രതിപാദനത്തിൽ നിന്ന് (3,10.4): മറിയത്തിന്റെ മകൻ സഹോദരങ്ങളുമായി സംസാരിക്കുന്നെങ്കിൽ, ഏകജാതന് സഹോദരങ്ങൾ ഇല്ലെങ്കിൽ, സഹോദരങ്ങളുടെ ഇടയിൽ ഏകജാതനെന്ന ആശയം എങ്ങനെ സംരക്ഷിക്കപ്പെടാനാകും? ദൈവം ആത്മാവാണെന്നു പറഞ്ഞവൻ തന്നെ (യോഹ.4,24) ദൈവത്വത്തെ സ്പർശിക്കാനാവില്ല, മനുഷ്യപ്രകൃതിയെ മാത്രമേ സ്പർശിക്കാനാവൂ എന്നു കാണിക്കാൻ, “എന്നെ തൊട്ടുനോക്കുക” എന്ന് ശിഷ്യരോട് പറയുക കൂടി ചെയ്യുന്നെങ്കിൽ (ലൂ.24,39), “ഞാൻ പോകുന്നു” എന്നു പറഞ്ഞവൻ (യോഹ.14,28) ഒരു സ്ഥലത്തുനിന്ന് മറ്റൊരിടത്തേക്കുള്ള മാറ്റം സൂചിപ്പിക്കുന്നു. എന്നാൽ ശ്ലീഹാ പറയുന്നതുപോലെ, എല്ലാം ഉൾക്കൊള്ളുന്നവനിലാണ് സൃഷ്ടിക്കപ്പെട്ടവയെല്ലാം. എല്ലാം അവനിൽ ഉറപ്പായി സ്ഥിതിചെയ്യുന്നു. മാറ്റമോ, വ്യതിയാനമോ വഴി അവൻ ആയിത്തീരുന്നതായി യാതൊന്നും തന്നെ അവന് ബാഹ്യമായിട്ടില്ല...

53. അതേ കൃതിയിൽ നിന്ന് (3,3.43–44): “അതുകൊണ്ട്, ദൈവത്തിന്റെ വലത്തുകരത്താൽ ഉയർത്തപ്പെട്ടു” (നട.2,13). അപ്പോൾ, ആരാണ് ഉയർത്ത

www.malankaralibrary.com

പ്പെട്ടത്? താഴ്ന്നവനോ, അത്യുന്നതനോ? മാനുഷികമായിട്ടുള്ളതല്ലാതെ മറ്റെന്താണ് താഴ്ന്നതായിട്ടുള്ളത്? ദൈവികമായിട്ടുള്ളതല്ലാതെ മറ്റെന്താണ് അത്യുന്നതമായിട്ടുള്ളത്? എന്നാൽ അത്യുന്നതനായ ദൈവത്തിന് ഉയർത്തപ്പെടേണ്ടതിന്റെ ആവശ്യമില്ല. അതുകൊണ്ട്, മനുഷ്യനാണ് ഉയർത്തപ്പെട്ടതെന്നും അത് കർത്താവും ക്രിസ്തുവും ആയിത്തീർന്നതിനാലാണ് ഉയർത്തപ്പെട്ടതെന്നുമാണ് ശ്ലീഹാ പറയുന്നത്. അതുകൊണ്ട്, "ആക്കിത്തീർത്തു" എന്ന വാക്കിലൂടെ (നട.2,36) ശ്ലീഹാ വെളിപ്പെടുത്തുന്നത് കർത്താവിന്റെ നിത്യമായ അസ്തിത്വമല്ല, പിന്നെയോ, ദൈവത്തിന്റെ വലത്തുകരത്തിലൂടെ താണവനെ ഉയർത്തിയ രൂപാന്തരീകരണമാണ്. കാരണം, ഈ വാക്കിലൂടെ സത്യമതത്തിന്റെ ഭക്തി അവൻ വിവരിക്കുന്നു. "ദൈവത്തിന്റെ വലത്തുകൈയാൽ ഉയർത്തപ്പെട്ടു" എന്ന് പറഞ്ഞപ്പോൾ (നട.2,33) രഹസ്യത്തിന്റെ അവാച്യമായ ദൈവികപദ്ധതി അവൻ വ്യക്തമായി വെളിപ്പെടുത്തുന്നു. അതായത്, എല്ലാം ഉണ്ടാക്കിയ ദൈവത്തിന്റെ വലത്തുകൈ ആയ കർത്താവ് - സമസ്തവും അവനിലൂടെ അസ്തിത്വത്തിലെത്തി, അവനെ കൂടാതെ യാതൊന്നും ഉണ്ടായതുമില്ല - തന്നോട് സംയോജിക്കപ്പെട്ട മനുഷ്യനെ ഐക്യത്തിലൂടെ തന്റെ സ്വന്തം ഔന്നത്യത്തിലേക്കുയർത്തി.

**ഇക്കോണിയത്തിലെ മെത്രാനായ ആംഫിലോക്കിയസ്**

54. "എന്റെ പിതാവ് എന്നേക്കാൾ വലിയവനാകുന്നു" (യോഹ.14,28) എന്ന ടെക്സ്റ്റിനെ കുറിച്ചുള്ള പ്രതിപാദനത്തിൽ നിന്ന്: അതുകൊണ്ട്, ദൈവത്തിന്റെയും മനുഷ്യന്റെയുമായ സ്വഭാവങ്ങൾ തിരിച്ചറിയുവിൻ. ദൈവം താഴേക്കുവീണ് മനുഷ്യനായതല്ല, മനുഷ്യൻ വികസനം പ്രാപിച്ച് ദൈവമായി തീർന്നതുമല്ല.

55. "പുത്രന് സ്വന്തമായി ഒന്നും ചെയ്യാൻ കഴിയുകയില്ല" (യോഹ.5,19) എന്ന ടെക്സ്റ്റിനെ കുറിച്ചുള്ള പ്രതിപാദനത്തിൽ നിന്ന്: ശരീരം നേരത്തേ ആയിരുന്നതുപോലെ അല്ലെന്നും ഈ ശരീരം ഉത്ഥാനം ചെയ്തെന്നുമുള്ള രണ്ടു കാര്യങ്ങൾ ഒന്നിച്ച് ഉത്ഥാനാനന്തരം കർത്താവ് വെളിപ്പെടുത്തുന്നു. പീഡാനുഭവത്തിനുശേഷം ശിഷ്യന്മാർ ഒന്നിച്ചു കൂടിയിരുന്നപ്പോൾ, കതകുകൾ അടച്ചിരിക്കെ കർത്താവ് പെട്ടെന്ന് അവരുടെ മധ്യത്തിൽ നിന്നു. തന്റെ പീഡാനുഭവത്തിനു മുമ്പൊരിക്കലും അവൻ ഇപ്രകാരം ചെയ്തിട്ടില്ല. മുമ്പ് ക്രിസ്തുവിന് ഇതിന് കഴിവില്ലാതിരുന്നിട്ടാണോ? ദൈവത്തിന് എല്ലാം സാധ്യമാകയാൽ, ഒരിക്കലുമല്ല. എന്നാൽ പീഡാനുഭവത്തിനു മുമ്പ് അവനിത് ചെയ്യാതിരുന്നത്, ദൈവികപദ്ധതി മായാജാലമാണെന്നോ, ജാലവിദ്യയാണെന്നോ നീ ചിന്തിക്കാതിരിക്കുന്നതിനും, ക്രിസ്തുവിന്റെ ശരീരം ആത്മീയമാണെന്നോ, അത് സ്വർഗത്തിൽ നിന്നു വന്നെന്നോ, നമ്മുടെ ശരീരത്തിൽ നിന്ന് വ്യത്യസ്തമായ സത്തയാണ് അതിനെന്നോ കരുതാതിരിക്കുന്നതിനുമാണ്. ചില മനുഷ്യർ ഇങ്ങനെയൊക്കെ വിഭാവന ചെയ്തിരുന്നു. അവയിലൂടെ അവനെ

www.malankaralibrary.com

ബഹുമാനിക്കുന്നെന്ന് അവർ കരുതുന്നു. എന്നാൽ അവർ തങ്ങളുടെ സ്തുതികളാൽ (eucharistias) പരദൂഷകരായി തീരുകയും സത്യത്തെ കള്ളം കൊണ്ട് കുറ്റപ്പെടുത്തുകയുമാണെന്ന് കാണുന്നില്ല. കൂടാതെ, ഈ നുണ പരമാബദ്ധവുമാണ്. കാരണം, അവൻ മറ്റൊരു ശരീരമെടുത്തെങ്കിൽ, രക്ഷ ആവശ്യമുള്ള എന്റെ ശരീരത്തിന് അതുകൊണ്ട് എന്തു പ്രയോജനം? അവൻ ശരീരം സ്വർഗത്തിൽ നിന്ന് ഇറക്കി കൊണ്ടുവന്നെങ്കിൽ, ധരയിൽ നിന്നെടുത്ത എന്റെ ശരീരത്തിന് അതുകൊണ്ടെന്തു പ്രയോജനം?

56. അതേ കൃതിയിൽ നിന്ന് (10): ഭൗതികശരീരമായി നിന്റെ ശരീരം വിതയ്ക്കപ്പെട്ടു, ആത്മീയശരീരമായി ഉയർത്തപ്പെട്ടു എന്നു നീ അറിയുന്നതിനാണ്, തന്റെ പീഡാനുഭവാനന്തരം-അതിനുമുമ്പല്ല-കതകുകൾ അടച്ചിരിക്കെ കർത്താവ് ശിഷ്യരുടെ മധ്യത്തിൽ വന്നുനിന്നത്. തോമസ് അവിശ്വസിച്ചപ്പോൾ, അവൻ ആണിപ്പഴുതുകളും മുറിപ്പാടുകളും അവനെ കാണിച്ചത്, ഉയർത്തത് വ്യത്യസ്ത സംഗതിയാണെന്ന് നീ ചിന്തിക്കാതിരിക്കാനാണ്. ഉത്ഥാനത്തിനു മുമ്പുപോലും സകലരെയും സുഖപ്പെടുത്തിയവന്, തന്നെത്തന്നെ സുഖപ്പെടുത്താൻ, പ്രത്യേകിച്ച്, ഉത്ഥാനാനന്തരം, കഴിയുമായിരുന്നു. ഇല്ലേ? അതേ. എന്നാൽ അവൻ കാണിച്ച ആണിപ്പഴുതുകളിലൂടെ, അത് ഈ ശരീരം തന്നെയാണെന്ന് പഠിപ്പിക്കുന്നു. അടച്ച വാതിലിലൂടെ അകത്തുകടന്നതിലൂടെ, ശരീരം നേരത്തേ ഉണ്ടായിരുന്ന അവസ്ഥയിലല്ലെന്ന് അവൻ വെളിപ്പെടുത്തുന്നു. മരിച്ചതിനെ ഉയർപ്പിച്ചുകൊണ്ട് ദൈവികപദ്ധതി പൂർത്തിയാക്കാനായി ഈ ശരീരം തന്നെയാണത്. അത് ജീർണതയ്ക്ക് വിധേയമായി വീണ്ടും മരിക്കാതിരിക്കാൻ, നേരത്തേയുള്ള അവസ്ഥയിൽ നിന്ന് വ്യത്യസ്തമാണ്.

**അലക്സാണ്ഡ്രിയായിലെ തെയോഫിലസ് മെത്രാൻ**

57. ഒരിജനെതിരെയുള്ള എഴുത്തുകളിൽ നിന്ന് (ലേഖനം 16): അവൻ പങ്കിട്ട നമ്മുടെ സാദൃശ്യം ദൈവത്വത്തിന്റെ പ്രകൃതിയിലേക്ക് രൂപാന്തരപ്പെട്ടില്ല. ദൈവത്വം നമ്മുടെ ഛായയിലേക്കും മാറിയില്ല. എന്തുകൊണ്ടെന്നാൽ, ആരംഭം മുതൽ അവൻ ദൈവമായി നിലനിൽക്കുന്നു. നമ്മുടെ ജീവിതാവസ്ഥ തന്നിൽ സ്വീകരിച്ചെങ്കിലും ദൈവമായി നിലനിൽക്കുന്നു.

58. അതേ കൃതിയിൽ നിന്ന് (ലേഖ.17): പിതാവും പുത്രനും ഒന്നായിരിക്കുന്നതുപോലെ, പുത്രനെടുത്ത ആത്മാവും പുത്രൻ തന്നെയും ഒന്നാണ് എന്നു തുടങ്ങിയ സംഗതികൾ പറഞ്ഞുകൊണ്ടും, പുത്രനെ ദുഷിച്ചു കൊണ്ടും, നിശ്ശബ്ദനായിരിക്കാതെ നീ വീണ്ടും ദൈവദൂഷണം നടത്തുന്നു. ഒരേ ദൈവത്വത്തിന്റെ ഒരേ സത്തയാലാണ് പിതാവും പുത്രനും ഒന്നായിരിക്കുന്നതെന്ന് നീ അറിയുന്നില്ല. എന്നാൽ പുത്രനും ആത്മാവിനും വ്യത്യസ്ത സത്തകളും വ്യത്യസ്ത സ്വഭാവങ്ങളുമാണ്. കാരണം, പിതാവും പുത്രനും ഒന്നായിരിക്കുന്നതുപോലെ, പുത്രന്റെ ആത്മാവും പുത്രനും ഒന്നാണെങ്കിൽ, പിതാവും ആത്മാവും ഒന്നായിരിക്കും; “എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു”

www.malankaralibrary.com

എന്ന് പുത്രന്റെ ആത്മാവ് ചിലപ്പോഴൊക്കെ പറയും (യോഹ.14,9). എന്നാൽ അത് അങ്ങനെയല്ല, ദൈവം തടയട്ടെ! കാരണം, പിതാവും പുത്രനും ഒന്നായിരിക്കുന്നത് വ്യത്യസ്ത ദൈവികസ്വഭാവങ്ങൾ ഇല്ലാത്തതിനാലാണ്. എന്നാൽ ആത്മാവും പുത്രനും സ്വഭാവത്തിലും സത്തയിലും വ്യത്യസ്തമാണ്. കാരണം, നമ്മുടെ അതേ സത്തയായ ആത്മാവും അവനിലൂടെയാണ് അസ്തിത്വത്തിൽ എത്തുന്നത്. ഒരിജൻ പറഞ്ഞതുപോലെ, പിതാവും പുത്രനും ഒന്നായിരിക്കുന്നതു പോലെ ആത്മാവും പുത്രനും ഒന്നാണെങ്കിൽ, പുത്രനെപ്പോലെ ആത്മാവും ദൈവമഹത്വത്തിന്റെ കിരണവും ദൈവത്തിന്റെ സുസ്ഥിത യാഥാർഥ്യത്തിന്റെ അടയാളവും ആയിരിക്കും (എബ്രാ.1,3). എന്നാൽ വാസ്തവത്തിൽ ഇത് അസാധ്യമാണ്. അതുകൊണ്ട്, പിതാവും പുത്രനും ഒന്നായിരിക്കുന്നതുപോലെ, പുത്രനും അവന്റെ ആത്മാവും ഒന്നായിരിക്കുക അസാധ്യമാണ്. ഒരിജൻ വീണ്ടും തന്നെത്തന്നെ ഖണ്ഡിക്കുമ്പോൾ എന്തുചെയ്യും? എന്തുകൊണ്ടെന്നാൽ താഴെ വരുംവിധം അവൻ എഴുതുന്നു: വിവശനായി കഠിനദുഃഖത്തിലായ ആത്മാവ് നിശ്ചയമായും ഏകജാതനും സർവസൃഷ്ടികളുടെയും ആദ്യജാതനുമല്ല (കൊളോ.1,15). കാരണം,"അതു സമർപ്പിക്കാനും തിരികെ എടുക്കാനും എനിക്കധികാരമുണ്ട്" എന്ന് ആത്മാവിനേക്കാൾ ഉന്നതനായ വചനമാം ദൈവം, പുത്രൻ തന്നെ, പറയുന്നു (യോഹ.10,18). പുത്രൻ ആത്മാവിനേക്കാൾ ഉന്നതനാണ്. അതുകൊണ്ട്, ഉന്നതനായി അവനെ നാമേറ്റുപറയുന്നു. അങ്ങനെയെങ്കിൽ അവന്റെ ആത്മാവിന് എങ്ങനെ ദൈവത്തിനു തുല്യനാകാൻ കഴിയും? ദൈവത്തിന്റെ രൂപത്തിലാകാൻ കഴിയും? എന്തുകൊണ്ടെന്നാൽ, നാം കാണിച്ചതുപോലെ, ആത്മാവ് സ്വയംശൂന്യമാക്കി ദാസന്റെ രൂപമെടുത്തെന്ന് അവൻ പറയുമ്പോൾ, തന്റെ ഭക്തിരാഹിത്യത്തിന്റെ അധികപ്പറ്റാൽ ഒരിജൻ ഏറ്റവും കുപ്രസിദ്ധനായ പാഷണ്ഡി ആയിത്തീരുന്നു. വചനം ദൈവത്തിന്റെ രൂപത്തിലും ദൈവത്തിനു തുല്യനുമാണ്. രക്ഷകന്റെ ആത്മാവ് ദൈവത്തിന്റെ രൂപത്തിലും ദൈവത്തിനു തുല്യനുമാണെന്ന് അവൻ ചിന്തിക്കുന്നു. ഇപ്രകാരം എഴുതാൻ അവൻ ധൈര്യപ്പെട്ടു. അങ്ങനെയെങ്കിൽ, തുല്യമായിട്ടുള്ളത് എങ്ങനെ ഉന്നതമാകും? കാരണം, താഴ്ന്ന പ്രകൃതിയുള്ള വസ്തുക്കൾ, തങ്ങളെ ഉല്ലംഘിക്കുന്നവയുടെ ഔന്നത്യത്തിന് സാക്ഷ്യം വഹിക്കുന്നു.

**കോൺസ്റ്റാന്റിനോപ്പിൾ മെത്രാനായ വി. ജോൺ**

59. വലിയ ദേവാലയത്തിൽ ചെയ്ത പ്രസംഗത്തിൽ നിന്ന്: "ഒരുവൻ സമ്പന്നൻ ആകുമ്പോൾ ഭയപ്പെടേണ്ട" എന്ന ടെക്സ്റ്റിനെക്കുറിച്ച് (സങ്കീ.49,16): നിന്റെ യജമാനൻ ഒരു മനുഷ്യനെ സ്വർഗത്തിലേക്ക് ആനയിച്ചു. എന്നാൽ നീ അവനുമായി ചന്തസ്ഥലം പോലും പങ്കുവയ്ക്കുന്നില്ല. സ്വർഗത്തിലേക്കെന്ന് ഞാൻ എന്തിനാണ് പറയുന്നത്? അവൻ മനുഷ്യനെ രാജകീയ സിംഹാസനത്തിൽ ഇരുത്തി, എന്നാൽ നീ അവനെ നഗരത്തിൽ നിന്നുപോലും ആട്ടിപ്പുറത്താക്കുന്നു.

www.malankaralibrary.com

60. സങ്കീ.42-ന്റെ ആരംഭത്തെക്കുറിച്ച് (42,4): ഈ ദിവസംവരെ പറഞ്ഞുകൊണ്ടിരിക്കുന്നതിൽ നിന്ന് പൗലോസ് വിരമിക്കുന്നില്ല: "ദൈവം ഞങ്ങളിലൂടെ നിങ്ങളെ ഉപദേശിക്കുന്നതിനാൽ, ഞങ്ങൾ ക്രിസ്തുവിന്റെ പ്രതിപുരുഷന്മാരാണ്. ദൈവത്തോട് രമ്യപ്പെടുവിൻ എന്ന് ക്രിസ്തുവിനെ പ്രതി ഞങ്ങൾ അപേക്ഷിക്കുന്നു" (2കൊറി.5,20). ദൈവം അവിടെ അവസാനിപ്പിച്ചില്ല. പിന്നെയോ, നിന്റെ പ്രകൃതിയുടെ ആദ്യഫലത്തെ എടുക്കുകയും ഈ യുഗത്തിലും വരാനിരിക്കുന്ന യുഗത്തിലും എല്ലാ ആധിപത്യങ്ങൾക്കും അധികാരങ്ങൾക്കും ശക്തികൾക്കും പ്രഭുത്വങ്ങൾക്കും അറിയപ്പെടുന്ന എല്ലാ നാമങ്ങൾക്കുമുപരി അവനെ ഉപവിഷ്ടനാക്കുകയും ചെയ്തു (എഫേ.1,21). ഇതിനു തുല്യമായി എന്തു ബഹുമാനമാണുള്ളത്? ദൈവത്തെ വളരെയധികം വ്രണപ്പെടുത്തിയ വംശത്തിന്റെ ആദ്യഫലം ഇത്ര മഹോന്നതസ്ഥാനത്ത് ഇരിക്കുകയും ഇത്ര വലിയ ബഹുമാനം അനുഭവിക്കുകയും ചെയ്യുന്നു.

61. ഭാഷകളുടെ വിഭജനത്തെപ്പറ്റി:[20] നമ്മുടെ പ്രകൃതിയെ ക്രോബേന്മാർ വഹിക്കുന്നതും സ്വർഗീയ സൈന്യങ്ങൾ മുഴുവൻ അതിനു ചുറ്റും നിൽക്കുന്നതും കാണുന്നത് എത്ര വലിയ സംഗതിയാണെന്ന് പരിഗണിക്കുക. മനുഷ്യകുലത്തോട് ദൈവത്തിനുള്ള സ്നേഹം പ്രകടിപ്പിക്കാൻ, തന്റെ വിജ്ഞാനത്തിൽ പൗലോസ് എത്രയധികം വാക്കുകളാണ് തേടുന്നതെന്ന് പരിഗണിക്കുക. കാരണം, "കൃപ" എന്നു മാത്രമോ, "സമ്പത്ത്" എന്നു മാത്രമോ വെറുതേ അവൻ പറഞ്ഞില്ല. ഇല്ല. പിന്നെയോ, "കാരുണ്യത്തിൽ കൃപയുടെ അപരിമേയസമ്പത്ത്" എന്നാണ് പറഞ്ഞത് (എഫേ.2,7).

62. ഒരു താത്വിക പ്രതിപാദനത്തിൽ നിന്ന്:[21] ക്രിസ്തുവിന്റെ ബലഹീന വാക്കുകളും പ്രവൃത്തികളും ശക്തിയുടെ ബലഹീനതയല്ല, ദൈവികപദ്ധതിയിലെ വ്യത്യാസങ്ങളാണ്: ഉത്ഥാനാനന്തരം ശിഷ്യന്മാർ സംശയഗ്രസ്തരായപ്പോൾ, തന്റെ ആണിപ്പഴുതുകളും മുറിപ്പാടുകളും കാണിക്കുന്നതിനും കരസ്പർശനത്തിന് മുറിപ്പാടുകൾ വിധേയമാക്കുന്നതിനും, "നോക്കിക്കാണുക, ഭൂതത്തിന് അസ്ഥിയും മാംസവും ഇല്ലല്ലോ" എന്നു പറയുന്നതിനും അവിടുന്ന് മടിച്ചില്ല. ഇക്കാരണത്താൽ ആരംഭത്തിൽ തന്നെ അവിടുന്ന് പ്രായപൂർത്തിയായ ആളിനെ എടുത്തില്ല. പ്രത്യുത, ഗർഭസ്ഥനാകാനും ജനിക്കാനും വളർത്തപ്പെടാനും അവിടുന്ന് വിധേയനായി. സമയദൈർഘ്യത്തിലൂടെയും മറ്റ് ഘടകങ്ങളിലൂടെയും ഈ വിശ്വാസത്തിൽ ഉറപ്പിക്കാൻ അവിടുന്ന് ധരയിൽ ആവശ്യത്തിന് സമയം ചെലവഴിച്ചു.

63. പിശാചുക്കൾ മാനുഷികവ്യാപാരങ്ങൾ നിയന്ത്രിക്കുന്നെന്നു പറയുന്നവർക്കെതിരെ:[22] മനുഷ്യനേക്കാൾ നിസാരമായി മറ്റൊന്നും ഉണ്ടായിരുന്നില്ല. മനുഷ്യനേക്കാൾ ബഹുമാന്യനായി തീർന്ന മറ്റൊന്നില്ല. ബൗദ്ധിക സൃഷ്ടികളുടെ അവസാന കണ്ണിയാണ് മനുഷ്യൻ. എന്നാൽ കാലുകൾ തലയായിത്തീരുകയും ആദ്യഫലത്തിലൂടെ രാജകീയ സിംഹാസനത്തിലേക്ക്

www.malankaralibrary.com

അവൻ ഉയർത്തപ്പെടുകയും ചെയ്തു. കപ്പലപകടത്തിൽ പെട്ട് തന്റെ നഗ്ന ശരീരം മാത്രം രക്ഷപെടുത്താൻ കഴിഞ്ഞ ഒരുവനെ കുലീനനും വിശാല ഹൃദയനുമായ മനുഷ്യൻ കാണുകയും അവനെ ഇരുകരങ്ങളും നീട്ടി സ്വീകരിക്കുകയും മനോഹര വസ്ത്രങ്ങൾ ധരിപ്പിക്കുകയും ഏറ്റവും ഉന്നതമായ ബഹുമാനം അവന് കൊടുക്കുകയും ചെയ്തതു പോലെയാണിത്. നമ്മുടെ സ്വഭാവത്തോട് ദൈവം ഇപ്രകാരമാണ് പ്രവർത്തിച്ചത്. മനുഷ്യകുലം അതിനുണ്ടായിരുന്ന സമസ്തവും ദൂരെ എറിഞ്ഞുകളഞ്ഞു: സ്വാതന്ത്ര്യം, ദൈവത്തോടുള്ള സഖിത്വം, പറുദീസായിലെ ജീവിതം; അതിനുപകരം ക്ലേശകരമായ ജീവിതം തെരഞ്ഞെടുത്തു. കപ്പലപകടത്തിൽ പെട്ട നഗ്നനായ മനുഷ്യനെപ്പോലെ അവിടെനിന്ന് പുറപ്പെട്ടുപോയി. എന്നാൽ ദൈവം മനുഷ്യത്വത്തെ സ്വീകരിക്കുകയും വസ്ത്രം ധരിപ്പിക്കുകയും കൈക്കുപിടിച്ച് പടിപടിയായി സ്വർഗത്തിലേക്ക് ആനയിക്കുകയും ചെയ്തു.

64. അതേ കൃതിയിൽ നിന്ന്: എന്നാൽ ദൈവം ശിക്ഷയേക്കാൾ വലിയ നേട്ടമുണ്ടാക്കി. നമ്മുടെ സ്വഭാവത്തെ രാജകീയ സിംഹാസനത്തിലേക്ക് ആനയിച്ചു. പൗലോസ് വിളിച്ചുപറയുന്നു: "അവൻ നമ്മെ ഉയർത്തുകയും സ്വർഗത്തിൽ തന്റെ വലത്തുഭാഗത്ത് ഇരുത്തുകയും ചെയ്തു" (എഫേ.2,6).

65. ആദ്യ പെസഹാപ്പെരുന്നാൾ കൊണ്ടാടുന്നവർക്കെതിരെ:[23] അവൻ സ്വർഗം തുറക്കുകയും വെറുക്കപ്പെട്ടിരുന്നവരെ സ്നേഹിതരാക്കുകയും സ്വർഗത്തിലേക്ക് നയിക്കുകയും ചെയ്തു. അവൻ നമ്മുടെ സ്വഭാവത്തെ തന്റെ സിംഹാസനത്തിന്റെ വലത്തുഭാഗത്ത് ഇരുത്തുകയും നമ്മുടെമേൽ എണ്ണമറ്റ മറ്റ് നന്മകൾ വർഷിക്കുകയും ചെയ്തു.

66. സ്വർഗാരോഹണത്തെ കുറിച്ചുള്ള പ്രഭാഷണത്തിൽ നിന്ന് (3)[24]: അതുകൊണ്ട് അവൻ നമ്മുടെ സ്വഭാവത്തെ അത്യുന്നതത്തിലേക്ക് ഉയർത്തി. അത് താഴെ എവിടെ കിടന്നെന്നും ഉന്നതത്തിൽ എവിടേക്ക് കയറിയെന്നും കാണുക. മനുഷ്യകുലം താഴ്ന്നതിനേക്കാൾ താഴേക്കു താഴാനോ, ദൈവം അതിനെ ഉയർത്തിയതിനേക്കാൾ ഉയരാനോ സാധ്യമല്ല.

67. എഫേസ്യലേഖന ഹോമിലിയിൽ നിന്ന്:[25] "തന്നിൽ തന്നെ അവൻ വ്യക്തമാക്കിയ തന്റെ സന്മനസിലൂടെ" എന്ന് അവൻ പറയുന്നു (എഫേ.1,9). അതായത്, നമ്മോട് രഹസ്യം പ്രഖ്യാപിക്കാൻ കാംക്ഷിച്ചതു നിമിത്തം അവൻ പ്രസവവേദനയിൽ ആയിരുന്നെന്നു പറയാം. എന്തു രഹസ്യം? മനുഷ്യത്വത്തെ ഉന്നതത്തിൽ സ്ഥാപിക്കാൻ അവൻ ആഗ്രഹിച്ചു എന്നത്. ഇത് വാസ്തവത്തിൽ സംഭവിച്ചു.

68. അതേ കൃതിയിൽ നിന്ന്:[26] "നമ്മുടെ കർത്താവേശുക്രിസ്തുവിന്റെ ദൈവം" എന്ന് അവൻ പറയുന്നത് (എഫേ.1,3) വചനമാം ദൈവത്തെപ്പറ്റിയല്ല, ഇതേപ്പറ്റിയാണ് (ശരീരത്തെപ്പറ്റി).

www.malankaralibrary.com

69. അതേ കൃതിയിൽ നിന്ന്:[27] "നാം പാപത്തിൽ മരിച്ചവരായിരുന്നപ്പോൾ തന്നെ ദൈവം യേശുക്രിസ്തുവിൽ നമ്മെ ജീവനിലേക്ക് തിരിച്ചു കൊണ്ടുവന്നു" (എഫേ.2,5). വീണ്ടും, ക്രിസ്തു നടുവിലാണ്; പ്രവൃത്തി വിശ്വസനീയമാണ്. കാരണം, ആരംഭം ജീവിക്കുന്നെങ്കിൽ, നാമും ജീവിക്കും. ദൈവം അവനെയും നമ്മെയും ജീവനിലേക്ക് തിരികെ കൊണ്ടുവന്നു. ഈ വാക്കുകളെല്ലാം ശാരീരികമായിട്ടാണ് അവനെപ്പറ്റി പരാമർശിക്കുന്നതെന്ന് നീ കാണുന്നോ?

70. നാലാം സുവിശേഷത്തെ പറ്റിയുള്ള ഹോമിലിയിൽ നിന്ന് [28]: "നമ്മുടെ ഇടയിൽ വസിച്ചു" എന്ന് എന്തിനാണവൻ കൂട്ടിച്ചേർത്തത്? "ആയി" എന്ന വാക്കു നിമിത്തം എന്തെങ്കിലും അസാധാരണമായത് സംശയിക്കരുത്. കാരണം, മാറ്റമില്ലാത്ത ആ സ്വഭാവത്തിൽ ഞാൻ മാറ്റം വിവക്ഷിക്കുന്നില്ല. പിന്നെയോ, വാസവും പാർപ്പിടവും. വസിക്കുന്നതും വസിക്കുന്നിടവും ഒരേ വസ്തുവാകാൻ സാധ്യമല്ല. പിന്നെയോ, ഒന്ന് മറ്റൊന്നിൽ വസിക്കുന്നു. അങ്ങനെയല്ലെങ്കിൽ അവിടെ വാസം തന്നെയില്ല. കാരണം, യാതൊന്നും അതിൽ തന്നെ വസിക്കുന്നില്ല. സത്താപരമായി വ്യത്യസ്തമാണെന്നാണ് ഞാനർഥമാക്കിയത്. മിശ്രിതം ഇല്ലാത്തതിനാൽ ഐക്യവും സംയോജനവും നിമിത്തം വചനമാം ദൈവവും മാംസവും ഒന്നാണ്. അവയുടെ സത്തകൾ അപ്രത്യക്ഷമാകുന്നില്ല. എന്നാൽ അവാച്യവും അത്ഭുതാവഹവുമായ ഒരൈക്യമുണ്ട്.

71. മത്തായിയുടെ സുവിശേഷത്തെ ആസ്പദമാക്കിയുള്ള ഹോമിലിയിൽ നിന്ന്:[29] പരസ്പരം അകന്നു നിൽക്കുന്ന രണ്ടുപേരുടെ ഇടയിൽ നിൽക്കുന്ന ആൾ തന്റെ കൈകൾ നീട്ടി ഇരുവരെയും ആലിംഗനം ചെയ്ത് ഒന്നിച്ചുചേർക്കുന്നതുപോലെ അവിടുന്ന് പഴയ ഉടമ്പടിയും പുതിയ ഉടമ്പടിയും, ദൈവത്വവും മനുഷ്യത്വവും, തന്റെ നിലയും നമ്മുടെ അവസ്ഥയും ഒന്നിച്ചുചേർത്തു.

72. ക്രിസതുവിന്റെ സ്വർഗാരോഹണത്തെ കുറിച്ചുള്ള പ്രതിപാദനത്തിൽനിന്ന് (2): കലഹിച്ച് പിണങ്ങി പിരിഞ്ഞിരിക്കുന്ന രണ്ടുപേരുടെ ഇടയ്ക്കു കടന്നുചെന്ന് അവരുടെ കലഹവും പിണക്കവും അവസാനിപ്പിക്കുന്നവനെപ്പോലെ ക്രിസ്തു പ്രവർത്തിച്ചു. ദൈവമെന്ന നിലയിൽ അവൻ നമ്മോട് കോപിച്ചിരുന്നു. എന്നാൽ നാം അവന്റെ കോപത്തെ അവജ്ഞാപൂർവം വീക്ഷിക്കുകയും മനുഷ്യകുലത്തെ സ്നേഹിക്കുന്ന നാഥനിൽ നിന്ന് പുറംതിരിച്ചുകളയുകയും ചെയ്തു. ക്രിസ്തു നടുവിലേക്കു കടന്നുവന്ന് ഇരുസ്വഭാവങ്ങളെയും സ്നേഹത്തിൽ എത്തിക്കുകയും പിതാവ് നമുക്കായി നിശ്ചയിച്ചിരുന്ന ശിക്ഷ സ്വയം ഏറ്റെടുത്ത് സഹിക്കുകയും ചെയ്തു.

73. അതേ കൃതിയിൽ നിന്ന് (3): അവൻ നമ്മുടെ സ്വഭാവത്തിന്റെ ആദ്യഫലത്തെ പിതാവിന് സമർപ്പിച്ചു. അർപ്പിച്ചവൻ പരമയോഗ്യനും അർപ്പിത

www.malankaralibrary.com

വസ്തു കളങ്കരഹിതവും ആയിരുന്നതിനാൽ, പിതാവു തന്നെയും ദാനത്തിൽ അത്ഭുതപരതന്ത്രനായി. അതുകൊണ്ട് അവൻ തന്റെ സ്വന്തം കൈകളിൽ അതിനെ സ്വീകരിക്കയും തന്റെ സ്വന്തം സിംഹാസനത്തിൽ അതിന് ഭാഗഭാഗിത്വം നൽകുകയും ചെയ്തു. അതിനേക്കാളുപരി, അതിനെ തന്റെ വലത്തുഭാഗത്ത് ഇരുത്തുകയും ചെയ്തു. അതുകൊണ്ട്, "എന്റെ വലത്തുഭാഗത്ത് ഇരിക്കുക" എന്ന വാക്കുകൾ ആരാണ് കേട്ടതെന്ന് നമുക്ക് ഗ്രഹിക്കാം. എന്റെ സിംഹാസനത്തിൽ ഓഹരിക്കാരനാകുക എന്ന് ഏതു സ്വഭാവത്തോടാണ് അവൻ പറഞ്ഞത്? "നീ പൊടിയാകുന്നു, പൊടിയിലേക്ക് തന്നെ നീ തിരികെച്ചേരും" എന്ന് ആരോടു പറഞ്ഞോ, ആ സ്വഭാവത്തോടാണ് (ഉൽപ.3,19).

74. കുറേ വരികൾ കഴിഞ്ഞ് (4): എന്ത് വാദഗതി ഉപയോഗിക്കണമെന്നോ, ഏതു വാക്കുകൾ തെരഞ്ഞെടുക്കണമെന്നോ എനിക്കറിയില്ല. ബലഹീനപ്രകൃതി, നിസ്സാരപ്രകൃതി, എല്ലാറ്റിലും ചെറിയതെന്ന് പ്രഖ്യാപിക്കപ്പെട്ട പ്രകൃതി, എല്ലാറ്റിനെയും പരാജയപ്പെടുത്തുകയും എല്ലാറ്റിനെയും കീഴ്പ്പെടുത്തുകയും ചെയ്തു. അത് ഇന്ന് എല്ലാറ്റിനും ഉപരിസ്ഥമായിരിക്കാൻ അർഹതയുള്ളതായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു. മാലാഖമാർ ദീർഘകാലമായി കാംക്ഷിച്ചത് ഇന്നെനിക്കു ലഭിച്ചു. പ്രധാനമാലാഖമാർ അതീവ വികാരഭരിതരായി അഭിലഷിച്ചതിനെ നോക്കിക്കാണാൻ അവർക്കു കഴിഞ്ഞു. രാജകീയ സിംഹാസനത്തിൽ അമർത്യതയുടെ മഹത്വത്താൽ പ്രശോഭിതമായിരിക്കുന്ന നമ്മുടെ പ്രകൃതിയെ അവർ ധ്യാനിച്ചു.

**അന്ത്യോക്യൻ മെത്രാനായ വി. ഫ്ളാവിയൻ**

75. ലൂക്കാ സുവിശേഷത്തെപ്പറ്റിയുള്ള രേഖാശകലത്തിൽ നിന്ന്: കർത്താവ് ഭക്തിയുടെ അടയാളം നമ്മിൽ എല്ലാവരിലും കൊത്തിവയ്ക്കുന്നു. വിവിധ രീതികളിൽ രക്ഷയുടെ വഴികൾ നമ്മുടെ സ്വഭാവത്തിന് വെളിപ്പെടുത്തുന്നു. തന്റെ ശാരീരിക സന്ദർശനത്തിന്റെയും ശരീരത്തിലൂടെ പ്രവർത്തിക്കുന്ന ദൈവത്വത്തിന്റെയും സ്പഷ്ടമായ പല തെളിവുകളും അവൻ നമുക്ക് പ്രദാനം ചെയ്യുന്നു. കാരണം, നമുക്ക് തന്റെ ഇരുസ്വഭാവങ്ങളുടെയും തെളിവു നൽകാൻ അവൻ ആഗ്രഹിച്ചു.

76. ദൈവിക പ്രത്യക്ഷീകരണത്തെക്കുറിച്ച്: "കർത്താവിന്റെ ബലിഷ്ഠകർമങ്ങൾ സത്യമായി ആരു വിവരിക്കും? അവന്റെ സ്തുതികളെല്ലാം ആര് കേൾപ്പിക്കും?" (സങ്കീ.106,2). ദൈവത്തിന് നമ്മോടുള്ള നന്മയുടെ മഹനീയത ഒറ്റവാക്കിൽ ആരു വിവരിക്കും? മനുഷ്യത്വം ദൈവത്വവുമായി സംയോജിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഓരോ സ്വഭാവവും അതിൽ തന്നെ നിലനിൽക്കുന്നു.

www.malankaralibrary.com

**ജറുസലേമിലെ വി. സിറിൽ**

77. മതാധ്യാപനപ്രസംഗങ്ങൾ: കന്യകയിൽനിന്നുള്ള ജനനത്തെപ്പറ്റി (4,9): ദൈവത്തിന്റെ ഏകജാതനാം പുത്രൻ നമ്മുടെ പാപങ്ങളെപ്രതി നമ്മുടെ സഹനവിധേയമായ മനുഷ്യപ്രകൃതി എടുക്കുകയും പരിശുദ്ധാത്മാവിനാൽ വിശുദ്ധ കന്യകയിൽനിന്ന് ജനിച്ച്, സ്വർഗത്തിൽനിന്ന് താഴെ ഭൂമിയിലേക്ക് ഇറങ്ങി വരികയും ചെയ്തെന്നു നാം വിശ്വസിക്കണം. അവിടുത്തെ മനുഷ്യാവതാരം മായാജാലമോ, ജാലവിദ്യയോ, ആയിരുന്നില്ല. സത്യമായിട്ടായിരുന്നു. ഒരു കനാലിൽകൂടി എന്നവണ്ണം കന്യകയിലൂടെ കടന്നുവരികയല്ല അവിടുന്ന് ചെയ്തത്. പിന്നെയോ, സത്യമായും അവളിൽനിന്ന് ജഡമെടുത്തു. അവളുടെ പാൽ കുടിച്ചുവളർന്നു. കാരണം, മനുഷ്യാവതാരം ജാലവിദ്യ ആയിരുന്നെങ്കിൽ, രക്ഷയും ജാലവിദ്യയാണ്. ദൃശ്യൻ എന്ന നിലയിൽ മനുഷ്യൻ, അദൃശ്യൻ എന്ന നിലയിൽ ദൈവം എന്നിങ്ങനെ ക്രിസ്തു തന്റെ പ്രകൃതിയിൽ ദ്വൈതമാണ്. മനുഷ്യൻ എന്ന നിലയിൽ നമ്മെപ്പോലെ സത്യമായും അവിടുന്ന് ഭക്ഷിച്ചു. കാരണം, നമ്മെപ്പോലെ ജഡത്തിന്റെ വികാരങ്ങൾ അവിടുത്തേക്ക് ഉണ്ടായിരുന്നു. എന്നാൽ ദൈവമെന്ന നിലയിൽ അഞ്ചപ്പത്തിൽനിന്ന് അയ്യായിരങ്ങളെ തീറ്റിപ്പോറ്റി. മനുഷ്യൻ എന്ന നിലയിൽ സത്യമായും അവിടുന്ന് മരിച്ചു. മരിച്ച്, നാലു ദിവസമായവനെ ദൈവമെന്ന നിലയിൽ ഉയർപ്പിച്ചു. മനുഷ്യനെന്ന നിലയിൽ വള്ളത്തിൽ ഉറങ്ങി. ദൈവമെന്ന നിലയിൽ വെള്ളത്തിന്മീതേ നടന്നു.[30]

**പ്തൊളേമായിസിലെ മെത്രാനായ അന്ത്യോക്കുസ്**

78. തിരുജനനത്തെപ്പറ്റിയുള്ള പ്രസംഗത്തിൽനിന്ന്: സ്വഭാവങ്ങൾ കൂട്ടിക്കുഴയ്ക്കരുത്; ദൈവികപദ്ധതിയിലേക്കു വരുമ്പോൾ, നിനക്കിതു കാണാനാകും.

**മെത്രാനും വിശ്വാസസാക്ഷിയുമായ വി. ഹിലരി**

79. വിശ്വാസസംബന്ധമായ ഒൻപതാം പ്രതിപാദനത്തിൽ നിന്ന്:[31] യേശുക്രിസ്തുവിനെ സത്യദൈവവും സത്യമനുഷ്യനുമായി അറിയാത്തവൻ യഥാർഥത്തിൽ തന്റെ സ്വന്തം ജീവൻ മനസിലാക്കുന്നില്ല. യേശുക്രിസ്തു ആത്മാവും-ദൈവം-നമ്മുടെ ശരീരത്തിന്റെ മാംസവും ആണെന്നുള്ളത് നിഷേധിച്ചാൽ, ഒരേ അപകടമാണ് സംഭവിക്കുക. അതുകൊണ്ട്, “മനുഷ്യരുടെ മുമ്പാകെ എന്നെ ഏറ്റുപറയുന്നവനെ സ്വർഗസ്ഥനായ എന്റെ പിതാവിന്റെ മുമ്പാകെ ഞാനും ഏറ്റുപറയും. മനുഷ്യരുടെ മുമ്പാകെ എന്നെ തള്ളിപ്പറയുന്നവനെ സ്വർഗസ്ഥനായ എന്റെ പിതാവിന്റെ മുമ്പാകെ ഞാനും തള്ളിപ്പറയും” (മത്താ.10,32-33). മാംസമായിത്തീർന്ന വചനമാണിതു പറഞ്ഞത്. മനുഷ്യനും മഹത്വത്തിന്റെ കർത്താവുമായ യേശുക്രിസ്തുവാണിത് പഠിപ്പിച്ചത്. ദൈവത്തിനും മനുഷ്യർക്കും മധ്യേ മധ്യസ്ഥനായിരുന്ന അതേ രഹ

www.malankaralibrary.com

സ്യത്തിൽ അവൻ സഭയുടെ രക്ഷയ്ക്ക് മധ്യസ്ഥനായിരുന്നു. കാരണം, ഇതിനുവേണ്ടിത്തന്നെ ഐക്യപ്പെട്ട സ്വഭാവങ്ങളിലൂടെ രണ്ടും ഒന്നിച്ച് ഒന്നാകുന്നു. ഓരോ സ്വഭാവത്തിലൂടെയും അവൻ ഒരേ ഒരാൾ തന്നെ. എന്നാൽ ഒന്നിനും കുറവ് സംഭവിക്കാതെയാണത്. മനുഷ്യനായി പിറന്നതിനാൽ, ദൈവമായി തുടരുന്നതിന് ഭംഗം വരാതിരിക്കാനും ദൈവമായി തുടരുന്നതിനാൽ മനുഷ്യനായി തീരുന്നതിന് തടസ്സമുണ്ടാകാതിരിക്കുന്നതിനും ആയിരുന്നത്. ഇതാണ് മനുഷ്യരുടെ സത്യവിശ്വാസത്തിന്റെ അനുഗ്രഹം: ദൈവത്തെയും മനുഷ്യനെയും പ്രഘോഷിക്കുക; വചനത്തെയും മാംസത്തെയും ഏറ്റുപറയുക; ഈ ദൈവം മനുഷ്യൻ കൂടിയാണെന്ന് അറിയുക; ഈ മാംസം വചനം കൂടിയാണ് എന്നതിനെപ്പറ്റി അജ്ഞരല്ലാതിരിക്കുക.

80. അതേ കൃതിയിൽനിന്ന് (9,5–7): ഏകജാതനായ ദൈവപുത്രൻ കന്യകയിൽ നിന്ന് മനുഷ്യനായി ജനിച്ചു. കാലപൂർത്തിയിൽ ദൈവത്തിൻ പക്കലേക്കു പുരോഗമിക്കാൻ അവൻ, അവൻതന്നെ, മനുഷ്യന് ഇടയാക്കി. അതുകൊണ്ട്, ദൈവപുത്രനെന്ന നിലയിൽ തന്നിലുള്ള വിശ്വാസം പഠിപ്പിക്കാനും മനുഷ്യപുത്രനായി താൻ പ്രഖ്യാപിക്കപ്പെട്ട കാര്യം അനുസ്മരിപ്പിക്കാനുമായി സുവിശേഷവാക്കുകളിൽ ഉടനീളം അവൻ ഈ ക്രമീകരണം നിലനിർത്തി. അവൻ ഒരു മനുഷ്യനാണെങ്കിലും ദൈവത്തിന് ചേർന്നവിധമാണ് എല്ലാം പറഞ്ഞതും പ്രവർത്തിച്ചതും. മറുവശത്ത്, ദൈവമാണെങ്കിലും മനുഷ്യന് ചേർന്ന വിധമാണ് എല്ലാം പറഞ്ഞതും പ്രവർത്തിച്ചതും. താൻ ദൈവവും മനുഷ്യനുമാണെന്നു സൂചിപ്പിക്കാനല്ലാതെ, വ്യത്യസ്ത രീതിയിലുള്ള യാഥാർഥ്യങ്ങളെ കുറിക്കാൻ അവൻ ഒരിക്കലും ഒരേ രീതിയിൽ സംസാരിച്ചിട്ടില്ല. തദ്ഫലമായി, സാധാരണക്കാരും പാമരരുമായ മനുഷ്യരെ കബളിപ്പിക്കാൻ പാഷണ്ഡികൾ അവസരം കണ്ടെത്തി; അവൻ മാനുഷികമായി പറഞ്ഞതെല്ലാം ദൈവസ്വഭാവത്തിന്റെ ബലഹീനതയിൽ പറഞ്ഞതാണെന്ന് അവർ തെറ്റായി അവകാശപ്പെടുന്നു. ഒരേയൊരു വ്യക്തിതന്നെ എല്ലാം പറഞ്ഞതുകൊണ്ട്, എല്ലാം അവനെപ്പറ്റിത്തന്നെ പറഞ്ഞെന്ന് അവർക്ക് വാദിക്കാം. അവന്റെ വാക്കുകളെല്ലാം തന്റെ സ്വന്തം സ്വഭാവത്തിനു ചേർന്നതാണെന്നുള്ള കാര്യം നാമും നിഷേധിക്കുന്നില്ല. എന്നാൽ ഏകക്രിസ്തു ദൈവവും മനുഷ്യനുമാണ്. അവൻ മനുഷ്യനായിരുന്നപ്പോൾ, ആദ്യമായി ദൈവമായിരുന്നതല്ല. അവൻ മനുഷ്യനായിരുന്നപ്പോൾ, ദൈവം അല്ലാതായിരുന്നുമില്ല. മനുഷ്യൻ കർത്താവിൽ ആയിരുന്നശേഷം, വചനം മനുഷ്യനല്ലാതായിരുന്നില്ല, വചനം ദൈവം അല്ലാതായിരുന്നുമില്ല. ഇതൊക്കെ സത്യമാണെങ്കിൽ അവന്റെ ജനനരഹസ്യം പോലെ അവന്റെ വാക്കുകളുടെ രഹസ്യവും ഒന്നുതന്നെ ആയിരിക്കണം. അവസരത്തിനൊത്ത് അവനിലുള്ള മനുഷ്യനെ ദൈവത്തിൽ നിന്ന് വേർതിരിക്കുമ്പോഴൊക്കെ, ദൈവത്തിന്റെ വാക്കും മനുഷ്യന്റെ വാക്കും വേർതിരിക്കാം. അവൻ ദൈവവും മനുഷ്യനുമാണെന്ന് ഏറ്റുപറയുമ്പോൾ, ദൈവത്തിന്റെയും മനുഷ്യന്റെയും വാക്കുകൾ തദവസരം വേർതിരിക്കുക.

www.malankaralibrary.com

പരാമർശം ദൈവത്തിനും മനുഷ്യനുമാണെങ്കിൽ, അഥവാ, പൂർണമായി ദൈവത്തിനോ, പൂർണമായി മനുഷ്യനോ ആണെങ്കിൽ, സന്ദർഭം പരിഗണിക്കുക. ആ പ്രത്യേകാവസരത്തിലേക്ക് വെളിച്ചം വീശാനായി ഇത്തരത്തിലാണെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ, പറഞ്ഞത് ആ അവസരത്തിന് അനുരൂപമാക്കുക. എന്നാൽ അവൻ മനുഷ്യനാകുന്നതിനു മുമ്പ് ദൈവമായിരുന്നു; പിന്നീട് ദൈവവും മനുഷ്യനുമായിരുന്നു. അവൻ ദൈവവും മനുഷ്യനും ആയിരുന്നശേഷം പൂർണമായി ദൈവവും പൂർണമായി മനുഷ്യനുമായിരുന്നു. അതുകൊണ്ട്, വാക്കുകളും പ്രവൃത്തികളും നിമിത്തം, ദൈവികപദ്ധതിയുടെ രഹസ്യത്തെ കൂട്ടിക്കുഴയ്ക്കരുത്. എന്തുകൊണ്ടെന്നാൽ, ക്ലാസുകളുടെയും സ്വഭാവങ്ങളുടെയും സവിശേഷത സംരക്ഷിക്കുന്നതിൽ, മനുഷ്യൻ ഉരുവാകുന്നതിനു മുമ്പുള്ള രഹസ്യമനുസരിച്ചുള്ള കാര്യങ്ങൾക്ക് ഒരുതരത്തിലുള്ള ശൈലി ഉപയോഗിക്കണമായിരുന്നു; അവൻ മരിക്കാൻ പോകുമ്പോൾ മറ്റൊരു ശൈലിയും അവൻ നിത്യനായി കഴിഞ്ഞപ്പോൾ വേറൊരു ശൈലിയും ആവശ്യമായിരുന്നു. അവൻ ഇവയെല്ലാം വരച്ചുകാട്ടി. അതുകൊണ്ട്, നമ്മുടെ ശരീരത്തോടുകൂടെ ജനിച്ച യേശുക്രിസ്തു എന്ന നിലയിൽ, ദൈവമായിരിക്കെത്തന്നെ, നമ്മുടെ സ്വഭാവത്തിന് അനുസൃതമായി അവൻ സംസാരിച്ചു. ജനനത്തിലും പീഡാനുഭവത്തിലും മരണത്തിലും നമ്മുടെ സ്വഭാവത്തിന്റെ പ്രവൃത്തികൾ ചെയ്തെങ്കിലും, തന്റെ സ്വന്തം സ്വഭാവത്തിന്റെ ശക്തിയിലൂടെയാണ് ഇവയെല്ലാം പ്രവർത്തിച്ചത്.

81. അതേ കൃതിയിൽ നിന്ന് 9.11.14): മരണം മനുഷ്യനും ജഢത്തിന്റെ ഉത്ഥാനം ദൈവത്തിനും ആരോപിക്കത്തക്ക രീതിയിലാണ് ദൈവവും മനുഷ്യനുമായി അവനെ ഏറ്റുപറയുന്നതെന്ന് നീ കാണുന്നില്ലേ? കാരണം, ഉത്ഥാനത്തിന്റെ ശക്തിയിൽ ദൈവത്തിന്റെ സ്വഭാവം നിരീക്ഷിക്കുക. മരണത്തിൽ മനുഷ്യനെന്ന നിലയിൽ ദൈവികപദ്ധതി നീ തിരിച്ചറിയും. രണ്ടും രണ്ടിന്റെയും സ്വതസിദ്ധമായ സ്വഭാവത്തിൽ സംഭവിച്ചതിനാൽ, രണ്ടുമായ യേശുക്രിസ്തു ഏകനാണെന്ന് സദയം ഓർക്കുക. അതുകൊണ്ട് ഞാനിത് ചുരുക്കമായി വിവരിച്ചതിന്റെ കാരണം, നമ്മുടെ കർത്താവേശുക്രിസ്തുവിൽ ഇരു സ്വഭാവങ്ങളും കാണപ്പെടുന്നു എന്നതാണ്. കാരണം, “ദൈവത്തിന്റെ രൂപത്തിലായിരുന്നവൻ ദാസന്റെ രൂപമെടുത്തു” (ഫിലി.2,6-7).

**അതിപരിശുദ്ധനായ അഗസ്തീനോസ് മെത്രാൻ**

82. വൊളൂസിയാനുള്ള കത്തിൽനിന്ന്:[32] പാരമ്പര്യത്തെ സത്യം കൊണ്ട് ബലപ്പെടുത്തിയും സത്യത്തെ പാരമ്പര്യംകൊണ്ട് അരക്കിട്ടുറപ്പിച്ചും വ്യക്തിയുടെ ഐക്യത്തിൽ രണ്ടു സ്വഭാവങ്ങളെയും സംയോജിപ്പിക്കാനായി അവൻ ദൈവത്തിനും മനുഷ്യനും ഇടയ്ക്കുള്ള മധ്യസ്ഥനായി ഇപ്പോൾ കാണപ്പെട്ടു.

83. യോഹന്നാന്റെ സുവിശേഷത്തിന്റെ ഭാഷ്യത്തിൽ നിന്ന് (78,2): ക്രിസ്തു ദൈവവും മനുഷ്യനുമാകയാൽ, മനുഷ്യനെന്ന നിലയിൽ അവൻ

www.malankaralibrary.com

പ്രവർത്തിക്കുന്നെങ്കിൽ, അബദ്ധോപദേശകനേ, നീയെന്തിന് ദൈവത്തെ തെറ്റായി ചിത്രീകരിക്കുന്നു? അവൻ മനുഷ്യസ്വഭാവത്തെ ഉയർത്തുന്നു, നീ അവന്റെ ദൈവസ്വഭാവത്തെ തരംതാഴ്ത്താൻ ശ്രമിക്കുന്നു.

84. വിശ്വാസത്തെപ്പറ്റിയുള്ള പ്രതിപാദനത്തിൽ നിന്ന്:[33] എന്തുകൊണ്ടെന്നാൽ വിശ്വസിക്കുക എന്നതാണ് നിന്റെ ജോലി; അറിയുക എന്നത് അവന്റേതും. അതുകൊണ്ട്, മാനുഷികമായതെല്ലാം എടുത്ത വചനമാം ദൈവം, മനുഷ്യനായിരിക്കട്ടെ. ദൈവികമായതെല്ലാം സ്വീകരിക്കയും എടുക്കപ്പെടുകയും ചെയ്ത മനുഷ്യൻ മറ്റൊന്നുമാകാതെ ദൈവമായിരിക്കട്ടെ. എന്നാൽ അവൻ മാംസമാകുകയും മിശ്രിതമാകുകയും ചെയ്തു എന്നു പറയപ്പെട്ടിരിക്കുന്നതിൽ നിന്ന്, അവന്റെ സത്ത കുറഞ്ഞു പോയെന്ന് ആരും ചിന്തിക്കാതിരിക്കട്ടെ. വ്യക്തിപരമായ ജീർണത കൂടാതെ സ്വയം സംയോജിപ്പിക്കാൻ ദൈവത്തിന് അറിയാമായിരുന്നു. ദൈവം യഥാർഥത്തിൽ സംയോജിതനാണ്. കൂട്ടിച്ചേർക്കൽ വഴി വർദ്ധന ഉണ്ടാകാതെ തന്നിലേക്ക് ഒന്നിനെ എടുക്കാൻ ദൈവത്തിനറിയാം. തനിക്ക് കുറവൊന്നും വരാതെ തന്നെത്തന്നെ പൂർണമായി ഒഴിച്ചുകൊടുക്കാനും ദൈവത്തിനറിയാം. അതുകൊണ്ട്, നമ്മുടെ മനസിന്റെ ബലഹീനതകൊണ്ടും പരസ്പരം തുല്യതയുള്ള സൃഷ്ടികളുടെ ഒന്നിച്ചുചേരലിൽനിന്ന് ഐന്ദ്രികാനുഭവങ്ങളെപ്പറ്റി നാം ആശയം രൂപീകരിക്കുന്നതുകൊണ്ടും ദൈവവും മനുഷ്യനും തമ്മിൽ കൂടിക്കലർന്നെന്നു നാം ചിന്തിക്കരുത്. വചനവും മാംസവും തമ്മിലുള്ള കൂടിക്കലരൽ വഴി ഒരുതരം ശരീരമുണ്ടായെന്ന് വിശ്വാസം പഠിപ്പിക്കുന്നെന്നും നാം വിഭാവന ചെയ്യരുത്. വസ്തുക്കൾ കൂടിക്കലരുന്നതു പോലെ ഇരുസ്വഭാവങ്ങൾ ഒരു സുസ്ഥിത യാഥാർഥ്യമായി തീർന്നെന്ന് നാം ഒരുതരത്തിലും ചിന്തിക്കാതിരിക്കാനാണിത്. ഇത്തരം ഒരു മിശ്രിതം രണ്ടു ഘടകങ്ങളെയും നശിപ്പിക്കുന്നു. എന്നാൽ എല്ലാം ഉൾക്കൊള്ളുകയും ഒന്നിനാലും പരിമിതപ്പെടാതിരിക്കയും, തേടുന്നെങ്കിലും അന്വേഷണവിധേയൻ ആകാതിരിക്കുകയും, നിറയ്ക്കുന്നെങ്കിലും നിറയ്ക്കപ്പെടാതിരിക്കുകയും, എല്ലായിടത്തും പൂർണമായി സന്നിഹിതനായിരിക്കുകയും, കാരുണ്യം കാണിക്കുന്നവനായി തന്റെ ശക്തി ചൊരിഞ്ഞുകൊണ്ട് എല്ലാറ്റിനെയും നിറയ്ക്കുകയും ചെയ്യുന്ന ദൈവം മനുഷ്യനുമായി കൂടിക്കലർന്നു; മനുഷ്യസ്വഭാവം ദൈവസ്വഭാവവുമായി സത്യമായും കൂടിക്കലർന്നില്ല.

**ഗാബാലായിലെ സെവേരിയൻ**

85. ക്രിസ്തുവിന്റെ ജനനത്തെക്കുറിച്ച് (2): ഓ, സത്യമായും സ്വർഗീയവും ഭൗമികവും, കീഴടക്കപ്പെട്ടതും കീഴടക്കപ്പെടാത്തതും, ദൃശ്യവും അദൃശ്യവുമായ രഹസ്യം! കാരണം, ജനിച്ച ക്രിസ്തു അത്തരത്തിൽ ആയിരുന്നു. സ്വർഗീയനും ഭൗമികനും, കീഴടക്കപ്പെട്ടവനും കീഴടക്കപ്പെടാത്തവനും, ദൃശ്യനും അദൃശ്യനും. തന്റെ ദൈവസ്വഭാവമനുസരിച്ച് അവിടുന്ന് സ്വർഗീയൻ, തന്റെ മനുഷ്യസ്വഭാവമനുസരിച്ച് ഭൗമികൻ; ജഡപ്രകാരം ദൃശ്യൻ,

www.malankaralibrary.com

ആത്മീയപ്രകാരം അദൃശ്യൻ: ശാരീരികമായി കീഴടക്കപ്പെട്ടവൻ, വചനാനുസൃതം കീഴടക്കപ്പെടാത്തവൻ.

**കോൺസ്റ്റാന്റിനോപ്പിൾ മെത്രാനായ അറ്റിക്കുസ്**

86. എവുപ്സിക്കിയുസിനുള്ള കത്തിൽനിന്ന്: സർവജ്ഞനായവൻ അപ്പോൾ എന്തുചെയ്തു കാണും? മാംസമെടുത്തതിലൂടെയും മറിയത്തിൽ നിന്നു ജനിച്ച മനുഷ്യനുമായി വചനമാം ദൈവത്തിനുള്ള സംയോജനത്തിലൂടെയും അവൻ രണ്ടും ആയിത്തീരുന്നു. തദ്ഫലമായി, രണ്ടിന്റെയും സംയോജനഫലമായ ക്രിസ്തുവിന്, തന്റെ ദൈവത്വത്തിലൂടെ സൃഷ്ടിയെ നയിക്കുമ്പോൾ പോലും സഹനാതീതസ്വഭാവം നിമിത്തം തന്റെ സ്വന്തം മഹത്വത്തിൽ നിലനിൽക്കാൻ കഴിയും. അതേസമയം തന്റെ ജഡത്തിൽ മരണത്തെ അഭിമുഖീകരിക്കാനും കഴിയും. മരണത്തിലൂടെ ജഡസംബന്ധമായി മരണത്തോട് വെറുപ്പു കാണിക്കാനും അവനു കഴിയും. അങ്ങനെ, തന്റെ അന്ത്യത്തിലൂടെ പുതിയ നിയമത്തിന്റെ നീതി ഉറപ്പിക്കാൻ കഴിയും.

**അലക്സാണ്ഡ്രിയായിലെ മെത്രാനായ സിറിൽ**

87. നെസ്തോറിയസിനുള്ള കത്തിൽ നിന്ന് (ലേഖനം,4): യഥാർഥ ഐക്യത്തിൽ ഒന്നിച്ചു ചേർക്കപ്പെട്ട സ്വഭാവങ്ങൾ വ്യത്യസ്തങ്ങളാകയാൽ, രണ്ടിൽ നിന്നും ഏകദൈവവും ഏകപുത്രനുമാണ്. സ്വഭാവങ്ങൾ തമ്മിലുള്ള വ്യത്യാസം ഐക്യംവഴി ഇല്ലാതായില്ല.

88. പൗരസ്ത്യർക്കുള്ള കത്തിൽനിന്ന് (ലേഖനം,39): രണ്ടു സ്വഭാവങ്ങളുടെ ഐക്യം സംഭവിച്ചു. അതുകൊണ്ടാണ് നാം ഏകക്രിസ്തുവിനെ, ഏകപുത്രനെ, ഏകകർത്താവിനെ ഏറ്റുപറയുന്നത്. കൂട്ടിക്കുഴച്ചിൽ കൂടാതുള്ള ഐക്യത്തിന്റെ ഈ മനസിലാക്കൽ അനുസരിച്ച്, വിശുദ്ധകന്യക ദൈവമാതാവാണെന്ന് നാം ഏറ്റുപറയുന്നു. എന്തുകൊണ്ടെന്നാൽ വചനമാം ദൈവം മാംസമെടുത്ത് മനുഷ്യനായി; ഉത്ഭവത്തിന്റെ ആദ്യനിമിഷം മുതൽ അവളിൽ നിന്നെടുത്ത ആലയത്തെ അവൻ തന്നോട് സംയോജിപ്പിച്ചു.

89. അതേ കത്തിൽനിന്ന്: സ്വഭാവങ്ങൾ തമ്മിലുള്ള വ്യത്യാസത്തെപ്പറ്റിയുള്ള അവബോധം ഉണ്ടെങ്കിൽ പോലും, ഏക കർത്താവേശുക്രിസ്തുവേയുള്ളു. അവാച്യമായ ഐക്യം ഉണ്ടായെന്ന് അതേപ്പറ്റി നാം പറയുന്നു.

90. സുചെൻസൂസിനുള്ള കത്തിൽനിന്ന് (ലേഖനം,45): ഞാൻ പറഞ്ഞതുപോലെ, മനുഷ്യാവതാരം സംഭവിച്ച രീതിയെപ്പറ്റി ചിന്തിക്കുമ്പോൾ, ഒരിക്കലും തകർക്കപ്പെടാത്ത ഒരൈക്യത്തിലൂടെ മിശ്രിതമോ, വിഭജനമോ കൂടാതെ, സ്വഭാവങ്ങൾ പരസ്പരം ഒന്നുചേർന്നെന്നു നാം കാണുന്നു. ദൈവത്തിന്റെ മാംസമായി തീർന്നെങ്കിൽ തന്നെയും മാംസം മാംസമാണ്, ദൈവത്വമല്ല. അതുപോലെ, ദൈവികപദ്ധതിയിലൂടെ അവൻ മാംസത്തെ തന്റേതാക്കിയെങ്കിൽ തന്നെയും, വചനം ദൈവമാണ്, മാംസമല്ല.

www.malankaralibrary.com

91. എബ്രായലേഖന ഭാഷ്യത്തിൽ നിന്ന്: ഐക്യത്തിൽ എത്തിച്ചേർന്ന വയുടെ - മാംസവും ദൈവവും - സ്വഭാവങ്ങൾ തുല്യമല്ല, വ്യത്യസ്തമാണെന്നു കാണപ്പെട്ടാലും, രണ്ടിൽ നിന്നുമുള്ള പുത്രൻ ഏകനും ഏകൻ മാത്രവുമാണ്.

92. അതേ കൃതിയിൽ നിന്ന്: ഏകജാതനായ വചനമാം ദൈവം സുസ്ഥിതയാഥാർഥ്യമനുസരിച്ച് മാംസവുമായി ഐക്യപ്പെട്ടെന്നു പറയപ്പെടുന്നെങ്കിലും, സ്വഭാവങ്ങൾ പരസ്പരം കൂടിക്കലർന്നെന്നു നാം പറയുന്നില്ല. പിന്നെയോ, ഓരോന്നും അതായിരിക്കുന്ന അവസ്ഥയിൽ നിലനിന്നു.

93. സ്കോളിയായിൽ നിന്ന്:[34] കന്യകയിൽ നിന്നു ജനിച്ച പിതൃവചനം സ്വഭാവത്താലേ ദൈവമായിരുന്നെങ്കിലും, അവൻ നമ്മുടെ മാംസരക്തങ്ങളിൽ ഭാഗഭാക്കായതിനാൽ, മനുഷ്യനെന്നു വിളിക്കപ്പെട്ടു. കാരണം, ധരയിൽ മനുഷ്യരുടെ മുമ്പാകെ അവൻ ഇങ്ങനെയാണ് കാണപ്പെട്ടത്. തനിക്കുണ്ടായിരുന്നത് അവൻ ഉപേക്ഷിച്ചില്ല, പിന്നെയോ, പൂർണമായി നമ്മുടെ മനുഷ്യത്വം എടുത്തുകൊണ്ടും അതിന്റെ നിയമങ്ങൾ അനുസരിച്ചും അവൻ ഉരുവായി.

94. മനുഷ്യാവതാരത്തെപ്പറ്റിയുള്ള പ്രതിപാദനത്തിൽ നിന്ന്: അപ്പോൾ, മനുഷ്യാവതാരത്തിനു മുമ്പുപോലും അവൻ ഏകസത്യദൈവമാണ്. താൻ ആയിരുന്നതുപോലെ, മനുഷ്യത്വത്തിൽ നിലനിന്നു, നിലനിൽക്കുന്നു, എന്നും നിലനിൽക്കുകയും ചെയ്യും. അതുകൊണ്ട്, ഏക കർത്താവേശുക്രിസ്തുവിനെ നാം യഥാർഥത്തിൽ മനുഷ്യനായും യഥാർഥത്തിൽ ദൈവമായും വിഭജിക്കരുത്. പിന്നെയോ, അത് ഒരേയൊരു യേശുക്രിസ്തുവാണെന്നു നാം പറയുന്നു. എന്തുകൊണ്ടെന്നാൽ സ്വഭാവങ്ങൾ തമ്മിലുള്ള വ്യത്യാസം നമുക്കറിയാം, അവയെ നാം പരസ്പരം കൂട്ടിക്കുഴയ്ക്കുന്നില്ല.

95. അൽപം കഴിഞ്ഞ്: ഒന്ന് മറ്റൊന്നിൽ വസിക്കുന്നു എന്ന് വ്യക്തമായി മനസിലാക്കുക; അതായത്, ദൈവത്വം മനുഷ്യത്വത്തിൽ വസിക്കുന്നു. അത് മിശ്രിതത്തിനോ, കൂട്ടിക്കുഴയ്ക്കലിനോ വിധേയമായില്ല. കാരണം, ഒരു വസ്തുവിൽ വസിക്കുന്നത് ആ വസ്തുവായി മാറുന്നില്ല; എന്നാൽ മറ്റുചില കാര്യത്തിൽ ഒന്നായി കരുതപ്പെടുന്നു. വചനത്തിന്റെയും മാംസത്തിന്റെയും സ്വഭാവത്തിൽ അവൻ നമ്മെ വ്യത്യാസം മാത്രം കാണിക്കുന്നു. കാരണം, രണ്ടിൽനിന്നും ക്രിസ്തുവിനെ ഏകനായി നാം ദർശിക്കുന്നു. അതുകൊണ്ട്, അവൻ വളരെ കരുതലോടെ മിശ്രിതരാഹിത്യം കാത്തുസൂക്ഷിച്ചു. വചനം നമ്മുടെ ഇടയിൽ വസിച്ചു എന്നു പറയുന്നു. കാരണം, മാംസമായി മനുഷ്യനായി തീർന്നത് ഒരേയൊരു ഏകജാതനാം പുത്രനാണെന്ന് അവൻ അറിഞ്ഞിരുന്നു.

ഓർ. എന്റെ സ്നേഹിതാ, ലോകത്തിന്റെ മഹാപ്രകാശഗോളങ്ങളെ നീ ശ്രവിച്ചു. അവരുടെ പ്രകാശകിരണങ്ങൾ നീ ദർശിച്ചു. ജനനത്തിനുശേഷം

www.malankaralibrary.com

മാത്രമല്ല, പിന്നെയോ, രക്ഷാകരമായ പീഡാനുഭവത്തിനും ഉത്ഥാനത്തിനും സ്വർഗാരോഹണത്തിനും ശേഷവും ദൈവത്വവും മനുഷ്യത്വവും തമ്മിലുള്ള ഐക്യത്തിൽ മിശ്രിതം സംഭവിച്ചില്ലെന്ന് അവർ കാണിച്ചത് നീ കൃത്യമായി പഠിച്ചിരിക്കുന്നു.

എരാ. ഐക്യത്തിനു ശേഷം അവർ സ്വഭാവങ്ങളെ വേർതിരിച്ചെന്ന് ഞാൻ ചിന്തിച്ചില്ല. എന്നാൽ വളരെയധികം വിഭജനം ഞാൻ കാണുകയുണ്ടായി.

ഓർ. വിശ്വാസത്തിന്റെ കുലീനചാമ്പ്യന്മാരായ മനുഷ്യർക്കെതിരെ വായടിക്കുന്നത് വട്ടുപിടിച്ച ധിക്കാരമാണ്. എന്നാൽ അപ്പൊള്ളിനാരിസ് പറഞ്ഞതും ഞാൻ അവതരിപ്പിക്കാം. ഐക്യം മിശ്രിതമായിരുന്നില്ലെന്ന് അയാൾ പോലും പറയുന്നെന്ന് നിനക്ക് അങ്ങനെ അറിയാൻ കഴിയും. അയാൾ പറയുന്നത് ശ്രദ്ധിക്കുക.

**അപ്പൊള്ളിനാരിസ്**

96. *എപ്പിറ്റോം* എന്ന കൃതിയിൽനിന്ന്: ദൈവത്തിന്റെയും ശരീരത്തിന്റെയും സവിശേഷതകൾ സംയോജിക്കപ്പെട്ടിരിക്കുന്നു. ആരാധ്യനായ സ്രഷ്ടാവ് നിത്യവിജ്ഞാനവും ശക്തിയുമാണ്. ഇത് ദൈവത്വം നിമിത്തമാണ്. യുഗാന്ത്യത്തിൽ മറിയത്തിന്റെ മകൻ ജനിച്ചു, അവൻ ദൈവത്തെ ആരാധിക്കുന്നു, ജ്ഞാനത്തിൽ പുരോഗമിക്കുന്നു, ശക്തിയിൽ ഉറപ്പിക്കപ്പെടുന്നു, ഇത് ശരീരം നിമിത്തമാണ്. പാപവും ശാപവും നിമിത്തമുള്ള പീഡാസഹനം കടന്നുപോകുകയും, അത് സഹനാതീതാവസ്ഥയും അനുഗ്രഹവുമായി തീരുകയും ചെയ്തിരിക്കുന്നു. എന്നാൽ മാംസം കടന്നുപോയില്ല. അത് കടന്നുപോകില്ല. അശരീരമായ ഒന്നിലേക്ക് മാറ്റപ്പെടുകയുമില്ല.

97. അൽപം കഴിഞ്ഞ്: ബുദ്ധിരഹിത ശരീരാനുസൃതം മനുഷ്യർക്കും ബുദ്ധിരഹിത മൃഗങ്ങളുടെ സത്തയാണ്. ബുദ്ധിജീവികൾ എന്ന നിലയിൽ അവർക്ക് വ്യത്യസ്ത സത്തയാണ്. അതുപോലെ, ശാരീരികമായി മനുഷ്യരുടെ അതേ സത്തയുള്ള ദൈവത്തിന്, വചനവും ദൈവവും എന്ന നിലയിൽ വ്യത്യസ്ത സത്തയാണ്.

98. മറ്റൊരിടത്ത് അയാൾ ഇപ്രകാരം പറയുന്നു: മിശ്രിതമായവയുടെ സവിശേഷതകൾ ഒന്നിച്ചുചേരുന്നു, എന്നാൽ അവ ഇല്ലാതാകുന്നില്ല; വെള്ളത്തിൽ നിന്ന് വീഞ്ഞ് വ്യത്യസ്തമായിരിക്കുന്നതു പോലെ, അങ്ങനെ ഒരു തരത്തിൽ കൂടിക്കലർത്തപ്പെട്ടവയിൽ നിന്ന് അവ വ്ത്യസ്തമായിരിക്കുന്നു. ശരീരവുമായി കൂടിക്കലരലില്ല. ശരീരങ്ങൾ ശരീരങ്ങളുമായി ചേരുന്നതു പോലെയുമല്ലിത്. എന്നാൽ ഇതും ഒരുതരം കൂടിച്ചേരലാണ്. അങ്ങനെ ആവശ്യാനുസരണം, ഓരോ അവസരവും ദൈവത്വത്തിന്റെ ശക്തിക്ക് ഒന്നുകിൽ തനിയെ നിൽക്കാൻ കഴിയും, അല്ലെങ്കിൽ, കർത്താവിന്റെ ഉപവാസാവസരം

www.malankaralibrary.com

സംഭവിച്ചതുപോലെ, കൂടിച്ചേർന്നിരിക്കാനും കഴിയും. ദൈവത്വം കൂടിച്ചേർന്നിരുന്നതിനാൽ, വിശപ്പ് കീഴമർത്തപ്പെട്ടു. എന്നാൽ ആവശ്യത്തിനെതിരെ ദൈവത്വം ഉയർത്തപ്പെട്ടത് നിർത്തിയപ്പോൾ, പിശാചിനെ തകർക്കാൻ വിശപ്പ് കടന്നുവന്നു. ശരീരങ്ങൾ ഉൾപ്പെടുന്ന കൂടിക്കലരലിൽ മാറ്റം സംഭവിക്കുന്നില്ലെങ്കിൽ, ദൈവത്വം ഉൾപ്പെടുന്ന കൂടിക്കലരലിൽ എത്രയധികമായിരിക്കും!

99. മറ്റൊരിടത്ത് അയാൾ പറയുന്നു: ഇരുമ്പിനെ അഗ്നി വിഴുങ്ങുമ്പോൾ, അത് അഗ്നിയുടെ പ്രവൃത്തി ചെയ്യുന്നു. ഇരുമ്പ് അഗ്നിയുമായി കൂടിച്ചേരുമ്പോൾ, ഇരുമ്പിന്റെ സ്വഭാവത്തിന് മാറ്റം വരുന്നില്ല. അങ്ങനെ സംഭവിക്കുന്നില്ലെങ്കിൽ, ശരീരത്തെ സ്പർശിക്കാൻ കഴിയുന്നവർക്ക് ശരീരം ദിവ്യശക്തികൾ കാട്ടുന്നെങ്കിലും, ശരീരവുമായി ഐക്യപ്പെടുന്ന ദൈവത്വം ശരീരത്തിന് മാറ്റം വരുത്തുന്നില്ല.

100. തുടർന്ന് അവൻ കൂട്ടിച്ചേർക്കുന്നു: മനുഷ്യർക്ക് ആത്മാവും ശരീരവുമുണ്ട്. ഓ! ഐക്യത്തിൽ പോലും അവ വ്യത്യസ്തമാണ്. അങ്ങനെയെങ്കിൽ, ദൈവത്വവും ശരീരവുമുള്ള ക്രിസ്തുവിൽ അവ എത്രയധികമായി സമ്മിശ്രപ്പെടാതെ സ്ഥിതിചെയ്യും!

100. വീണ്ടും, അതിനുശേഷം: മനുഷ്യസ്വഭാവത്തിന്റെ കഴിവനുസരിച്ച്, അത് ദൈവികശക്തിയിൽ ഭാഗഭാക്കാകുന്നു. ഏറ്റവും വലിയതിൽ നിന്ന് ഏറ്റവും ചെറിയത് വ്യത്യസ്തമായിരിക്കുന്നതു പോലെ, അത് വ്യത്യസ്തമാണ്. ദൈവത്തിന്റെ മനുഷ്യൻ ദാസനാണ്. എന്നാൽ ദൈവം മനുഷ്യന്റെയോ, തന്റെ തന്നെയോ ദാസനല്ല. മനുഷ്യൻ ദൈവത്തിന്റെ ഒരു സൃഷ്ടിയാണ്. എന്നാൽ ദൈവം മനുഷ്യന്റെയോ, തന്റെ തന്നെയോ സൃഷ്ടിയല്ല.

102. അതിനുശഷം: "പിതാവ് ചെയ്തുകാണുന്നത് പുത്രനും അതുപോലെ ചെയ്യുന്നു" (യോഹ.5,19). ഈ ടെക്സ്റ്റ് ജഡസംബന്ധമായിട്ടല്ല, ദൈവത്വസംബന്ധമായി ക്രിസ്തുവിനെ കുറിച്ച് പരാമർശിക്കുന്നെന്ന് ആരെങ്കിലും കരുതുന്നെങ്കിൽ, അതനുസരിച്ച് മാംസമാകാത്ത പിതാവിൽ നിന്ന്, മാംസമായവൻ വ്യത്യസ്തനാണെന്നു വരും. അയാൾ രണ്ട് ദൈവികശക്തികളെ വേർതിരിക്കുകയായിരിക്കും ചെയ്യുക. എന്നാൽ അത്തരം വേർതിരിവൊന്നുമില്ല. ഇത് ദൈവത്വത്തെപ്പറ്റി പറഞ്ഞതുമല്ല.

103. പിന്നീട് അയാൾ ഇതും കൂട്ടിച്ചേർത്തു: മനുഷ്യന്റെ ബൗദ്ധികാംശം ബുദ്ധരഹിതാംശവുമായി ചേർന്നിരിക്കുന്നെങ്കിലും, മനുഷ്യൻ ബുദ്ധിരഹിതനല്ല. അതുപോലെ, സൃഷ്ടിക്കപ്പെടാത്ത ദൈവവുമായി, സൃഷ്ടിക്കപ്പെട്ട ശരീരം ചേർന്നിരിക്കുന്നെങ്കിലും, രക്ഷിതാവ് സൃഷ്ടിയല്ല.

104. അതോടുകൂടെ അയാൾ ഇതും കൂട്ടിച്ചർത്തിരിക്കുന്നു: അദൃശ്യമായത് ദൃശ്യശരീരവുമായി സംയോജിക്കപ്പെട്ടിരിക്കുന്നു. അതിലൂടെ കാണപ്പെടുകയും ചെയ്യുന്നു. അപ്പോഴും അദൃശ്യമായത് അദൃശ്യമായിത്തന്നെ നില

www.malankaralibrary.com

നിൽക്കുന്നു. ശരീരം അതിനെ പരിമിതപ്പെടുത്താത്തതിനാൽ, അത് സംയുക്തവുമല്ല. ശരീരം അതിന്റെ പരിധിക്കുള്ളിൽ നിൽക്കുന്നു. ശരീരത്തിന് ദൈവം ജീവൻ കൊടുക്കുന്നതിനാൽ, അത് ദൈവവുമായുള്ള ഐക്യം സ്വീകരിക്കുന്നു. ജീവൻ സ്വീകരിക്കുന്നത് ജീവൻ നൽകുന്നുമില്ല.

105. ഉടനെ തന്നെ അവൻ ഇതും പറഞ്ഞു: സ്വാഭാവികൈക്യം അനുസരിച്ച് ആരംഭം മുതലേ ആത്മാവും ശരീരവും തമ്മിലുള്ള മിശ്രിതം സംഭവിക്കുന്നു. എങ്കിലും ശരീരത്തിലൂടെ ആത്മാവിനെ കാണാനോ, ആത്മാവിനെ ശരീരത്തിന്റെ മറ്റ് സവിശേഷതകളിലേക്ക് രൂപാന്തരപ്പെടുത്താനോ അതിടയാക്കുന്നില്ല. അങ്ങനെ അതിനെ മുറിക്കാനോ, ചെറുതാക്കാനോ സാധ്യമല്ല. അതു വാസ്തവമാണെങ്കിൽ, സ്വഭാവത്താലേ സ്വാഭാവികമായി ശരീരവുമായി ഒന്നായി തീരാത്ത, ദൈവവുമായുള്ള ശരീരത്തിന്റെ ഐക്യം എത്രയധികം വ്യതിയാനാതീതമായിരിക്കും? ആത്മാവ് നൽകപ്പെടുമ്പോഴും മാനുഷികശരീരം അതിന്റെ സ്വന്തം പ്രകൃതത്തിൽ നിലനിൽക്കുന്നെങ്കിൽ, ക്രിസ്തുവിന്റെ കാര്യത്തിൽ, ശരീരം അല്ലാതായി തീരത്തക്കവിധം മിശ്രിതം ശരീരത്തെ രൂപാന്തരപ്പെടുത്തുന്നില്ല.

106. കുറേക്കഴിഞ്ഞ് അവൻ കൂട്ടിച്ചേർക്കുന്നു: ആത്മാവും ശരീരവും തിരുലിഖിതാനുസൃതം ഒന്നാണെന്ന് ഏറ്റുപറയുകയും അതേസമയം വചനവും മാംസവും തമ്മിലുള്ള ഐക്യം മാറ്റമാണെന്നു പറയുകയും ആത്മാവിന്റെ കാര്യത്തിൽ ഈ മാറ്റം ദർശിക്കാതിരിക്കുകയും ചെയ്യുന്നവൻ തന്നെത്തന്നെ ഖണ്ഡിക്കുന്നു.

107. അവൻ വ്യക്തമായി വീണ്ടും വിളിച്ചുപറയുന്നത് ശ്രവിക്കുക: കർതൃശരീരം സ്ഥിതിചെയ്തുകൊണ്ടിരിക്കുന്നു എന്നത് നിഷേധിക്കുന്ന ആ ആളുകൾ ദുഷ്ടരാണെങ്കിൽ, അവൻ ശരീരത്തിൽ വന്നെന്ന് ഏറ്റുപറയാത്തവർ എത്രയധികം ദുഷ്ടരായിരിക്കും?

108. മനുഷ്യാവതാരത്തെപ്പറ്റിയുള്ള ലഘുഗ്രന്ഥത്തിൽ അവൻ വീണ്ടും ഇപ്രകാരം എഴുതുന്നു: ഒരു മനുഷ്യനോടെന്നവണ്ണം, "എന്റെ വലത്തുഭാഗത്തിരിക്കുക'' എന്ന വാക്കുകൾ അവൻ പറയുന്നു (സങ്കീ110,1). ധരയിൽ നിന്നുള്ള ആരോഹണാനന്തരം എന്നേക്കും മഹത്വസിംഹാസനത്തിൽ ഇരിക്കുന്ന വചനമാം ദൈവത്തോടല്ല പറഞ്ഞത്. പിന്നെയോ, മനുഷ്യനെന്ന നിലയിൽ സ്വർഗീയ മഹത്വത്തിലേക്ക് ഇപ്പോൾ ഉയർത്തപ്പെട്ടവനോടാണ് അത് പറഞ്ഞത്. ശ്ലീഹാ പറയുന്നു: "ദാവീദ് സ്വർഗത്തിലേക്ക് കരേറിയില്ല. എന്നാൽ അവൻ പറയുന്നു: എന്റെ വലത്തുഭാഗത്ത് ഇരിക്കുക എന്ന് കർത്താവ് എന്റെ കർത്താവിനോട് അരുളിച്ചെയ്തു'' (നട.2,34). ഇരിക്കുന്നതിനുള്ള കൽപന മനുഷ്യനാണ് ലഭിച്ചത്. ദൈവത്തോടൊപ്പം ഇരിക്കുക എന്ന ഔന്നത്യം ദൈവികമാണ്. ദൈവത്തെ എണ്ണമറ്റ ആയിര

www.malankaralibrary.com

ങ്ങൾ ശുശ്രൂഷിക്കുകയും അവന്റെ മുമ്പിൽ അനന്തമറ്റ ഗണങ്ങൾ നിൽക്കുകയും ചെയ്യുന്നു.

109. ഉടൻ തന്നെ: അവൻ തന്റെ ശത്രുക്കളെ ദൈവമെന്ന നിലയിലല്ല, മനുഷ്യനെന്ന നിലയിൽ കീഴ്പ്പെടുത്തുന്നു. ഒരേ ആൾതന്നെ ദൃശ്യനായ ദൈവവും മനുഷ്യനും ആയിരിക്കാനാണിത്. "നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം" (സങ്കീ.110,1) എന്ന ടെക്സ്റ്റ് ഒരു മനുഷ്യനോടെന്നവണ്ണമാണ് പറഞ്ഞിരിക്കുന്നതെന്ന് പൗലോസ് പഠിപ്പിക്കുന്നു. ദൈവത്വത്തിന് അനുസൃതമായി, അവന്റെ വിജയം വ്യക്തമായി അവന്റേതു തന്നെയാണെന്നാണ് പറയുന്നത്. തന്റെ ശക്തിക്കനുസൃതമായി, തന്റെ ശക്തിയാൽ എല്ലാറ്റിനെയും തനിക്ക് കീഴ്പ്പെടുത്താനും അവന് കഴിയുമെന്നും പറയുന്നു (ഫിലി.3,21). ദൈവത്വവും മനുഷ്യത്വവും അഭേദ്യമായി ഏകയാളിൽ സ്ഥിതിചെയ്യുന്നത് കാണുക.

110. അൽപം കഴിഞ്ഞ്: "ലോകസ്ഥാപനത്തിനു മുമ്പ് എനിക്ക് നിന്നോടുകൂടെ ഉണ്ടായിരുന്ന മഹത്വത്താൽ, പിതാവേ, എന്നെ മഹത്വപ്പെടുത്തണമേ" (യോഹ.17,5). ഒരു മനുഷ്യനെന്ന നിലയിലാണ് മഹത്വീകരണത്തെപ്പറ്റി അവൻ സംസാരിക്കുന്നത്. ദൈവമെന്ന നിലയിൽ നിത്യത മുതലേ തനിക്ക് മഹത്വമുണ്ടെന്ന് അവൻ വെളിപ്പെടുത്തുന്നു.

111. തുടർന്ന്: മാനുഷികരൂപത്തിൽ ദൈവപുത്രനെ ആരാധിക്കുന്നത് തരംതാഴ്ത്തലാണെന്ന് ചിന്തിച്ച് ലജ്ജിക്കേണ്ട. മറിച്ച്, ദരിദ്രവസ്ത്രത്തിൽ കാണപ്പെടുന്നെങ്കിലും, രാജകീയരൂപത്തിൽ രാജകീയ മഹത്വത്തിൽ അവനെ നാം മഹത്വപ്പെടുത്തുമ്പോൾ, ലോകരക്ഷകനും നിത്യജീവന്റെ വിത്തും ദൈവികശക്തികളുടെ ഉപകരണവും എല്ലാ ദുഷ്ടതകളുടെയും ഹന്താവും മരണത്തെ നീക്കുന്നവനും ഉത്ഥാനത്തിന്റെ ആദ്യകാരണവുമായ ദൈവശരീരത്തിന് ചേരുന്നവിധം, പ്രത്യേകിച്ച്, വസ്ത്രം തന്നെയും മഹത്വീകരിക്കപ്പെട്ടെന്നു കാണുമ്പോൾ, നാം വിനയാന്വിതരാകണം. കാരണം, അതിന് ദൈവത്തിൽ നിന്ന് ജീവനും സ്വർഗത്തിൽ നിന്ന് ദൈവികശ്രേഷ്ഠതയും ലഭിച്ചു.

112. തുടർന്ന്: അതുകൊണ്ട്, വചനത്തെ ആരാധിക്കുന്നതു പോലെ, നാം ശരീരത്തെ ആരാധിക്കുന്നു. ആത്മാവിൽ നിന്ന് എന്നപോലെ നാം ശരീരത്തിൽ നിന്ന് സ്വീകരിക്കുന്നു.

ഓർ. സ്വഭാവങ്ങളുടെ കൂടിക്കലരൽ ആദ്യമായി അവതരിപ്പിച്ച ആൾപോലും പരസ്യമായി വ്യത്യാസത്തെപ്പറ്റി സംസാരിക്കുന്ന കാര്യം ദയവായി നിരീക്ഷിച്ചാലും. അവൻ ശരീരത്തെ വസ്ത്രമെന്നും സൃഷ്ടിയെന്നും ഉപകരണമെന്നും വിളിച്ചു; അതിനെ ദാസൻ എന്നുപോലും വിളിച്ചു. നമ്മിലാരും തന്നെ അങ്ങനെ പറയാൻ ഒരിക്കലും ധൈര്യപ്പെട്ടിട്ടില്ല.

www.malankaralibrary.com

വലത്തുഭാഗത്ത് ഇരിക്കാൻ ശരീരം യോഗ്യമാണെന്ന് വിധിക്കപ്പെട്ടെന്നും അവൻ പറഞ്ഞു. നിന്റെ ശുഷ്ക്കമായ പാഷണ്ഡത തള്ളിക്കളഞ്ഞ മറ്റ് പല ആശയങ്ങളും അയാൾ പറഞ്ഞിട്ടുണ്ട്.

എരാ. മിശ്രിതം ആദ്യമായി അവതരിപ്പിച്ചത് അയാളായിരിക്കെ, എന്തു കൊണ്ടാണ് മിശ്രിതത്തെപ്പറ്റി ഇത്രയധികം സംസാരിച്ചത്?

ഓർ. സത്യത്തിനെതിരെ ശക്തമായി പോരാട്ടം നടത്തുന്നവരെപ്പോലും സത്യം അംഗീകരിക്കാൻ സത്യത്തിന്റെ ശക്തി നിർബന്ധിക്കുന്നു. എന്നാൽ നിനക്ക് ഇഷ്ടമാണെങ്കിൽ, കർത്താവിന്റെ സഹനാതീതത്വത്തെ പറ്റിയും നമുക്കൊരു ചർച്ച നടത്താം.

എരാ. ടെൻഷൻ കുറയ്ക്കാൻ സംഗീതജ്ഞർ ചിലപ്പോഴൊക്കെ തങ്ങളുടെ ഉപകരണങ്ങളുടെ കട്ടകളും ചരടുകളും അയച്ചിടാറുണ്ടെന്ന് നിനക്കറിയാമല്ലോ. ആത്മാവോ ബുദ്ധിയോ ഇല്ലാത്ത പദാർഥങ്ങൾക്ക് വിശ്രമം ആവശ്യമാണെങ്കിൽ, ആത്മാവും ബുദ്ധിയുമുള്ള നാം നമ്മുടെ ശക്തിക്കനുസരിച്ച് കർമങ്ങൾ നിയന്ത്രിക്കുന്നതിൽ തെറ്റൊന്നുമില്ല. അതുകൊണ്ട് ഇന്ന് നിർത്തിവച്ച് നാളെ തുടരാം.

ഓർ. ദൈവത്തോട് രാപകൽ പ്രാർഥിക്കുന്നതിന് വിശുദ്ധ ദാവീദ് ശുപാർശ ചെയ്യുന്നു. എന്നാൽ നീ പറഞ്ഞതുപോലെ ചെയ്യാം. അവശേഷിക്കുന്നവ നാളെ നമുക്കു കൈകാര്യം ചെയ്യാം.

O

www.malankaralibrary.com

## ഡയലോഗ് – 3

# സഹനാതീതം

ഓർത്തഡോക്സ്: വചനമാം ദൈവം വ്യതിയാനാതീതൻ ആണെന്നും മനുഷ്യനായി തീർന്നെന്നും നമ്മുടെ മുൻചർച്ചകളിലും പരിചിന്തനങ്ങളിലും നാം കാണിക്കുകയുണ്ടായി. അത് അവിടുന്ന് മാംസമായി മാറിക്കൊണ്ടല്ല, പിന്നെയോ, ഒരു പരിപൂർണ മനുഷ്യപ്രകൃതി എടുത്തുകൊണ്ടാണ്. എന്നാൽ ഐക്യത്തിനു ശേഷവും, കൂട്ടിക്കുഴച്ചിൽ കൂടാതെയും സഹനാതീതനായും വ്യതിയാനാതീതനായും അപരിമേയനായും, താനായിരുന്ന അവസ്ഥയിൽ ദിവ്യവചനം നിലനിൽക്കുകയും താൻ സ്വീകരിച്ച സ്വഭാവത്തെ അവികലമായി സംരക്ഷിക്കുകയും ചെയ്തെന്ന് സഭാപ്രബോധകരും പ്രപഞ്ചദീപങ്ങളും ആയിരുന്നവരും തിരുലിഖിതവും വ്യക്തമായി പഠിപ്പിച്ചിരിക്കുന്നു. എന്നാൽ സഹനമെന്ന വിഷയം നമ്മുടെ മുമ്പിൽ ഇപ്പോഴും അവശേഷിക്കുന്നു. അത് പ്രയോജനപ്രദമായ ചർച്ചയായിരിക്കും. കാരണം, രക്ഷാജലം അവൻ നമ്മുടെമേൽ വർഷിച്ചിരിക്കുന്നു.

എരാനിസ്തെസ്: ഇത് ഫലപ്രദമായ വിഷയമായി എനിക്കും തോന്നി. എങ്കിലും നേരത്തേയുള്ള രീതി ഞാൻ സ്വീകരിക്കുന്നില്ല. അതിനുപകരം ഞാൻ ചോദ്യങ്ങൾ ചോദിക്കാം.

ഓർ. ചർച്ചാരീതി മാറ്റി, ഭയലേശ്യമെന്യേ ഞാൻ ഉത്തരം പറയാം. കാരണം, ചോദ്യം ചോദിക്കുമ്പോൾ മാത്രമല്ല, ചോദ്യം ചെയ്യപ്പെടുമ്പോഴും, സത്യത്തിന്റെ വക്താവിന് സത്യത്തിന്റെ ശക്തിയുണ്ട്. അതുകൊണ്ട്, ഇഷ്ടമുള്ളതൊക്കെ ചോദിച്ചുകൊള്ളുക.

എരാ. സഹനവിധേയനായത് ആരാണെന്നാണ് നീ പറയുന്നത്?

ഓർ. നമ്മുടെ കർത്താവേശുക്രിസ്തു.

എരാ. അപ്പോൾ, ഒരു മനുഷ്യൻ നമുക്ക് രക്ഷ നേടിത്തന്നു?

www.malankaralibrary.com

ഓർ. നമ്മുടെ കർത്താവേശുക്രിസ്തു മനുഷ്യൻ മാത്രമാണെന്ന് നാം ഏറ്റുപറഞ്ഞിരുന്നോ?

എരാ. കൊള്ളാം. അപ്പോൾ, ക്രിസ്തു എന്താണെന്നാണ് നീ വിശ്വസിക്കുന്നതെന്ന് വിശദീകരിച്ചാലും.

ഓർ. സജീവദൈവത്തിന്റെ അവതരിച്ച പുത്രൻ.

എരാ. ദൈവപുത്രൻ ദൈവമാണോ?

ഓർ. അവൻ ദൈവമാണ്. അവനെ ജനിപ്പിച്ച പിതാവിന്റെ അതേ സത്ത അവനുണ്ട്.

എരാ. അപ്പോൾ ദൈവം സഹനവിധേയനായി.

ഓർ. ശരീരം കൂടാതെയാണ് അവൻ കുരിശിൽ തറയ്ക്കപ്പെട്ടതെങ്കിൽ, പീഡാസഹനം ദൈവത്വത്തിന് ആരോപിച്ചുകൊള്ളൂ. എന്നാൽ അവൻ മാംസമെടുത്ത് മനുഷ്യനായി തീർന്നെങ്കിൽ, സഹനവിധേയമായതിനെ സഹനാതീതമാക്കുന്നതും സഹനാതീതമായതിനെ സഹനവിധേയമാക്കുന്നതും എന്തിനാണ്?

എരാ. സഹനാതീതമായത് സഹനവിധേയമായതിലൂടെ സഹിക്കാനാണ് അവൻ മാംസമെടുത്തത്.

ഓർ. നീ അവനെ സഹനാതീതനെന്നു വിളിക്കയും അവനിൽ പീഡാസഹനം ആരോപിക്കയും ചെയ്യുന്നു.

എരാ. സഹിക്കാൻ വേണ്ടി അവൻ ജഡമെടുത്തെന്നാണ് ഞാൻ പറഞ്ഞത്.

ഓർ. സഹനവിധേയമായ പ്രകൃതി അവനുണ്ടായിരിക്കെ, ജഡം കൂടാതെ അവൻ സഹിച്ചെങ്കിൽ, ജഡം അധികപ്പറ്റാണ്.

എരാ. ദൈവസ്വഭാവം അമർത്യവും ജഡത്തിന്റേത് മർത്യവുമാണ്. അതുകൊണ്ട്, മർത്യസ്വഭാവത്തിലൂടെ മരണം ആസ്വദിക്കാനാണ് അമർത്യസ്വഭാവം മർത്യസ്വഭാവവുമായി സംയോജിതമായത്.

ഓർ. മർത്യസ്വഭാവവുമായി ഐക്യപ്പെടുമ്പോൾ പോലും, സ്വഭാവത്താലേ അമർത്യമായത് മരിക്കുന്നില്ല; ഇത് തറപ്പിച്ചു പറയാനാകും.

എരാ. ഇത് തെളിയിച്ച് തർക്കം തീർക്കുക.

ഓർ. മനുഷ്യാത്മാവ് മർത്യമാണെന്നാണോ, അമർത്യമാണെന്നാണോ നീ പറയുന്നത്?

എരാ. അമർത്യം.

www.malankaralibrary.com

ഓർ. ശരീരം മർത്യമാണോ, അമർത്യമാണോ?

എരാ. തീർച്ചയായും മർത്യമാണ്.

ഓർ. മനുഷ്യൻ ഈ രണ്ടു സ്വഭാവങ്ങൾ കൂടിച്ചേർന്നതാണെന്ന് നാം പറയുന്നുണ്ടോ?

എരാ. അതേ.

ഓർ. അതുകൊണ്ട്, അമർത്യമായത് മർത്യമായതുമായി ഐക്യപ്പെട്ടിരിക്കുന്നു.

എരാ. ശരിയാണ്.

ഓർ. ഒന്നിച്ചുചേരൽ അഥവാ ഐക്യം അഴിഞ്ഞുപോകുമ്പോൾ, മർത്യമായത് മരണത്തിലൂടെ അവസാനിക്കുന്നു, പാപം മരണം അവതരിപ്പിച്ചെങ്കിലും, ആത്മാവ് അമർത്യമായി നിലകൊള്ളുന്നു. അഥവാ, മരണം ശിക്ഷയായി നിനക്കു തോന്നുന്നില്ലേ?

എരാ. തിരുലിഖിതം ഇത് പഠിപ്പിക്കുന്നുണ്ട്. കാരണം, അറിവിന്റെ വൃക്ഷത്തിൽ നിന്ന് ഭക്ഷിക്കരുതെന്ന് ആദത്തോട് കൽപിച്ചശേഷം, "ഇതിൽ നിന്നു ഭക്ഷിക്കുന്ന ദിവസം നീ നിശ്ചയമായും മരിക്കും" എന്ന് ദൈവം കൂട്ടിച്ചേർത്തെന്ന് തിരുലിഖിതത്തിൽ നിന്ന് നാം ഗ്രഹിക്കുന്നു (ഉൽപ.2,17).

ഓർ. അപ്പോൾ, പാപം ചെയ്തവർക്കുള്ള ശിക്ഷയാണ് മരണം.

എരാ. ഞാൻ യോജിക്കുന്നു.

ഓർ. ആത്മാവും ശരീരവും ഒന്നിച്ച് പാപം ചെയ്തിട്ടും, ശരീരം മാത്രം മരണശിക്ഷ അനുഭവിക്കുന്നത് എന്തുകൊണ്ടാണ്?

എരാ. കാരണം, ശരീരം ദുഷ്ടതയോടെ മരത്തിലേക്കു നോക്കി, കൈകൾ നീട്ടി വിലക്കപ്പെട്ട കനി പറിച്ചു. വായ് അകത്താക്കുകയും പല്ലുകൾ കൊണ്ട് അത് ചവയ്ക്കുകയും വായിലെ രസങ്ങൾകൊണ്ട് അതിനെ അരയ്ക്കുകയും ചെയ്തു. അടുത്തതായി അന്നനാളം അത് സ്വീകരിച്ച് വയറ്റിലേക്ക് കടത്തിവിട്ടു. അത് ദഹിപ്പിച്ച് കരളിനു കൈമാറി. കരൾ അത് രക്തമാക്കി പകർത്തി മഹാസിരയിലേക്കയച്ചു. അത് അടുത്തുള്ള രക്തവാഹിനികളും കടന്ന് രക്തധമനികളിലൂടെ ശരീരത്തിൽ ഉടനീളമെത്തി. ഇങ്ങനെ, വിലക്കപ്പെട്ട ഭക്ഷണത്തിന്റെ പോഷണം ശരീരം മുഴുവൻ വ്യാപിച്ചു. അതുകൊണ്ട്, പാപത്തിനുള്ള ശിക്ഷ ശരീരം മാത്രം അനുഭവിക്കുന്നത് ന്യായയുക്തമാണ്.

ഓർ. പചനപ്രക്രിയ എങ്ങനെയാണെന്ന് ശരീരശാസ്ത്രപ്രകാരം നീ വിശദമായി വിവരിച്ചു. ഭക്ഷണം ശരീരത്തിന്റെ ഭാഗമായി തീരുന്നതിനുമുമ്പ് ഏതെല്ലാം ശരീരഭാഗങ്ങളിലൂടെ കടന്നുപോകുന്നെന്നും എന്തെല്ലാം മാറ്റങ്ങൾക്കു വിധേയമാകുന്നെന്നും നീ കാണിക്കയുണ്ടായി. എന്നാൽ നീപറഞ്ഞ

www.malankaralibrary.com

കർമങ്ങളൊന്നും തന്നെ ആത്മാവിനെ കൂടാതെ ശരീരം ചെയ്യുന്നില്ല എന്ന കാര്യം മനസിലാക്കാൻ ഇപ്പോഴും നിനക്കു മനസില്ല. കാരണം, ശരീരത്തോട് സംയോജിക്കപ്പെട്ട ആത്മാവ് അതിനെ വിട്ടുപോകുമ്പോൾ, അതിന് ശ്വസിക്കാനാവില്ല, സംസാരിക്കാനാവില്ല, ചലിക്കാനാവില്ല. നയനം നന്നായിട്ടോ, ചീത്തയായിട്ടോ കാണുന്നില്ല, കാതുകൾ സ്വരം ശ്രവിക്കുന്നില്ല, കൈകൾ ചലിക്കുന്നില്ല, പാദങ്ങൾ നടക്കുന്നില്ല. പാട്ടുകാരനെ കൂടാതെയുള്ള സംഗീതോപകരണം പോലെയാണത്. ആത്മാവിനെ കൂടാതെ ഒറ്റ ശ്വാസമെടുക്കാൻ പോലും കഴിയാത്ത ശരീരം മാത്രം പാപം ചെയ്തെന്ന് നിനക്കെങ്ങനെ പറയാനാകും?

എരാ. ശരീരം ആത്മാവിലൂടെ ജീവനിൽ പങ്കുപറ്റുന്നു; എന്നാൽ അത് ആത്മാവിനും പാപം സമ്പാദിക്കുന്നു; അത് അതിനെ ശിക്ഷാർഹമാക്കുന്നു.

ഓർ. എങ്ങനെ? ഏതു രീതിയിൽ?

എരാ. നയനങ്ങളിലൂടെ ദുഷ്ടരീതിയിൽ നോക്കാനും കാതുകളിലൂടെ ഉപദ്രവകരമായവ ശ്രവിക്കാനും നാവിലൂടെ നാശകരമായവ സംസാരിക്കാനും മറ്റവയവങ്ങളിലൂടെ നിയമരഹിതമായി പ്രവർത്തിക്കാനും ശരീരം ആത്മാവിനെ കഴിവുറ്റതാക്കുന്നു.

ഓർ. അന്ധരെയും ചെകിടരെയും മറ്റ് ശരീരഭാഗങ്ങളുടെ ഉപയോഗം നഷ്ടപ്പെട്ടവരെയും ഭാഗ്യവാന്മാർ എന്നു വിളിക്കണമെന്നു തോന്നുന്നു. കാരണം, അവരുടെ ശരീരത്തിന്റെ ദുഷ്ടതയിൽ അവരുടെ ആത്മാക്കൾ ഭാഗഭാക്കുകളാകുന്നില്ല. ബുദ്ധിമാനായ എന്റെ സ്നേഹിതാ, ശരീരത്തിന്റെ കുറ്റകരമായ കർമങ്ങളെപ്പറ്റി സൂചിപ്പിച്ചിട്ട്, എന്തുകൊണ്ട് സ്തുത്യർഹമായവയെ അവഗണിച്ചുകളഞ്ഞു? കാരണം, കരുണാപൂർവമായും സ്നേഹനിർഭരമായും നോക്കാനും അനുതാപക്കണ്ണീർ തുടയ്ക്കാനും ദൈവവചനം ശ്രവിക്കാനും ആവശ്യക്കാരുടെ നേരേ ചെവിചായ്ക്കാനും അധരം കൊണ്ട് സ്രഷ്ടാവിന്റെ സ്തുതിപ്പുകൾ പാടാനും അയൽക്കാരനെ തന്റെ കടമകൾ പഠിപ്പിക്കാനും കാരുണ്യപ്രവൃത്തികൾക്കായി കരങ്ങൾ നീട്ടാനും, ചുരുക്കത്തിൽ, സുകൃതത്തിന്റെ പരിപൂർണമായ സമ്പാദനത്തിനായി ശരീരഭാഗങ്ങൾ ഉപയോഗിക്കാനും സാധിക്കും.

എരാ. അതു സത്യമാണ്.

ഓർ. അതുകൊണ്ട്, നിയമപാലനവും നിയമലംഘനവും ആത്മാവിനും ശരീരത്തിനും പൊതുവാണ്.

എരാ. അതേ.

ഓർ. ശരീരം പ്രവർത്തിക്കുന്നതിനു മുമ്പ് ആത്മാവ് ബുദ്ധി ഉപയോഗി

www.malankaralibrary.com

ക്കുന്നതിനാൽ, രണ്ടിലും മുമ്പിൽ നിൽക്കുന്നത് ആത്മാവാണെന്ന് എനിക്കു തോന്നുന്നു.

എരാ. നീയെന്താണ് അർഥമാക്കുന്നത്?

ഓർ. മനസ് ആദ്യം സുകൃതത്തിനോ, തിന്മയ്ക്കോ പദ്ധതി ഒരുക്കുന്നു. എന്നിട്ട്, താഴെ വരുംവിധം അതിനു രൂപം നൽകുന്നു. അത് ശരീരാവയവങ്ങളെ ഉപകരണങ്ങളായി ഉപയോഗിക്കുന്നു. എന്നാൽ ഓരോന്നിനും ചേരുന്ന വിധത്തിലുള്ള നിറങ്ങളും പദാർഥങ്ങളും കൊണ്ടാണെന്നു മാത്രം.

എരാ. അത് ശരിയാണെന്നു തോന്നുന്നു.

ഓർ. ആത്മാവ് ശരീരത്തോടൊപ്പം പാപം ചെയ്യുന്നെങ്കിൽ, അഥവാ, അത് പാപത്തിന്റെ ഹേതുവാണെങ്കിൽ,-കാരണം, ജീവനുള്ളതിനെ നയിക്കുകയും ഭരിക്കുകയും ചെയ്യുന്നത് അതാണെന്നു കരുതപ്പെടുന്നു - അത് പാപത്തിൽ പങ്കാളിയാകുകയും ശിക്ഷയിൽ നിന്ന് ഒഴിവാകുകയും ചെയ്യുന്നത് എങ്ങനെയെന്ന് എന്നോട് പറയുക.

എരാ. അമർത്യമായ ആത്മാവിന് എങ്ങനെ മരണത്തിൽ ഭാഗഭാക്കാകാൻ കഴിയും?

ഓർ. നിയമലംഘനത്തിൽ ഭാഗഭാക്കായ ആത്മാവ് ശിക്ഷയിലും ഭാഗഭാക്കാകുന്നത് ന്യായയുക്തമാണ്.

എരാ. ശരിയാണ്.

ഓർ. എന്നാൽ അതിന് ശിക്ഷയിൽ പങ്കാളിത്തമില്ല.

എരാ. നിശ്ചയമായും ഇല്ല.

ഓർ. എന്നാൽ വരാനിരിക്കുന്ന ജീവിതത്തിൽ അത് ശരീരത്തോടൊപ്പം ഗേഹന്നായ്ക്ക് കയ്യാളിക്കപ്പെടും.

എരാ. "ശരീരത്തെ കൊല്ലുന്നവരെ ഭയപ്പെടേണ്ട, എന്നാൽ ആത്മാവിനെയും ശരീരത്തേയും ഗേഹന്നായിൽ നശിപ്പിക്കാൻ കഴിയുന്നവനെ ഭയപ്പെടുക" എന്ന് കർത്താവ് പറഞ്ഞിട്ടുണ്ട് (മത്താ. 10,28).

ഓർ. ആത്മാവ് അമർത്യമാകയാൽ ഈ ജീവിതത്തിൽ മരണത്തിൽ നിന്ന് രക്ഷപെട്ടെങ്കിലും ആ ജീവിതത്തിൽ അത് ശിക്ഷയ്ക്ക് വിധേയമാകും. മരണം ആസ്വദിച്ചുകൊണ്ടല്ല, ജീവനുള്ളപ്പോൾ ശിക്ഷാവിധിയേറ്റുകൊണ്ട്.

എരാ. തിരുലിഖിതവും ഇതുതന്നെ പഠിപ്പിക്കുന്നു.

ഓർ. അപ്പോൾ പിന്നെ വചനമാം ദൈവം മരണം ആസ്വദിച്ചെന്ന് നിനക്കെങ്ങനെ പറയാൻ കഴിയും? സൃഷ്ടിക്കപ്പെട്ട ഈ അമർത്യപ്രകൃതിക്ക് - ആത്മാവിന് - മരിക്കാനാവില്ല എന്നത് സുസ്പഷ്ടമാണെങ്കിൽ,

www.malankaralibrary.com

സൃഷ്ടിക്കപ്പെടാത്തവനും മർത്യവും അമർത്യവുമായ സർവത്തിന്റേയും സ്രഷ്ടാവുമായവന് എങ്ങനെ മരണത്തിൽ ഭാഗഭാക്കാകാൻ കഴിയും?

എരാ. ഈ അമർത്യസ്വഭാവത്തെപ്പറ്റി നമുക്ക് അറിവുള്ളതാണ്. എന്നാൽ അവൻ ജഡത്തിൽ മരണം ആസ്വദിച്ചെന്നു നാം പറയുന്നു.

ഓർ. എന്നാൽ സ്വഭാവത്താലേ അമർത്യമായ യാഥാർഥ്യത്തിന് ഒരു തരത്തിലും മരണത്തിൽ ഭാഗഭാക്കാകാൻ സാധ്യമല്ലെന്ന് നാം വ്യക്തമായി കാണിച്ചിരിക്കുന്നു. കാരണം, ശരീരത്തോടൊപ്പം സൃഷ്ടിക്കപ്പെടുകയും ശരീരവുമായി സംയോജിപ്പിക്കപ്പെടുകയും ശരീരത്തിന്റെ പാപത്തിൽ പങ്കാളിയായിരിക്കയും ചെയ്ത ആത്മാവ് അതിന്റെ അമർത്യസ്വഭാവത്താൽ, അതിനാൽ തന്നെ, ശരീരത്തോടൊപ്പം മരണത്തിൽ പങ്കാളിയായില്ല. നമുക്ക് ഈ കാര്യം മറ്റൊരു വീക്ഷണത്തിൽ കൂടി നോക്കാം.

എരാ. സത്യം കണ്ടെത്താൻ എല്ലാ വഴികളും ഉപയോഗിക്കുന്നതിൽ നിന്ന് നമ്മെ യാതൊന്നും തടയുന്നില്ല.

ഓർ. താഴെ വരുംവിധം നമുക്ക് ചർച്ച മുന്നോട്ടു നയിക്കാം. ചിലയാളുകൾ സുകൃതത്തിന്റെയും വേറേ ചിലർ തിന്മയുടെയും ഗുരുക്കന്മാരാണെന്നും മറ്റുചിലർ അവരുടെ ശിഷ്യരാണെന്നും നാം പറയാറുണ്ടോ?

എരാ. അതേ.

ഓർ. സുകൃതം അഭ്യസിപ്പിക്കുന്നവർ ശ്രേഷ്ഠമായ പ്രതിഫലത്തിന് അർഹരാണെന്നു നാം പറയാറുണ്ടോ?

എരാ. തീർച്ചയായും.

ഓർ. അതുപോലെ, തിന്മയിലേക്കു നയിക്കുന്നവർ ഇരട്ടിയോ, മൂവിരട്ടിയോ ശിക്ഷയ്ക്ക് അർഹരാണെന്ന് പറയുന്നുണ്ടോ?

എരാ. അതേ.

ഓർ. പിശാചിനെ ഏതു ഗണത്തിലാണ് ഉൾപ്പെടുത്തേണ്ടത്? അവൻ ഗുരുവാണോ, ശിഷ്യനാണോ?

എരാ. അവൻ ഗുരുക്കന്മാരുടെ ഗുരുവാണ്. കാരണം, അവൻ സർവദുഷ്കർമങ്ങളുടെയും പിതാവും ഗുരുവുമാണ്.

ഓർ. അവന്റെ ആദ്യശിഷ്യർ ഏതു മനുഷ്യരാണ്?

എരാ. ആദാമും ഹവ്വായും.

ഓർ. മരണത്തിന്റെ ശിക്ഷാവിധി ലഭിച്ചത് ആർക്കാണ്?

എരാ. ആദത്തിനും അവന്റെ വംശാവലി മുഴുവനും.

www.malankaralibrary.com

ഓർ. അപ്പോൾ ശിഷ്യന്മാർ തങ്ങൾ പഠിച്ച ദുഷ്ടതയ്ക്ക് ശിക്ഷയേറ്റു. എന്നാൽ നാമിപ്പോൾ പറഞ്ഞതുപോലെ, ഇരട്ടിയോ, മൂവിരട്ടിയോ ശിക്ഷയ്ക്ക് അർഹനായ ഗുരു ശിക്ഷാവിധിയിൽ നിന്ന് ഒഴിഞ്ഞുമാറി.

എരാ. എന്നു തോന്നും.

ഓർ. എന്നാൽ ഈ സംഗതികൾ ഇതുപോലെ തിരിഞ്ഞു മറിഞ്ഞു വന്നെങ്കിലും, ന്യായാധിപൻ നീതിമാനാണെന്ന് നമുക്കറിയാം. നാമങ്ങനെ പറയുകയും ചെയ്യുന്നു.

എരാ. തീർച്ചയായും.

ഓർ. കൊള്ളാം. അവൻ നീതിമാൻ ആയിരുന്നെങ്കിൽ, ദുഷ്ടന്റെ ചീത്ത പ്രബോധനത്തിന് എന്തുകൊണ്ട് അവനെ ശിക്ഷിച്ചില്ല?

എരാ. ഗേഹെന്നായിലെ കെടാത്ത അഗ്നി അവിടുന്ന് അവനായി തയാറാക്കിയിരിക്കുന്നു. കാരണം, അവിടുന്ന് പറയുന്നു: "പിശാചിനും അവന്റെ ദൂതന്മാർക്കുമായി ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്ക്, ശപിക്കപ്പെട്ടവരേ, പോകുവിൻ" (മത്താ.25,41). എന്നാൽ അവന് അമർത്യപ്രകൃതി ഉണ്ടായിരുന്നതിനാൽ, തന്റെ ശിഷ്യരുമായി അവൻ മരണത്തിൽ പങ്കാളിയായില്ല.

ഓർ. അപ്പോൾ, അമർത്യസ്വഭാവം ഉണ്ടെങ്കിൽ, ഘോരപാപങ്ങൾ പോലും ചെയ്തവർക്ക് മരണവിധേയരാകാനാവില്ല.

എരാ. ഞാൻ സമ്മതിക്കുന്നു.

ഓർ. ദുഷ്ടതയുടെ അടിസ്ഥാനവും പ്രബോധകനുമായവൻ പോലും തന്റെ അമർത്യസ്വഭാവം നിമിത്തം മരണവിധേയനായില്ലെങ്കിൽ, അമർത്യതയുടെയും നീതീകരണത്തിന്റെയും ഉറവിടം തന്നെ ആയവൻ മരണവിധേയനായെന്നു പറയുമ്പോൾ, നിനക്കെങ്ങനെ കിടിലം കൊള്ളാതിരിക്കാൻ കഴിയും?

എരാ. അവൻ സ്വേച്ഛയാ അല്ല സഹനവിധേയനായത് എന്നു നാം പറയുന്നെങ്കിൽ, നമുക്കെതിരെ നീ ഉന്നയിക്കുന്ന ആരോപണത്തിന് ന്യായമായ അടിസ്ഥാനമുണ്ട്. എന്നാൽ, സ്വതന്ത്രമായി തെരഞ്ഞെടുത്ത പീഡാനുഭവവും സ്വേച്ഛയാ സ്വീകരിച്ച മരണവുമാണ് നാം പ്രഘോഷിക്കുന്നതെങ്കിൽ, നമ്മെ കുറ്റപ്പെടുത്തരുത്. പിന്നെയോ, അവന്റെ കരകവിഞ്ഞൊഴുകുന്ന സ്നേഹത്തെ പ്രകീർത്തിക്കയാണ് വേണ്ടത്. കാരണം, അവൻ സ്വന്ത ഇഷ്ടപ്രകാരം പീഡ അനുഭവിക്കുകയും മരണം ആസ്വദിക്കാൻ സന്നദ്ധനാകുകയും ചെയ്തു.

ഓർ. ദൈവസ്വഭാവത്തെപ്പറ്റി നിനക്കൊരു ചുക്കും അറിയാൻ പാടില്ലെന്നു തോന്നുന്നു. കാരണം, തന്റെ സ്വഭാവത്തിനു വിരുദ്ധമായി കർത്താവായ ദൈവം യാതൊന്നും ഇച്ഛിക്കുന്നില്ല. തനിക്കിഷ്ടമുള്ളതെല്ലാം ചെയ്യാൻ

www.malankaralibrary.com

അവിടുത്തേക്കു കഴിയും. എന്നാൽ തന്റെ സ്വന്തം സ്വഭാവത്തിനു ചേരുന്നതും അനുയോജ്യമായതും മാത്രമേ അവിടുന്ന് ഇച്ഛിക്കുന്നുള്ളു.

എരാ. ദൈവത്തിന് എല്ലാം സാധ്യമാണെന്നാണ് ഞങ്ങൾ പഠിച്ചിരിക്കുന്നത്.

ഓർ. നീ പൊതുപ്രസ്താവനകൾ പറയുമ്പോൾ, പിശാചിന്റെ ആധിപത്യത്തിന് പ്രത്യേകമായിട്ടുള്ളവ നിന്റെ ചർച്ചയിൽ ഉൾപ്പെടുത്തുക കൂടി ചെയ്യുന്നു. കാരണം, എല്ലാം പരമമായി പറയുന്നയാൾ ഒരേസമയം നല്ല കാര്യങ്ങളെപ്പറ്റിയും അവയുടെ എതിർകാര്യങ്ങളെ പറ്റിയും സംസാരിക്കുന്നു.

എരാ. "നിനക്ക് എല്ലാം ചെയ്യാൻ കഴിയുമെന്നും നിനക്ക് ഒന്നും അസാധ്യമല്ലെന്നും എനിക്കറിയാം" എന്ന് പറഞ്ഞപ്പോൾ, കുലീനനായ ജോബ് പരമമായ പ്രസ്താവനയല്ലേ നടത്തിയത്? (10,13).

ഓർ. അതിനു മുമ്പ് നീതിമാൻ എന്തു പറഞ്ഞെന്ന് നീ വായിച്ചിരുന്നെങ്കിൽ, ഈ വാക്കുകളുടെ അർഥം നീ അവിടെ കണ്ടെത്തുമായിരുന്നു. അവൻ പറഞ്ഞു: "കളിമണ്ണുകൊണ്ട് നീ എന്നെ രൂപീകരിച്ചെന്നും നീ എന്നെ പൊടിയിലേക്ക് തിരിച്ചയക്കുമെന്നും ഓർക്കണമേ. നീ എന്നെ പാലുപോലെ കറക്കുകയും പാൽക്കട്ടിപോലെ ഞെക്കുകയും ചെയ്തില്ലേ? നീ എന്നെ ചർമവും മാംസവും കൊണ്ട് പൊതിഞ്ഞു; അസ്ഥികളും ഞരമ്പുകളും എന്നിൽ തുന്നിച്ചേർത്തു. നിന്റെ പരിപാലന എന്നെ സംരക്ഷിച്ചു" (10,9-12). അതോടൊപ്പം അവൻ ഇതും ചേർക്കുന്നു: "എന്നിൽ തന്നെ ഇതുള്ളപ്പോൾ, നിനക്ക് എല്ലാം ചെയ്യാൻ കഴിയുമെന്നും നിനക്ക് അസാധ്യമല്ലെന്നും ഞാനറിയുന്നു" (10,13). അതുകൊണ്ട്, പ്രാപഞ്ചികദൈവമായ ശുദ്ധസ്വഭാവത്തിന് ഈ കാര്യങ്ങളുമായി ബന്ധപ്പെട്ടവയെല്ലാം ചേരുന്നവയാണെന്ന് അവൻ പറയുകയായിരുന്നില്ലേ?

എരാ. സർവശക്തനായ ദൈവത്തിന് ഒന്നും അസാധ്യമല്ല.

ഓർ. അപ്പോൾ, നിന്റെ നിർവചനമനുസരിച്ച്, സർവശക്തനായ ദൈവത്തിന് പാപം ചെയ്യാനും കഴിയും.

എരാ. ഒരിക്കലുമില്ല.

ഓർ. എന്തുകൊണ്ട്?

എരാ. പാപം ചെയ്യാൻ അവൻ ആഗ്രഹിക്കുന്നില്ലാത്തതിനാൽ.

ഓർ. എന്തുകൊണ്ട്?

എരാ. പാപം ചെയ്യുക ആ സ്വഭാവത്തിന് അന്യമാകയാൽ.

ഓർ. അതുകൊണ്ട്, അവന് പല കാര്യങ്ങൾ ചെയ്യാനാവില്ല; കാരണം, പലതരം പാപങ്ങളുണ്ട്.

www.malankaralibrary.com

എരാ. ഇതുപോലുള്ളവ ഇച്ഛിക്കാനോ, പ്രവർത്തിക്കാനോ ദൈവത്തിനാവില്ല.

ഓർ. ദൈവസ്വഭാവത്തിന് എതിരായിട്ടുള്ളവയും സാധ്യമല്ല.

എരാ. എന്തുതരം കാര്യങ്ങൾ?

ഓർ. ഉദാ. ദൈവം സത്യപ്രകാശവും ബൗദ്ധികനുമാണെന്നു നാം പഠിച്ചിരിക്കുന്നു.

എരാ. ശരിയാണ്.

ഓർ. എന്നാൽ ഇരുട്ടാകാൻ അവിടുന്ന് ഇച്ഛിച്ചെന്നോ, ആയിത്തീരാൻ കഴിയുമായിരുന്നെന്നോ നാം പറയുകയില്ല.

എരാ. ഒരിക്കലുമില്ല.

ഓർ. കൂടാതെ, അവന്റെ സ്വഭാവം അദൃശ്യമാണെന്ന് തിരുലിഖിതം പറയുന്നു.

എരാ. അതേ.

ഓർ. എന്നാൽ അതിന് എപ്പോഴെങ്കിലും ദൃശ്യമാകാൻ കഴിയുമെന്ന് നാം പറയുന്നില്ല.

എരാ. തീർച്ചയായും ഇല്ല.

ഓർ. അത് സുഗ്രാഹ്യവുമാകില്ല.

എരാ. ഇല്ല.

ഓർ. കാരണം, അത് അഗ്രാഹ്യവും പരമമായി സർവാതിശായിയുമാണ്.

എരാ. ശരിയാണ്.

ഓർ. അതുകൊണ്ട്, അസ്തിത്വമുള്ളവൻ അസ്തിത്വം ഇല്ലാത്തവനായി തീരുന്നില്ല.

എരാ. അചിന്ത്യം.

ഓർ. പിതാവ് പുത്രനായും തീരുന്നില്ല.

എരാ. അത് അസാധ്യമാണ്.

ഓർ. ജനിക്കാത്തവൻ ജനിക്കുന്നുമില്ല.

എരാ. അതെങ്ങനെ സാധിക്കും?

ഓർ. പുത്രൻ പിതാവുമാകുന്നില്ല.

എരാ. ഒരിക്കലുമില്ല.

ഓർ. പരിശുദ്ധാത്മാവ് പിതാവോ, പുത്രനോ ആകുന്നില്ല.

www.malankaralibrary.com

എരാ. ഇവയെല്ലാം അസാധ്യ സംഗതികളാണ്.

ഓർ. ഇതുപോലെ അസാധ്യമായ നിരവധി സംഗതികൾ നാം കാണുന്നുണ്ട്. കാരണം, നിത്യൻ സമയവിധേയനല്ല, സൃഷ്ടിക്കപ്പെടാത്തവൻ സൃഷ്ടിക്കപ്പെടുകയോ, നിർമിക്കപ്പെടുകയോ ചെയ്യുന്നില്ല. അനന്തൻ പരിമിതപ്പെടുന്നില്ല. അതുപോലെ മറ്റു പലതും.

എരാ. ഇവയൊന്നും സാധ്യമല്ല.

ഓർ. അതുകൊണ്ട്, സർവശക്തനായ ദൈവത്തിന് അസാധ്യമായ പല സംഗതികളും നാം കണ്ടുപിടിച്ചു.

എരാ. വാസ്തവമാണ്.

ഓർ. എന്നാൽ ഇവയിൽ എന്തെങ്കിലും ചെയ്യാൻ കഴിയാതിരിക്കുന്നത് ബലഹീനതയുടേതല്ല, അതിരില്ലാത്ത ശക്തിയുടെ അടയാളമാണ്. ഇവ ചെയ്യാനുള്ള കഴിവ് ശക്തിയുടേതല്ല, ശക്തിരാഹിത്യത്തിന്റെ തെളിവാണെന്ന് എനിക്കു തോന്നുന്നു.

എരാ. നീ എന്താണ് ഇതുകൊണ്ട് അർഥമാക്കുന്നത്?

ഓർ. ദൈവം മാറ്റമില്ലാത്തവനും വ്യതിയാനാതീതനും ആണെന്ന് ഇവയോരോന്നും പ്രഘോഷിക്കുന്നു. നല്ല മനുഷ്യന് ദുഷ്ടനായി തീരാനുള്ള കഴിവുകേട് അവന്റെ മഹാനന്മയുടെ അടയാളമാണ്. നീതിമാൻ ഒരിക്കലും നീതികെട്ടവനാകില്ല. സത്യവാൻ നുണയനായി തീരില്ല. സത്യത്തിനും നീതിക്കും ഉറച്ച അടിത്തറയുണ്ടെന്നാണ് ഇത് കാണിക്കുന്നത്. അതുപോലെ, സത്യപ്രകാശം അന്ധകാരമായി തീരുന്നില്ല. അസ്തിത്വം തന്നെ ആയവൻ അസ്തിത്വരാഹിത്യമായി തീരുന്നില്ല. കാരണം, അവന് നിത്യമായ അസ്തിത്വമുണ്ട്. അവൻ വ്യതിയാനാതീത പ്രകാശമാണ്. ഈ രീതിയിൽ മറ്റെല്ലാം വീക്ഷിച്ചാൽ, കഴിവില്ലായ്മ അത്യുന്നതശക്തി വെളിപ്പെടുത്തുന്നതായി നിനക്ക് കാണാൻ കഴിയും. ഇത്തരം കാര്യങ്ങളിൽ ദൈവത്തെ സംബന്ധിച്ചുള്ള അസാധ്യത ദിവ്യശ്ലീഹായും മനസിലാക്കുകയും ഈ രീതിയിൽ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എബ്രായർക്ക് എഴുതുമ്പോൾ അവൻ പറയുന്നു: "അങ്ങനെ, ദൈവത്തെ സംബന്ധിച്ച് വ്യാജമാകാത്തതും മാറ്റമില്ലാത്തതുമായ രണ്ടു സംഗതികളിലൂടെ നമുക്ക് വലിയ പ്രോത്സാഹനം ലഭിക്കുന്നതിനു വേണ്ടിയാണിത്" (6,18). കഴിവില്ലായ്മ ബലഹീനതയല്ല, മഹാശക്തി തന്നെ ആണെന്നാണ് ഈ വാക്കുകൾ കൊണ്ട് അവൻ കാണിക്കുന്നത്. കാരണം, ദൈവത്തിൽ ഒരിക്കലും വ്യാജമില്ലാത്ത രീതിയിൽ ദൈവം സത്യമാണ് എന്നാണ് അവൻ പറയുന്നത്. അങ്ങനെ ശക്തിരാഹിത്യത്തിലൂടെ സത്യത്തിന്റെ ശക്തി കാണിച്ചിരിക്കുന്നു. ഭാഗ്യവാനായ തിമോതിക്ക് എഴുതിയപ്പോൾ അവൻ ഇതും കൂട്ടിച്ചേർക്കുന്നു: "ഈ വചനം വിശ്വാസ

www.malankaralibrary.com

യോഗ്യമാണ്. നാം അവനോടുകൂടെ മരിച്ചിട്ടുണ്ടെങ്കിൽ, അവനോടുകൂടെ ജീവിക്കും. നാം അവനെ നിഷേധിക്കുന്നെങ്കിൽ, അവൻ നമ്മെയും നിഷേധിക്കും. നാം വിശ്വസിച്ചില്ലെങ്കിലും അവൻ വിശ്വസ്തനായിരിക്കും. തന്നെത്തന്നെ നിഷേധിക്കാൻ അവനു സാധ്യമല്ല" (2തിമോ.2,11-13). അതുകൊണ്ട് അവന് സാധ്യമല്ലെന്ന വാക്കുകൾ വീണ്ടും അപരിമേയശക്തി വെളിപ്പെടുത്തുന്നു. കാരണം, എല്ലാ മനുഷ്യരും അവനെ നിഷേധിച്ചാലും, അവൻ ദൈവമാണെന്നും തന്റെ സ്വഭാവം ഉപേക്ഷിക്കയില്ലെന്നും അവൻ പറയുന്നു. അവന് നാശരഹിതമായ അസ്തിത്വമാണുള്ളത്. "അവന് തന്നെത്തന്നെ നിഷേധിക്കാനാവില്ല" എന്ന വാക്കുകൾ ഇതാണ് കാണിക്കുന്നത്. തിന്മയിലേക്ക് മാറാനുള്ള കഴിവില്ലായ്മ ശക്തിയുടെ ആധിക്യമാണ് വെളിപ്പെടുത്തുക.

എരാ. ഈ പ്രസ്താവനകൾ വാസ്തവമാണ്. ദിവ്യവചനവുമായി ഒത്തുപോകുന്നവയുമാണ്.

ഓർ. ദൈവസ്വഭാവത്തിന് ചേരാത്തതായ നിരവധി സംഗതികൾ ദൈവത്തിന് അസാധ്യമാണ്. നന്മ, നീതി, സത്യം, അദൃശ്യത, അഗ്രാഹ്യത, അനന്തത, നിത്യത്വം എന്നു തുടങ്ങി ദൈവസ്വഭാവത്തിന് അനുഗുണമായി ദൈവത്തിനു ചേരുന്നവയെല്ലാം സംബന്ധിച്ച് ഇത് വാസ്തവമാണെന്ന് നീ അംഗീകരിക്കുന്നു. അപ്പോൾ, അമർത്യതയും സഹനാതീതത്വവും മാത്രം വ്യതിയാനവിധേയമാണെന്ന് നീ പറയുന്നത് എന്തുകൊണ്ടാണെന്ന് എന്നോട് പറഞ്ഞാലും. ഇവയുടെ കാര്യത്തിൽ മാറ്റത്തിന് കഴിവുണ്ടെന്ന് വാദിച്ചതുകൊണ്ട്, ബലഹീനതയുടെ അടയാളമായ ശക്തി ദൈവത്തിന് ആരോപിക്കുന്നത് എന്തുകൊണ്ടാണ്?

എരാ. നാമിത് തിരുലിഖിതത്തിൽ നിന്ന് പഠിച്ചിട്ടുള്ളതാണ്. കാരണം, ദിവ്യനായ യോഹന്നാൻ ഇപ്രകാരം പ്രഘോഷിക്കുന്നു: "തന്റെ ഏകജാതനെ നൽകുവാൻ തക്കവണ്ണം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (3,16). ദിവ്യപ്രചോദിതനായ പൗലോസ് പറയുന്നു: "നാം ശത്രുക്കളായിരുന്നപ്പോൾ, അവിടുത്തെ പുത്രന്റെ മരണത്താൽ ദൈവവുമായി രമ്യപ്പെട്ടെങ്കിൽ, രമ്യപ്പെട്ടശേഷം ഈ ജീവിതത്തിൽ എത്രയധികമായി നാം രക്ഷിക്കപ്പെടും!" (റോമ. 5,10).

ഓർ. ഈ വാക്കുകൾ സത്യമാണ്. കാരണം, ഇവ ദിവ്യവചനങ്ങളാണ്. എന്നാൽ, ഏറ്റുപറയാൻ നാം പല പ്രാവശ്യം സമ്മതിച്ചത് എന്താണെന്ന് ഓർക്കുക.

എരാ. നീയെന്താണ് അർഥമാക്കുന്നത്?

ഓർ. വചനമാം ദൈവം, ദൈവപുത്രൻ, ശരീരം കൂടാതെ കാണപ്പെട്ടില്ല. പിന്നെയോ, അവൻ സമ്പൂർണ മനുഷ്യസ്വഭാവം എടുത്തെന്ന് ഏറ്റുപറയാൻ നാം സമ്മതിച്ചതാണ്.

www.malankaralibrary.com

എരാ. ഇപ്രകാരം ഏറ്റുപറയാമെന്നു നാം സമ്മതിച്ചതാണ്.

ഓർ. അപ്പോൾ, അവിടുന്ന് ശരീരവും മനുഷ്യാത്മാവും എടുത്തു. അതുകൊണ്ടാണ് അവൻ മനുഷ്യപുത്രൻ എന്നു വിളിക്കപ്പെട്ടത്.

എരാ. വാസ്തവം.

ഓർ. അതുകൊണ്ട്, നമ്മുടെ കർത്താവായ യേശുക്രിസ്തു സത്യദൈവവും സത്യമനുഷ്യനുമാണ്. കാരണം, അവന് എപ്പോഴും ഇവയിൽ ഒന്നുണ്ടായിരുന്നു. മറ്റത് അവൻ സത്യമായും എടുത്തു.

എരാ. ഇത് നിഷേധിക്കാനാവില്ല.

ഓർ. അപ്പോൾ, മനുഷ്യനെന്ന നിലയിലാണ് അവൻ പീഡ സഹിച്ചത്. ദൈവമെന്ന നിലയിൽ സഹനാതീതനായി നിലകൊണ്ടു.

എരാ. ദൈവപുത്രൻ സഹിച്ചെന്ന് തിരുലിഖിതം പറയുന്നത് എന്തുകൊണ്ടാണ്?

ഓർ. കാരണം, സഹിച്ച ശരീരം അവന്റെ ശരീരമാണ്. നമുക്ക് ഈ രീതിയിൽ അതിനെ നോക്കിക്കാണാം: "ഇസഹാക്കിനു പ്രായമായപ്പോൾ, അവന്റെ കണ്ണിന്റെ കാഴ്ച കുറഞ്ഞു" (ഉൽപ.27,1) എന്ന് തിരുലിഖിതം പറയുമ്പോൾ, നമ്മുടെ മനസ്സ് എങ്ങോട്ടാണ് നയിക്കപ്പെടുകയും എന്തിലാണ് ഉറപ്പിക്കപ്പെടുകയും ചെയ്യുക? ഇസഹാക്കിന്റെ ശരീരത്തിലോ ആത്മാവിലോ?

എരാ. തീർച്ചയായും ശരീരത്തിൽ.

ഓർ. അതുകൊണ്ട്, ആത്മാവും ശരീരത്തിന്റെ അന്ധതയിൽ പങ്കാളിയാകുന്നെന്ന് നാം കരുതുന്നുണ്ടോ?

എരാ. ഒരിക്കലുമില്ല.

ഓർ. ശരീരത്തിനു കാഴ്ചശക്തി നഷ്ടപ്പെട്ടു എന്നേ നാം പറയാറുള്ളു.

എരാ. അതേ.

ഓർ. കൂടാതെ, "ദാർശനികാ, യൂദാനാട്ടിലേക്കു പോകുക" എന്ന് ആമോസ് പ്രവാചകനോട് അമസിയാ പറയുന്നതു നാം കേൾക്കുമ്പോഴും (ആമോ.7,12), "ദാർശനികന്റെ ഭവനമേത്?" എന്ന് ശൗൽ ചോദിക്കുമ്പോഴും (1ശാമു.9,18), ശാരീരികമായ എന്തിനേക്കുറിച്ചെങ്കിലുമാണോ നാം ചിന്തിക്കുന്നത്?

എരാ. അല്ല.

ഓർ. എങ്കിലും കണ്ണിനു നല്ല ആരോഗ്യമുള്ളതായിട്ടാണ് വാക്കുകൾ സൂചിപ്പിക്കുന്നത്.

www.malankaralibrary.com

എരാ. വാസ്തവം.

ഓർ. എന്നാൽ, കൂടുതൽ ശുദ്ധീകൃതമായ ആത്മാക്കളിൽ ആത്മാവിന്റെ ശക്തി ചൊരിയപ്പെടുമ്പോൾ, അത് പ്രവചനകൃപ ഉജ്ജ്വലിപ്പിക്കുന്നെന്ന് നാമറിയുന്നു. നിഗൂഢസംഗതികൾ ഗ്രഹിക്കാൻ ഈ കൃപ അവരെ കഴിവുറ്റവരാക്കുന്നു. അവരെ ദാർശനികരെന്നു വിളിക്കാൻ ഇടയാക്കുന്നു.

എരാ. നീ പറയുന്നത് സത്യമാണ്.

ഓർ. അപ്പോൾ, നമുക്ക് മറ്റൊരു സംഗതി പരിഗണിക്കാം.

എരാ. എന്താണത്?

ഓർ. ജനങ്ങൾ ഒരു തളർവാതരോഗിയെ കിടക്കയോടുകൂടെ കർത്താവിന്റെ പക്കൽ കൊണ്ടുവന്നെന്ന് തിരുലിഖിതം പറയുന്നത് കേൾക്കുമ്പോൾ (മത്താ.9,2), അവന്റെ അവയവങ്ങളുടെ ബലഹീനത ശരീരസംബന്ധമാണെന്നാണോ, ആത്മസംബന്ധമാണെന്നാണോ നാം പറയുക?

എരാ. തീർച്ചയായും ശരീരസംബന്ധമായിട്ടാണ്.

ഓർ. "അതിനാൽ തളർന്ന കൈകളെയും ബലമില്ലാത്ത കാൽമുട്ടുകളെയും ശക്തിപ്പെടുത്തുവിൻ. മുടന്തുള്ള പാദങ്ങൾ സന്ധിവിട്ട് ഇടറിപ്പോകാതെ സുഖപ്പെടാൻ തക്കവിധം അവയ്ക്ക് നേർവഴി ഒരുക്കുവിൻ" എന്ന് എബ്രായ ലേഖനത്തിൽ ദിവ്യശ്ലീഹാ പറയുമ്പോൾ (12,12-13), അത് ശാരീരികാവയവങ്ങളെ പറ്റിയാണെന്ന് നാം പറയുമോ?

എരാ. തീർച്ചയായും ഇല്ല.

ഓർ. മറിച്ച്, ആത്മാവിന്റെ ബലഹീനതയും ഭയവും എടുത്തുമാറ്റി, ധൈര്യമുള്ളവരായിരിക്കാൻ അവൻ തന്റെ ശിഷ്യരെ ഉപദേശിക്കയാണെന്നല്ലേ നാം പറയൂ?

എരാ. പരമമായി.

ഓർ. എന്നാൽ തിരുലിഖിതം ഇത്തരം വ്യത്യാസങ്ങൾ വരുത്തുന്നതായി നാം കാണുന്നില്ല. കാരണം, ഇസഹാക്കിന്റെ അന്ധതയെപ്പറ്റി പറഞ്ഞപ്പോൾ, അത് ശരീരത്തെപ്പറ്റി പരാമർശിക്കാതെ, ഇസഹാക്ക് അന്ധനായിരുന്നെന്നു പറയുക മാത്രം ചെയ്തു. പ്രവാചകരെ ദാർശനികർ എന്നു വിളിച്ചപ്പോൾ, അവരുടെ ആത്മാക്കൾ ദർശിക്കയും നിഗൂഢ സംഗതികൾ കാണുകയും ചെയ്തെന്ന് പറയാതെ, ആളിനെപ്പറ്റി പരാമർശിക്കുക മാത്രം ചെയ്തു.

എരാ. അതു ശരിയാണ്.

ഓർ. തളർവാദരോഗിയുടെ ശരീരം ബലഹീനമാണെന്നു കാണിക്കാതെ, അയാളെ തളർവാദരോഗിയെന്നു വിളിച്ചു.

www.malankaralibrary.com

എരാ. വാസ്തവം.

ഓർ. ആത്മാക്കളെ ഉണർത്തി ബലപ്പെടുത്താൻ ആഗ്രഹിച്ചെങ്കിലും, ദിവ്യശ്ലീഹാ ആത്മാക്കളെ പേരെടുത്തു പറഞ്ഞില്ല.

എരാ. അവൻ പറഞ്ഞില്ല.

ഓർ. എന്നാൽ നാം വാക്കുകളുടെ അർഥം പരിശോധിക്കുമ്പോൾ, ചില കാര്യങ്ങൾ ആത്മാവിനെ കുറിച്ചും, മറ്റുചിലത് ശരീരത്തെ കുറിച്ചുമാണെന്ന് മനസിലാക്കുന്നു.

എരാ. ഇപ്രകാരം ചെയ്യുന്നത് ശരിയാണ്. കാരണം, ദൈവം നമ്മെ ബുദ്ധിയുള്ളവരായിട്ടാണ് സൃഷ്ടിച്ചിരിക്കുന്നത്.

ഓർ. അപ്പോൾ നമ്മെ നിർമിക്കുകയും രക്ഷിക്കുകയും ചെയ്തവനെ സംബന്ധിച്ചും ബുദ്ധിശക്തി ഉപയോഗിച്ച്, ദൈവത്വത്തിന് പ്രത്യേകമായിട്ടുള്ളവ ഏവയെന്നും മനുഷ്യത്വത്തിന് പ്രത്യേകമായിട്ടുള്ളവ ഏവയെന്നും അറിയാൻ ശ്രമിക്കാം.

എരാ. എന്നാൽ നാം ഇപ്രകാരം ചെയ്താൽ, ആ ആഴമായ ഐക്യം തകർക്കുകയായിരിക്കും ചെയ്യുക.

ഓർ. ഇസഹാക്കിനെയും പ്രവാചകന്മാരെയും തളർവാദരോഗിയെയും പരിഗണിച്ചപ്പോൾ, നാം ആത്മശരീരങ്ങളുടെ ഐക്യം തകർത്തില്ല; ആത്മാക്കളെ അവയുടെ ശരീരങ്ങളിൽ നിന്ന് വേർതിരിച്ചുമില്ല. പിന്നെയോ, ആത്മാവിനും ശരീരത്തിനും പ്രത്യേകമായവ ചിന്തയിൽ വേർതിരിക്കുക മാത്രമേ ചെയ്തുള്ളു. ആത്മശരീരങ്ങളെ സംബന്ധിച്ച് നാമിതു ചെയ്യുന്നെങ്കിൽ, അതുപോലെ നമ്മുടെ രക്ഷകന് ചെയ്യാൻ നാം മടിക്കുകയും സ്വഭാവങ്ങൾ തമ്മിൽ അന്തരമുണ്ടെങ്കിലും, അവയെ കൂട്ടിക്കുഴയ്ക്കുകയും ചെയ്യുന്നത് ദുഷ്ടതയല്ലേ? ആത്മാവും ശരീരവും തമ്മിലുള്ള വ്യത്യാസത്തേക്കാൾ കൂടുതലാണ് ആ അന്തരം. കാലികവും നിത്യവും തമ്മിലും, സൃഷ്ടിയും സ്രഷ്ടാവും തമ്മിലുമുള്ള അന്തരമാണിവിടെ.

എരാ. ദൈവപുത്രൻ പീഡ സഹിച്ചെന്ന് തിരുലിഖിതം പറയുന്നു.

ഓർ. മറ്റൊരാൾ സഹിച്ചെന്നല്ല നാം പറയുക. എങ്കിലും ദൈവസ്വഭാവം സഹനാതീതമാണെന്ന് തിരുലിഖിതപ്രബോധനത്തിൽ നിന്ന് നാമറിയുന്നു. അതുകൊണ്ട്, സഹനാതീതാവസ്ഥ, സഹനം, ദൈവത്വവും മനുഷ്യത്വവും തമ്മിലുള്ള ഐക്യം എന്നിവയെപ്പറ്റി കേൾക്കുമ്പോൾ, സഹനവിധേയമായ ശരീരം പീഡ സഹിച്ചെന്നു നാം പറയുന്നു. സഹനാതീതസ്വഭാവം പീഡകൾ കൂടാതെ നിലനിന്നെന്നു നാം ഏറ്റുപറയുന്നു.

എരാ. അപ്പോൾ ശരീരമാണ് നമുക്ക് രക്ഷ നേടിത്തന്നത്.

www.malankaralibrary.com

ഓർ. വെറുമൊരു മനുഷ്യന്റെ ശരീരമല്ല, പിന്നെയോ, ദൈവത്തിന്റെ ഏക ജാതനായ നമ്മുടെ കർത്താവേശുക്രിസ്തുവിന്റെ ശരീരമാണ്. ഈ ശരീരം വിലയില്ലാത്തതും അവഗണനാർഹവുമാണെന്ന് നീ കരുതുന്നെങ്കിൽ, അതിന്റെ പ്രതീകം എങ്ങനെ പാവനവും രക്ഷ നേടിത്തരുന്നതുമായി നിനക്കു കരുതാനാകും? പ്രതീകം ബഹുമാന്യവും ആരാധ്യവുമാണെങ്കിൽ, അതിന്റെ ഒറിജിനൽ എങ്ങനെ മ്ലേച്ഛവും നിസ്സാരവുമാകും?

എരാ. ശരീരം പ്രയോജനരഹിതമാണെന്ന് ഞാൻ പറയുന്നില്ല. എന്നാൽ അതിനെ ദൈവത്വത്തിൽ നിന്ന് വേർതിരിക്കാൻ ഞാൻ സമ്മതിക്കുകയില്ല.

ഓർ. എന്റെ സ്നേഹിതാ, ഞങ്ങളും ഐക്യത്തെ വേർപെടുത്തുന്നില്ല. എന്നാൽ ഞങ്ങൾ സ്വഭാവങ്ങളുടെ സവിശേഷതകളിൽ ശ്രദ്ധിക്കുന്നെന്നു മാത്രം. നീ അധികം വൈകാതെ ഇതിനോട് യോജിക്കുമെന്ന് എനിക്കു തോന്നുന്നു.

എരാ. ഒരു പ്രവാചകനെ പോലെയാണല്ലോ നീ സംസാരിക്കുന്നത്.

ഓർ. പ്രവാചകനെ പോലെയല്ല, പിന്നെയോ, സത്യത്തിന്റെ ശക്തി അറിയാവുന്നവനെ പോലെയാണ് ഞാൻ സംസാരിക്കുന്നത്. ഞാൻ ചോദിക്കുന്നതിന് സദയം ഉത്തരം പറയണം: "ഞാനും എന്റെ പിതാവും ഒന്നാകുന്നു" എന്നും (യോഹ.10,30), "എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു" എന്നും (യോഹ. 14,9) കർത്താവു പറയുമ്പോൾ, ജഡത്തെ പറ്റിയാണോ, ദൈവത്വത്തെ പറ്റിയാണോ പറയുന്നത്?

എരാ. സത്താപരമായി ജഡവും പിതാവും ഒന്നായിരിക്കുന്നത് എങ്ങനെയാണ്?

ഓർ. അപ്പോൾ, ഈ വാക്കുകൾ ദൈവത്വത്തെ പറ്റിയാണ്.

എരാ. വാസ്തവം.

ഓർ. ഇതുപോലെ തന്നെയാണ്, "ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവമായിരുന്നു" എന്നതും തത്തുല്യമായ മറ്റ് വാക്യങ്ങളും.

എരാ. ഞാൻ യോജിക്കുന്നു.

ഓർ. വീണ്ടും, "യേശു യാത്രാക്ലേശം കൊണ്ട് ക്ഷീണിതനായി കിണറ്റിൻ കരയിൽ ഇരുന്നു" എന്ന് തിരുലിഖിതം പറയുമ്പോൾ (യോഹ.4,6), അവന്റെ ദൈവത്വമാണോ, ശരീരമാണോ ക്ഷീണിതമായത്?

എരാ. ഐക്യപ്പെട്ടിരിക്കുന്നവയെ വേർപെടുത്താൻ ഞാൻ വിസമ്മതിക്കുന്നു.

ഓർ. അപ്പോൾ, നീ യാത്രാക്ലേശം ദൈവസ്വഭാവത്തിന് ആരോപിക്കയാണെന്നു തോന്നുന്നു.

www.malankaralibrary.com

എരാ. എനിക്ക് ഇങ്ങനെയാണ് തോന്നുന്നത്.

ഓർ. "അവനു വിശക്കുകയോ, അവൻ തളരുകയോ ഇല്ല; അവന്റെ മനസ്സ് അഗ്രാഹ്യമാണ്; വിശക്കുന്നവന് അവൻ ബലം നൽകുന്നു, ദുഃഖിക്കുന്നവർക്ക് അവൻ ആശ്വാസം നൽകുന്നു" എന്നു പ്രഘോഷിക്കുന്ന പ്രവാചകനെ നീ വ്യക്തമായി ഖണ്ഡിക്കയാണ് (ഏശാ.40,28-29). തുടർന്ന്, അവൻ പറയുന്നു: "എന്നെ കാത്തിരിക്കുന്നവർ വീണ്ടും ശക്തി പ്രാപിക്കും. കഴുകനെ പോലെ ചിറകടിച്ചുയരും; അവർ ഓടിയാൽ ക്ഷീണിക്കുകയില്ല; അവർ നടന്നാൽ വിശക്കുകയുമില്ല" (ഏശാ.40,31). മറ്റുള്ളവർക്ക് ആവശ്യത്തിൽ നിന്നും തളർച്ചയിൽ നിന്നും വിമുക്തി നൽകിയവന് എങ്ങനെ യാത്രാക്ലേശവും വിശപ്പും ദാഹവും ഉണ്ടാകാൻ കഴിയും?

എരാ. ദൈവമെന്ന നിലയിൽ അവൻ സഹനാതീതനും ഒന്നിനും കുറവില്ലാത്തവനുമാണ്. എന്നാൽ ജഡമെടുത്തശേഷം അവൻ പീഡ അനുഭവിച്ചെന്ന് ഞാൻ പലപ്പോഴും പറഞ്ഞിട്ടുള്ളതാണ്.

ഓർ. ദൈവത്വത്തിൽ പീഡ അനുഭവിച്ചുകൊണ്ടാണോ അവനിത് ചെയ്തത്? അതോ, സഹനവിധേയമായ സ്വഭാവം അതിന്റെ പ്രകൃതിക്ക് അനുസൃതമായി സഹിക്കാൻ അനുവദിക്കയും ദൃശ്യമായത് മായയല്ല, പിന്നെയോ, മനുഷ്യസ്വഭാവത്തിൽ നിന്ന് സത്യമായി എടുത്തതാണെന്ന് പീഡകളിലൂടെ പ്രഖ്യാപിക്കുകയും ചെയ്യുക ആയിരുന്നോ? നമുക്കിതിനെ ഈ രീതിയിൽ കാണാം: ദൈവസ്വഭാവം അനന്തമാണെന്ന് നാം പറയുന്നുണ്ടോ?

എരാ. അതേ.

ഓർ. അനന്തസ്വഭാവത്തെ യാതൊന്നും പരിമിതപ്പെടുത്തുന്നില്ല.

എരാ. ശരി തന്നെ.

ഓർ. അതെല്ലായിടത്തും ഉള്ളതിനാൽ അതിന് അതിന്റെ സ്ഥാനം മാറേണ്ട ആവശ്യമില്ല.

എരാ. വാസ്തവം.

ഓർ. സ്ഥാനമാറ്റം ആവശ്യമില്ലാത്തതിന് നടക്കേണ്ട ആവശ്യവുമില്ല.

എരാ. അങ്ങനെ തോന്നുന്നു.

ഓർ. നടക്കാത്തത് ക്ഷീണിക്കുന്നില്ല.

എരാ. തീർച്ചയായും ഇല്ല.

ഓർ. ദൈവസ്വഭാവം അനന്തമാകയാലും നടക്കേണ്ട ആവശ്യം ഇല്ലാത്തതിനാലും അത് ക്ഷീണിക്കുന്നില്ല.

എരാ. എന്നാൽ "യേശു ക്ഷീണിതനായി" എന്ന് തിരുലിഖിതം പറയുന്നു.

www.malankaralibrary.com

യേശു ദൈവമാണ്. എന്തുകൊണ്ടെന്നാൽ "ഏക കർത്താവേശുക്രിസ്തു വേയുള്ളു. സമസ്തവും അവനിലൂടെ നിലനിൽക്കുന്നു" (1കൊറി.8,6).

ഓർ. അവൻ ക്ഷീണിതനായി എന്നും ക്ഷീണിതനാകുന്നില്ലെന്നും തിരു ലിഖിതം പറയുന്നു. തിരുലിഖിതം വ്യാജം പറയാത്തതിനാൽ, ഇവ രണ്ടും ശരിയാണ്. അപ്പോൾ ഈ രണ്ടു പ്രസ്താവനകളും ഏകയാളിൽ എങ്ങനെ ആരോപിക്കാനാകുമെന്നാണ് നാം പരിഗണിക്കേണ്ടത്.

എരാ. വിഭജനത്തിന്റെ ഭാഷ നീ തന്നെ അവതരിപ്പിച്ചതിനാൽ, നീ തന്നെ അത് കാട്ടിത്തന്നാലും.

ഓർ. ഒരു ബാർബേറിയനു പോലും വളരെ എളുപ്പത്തിൽ ഇതു കാണാൻ കഴിയും. കാരണം, വ്യത്യസ്ത സ്വഭാവങ്ങളുടെ ഐക്യമാണ് ഇവി ടെയുള്ളത്. ഐക്യം നിമിത്തം ക്രിസ്തുവിന്റെ വ്യക്തിത്വം രണ്ടുതരം പ്രസ്താ വനകളുടെയും കർത്താവാണ്. എന്നാൽ ഓരോന്നിന്റേയും സവിശേഷതകൾ അതാതിനു മാത്രം നാം ആരോപിക്കുന്നു എന്നുമാത്രം. വിവശനാകാൻ കഴി യാതിരിക്കുക അനന്തസ്വഭാവത്തിനും, ക്ഷീണിതനാകുന്നത് ചലിക്കുകയും നടക്കുകയും ചെയ്യുന്ന സ്വഭാവത്തിനും നാം ആരോപിക്കുന്നു. കാരണം, നടക്കുക എന്നത് കാലിന്റെ പ്രവൃത്തിയാണ്. അമിതാധ്വാനത്താൽ നീണ്ടു നിവർന്നു കിടക്കുന്നത് മസ്സിലുകളുടെ പ്രത്യേകതയാണ്.

എരാ. ഇവ ശാരീരികാവസ്ഥകളാണെന്ന് നാം അംഗീകരിക്കുന്നു.

ഓർ. നീ പൊട്ടിച്ചിരിച്ചാലും ഞാൻ പറഞ്ഞ പ്രവചനം ശരിയാണ്. മനു ഷ്യത്വത്തിനും ദൈവത്വത്തിനുമുള്ള സവിശേഷതകൾ നീ നമ്മെ കാണിച്ചു എന്നു ശ്രദ്ധിക്കുക.

എരാ. എന്നാൽ ഞാൻ ഏകപുത്രനെ ഇരുപുത്രന്മാരായി വിഭജിച്ചിട്ടില്ല.

ഓർ. എന്റെ സ്നേഹിതാ, ഞാനും ചെയ്തില്ല. സ്വഭാവങ്ങൾ തമ്മി ലുള്ള വ്യത്യാസത്തിൽ ദൃഷ്ടിയുറപ്പിച്ച്, ദൈവത്വത്തിനും ശരീരത്തിനും പ്രത്യേകമായിട്ടുള്ളവ നിശ്ചയിച്ചതേയുള്ളു.

എരാ. തിരുലിഖിതം ഇപ്രകാരം ഒരു വേർതിരിവ് വരുത്തുന്നില്ല. മറി ച്ച്, ദൈവപുത്രൻ മരിച്ചു എന്നു പറയുന്നു. കാരണം, ശ്ലീഹാ ഇപ്രകാരം പറ യുന്നു: "നാം പാപികളായിരുന്നപ്പോൾ, തന്റെ പുത്രന്റെ മരണംവഴി നാം ദൈവവുമായി അനുരഞ്ജിക്കപ്പെട്ടു" (റോമ.5,10). കർത്താവ് മരിച്ചവ രിൽനിന്ന് ഉയർപ്പിക്കപ്പെട്ടെന്നും അവൻ പറയുന്നു (1കൊറി.6,14).

ഓർ. "ഭക്തരായ മനുഷ്യർ സ്റ്റീഫനെ സംസ്ക്കരിച്ചു. അവനെ ചൊല്ലി വലിയ വിലാപം ആചരിച്ചു"(നട.8,2) എന്ന് തിരുലിഖിതം പറയുമ്പോൾ, അവന്റെ ശരീരത്തോടൊപ്പം ആത്മാവും കല്ലറയിൽ അടയ്ക്കപ്പെട്ടെന്ന് ആരെ ങ്കിലും പറയുമോ?

www.malankaralibrary.com

എരാ. ഒരിക്കലുമില്ല.

ഓർ. "എന്നെ എന്റെ പിതാക്കന്മാരോടൊപ്പം സംസ്ക്കരിക്കുക" എന്ന് പൂർവപിതാവായ യാക്കോബ് പറയുന്നതായി കേൾക്കുമ്പോൾ (ഉൽപ.49,29), അത് അവന്റെ ആത്മാവിനെ പറ്റിയാണോ ശരീരത്തെ പറ്റിയാണോ നീ മനസിലാക്കുക?

എരാ. സുസ്പഷ്ടമായി ശരീരത്തെപ്പറ്റിയാണ്.

ഓർ. താഴെവരുന്ന ടെക്സ്റ്റ് വായിക്കുക.

എരാ. "അവിടെ അവർ അബ്രഹാമിനെയും സാറായെയും സംസ്ക്കരിച്ചു. അവിടെ അവർ ഇസഹാക്കിനെയും അവന്റെ ഭാര്യയായ റിബേക്കായെയും സംസ്ക്കരിച്ചു. അവിടെ അവർ ലെയായെയും സംസ്ക്കരിച്ചു" (ഉൽപ.49,31)

ഓർ. നീ ഇപ്പോൾ വായിച്ച തിരുലിഖിതവാക്യം ശരീരത്തെപ്പറ്റി പരാമർശിക്കുന്നില്ല. പിന്നെയോ, ആത്മാവും ശരീരവുമുണ്ടായിരുന്ന ആളുകളുടെ പേരുകളാണ് പരാമർശിക്കുക. എങ്കിലും ആത്മാക്കൾ അമർത്യമാണെന്നും പൂർവപിതാക്കന്മാരുടെ ശരീരങ്ങൾ മാത്രമേ ഇരട്ടക്കല്ലറയിൽ സംസ്ക്കരിച്ചിട്ടുള്ളു എന്നും നാം ശരിയായി വേർതിരിക്കുകയും പറയുകയും ചെയ്യുന്നു.

എരാ. ശരിയാണ്.

ഓർ. "യോഹന്നാന്റെ സഹോദരനായ യാക്കോബിനെ ഹേറോദേസ് വാൾകൊണ്ട് വെട്ടിക്കൊന്നു" എന്ന നടപടിയിലെ ഭാഗം കേൾക്കുമ്പോൾ (12,2), അവന്റെ ആത്മാവും മരിച്ചെന്ന് നിശ്ചയമായും നാം അനുമാനിക്കുന്നില്ല.

എരാ. ഒരിക്കലുമില്ല. "ശരീരത്തെ കൊല്ലുകയും ആത്മാവിനെ കൊല്ലാൻ കഴിവില്ലാതിരിക്കുകയും ചെയ്യുന്നവരെ നിങ്ങൾ ഭയപ്പെടേണ്ട" എന്ന കർതൃവചനം അനുസ്മരിക്കുന്ന നമുക്ക് (മത്താ.10,28) എങ്ങനെ അപ്രകാരം ചിന്തിക്കാനാകും?

ഓർ. മാനുഷികപേരുകൾ കേൾക്കുമ്പോൾ ശരീരത്തോടൊപ്പം ആത്മാവിന്റെ കാര്യം എപ്പോഴും ചിന്തിക്കാറില്ല. മരണത്തെപ്പററിയും കല്ലറയെപ്പറ്റിയും തിരുലിഖിതം സംസാരിക്കുമ്പോൾ, നിന്റെ ചിന്തയിൽ ആത്മാവിനെ ശരീരവുമായി ബന്ധിക്കാറില്ല. എന്നാൽ ഈ വാക്കുകൾ ശരീരത്തെപ്പറ്റി മാത്രമാണ് പരാമർശിക്കുന്നതെന്ന് നീ മനസിലാക്കുന്നു. നീ കർതൃപ്രബോധനത്തിൽ വിശ്വസിക്കുന്നതിനാൽ, ആത്മാവ് അമർത്യമാണെന്ന് അറിയുന്നു. ദൈവപുത്രന്റെ പീഡാനുഭവത്തെപ്പറ്റി കേൾക്കുമ്പോൾ, നീ ഈ രീതിയിൽ ചിന്തിക്കാതിരിക്കുന്നത് നിന്ദ്യവും ദുഷ്ടതരവുമാണെന്ന് തോന്നുന്നില്ലേ? വചനമാം ദൈവത്തിന്റെ സ്വഭാവം സഹനവിധേയമാണെങ്കിൽ, ശരീരമെടുത്തത് അധികപ്പററായി പോകുമായിരുന്നെന്ന് നിനക്ക് അറിയാമെന്നിരിക്കെ,

www.malankaralibrary.com

പീഡാനുഭവത്തിന് വിധേയമായ ശരീരത്തെപ്പറ്റി യാതൊന്നും സൂചിപ്പിക്കാതെ, സഹനാതീതവും വ്യതിയാനരഹിതവും അമർത്യവുമായ ദൈവസ്വഭാവത്തെ മർത്യവും സഹനവിധേയവുമായി നീ അവതരിപ്പിക്കുന്നു.

എരാ. ദൈവപുത്രൻ പീഡ സഹിച്ചെന്ന് തിരുലിഖിതത്തിൽ നിന്ന് ഞാൻ പഠിച്ചിരിക്കുന്നു.

ഓർ. എന്നാൽ ദിവ്യശ്ലീഹാ പീഡാനുഭവം വ്യഖ്യാനിക്കുകയും പീഡ സഹിച്ച സ്വഭാവത്തെ വെളിപ്പെടുത്തുകയും ചെയ്യുന്നു.

എരാ. ഇത് എത്രയും വേഗം തെളിയിച്ച്, പ്രശ്നം അവസാനിപ്പിക്കാം.

ഓർ. "അതിനാൽ അവരെ സഹോദരർ എന്നു വിളിക്കാൻ അവൻ ലജ്ജിച്ചില്ല. അവൻ പറയുന്നു: അങ്ങേ നാമം എന്റെ സഹോദരരെ ഞാൻ അറിയിക്കും. സഭാമധ്യേ അങ്ങേക്കു ഞാൻ സ്തുതിഗീതം ആലപിക്കും. വീണ്ടും, ഇതാ, ഞാനും ദൈവം എനിക്കു തന്ന മക്കളും" എന്ന് ദിവ്യശ്ലീഹാ എബ്രായ ലേഖനത്തിൽ പറയുന്ന ഭാഗം നിനക്കറിവില്ലേ? (2,11-13).

എരാ. എനിക്ക് ഈ വാക്കുകൾ അറിയാം. എന്നാൽ തെളിയിക്കാമെന്ന് നീ വാഗ്ദാനം ചെയ്തതുമായി അതിനൊരു ബന്ധവുമില്ല.

ഓർ. എന്നാൽ ഞാൻ വാഗ്ദാനം ചെയ്തതിലേക്ക് അത് വെളിച്ചം വീശുന്നു. കാരണം, സാഹോദര്യസൂചന ബന്ധത്തിലേക്ക് വിരൽചൂണ്ടുന്നു. എടുക്കപ്പെട്ട സ്വഭാവമാണ് ആ ബന്ധത്തിന് ഇടനൽകിയത്. എടുക്കൽ ദൈവത്വത്തിന്റെ സഹനാതീതാവസ്ഥ വ്യക്തമായി പ്രഘോഷിക്കുന്നു. നിന്നെ ഇത് കൂടുതൽ വ്യക്തമായി പഠിപ്പിക്കാൻ കഴിയുന്നതിന്, താഴെ വരുന്നത് വായിക്കുക.

എരാ. "മക്കൾ ഒരേ മാംസത്തിലും രക്തത്തിലും ഭാഗഭാക്കുകളാകുന്നതു പോലെ, അവനും അവയിൽ ഭാഗഭാക്കായി. അത്, മരണത്തിന്മേൽ അധികാരമുള്ള പിശാചിനെ തന്റെ മരണത്താൽ നശിപ്പിച്ച് മരണഭയത്തോടെ ജീവിതകാലം മുഴുവൻ അടിമത്തത്തിൽ കഴിയുന്നവരെ രക്ഷിക്കുന്നതിനു വേണ്ടിയാണ്" (എബ്രാ.2,14-15).

ഓർ. ഈ വാക്കുകൾക്ക് വിശദീകരണം ആവശ്യമില്ലെന്ന് എനിക്കു തോന്നുന്നു. കാരണം, ദൈവികപദ്ധതിയുടെ രഹസ്യം അവ വ്യക്തമായി പഠിപ്പിക്കുന്നു.

എരാ. കാണിക്കാമെന്ന് നീ വാഗ്ദാനം ചെയ്തതൊന്നും ഈ വാക്കുകളിൽ ഞാൻ കാണുന്നില്ല.

ഓർ. എന്നാൽ സ്വഭാവത്തിന്മേൽ സ്രഷ്ടാവിന് അനുകമ്പയുണ്ടായെന്ന് ദിവ്യശ്ലീഹാ സ്പഷ്ടമായി പഠിപ്പിച്ചിരിക്കുന്നു. അത് ക്രൂരമായി മരണവിധേയമായിരുന്നു എന്നതിനു പുറമേ ജീവിതകാലം മുഴുവൻ ഭയത്തിന് അടിമ

www.malankaralibrary.com

പ്പെട്ടിരിക്കുക കൂടി ചെയ്തിരുന്നു. ഒരു ശരീരത്തിലൂടെ അവിടുന്ന് ശരീരങ്ങൾക്ക് ഉത്ഥാനം പ്രദാനം ചെയ്തു. ഒരു മർത്യസ്വഭാവത്തിലൂടെ മരണത്തിന്റെ അധികാരം തകർത്തുകളഞ്ഞു. കാരണം, അവന് അമർത്യസ്വഭാവം ഉണ്ടായിരുന്നതിനാലും നീതിപൂർവം മരണത്തിന്റെ അധികാരം ഇല്ലാതാക്കാൻ ആഗ്രഹിച്ചതിനാലും, മരണവിധേയരായവരുടെ ആദ്യഫലത്തെ അവൻ എടുക്കുകയും കുറ്റമറ്റതായും പാപരഹിതമായും അതിനെ സംരക്ഷിക്കുകയും അതിനെ മരണം പിടികൂടാനും അതിന്റെ തൃപ്തിവരാത്ത അത്യാർത്തിയെ തൃപ്തിപ്പെടുത്താനും അനുവദിക്കുകയും ചെയ്തു. അതിനെതിരെ മരണം നടത്തിയിരുന്ന നീതിരഹിതമായ തേർവാഴ്ചയ്ക്ക് അവൻ അന്ത്യം കുറിക്കുകയും ചെയ്തു. കാരണം, നീതിരഹിതമായി വിഴുങ്ങപ്പെട്ട ആദ്യഫലത്തെ അവൻ ഉയർപ്പിക്കുകയും മനുഷ്യകുലം അതിനെ പിൻചെല്ലാൻ പ്രാപ്തി നൽകുകയും ചെയ്തു. ശ്ലീഹായുടെ വാക്കുകളുമായി ഈ വ്യാഖ്യാനത്തെ താരതമ്യപ്പെടുത്തി, ദൈവത്വത്തിന്റെ സഹനാതീതാവസ്ഥ കാണുക.

എരാ. വായിച്ച വാക്കുകളിൽ ദൈവിക സഹനാതീതാവസ്ഥയെപ്പറ്റി യാതൊന്നും വെളിപ്പെടുത്തപ്പെടുന്നില്ല.

ഓർ. കൊള്ളാം. മരണത്തിന്മേൽ അധികാരമുള്ളവനെ മരണത്താൽ നശിപ്പിക്കുന്നതിന്, തന്റെ മക്കളുമായി ജഡരക്തങ്ങളിൽ അവൻ ഭാഗഭാക്കായെന്ന് ദിവ്യശ്ലീഹാ പറയുമ്പോൾ (എബ്രാ.2,14), ദൈവത്വം സഹനാതീതവും ജഡം സഹനവിധേയവുമാണെന്ന് വ്യക്തമായി കാണിക്കയല്ലേ ചെയ്യുക? അതുപോലെ ദൈവസ്വഭാവത്തിന് പീഡാസഹനം അസാധ്യമാകയാൽ, സഹനവിധേയമായ സ്വഭാവം അവനെടുത്ത്, പിശാചിന്റെ അധികാരം അതിലൂടെ അവസാനിപ്പിക്കുകയല്ലേ ചെയ്തത്?

എരാ. എങ്ങനെയാണ് അവൻ ജഡത്തിലൂടെ പിശാചിന്റെ അധികാരത്തിനും മരണത്തിന്റെ ഭരണത്തിനും അറുതി വരുത്തിയത്?

ഓർ. മനുഷ്യകുലത്തെ അടിമത്തത്തിൽ അമർത്താൻ എന്തായുധമാണ് ആരംഭം മുതൽ പിശാച് ഉപയോഗിച്ചത്?

എരാ. പറുദീസായിലെ പൗരനായിരുന്നവനെ പാപത്തിലുടെ അവൻ തടവുകാരനാക്കി.

ഓർ. കൽപന ലംഘനത്തിന് ദൈവം എന്തു ശിക്ഷയാണ് നൽകിയത്?

എരാ. മരണം.

ഓർ. അപ്പോൾ, മരണത്തിന്റെ മാതാവ് പാപമാണ്. പാപത്തിന്റെ പിതാവ് പിശാചാണ്.

എരാ. സത്യം.

www.malankaralibrary.com

ഓർ. അതുകൊണ്ട്, പാപം മനുഷ്യകുലത്തെ വളഞ്ഞു. കീഴടക്കപ്പെട്ട വരെ പാപം അടിമകളാക്കി, പൂർണമായി ദുഷ്ടനായ പിതാവിന്റെ പക്കലെത്തിക്കയും അതിന്റെ ഏറ്റവും ക്രൂരനായ സന്തതിക്ക് കയ്യാളിക്കുകയും ചെയ്തു.

എരാ. അത് വ്യക്തമാണ്.

ഓർ. അതുകൊണ്ട്, ഇരുശക്തികളെയും നശിപ്പിക്കാൻ ആഗ്രഹിച്ച സ്രഷ്ടാവ്, അവർ കടന്നാക്രമിച്ച സ്വഭാവം എടുത്തതും അതിനെ പൂർണമായി പാപവിമുക്തമാക്കിയതും പിശാചിന്റെ ഉരുക്കുമുഷ്ടിയിൽ നിന്ന് അത് വിമോചിതമായെന്ന് പ്രഖ്യാപിച്ചതും അതിലൂടെ മരണത്തിന്റെ അധികാരം നശിപ്പിച്ചതും ശരിയായിട്ടുള്ളതാണ്. കാരണം, മരണം പാപികൾക്കുള്ള ശിക്ഷയാകയാലും ദൈവികനിയമം ലംഘിച്ചുകൊണ്ട് മരണം നീതിരഹിതമായി പിടിച്ച കർതൃശരീരം പാപത്താൽ മലിനമാകാത്തതാകയാലും, നിയമരഹിതമായി പിടിക്കപ്പെട്ടതിനെ ദൈവം ആദ്യമായി ഉയർപ്പിച്ചു. നിയമാനുസൃതം തടവിലാക്കപ്പെട്ടവർക്ക് അതിനുശേഷം അവിടുന്ന് മോചനം വാഗ്ദാനം ചെയ്തു.

എരാ. നീതിപൂർവം മരണത്തിനു കയ്യാളിക്കപ്പെട്ട ശരീരങ്ങൾക്ക് നിയമ രഹിതമായി പിടിക്കപ്പെട്ടവനുള്ള ഉത്ഥാനത്തിലുള്ള പങ്കാളിത്തം ലഭിക്കുക നീതിപൂർവകമാണെന്ന് നിനക്കെങ്ങനെ ചിന്തിക്കാനാവും?

ഓർ. ആദം കൽപന ലംഘിച്ചപ്പോൾ, മനുഷ്യകുലം അതിന്റെ പൂർപിതാവിനെ അനുഗമിക്കുക നീതിപൂർവകമാണെന്ന് നിനക്കെങ്ങനെ ചിന്തിക്കാനാകും?

എരാ. മനുഷ്യകുലം ആ ലംഘനത്തിൽ ഭാഗഭാക്കായില്ലെങ്കിലും, അത് മറ്റുപാപങ്ങൾ ചെയ്തു. അതുകൊണ്ടാണ് അതിന് മരണത്തിൽ പങ്കാളിത്തം ലഭിച്ചത്.

ഓർ. എങ്കിലും പാപികൾ മാത്രമല്ല, പൂർവപിതാക്കന്മാർ, പ്രവാചകന്മാർ, ശ്ലീഹന്മാർ, വിവിധതരം സുകൃതങ്ങളാൽ പ്രശോഭിക്കുന്നവർ തുടങ്ങി നീതിമാന്മാരും മരണത്തിന്റെ വലയിൽ കുടുങ്ങുന്നു.

എരാ. തീർച്ചയായും. എന്തുകൊണ്ടെന്നാൽ, മർത്യമാതാപിതാക്കളിൽനിന്നു പിറക്കുന്നവർക്ക് എങ്ങനെ അമർത്യരാകാൻ കഴിയും? കാരണം, പാപത്തിനും ദൈവത്തിന്റെ വിധിവാചകത്തിനും ശേഷം ആദം മരണത്തിന്റെ അധികാരത്തിൻ കീഴിൽ വന്നുകഴിഞ്ഞപ്പോൾ, അവൻ തന്റെ ഭാര്യയെ അറിയുകയും അവൻ പിതാവെന്നു വിളിക്കപ്പെടുകയും ചെയ്തു. അവൻ മർത്യനാകയാൽ, മർത്യരുടെ പിതാവായിത്തീർന്നു. മർത്യസ്വഭാവം സ്വീകരിച്ചവരെല്ലാം അവരുടെ പൂർവപിതാവിനെ അനുഗമിക്കുക ന്യായമാണ്.

ഓർ. നാം എന്തുകൊണ്ടാണ് മരണത്തിൽ പങ്കാളികളാകുന്നതെന്ന് നീ നന്നായി കാണിച്ചിരിക്കുന്നു. അതുകൊണ്ട്, മരുന്ന് രോഗത്തിന് അനു

www.malankaralibrary.com

സ്യതമായിരിക്കണം എന്നതിനാൽ, ഉത്ഥാനത്തെ സംബന്ധിച്ചും കൃത്യമായി ഇതുപോലെയാണെന്ന് നാം അംഗീകരിക്കണം. കാരണം, പൂർവപിതാവ് ശപിക്കപ്പെട്ടപ്പോൾ മനുഷ്യകുലം മുഴുവൻ അവനോടൊപ്പം ശപിക്കപ്പെട്ടു. അതുപോലെ, രക്ഷകൻ ശാപത്തിന് അറുതിവരുത്തിയപ്പോൾ, പ്രകൃതി സ്വതന്ത്രമായി. ആദം പാതാളത്തിലേക്കു പോയപ്പോൾ, അവന്റെ സ്വഭാവത്തിൽ പങ്കാളിയായവർ അവനെ അനുഗമിച്ചു. അതുപോലെ, ഉത്ഥാനം ചെയ്ത കർത്താവായ ക്രിസ്തുവിനോടൊപ്പം മനുഷ്യകുലം മുഴുവൻ ജീവനിലേക്കുള്ള തിരിച്ചുവരവിൽ പങ്കുപറ്റും.

എരാ. സഭാപ്രബോധനം വെറുതെ തറപ്പിച്ചു പറഞ്ഞുകൊണ്ടല്ല, തെളിവുസഹിതമാണ് അവതരിപ്പിക്കേണ്ടത്. അതുകൊണ്ട്, തിരുലിഖിതം ഇത് പഠിപ്പിക്കുന്നെന്ന് കാണിച്ചുതന്നാലും.

ഓർ. ശ്ലീഹാ റോമാക്കാർക്കെഴുതുന്നതും അവരിലൂടെ സമസ്ത ജനങ്ങളെയും പഠിപ്പിക്കുന്നതും ശ്രവിക്കുക: "ഒരു മനുഷ്യന്റെ പാപംമൂലം വളരെപ്പേർ മരിച്ചെങ്കിൽ, ദൈവകൃപയും യേശുക്രിസ്തു എന്ന ഒരു മനുഷ്യന്റെ കൃപാദാനവും അനേകർക്ക് എത്രയധികം സമൃദ്ധമായി ലഭിച്ചിരിക്കുന്നു! ഒരുവന്റെ പാപഫലം പോലെയല്ല ഈ ദാനം. ഒരു പാപത്തിന്റെ ഫലമായുണ്ടായ വിധി ശിക്ഷയ്ക്ക് കാരണമായി. അനേകം പാപങ്ങൾക്കുശേഷമുണ്ടായ കൃപാദാനമാകട്ടെ, നീതീകരണത്തിലേക്കു നയിക്കുന്നു. ഒരു മനുഷ്യന്റെ പാപത്താൽ ആ മനുഷ്യൻ മൂലം മരണം ആധിപത്യം നടത്തിയെങ്കിൽ, കൃപയുടെയും നീതിയുടെയും ദാനത്തിന്റെയും സമൃദ്ധി സ്വീകരിക്കുന്നവർ യേശുക്രിസ്തു എന്ന ഒരു മനുഷ്യൻ മൂലം എത്രയോ അധികമായി ജീവനിൽ വാഴും!" (5,15-17). അവൻ തുടർന്നു പറയുന്നു: "അങ്ങനെ, ഒരു മനുഷ്യന്റെ പാപം എല്ലാവർക്കും ശിക്ഷാവിധിക്ക് കാരണമായതുപോലെ, ഒരു മനുഷ്യന്റെ നീതിപൂർവകമായ പ്രവൃത്തി എല്ലാവർക്കും ജീവദായകമായ നീതീകരണത്തിന് കാരണമായി. 'ഒരു മനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായി തീർന്നതുപോലെ, ഒരു മനുഷ്യന്റെ അനുസരണത്താൽ അനേകർ നീതിയുള്ളവരാകും" (5,18-19).

ഉത്ഥാനത്തെപ്പറ്റി കൊറിന്തോസുകാരോട് സംസാരിക്കുമ്പോൾ, ഒരു ചെറിയ വാചകത്തിലൂടെ ദൈവികപദ്ധതിയുടെ രഹസ്യം അവൻ അവർക്ക് വെളിപ്പെടുത്തിക്കൊണ്ട് പറയുന്നു: "ക്രിസ്തു ഇപ്പോൾ മരിച്ചവരുടെ ഇടയിൽനിന്ന് ഉയർപ്പിക്കപ്പെടുകയും നിദ്രപ്രാപിച്ചവരുടെ ആദ്യഫലമായി തീരുകയും ചെയ്തു. ഒരു മനുഷ്യൻ വഴി മരണം ഉണ്ടായതുപോലെ, ഒരു മനുഷ്യൻ വഴി മരിച്ചവരുടെ ഉത്ഥാനവും ഉണ്ടായി. കാരണം, ആദത്തിൽ എല്ലാവരും മരിക്കുന്നതുപോലെ, ക്രിസ്തുവിൽ എല്ലാവർക്കും ജീവൻ ലഭിക്കും" (1കൊറി.15,20-22).

ഞാൻ നിനക്ക് ദിവ്യവചനത്തിൽ നിന്ന് തെളിവ് തന്നിരിക്കുന്നു.

www.malankaralibrary.com

ക്രിസ്തുവിനെ പറ്റി പറഞ്ഞിരിക്കുന്നത്, ആദത്തെപ്പറ്റി പറഞ്ഞിരിക്കുന്നതുമായി താരതമ്യപ്പെടുത്തിയിരിക്കുന്നത് കാണുക. സൗഖ്യം രോഗവുമായും, പ്രതിവിധി മുറിവുമായും, നീതീകരണത്തിന്റെ സമൃദ്ധി പാപവുമായും, അനുഗ്രഹം ശാപവുമായും, ക്ഷമിക്കൽ വിധിവാചകവുമായും, അനുസരണം ലംഘനവുമായും, ജീവൻ മരണവുമായും, രാജ്യം പാതാളവുമായും, ക്രിസ്തു ആദവുമായും, മനുഷ്യൻ മനുഷ്യനുമായും താരതമ്യപ്പെടുത്തിയിരിക്കുന്നത് കാണുക. കർത്താവായ ക്രിസ്തു മനുഷ്യൻ മാത്രമല്ല, നിത്യദൈവവുമാണ്. എടുക്കപ്പെട്ട സ്വഭാവമനുസരിച്ചാണ് ദിവ്യശ്ലീഹാ അവന്റെ പേരു വിളിച്ചത്. കാരണം, ആദത്തിന്റെ അവസ്ഥ അതുമായി അവൻ താരതമ്യപ്പെടുത്തുകയായിരുന്നു. എന്തുകൊണ്ടെന്നാൽ നീതീകരണം ഈ സ്വഭാവത്തിന്റേതാണ്, പോരാട്ടം ഈ സ്വഭാവത്തിന്റേതാണ്, വിജയം ഈ സ്വഭാവത്തിന്റേതാണ്, പീഡാസഹനം ഈ സ്വഭാവത്തിന്റേതാണ്, മരണം ഈ സ്വഭാവത്തിന്റേതാണ്, ഉത്ഥാനം ഈ സ്വഭാവത്തിന്റേതാണ്, നാം ഈ സ്വഭാവത്തിൽ ഭാഗഭാക്കുകളാകുന്നു. രാജ്യത്തിന്റെ ജീവിതരീതി പരിശീലിച്ചവർ ഈ സ്വഭാവത്തോടുകൂടെ ഭരിക്കുന്നു. ദൈവത്വം വേർപെടുത്താനല്ല, പിന്നെയോ, മനുഷ്യത്വത്തിന്റെ സവിശേഷതകൾ അവതരിപ്പിക്കാനാണ് ഞാൻ ഈ രീതിയിൽ സംസാരിച്ചത്.

എരാ. ഈ വിഷയം സംബന്ധിച്ച് നീ വിശദമായി സംസാരിക്കുകയും തിരുലിഖിതസാക്ഷ്യങ്ങളാൽ നിന്റെ വാക്കുകൾ ഉറപ്പിക്കുകയും ചെയ്തിരിക്കുന്നു. പീഡാനുഭവം യഥാർഥത്തിൽ ജഡത്തിന്റേതാണെങ്കിൽ, "തന്റെ സ്വന്തം പുത്രനെപ്പോലും ഒഴിവാക്കാതെ നമുക്കെല്ലാവർക്കുംവേണ്ടി അവനെ ഏൽപ്പിച്ചുതന്നു" എന്ന് എങ്ങനെ ദിവ്യശ്ലീഹായ്ക്ക് മനുഷ്യരോട് ദൈവത്തിന്റെ സ്നേഹത്തിന്റെ സുതിപ്പുകൾ പാടി പ്രഘോഷിക്കാനാവും? (റോമ.8,32). എന്തു പുത്രനെ ഏൽപിച്ചുകൊടുത്തു എന്നാണ് അവൻ പറയുന്നത്?

ഓർ. സർ, നിന്റെ ഭാഷ സൂക്ഷിക്കുക. കാരണം, ഒരു ദൈവപുത്രൻ മാത്രമേയുള്ളു. അതുകൊണ്ടാണ് അവൻ 'ഏകജാതൻ' എന്നു വിളിക്കപ്പെടുന്നത്.

എരാ. ഒരു ദൈവപുത്രൻ മാത്രം ഉള്ളതിനാലാണ് ദിവ്യശ്ലീഹാ അവനെ 'തന്റെ പുത്രൻ' എന്നു വിളിച്ചിരിക്കുന്നത്.

ഓർ. വാസ്തവം.

എരാ. അതുകൊണ്ട്, "അവനെ ഏൽപിച്ചുകൊടുത്തു" എന്ന് അവൻ പറഞ്ഞു.

ഓർ. അതേ. എന്നാൽ നാം പലപ്പോഴും ഏറ്റുപറഞ്ഞതുപോലെ, ശരീരം കൂടാതെയല്ല.

www.malankaralibrary.com

എരാ. അവൻ ഒരാത്മാവും ശരീരവും എടുത്തു എന്ന് നാം മിക്കപ്പോഴും ഏറ്റുപറഞ്ഞിട്ടുള്ളതാണ്.

ഓർ. അപ്പോൾ, ശരീരത്തിനു സംഭവിച്ചവയെപ്പറ്റിയാണ് ശ്ലീഹാ സംസാരിച്ചത്.

എരാ. "തന്റെ സ്വന്തം പുത്രനെ ഒഴിവാക്കാതെ" എന്ന് ദിവ്യശ്ലീഹാ വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നു.

ഓർ. "എനിക്കുവേണ്ടി നിന്റെ പുത്രനെ നീ ഒഴിവാക്കാതിരുന്നതിനാൽ", എന്ന് ദൈവം അബ്രഹാമിനോടു പറയുന്നത് നീ കേൾക്കുമ്പോൾ, ഇസഹാക്ക് ബലികഴിക്കപ്പെട്ടെന്ന് നീ പറയുന്നുണ്ടോ? (ഉൽപ.22,16).

എരാ. ഒരിക്കലുമില്ല.

ഓർ. എന്നിട്ടും ദൈവം പറയുന്നു, "നീ ഒഴിവാക്കിയില്ല". പ്രാപഞ്ചിക ദൈവം സത്യവാനാണോ?

എരാ. "നീ ഒഴിവാക്കിയില്ല" എന്ന വാക്കുകൾ അബ്രഹാമിന്റെ സന്നദ്ധതയെ സൂചിപ്പിക്കുന്നു. അതുകൊണ്ടാണ് അവൻ തന്റെ മകനെ ബലി കഴിക്കാൻ തുടങ്ങിയത്. എന്നാൽ ദൈവം അവനെ തടഞ്ഞു.

ഓർ. അബ്രഹാമിന്റെ കാര്യത്തിൽ നീ അക്ഷരത്തിൽ തൂങ്ങി നിൽക്കാതെ അത് വിശദീകരിച്ച് അതിന്റ അർഥം വ്യക്തമാക്കി. അതുപോലെ, ശ്ലീഹായുടെ വാക്കുകളുടെ ഉദ്ദേശ്യമെന്താണെന്ന് പഠിക്കണം. കാരണം, നിശ്ചയമായും ദൈവസ്വഭാവത്തെയല്ല ഒഴിവാക്കാതിരുന്നത്, പിന്നെയോ, കുരിശിൽ തറയ്ക്കപ്പെട്ട ശരീരമാണെന്ന് നിനക്ക് കാണാനാകും. യാഥാർഥ്യം പ്രതീകത്തിൽ തിരിച്ചറിയാൻ വളരെ എളുപ്പമാണ്. ലോകത്തിനുവേണ്ടി അർപ്പിക്കപ്പെട്ട പാവനാനുഷ്ഠാനത്തിന്റെ ഒരു പ്രതീകമാണ് അബ്രഹാമിന്റെ ബലിയെന്നു നീ കരുതുന്നുണ്ടോ?

എരാ. ഒരിക്കലുമില്ല. കാരണം, പള്ളികളിൽ ആലങ്കാരികമായി പറഞ്ഞ വാക്കുകൾ വിശ്വാസപ്രഖ്യാപനത്തിന്റെ മാതൃകകളായി ഞാൻ അംഗീകരിക്കുന്നില്ല.

ഓർ. സഭാപ്രബോധകരെ പിൻചെല്ലുക നിശ്ചയമായും അവശ്യാവശ്യമാണ്. എന്നാൽ നീ ശരിയായി പ്രവർത്തിക്കാതെ അവരോട് പോരാടുന്നതിനാൽ, യഹൂദരോട് രക്ഷകൻ പറഞ്ഞത് ശ്രദ്ധിക്കുക: "എന്റെ ദിവസം കാണാൻ നിങ്ങളുടെ പിതാവായ അബ്രഹാം ആഗ്രഹിച്ചു. അവൻ അതു കാണുകയും സന്തോഷിക്കുകയും ചെയ്തു" (യോഹ. 8,56). പീഡാനുഭവത്തെ കർത്താവ് "ദിവസം" എന്നു വിളിക്കുന്നത് പരിഗണിക്കുക.

എരാ. കർതൃസാക്ഷ്യം ഞാൻ സ്വീകരിക്കയും മുൻകുറിയെ വിശ്വസിക്കുകയും ചെയ്യുന്നു.

www.malankaralibrary.com

ഓർ. മുൻകുറിയെ യാഥാർഥ്യവുമായി താരതമ്യപ്പെടുത്തുക. അപ്പോൾ, മുൻകുറിയിൽപോലും ദൈവത്വത്തിന്റെ സഹനാതീതാവസ്ഥ നിനക്ക് കാണാൻ കഴിയും. കാരണം, രണ്ടിടത്തും ഓരോ പിതാവുണ്ട്, രണ്ടിടത്തും ഓരോ വത്സലപുത്രനുണ്ട്. ഓരോരുത്തരും ബലിവസ്തു വഹിച്ചുകൊണ്ടു പോകുന്നു. ഒരാൾ വിറക് ചുമന്നുകൊണ്ടുപോയി, മറ്റെയാൾ കുരിശ് തന്റെ ചുമലിൽ വഹിച്ചു. രണ്ടു ബലികൾക്കും യോഗ്യമായ സ്ഥലം മലമുകളായി പരിഗണിക്കപ്പെട്ടെന്ന് പറയപ്പെടുന്നു. രാപകലുകളുടെ എണ്ണവും അവയ്ക്കു ശേഷമുള്ള ഉത്ഥാനവും ഒത്തുപോകുന്നു. കാരണം, കാരുണ്യവാൻ കൽപിച്ച ദിവസംമുതൽ തന്നെ തന്റെ പിതാവിന്റെ സന്നദ്ധതയിലൂടെ ഇസഹാക്ക് ബലികഴിക്കപ്പെട്ടു. മനുഷ്യരെ സ്നേഹിക്കുന്നവന്റെ ശബ്ദത്തിലൂടെ, മുൻകുറി എന്നവണ്ണം മൂന്നാംദിവസം അവൻ ജീവനിലേക്ക് തിരികെ വന്നു. കുറ്റിക്കാട്ടിൽ കുടുങ്ങിക്കിടന്ന ഒരു മുട്ടാട് കാണപ്പെട്ടു. അത് കുരിശിന്റെ ച്ഛായ വെളിപ്പെടുത്തി. ശിശുവിനു പകരം അതിനെ വെട്ടി ബലിയർപ്പിച്ചു. ഇത് യാഥാർഥ്യത്തിന്റെ മുൻകുറിയാണ്, മുൻകുറിയിൽ ഏകജാതൻ ബലികഴിക്കപ്പെട്ടില്ല. പിന്നെയോ, അതിനുപകരം മുട്ടാട് കാണപ്പെടുകയും അതിനെ ബലിപീഠത്തിൽ സമർപ്പിക്കുകയും പാവനാനുഷ്ഠാനത്തിന്റെ രഹസ്യം പൂർത്തിയാക്കുകയും ചെയ്തു. എങ്കിൽ ഈ കാര്യത്തിൽ നീ എന്തുകൊണ്ട് പീഡാസഹനം മാംസത്തിന് ആരോപിച്ച്, ദൈവത്വത്തിന്റെ സഹനാതീതാവസ്ഥ പ്രഘോഷിക്കുന്നില്ല?

എരാ. മുൻകുറിയുടെ വിശദാംശങ്ങൾ ചർച്ചചെയ്ത കൂട്ടത്തിൽ ദൈവികസ്വരത്തിലൂടെ ഇസഹാക്കിനെ ജീവനിലേക്ക് തിരികെ കൊണ്ടുവന്നെന്ന് നീ പറയുകയുണ്ടായി. അപ്പോൾ യാഥാർഥ്യത്തെ മുൻകുറിക്കനുസൃതമായി അനുരൂപപ്പെടുത്തി, വചനമാം ദൈവം പീഡ അനുഭവിക്കയും ജീവനിലേക്ക് തിരികെ വരികയും ചെയ്തെന്ന് പ്രഘോഷിച്ചാൽ, നാം ന്യായരഹിതമായിട്ടായിരിക്കയില്ല പ്രവർത്തിക്കുക.

ഓർ. മൂലത്തിനുള്ളതെല്ലാം പ്രതിച്ഛായക്ക് കാണണമെന്നില്ലെന്ന് ഞാൻ പലപ്പോഴും പറഞ്ഞിട്ടുള്ളതാണ്. ഇത് ഇവിടെ എളുപ്പം ഗ്രഹിക്കാനാവും. വ്യത്യസ്തസ്വഭാവങ്ങൾക്ക് അനുസൃതമായി ഇസഹാക്കും മുട്ടാടും ഛായക്ക് ചേരുന്നതാണ്. എന്നാൽ വേർപെട്ട സുസ്ഥിതയാഥാർഥ്യങ്ങളുടെ വ്യത്യാസം നിമിത്തം അവ ചേരുന്നതല്ല. നാം ദൈവത്വത്തെയും മനുഷ്യത്വത്തെയും പറ്റി പ്രസംഗിക്കുന്നു. എന്നാൽ വിഭജിതമല്ലാത്ത ഏകയാളായി നാം മനസിലാക്കുന്നു. ഒരേയൊരാൾ ദൈവവും മനുഷ്യനും, ദൃശ്യനും അദൃശ്യനും, പരിമിതനും അനന്തനും ആണെന്ന് നമുക്കറിയാം. ദൈവത്വവും മനുഷ്യത്വവും വെളിപ്പെടുത്തുന്നവയെല്ലാം നാം ഏകയാളിന് ആരോപിക്കുന്നു. അതുകൊണ്ട്, ദൈവച്ഛായാരഹിതവും ബുദ്ധിരഹിതവുമായ യാഥാർഥ്യമായ മുട്ടാടിൽ ജീവനിലേക്കുള്ള തിരിച്ചുവരവ് മുൻകുറിയായി കാണിക്കാനാവില്ല. അതുകൊണ്ട് ഇസഹാക്കും മുട്ടാടും കൂടി ദൈവികപദ്ധതിയുടെ രഹസ്യത്തിലേക്ക്

www.malankaralibrary.com

വിരൽചൂണ്ടുന്ന മുൻകുറി തങ്ങളുടെ ഇടയിൽ പങ്കിടുന്നു: ഒന്ന് മരണത്തിന്റെ പ്രതീകം വെളിപ്പെടുത്തുന്നു; മറ്റത് ഉത്ഥാനത്തിന്റേതും. മോശയുടെ ബലി കളിലും ഇതുതന്നെ നാം കാണുന്നു. രക്ഷാകരമായ പീഡാനുഭവത്തിന്റെ മുൻകുറി അവയിൽ മുൻസൂചനയായി കാണാൻ കഴിയും.

എരാ. മോശയുടെ ഏത് ബലിയാണ് യാഥാർഥ്യത്തിന്റെ നിഴലായിരി ക്കുന്നത്?

ഓർ. പഴയനിയമം മുഴുവൻ പുതിയതിന്റെ മുൻകുറിയാണെന്നു പറ യാം. അതുകൊണ്ടാണ്, "വരാനിരിക്കുന്ന നന്മകളുടെ നിഴലായ നിയമം" എന്നും "ഇവയെല്ലാം മുൻകുറി ആയിട്ടാണ് അവർക്ക് സംഭവിച്ചത്" എന്നും ദിവ്യശ്ലീഹാ വ്യക്തമായി പറയുന്നത് (എബ്രാ.10,1;1കൊറി.10,11). ഈജിപ്തിൽ അറുക്കപ്പെട്ട കുഞ്ഞാടും പാളയത്തിനു വെളിയിൽ ദഹിപ്പിക്കപ്പെട്ട ചെമന്ന പശുക്കിടാവും മൂലത്തിന്റെ ച്ഛായ വളരെ വ്യക്തമായി വെളിപ്പെടുത്തുന്നു (പുറ.12,21; സംഖ്യ 19,2-3). എബ്രായലേഖനത്തിൽ ശ്ലീഹാ ഇത് അനു സ്മരിക്കുകയും ഇപ്രകാരം കൂട്ടിച്ചേർക്കുകയും ചെയ്യുന്നു: "അതുകൊണ്ട് യേശുവും തന്റെ സ്വന്തം രക്തത്തിലൂടെ ജനത്തെ വിശുദ്ധീകരിക്കാൻ കവാ ടത്തിനു പുറത്തുവച്ച് പീഡനമേറ്റു" (13,12). എന്നാൽ ഇവയൊന്നും ഞാനി പ്പോൾ സൂചിപ്പിക്കുന്നില്ല. ബലിയർപ്പിക്കാനും സ്വതന്ത്രമായി വിട്ടയക്കാനു മുള്ള രണ്ട് കോലാടുകളുമായി താരതമ്യപ്പെടുത്തുന്നത് ദൈവദൂഷണ മാണെന്ന് നീ കരുതുന്നില്ലേ?

ഓർ. പാമ്പാണോ, കോലാടാണോ കൂടുതൽ നിന്ദ്യവും ഒഴിവാക്കേണ്ട തുമെന്ന് നിനക്കു തോന്നുന്നത്?

എരാ. പാമ്പാണ് സ്പഷ്ടമായി നിന്ദ്യമായിട്ടുള്ളത്. കാരണം, അതി നെ സമീപിക്കുന്നവരെ അത് ഉപദ്രവിക്കുന്നു, അതിനൊരുപദ്രവവും ചെയ്യാ ത്തവരെ പലപ്പോഴും അത് മുറിവേൽപ്പിക്കുകയും ചെയ്യുന്നു. നിയമാനുസൃതം ശുദ്ധവും ഭക്ഷ്യയോഗ്യവുമായ മൃഗങ്ങളിൽ ഒന്നാണ് കോലാട്.

ഓർ. കർത്താവ് തന്റെ രക്ഷാകരമായ പീഡാനുഭവത്തെ പിച്ചളസർപ്പ ത്തോട് താരതമ്യപ്പെടുത്തുന്നത് കേട്ടാലും: "മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ, തന്നിൽ വിശ്വസിക്കുന്നവർ ആരും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്, മനുഷ്യപുത്രനും ഉയർത്തപ്പെടേണ്ടിയിരി ക്കുന്നു" (യോഹ.3,14-15). പിച്ചളസർപ്പം ക്രൂശിതശരീരത്തിന്റെ മുൻകുറി ആയിരുന്നെങ്കിൽ, കോലാടുകളുടെ ബലിയെ രക്ഷാകരപീഡാനുഭവവുമായി താരതമ്യപ്പെടുത്തിയതിൽ എന്തു തെറ്റാണുള്ളത്?

എരാ. കാരണം, കർത്താവിനെ യോഹന്നാൻ കുഞ്ഞാടെന്നു വിളിച്ചി രിക്കുന്നു. ഏശായായും അതുപോലെ അവനെ കുഞ്ഞാടെന്നും ചെമ്മരി യാടെന്നും വിളിച്ചു (യോഹ.1,29-36; ഏശാ.53,7).

www.malankaralibrary.com

ഓർ. എന്നാൽ ഭാഗ്യവാനായ പൗലോസ് അവനെ പാപമെന്നും ശാപമെന്നും വിളിക്കുന്നു (2കൊറി.5,21;ഗലാ.3,13). ശാപമെന്ന നിലയിൽ അവൻ, ശപിക്കപ്പെട്ട സർപ്പത്തിന്റെ പ്രതീകം പൂർത്തിയാക്കുന്നു. പാപമെന്ന നിലയിൽ അവൻ കോലാടുകളുടെ ബലിയുടെ ഛായ വെളിപ്പെടുത്തുന്നു. നിയമാനുസൃതം കുഞ്ഞാടിനെയല്ല, കോലാട്ടിൻകുട്ടിയെയാണ് പാപപരിഹാരാർഥം അർപ്പിക്കേണ്ടത് (ലേവ്യ 16,;4,23). അതുകൊണ്ടാണ് കർത്താവ് സുവിശേഷത്തിൽ നീതിമാന്മാരെ കുഞ്ഞാടുകളുമായും പാപികളെ കോലാടുകളുമായും താരതമ്യപ്പെടുത്തിയത് (മത്താ.25,32). അതുകൊണ്ട്, താൻ പീഡാനുഭവത്തിനു വിധേയനാകുന്നത് നീതിമാന്മാർക്കുവേണ്ടി മാത്രമല്ല, പാപികൾക്കുവേണ്ടികൂടി ആകയാൽ, തന്റെ പാവനാനുഷ്ഠാനം കുഞ്ഞാടുകളിലൂടെയും കോലാടുകളിലൂടെയും സൂചിപ്പിക്കുക ഉചിതമായിരുന്നു.

എരാ. എന്നാൽ രണ്ട് കോലാടുകളുടെ പ്രതീകം രണ്ടാളുകളെപ്പറ്റി ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു.

ഓർ. മനുഷ്യത്വത്തിന്റെ സഹനവിധേയത്വവും ദൈവത്വത്തിന്റെ സഹനാതീതത്വവും ഒരൊറ്റ കോലാടിനെ കൊണ്ട് സൂചിപ്പിക്കാൻ കഴിയില്ല. കാരണം, അതിന്റെ കൊലയ്ക്കുശേഷം അതിന് അതിന്റെ  ജീവനുള്ള പ്രകൃതം കാണിക്കാൻ കഴിയില്ല. അതുകൊണ്ട്, രണ്ട് സ്വഭാവങ്ങൾ വെളിപ്പെടുത്താനാണ് രണ്ട് കോലാടുകളെ എടുത്തത്. മറ്റൊരു ബലിയിൽനിന്നും ഈ പാഠം തന്നെ ഗ്രഹിക്കാനാവും.

എരാ. ഏതാണത്?

ഓർ. "ശുദ്ധിയുള്ള രണ്ട് പറവകളെ സമർപ്പിക്കണം, ഒന്നിനെ ബലികഴിക്കണം, ബലിയർപ്പിക്കപ്പെട്ടതിന്റെ രക്തത്തിൽ മുക്കിയശേഷം മറ്റതിനെ പറത്തിവിടണം" എന്ന് നിയമദാതാവ് കൽപിക്കുന്നു (ലേവ്യ.14,50-53). ഒന്ന് ബലിയർപ്പിക്കപ്പെടുകയും മറ്റത് തന്റെമേൽ വേദന വഹിക്കുകയും ചെയ്യുന്നതിനാൽ, ഇവിടെയും നാം ദൈവത്വത്തിന്റെയും മനുഷ്യത്വത്തിന്റെയും മുൻകുറി  കാണുന്നു.

എരാ. ചരിത്രപരമായ വിവരണങ്ങൾ പോലും മുൻകുറികളാണെന്ന് ദിവ്യശ്ലീഹാ പറയുന്നു. ഹാഗാറിനെ പഴയ ഉടമ്പടിയുടെ പ്രതീകമെന്നു വിളിക്കുന്നു; സാറായെ സ്വർഗീയ ജറുസലേമുമായി താരതമ്യപ്പെടുത്തുന്നു. ഇഷ്മായേലിനെ ഇസ്രായേലിന്റെ പ്രതീകമെന്നും ഇസഹാക്കിനെ പുതിയ ജനത്തിന്റെ പ്രതീകമെന്നും വിളിക്കുന്നു. അതുകൊണ്ട്, ആത്മാവിന്റെ ശക്തനായ കുഴലൂത്തുകാരൻ ഗൂഢാർഥ പ്രസ്താവനകൾ നമുക്കെല്ലാവർക്കും വേണ്ടി നടത്തിയതിനാൽ, അവനെ കുറ്റപ്പെടുത്തുക! (ഗലാ.4,31-31).

എരാ. ഇവയ്ക്കു പുറമേ പതിനായിരം പ്രസ്താവനകൾ എന്റെ മുമ്പിൽ അവതരിപ്പിച്ചാലും, പീഡാനുഭവത്തെ വിഭജിക്കാൻ എന്നെ പ്രേരിപ്പിക്കാൻ

www.malankaralibrary.com

നിന്നെക്കൊണ്ടാവില്ല. കാരണം, ദുതൻ മറിയത്തോടു പറഞ്ഞത് ഞാൻ കേൾക്കുന്നു: ''കർത്താവിനെ എവിടെ വച്ചെന്ന് നോക്കിക്കാണുക'' (മത്താ. 28,6).

ഓർ. ഞങ്ങളും സാധാരണയായി ഇപ്രകാരം ചെയ്യാറുണ്ട്. കാരണം, ഞങ്ങളും ഭാഗത്തിന് പൊതുപേരുകൾ നൽകാറുണ്ട്. വിശുദ്ധ ശ്ലീഹന്മാരുടെയോ, പ്രവാചകന്മാരുടെയോ, രക്തസാക്ഷികളുടെയോ കല്ലറകളിലേക്ക് പോകുമ്പോൾ, അവിടെ പെട്ടിയിൽ കിടക്കുന്നതാരാണെന്ന് നാം ചോദിക്കാറുണ്ട്. സത്യം അറിയാവുന്നവർ മറുപടിയായി പറയും, തോമാശ്ലീഹായുടേതാണ്, സ്നാപകയോഹന്നാന്റേതാണ്, രക്തസാക്ഷികളിൽ പ്രമുഖനായ സ്റ്റീഫന്റേതാണ്, അഥവാ, മറ്റേതെങ്കിലും വിശുദ്ധന്റെ പേരെടുത്തു പറയുന്നു. ചിലപ്പോൾ പൊട്ടുംപൊടിയും മാത്രമേ അവിടെ ഉണ്ടായിരിക്കൂ. എന്നാൽ ആത്മാവിനെയും ശരീരത്തെയും സൂചിപ്പിക്കുന്ന ഈ പൊതുപേരുകൾ കേട്ടാൽ, കല്ലറകളിൽ ആത്മാവും അടക്കം ചെയ്തിരിക്കുന്നെന്ന് ആരുംതന്നെ കരുതാറില്ല. ശരീരമോ, ശരീരഭാഗമോ മാത്രമേ അവിടെ അടക്കം ചെയ്തിട്ടുള്ളെന്ന് അവനറിയാം. ആളുടെ പേരോടുകൂടെ ശരീരത്തെപ്പറ്റി പരാമർശിച്ചപ്പോൾ, ആ വിശുദ്ധ മാലാഖയും ഇതുതന്നെയാണ് ചെയ്തത്.

എരാ. ദൂതൻ കർതൃശരീരത്തെപ്പറ്റിയാണ് സ്ത്രീകളോട് പറഞ്ഞതെന്ന് നിനക്കെങ്ങനെ കാണിക്കാൻ കഴിയും?

ഓർ. ഒന്നാമത് ഈ പ്രശ്നം പരിഹരിക്കാൻ കല്ലറ മാത്രം മതി. കാരണം, ആത്മാവ് കല്ലറയിൽ വയ്ക്കപ്പെടുന്നില്ല. കല്ലറകൾ ശരീരങ്ങൾക്കുവേണ്ടി സജ്ജമാക്കപ്പെടുന്നതിനാൽ, തീർച്ചയായും അനന്തസ്വഭാവം അടയ്ക്കപ്പെടുന്നില്ല. അടുത്തത്, തിരുലിഖിതവും ഇതുതന്നെ പഠിപ്പിക്കുന്നു.

ദിവ്യപ്രചോദിതനായ മത്തായി ഈ രീതിയിൽ ആ സംഭവം വിവരിക്കുന്നു: "വൈകുന്നേരമായപ്പോൾ അരിമത്യാക്കാരൻ ജോസഫ് എന്ന ധനികൻ അവിടെയെത്തി. അവനും യേശുവിന് ശിഷ്യപ്പെട്ടിരുന്നു. അവൻ പീലാത്തോസിന്റെ അടുത്തുചെന്ന് യേശുവിന്റെ ശരീരം ചോദിച്ചു. അത് അവന് വിട്ടുകൊടുക്കാൻ പീലാത്തോസ് കൽപിച്ചു. ജോസഫ് ആ ശരീരമെടുത്ത് ശുചിയായ ഒരു തുണിയിൽ പൊതിഞ്ഞ്, പാറയിൽ വെട്ടിയുണ്ടാക്കിയ തന്റെ പുതിയ കല്ലറയിൽ സംസ്ക്കരിച്ചു. കല്ലറയുടെ വാതിൽക്കൽ ഒരു വലിയ കല്ലുരുട്ടിവച്ചിട്ട് അവൻ പോയി" (27,57-60). ദൈവത്വത്തെ ദുഷിക്കുന്നവരുടെ നാവടയ്ക്കാൻ എത്ര പ്രാവശ്യം അവൻ ശരീരത്തെപ്പറ്റി സൂചിപ്പിച്ചെന്നു കാണുക.

അതിഭാഗ്യവാനായ മർക്കോസും ഇപ്രകാരം തന്നെ ചെയ്തു. അവന്റെ വിവരണം പറയാം. അവൻ പറയുന്നു:

"അന്ന് സാബതിന് തൊട്ടുമുമ്പുള്ള ഒരുക്കദിവസമായിരുന്നു. അതിനാൽ

www.malankaralibrary.com

വൈകുന്നേരമായപ്പോൾ അരിമത്യാക്കാരനായ ജോസഫ് ധൈര്യപൂർവം പീലാത്തോസിനെ സമീപിച്ചു. അവൻ ആലോചനാസംഘത്തിലെ ബഹുമാന്യനായ ഒരംഗവും ദൈവരാജ്യം പ്രതീക്ഷിച്ചിരുന്നവനും ആയിരുന്നു. അവൻ പീലാത്തോസിന്റെ അടുത്തെത്തി യേശുവിന്റെ ശരീരം ചോദിച്ചു. അവൻ മരിച്ചുകഴിഞ്ഞുവോ എന്ന് പീലാത്തോസ് വിസ്മയിച്ചു. അവൻ ശതാധിപനെ വിളിച്ച്, അവൻ ഇതിനോടകം മരിച്ചുകഴിഞ്ഞോ എന്നന്വേഷിച്ചു. ശതാധിപനിൽ നിന്ന് വിവരം അറിഞ്ഞതിനു ശേഷം അവൻ മൃതദേഹം ജോസഫിനു വിട്ടുകൊടുത്തു. ജോസഫ് ഒരു തുണിവാങ്ങി അവനെ താഴെയിറക്കി, അതിൽ പൊതിഞ്ഞു. പാറയിൽ വെട്ടിയൊരുക്കിയ കല്ലറയിൽ അവനെ സംസ്ക്കരിക്കുകയും കല്ലറയുടെ വാതിൽക്കൽ ഒരു കല്ല് ഉരുട്ടി വയ്ക്കുകയും ചെയ്തു"(15,42-46).

അതുകൊണ്ട്, ശരീരം എന്ന വാക്ക് തുടർച്ചയായും ഒരുപോലെയും അവതരിപ്പിക്കുന്നതും അവർ യോജിക്കുന്നതും കാണുമ്പോൾ, ആശ്ചര്യപ്പെടുക. ജോസഫ് ശരീരം ചോദിച്ചു. അത് കിട്ടിയപ്പോൾ, അവർക്ക് പതിവായിരുന്ന ചടങ്ങുകളോടെ അതിനെ ബഹുമാനിച്ചു എന്നു പറഞ്ഞുകൊണ്ട് ഭാഗ്യവാനായ ലൂക്കായും ഇതുപോലൊരു വിവരണം നൽകുന്നു.

എന്നാൽ അതിദിവ്യനായ യോഹന്നാൻ തന്റെ വിവരണത്തിൽ മറ്റു ചില ഘടകങ്ങളും ചേർത്തിട്ടുണ്ട്. അവൻ പറയുന്നു: "യഹൂദരോടുള്ള ഭയം നിമിത്തം യേശുവിന്റെ രഹസ്യശിഷ്യനായി കഴിഞ്ഞിരുന്ന അരിമത്യാക്കാരൻ ജോസഫ് യേശുവിന്റെ ശരീരം എടുത്തുമാറ്റാൻ പീലാത്തോസിനോട് അനുവാദം ചോദിച്ചു. പീലാത്തോസ് അനുവാദം നൽകി. അവൻ വന്ന് ശരീരം എടുത്തുമാറ്റി. യേശുവിനെ ആദ്യം രാത്രിയിൽ ചെന്നുകണ്ട നിക്കോദെമോസും അവിടെയെത്തി. മീറയും ചെന്നിനായകവും ചേർന്ന ഏകദേശം നൂറുറാത്തൽ സുഗന്ധദ്രവ്യവും അവൻ കൊണ്ടുവന്നിട്ടുണ്ടായിരുന്നു. അവൻ യേശുവിന്റെ ശരീരമെടുത്ത് യഹൂദരുടെ ശവസംസ്ക്കാരരീതി അനുസരിച്ച് സുഗന്ധദ്രവ്യങ്ങളോടുകൂടെ കച്ചയിൽ പൊതിഞ്ഞു. അവൻ ക്രൂശിക്കപ്പെട്ട സ്ഥലത്ത് ഒരു തോട്ടമുണ്ടായിരുന്നു. ആ തോട്ടത്തിൽ അതുവരെ ആരെയും സംസ്ക്കരിച്ചിട്ടില്ലാത്ത ഒരു പുതിയ കല്ലറയും ഉണ്ടായിരുന്നു. യഹൂദരുടെ ഒരുക്കദിനമായിരുന്നതിനാലും കല്ലറ സമീപത്തായിരുന്നതിനാലും അവർ യേശുവിനെ അവിടെ സംസ്ക്കരിച്ചു" (19,38-42).

അതുകൊണ്ട് അവൻ എത്ര പ്രാവശ്യം ശരീരത്തെപ്പറ്റി സൂചിപ്പിച്ചതും അത് കുരിശിൽ തറയ്ക്കപ്പെട്ടെന്ന് കാണിച്ചതും അതിനുവേണ്ടി പീലാത്തോസിനോട് ചോദിച്ചതും അവൻ അതിനെ കുരിശിൽ നിന്നിറക്കി മീറയും ചെന്നിനായകവും കൊണ്ട് തുണിയിൽ പൊതിഞ്ഞതും കാണുക. അതിനുശേഷം അവൻ ആളിന്റെ പേരുപയോഗിക്കുകയും യേശുവിനെ കല്ലറയിൽ വച്ചെന്നു പറയുകയും ചെയ്തു. അതുകൊണ്ടു കൂടിയാണ് പൊതുനാമത്താൽ ശരീ

www.malankaralibrary.com

രത്തെ വിളിച്ചുകൊണ്ട് "കർത്താവിനെ എവിടെ വച്ചെന്ന് നോക്കിക്കാണുക" എന്ന് ദൂതൻ പറഞ്ഞത് (മത്താ.28,6). നമ്മളും ഈ രീതിയിൽ പറയാറുണ്ടല്ലോ: ഒരാളെ ഇവിടെ അടക്കിയിരിക്കുന്നു, ഒരാളുടെ ശരീരം എന്നല്ല, ഒരാളെ എന്നത്രേ നാം പറയുക. നാം ശരീരത്തെപ്പറ്റിയാണ് സംസാരിക്കുന്നതെന്ന് സാമാന്യബുദ്ധിയുള്ളവർക്കെല്ലാം അറിയാം. തിരുലിഖിതം ഈ രീതിയിലാണ് സാധാരണ സംസാരിക്കുന്നത്. കാരണം, അത് ഇപ്രകാരം പറയുന്നു: "അഹറോൻ മരിച്ചു, അവർ അവനെ ഹോർമലയിൽ സംസ്ക്കരിച്ചു." "സാമുവേൽ മരിച്ചു, അവർ അവനെ റാമായിൽ സംസ്ക്കരിച്ചു." ഇതുപോലെ മറ്റനേകം ടെക്സ്റ്റുകളുമുണ്ട് (സംഖ്യ, 20,28;1സാമു.25,1). കർത്താവിന്റെ മരണത്തെപ്പററി പരാമർശിച്ചപ്പോൾ, ദിവ്യശ്ലീഹാ ഈ രീതി അവലംബിച്ചു. അവൻ പറയുന്നു: "എനിക്കു ലഭിച്ചത് സർവപ്രധാനമായി കരുതി ഞാൻ നിങ്ങൾക്ക് ഏൽപിച്ചുതന്നു. തിരുലിഖിതങ്ങളിൽ പറഞ്ഞിട്ടുള്ളതുപോലെ, ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കുകയും സംസ്ക്കരിക്കപ്പെടുകയും എഴുതപ്പെട്ടിരിക്കുന്നതുപോലെ, മൂന്നാംനാൾ ഉയർപ്പിക്കപ്പെടുകയും ചെയ്തു." (1കൊറി.15,3-4).

എരാ. നീ ഇപ്പോൾ വായിച്ച ഭാഗത്ത് ശ്ലീഹാ ശരീരത്തെ സൂചിപ്പിക്കാതെ, നാമെല്ലാവരുടെയും രക്ഷകനായ ക്രിസ്തുവിനെ പറ്റിയാണ് പറഞ്ഞിരിക്കുന്നത്. അതുകൊണ്ട്, നീ നിനക്കെതിരായിത്തന്നെ സാക്ഷ്യം ഉദ്ധരിക്കുകയും നിന്റെ സ്വന്തം അമ്പുകൊണ്ട് നിന്നെത്തന്നെ എയ്യുകയും ചെയ്തിരിക്കുന്നു.

ഓർ. ആളുകളുടെ പേരുകൾ കൊണ്ട് ശരീരത്തെ അവർ മിക്കപ്പോഴും വിളിച്ചിരുന്നെന്ന് കാണിക്കാൻ ഞാൻ നീണ്ടചർച്ച നടത്തിയകാര്യം നീ പെട്ടെന്ന് മറന്നുപോയെന്നു തോന്നുന്നു. ഇപ്പോൾ ദിവ്യശ്ലീഹാ ഇതു തന്നെയാണ് ചെയ്തത്. അതേ ടെക്സ്റ്റിൽ നിന്ന് ഇത് വിവേചിച്ചറിയാൻ വളരെ എളുപ്പമാണ്. നമുക്കത് ഈ രീതിയിൽ നോക്കിക്കാണാം. എന്തുകൊണ്ടാണ് ദിവ്യശ്ലീഹാ കൊറിന്തോസുകാർക്ക് ഇതെഴുതിയത്?

എരാ. ശരീരത്തിന്റെ ഉത്ഥാനം ഇല്ലെന്നു പറഞ്ഞ്, ചിലയാളുകൾ അവരെ വഞ്ചിച്ചു. പ്രാപഞ്ചിക പ്രബോധകൻ ഇതു കണ്ടെത്തിയപ്പോൾ, ശരീരങ്ങളുടെ ഉത്ഥാനത്തെപ്പറ്റി അവരോടു സംസാരിച്ചു.

ഓർ. ശരീരങ്ങളുടെ ഉത്ഥാനം തെളിയിക്കാൻ അവൻ ആഗ്രഹിച്ചെങ്കിൽ, എന്തുകൊണ്ട് കർത്താവിന്റെ ഉത്ഥാനത്തെപ്പറ്റി ചർച്ചചെയ്തു?

എരാ. നമ്മുടെയെല്ലാം ഉത്ഥാനം വെളിപ്പെടുത്താൻ അതു മതിയായതിനാലത്രേ.

ഓർ. തന്റെ ഉത്ഥാനത്തിലൂടെ എല്ലാവരുടെയും ഉത്ഥാനത്തിന്

www.malankaralibrary.com

സാക്ഷ്യം വഹിക്കാൻ കഴിയുന്നതിന് തക്കവിധം മറ്റുള്ളവരുടെ മരണവുമായി അവന് പൊതുവായി എന്താണുള്ളത്?

എരാ. ഇതിനായിട്ടാണ് ദൈവത്തിന്റെ ഏകജാതനാം പുത്രൻ മനുഷ്യനായതും പീഡ അനുഭവിച്ചതും മരണം രുചിച്ചതും. മരണത്തെ നശിപ്പിക്കാൻ അവൻ ഉത്ഥാനം ചെയ്തപ്പോൾ, തന്റെ സ്വന്തം ഉത്ഥാനത്തിലൂടെ അവൻ എല്ലാ മനുഷ്യരുടെയും ഉത്ഥാനം പ്രഘോഷിക്കുന്നു.

ഓർ. ദൈവത്തിന്റെ ഉത്ഥാനത്തെപ്പറ്റി കേൾക്കുന്ന ആരാണ് അതുപോലെ ഒരുത്ഥാനം എല്ലാ മനുഷ്യർക്കുമുണ്ടെന്ന് വിശ്വസിക്കുക? കാരണം, സ്വഭാവങ്ങൾ തമ്മിലുള്ള സാദൃശ്യരാഹിത്യം ഉത്ഥാനാശയത്തിൽ വിശ്വസിക്കാൻ നമ്മെ അനുവദിക്കുന്നില്ല. ഒന്ന് ദൈവമാണ്, മറ്റത് മനുഷ്യനാണ്. ദൈവവും മനുഷ്യനും തമ്മിൽ അഗാധഗർത്തമുണ്ട്. അവർ മർത്യരും ഹ്രസ്വജീവിതമുള്ളവരും പുല്ലിനോടും പുഷ്പത്തോടും തുലനം ചെയ്യപ്പെട്ടവരുമാണ്. അവിടുന്നാകട്ടെ, സർവശക്തനാണ്.

എരാ. എന്നാൽ വചനമാം ദൈവം മനുഷ്യനായപ്പോൾ, അവനൊരു ശരീരമുണ്ടായിരുന്നു. അതിലൂടെ അവൻ മനുഷ്യരുമായുള്ള സാമ്യം കാണിച്ചു.

ഓർ. വാസ്തവം. പീഡാനുഭവം, മരണം, ഉത്ഥാനം എന്നിവ ശരീരവുമായി മാത്രം ബന്ധപ്പെട്ടുള്ളതാണ്. എല്ലാവർക്കും ജീവിതനവീകരണം വാഗ്ദാനം ചെയ്യുമ്പോൾ, ദിവ്യശ്ലീഹാ ഇത് മറ്റെവിടെയോ കാണിക്കുന്നു. രക്ഷകന്റെ ഉത്ഥാനത്തിൽ വിശ്വസിക്കുകയും അതേസമയം എല്ലാവരുടെയും പൊതുവായ ഉത്ഥാനം കെട്ടുകഥയാണെന്ന് കരുതുകയും ചെയ്യുന്നവരോട് അവൻ പ്രഖ്യാപിച്ചു: "ക്രിസ്തു മരിച്ചവരിൽ നിന്ന് ഉയർപ്പിക്കപ്പെട്ടതായി പ്രഘോഷിക്കപ്പെടുന്നെങ്കിൽ, മരിച്ചവർക്ക് ഉത്ഥാനമില്ലെന്ന് നിങ്ങളിൽ ചിലർ പറയുന്നതെങ്ങനെ? മരിച്ചവർക്ക് ഉത്ഥാനം ഇല്ലെങ്കിൽ ക്രിസ്തുവും ഉയർപ്പിക്കപ്പെട്ടിട്ടില്ല. ക്രിസ്തു ഉയർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ, നിങ്ങളുടെ വിശ്വാസം നിഷ്ഫലമാണ്, നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ തന്നെ വർത്തിക്കുന്നു" (1കൊറി.15,12-13.17).

അവൻ ഭൂതകാലത്തിലൂടെ ഭാവികാലം ഉറപ്പിക്കുകയും വിശ്വസിക്കാത്തതിലൂടെ, വിശ്വസിക്കുന്നതിനെ അവിശ്വസിക്കുകയും ചെയ്യുന്നു. കാരണം, മരിച്ചവരുടെ ഉത്ഥാനം അസാധ്യമാണെന്ന് നിങ്ങൾ പറഞ്ഞാൽ, ക്രിസ്തുവിന്റെ ഉത്ഥാനവും നിശ്ചയമായും വ്യാജമാണ്. എന്നാൽ ക്രിസ്തുവിന്റെ ഉത്ഥാനം സത്യവും വിശ്വസനീയവുമായി തോന്നുന്നെങ്കിൽ, മറ്റതും വിശ്വസനീയമായി കരുതപ്പെടണമെന്ന് അവൻ പറയുന്നു. ശരീരത്തിന്റെ ഉത്ഥാനവും ഇവിടെ പ്രഘോഷിക്കപ്പെടുന്നു. ക്രിസ്തുവിന്റെ ഉത്ഥാനം മറ്റുള്ളവരുടേതിന്റെ ആദ്യഫലമെന്നു വിളിക്കപ്പെടുന്നു. നിരവധി ബൗദ്ധികവാദങ്ങൾക്കുശേഷം അവൻ ഇപ്രകാരം തറപ്പിച്ച് സംശയാതീതമായി പറയുന്നു:

www.malankaralibrary.com

"എന്നാൽ നിദ്രപ്രാപിച്ച എല്ലാവരുടെയും ആദ്യഫലമായി ക്രിസ്തു മരിച്ചവരുടെ ഇടയിൽ നിന്ന് ഉയർപ്പിക്കപ്പെട്ടു. ഒരു മനുഷ്യൻവഴി മരണമുണ്ടായതുപോലെ, ഒരു മനുഷ്യൻ വഴി ഉത്ഥാനവും ഉണ്ടായി. ആദത്തിൽ എല്ലാവരും മരണാധീനർ ആകുന്നതുപോലെ, ക്രിസ്തുവിൽ എല്ലാവരും പുനർജീവിക്കും" (1കൊറി.15,20-22). ഉത്ഥാനത്തെപ്പറ്റിയുള്ള പ്രസ്താവന ഉറപ്പിക്കുക മാത്രമല്ല അവൻ ചെയ്തത്. പിന്നെയോ, ദൈവികപദ്ധതിയുടെ രഹസ്യം വെളിപ്പെടുത്തുക കൂടി ചെയ്തു. സൗഖ്യം രോഗത്തിന് ഉതകുന്നതാണെന്ന് കാണിക്കാൻ, അവൻ ക്രിസ്തുവിനെ മനുഷ്യനെന്ന് ഇവിടെ വിളിക്കുന്നു.

എരാ. അപ്പോൾ ക്രിസ്തു ഒരു മനുഷ്യൻ മാത്രമാണോ?

ഓർ. ഒരിക്കലുമല്ല. നാം പലപ്പോഴും ഇതിനെതിരായിട്ടുള്ളത് പ്രസ്താവിച്ചിട്ടുണ്ട്. അതായത്, അവൻ മനുഷ്യൻ മാത്രമല്ല, നിത്യദൈവവുമാണ്. അവൻ ദൈവമെന്ന നിലയിലല്ല, മനുഷ്യനെന്ന നിലയിലാണ് പീഡ സഹിച്ചത്. ദിവ്യശ്ലീഹായും വ്യക്തമായി ഇത് നമ്മെ പഠിപ്പിക്കുന്നു. അവൻ പറയുന്നു: "ഒരു മനുഷ്യനിലൂടെ മരണം ഉണ്ടായതുപോലെ, ഒരു മനുഷ്യനിലൂടെ മരിച്ചവരിൽ നിന്നുള്ള ഉത്ഥാനവും ഉണ്ടായി" (1കൊറി.15,21). നമ്മുടെ രക്ഷകന്റെ ഉത്ഥാനത്തിലൂടെ, പൊതുവായ ഉത്ഥാനത്തെ പറ്റിയുള്ള പ്രസ്താവന, തെസലോനിക്കക്കാർക്ക് എഴുതുമ്പോഴും അവൻ ഉറപ്പിക്കുന്നു. അവൻ പറയുന്നു: "യേശു മരിക്കയും ഉയർക്കുകയും ചെയ്തെന്ന് നാം വിശ്വസിക്കുന്നെങ്കിൽ, അതുപോലെ, യേശുവിൽ നിദ്രപ്രാപിച്ചവരെ ദൈവം അവനോടുകൂടെ ഉയർപ്പിക്കും" (1തെസ.4,14).

എരാ. കർത്താവിന്റെ ഉത്ഥാനത്തിലൂടെ പൊതുവായ ഉത്ഥാനം ശ്ലീഹാ തെളിയിച്ചു. ഇതിലും ശരീരമാണ് മരിച്ചുയർത്തതെന്ന് വ്യക്തമാണ്. കാരണം, അതിന് അവരുമായി സത്താപരമായി ബന്ധമില്ലായിരുന്നെങ്കിൽ, അതിലൂടെ എല്ലാവരുടെയും ഉത്ഥാനം കാണിക്കാൻ അവൻ ശ്രമിക്കയില്ലായിരുന്നു. എന്നാൽ പീഡാസഹനം മനുഷ്യസ്വഭാവത്തിനു മാത്രം ആരോപിക്കുന്നത് ഞാൻ അംഗീകരിക്കയില്ല. വചനമാം ദൈവം ജഡത്തിൽ മരിച്ചെന്നു പറയുന്നതാകും ഉചിതമെന്ന് എനിക്കു തോന്നുന്നു.

ഓർ. സ്വഭാവത്താലേ അമർത്യമായതിന് ഒരുതരത്തിലും മരിക്കാനാവില്ലെന്ന് നാം പലപ്പോഴും കാണിച്ചിട്ടുള്ളതാണ്. അവൻ മരിച്ചെങ്കിൽ അവൻ അമർത്യനല്ല. ഈ ദൈവദൂഷണപരമായ വാക്കുകളിൽ എത്ര വലിയ അപകടം പതിയിരിക്കുന്നു!

എരാ. സ്വഭാവത്താലേ അവൻ അമർത്യനാണ്. എന്നാൽ അവൻ മനുഷ്യനായപ്പോൾ പീഡ സഹിച്ചു.

ഓർ. അപ്പോൾ, അവൻ മാറ്റത്തിനു വിധേയനായി. അല്ലാതെ എങ്ങനെയാണ് അമർത്യന് മരിക്കാൻ കഴിയുക? എന്നാൽ ത്രിത്വത്തിന്റെ സത്ത

www.malankaralibrary.com

വ്യതിയാനാതീതം ആണെന്ന് നാം ഏറ്റുപറഞ്ഞിട്ടുള്ളതാണ്. അതുകൊണ്ട്, മാറ്റത്തിന് ഉപരിസ്ഥമായ സ്വഭാവം ഉള്ളവന് ഒരുതരത്തിലും മരണം ആസ്വദിക്കാനാവില്ല.

എരാ. "ക്രിസ്തു നമുക്കുവേണ്ടി ജഡത്തിൽ കഷ്ടത അനുഭവിച്ചതിനാൽ" എന്ന് ദിവ്യപത്രോസ് പറഞ്ഞിട്ടുണ്ട് (1പത്രോ.4,1).

ഓർ. ഞങ്ങളുടെ പ്രയോഗങ്ങളും ഇതോട് ഒത്തുപോകുന്നു. കാരണം, ഞങ്ങളും തിരുലിഖിതത്തിൽ നിന്നാണ് ഔദ്യോഗികപ്രബോധനത്തിനുള്ള നിയമം പഠിച്ചിരിക്കുന്നത്.

എരാ. അപ്പോൾ പിന്നെ, 'വചനമാം ദൈവം ജഡത്തിൽ പീഡയനുഭവിച്ചു' എന്നത് നിനക്കെങ്ങനെ നിഷേധിക്കാനാകും?

ഓർ. കാരണം, ഈ ശൈലി തിരുലിഖിതത്തിൽ നാം കണ്ടിട്ടില്ല.

എരാ. എന്നാൽ ഞാൻ അത്തരമൊരു ഭാഗം ശക്തനായ പത്രോസിൽ നിന്നുദ്ധരിച്ചല്ലോ.

ഓർ. പേരുകൾ എപ്രകാരം വ്യത്യസ്തമായിരിക്കുന്നു എന്ന് നിനക്ക് മനസിലാകുന്നില്ലെന്നു തോന്നുന്നു.

എരാ. എന്തു പേരുകൾ? കർത്താവായ ക്രിസ്തു വചനമാം ദൈവമാണെന്ന് നീ കരുതുന്നില്ലേ?

ഓർ. നമ്മുടെ കർത്താവും രക്ഷകനുമായവന്റെ കാര്യത്തിൽ: വചനമാം ദൈവം മനുഷ്യനായി തീർന്നശേഷം അർഥമാക്കുന്നതാണ് 'ക്രിസ്തു' എന്ന നാമം. 'അമ്മാനുവേൽ' എന്ന നാമത്തിന്റെ അർഥം ദൈവം നമ്മോടുകൂടെ എന്നാണ്. അവിടുന്ന് ദൈവവും മനുഷ്യനുമാണ്. വചനമാം ദൈവമെന്ന് ഈ രീതിയിൽ പറഞ്ഞാൽ, ലോകത്തിനു മുമ്പും സമയത്തിന് ഉപരിസ്ഥമായും അശരീരമായും സ്ഥിതിചെയ്യുന്ന കേവലസ്വഭാവമാണ് അർഥമാക്കുന്നത്. അതുകൊണ്ടാണ് വിശുദ്ധ ശ്ലീഹന്മാരിലൂടെ സംസാരിച്ച പരിശുദ്ധാത്മാവ് പീഡാസഹനമോ, മരണമോ ഒരിക്കലും ഈ നാമത്തിന് ആരോപിക്കാതിരുന്നത്.

എരാ. പീഡാനുഭവം ക്രിസ്തുവിന് ആരോപിക്കുകയും വചനമാം ദൈവം മനുഷ്യനായി തീർന്നശേഷം ക്രിസ്തു എന്നു വിളിക്കപ്പെടുകയും ചെയ്യുന്നെങ്കിൽ, വചനമാം ദൈവം ജഡത്തിൽ പീഡ അനുഭവിച്ചെന്നു പറയുന്നതിൽ തെറ്റില്ലെന്ന് എനിക്കു തോന്നുന്നു.

ഓർ. കൊള്ളാം. ഇത് വളരെ അതിരു കടന്നതും ധിക്കാരം നിറഞ്ഞതുമായ പ്രവൃത്തിയാണ്. എന്നാൽ നമുക്ക് ഈ ആശയം ഏതാണ്ട് ഈ രീതിയിൽ പരിശോധിക്കാം. വചനമാം ദൈവം പിതാവാം ദൈവത്തിൽ നിന്നാണെന്ന് തിരുലിഖിതം പറയുന്നു.

www.malankaralibrary.com

എരാ. അതു സത്യമാണ്.

ഓർ. അതുപോലെ, പരിശുദ്ധാത്മാവും ദൈവത്തിൽ നിന്നാണെന്ന് അത് പഠിപ്പിക്കുന്നു.

എരാ. യോജിക്കുന്നു.

ഓർ. എന്നാൽ അത് വചനമാം ദൈവത്തെ ഏകജാതൻ എന്നു വിളിക്കുന്നു.

എരാ. അതേ.

ഓർ. അത് പരിശുദ്ധാത്മാവിനെ ഒരിക്കലും പുത്രൻ എന്നു വിളിക്കുന്നില്ല.

എരാ. ഒരിക്കലുമില്ല.

ഓർ. എങ്കിലും ആത്മാവിന്റെയും അസ്തിത്വം പിതാവായ ദൈവത്തിൽ നിന്നാണ്.

എരാ. ശരിയാണ്.

ഓർ. അതുകൊണ്ട്, പുത്രനും പരിശുദ്ധാത്മാവും പിതാവായ ദൈവത്തിൽ നിന്നാകയാൽ, പരിശുദ്ധാത്മാവിനെ പുത്രനെന്നു വിളിക്കാൻ നീ എപ്പോഴെങ്കിലും മുതിരുമോ?

എരാ. ഒരിക്കലുമില്ല.

ഓർ. എന്തുകൊണ്ട്?

എരാ. കാരണം, ഈ നാമം ഞാൻ തിരുലിഖിതത്തിൽ കാണുന്നില്ല.

ഓർ. എന്നാൽ ആത്മാവ് ജനിച്ചവനാണോ?

എരാ. അല്ല.

ഓർ. എന്തുകൊണ്ട്?

എരാ. ഇതും തിരുലിഖിതത്തിൽ നിന്ന് ഞാൻ പഠിച്ചിട്ടില്ല.

ഓർ. ജനിക്കാത്തവനും സൃഷ്ടിക്കപ്പെടാത്തവനുമായ ഒരാൾക്ക് ന്യായമായി എന്തു നാമം നൽകാനാകും?

എരാ. സൃഷ്ടിക്കപ്പെടാത്തവനും ജനിക്കാത്തവനുമെന്ന് നാം അവന് നാമകരണം ചെയ്യും.

ഓർ. പരിശുദ്ധാത്മാവ് ജനിച്ചവനോ, സൃഷ്ടിക്കപ്പെട്ടവനോ അല്ലെന്നു നാം പറയുന്നു.

എരാ. തീർച്ചയായും.

www.malankaralibrary.com

ഓർ. അതുകൊണ്ട്, പരിശുദ്ധാത്മാവിനെ ജനനവിഹീനൻ എന്നു വിളിക്കാൻ നീ മുതിരുമോ?

എരാ. തീർച്ചയായും ഇല്ല.

ഓർ. സ്വഭാവത്താലേ സൃഷ്ടിക്കപ്പെടാത്തതും നിശ്ചയമായും ജനിക്കാത്തതുമായ ഒന്നിനെ ജനനവിഹീനൻ എന്നു നീ വിളിക്കാത്തത് എന്തുകൊണ്ടാണെന്ന് ദയവായി എന്നോട് പറഞ്ഞാലും.

എരാ. കാരണം, ഞാനത് തിരുലിഖിതത്തിൽ നിന്ന് പഠിച്ചിട്ടില്ല. അപ്രകാരം അത് സൂചിപ്പിക്കാത്തത് ഉച്ചരിക്കാൻ ഞാൻ ഭയപ്പെടുന്നു.

ഓർ. എന്റെ സ്നേഹിതാ, കൊള്ളാം. രക്ഷാകരമായ പീഡാനുഭവം സംബന്ധിച്ചും ഈ ഭക്തി സദയം നിലനിർത്തുക. തിരുലിഖിതം ഉപയോഗിക്കാത്ത പേരുകൾ പീഡാനുഭവത്തിന് നീയും ഉപയോഗിക്കരുത്. അവയ്ക്ക് പീഡാസഹനം ആരോപിക്കയുമരുത്.

എരാ. ഏതു പേരുകളാണവ?

ഓർ. ദൈവം എന്ന പേരോട് ചേർത്ത് ഒരിടത്തും അത് പീഡാസഹനം ബന്ധിക്കുന്നില്ല.

എരാ. ശരീരരഹിതനായി വചനമാം ദൈവം പീഡയനുഭവിച്ചെന്ന് ഞാൻ പറയുന്നില്ല. എന്നാൽ അവൻ ജഡത്തിൽ പീഡ അനുഭവിച്ചെന്ന് ഞാൻ പറയുന്നു.

ഓർ. അപ്പോൾ, നീ സഹനാതീതാവസ്ഥയെപ്പറ്റിയല്ല, പീഡാനുഭവത്തിന്റെ രീതിയെപ്പറ്റിയാണ് സംസാരിക്കുന്നത്. മനുഷ്യാത്മാവിനെ കുറിച്ചുപോലും ആരും ഇതു പറയുകയില്ല. കാരണം, തികച്ചും വട്ടുപിടിച്ചവർ അല്ലെങ്കിൽ, 'പൗലോസിന്റെ ആത്മാവ് ജഡത്തിൽ മരിച്ചു' എന്ന് ആരുപറയും? വളരെ ദുഷ്ടനായ ആളെപ്പറ്റിപോലും ഇതു പറയാൻ പാടില്ല. കാരണം, ദുഷ്ടരുടെ ആത്മാക്കളും അമർത്യമാണ്. എന്നാൽ, കൊലപാതകിയായ ഇന്നയാൾ കൊല്ലപ്പെട്ടെന്ന് നാം പറയും. അവന്റെ ആത്മാവ് അവന്റെ ജഡത്തിൽ കൊല്ലപ്പെട്ടെന്ന് ആരും പറയാറില്ല. കൊലപാതകികളുടെയും കല്ലറ പൊളിക്കുന്നവരുടെയും ആത്മാക്കൾ മരണത്തിൽനിന്ന് വിമുക്തമാണെങ്കിൽ, പാപലേശമേശാത്ത നമ്മുടെ രക്ഷകന്റെ ആത്മാവ് അമർത്യമാണെന്ന് അംഗീകരിക്കുന്നത് വളരെ നീതിപൂർവകമാണ്. കഠിനതരമായ പാപങ്ങൾ ചെയ്തവരുടെ ആത്മാക്കൾ തങ്ങളുടെ സ്വഭാവം നിമിത്തം മരണാതീതരാണെങ്കിൽ, അമർത്യസ്വഭാവമുള്ളതും കളങ്കമേശാത്തതുമായ ആത്മാവ് എങ്ങനെ മരണത്തിന്റെ ചൂണ്ടയിൽ കുരുങ്ങും?

എരാ. ഇത്ര നീണ്ട പ്രസംഗത്തിന്റെ ആവശ്യമൊന്നുമില്ലായിരുന്നു. കാരണം, രക്ഷകന്റെ ആത്മാവ് അമർത്യമാണെന്ന് ഞങ്ങളും ഏറ്റുപറയുന്നു.

www.malankaralibrary.com

ഓർ. സൃഷ്ടിക്കപ്പെട്ട സ്വഭാവമുള്ള ആത്മാവ് അമർത്യമാണെന്നു പറയുകയും എന്നാൽ വചനത്തിന് മർത്യമായ ദിവ്യസത്ത ഉണ്ടെന്നു വിഭാവന ചെയ്യുകയും രക്ഷകന്റെ ആത്മാവ് ജഡത്തിൽ മരണം ആസ്വദിച്ചെന്ന് പറയാതിരിക്കുകയും, എന്നാൽ എല്ലാറ്റിന്റെയും സ്രഷ്ടാവായ വചനമാം ദൈവം തന്നെ പീഡ അനുഭവിച്ചെന്നു പറയാൻ ധൈര്യപ്പെടുകയും ചെയ്താൽ, എത്ര ഭീകരമായ ശിക്ഷാവിധി ആയിരിക്കും നീ അർഹിക്കുക!

എര. അവൻ സഹനാതീത രീതിയിൽ സഹിച്ചെന്നു ഞങ്ങൾ പറയുന്നു.

ഓർ. വിവരമുള്ളവർ ആരാണ് ഇത്തരം തലതിരിഞ്ഞ പ്രസ്താവനകൾ കേട്ട് സഹിക്കുക! കാരണം, സഹനാതീത സഹനത്തെപ്പറ്റിയും അമർത്യ മൃത്യുവിനെപ്പറ്റിയും ആരും ഒരിക്കലും കേട്ടിട്ടില്ല. സഹനാതീതമായത് സഹിക്കുന്നില്ല, സഹിച്ചത് സഹനാതീതവുമല്ല. എന്നാൽ "അപ്രാപ്യമായ പ്രകാശത്തിൽ വസിക്കുന്ന അവൻ മാത്രമാണ് അമർത്യൻ" എന്ന് ദിവ്യപൗലോസ് പ്രഘോഷിക്കുന്നത് നാം കേൾക്കുന്നു (1തിമോ.6,16).

എരാ. കൊള്ളാം. അദൃശ്യശക്തികൾ, മനുഷ്യാത്മാക്കൾ, പിശാചുക്കൾ എന്നിവ അമർത്യമാണെന്ന് നാം പറയുന്നുണ്ടോ?

ഓർ. അതേ. എന്നാൽ ശരിയായ അർഥത്തിലാണ് ദൈവം അമർത്യനായിരിക്കുന്നത്. കാരണം, ഭാഗഭാഗിത്വം വഴിയല്ല, സത്താപരമായിട്ടാണ് ദൈവം അമർത്യനായിരിക്കുന്നത്. മറ്റൊരാളിൽ നിന്നു ലഭിച്ച അമർത്യതയല്ല അവനുള്ളത്. വാസ്തവത്തിൽ അവിടുന്നാണ് മാലാഖമാർക്കും, നീയിപ്പോൾ സൂചിപ്പിച്ച മറ്റുള്ളവർക്കും അമർത്യത പ്രദാനം ചെയ്യുന്നത്. അതുകൊണ്ട്, ദിവ്യപ്രചോദിതനായ പൗലോസ് അവനെ അമർത്യനെന്നു വിളിക്കുകയും അവനു മാത്രമേ അമർത്യതയുള്ളെന്ന് പറയുകയും ചെയ്യുമ്പോൾ, മരണപീഡകൾ അവന് ആരോപിക്കാൻ നിനക്കെങ്ങനെ കഴിയും?

എരാ. മാംസം എടുത്തശേഷം അവൻ മരണം ആസ്വദിച്ചെന്നു ഞങ്ങൾ പറയുന്നു.

ഓർ. എന്നാൽ അവൻ വ്യതിയാനാതീതൻ ആണെന്നാണ് നാം പലപ്പോഴും പറഞ്ഞിട്ടുള്ളത്. അവൻ ആദ്യം അമർത്യൻ ആയിരുന്നശേഷം പിന്നീട് ജഡത്തിലൂടെ മരിച്ചെങ്കിൽ, ഇതംഗീകരിച്ചിട്ട്, ദാവീദിനെ എങ്ങനെ വിശ്വസിക്കാൻ സാധിക്കും? അവൻ പറയുന്നു: "അങ്ങേയ്ക്കു മാറ്റമില്ല. അങ്ങയുടെ സംവത്സരങ്ങൾ അവസാനിക്കുന്നുമില്ല" (സങ്കീ.102,27). നിന്റെ വിവരണമനുസരിച്ച്, അവൻ മാറ്റമില്ലാത്തവനായി നിലനിന്നില്ല. കാരണം, അമർത്യനായിരുന്നവൻ തന്നെ ജഡത്തിലൂടെ മരിച്ചു. മാറ്റമുണ്ടായശേഷം അവൻ മരിച്ചു. മൂന്നുരാവും മൂന്നുപകലും ജീവൻ അവനെ വിട്ടുപോയി. ഇത്തരം ഭാഷ തികഞ്ഞ അഭക്തിയല്ലേ? അഭക്തിക്കെതിരെ പോരാടുന്നവർ പോലും ഇത്തരം ഭാഷ ഉപയോഗിച്ചാൽ അപകടത്തിന് അകലെയല്ലെന്ന് എനിക്കു തോന്നുന്നു.

www.malankaralibrary.com

എരാ. ഞങ്ങളെ അഭക്തരെന്നു മുദ്രകുത്തുന്നത് നിർത്തുക. കാരണം, ദൈവസ്വഭാവം സഹിച്ചെന്നു ഞങ്ങൾ പറയുന്നില്ല. മനുഷ്യസ്വഭാവം സഹിച്ചെന്നും ദൈവസ്വഭാവം ശരീരത്തോടുകൂടെ സഹിച്ചെന്നുമാണ് പറയുന്നത്.

ഓർ. "ശരീരത്തോടു കൂടെ" എന്ന വാക്കുകൾ നീ എങ്ങനെയാണ് വിശദീകരിക്കുന്നത്? ശരീരത്തിൽ ആണി തറയ്ക്കപ്പെട്ടപ്പോൾ, ദൈവസ്വഭാവത്തിന് വേദനാനുഭവം ഉണ്ടായെന്നാണോ അർഥമാക്കുന്നത്?

എരാ. അതേ.

ഓർ. ശരീരസംബന്ധമായ സർവസംഗതികളിലും ആത്മാവ് പങ്കുകൊള്ളുന്നില്ല. ആത്മാവുവഴി ജീവശ്ശക്തി കിട്ടുന്ന ശരീരത്തിന് വേദനാനുഭവം ഉണ്ടാകുന്നെന്ന് നേരത്തേയുള്ള ചർച്ചകളിലും ഇപ്പോഴും കാണിച്ചിട്ടുള്ളതാണ്. എന്നാൽ ശരീരത്തോടൊപ്പം ആത്മാവിനും വേദനാനുഭവം ഉണ്ടാകുന്നെന്ന് അംഗീകരിച്ചാൽ തന്നെയും ദൈവസ്വഭാവം അൽപംപോലും സഹനവിധേയമാകുന്നില്ല. കാരണം, ആത്മാവിന്റെ സ്ഥാനത്തല്ല അത് ശരീരത്തോട് ഐക്യപ്പെട്ടിരിക്കുന്നത്. അതോ, അവൻ ഒരാത്മാവിനെ എടുത്തെന്ന കാര്യം നീ അംഗീകരിക്കുന്നില്ലേ?

എരാ. ഞാൻ പലപ്പോഴും ഇത് ഏറ്റുപറഞ്ഞിട്ടുള്ളതാണ്.

ഓർ. അവൻ ബൗദ്ധികാത്മാവ് എടുത്തെന്ന കാര്യം?

എരാ. അതേ.

ഓർ. അവൻ ശരീരത്തോടുകൂടെ ആത്മാവിനെ എടുത്തെങ്കിൽ, ആത്മാവ് ശരീരത്തോടൊപ്പം പീഡയനുഭവിച്ചെന്നു നാം അംഗീകരിച്ചെങ്കിൽ, ദൈവത്വമല്ല, ആത്മാവാണ് ശരീരത്തോടൊപ്പം പീഡയനുഭവിച്ചത്. ശരീരത്തിലൂടെ വേദന അനുഭവിച്ചുകൊണ്ട് അത് സഹനത്തിൽ മിക്കവാറും പങ്കുചേർന്നുകാണും. ആത്മാവ് ശരീരത്തോടൊപ്പം സഹിച്ചെന്ന് ഒരുപക്ഷേ പറയാമെങ്കിലും, അതിന് അമർത്യസ്വഭാവം ഉള്ളതിനാൽ, അതോടൊപ്പം മരിച്ചില്ല. അതുകൊണ്ടാണ് കർത്താവ് പറഞ്ഞത്, "ആത്മാവിനെ കൊല്ലാൻ കഴിവില്ലാതെ, ശരീരത്തെ കൊല്ലുന്നവരെ ഭയപ്പെടേണ്ട" (മത്താ.10,28). രക്ഷകന്റെ ആത്മാവുപോലും ശരീരത്തോടൊപ്പം മരണത്തിൽ പങ്കാളിയായില്ലെന്നു നാം പറയുന്നെങ്കിൽ, പ്രത്യേകിച്ച്, തന്റെ ശരീരം ഒരിക്കൽ സമർപ്പിച്ചെന്നും മറ്റൊരവസരം തന്റെ ആത്മാവ് അസ്വസ്തമായെന്നും കർത്താവ് കാണിക്കുമ്പോൾ (യോഹ.6,51;12,27), ദൈവസ്വഭാവം മരണം ആസ്വദിച്ചെന്ന നിന്റെ തികഞ്ഞ ദൈവദൂഷണം എങ്ങനെ അംഗീകരിക്കാനാകും?

എരാ. തന്റെ ശരീരം സമർപ്പിച്ചെന്ന് കർത്താവ് എവിടെയാണ് കാണിക്കുന്നത്? "ഈ ആലയം തകർക്കുവിൻ, മൂന്നു ദിവസങ്ങൾക്കകം ഞാനതിനെ ഉയർപ്പിക്കും" എന്ന ആ പ്രശസ്തസാക്ഷ്യം നീ വീണ്ടും അവതരിപ്പിക്കാൻ പോകയാണോ? (യോഹ.2,19). "അവൻ തന്റെ ശരീരമായ ആലയത്തെപ്പറ്റിയാണ്

www.malankaralibrary.com

പറഞ്ഞത്. അവൻ മരിച്ചവരിൽ നിന്ന് ഉയർപ്പിക്കപ്പെട്ടപ്പോൾ, അവൻ ഇത് പറഞ്ഞിരുന്നെന്ന് അവന്റെ ശിഷ്യന്മാർ ഓർക്കുകയും അങ്ങനെ തിരുലിഖിതവും യേശു പ്രസ്താവിച്ച വചനവും വിശ്വസിക്കുകയും ചെയിതു" എന്ന സുവിശേഷവചനം ഗർവോടുകൂടെ നീ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുമോ? (യോഹ.2,21–22).

ഓർ. ദൈവികപദ്ധതിയുടെ മഹാരഹസ്യം പ്രഘോഷിക്കുന്ന ദിവ്യവചനത്തോട് നിനക്ക് ഇത്ര വലിയ വെറുപ്പാണുള്ളതെങ്കിൽ, മാർസ്യൻ, വലന്റീനസ്, മാനി എന്നിവരെപ്പോലെ പ്രവർത്തിച്ച്, ഇത്തരം വാക്യങ്ങൾ വെട്ടിക്കളയാത്തത് എന്തുകൊണ്ടാണ്? കൃത്യമായി അവർ പ്രവർത്തിച്ചത് ഇതാണ്. ഇത് ധിക്കാരപരവും ദുഷ്ടത നിറഞ്ഞതുമായി തോന്നുന്നെങ്കിൽ, കർതൃവചനത്തെ നിന്ദിക്കാതെ, യഹൂദന്മാർ നശിപ്പിച്ച ആലയത്തെ ദൈവത്വം ഉയർപ്പിച്ചെന്ന് ഉത്ഥാനാനന്തരം വിശ്വസിച്ച ശ്ലീഹന്മാരെ പിൻചെല്ലുക.

എരാ. നിനക്ക് ഉറച്ചസാക്ഷ്യമുണ്ടെങ്കിൽ, ദുഷിക്കുന്നത് അവസാനിപ്പിച്ച് നിന്റെ വാഗ്ദാനം പാലിക്കുക.

ഓർ. മന്നായും യഥാർഥഭക്ഷണവും കർത്താവ് താരതമ്യപ്പെടുത്തിയ സുവിശേഷവാക്യം നീ നിശ്ചയമായും ഓർക്കുന്നുണ്ടായിരിക്കും.

എരാ. അതേ.

ഓർ. ആ ഭാഗത്ത് അവിടുന്ന് സുദീർഘമായി ജീവന്റെ അപ്പത്തെപ്പറ്റി സംസാരിക്കുകയും ഇപ്രകാരം കൂട്ടിച്ചേർക്കുകയും ചെയ്തു: "ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നൽകുന്ന അപ്പം എന്റെ ശരീരമാകുന്നു" (യോഹ.6,51). ദൈവത്വത്തിന്റെ മഹാമനസ്ക്കതയും ജഡത്തിന്റെ ദാനവും ഈ വാക്കുകളിൽ നമുക്ക് കാണാൻ കഴിയും.

എരാ. തർക്കം പരിഹരിക്കാൻ ഒരു സാക്ഷ്യം മാത്രം പോരാ.

ഓർ. എത്യോപ്യാക്കാരൻ ഷണ്ഡന് അധികം വേദപുസ്തകപരിജ്ഞാനം ഉണ്ടായിരുന്നില്ല. എന്നാൽ പ്രവാചകന്മാരിൽ ഒരു സാക്ഷ്യം കണ്ടു. അതിലൂടെ അവൻ രക്ഷയിലേക്ക് ആനീതനാക്കപ്പെട്ടു (നട.8,26–39). എന്നാൽ ശ്ലീഹന്മാരും പ്രവാചകന്മാരും അവർക്കുശേഷം സത്യം പ്രഘോഷിച്ചവരെല്ലാവരും നിന്നെ പ്രേരിപ്പിക്കാൻ മതിയായവരല്ല. എങ്കിലും കർതൃശരീരത്തെപ്പറ്റി നിനക്ക് മറ്റ് സാക്ഷ്യങ്ങൾ നൽകാം. തന്റെ ശിഷ്യരുമൊത്ത് പെസഹാ ഭക്ഷിച്ചശേഷം പ്രതീകാത്മക കുഞ്ഞാടിന്റെ മരണത്തിലേക്ക് കർത്താവ് വിരൽചൂണ്ടുകയും ആ നിഴലിന്റെ പിന്നിലെ ശരീരം ഏതാണെന്ന് പഠിപ്പിക്കുകയും ചെയ്ത സുവിശേഷ വിവരണം നിനക്കറിയാമല്ലോ.

എരാ. ഈ വിവരണം എനിക്കറിയാം.

ഓർ. കർത്താവ് എടുത്തു മുറിച്ചതും എടുത്തത് എന്തിനെ സൂചിപ്പിക്കുന്നുവെന്ന് പറഞ്ഞതും നമ്മെ ഓർപ്പിച്ചാലും.

www.malankaralibrary.com

എരാ. ആനീതരാകാത്തവർ നിമിത്തം ഞാൻ നിഗൂഢഭാഷയാണ് ഉപയോഗിക്കുന്നത്. "അവിടുന്ന് എടുത്ത്, മുറിച്ച്, തന്റെ ശിഷ്യർക്ക് നൽകിക്കൊണ്ട് അരുളിച്ചെയ്തു: ഇത് നിങ്ങൾക്കായി നൽകപ്പെടുന്ന", അഥവാ, ശ്ലീഹാ പറയുന്നതുപോലെ, "മുറിക്കപ്പെടുന്ന, എന്റെ ശരീരമാകുന്നു." അതിനുശേഷം: "ഇത് അനേകർക്കുവേണ്ടി ചിന്തപ്പെടുന്ന പുതിയ ഉടമ്പടിയിലെ എന്റെ രക്തമാകുന്നു"(ലൂ.22,19;1കൊറി.11,24).

ഓർ. അതുകൊണ്ട്, തന്റെ പീഡാനുഭവത്തിന്റെ പ്രതീകം അവതരിപ്പിച്ചപ്പോൾ, അവിടുന്ന് ദൈവത്വത്തെപ്പറ്റി സൂചിപ്പിച്ചില്ല.

എരാ. ഒരിക്കലുമില്ല.

ഓർ. എന്നാൽ അവിടുന്ന് ശരീരവും രക്തവും സൂചിപ്പിച്ചു.

എരാ. വാസ്തവം.

ഓർ. ശരീരം കുരിശിൽ തറയ്ക്കപ്പെട്ടോ?

എരാ. എന്നു തോന്നുന്നു.

ഓർ. നമുക്ക് അതേപ്പറ്റി ചിന്തിക്കാം. ഉത്ഥാനാനന്തരം കതകുകൾ അടച്ചിരിക്കെ കർത്താവ് തന്റെ വിശുദ്ധ ശിഷ്യരുടെ മധ്യത്തിൽ എത്തിയപ്പോൾ അവർ ഭയചകിതരായെന്നു കണ്ടു. അപ്പോൾ അവൻ എങ്ങനെയാണ് അവരുടെ ഭയമകറ്റി, ഭയത്തിനു പകരം വിശ്വാസം ഉളവാക്കിയത്? (ലൂ.24,36-38).

എരാ. അവൻ അവരോടു പറഞ്ഞു: "ഇതു ഞാൻ തന്നെയാണെന്ന് എന്റെ കൈകളും കാലുകളും കാണുവിൻ. എനിക്കുള്ളതായി നിങ്ങൾ കാണുന്നതു പോലെ, ഭൂതത്തിന് അസ്ഥിയും മാംസവും ഇല്ലല്ലോ" (ലൂ.24,39).

ഓർ. അവർ അവിശ്വസിച്ചപ്പോൾ, അവൻ തന്റെ ശരീരം കാണിച്ചുവോ?

എരാ. തീർച്ചയായും.

ഓർ. അതുകൊണ്ട്, ശരീരം ഉയർപ്പിക്കപ്പെട്ടോ?

എരാ. എന്നു തോന്നുന്നു.

ഓർ. മരിച്ചത് തന്നെയാണ് ഉയർപ്പിക്കപ്പെട്ടതെന്ന് തോന്നുന്നില്ലേ?

എരാ. തീർച്ചയായും.

ഓർ. നിന്റെ വിശദീകരണം അനുസരിച്ച് ശരീരം പീഡയനുഭവിച്ചു.

എരാ. ഇപ്രകാരം പറയാൻ വാദഗതികൾ നമ്മെ നിർബന്ധിക്കുന്നു.

ഓർ. എന്നാൽ അതിനെ ഈ രീതിയിൽ നോക്കിക്കാണാം. വീണ്ടും, ഞാൻ ചോദ്യം ചോദിക്കാം. നീ സത്യസന്ധമായി ഉത്തരം പറയണം.

എരാ. ഞാൻ പറയാം.

www.malankaralibrary.com

ഓർ. പരിപാവനനായ പരിശുദ്ധാത്മാവ് ശ്ലീഹന്മാരുടെ മേൽ ഇറങ്ങി ആവസിക്കുകയും അത്ഭുതകരമായ കാഴ്ചയും സ്വരവും അനേകായിരങ്ങളെ അവിടേക്കടുപ്പിക്കുകയും ചെയ്തപ്പോൾ, ശ്ലീഹന്മാരുടെ തലവൻ ജനത്തോട് സംസാരിച്ചുകൊണ്ട് എന്താണ് കർത്താവിന്റെ ഉത്ഥാനത്തെപ്പറ്റി പറഞ്ഞത്?

എരാ. അവൻ ദിവ്യപ്രചോദിതനായ ദാവീദിനെ ഉദ്ധരിക്കുകയും, കർത്താവായ ക്രിസ്തു അവന്റെ സന്തതിപരമ്പരയിൽ നിന്ന് ജനിക്കുമെന്ന് പ്രപഞ്ചത്തിന്റെ ദൈവത്തിൽനിന്ന് വാഗ്ദാനങ്ങൾ സ്വീകരിച്ചെന്ന് പറയുകയും ചെയ്തു. ദാവീദ് ഈ വാഗ്ദാനങ്ങൾ വിശ്വസിച്ചതിനാൽ, പ്രവാചകദൃഷ്ട്യാ അവന്റെ ഉത്ഥാനം മുൻകൂട്ടി കാണുകയും അവന്റെ ആത്മാവ് പാതാളത്തിൽ ഉപേക്ഷിക്കപ്പെടുകയില്ലെന്നും അവന്റെ ജഡം ജീർണത ദർശിക്കയില്ലെന്നും വ്യക്തമായി പറയുകയും ചെയ്തു (നട.2,22-34;സങ്കീ.16,10).

ഓർ. അതുകൊണ്ട്, ഇവയുടേതാണ് ഉത്ഥാനം. അതായത് ശരീരത്തിന്റെയും ആത്മാവിന്റെയും.

എരാ. മരിക്കാത്ത ആത്മാവിന് ഉത്ഥാനമുണ്ടെന്ന് വിവരമുള്ളവർക്ക് എങ്ങനെ പറയാൻ കഴിയും?

ഓർ. വ്യതിയാനാതീതവും അനന്തവുമായ ദൈവത്വം സഹനത്തിനും മരണത്തിനും ഉത്ഥാനത്തിനും വിധേയമാണെന്ന് പറയുന്ന നിങ്ങൾക്ക്, ഇപ്പോൾ പെട്ടെന്ന് ആത്മാവിനു പോലും ഉത്ഥാനമില്ലെന്ന് പറഞ്ഞ് വിവരമുള്ളവരാകാൻ എങ്ങനെ കഴിഞ്ഞു?

എരാ. കാരണം, വീണതിനാണ് ശരിയായ അർഥത്തിൽ ഉത്ഥാനം എന്ന വാക്ക് പ്രയോഗിക്കാൻ സാധിക്കുക.

ഓർ. എന്നാൽ ആത്മാവിനെ കൂടാതെ ശരീരത്തിനു മാത്രം ഉത്ഥാനം ഉണ്ടാകുന്നില്ല. ദൈവികേച്ഛയാൽ നവീകൃതമായും തന്റെ സഖിയുമായി ചേർന്നുകൊണ്ടും അതിനു വീണ്ടും ജീവൻ ലഭിക്കുന്നു. ഈ രീതിയിലല്ലേ കർത്താവ് ലാസറിനെ ഉയർപ്പിച്ചത്?

എരാ. ശരീരം തനിയെ ഉയർക്കുന്നില്ല എന്നത് സുസ്പഷ്ടമാണ്.

ഓർ. ദിവ്യനായ എസക്കിയേൽ ഇത് കുറേക്കൂടി സ്പഷ്ടമായി പഠിപ്പിക്കുന്നു: അസ്ഥികൾ ഓരോന്നും അവയുടെ ഉചിതമായ സ്ഥാനം വീണ്ടെടുക്കാനായി ഒന്നിച്ചുവരാൻ ദൈവം കൽപിച്ചു. അവയ്ക്കുചുറ്റും ഞരമ്പുകളും രക്തധമനികളും മാംസവും അവയെയെല്ലാം പൊതിയുന്ന തൊലിയും ദൈവം ഉൽപാദിപ്പിച്ചു. അതിനുശേഷം ഓരോ ആത്മാവും അതാതിന്റെ ശരീരത്തിലേക്ക് തിരകെവരാൻ ദൈവം കൽപിച്ചു എന്ന് അവൻ കാണിക്കുന്നു (77,7-10).

എരാ. ഇത് സത്യമാണ്.

ഓർ. കർതൃശരീരം ഈ ജീർണതയ്ക്കു വിധേയമായില്ല. എന്നാൽ

www.malankaralibrary.com

അത് അഴിവില്ലാതിരിക്കയും മൂന്നാംദിവസം അതിന്റെ സ്വന്തം ആത്മാവിനെത്തന്നെ സ്വീകരിക്കയും ചെയ്തു.

എരാ. ശരിതന്നെ.

ഓർ. മരിക്കുന്നവരുടെയെല്ലാം ഗതിയും ഇതുതന്നെ.

എരാ. നിശ്ചയമായും.

ഓർ. ശക്തനായ പത്രോസും ദിവ്യനായ ദാവീദും ഉത്ഥാനത്തെപ്പറ്റി പറഞ്ഞപ്പോൾ, ആത്മാവിനെ പാതാളത്തിൽ കൈവിട്ടില്ലെന്നും ശരീരം ജീർണിച്ചില്ലെന്നും പറഞ്ഞില്ലേ?

എരാ. പറഞ്ഞു.

ഓർ. അപ്പോൾ ദൈവത്വമല്ല, പിന്നെയോ, ആത്മാവിൽ നിന്ന് വേർപെട്ട് ശരീരമാണ് മരിച്ചത്.

എരാ. ഈ അപരിചിതവാക്കുകളൊന്നും ഞാൻ അംഗീകരിക്കുന്നില്ല.

ഓർ. എങ്കിൽ നീ നിന്റെ സ്വന്തം വാക്കുകൾക്കെതിരെയാണ് പോരാടുന്നത്. കാരണം, അപരിചിതമെന്ന് നീ പറഞ്ഞ വാക്കുകൾ നിന്റേതു തന്നെയാണ്.

എരാ. നീ വെറുതേ എന്റെമേൽ ദുരാരോപണം നടത്തുകയാണ്. കാരണം, ഈ വാക്കുകളൊന്നും എന്റേതല്ല.

ഓർ. ബൗദ്ധികവും മർത്യവുമായ സജീവയാഥാർഥ്യം ഏതെന്ന് ഒരാൾ ചോദിക്കുന്നു. മനുഷ്യനെന്ന് മറ്റൊരാൾ ഉത്തരം പറയുന്നു. അവരിലാരാണ് വ്യാഖ്യാതാവ്? ചോദ്യകർത്താവോ, ഉത്തരം നൽകിയവനോ?

എരാ. ഉത്തരം നൽകിയവൻ.

ഓർ. അപ്പോൾ, ഇവ നിന്റെ വാക്കുകളാണെന്ന് ഞാൻ പറഞ്ഞത് ശരിയാണ്. നീ മറുപടി പറഞ്ഞപ്പോൾ ചില സംഗതികൾ തിരസ്ക്കരിച്ചുകൊണ്ടും മറ്റുചില സംഗതികൾ അംഗീകരിച്ചുകൊണ്ടും നീ നിന്റെ വാക്കുകൾ ഉറപ്പിച്ചു.

എരാ. എങ്കിൽ, ഞാൻ ഇനിയും മറുപടി പറയുന്നതേയില്ല. ഞാൻ ചോദ്യം ചോദിക്കുക മാത്രം ചെയ്യാം. നീ ഉത്തരം പറയുക.

ഓർ. ഞാൻ മറുപടി പറയാം.

എരാ. "അവർ ഇത് അറിഞ്ഞിരുന്നെങ്കിൽ, മഹത്വത്തിന്റെ കർത്താവിനെ ക്രൂശിക്കയില്ലായിരുന്നു" (1കൊറി.2,8) എന്ന ശ്ലൈഹികവാക്കുകളെപ്പറ്റി നീയെന്തു പറയുന്നു? ഇവിടെ അവൻ ആത്മാവിനെപ്പറ്റിയോ, ശരീരത്തെപ്പറ്റിയോ സംസാരിക്കുന്നില്ലല്ലോ.

www.malankaralibrary.com

ഓർ. കൊള്ളാം. ഇത് വചനത്തിന്റെ ദൈവത്വത്തെ എതിർക്കാൻ നീ കണ്ടുപിടിച്ച ഒരു തന്ത്രമാകയാൽ, "ജഡത്തിൽ" എന്ന് ഇവിടെ കൂട്ടി ച്ചേർക്കാൻ പാടില്ല. മറിച്ച്, പീഡാനുഭവം വചനത്തിന്റെ ദൈവത്വത്തിനു മാത്രം ആരോപിക്കണം!

എരാ. ഒരിക്കലും പാടില്ല. കാരണം, അത് ജഡത്തിൽ പീഡയേറ്റു. ശരീര രഹിതപ്രകൃതിക്ക് അതിൽ തന്നെയോ, അതിനാൽ തന്നെയോ പീഡ അനുഭ വിക്കാനാവില്ല.

ഓർ. എന്നാൽ ശ്ലൈഹികവചനത്തോട് എന്തെങ്കിലും കൂട്ടിച്ചേർക്കുന്നത് അനുചിതമാണ്.

എരാ. ശ്ലീഹായുടെ ഉദ്ദേശ്യം മനസിലാക്കുന്നവൻ, അതിൽ കുറവുള്ളത് കൂട്ടിച്ചേർക്കുന്നതിൽ തെറ്റില്ല.

ഓർ. എങ്കിലും ദിവ്യവചനങ്ങളോട് കൂട്ടിച്ചേർക്കുന്നത് ധിക്കാരവും വിഭ്രാന്തിയുമാണ്. എന്നാൽ വാക്കുകൾ വിശദീകരിച്ച് നിഗൂഢാർഥം വെളി പ്പെടുത്തുന്നത് വിശുദ്ധവും ധന്യവുമാണ്.

എരാ. ശരിയാണ്.

ഓർ. വാക്കുകളുടെ അർഥം അന്വേഷിക്കുന്നതിൽ ബുദ്ധിരഹിതമായോ, തെറ്റായോ യാതൊന്നുമില്ല.

എരാ. ഒരിക്കലുമില്ല.

ഓർ. അതുകൊണ്ട്, നിഗൂഢമായവ നമുക്കൊരുമിച്ച് അന്വേഷിക്കാം.

എരാ. കൊള്ളാം.

ഓർ. ദിവ്യനായ യാക്കോബിനെ കർതൃസഹോദരനെന്ന് ശക്തനായ പൗലോസ് വിളിച്ചു (ഗലാ.1,9).

എരാ. ശരിതന്നെ.

ഓർ. അവനെ നാം എങ്ങനെ സഹോദരനായി പരിഗണിക്കും? ദൈവ ത്വവുമായുള്ള ബന്ധം വഴിയോ, മനുഷ്യത്വമായിട്ടുള്ള ബന്ധം വഴിയോ?

എരാ. ഐക്യപ്പെട്ട സ്വഭാവങ്ങളെ വിഭജിക്കാൻ ഞാൻ തയാറല്ല.

ഓർ. എന്നാൽ മുൻചർച്ചകളിൽ നീ മിക്കപ്പോഴും വിഭജനങ്ങൾ നട ത്തിയിട്ടുണ്ടല്ലോ. ഇപ്പോൾ വീണ്ടും നീ ഇതുതന്നെ ചെയ്യും. വചനമാം ദൈവം ഏകജാതനാം പുത്രനെന്ന് നീ പറയുന്നുണ്ടോ എന്ന് എന്നോട് പറയുക.

എരാ. ഞാൻ പറയുന്നു.

ഓർ. ഏകജാതൻ എന്നത് ഒറ്റപ്പുത്രനെ സൂചിപ്പിക്കുന്നില്ലേ?

www.malankaralibrary.com

എരാ. നിശ്ചയമായും.

ഓർ. അപ്പോൾ, ഏകജാതന് സഹോദരൻ ഇല്ലല്ലോ?

എരാ. ഒരിക്കലുമില്ല. കാരണം, സഹോദരൻ ഉണ്ടെങ്കിൽ അവൻ 'ഏകജാതൻ' എന്നു വിളിക്കപ്പെടുകയില്ല.

ഓർ. അപ്പോൾ, യാക്കോബിനെ 'കർതൃസഹോദരൻ' എന്നു വിളിച്ചപ്പോൾ, അവൻ നുണപറയുകയായിരുന്നു! കാരണം, കർത്താവ് ഏകജാതനാണ്, ഏകജാതന് സഹോദരനില്ല.

എരാ. കർത്താവ് ശരീരമില്ലാത്തവനല്ല. അതുകൊണ്ട്, സത്യത്തിന്റെ വക്താക്കൾ ദൈവത്വത്തെപ്പറ്റിയുള്ള കാര്യങ്ങൾ മാത്രമാണ് പറയുന്നത്.

ഓർ. ശ്ലീഹായുടെ വാക്കുകൾ സത്യമാണെന്ന് നീ എങ്ങനെ കാണിക്കും?

എരാ. ജഡപ്രകാരം കർത്താവിന് യാക്കോബുമായി ബന്ധമുണ്ടായിരുന്നു എന്നു പറഞ്ഞുകൊണ്ട്.

ഓർ. നോക്കുക. നീ തള്ളിക്കളഞ്ഞ വിഭജനത്തിലേക്ക് ഒരിക്കൽ കൂടി നീ കടന്നുവന്നിരിക്കുന്നു.

എരാ. ഈ ബന്ധം വിശദീകരിക്കാൻ മറ്റൊരു വഴിയില്ല.

ഓർ. അപ്പോൾ ഇത്തരം പ്രശ്നങ്ങൾ മറ്റുരീതിയിൽ പരിഹരിക്കാൻ പറ്റാത്തവരെ കുറ്റപ്പെടുത്തരുത്.

എരാ. പ്രശ്നത്തിൽ നിന്ന് ഒഴിഞ്ഞുമാറാൻ നീ ആഗ്രഹിക്കുന്നതിനാൽ, നീ ചർച്ച മറ്റൊരു വഴിക്ക് തിരിച്ചുവിടുകയാണ്.

ഓർ. എന്റെ സ്നേഹിതാ, ഒരിക്കലുമല്ല. നമ്മുടെ ചർച്ചയിലൂടെ അതും പരിഹരിക്കപ്പെടും. ഈ രീതിയിൽ നോക്കിക്കാണുക. യാക്കോബ് കർതൃസഹോദരൻ ആണെന്ന് കേട്ടപ്പോൾ ആ ബന്ധം ദൈവത്വത്തിനല്ല, മനുഷ്യത്വത്തിനാണ് ചേരുന്നതെന്ന് നീ പറഞ്ഞോ?

എരാ. ഞാൻ പറഞ്ഞു.

ഓർ. അപ്പോൾ, ഈ ഭാഗത്ത് കുരിശിലെ പീഡാനുഭവത്തെപ്പറ്റി കേൾക്കുമ്പോൾ, അത് ജഡത്തിന് ആരോപിക്കുക.

എരാ. ക്രൂശിക്കപ്പെട്ടവനെ പൗലോസ് ശ്ലീഹാ "മഹത്വത്തിന്റെ കർത്താവ്" എന്നു വിളിച്ചു (1കൊറി.2,8).

ഓർ. ആ ശ്ലീഹാതന്നെ കർത്താവിനെ യാക്കോബിന്റെ സഹോദരൻ എന്നും വിളിച്ചു (ഗലാ.1,19). രണ്ടു വാക്യങ്ങളിലും ഒരേ കർത്താവാണ്. നീ ബന്ധം ശരിയായി ജഡത്തിന് ആരോപിച്ചു. അതുപോലെ, ഇവിടെ പീഡാനുഭവവും അതിനുതന്നെ ആരോപിക്കേണ്ടിയിരുന്നു. ബന്ധം വിഭജനത്തി

www.malankaralibrary.com

ലൂടെ മനസിലാക്കുകയും പീഡാനുഭവം വിഭജനം കൂടാതെ ആരോപിക്കുകയും ചെയ്യുന്നത് തികച്ചും ധിക്കാരപരമാണ്.

എരാ. ക്രൂശിക്കപ്പെട്ടവനെ "മഹത്വത്തിന്റെ കർത്താവ്" എന്നു വിളിക്കുന്ന ശ്ലീഹായെ ഞാൻ അനുസരിക്കുന്നു.

ഓർ. അവിടുന്ന് മഹത്വത്തിന്റെ കർത്താവാണെന്ന് ഞാൻ വിശ്വസിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. കാരണം, കുരിശിൽ തറയ്ക്കപ്പെട്ടത് സാധാരണ മനുഷ്യന്റെ ശരീരമല്ല, മഹത്വത്തിന്റെ കർത്താവിന്റെ ശരീരമാണ്. ഐക്യംവഴി നാമങ്ങളും പൊതുവാണെന്ന് നാം ഓർത്തിരിക്കണം. അത് ഈ രീതിയിൽ നോക്കിക്കാണുക. കർതൃശരീരം സ്വർഗത്തിൽനിന്ന് ഇറങ്ങി വന്നെന്ന് നീ പറയുന്നുണ്ടോ?

എരാ. ഒരിക്കലുമില്ല.

ഓർ. എന്നാൽ അത് കന്യകയുടെ ഉദരത്തിൽ ഉരുവായെന്ന് നീ പറയുന്നു!

എരാ. അതേ.

ഓർ. അപ്പോൾ പിന്നെ, "താൻ നേരത്തേ ആയിരുന്നിടത്തേക്ക് മനുഷ്യപുത്രൻ കയറിപ്പോകുന്നത് നിങ്ങൾ കണ്ടാലോ?" എന്നും "സ്വർഗത്തിൽ നിന്ന് താഴേക്കു വന്ന സ്വർഗത്തിലുള്ള മനുഷ്യപുത്രൻ അല്ലാതെ ആരും സ്വർഗത്തിൽ കയറിയിട്ടില്ല" എന്നും കർത്താവിന് എങ്ങനെ പറയാൻ കഴിയും? (യോഹ.6,62;3,13).

എരാ. അവൻ ജഡത്തെപ്പറ്റിയല്ല, ദൈവത്വത്തെപ്പറ്റിയാണ് സംസാരിക്കുന്നത്.

ഓർ. എന്നാൽ ദൈവത്വം പിതാവായ ദൈവത്തിൽ നിന്നാണ്. പിന്നെങ്ങനെ അവനെ മനുഷ്യപുത്രൻ എന്ന് വിളിക്കാൻ കഴിയും?

എരാ. സ്വഭാവങ്ങളുടെ സവിശേഷതകൾ വ്യക്തിക്ക് പൊതുവായിട്ടുള്ളതാണ്. ഐക്യം നിമിത്തം ഒരേയൊരാൾ തന്നെ മനുഷ്യപുത്രനും ദൈവപുത്രനും, നിത്യനും കാലികനും, ദാവീദിന്റെ പുത്രനും ദാവീദിന്റെ കർത്താവും ഇതുപോലെയുള്ളവയുമാണ്.

ഓർ. തികച്ചും ശരിയാണ്. എന്നാൽ പേരുകളുടെ പൊതുവായ പങ്കുവയ്ക്കൽ സ്വഭാവങ്ങളുടെ സമ്മിശ്രം ഉളവാക്കുന്നില്ല എന്നു നാം ഓർത്തിരിക്കണം. അതുകൊണ്ടാണ്, അവൻ എങ്ങനെയാണ് ദൈവപുത്രൻ ആയിരിക്കുന്നത്, അതേയാൾ മനുഷ്യപുത്രനായിരിക്കുന്നത്, എങ്ങനെയാണ് അതേയാൾ ഇന്നലെയും ഇന്നും എന്നേക്കും ആയിരിക്കുന്നത് എന്ന് കൃത്യമായി അറിയാൻ നാം ആരായുന്നത്. ഭക്തിനിർഭരമായ വാക്വേർതിരിവിലൂടെ, എതിർസംഗതികൾ യോജിപ്പിലാണെന്ന് നമുക്ക് കാണാൻ കഴിയും.

www.malankaralibrary.com

എരാ. നീ പറയുന്നത് ശരിയാണ്.

ഓർ. കൊള്ളാം. ദൈവസ്വഭാവം സ്വർഗത്തിൽ നിന്ന് താഴേക്ക് ഇറങ്ങി വന്നെന്നും ഐക്യം നിമിത്തം അത് മനുഷ്യപുത്രൻ എന്നു വിളിക്കപ്പെട്ടെന്നും നീ പറഞ്ഞതുപോലെ, ജഡം കുരിശിൽ തറയ്ക്കപ്പെട്ടെന്ന് പറയുന്നതും ദൈവസ്വഭാവം കുരിശിലും കല്ലറയിലും അതിൽ നിന്ന് വേർപെട്ടില്ലെന്ന് ഏറ്റു പറയുന്നതും പ്രധാനപ്പെട്ട കാര്യമാണ്. കാരണം, ദൈവസ്വഭാവം സ്വഭാവ ത്താലേ സഹിക്കാത്തതും മരിക്കാത്തതുമാകയാൽ, ജഡം നിമിത്തം പീഡ അനുഭവിച്ചില്ല. എന്നാൽ അതിന് അമർത്യവും സഹനാതീതവുമായ സത്ത യാണുള്ളത്. അതുകൊണ്ട്, ക്രൂശിക്കപ്പെട്ടവനെ മഹത്വത്തിന്റെ കർത്താ വെന്ന് അവൻ വിളിക്കുകയും സഹനാതീത സ്വഭാവത്തിന്റെ നാമം സഹന വിധേയസ്വഭാവത്തിന് ആരോപിക്കുകയും ചെയ്തു. കാരണം, ശരീരം അതിന്റേതാകുന്നു.

നമുക്ക് ഇതും പരഗണിക്കാം: "അവർ അറിഞ്ഞിരുന്നെങ്കിൽ മഹത്വ ത്തിന്റെ കർത്താവിനെ കുരിശിൽ തറയ്ക്കുകയില്ലായിരുന്നു" എന്ന് ദിവ്യ ശ്ലീഹാ പറഞ്ഞു. അവർക്ക് അറിയാമായിരുന്ന സ്വഭാവത്തെയാണ് അവർ ക്രൂശിച്ചത്. അവർക്ക് അറിയാൻ പാടില്ലാത്ത സ്വഭാവത്തെയല്ല. തങ്ങൾ അ റിയാത്ത സ്വഭാവത്തെ അവർ അറിഞ്ഞിരുന്നെങ്കിൽ, അവർക്കറിയാവുന്ന സ്വഭാവത്തെ അവർ ക്രൂശിക്കയില്ലായിരുന്നു. എന്നാൽ അവർ ദൈവസ്വഭാ വത്തെ അറിയാത്തതിനാൽ, മനുഷ്യസ്വഭാവത്തെ ക്രൂശിച്ചു. അഥവാ, "ഏതെ ങ്കിലും സത്പ്രവൃത്തി നിമിത്തമല്ല ഞങ്ങൾ നിന്നെ കല്ലെറിയുന്നത്, പിന്നെ യോ, ദൈവദൂഷണം നിമിത്തമാണ്. കാരണം, വെറുമൊരു മനുഷ്യനായ നീ നിന്നെത്തന്നെ ദൈവമാക്കുന്നു എന്ന് അവർ പറയുന്നത് നീ കേൾക്കു ന്നില്ലേ?" (യോഹ.10,33). അവർ കണ്ട സ്വഭാവത്തെ അവർ തിരിച്ചറിഞ്ഞു. അദൃശ്യസ്വഭാവത്തെപ്പറ്റി അവർക്ക് യാതൊരറിവും ഇല്ലായിരുന്നെന്ന് ഈ വാക്കുകൾ തെളിയിക്കുന്നു. അവർ ആ സ്വഭാവത്തെ അറിഞ്ഞിരുന്നെങ്കിൽ അവർ മഹത്വത്തിന്റെ കർത്താവിനെ കുരിശിൽ തറയ്ക്കുമായിരുന്നില്ല.

എരാ. ഇത് കുറേയൊക്കെ ശരിയാണ്. എന്നാൽ ഏകജാതൻ തന്നെ - സത്യദൈവം, പിതാവുമായി സമസത്തയായവൻ-പീഡയനുഭവിക്കയും ക്രൂശിക്കപ്പെടുകയും ചെയ്തെന്ന് നിഖ്യായിൽ സംബന്ധിച്ച പിതാക്കന്മാർ പഠിപ്പിച്ച വിശ്വാസപ്രമാണത്തിൽ പറഞ്ഞിരിക്കുന്നു.

ഓർ. നീ പലപ്പോഴും ഏറ്റുപറഞ്ഞത് മറന്നുപോയെന്നു തോന്നുന്നു.

എരാ. നീ എന്താണ് അർഥമാക്കുന്നത്?

ഓർ. ഐക്യത്തിനുശേഷം ശ്രേഷ്ഠവും ബലഹീനവുമായ സവിശേ ഷതകളെല്ലാം ഏകയാളിന് ആരോപിക്കുന്നതാണ് തിരുലിഖിതശൈലി. അതി ഭാഗ്യവാന്മാരായ പിതാക്കന്മാർ, "അവൻ ജഡമെടുത്തു മനുഷ്യനായി" എന്ന്

www.malankaralibrary.com

ആദ്യമേ പറഞ്ഞതിനു ശേഷമാണ് "അവൻ ക്രൂശിക്കപ്പെടുകയും പീഡ അനുഭവിക്കുകയും ചെയ്തു" എന്ന് പിന്നീട് കൂട്ടിച്ചേർത്തത്. അങ്ങനെ, സഹിക്കാൻ കഴിയുന്ന സ്വഭാവം അവതരിപ്പിച്ച ശേഷമാണ് സഹനത്തെപ്പറ്റി സംസാരിച്ചത്. ഒരുപക്ഷേ നീയിത് ശ്രദ്ധിച്ചു കാണില്ല.

എരാ. ദൈവപുത്രൻ, പ്രകാശത്തിൽ നിന്നുള്ള പ്രകാശം, പിതാവിന്റെ സത്തയിൽ നിന്നുള്ളവൻ ക്രൂശിക്കപ്പെടുകയും പീഡയനുഭവിക്കുകയും ചെയ്തെന്നാണ് പിതാക്കന്മാർ പറഞ്ഞത്.

ഓർ. ദൈവികവും മാനുഷികവുമായ സവിശേഷതകളുടെയെല്ലാം കർത്താവ് ഏകയാളാണെന്ന് ഞാൻ പലപ്പോഴും പറഞ്ഞിട്ടുള്ളതാണ്. ഇക്കാരണത്താൽ, പിതാവിലുള്ള വിശ്വാസത്തെപ്പറ്റി പറഞ്ഞശേഷം പുത്രനിലേക്കു തിരിയാൻ അതിഭാഗ്യവാന്മാരായ പിതാക്കന്മാർ പഠിപ്പിച്ചു. പിതാവായ ദൈവത്തെപ്പറ്റി സംസാരിച്ചശേഷം നേരേ പുത്രന്റെ നാമം അവതരിപ്പിക്കുക വളരെ ന്യായയുക്തമായിരുന്നെങ്കിലും, അവർ ഉടനെതന്നെ 'ദൈവപുത്രനിലും' എന്നു പറഞ്ഞില്ല. ദൈവത്വത്തിന്റെ ഒരാളും മനുഷ്യത്വത്തിന്റെ മറ്റൊരാളും എന്ന് ചിന്തിക്കാതിരിക്കാൻ, ഒരേസമയം ദൈവത്തെപ്പറ്റിയും ദൈവികപദ്ധതിയെപ്പറ്റിയും പ്രതിപാദിക്കുന്ന സംഗതികൾ നമുക്ക് കൈമാറിത്തരാൻ അവർ ആഗ്രഹിച്ചു. അതുകൊണ്ട്, പിതാവിനെപ്പറ്റിയുള്ള അവരുടെ വാക്കുകളോട് ദൈവപുത്രനായ നമ്മുടെ കർത്താവേശുക്രിസ്തുവിലും വിശ്വസിക്കണമെന്ന് അവർ കൂട്ടിച്ചേർത്തു. മനുഷ്യനായി തീർന്ന ശേഷമാണ് വചനമാം ദൈവം 'ക്രിസ്തു' എന്ന് വിളിക്കപ്പെട്ടത്. അതുകൊണ്ട്, ഈ നാമം ദൈവികവും മാനുഷികവുമായ എല്ലാ സവിശേഷതകളുടെയും കർത്താവാണ്. എന്നാൽ അവയിൽ ചിലത് ദൈവത്വത്തെയും മറ്റുചിലത് മനുഷ്യത്വത്തെയും കുറിക്കുന്നു എന്നു നാം മനസിലാക്കുന്നു. വിശ്വാസപ്രമാണത്തിൽ നിന്നുതന്നെ വളരെ എളുപ്പത്തിൽ ഇത് ഗ്രഹിക്കാൻ കഴിയും. പിതാവിന്റെ സത്തയിൽ നിന്ന് എന്നത് എന്തിലാണ് നീ ആരോപിക്കുന്നതെന്നു പറഞ്ഞാലും. ദൈവത്വത്തിനോ, ദാവീദിന്റെ വംശാവലിയിൽ നിന്ന് രൂപീകൃതമായ സ്വഭാവത്തിനോ?

എരാ. തീർച്ചയായും ദൈവത്വത്തിനാണ്.

ഓർ. സത്യദൈവത്തിൽ നിന്നുള്ള സത്യദൈവം എന്നത് ദൈവത്വത്തിനാണോ, മനുഷ്യത്വത്തിനാണോ ചേരുന്നത്?

എരാ. ദൈവത്വത്തിന്

ഓർ. അപ്പോൾ, ജഡമോ, ആത്മാവോ അല്ല, എല്ലാം രൂപീകരിച്ച ദൈവത്വമാണ് പിതാവിന്റെ സത്തയിൽ നിന്നുള്ളത്. കാരണം, ജഡവും ആത്മാവും സൃഷ്ടിക്കപ്പെട്ടതാണ്.

എരാ. ശരിയാണ്.

www.malankaralibrary.com

ഓർ. അതുപോലെ, പീഡാനുഭവത്തെയും കുരിശിനെയും പറ്റി കേൾക്കുമ്പോൾ, പീഡയനുഭവിച്ച സ്വഭാവം നാം തിരിച്ചറിയണം. അത് സഹനാതീത സ്വഭാവത്തിന് ആരോപിക്കാൻ പാടില്ല. പിന്നെയോ, ഇതിനായി എടുത്ത സ്വഭാവത്തിനാണ് ആരോപിക്കേണ്ടത്. ദൈവസ്വഭാവം സഹനാതീതമാണെന്ന് മഹനീയ പിതാക്കന്മാർ ഏറ്റുപറഞ്ഞെന്നും ജഡത്തിന് സഹനം ആരോപിച്ചെന്നും അവരുടെ വിശ്വാസപ്രമാണത്തിന്റെ അവസാനഭാഗം സാക്ഷിക്കുന്നു. അത് ഇപ്രകാരം പറയുന്നു: "അവൻ ഇല്ലാതിരുന്ന സമയം ഉണ്ടായിരുന്നു" എന്നോ, "ജനിക്കുന്നതിനു മുമ്പ് അവൻ സ്ഥിതിചെയ്തിരുന്നില്ല" എന്നോ, "ഇല്ലായ്മയിൽ നിന്നോ മറ്റേതെങ്കിലും സത്തയിൽ നിന്നോ അവൻ അസ്തിത്വത്തിലെത്തി" എന്നോ പറയുന്നവരെ വിശുദ്ധ കാതോലികവും ശ്ലൈഹികവുമായ സഭ ശപിക്കുന്നു". കാരണം, ദൈവപുത്രൻ മാറ്റത്തിനും വ്യതിയാനത്തിനും വിധേയനാണെന്ന് അവർ പഠിപ്പിക്കുന്നു. അതുകൊണ്ട്, ദൈവസ്വഭാവത്തിന് സഹനം ആരോപിക്കുന്നവരെ എത്ര കഠിനതരമായ ശിക്ഷയാലാണ് അവർ ഭീഷണിപ്പെടുത്തുന്നതെന്ന് കാണുക.

എരാ. അവിടെ ചർച്ച മാറ്റത്തെപ്പറ്റിയും വ്യതിയാനത്തെപ്പറ്റിയുമാണ്.

ഓർ. മാറ്റവും വ്യതിയാനവുമല്ലാതെ സഹനമെന്താണ്? കാരണം, ജഡമായി തീരുന്നതിനുമുമ്പ് സഹനാതീതൻ ആയിരുന്നവൻ ജഡമെടുത്തശേഷം സഹിച്ചെങ്കിൽ, മാറ്റത്തിനു വിധേയമായിട്ടത്രേ സഹിച്ചത്. മനുഷ്യനായി തീരുന്നതിനുമുമ്പ് അമർത്യനായിരുന്നവൻ മരിച്ചെങ്കിൽ, നീ പറയുന്നതനുസരിച്ച്, മനുഷ്യനായി തീർന്നശേഷം, അമർത്യതയിൽ നിന്ന് മർത്യതയിലേക്ക് നീങ്ങി, പൂർണമായി മാറ്റത്തിന് വിധേയനായി. എന്നാൽ അതിപരിശുദ്ധ പിതാക്കന്മാർ അത്തരം ആശയങ്ങളെയും ആശയക്കാരെയും സഭയിൽ നിന്ന് പുറത്താക്കുകയും ആരോഗ്യമുള്ള ശരീരത്തിൽ നിന്ന് രോഗഗ്രസ്തമായ അവയവം നീക്കുന്നതുപോലെ, അവരെ മുറിച്ചുമാറ്റുകയും ചെയ്യുന്നു. അതുകൊണ്ട്, ശിക്ഷാവിധിയെ ഭയപ്പെട്ട് ദൈവദൂഷണം വെറുക്കുക എന്ന് ഞാൻ നിന്നെ ഉപദേശിക്കുന്നു. നാം പറഞ്ഞവയൊക്കെ വിശുദ്ധ പിതാക്കന്മാർ തങ്ങളുടെ കൃതികളിൽ പറഞ്ഞിട്ടുള്ളതാണെന്ന് ഞാൻ നിന്നെ കാണിക്കാം. അവരിൽ ചിലർ ആ മഹാസിനഡിൽ സംബന്ധിച്ചവരാണ്. മറ്റുചിലർ അതിനുശേഷം സഭയിൽ പ്രശസ്തരായിരുന്നു. വേറേ ചിലർ വളരെ കാലങ്ങൾക്കുമുമ്പ് ലോകത്തെ പ്രകാശിപ്പിച്ചവരാണ്. എന്നാൽ വ്യത്യസ്ത കാലഘട്ടങ്ങളോ, ഭാഷകളുടെ വൈവിധ്യമോ, അവരുടെ യോജിപ്പിനെ നശിപ്പിച്ചില്ല. അനേകം വ്യത്യസ്ത ചരടുകളുണ്ടെങ്കിലും ഒത്തൊരുമിച്ച് സ്വരം പുറപ്പെടുവിക്കുന്ന വീണപോലെയാണ് അവർ.

എരാ. ഇത്തരം പ്രബോധനം വളരെ പ്രയോജനപ്രദവും ചോദ്യം ചെയ്യപ്പെടാൻ സാധിക്കാത്തതുമാകയാൽ, എനിക്ക് അതീവതാൽപര്യവും ആഗ്രഹവുമുള്ള ഈ പ്രബോധനം തന്നാലും.

www.malankaralibrary.com

ഓർ. അങ്ങനെയെങ്കിൽ, നീ നിന്റെ ചെവിതുറന്ന് ആത്മീയ ഉറവകളിൽ നിന്ന് ഒഴുകുന്ന അരുവികളെ സ്വാഗതം ചെയ്യുക.

**അന്ത്യോക്യൻ മെത്രാനും രക്തസാക്ഷിയുമായ വി. ഇഗ്നേഷ്യസ്**

1. സ്മിർണാക്കാർക്കുള്ള ലേഖനത്തിൽ നിന്ന് (6,3): അവർ കുർബാന യിൽനിന്നും പ്രാർഥനാശുശ്രൂഷയിൽനിന്നും അകന്നിരിക്കുന്നു. കാരണം, നമ്മുടെ പാപങ്ങൾ മൂലം കഷ്ടപ്പെടുകയും തന്റെ നന്മയിൽ പിതാവ് മരിച്ച വരിൽ നിന്ന് ഉയർപ്പിക്കുകയും ചെയ്ത നമ്മുടെ കർത്താവായ യേശുക്രി സ്തുവിന്റെ ശരീരമാണ് വിശുദ്ധ കുർബാനയെന്ന് അംഗീകരിക്കാൻ അവർ വിസമ്മതിക്കുന്നു.

**ലയൺസിലെ മെത്രാനായ ഐറേനിയസ്**

2. പാഷണ്ഡതകൾക്കെതിരെയുള്ള മൂന്നാം പ്രതിപാദനത്തിൽ നിന്ന് (3,18.3): അതുകൊണ്ട്, കന്യകയിൽ നിന്നു ജനിച്ചവനും പീഡയനുഭവിച്ച വനും സംസ്ക്കരിക്കപ്പെട്ടവനും ഉത്ഥാനം ചെയ്തവനുമായ ക്രിസ്തുവിനെ അല്ലാതെ മറ്റൊരു ക്രിസ്തുവിനെ പൗലോസ് അറിയുന്നില്ല എന്നത് വ്യക്ത മാണല്ലോ. അവനെ അവൻ മനുഷ്യനെന്നു വിളിക്കയും ചെയ്യുന്നു. “മരിച്ച വരിൽ നിന്ന് ഉത്ഥിതനായി ക്രിസ്തു പ്രഘോഷിക്കപ്പെടുന്നെങ്കിൽ”, എന്നു പറഞ്ഞശേഷം അവന്റെ മനുഷ്യാവതാരത്തിന്റെ കാരണം അവൻ നൽകുന്നു: “ഒരു മനുഷ്യനിലൂടെ മരണം പ്രവേശിച്ചതു പോലെ, ഒരു മനുഷ്യനിലൂടെ മരിച്ചവരുടെ ഉത്ഥാനവും ഉണ്ടായി” (1കൊറി.15,12.20). നമ്മുടെ കർത്താവിന്റെ പീഡാനുഭവം, അവന്റെ മനുഷ്യത്വം, മരണം എന്നിവ സംബന്ധിച്ച് അവൻ പൊതുവെ ക്രിസ്തു എന്ന നാമമാണ് ഉപയോഗിച്ചിട്ടുള്ളത്. ഉദാ. അവൻ ഇ പ്രകാരം പറഞ്ഞു: “ക്രിസ്തു ആർക്കുവേണ്ടി മരിച്ചുവോ, അവനെ നിന്റെ ഭക്ഷണം കൊണ്ട് നീ നശിപ്പിക്കരുത്” (റോമ.14,15). “ഒരിക്കൽ ദൂരസ്ഥരാ യിരുന്ന നിങ്ങൾ ക്രിസ്തുവിന്റെ രക്തത്തിലൂടെ ഇപ്പോൾ ക്രിസ്തുവിൽ സമീ പസ്ഥരായിരിക്കുന്നു” (എഫേ.2,13). അവൻ ഇതും പറഞ്ഞു: “ശാപമായി തീർന്നുകൊണ്ട് ക്രിസ്തു നമ്മെ നിയമത്തിന്റെ ശാപത്തിൽ നിന്ന് വിലയ്ക്കു വാങ്ങി. എന്തുകൊണ്ടെന്നാൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: കുരിശിൽ തറയ്ക്കപ്പെട്ടവൻ ശപിക്കപ്പെട്ടവനാകുന്നു” (ഗലാ.3,13).

3. അതേ കൃതിയിൽ നിന്ന് (3,19.3): പരീക്ഷിക്കപ്പെടാൻ അവൻ ഒരു മനുഷ്യനായിരുന്നതുപോലെ, മഹത്വീകരിക്കപ്പെടാൻ അവൻ വചനമായിരു ന്നു. പരീക്ഷണത്തിലും ക്രൂശാരോഹണത്തിലും മരണത്തിലും വചനം നിശ്ശ ബ്ദനായിരുന്നു. എന്നാൽ വിജയത്തിലും ക്ഷമയിലും കാരുണ്യത്തിലും ഉത്ഥാനത്തിലും സ്വർഗാരോഹണത്തിലും അവൻ മനുഷ്യനോടു കൂടെ ആയി രുന്നു.

4. അതേ കൃതിയുടെ അഞ്ചാം പ്രതിപാദനത്തിൽ നിന്ന് (5,1.1): അതു

www.malankaralibrary.com

കൊണ്ട്, തന്റെ സ്വന്തരക്തത്താൽ കർത്താവ് നമ്മെ വീണ്ടെടുക്കുകയും നമ്മുടെ ആത്മാക്കൾക്കു പകരമായി തന്റെ ആത്മാവിനെ നൽകുകയും നമ്മുടെ ജഡത്തിന്റെ സ്ഥാനത്ത് തന്റെ ജഡം നൽകുകയും ചെയ്തതിനാൽ...

**മെത്രാനും രക്തസാക്ഷിയുമായ വി. ഹിപ്പോളിറ്റസ്**

5. ഏതോ രാജ്ഞിക്കുള്ള കത്തിൽ നിന്ന് (മാമെയാ രാജ്ഞിക്ക് ഉത്ഥാനത്തെപ്പറ്റി): അവിടുന്ന് മരിച്ചവരിൽ നിന്നുള്ള ആദ്യജാതനാകയാൽ, നിദ്രപ്രാപിച്ചവരുടെ ആദ്യഫലമെന്ന് അവൻ അവനെ വിളിക്കുന്നു (കൊളോ.1,18). മരിച്ചവൻ തന്നെയാണ് ഉയർത്തതെന്ന് കാണിക്കാൻ അവൻ ആഗ്രഹിച്ചതിനാൽ, തന്റെ ഉത്ഥാനശേഷം ശിഷ്യന്മാർ സംശയഗ്രസ്തരായിരുന്നപ്പോൾ അവിടുന്ന് തോമസിനോട് പറഞ്ഞു: "വന്ന് എന്നെ സ്പർശിച്ചു നോക്കുക. എനിക്കുള്ളതു പോലെ ഭൂതത്തിന് അസ്ഥിയും മാംസവും ഇല്ലല്ലോ" (യോഹ.20,27).

6. അതേ കത്തിൽ നിന്ന്: അവനെ ആദ്യജാതനെന്നു വിളിക്കുന്നതിലൂടെ നാം പറഞ്ഞതിന് അവൻ സാക്ഷ്യം വഹിക്കുന്നു. അതായത്, രക്ഷകൻ അതേ പദാർഥത്തിൽ നിന്ന് ജഡമെടുക്കുകയും നീതിമാന്മാരുടെ ജഡത്തിന്റെ ആദ്യഫലമാക്കി തീർത്തുകൊണ്ട് അതിനെ ഉയർപ്പിക്കുകയും ചെയ്തു. അങ്ങനെ അവനിൽ വിശ്വസിക്കുന്ന നാമെല്ലാവരും, സംഭവിക്കാനിരിക്കുന്ന ഉത്ഥാനം, ഉത്ഥാനം ചെയ്തവനിലുള്ള പ്രത്യാശയിലൂടെ സ്വന്തമാക്കും.

7. രണ്ടു കള്ളന്മാരെ കുറിച്ചുള്ള പ്രതിപാദനത്തിൽ നിന്ന് (യോഹ.19,34): പരിപാവനരക്തം, വിശുദ്ധജലം എന്നിങ്ങനെ രണ്ടു വസ്തുക്കൾ കർതൃശരീരം ലോകത്തിനു പ്രദാനം ചെയ്തു.

8. അതേ കൃതിയിൽ നിന്ന്: മാനുഷികാസ്തിത്വരീതി അനുസരിച്ച് ശരീരം മൃതമായെങ്കിലും ജീവന്റെമേൽ അതിന് അതിൽതന്നെ അപ്പോഴും വലിയ ശക്തി ഉണ്ടായിരുന്നു. മരിച്ച ജഡത്തിൽ നിന്ന് ഒഴുകാത്ത രക്തവും വെള്ളവും അതിൽ നിന്നൊഴുകി. അങ്ങനെ, അതിൽ വസിച്ച ശക്തിക്ക് ജീവനുവേണ്ടി എത്രമാത്രം പ്രവർത്തിക്കാൻ കഴിയുമെന്ന് നാം മനസിലാക്കാൻ വേണ്ടിയായിരുന്നു അത്. അതുകൊണ്ട് അത് വ്യക്തമായി മറ്റു ശരീരങ്ങളെപ്പോലെയല്ല. പിന്നെയോ, നമുക്ക് ജീവന്റെ ഉറവകൾ വർഷിക്കാൻ കഴിവുറ്റതാണ്.

9. അതേ കൃതിയിൽ നിന്ന്: വിശുദ്ധ കുഞ്ഞാടിന്റെ അസ്ഥികൾ തകർത്തിരുന്നില്ല. അതുകൊണ്ട്, പീഡാനുഭവം ശക്തിയെ ബാധിക്കുന്നില്ലെന്ന് പ്രതീകം കാട്ടുന്നു. കാരണം, ശരീരബലം അസ്ഥിയിലാണല്ലോ.

www.malankaralibrary.com

**അന്ത്യോക്യൻമെത്രാനും വിശ്വാസസാക്ഷിയുമായ വി. ഒസ്താത്യോസ്**

10. ആത്മാവിനെ പറ്റിയുള്ള പ്രതിപാദനത്തിൽ നിന്ന് (ആരിയർക്കെതിരെ): അവരുടെ ദുഷ്ടത നിറഞ്ഞ പരദൂഷണം ചുരുങ്ങിയ വാക്കുകളിൽ നമുക്ക് ഖണ്ഡിക്കാൻ കഴിയും. മനുഷ്യരക്ഷാർഥം അവൻ തന്റെ ശരീരം സ്വമേധയാ മരണത്തിന് വിധേയമാക്കിയില്ലെങ്കിൽ, ഇത് വളരെ പ്രധാനപ്പെട്ടതാകുമായിരുന്നു. ഒന്നാമത്, അവന് തന്റെ ശത്രുക്കളുടെ ആക്രമണത്തെ തടയാൻ കഴിയാതിരുന്നതിനാൽ, അവർ അവന് തികഞ്ഞ ബലഹീനത ആരോപിക്കുന്നു.

11. അതേ കൃതിയിൽ നിന്ന്: ക്രിസ്തു ആത്മാവിനെ കൂടാതെ ഒരു ശരീരമെടുത്തെന്ന് പച്ചക്കള്ളങ്ങൾ കെട്ടിച്ചമച്ചു കാണിക്കുന്നത് സർവപ്രധാനമാണെന്ന് എന്തിനാണ് അവർ കരുതുന്നത്? ഇത് വാസ്തവമാണെന്ന് പ്രഖ്യാപിച്ചുകൊണ്ട്, ചിലരെ ദുഷിപ്പിക്കുന്നതിനും, പീഡനങ്ങളാൽ ഉണ്ടാകുന്ന മാറ്റങ്ങൾ ദൈവികാരൂപിക്ക് ആരോപിച്ചുകൊണ്ട്, വ്യതിയാനവിധേയമായത് വ്യതിയാനാതീത പ്രകൃതിയിൽ നിന്നു ജനിച്ചതല്ലെന്ന് അവരെ എളുപ്പത്തിൽ ബോധ്യപ്പെടുത്തുന്നതിനും തങ്ങൾക്കു കഴിയുന്നതിനാണിത്.

12. "കർത്താവ് തന്റെ വഴികളുടെ ആരംഭത്തിൽ എന്നെ സൃഷ്ടിച്ചു" എന്ന വാക്യത്തെ കുറിച്ചുള്ള പ്രതിപാദനത്തിൽ നിന്ന് (സുഭാ.8,22): എന്തുകൊണ്ടെന്നാൽ, മരിച്ച മനുഷ്യൻ മൂന്നാംനാൾ ഉയർക്കുന്നു; എന്നാൽ മറിയം അവന്റെ പാവനാവയവങ്ങളെ സ്പർശിക്കാൻ തീവ്രമായ ആഗ്രഹത്തോടെ മുതിർന്നപ്പോൾ തടഞ്ഞുകൊണ്ട് അവൻ അവളോടു പറയുന്നു: "ഞാനിപ്പോഴും എന്റെ പിതാവിന്റെ പക്കലേക്ക് ആരോഹണം ചെയ്തിട്ടില്ലാത്തതിനാൽ എന്നെ സ്പർശിക്കരുത്. എന്റെ സഹോദരന്മാരുടെ പക്കലേക്കു പോയി അവരോട് പറയുക: ഞാൻ എന്റെ പിതാവിന്റെയും നിങ്ങളുടെ പിതാവിന്റെയും എന്റെ ദൈവത്തിന്റെയും നിങ്ങളുടെ ദൈവത്തിന്റെയും പക്കലേക്കു കരേറുന്നു" (യോഹ.20,17). സ്വർഗത്തിൽ നിന്നു വരികയും പിതൃമാർവിടത്തിൽ വസിക്കുകയും ചെയ്യുന്ന വചനമാം ദൈവം, "ഞാൻ ഇപ്പോഴും എന്റെ പിതാവിന്റെ പക്കലേക്ക് ആരോഹണം ചെയ്തിട്ടില്ല" എന്ന് പറഞ്ഞില്ല. അസ്തിത്വമുള്ളവയെ എല്ലാം ഉൾക്കൊള്ളുന്ന വിജ്ഞാനവും ഇത് പറഞ്ഞില്ല. വിവിധാവയവങ്ങളാൽ രൂപീകരിക്കപ്പെടുകയും മരിച്ചവരിൽ നിന്ന് ഉയർപ്പിക്കപ്പെടുകയും മരണാനന്തരം തന്റെ പിതാവിന്റെ പക്കലേക്ക് അതുവരെ ആരോഹണം ചെയ്യാതിരിക്കയും ചെയ്തവനാണ് ഇത് പറഞ്ഞത്. തന്റെ കടന്നുപോക്കിന്റെ ആദ്യഫലം അവൻ തനിക്കായി നീക്കിവച്ചു.

13. അതേ കൃതിയിൽ നിന്ന്: ക്രൂശിക്കപ്പെട്ട അതേ മനുഷ്യനെ അവൻ തന്റെ ലേഖനത്തിൽ "മഹത്വത്തിന്റെ കർത്താവ്" എന്ന് വിളിക്കുന്നു. ശ്ലീഹന്മാർ ചെയ്യുന്നതുപോലെ, അവൻ അവനെ കർത്താവെന്നും ക്രിസ്തുവെന്നും വിളിച്ചു. ദൃശ്യഇസ്രായേലിനോട് ഏകസ്വരത്തിൽ ശ്ലീഹന്മാർ ഇപ്രകാരം പറഞ്ഞു: "ഇസ്രായേൽ ഭവനം മുഴുവൻ ഉറപ്പായി ഇതറിയട്ടെ. നിങ്ങൾ കുരിശിൽ

www.malankaralibrary.com

തറച്ച ഈ യേശുവിനെ ദൈവം കർത്താവും ക്രിസ്തുവുമാക്കി" (നട.3,36). അതുകൊണ്ട്, പീഡയനുഭവിച്ച യേശുവിനെയാണ് അവിടുന്ന് കർത്താവാക്കിയത്. അല്ലാതെ ആരംഭം മുതൽ കർതൃത്വത്തിന്റെ അധികാരമുള്ള വചനത്തെയോ, വിജ്ഞാനത്തെയോ അല്ല. കുരിശിന്മേൽ ഉയർത്തപ്പെടുകയും കൈകൾ നിവർത്തപ്പെടുകയും ചെയ്തവനെയാണ് ആക്കിയത്.

14. അതേ കൃതിയിൽ നിന്ന്: കാരണം, അവനു ശരീരം ഇല്ലെങ്കിൽ, കൈകൾ കൊണ്ട് സ്പർശിക്കപ്പെടാനാവില്ല, അവനെ കണ്ണുകൊണ്ട് കാണാൻ കഴിയുമായിരുന്നില്ല, അവന് മുറിവേൽക്കുകയില്ലായിരുന്നു, ആണികളാൽ കുത്തിത്തുളയ്ക്കപ്പെടുമായിരുന്നില്ല, മരണത്തിൽ ഭാഗഭാക്കാകുമായിരുന്നില്ല, ഭൂമിയിൽ മറവുചെയ്യപ്പെടുമായിരുന്നില്ല, കല്ലറയിൽ അടയ്ക്കപ്പെടുമായിരുന്നില്ല, കല്ലറയിൽ നിന്ന് ഉയർപ്പിക്കപ്പെടുമായിരുന്നില്ല.

15. അതേ കൃതിയിൽ നിന്ന്: "ആരും എന്റെ ആത്മാവിനെ എന്നിൽ നിന്ന് എടുത്തുമാറ്റുകയല്ല, എന്റെ ആത്മാവിനെ സമർപ്പിക്കാനും അതിനെ തിരികെ എടുക്കാനും എനിക്ക് അധികാരമുണ്ട്" (യോഹ.10,18). അവന് ദൈവമെന്ന നിലയിൽ ഈ രണ്ട് അധികാരങ്ങളും ഉണ്ടായിരുന്നു. എന്നാൽ ആലയത്തെ നശിപ്പിക്കാൻ ചിന്താരഹിതരായി കടന്നാക്രമണം നടത്തിയവരെ അവൻ അനുവദിച്ചു. എന്നാൽ ഉത്ഥാനം ചെയ്തുകൊണ്ട് കൂടുതൽ മഹനീയമായി അവൻ അതിനെ പുനഃസ്ഥാപിച്ചു. അവൻ തന്നെ തന്റെ വാസസ്ഥലത്തെ എഴുന്നേൽപ്പിക്കുകയും പുനഃസ്ഥാപിക്കുകയും ചെയ്തെന്ന് ഖണ്ഡനാതീത തെളിവുകൾ കാണിച്ചിരിക്കുന്നു. എന്നാൽ പുത്രന്റെ ശക്തിയേറിയ കർമങ്ങൾ അതിദിവ്യപിതാവിനും ആരോപിക്കണം. കാരണം, തിരുലിഖിതത്തിന്റെ സ്പഷ്ടമായ പ്രസ്താവനകൾ അനുസരിച്ച്, പുത്രൻ പിതാവിനെ കൂടാതെ യാതൊന്നും പ്രവർത്തിക്കുന്നില്ല (യോഹ.5,19). അതുകൊണ്ടാണ് അതിദിവ്യപിതാവ് ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയർപ്പിച്ചെന്ന് ചിലപ്പോൾ പറയുന്നതും മറ്റുചിലപ്പോൾ തന്റെ ആലയത്തെ താൻ തന്നെ ഉയർപ്പിക്കുമെന്ന് പുത്രൻ പറയുന്നതും. അതുകൊണ്ട്, ക്രിസ്തുവിന്റെ ദിവ്യാത്മാവ് സഹനാതീതമാണെന്ന് മുൻപഠനങ്ങൾ കാണിച്ചിട്ടുണ്ടെങ്കിൽ, ശ്ലീഹന്മാർ വരച്ച അതിർത്തി കടന്നാക്രമിക്കാൻ ശാപഗ്രസ്തർ പരിശ്രമിക്കുന്നത് വൃഥാവിലാണ്. കാരണം, "മഹത്വത്തിന്റെ കർത്താവ് ക്രൂശിക്കപ്പെട്ടു" എന്ന് പ്രഖ്യാപിച്ചപ്പോൾ പൗലോസ് മനുഷ്യനെയാണ് വ്യക്തമായി വിവക്ഷിക്കുന്നതെങ്കിൽ (1കൊറി.2,8), അവനെ ഖണ്ഡിക്കാൻ മുതിരുന്നതും ദൈവത്വത്തിന് സഹനം ആരോപിക്കുന്നതും തികച്ചും തെറ്റാണ്. പിന്നെ എന്തുകൊണ്ട് അവർ ഈ കെട്ടുപിണഞ്ഞ കഥ കെട്ടിച്ചമച്ച്, ബലഹീനത മൂലം ക്രിസ്തു ക്രൂശിക്കപ്പെട്ടെന്ന് പറയുന്നു?

16. അതേ കൃതിയിൽ നിന്ന്: ഏതെങ്കിലും ബലഹീനത അവന് ആരോപിക്കുന്നത് ഉചിതമാണെങ്കിൽ, അത് മനുഷ്യനെ കുറിച്ച് പരാമർശിക്കു

www.malankaralibrary.com

ന്നതായിരിക്കും കൂടുതൽ ന്യായയുക്തം. അല്ലാതെ, ദൈവത്വത്തിന്റെ പൂർണതയ്ക്കോ, ഉന്നതത്തിലുള്ള വിജ്ഞാനത്തിന്റെ മഹത്വത്തിനോ, പൗലോസിന്റെ വാക്കുകളിൽ "എല്ലാറ്റിന്മേലും ദൈവമായിരിക്കുന്നവനോ" അല്ല (റോമ.9,5).

17. അതേ കൃതിയിൽ നിന്ന്: പൗലോസ് എഴുതുന്നതനുസരിച്ച്, അവൻ മരിച്ചത് ഇത്തരം ബലഹീനത നിമിത്തമാണ്. എന്തുകൊണ്ടെന്നാൽ ദൈവികാരൂപിയോടുകൂടെ വ്യക്തമായി വസിക്കുന്ന മനുഷ്യൻ ദൈവികശക്തിയാലാണ് ജീവിക്കുന്നത്. അവനിൽ സജീവമായിരിക്കുന്ന അത്യുന്നതന്റെ ശക്തി മുൻപ്രസ്താവനകളനുസരിച്ച്, വെളിപ്പെടുത്തപ്പെട്ടിരിക്കുന്നുവല്ലോ.

18. അതേ കൃതിയിൽ നിന്ന്: അവൻ കന്യകയുടെ ഉദരത്തിൽ ആയിരുന്നപ്പോൾ തന്റെ ശക്തി കുറച്ചില്ലെങ്കിൽ, ശരീരം കുരിശുമരത്തിൽ തറയ്ക്കപ്പെട്ടപ്പോൾ ആത്മാവ് മലിനമായില്ല. എന്തുകൊണ്ടെന്നാൽ ശരീരം മുകളിൽ ഉയർത്തപ്പെടുകയും ക്രൂശിക്കപ്പെടുകയും ചെയ്തു. എന്നാൽ വിജ്ഞാനത്തിന്റെ ദിവ്യാത്മാവ് ശരീരത്തിൽ പോലും ജീവിച്ചു, സ്വർഗങ്ങൾ നിറച്ചു, ധര മുഴുവനെയും കെട്ടിപ്പുണർന്നു, ആഴങ്ങൾ കീഴടക്കി, ഓരോരുത്തരുടെയും ആത്മാവിലേക്കു നോക്കി ന്യായവിധി നടത്തി, ദൈവമെന്ന നിലയിൽ ചെയ്യുന്നവയെല്ലാം ചെയതുകൊണ്ടിരുന്നു. നനഞ്ഞതും ഉണങ്ങിയതുമായ വസ്തുക്കൾ പാത്രങ്ങളിൽ ആയിരിക്കുമ്പോൾ പരിമിതപ്പെട്ടിരിക്കുന്നു. എന്നാൽ അവ പാത്രങ്ങളെ പരിമിതപ്പെടുത്തുന്നില്ല. അതുപോലെ, ശാരീരിക പദാർഥത്തിൽ ആയിരിക്കുന്നതു നിമിത്തം, ഉന്നതത്തിലെ വിജ്ഞാനം പരിമിതപ്പെടുന്നില്ല. യഥാർഥത്തിൽ, വിജ്ഞാനം ദൈവികവും അവാച്യവുമായ ശക്തിയായതിനാൽ, ആലയത്തിന് അകത്തും പുറത്തും ഉള്ളവയെയെല്ലാം അത് ഉൾക്കൊള്ളുകയും ഭരിക്കയും ചെയ്യുന്നു. പിന്നീട്, അതിനപ്പുറത്തേക്ക് കടന്ന്, ഒരേസമയം ശാരീരികപദാർഥങ്ങളെയെല്ലാം പൊതിയുകയും ഭരിക്കുകയും ചെയ്യുന്നു.

19. അതേ കൃതിയിൽ നിന്ന്: സൂര്യൻ ഒരു ദൃശ്യവസ്തുവാണ്. ഇന്ദ്രിയങ്ങൾ അത് ഗ്രഹിക്കുന്നു. ലോകത്തുടനീളം അത് നിരവധി ദ്രോഹങ്ങൾ സഹിക്കുന്നെങ്കിലും, അത് അതിന്റെ ഗതി മാറ്റുന്നില്ല, അഥവാ, വലുതോ, ചെറുതോ ആയ താഡനം ഏൽക്കുന്നില്ല. എങ്കിൽ, ജഡരഹിതമായ വിജ്ഞാനത്തിന്റ ആലയം കുരിശിൽ തറയ്ക്കപ്പെടുമ്പോൾ, അതിന്റെ സ്വഭാവം മാലിന്യമേറ്റ് മാറിയെന്നോ, തകർക്കപ്പെട്ടെന്നോ, മുറിവേറ്റെന്നോ, ജീർണതയ്ക്ക് വിധേയമായെന്നോ നാം വിഭാവന ചെയ്യുന്നുണ്ടോ? മറിച്ച്, ശുദ്ധസത്ത അതിന്റെ മാന്യത കളങ്കരഹിതമായി അഭംഗുരം നിലനിർത്തുമ്പോൾ, ആലയം പീഡനമേൽക്കുന്നു.

20. ആരോഹണ സങ്കീർത്തനങ്ങളുടെ തലക്കെട്ടുകളെ കുറിച്ചുള്ള പ്രതിപാദനത്തിൽ നിന്ന്: സൗന്ദര്യവും മറ്റെല്ലാ തരത്തിലുള്ള സുകൃതങ്ങളും

www.malankaralibrary.com

സംബന്ധിച്ച്, പരിപൂർണനും അനന്തനും അഗ്രാഹ്യനും സ്വയം മതിയായവനുമായ പിതാവ്, ആർജിതമഹത്വം സ്വീകരിക്കുന്നില്ല. അതുപോലെ, തന്നിൽ നിന്നു ജനിച്ചവനും ദൈവവുമായ അവന്റെ വചനവും സ്വീകരിക്കുന്നില്ല. അവനിലൂടെ മാലാഖമാരും ആകാശങ്ങളും വിസ്തൃതഭൂമിയും, ഒറ്റവാക്കിൽ സൃഷ്ടയാഥാർഥ്യങ്ങളുടെ പദാർഥങ്ങളും ഘടനകളും അസ്തിത്വത്തിൽ എത്തിച്ചേർന്നു. എന്നാൽ ക്രിസ്തുവിലെ മനുഷ്യൻ തന്റെ ശത്രുക്കളുടെ പരസ്യമായ അവഹേളനാർഥം മരിച്ചവരിൽ നിന്ന് ഉയർത്തപ്പെടുകയും ഉന്നതത്തിലേക്ക് എടുക്കപ്പെടുകയും മഹത്വീകരിക്കപ്പെടുകയും ചെയ്തു.

21. അതേ കൃതിയിൽ നിന്ന്: വചനമാം ദൈവം അർഹമായ ബഹുമാനത്തോടെ തന്റെ സ്വന്തം ആലയത്തെ ഉയർത്തിയപ്പോൾ, അസൂയ നിമിത്തം തനിക്കെതിരെ വിദ്വേഷം ഇളക്കി വിടുകയും ദുഷ്ടശക്തിയാൽ ശക്തരായി തീരുകയും ചെയ്തവർ ചിതറിക്കപ്പെട്ടു.

22. 92-ാം സങ്കീർത്തനത്തിന്റെ വ്യാഖ്യാനത്തിൽ നിന്ന്: അതുകൊണ്ട്, അവസാനം ഏശായാ പ്രവാചകൻ വളരെ വിശദമായി അവന്റെ പീഡാനുഭവത്തിന്റെ കാലടികൾ തന്നെ വരച്ചുകാട്ടുകയും ഇപ്രകാരം കൂട്ടിച്ചേർക്കുകയും ചെയ്യുന്നു: “ഞങ്ങൾ അവനെ കണ്ടു, അവന് ശരീരവടിവോ, സൗന്ദര്യമോ ഇല്ല. അവന്റെ രൂപം അവഹേളനാവിധേയമായി. അവനെ മനുഷ്യർ നിരസിച്ചുകളഞ്ഞു” (53,2-3). സൗന്ദര്യരൂപങ്ങളും പീഡാസഹനങ്ങളും ദൈവത്വത്തിനല്ല, മനുഷ്യനാണ് ആരോപിച്ചിരിക്കുന്നതെന്ന് പിന്നീട് അവൻ വ്യക്തമായി കാണിക്കുന്നു. എന്തുകൊണ്ടെന്നാൽ അവൻ തുടർന്ന് ഉടൻ തന്നെ പറയുന്നു: “ബലഹീനത വഹിക്കാൻ അറിയുന്ന, മുറിവേറ്റ മനുഷ്യൻ” (53,3).

23. അതേ വ്യാഖ്യാനത്തിൽ നിന്ന്: അതുകൊണ്ട്, രൂപമോ, ആകൃതിയോ ഇല്ലാതെ, ആ ആൾ തന്നെയാണ് നിന്ദനങ്ങൾ ഏറ്റശേഷം പിന്നീട് മാറ്റത്തിലൂടെ സൗന്ദര്യം ധരിച്ചത്. എന്തുകൊണ്ടെന്നാൽ, അവനിൽ വസിച്ച ദൈവം ആട്ടിൻകുട്ടിയെപ്പോലെ ന്യായവിസ്താരസ്ഥലത്തേക്ക് വലിച്ചിഴയ്ക്കപ്പെടുകയോ, ആടിനെപ്പോലെ കൊല്ലപ്പെടുകയോ ചെയ്തില്ല. കാരണം, അവൻ സ്വഭാവത്താലേ അദൃശ്യനായിരുന്നു.

## അലക്സാണ്ട്രിയൻ മെത്രാനും വിശ്വാസസാക്ഷിയുമായ വി. അത്തനാസ്യോസ്

24. എപ്പിക്ടെറ്റസിനുള്ള കത്തിൽനിന്ന് (2): പിതാവിന്റെ അതേ സത്തയുള്ള ദൈവത്വംതന്നെ പരിച്ഛേദിതനാകുകയും പൂർണതയിൽ നിന് അപൂർണതയിലേക്കു മാറുകയും ചെയ്തെന്നും, ശരീരമല്ല കുരിശിൽ തറയ്ക്കപ്പെട്ടത്, പിന്നെയോ, വിജ്ഞാനത്തിന്റെ സൃഷ്ടിക്കുന്ന സത്ത തന്നെയാണെന്നും ചിന്തിക്കാനും പറയാനും തക്കവിധം ദുഷ്ടരായവർ ആരാണ്?

25. അതേ കത്തിൽ നിന്ന് (6): നാം വചനത്തിന്റെ ദൈവത്വത്തിൽ

www.malankaralibrary.com

ഭാഗഭാക്കുകളാകാൻ, വചനം തന്റെ മാനുഷിക യാഥാർത്ഥ്യത്തിന്റെ പീഡകൾ തന്റെമേൽ വഹിച്ചു. അവനാണ് സഹിച്ചത്. അവനാണ് സഹിക്കാതിരുന്നത് എന്നത് ആശ്ചര്യകരം തന്നെ. അവന്റെ സ്വന്തം ശരീരം സഹിച്ചതിനാൽ, അവനാണ് സഹിച്ചത്. അത് സഹിച്ചപ്പോൾ, അവൻ അതിനുള്ളിലായിരുന്നു. എന്നാൽ അവൻ സ്വഭാവത്താലേ ദൈവമായിരുന്നതിനാലും സഹനാതീതൻ ആയതിനാലും പീഡകൾ സഹിച്ചില്ല. ശരീര രഹിതൻ സഹനവിധേയ ശരീരത്തിലായിരുന്നു. ശരീരത്തിന് അതിനുള്ളിൽ സഹനാതീതവചനം ഉണ്ടായിരുന്നു. വചനം തന്റെ ശരീരത്തിന്റെ ബലഹീനതകൾ നീക്കിക്കളഞ്ഞു.

26. അതേ കത്തിൽ നിന്ന് (10): എന്തുകൊണ്ടെന്നാൽ ദൈവവും മഹത്വത്തിന്റെ കർത്താവുമായവൻ ആണികളാൽ നിന്ദ്യമായി തുളയ്ക്കപ്പെട്ട ശരീരത്തിൽ ആയിരുന്നു. ശരീരം കുരിശിൽ തറയ്ക്കപ്പെട്ടപ്പോൾ, വേദനകൾ അനുഭവിച്ചു. അതിന്റെ പാർശ്വത്തിൽ നിന്ന് രക്തവും വെള്ളവും ഒഴുകി. എന്നാലത് വചനത്തിന്റെ ആലയമായിരുന്നതിനാൽ, ദൈവത്വത്താൽ നിറഞ്ഞിരുന്നു. തന്റെ സ്രഷ്ടാവ് നിന്ദിക്കപ്പെട്ട ശരീരത്തിൽ പീഡ അനുഭവിക്കുന്നതു കണ്ട സൂര്യൻ തന്റെ രശ്മികളെ പിൻവലിച്ചുകൊണ്ട് ഭുമിയിൽ അന്ധകാരം പരത്തി. എന്നാൽ ശരീരത്തിന് അതിൽതന്നെ മർത്യസ്വഭാവം ആയിരുന്നെങ്കിലും, അതിലുള്ള വചനം നിമിത്തം അതിന്റെ പ്രകൃതിയെ ഉല്ലംഘിച്ചുകൊണ്ട് ഉത്ഥാനംചെയ്തു. അത് അതിന്റെ സ്വഭാവത്തിന് അനുസൃതമായ പ്രകൃതി നീക്കി, മനുഷ്യനെ ഉല്ലംഘിക്കുന്ന വചനത്തെ ധരിക്കുകയും അമർത്യമായി തീരുകയും ചെയ്തു.

27. വിശ്വാസ സംബന്ധമായ വലിയ പ്രതിപാദനത്തിൽ നിന്ന്: മരിച്ചവരിൽ നിന്ന് ഉയർപ്പിക്കപ്പെട്ടവൻ മനുഷ്യനോ, ദൈവമോ? നമ്മേക്കാൾ കൂടുതൽ അറിയുന്ന പത്രോസ് ശ്ലീഹാ വിശദീകരണം നൽകി പറയുന്നു: "അവർ അവനെ കുരിശിൽ നിന്നിറക്കിയശേഷം ഒരു കല്ലറയിൽ വച്ചു. ദൈവം അവനെ മരിച്ചവരിൽ നിന്ന് എഴുന്നേൽപ്പിച്ചു" (നട.13,29-30). അതുകൊണ്ട്,കുരിശിൽ നിന്നിറക്കി കല്ലറയിൽ വച്ച് അരിമത്യാക്കാരൻ ജോസഫ് സംസ്ക്കരിച്ചതു തന്നെയാണ് യേശുവിന്റെ മരിച്ച ശരീരം. വചനം അതിനെ ഉയർപ്പിച്ചു. "ഈ ആലയം തകർക്കുവിൻ, മുന്നു ദിവസത്തിനകം ഞാനതിനെ ഉയർപ്പിക്കും" എന്ന് വചനം അരുളിച്ചെയ്തു. സകല പരേതർക്കും നവജീവൻ പ്രദാനം ചെയ്യുന്നവൻ, താനെടുത്തതും മറിയത്തിൽ നിന്നു പിറന്നതുമായ യേശുക്രിസ്തു എന്ന മനുഷ്യനും അതു നൽകി. ദൈവവചനം സജീവവും കർമനിരതവുമാണ് എന്ന് പൗലോസ് പറയുന്നതുപോലെ, വചനമാം ദൈവം കുരിശിൽ ആയിരുന്നപ്പോൾ, വിശുദ്ധരുടെ ജീർണിച്ച ശരീരങ്ങളെ ഉയർപ്പിച്ചു. അവനിതു കഴിയുമെങ്കിൽ, താൻ ധരിച്ച ശരീരത്തെ ഉയർപ്പിക്കാൻ നിശ്ചയമായും അവനു കഴിയും.

www.malankaralibrary.com

28. അതേ പ്രതിപാദനത്തിൽ നിന്ന്: അതുകൊണ്ട്, ജീവൻ മരിക്കുന്നില്ല, പിന്നെയോ, പരേതർക്ക് നവജീവൻ പ്രദാനം ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, ഇരുണ്ട സ്ഥലത്ത് പ്രകാശത്തിന് ഉപദ്രവം തട്ടാത്തതുപോലെ, ജീവൻ മർത്യപ്രകൃതിയെ സന്ദർശിച്ചതുകൊണ്ട്, ഉപദ്രവം ഏൽക്കുന്നില്ല. "എന്നെ നോക്കുക. എന്തുകൊണ്ടെന്നാൽ ഞാനാകുന്നു, എനിക്കു മാറ്റമുണ്ടാകുന്നില്ല" എന്ന് ഒരു പ്രവചനത്തിൽ കർത്താവ് തന്നെപ്പറ്റി പറയുന്നതുപോലെ, (മലാ.3,6;ലൂ.24,39), വചനത്തിന്റെ ദൈവത്വം വ്യതിയാനാതീതവും മാറ്റമില്ലാത്തതുമാണ്.

29. അതേ പ്രതിപാദനത്തിൽ നിന്ന്: സജീവനാകയാൽ അവന് മരിക്കാനാവില്ല. മറിച്ച്, അവൻ പരേതർക്ക് നവജീവൻ പ്രദാനം ചെയ്യുന്നു. പിതാവിൽ നിന്നുള്ള ദൈവത്വത്തിലൂടെ അവനും ജീവന്റെ ഉറവിടമാണ്. എന്നാൽ മരിച്ചവനും ഉയർത്തവനും നമുക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുന്നവനും കന്യകമറിയത്തിൽ നിന്നു പിറന്നവനും നമുക്കുവേണ്ടി വചനത്തിന്റെ ദൈവത്വം എടുത്തവനും ഒരു മനുഷ്യനാണ്.

30. അതേ പ്രതിപാദനത്തിൽ നിന്ന്: "ലാസർ രോഗിയായി മരിച്ചു" (യോഹ.11,1-14). എന്നാൽ കർത്താവിന്റെ മനുഷ്യൻ രോഗിയായില്ല, തന്റെ ഇച്ഛയ്ക്ക് എതിരായി മരിച്ചുമില്ല. തന്റെ സ്വന്തഇഷ്ടത്താൽ ദൈവികപദ്ധതി അനുസരിച്ചുള്ള മരണത്തിന് അവൻ സന്നദ്ധനായി. അവനിൽ വസിച്ച വചനമാം ദൈവം അവനെ ശക്തിപ്പെടുത്തി. എന്തുകൊണ്ടെന്നാൽ അവിടുന്ന് അരുളിച്ചെയ്തു: "ആരും എന്റെ ആത്മാവിനെ എന്നിൽ നിന്ന് എടുക്കുന്നതല്ല, ഞാൻ സ്വമേധയാ അത് സമർപ്പിക്കുന്നതാണ്. അത് സമർപ്പിക്കാനും വീണ്ടും തിരികെ എടുക്കാനും എനിക്ക് അധികാരമുണ്ട്" (യോഹ.10,18). അതുകൊണ്ട്, താൻ ധരിച്ച മനുഷ്യന്റെ ആത്മാവിനെ സമർപ്പിക്കുന്നതും തിരികെ എടുക്കുന്നതും പുത്രന്റെ ദൈവത്വമാണ്. എന്തുകൊണ്ടെന്നാൽ, മനുഷ്യന്റെ ജീവൻ പൂർണമായി നവീകരിക്കാനും അതോടൊപ്പം പരേതർക്ക് നവജീവൻ പ്രദാനം ചെയ്യാനും വചനമാം ദൈവം സമ്പൂർണ മനുഷ്യനെ എടുത്തു.

31. ആരിയർക്കെതിരെയുള്ള കൃതിയിൽ നിന്ന് (2): "പിതാവ് തന്റെ പുത്രനെ മരിച്ചവരിൽ നിന്ന് ഉയർപ്പിച്ചു" എന്ന് ഭാഗ്യവാനായ പൗലോസ് പറയുമ്പോൾ (ഗലാ.1,1;നട.13,30), "ഈ ആലയം തകർക്കുവിൻ, മൂന്നു ദിവസങ്ങൾക്കുള്ളിൽ ഞാൻ അതിനെ ഉയർപ്പിക്കും" എന്ന് യേശു പറഞ്ഞതായി യോഹന്നാൻ നമ്മോടു പറയുന്നു. "എന്നാൽ അവൻ തന്റെ സ്വന്തം ശരീരത്തെപ്പറ്റിയാണ് പറഞ്ഞത്" എന്ന് അവൻ പറയുന്നു (യോഹ.2,19.21). അതുകൊണ്ട്, ശരീരം ഉയർപ്പിക്കപ്പെട്ടതിനാൽ, പുത്രൻ മരിച്ചവരിൽ നിന്ന് ഉയർപ്പിക്കപ്പെട്ടു എന്ന് പൗലോസ് പറയുന്നു എന്നത് ശ്രദ്ധിക്കുന്നവർക്ക് സുഗ്രാഹ്യമാണ്. കാരണം ശരീരത്തെ സംബന്ധിച്ചുള്ളത് അവന്റെ ആളത്തത്തിന് അവൻ ആരോപിക്കുന്നു. അതുപോലെ, "പിതാവ് പുത്രന് ജീവൻ നൽകി" എന്ന് അവൻ പറയുമ്പോൾ (യോഹ.5,26), ജഡ

www.malankaralibrary.com

ത്തിന് ജീവൻ നൽകി എന്നാണ് മനസിലാക്കേണ്ടത്. കാരണം, അവൻ തന്നെ ജീവനാണെങ്കിൽ, ജീവന് എങ്ങനെ ജീവൻ സ്വീകരിക്കാൻ കഴിയും?

32. മനുഷ്യാവതാരത്തെപ്പറ്റിയുള്ള പ്രതിപാദനത്തിൽ നിന്ന് (9): മനുഷ്യരുടെ ജീർണത സമ്പൂർണ മരണത്തിലൂടെ മാത്രമേ അവസാനിപ്പിക്കാൻ കഴിയൂ എന്ന് വചനം മനസിലാക്കി. എന്നാൽ വചനം അമർത്യനും പിതാവിന്റെ പുത്രനുമാകയാൽ, മരിക്കുക അസാധ്യമായിരുന്നു. ഈ കാരണത്താൽ, മരിക്കാൻ കഴിയുന്ന ഒരു ശരീരം അവൻ തനിക്കായി എടുത്തു. എല്ലാറ്റിനും ഉപരിസ്ഥമായ വചനവുമായി ഐക്യപ്പെട്ട ഈ ശരീരം എല്ലാവർക്കും വേണ്ടി, മരണത്തെ തൃപ്തിപ്പെടുത്തുന്നതിനും, അതിൽ വസിച്ച വചനം നിമിത്തം അഴിവില്ലാതെ നിലനിൽക്കുന്നതിനും, ഉത്ഥാനത്തിന്റെ കൃപ നിമിത്തം എല്ലാവരും ജീർണതയ്ക്ക് അതീതരായി തീരുന്നതിനും വേണ്ടിയായിരുന്നു അത്. തനിക്കായി അവിടുന്ന് എടുത്ത ശരീരത്തെ ബലിവസ്തുവും ഊനമറ്റ ബലിയുംപോലെ മരണത്തിലേക്ക് നയിച്ചു. ഉചിതമായ ബലിയിലൂടെ തന്നെപ്പോലെയുള്ള എല്ലാവർക്കുംവേണ്ടി അവൻ ഉടൻതന്നെ മരണം നീക്കിക്കളഞ്ഞു. വചനമാം ദൈവം എല്ലാറ്റിനും ഉപരിസ്ഥനാകയാൽ, തന്റെ സ്വന്ത ആലയത്തെയും ശാരീരികോപകരണത്തെയും എല്ലാവർക്കും പകരമായി അവൻ അർപ്പിക്കുകയും മരണത്തിന് കടപ്പെട്ടിരുന്നത് പൂർണമായി കൊടുത്തുവീട്ടുകയും ചെയ്തു. അങ്ങനെ, അഴിവില്ലാത്തവനും എല്ലാവരുടെയും ശരീരം പോലുള്ള ശരീരംവഴി എല്ലാവരുമായി ഐക്യപ്പെട്ടവനുമായ ദൈവപുത്രൻ ഉത്ഥാനത്തിന്റെ വാഗ്ദാനത്തിൽ നൈയാമികമായി എല്ലാവരെയും അഴിവില്ലായ്മ ധരിപ്പിച്ചു. ഏകശരീരം വഴി, മനുഷ്യരിൽ വസിക്കുന്ന വചനം നിമിത്തം, മരണത്തിലുള്ള ജീർണതയ്ക്ക് മേലിൽ മനുഷ്യന്റെമേൽ ആധിപത്യമില്ല.

33. അതേ പ്രതിപാദനത്തിൽ നിന്ന് (20): തന്റെ പ്രവൃത്തികളിൽ കാണിച്ച അതിദിവ്യ തെളിവുകൾക്കുശേഷം, അവൻ എല്ലാവർക്കുംവേണ്ടി ഒരർപ്പണം കൊണ്ടുവരികയും എല്ലാവരുടെയും സ്ഥാനത്ത് തന്റെ ആലയത്തെ മരണത്തിന് കയ്യാളിക്കുകയും ചെയ്തു. എല്ലാവരെയും ബാധ്യതയിൽ നിന്നും പഴയ നിയമലംഘനത്തിൽ നിന്നും സ്വതന്ത്രരാക്കുന്നതിനും എല്ലാവരുടെയും ഉത്ഥാനത്തിന്റെ ആദ്യഫലമായി തന്റെ അഴിവില്ലാത്ത ശരീരത്തെ കാണിച്ചുകൊണ്ട് താൻ മരണത്തേക്കാൾ ഉന്നതനാണെന്ന് കാണിക്കുന്നതിനുമായിരുന്നു അത്. കന്യകയിൽ നിന്നു മാത്രമുള്ള പുതിയതരം അത്ഭുതത്താൽ ഒന്നിച്ചു ചേർക്കപ്പെട്ടെങ്കിലും, അത് മനുഷ്യശരീരം ആയിരുന്നതിനാൽ, അതിന് പൊതുവായ സത്ത ഉണ്ടായിരുന്നു. എങ്കിലും അത് മൃതമായിരുന്നു. മറ്റ് തത്തുല്യ ശരീരങ്ങളെപ്പോലെ അതും മരിച്ചു. എന്നാൽ വചനം അതിനുള്ളിലേക്ക് കടന്നു ചെന്നതിനാൽ, അതിന്റെ പ്രകൃതി അനുസരിച്ച് അത് നശിച്ചില്ല. പിന്നെയോ, വചനമാം ദൈവം അതിൽ വസിച്ചതിനാൽ, അതിനെ ജീർണതയ്ക്ക് ഉപരിസ്ഥമായി പ്രതിഷ്ഠിച്ചു.

www.malankaralibrary.com

34. അതേ കൃതിയിൽ നിന്ന്: ഞാൻ നേരത്തേ പറഞ്ഞതുപോലെ, വചനം അമർത്യമാകയാൽ അതിനു മരിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് മരിക്കാൻ കഴിയുന്ന ഒരു ശരീരം അത് തനിക്കായി എടുത്തു. എല്ലാവരുടെയും സ്ഥാനത്ത് അതിനെ തന്റേതായി സമർപ്പിക്കുന്നതിനും ശരീരത്തിലേക്കുള്ള തന്റെ പ്രവേശനത്തിലൂടെ എല്ലാവർക്കും വേണ്ടി തന്റേതെന്നപോലെ സഹിച്ചുകൊണ്ട് മരണത്തിന്മേൽ അധികാരമുള്ളവനെ നശിപ്പിക്കുന്നതിനും വേണ്ടിയായിരുന്നു അത് (എബ്രാ.2,14).

35. അതേ പ്രതിപാദനത്തിൽ നിന്ന്: ശരീരത്തിന്റെ പ്രകൃതി അനുസരിച്ച് ശരീരം പീഡയനുഭവിച്ചു മരിച്ചു. എന്നാൽ അതിൽ വസിച്ച വചനത്തിൽ നിന്ന് അതിന് അഴിവില്ലായ്മയുടെ അച്ചാരം ലഭിച്ചു. ശരീരം മരിച്ചപ്പോൾ, വചനവും മരിച്ചില്ല. അവൻ വചനമാം ദൈവമായതിനാൽ, സഹനാതീതനും അഴിവില്ലാത്തവനും അമർത്യനുമാണ്. അവൻ ശരീരവുമായി ഐക്യപ്പെട്ടിരുന്നതിനാൽ, ശരീരങ്ങളുടെ സ്വാഭാവിക ജീർണതയിൽ നിന്ന് അതിനെ സംരക്ഷിച്ചു. അതുകൊണ്ടാണ് “നിന്റെ പരിശുദ്ധൻ അഴിവു കാണാൻ നീ വിട്ടുകൊടുത്തില്ല” എന്ന് ആത്മാവ് അവനോടു പറയുന്നത്.

**റോമിലെ മെത്രാനായ വി. ഡമാസുസ്**

36. ഒരു വിവരണത്തിൽ നിന്ന്: തിരുലിഖിതം പറയുന്നതുപോലെ, തനിക്കായി താനെടുത്ത ദാസന്റെ രൂപംകൊണ്ട് വസ്ത്രം ധരിച്ച (ഫിലി.2,7) ആത്മാവോടു കൂടിയ ജഡമല്ല, ദൈവപുത്രനും ദൈവവുമാണ് കുരിശിലെ പീഡകളിൽ വേദന അനുഭവിച്ചത് എന്ന് ആരെങ്കിലും പറഞ്ഞാൽ, അവൻ ശപിക്കപ്പെടട്ടെ.

**മിലാനിലെ മെത്രാനായ വി. അംബ്രോസ്**

37. സാർവത്രിക വിശ്വാസത്തെ  കുറിച്ചുള്ള പ്രതിപാദനത്തിൽ നിന്ന്: കർത്താവിന്റെ ദൈവത്വം പരിച്ഛേദിതമായെന്നും പൂർണതയിൽ നിന്ന് അപൂർണതയിലേക്കു കടന്നെന്നും ജഡമല്ല കുരിശിൽ കിടന്നത്, പിന്നെയോ, എല്ലാറ്റിന്റെയും സ്രഷ്ടാവായ ദിവ്യസത്തയാണെന്നും ചിന്തിക്കത്തക്കവിധം ചിലർ ദുഷ്ടരായി തീർന്നിരിക്കുന്നു.

38. അതേ കൃതിയിൽ നിന്ന്: ജഡം പീഡയനുഭവിച്ചു, ദൈവത്വം മരണത്തിൽ നിന്ന് സ്വതന്ത്രമായിരുന്നു. മനുഷ്യപ്രകൃതിയുടെ നിയമം അനുസരിച്ച് സഹിക്കാൻ അവൻ തന്റെ ശരീരത്തെ അനുവദിച്ചു. ആത്മാവ് മരിക്കാതിരിക്കെ, ദൈവത്തിന് എങ്ങനെ മരിക്കാനാകും? അവൻ പറയുന്നു: “ആത്മാവിനെ കൊല്ലാൻ കഴിയാതെ, ശരീരത്തെ കൊല്ലുന്നവരെ ഭയപ്പെടേണ്ട” (മത്താ.10.28). അതുകൊണ്ട്, ആത്മാവിനെ കൊല്ലാൻ കഴിയില്ലെങ്കിൽ, ദൈവത്വത്തിന് എങ്ങനെ മരണവിധേയമാകാൻ കഴിയും?

www.malankaralibrary.com

**കേസറിയായിലെ മെത്രാനായ വി. ബേസിൽ**

39. എവുണോമിയസിനെതിരെ,(2.3): ശ്ലീഹാ, ദൈവത്തെപ്പറ്റി സംസാരിക്കുന്നതിന്റെ രീതി നമുക്കു നൽകുകയല്ല, പിന്നെയോ, ദൈവികപദ്ധതിയുടെ ഉദ്ദേശ്യം വ്യക്തമാക്കുകയാണെന്ന്, ശ്ലൈഹികവാക്കുകൾ കുറേയെങ്കിലും ഗ്രഹിക്കുന്നവർക്ക് അറിവുള്ളതാണ്. “നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെ ദൈവം കർത്താവും ക്രിസ്തുവുമാക്കി” (നട.2,36). ‘ഈ’ എന്ന പ്രയോഗത്തിലൂടെ, എല്ലാവർക്കും ദൃശ്യമായ അവന്റെ മാനുഷിക യാഥാർഥ്യത്തിനാണ് അവൻ വ്യക്തമായി ഊന്നൽ നൽകുന്നത്.

**വി. ഗ്രിഗറി നസ്യാൻസൻ**

40. കോൺസ്റ്റാന്റിനോപ്പിൾ മെത്രാനായ നെക്താരിയുസിനുള്ള കത്തിൽ നിന്ന് (202,7): അപ്പൊള്ളിനാരിസിന്റെ അനുയായികൾ ഇത്ര ധൈര്യപൂർവം സംസാരിക്കുന്നതാണ് സഭയ്ക്കുണ്ടായിട്ടുള്ള ഏറ്റവും ദാരുണമായ ദൗർഭാഗ്യം. നാം ചെയ്യുന്നതുപോലെ, ഒന്നിച്ചുകൂടാനുള്ള അധികാരം അവർക്ക് ലഭിക്കാൻ അങ്ങ് അവരെ അനുവദിച്ചത് എങ്ങനെയെന്ന് എനിക്കറിയില്ല.

41. തുടർന്ന് (202,15-16): ഇത് ഇപ്പോഴും ഗൗരവമേറിയതല്ല. എന്നാൽ ദൈവത്തിന്റെ ഏകജാതൻ, സൃഷ്ടിയുടെ വിധികർത്താവ്, ജീവദാതാവ്, മരണഹന്താവ് തന്നെ മർത്യനാണെന്നും തന്റെ ദൈവത്വത്തിൽ പീഡ സഹിച്ചെന്നും ശരീരം മരിച്ചിരുന്ന മൂന്നുദിവസം ദൈവത്വവും ശരീരത്തോടൊപ്പം മരിച്ചെന്നും പിതാവ് വീണ്ടും ജീവനിലേക്ക് കൊണ്ടുവന്നെന്നും അവർ കരുതുന്നതാണ് ഏറ്റവും ഭീതികരമായത്.

42. ക്ലെദോണിയസിനുള്ള ആദ്യകത്തിൽ നിന്ന് (101.34): മനുഷ്യന് ആത്മാവില്ലെങ്കിൽ-ആരിയന്മാരും ഇതു തന്നെ പറയുന്നു-ദൈവത്വത്തിന് പീഡകൾ ആരോപിക്കാനായി, ശരീരത്തെ ചലിപ്പിക്കുന്നവൻ തന്നെ സഹിക്കുന്നവനുമാണെന്ന അടിസ്ഥാനത്തിൽ....

43. പുത്രനെപ്പറ്റിയുള്ള പ്രതിപാദനത്തിൽ നിന്ന്:[35] അവന്റെ കൽപനകൾ പാലിച്ചുകൊണ്ടും ദൈവത്തിന് ഇഷ്ടമുള്ളവ പ്രവർത്തിച്ചുകൊണ്ടും അവനോട് കൽപിച്ചവയെപ്പറ്റി നമുക്ക് ഇപ്പോഴും പ്രതിപാദിക്കേണ്ടിയിരിക്കുന്നു. ഇതുപോലെ, അവന്റെ പരിപൂർണതയും ഉയർച്ചയും തന്റെ സഹനങ്ങളിലൂടെ അനുസരണം പഠിച്ചത്, ഉന്നതപൗരോഹിത്യവും അർപ്പണവും, ഒറ്റിക്കൊടുക്കൽ, മരണത്തിൽ നിന്നു തന്നെ വിടുവിക്കാൻ കഴിവുള്ളവനോടുള്ള അപേക്ഷ, മരണവേദന, രക്തം വിയർക്കൽ, പ്രാർഥന, ഇതുപോലുള്ള മറ്റെല്ലാ സംഗതികളും ചർച്ച ചെയ്യേണ്ടതായി വന്നു. പീഡാനുഭവം സംബന്ധിച്ചുള്ള ഇത്തരം വാക്കുകൾ, വ്യതിയാനാതീതവും സഹനാതീതവുമായ സ്വഭാവത്തിന് ആരോപിക്കാനാവില്ലെന്ന് എല്ലാവർക്കും പരമമായി വ്യക്തമല്ലായിരുന്നെങ്കിൽ, ഇവയെപ്പറ്റി നമുക്ക് ചർച്ച ചെയ്യേണ്ടിവരുമായിരുന്നു.

www.malankaralibrary.com

44. പെസഹായെ കുറിച്ചുള്ള പ്രതിപാദനത്തിൽ നിന്ന്:[36] "ഏദോമിൽ നിന്നും ധരയിൽ നിന്നും വരുന്ന ഇവൻ ആരാണ്?" (ഏശാ.63,1). ശരീരവും രക്തവും ഇല്ലാത്തവന്റെ വസ്ത്രം എങ്ങനെയാണ് മുന്തിരിച്ചക്ക് ആട്ടുന്ന വന്റേതുപോലെ ആകുന്നത്? വസ്ത്രത്തിന്റെ മനോഹാരിത കാണിക്കുക. സഹിച്ച ശരീരത്തെ ദൈവത്വം പീഡനങ്ങളാൽ സുന്ദരമാക്കുകയും മഹനീ യമാക്കുകയും ചെയ്തു. അതിനേക്കാൾ കാമ്യമായും മനോഹരമായും മറ്റൊന്നില്ല.

**വി. ഗ്രിഗറി നീസ്സാ**

45. വലിയ മതാധ്യാപന പ്രസംഗത്തിൽ നിന്ന് (16): മരണത്തെയും മരിച്ചവരിൽ നിന്നുള്ള ഉത്ഥാനത്തെയും സംബന്ധിച്ചുള്ള ദൈവികപദ്ധതി യുടെ പ്രകൃതിയിലുള്ള രഹസ്യം ഇതാണ്: പ്രകൃത്യാനുസൃതം ശരീരത്തിൽ നിന്ന് ആത്മാവ് വേർപെടുന്നത് തടയാതിരിക്കുക; ഉത്ഥാനത്തിലൂടെ അവയെ പിന്നീട് വീണ്ടും ഒന്നിച്ചുചേർക്കുക.

46. അതേ പ്രതിപാദനത്തിൽ നിന്ന് (32): ദൈവത്തെ സ്വീകരിക്കുന്ന മനുഷ്യൻ, ഉത്ഥാനത്തിലൂടെ വചനത്തോടൊപ്പം ഉയർത്തപ്പെട്ടവൻ, നമ്മേ പ്പോലെയുള്ള പദാർഥത്തിൽ നിന്നുള്ളവനാണ്, മറ്റൊന്നിൽ നിന്നല്ല. നമ്മുടെ ശരീരത്തിലെ ഏതെങ്കിലും ഇന്ദ്രിയത്തിന്റെ പ്രവർത്തനം അവിടെനിന്ന്, ഐക്യപ്പെട്ട വ്യക്തിയുടെ പൂർണമായ ഇന്ദ്രിയാനുഭൂതിയിലെത്തുന്നു. അതുപോലെ, സ്വഭാവം മുഴുവൻ ഒരേയൊരു സജീവ യാഥാർഥ്യമെന്ന പോലെ, ഒരു ഭാഗത്തിന്റെ ഉത്ഥാനം മുഴുവനിലേക്കും വ്യാപിക്കുന്നു. കാര ണം, തുടർച്ചയായുള്ളതും സ്വഭാവവുമായി ഐക്യപ്പെട്ടതും ഭാഗത്തിൽനിന്ന് മുഴുവനിലേക്കും മാറ്റപ്പെടുന്നു. വീണു കിടക്കുന്നവനെ എഴുന്നേൽപ്പിക്കാൻ, നേരേ നിൽക്കുന്നവൻ വീണവനിലേക്ക് ചായുന്നെങ്കിൽ, രഹസ്യത്തിൽ നിന്ന് സാധാരണയ്ക്ക് പുറത്ത് നാമെന്തു പഠിക്കുന്നു?

47. അതേ കൃതിയിൽ നിന്ന്: ഒന്ന് പരിഗണിച്ചിട്ട്, മറ്റൊന്നിനെ അവഗ ണിക്കാതെ, മരണത്തിൽ മാനുഷികഘടകം ദർശിച്ച്, മനുഷ്യനിലുള്ള കൂടു തൽ ദിവ്യമായ ഘടകത്തെ സൂക്ഷ്മാവലോകനം ചെയ്യുന്നതായിരിക്കും ഈ ഭാഗത്ത് ഉചിതമായിട്ടുള്ളത്.

48. എവുണോമിയസിനെതിരെയുള്ള കൃതിയിൽ നിന്ന് (3,3.65-66): മനു ഷ്യസ്വഭാവം ലാസറിന് നവജീവൻ നൽകുന്നില്ല. സഹനാതീതശക്തി മരിച്ചു കിടക്കുന്നവനുവേണ്ടി കരയുന്നില്ല. കരയുക മനുഷ്യന്റെ പ്രത്യേകതയാണ്; സത്യജീവൻ നൽകുന്നത് ജീവന്റേയും. മാനുഷികദാരിദ്ര്യം മനുഷ്യഗണ ങ്ങളെ തീറ്റിപ്പോറ്റുന്നില്ല, എല്ലാം ചെയ്യാൻ കഴിവുള്ള ശക്തി അത്തിമരത്തി ലേക്ക് ഓടിയടുക്കുന്നില്ല. യാത്രകൊണ്ട് വിവശനായത് ആരാണ്? തന്റെ വച നത്താൽ പ്രയത്നലേശമെന്യേ ലോകം മുഴുവൻ സ്ഥാപിച്ചത് ആരാണ്?

www.malankaralibrary.com

എന്താണ് മഹത്വത്തിന്റെ കിരണം? എന്താണ് ആണികളാൽ തുളയ്ക്കപ്പെട്ടത്? പീഡാനുഭവത്തിൽ അടികൊണ്ട രൂപം ഏതാണ്? നിത്യത മുതലേ മഹത്വീകൃതനായത് ആരാണ്? ആരും യാതൊരു വിശദീകരണവും നൽകിയില്ലെങ്കിലും ഉത്തരം സുവ്യക്തമാണ്.

49. അതേ കൃതിയിൽ നിന്ന് (3.4,4–5): മനുഷ്യസ്വഭാവത്തിന് പീഡാനുഭവം ആരോപിക്കുന്നവരെ അവൻ കുറ്റപ്പെടുത്തുന്നു. കാരണം, ദൈവത്വത്തെത്തന്നെ പീഡാനുഭവത്തിന് വിധേയമാക്കാൻ അവൻ പരമമായി ആഗ്രഹിക്കുന്നു. പീഡാനുഭവത്തിനു വിധേയമായത് ദൈവികതയോ, മാനുഷികതയോ എന്നതിനെ സംബന്ധിച്ച് വ്യത്യസ്താഭിപ്രായങ്ങളും സംശയങ്ങളും ഉള്ളതിനാൽ, ഒന്നിന്റെ നിഷേധം മറ്റതിന്റെ പരമമായ അംഗീകാരമാണ്. അതുകൊണ്ട്, പീഡാനുഭവം മനഷ്യന് ആരോപിക്കുന്നവരെ അവർ ശാസിക്കുന്നെങ്കിൽ, പുത്രന്റെ ദൈവത്വത്തിന് സഹിക്കാൻ കഴിയുമെന്നു പറയുന്നവരെ അവർ പ്രകീർത്തിക്കുന്നു. ഇപ്രകാരം രൂപീകരിക്കപ്പെട്ട വാദഗതി അവരുടെ വഴിപിഴച്ച പ്രബോധനത്തെ ന്യായീകരിക്കുന്നതായി തീരുന്നു. പുത്രന്റെ ദൈവത്വം പീഡയനുഭവിക്കുന്നു, പിതാവിന്റേത് പരിപൂർണമായി സഹനാതീതമാണ് എന്ന് അവർ പറയുന്നു. അങ്ങനെയാണെങ്കിൽ, പീഡ സഹിക്കുന്നവന്റേതിൽ നിന്ന് സഹനാതീതസ്വഭാവം തികച്ചും വ്യത്യസ്തമാണ്.

**ഇക്കോണിയത്തിലെ മെത്രാനായ ആംഫിലോക്കിയസ്**

50. "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: എന്റെ വചനം ശ്രവിക്കുകയും എന്നെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്" എന്ന വാചകത്തെ കുറിച്ചുള്ള പ്രതിപാദനത്തിൽ നിന്ന് (യോഹ.6,51): അപ്പോൾ ആരാണ് പീഡയനുഭവിച്ചത്? ജഡം. പീഡാനുഭവം ജഡത്തിനാരോപിക്കുന്നെങ്കിൽ, ബലഹീനതയെ കുറിക്കുന്ന വാക്കുകളും അതിനുതന്നെ ആരോപിക്കുക; മഹോന്നതവചനങ്ങൾ അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവനും. കാരണം, അത്ഭുതം പ്രവർത്തിക്കുന്ന ദൈവം ഉന്നതവും തന്റെ പ്രവൃത്തികൾക്കനുസൃതവുമായ വാക്കുകൾ ഉചിതമായി സംസാരിക്കുന്നു; പീഡയനുഭവിക്കുന്ന മനുഷ്യൻ വിനീതവും തന്റെ പീഡാസഹനത്തിന് അനുസൃതവുമായ വാക്കുകൾ ഉചിതമായി സംസാരിക്കുന്നു.

51. "എന്റെ പിതാവ് എന്നേക്കാൾ വലിയവനാണ്" എന്ന വാക്യത്തെ കുറിച്ചുള്ള പ്രതിപാദനത്തിൽ നിന്ന് (യോഹ.14,28): പീഡാനുഭവം ജഡത്തിനും അത്ഭുതങ്ങൾ ദൈവത്തിനും നീ ആരോപിക്കുന്നെങ്കിൽ, നിനക്ക് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും, ബലഹീനവചനങ്ങൾ മറിയത്തിൽ നിന്നുള്ള മനുഷ്യനും ദൈവത്തിനു ചേരുന്ന മഹനീയവചനങ്ങൾ, ആരംഭത്തിലേ സ്ഥിതിചെയ്യുന്ന വചനത്തിനും ആരോപിക്കണം. അതുകൊണ്ട്, ഉള്ളിൽ വസിക്കുന്ന വചനത്തിന്റെ മഹനീയത കാണിക്കാൻ ഞാൻ ചിലപ്പോൾ മഹോന്നത വചനങ്ങൾ

www.malankaralibrary.com

സംസാരിക്കുന്നു. വിനീതശരീരത്തിന്റെ ബലഹീനത ബലഹീനവാക്കുകളിലൂടെ വെളിപ്പെടുത്താൻ മറ്റുചിലപ്പോൾ ബലഹീനവാക്കുകൾ സംസാരിക്കുന്നു. അതുകൊണ്ടാണ്, ഞാൻ എന്റെ പിതാവിനു തുല്യനാണെന്ന് ചിലപ്പോഴൊക്കെ പറയുന്നതും, പിതാവ് വലിയവനാണെന്ന് മറ്റുചിലപ്പോൾ പറയുന്നതും. ഞാൻ എന്നെത്തന്നെ ഖണ്ഡിക്കയല്ല, പിന്നെയോ, ഞാൻ ദൈവവും മനുഷ്യനുമാണെന്ന് കാണിക്കയത്രേ ചെയ്യുന്നത്. മഹനീയവാക്കുകളിൽ നിന്ന് ദൈവം, ബലഹീനവാക്കുകളിൽ നിന്ന് മനുഷ്യൻ. എങ്ങനെയാണ് പിതാവ് എന്നേക്കാൾ വലിയനായിരിക്കുന്നതെന്ന് അറിയാൻ നീ ആഗ്രഹിക്കുന്നെങ്കിൽ, ജഡത്തിൽ നിന്നാണ് ഞാൻ സംസാരിച്ചത്, ദൈവമെന്ന നിലയിലല്ല എന്നു ഗ്രഹിക്കുക.

52. "കഴിയുമെങ്കിൽ ഈ കാസാ എന്നെ കടന്നുപോകട്ടെ" എന്ന വാക്യത്തെപ്പറ്റിയുള്ള പ്രതിപാദനത്തിൽ നിന്ന് (മത്താ.26,39): അതുകൊണ്ട്, ജഡത്തിന്റെ വേദനകൾ സഹനാതീതവചനത്തിന് ആരോപിക്കരുത്. പാഷണ്ഡീ, ഞാൻ ദൈവവും മനുഷ്യനുമാണ്. അത്ഭുതങ്ങൾ സാക്ഷിക്കുന്നതുപോലെ ദൈവം; വേദനകൾ കാട്ടുന്നതുപോലെ മനുഷ്യൻ. ഞാൻ ദൈവവും മനുഷ്യനുമാകയാൽ, ആരാണ് സഹിച്ചതെന്ന് എന്നോട് പറയുക. ദൈവം സഹിച്ചെങ്കിൽ നീ ദൈവദൂഷണം പറയുന്നു; ജഡമാണ് സഹിച്ചതെങ്കിൽ, ഭയപ്പെട്ടു എന്ന് നീ പറയുന്നതിന് വേദനകളും ആരോപിക്കരുതോ? കാരണം, ഒരാൾ സഹിക്കുമ്പോൾ, മറ്റൊരാൾ ഭയപ്പെടുന്നില്ല. മനുഷ്യൻ ക്രൂശിക്കപ്പെടുമ്പോൾ, ദൈവം ക്ലേശിക്കുന്നില്ല.

53. ആരിയർക്കെതിരെയുള്ള പ്രതിപാദനത്തിൽ നിന്ന്: പാഷണ്ഡീ, നീണ്ട ചർച്ചകൾ ഒഴിവാക്കാൻ, ചുരുക്കമായി ഞാൻ നിന്നോടു ചോദിക്കുന്നു: യുഗങ്ങൾക്കുമുമ്പ് പിതാവിൽ നിന്ന് ജനിച്ചവനാണോ, അതോ, കാലപൂർത്തിയിൽ ദാവീദിൽ നിന്നു ജനിച്ച യേശുവാണോ, സഹനവിധേയനായത്? ദൈവത്വം സഹിച്ചെങ്കിൽ, നീ ദൈവദൂഷണം പറയുന്നു; മനുഷ്യനാണ് യഥാർഥത്തിൽ സഹിച്ചതെങ്കിൽ, എന്തുകൊണ്ട്, പീഡാനുഭവം മനുഷ്യന് ആരോപിക്കുന്നില്ല?

54. പുത്രനെ കുറിച്ചുള്ള പ്രതിപാദനത്തിൽ നിന്ന്: "നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെ" എന്നതോടുകൂടെ "ദൈവം കർത്താവും ക്രിസ്തുവുമാക്കി" എന്ന് പത്രോസ് പറഞ്ഞു (നട.2,36). ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയർപ്പിച്ചു. ദൈവത്വമല്ല, മനുഷ്യനാണ് മരിച്ചത്. അവനെ ഉയർപ്പിച്ചത് വചനമാണ്, ദൈവത്തിന്റെ ശക്തിയാണ്. അവൻ സുവിശേഷത്തിൽ പറഞ്ഞു: "ഈ ആലയം തകർക്കുവിൻ, മൂന്നു ദിവസങ്ങൾക്കുള്ളിൽ ഞാനിത് പുനരുദ്ധരിക്കും" (യോഹ.2,19). ദൈവം അവനെ കർത്താവും ക്രിസ്തുവുമാക്കി എന്നു പറഞ്ഞിരിക്കുന്നെങ്കിൽ, അത് ജഡത്തെപ്പറ്റിയാണ്, കൊല്ലപ്പെടുകയും മരിച്ചവരിൽ നിന്ന് ഉയർക്കുകയും ചെയ്തവനെ പറ്റിയാണ്. പുത്രന്റെ ദൈവത്വത്തെപ്പറ്റിയല്ല.

www.malankaralibrary.com

55. "പുത്രന് തനിയെ ഒന്നും ചെയ്യാൻ കഴിവില്ല" എന്ന വാക്യത്തെ കുറിച്ചുള്ള പ്രതിപാദനത്തിൽ നിന്ന് (യോഹ.5,19): തന്റെ ജീവൻ ജീർണ തയ്ക്ക് വിധേയമാകത്തക്ക ഒരു സ്വഭാവമല്ല അവനുണ്ടായിരുന്നത്. അക്കാരണത്താൽ ദൈവത്വം സഹനവിധേയമായില്ല. അതെങ്ങനെ സാധിക്കും? എന്നാൽ മനുഷ്യത്വം അഴിവിനതീതമായി നവീകരിക്കപ്പെട്ടു. "ഈ നശ്വര ഭാഗം അനശ്വരതയും ഈ മർത്യഭാഗം അമർത്യതയും ധരിക്കേണ്ടത് ആവശ്യമാണ്" എന്ന് അവൻ പറയുന്നു (1കൊറി.15,53). ഇതിന്റെ കൃത്യത നീ കാണുന്നില്ലേ? വ്യത്യസ്തജഡം എഴുന്നേറ്റെന്ന് നീ ചിന്തിക്കാതിരിക്കാൻ "ഈ" എന്നത് തറപ്പിച്ച് മർത്യഭാഗത്തെ സൂചിപ്പിക്കുന്നു.

**അന്ത്യോക്യൻ മെത്രാൻ വി. ഫ്ളാവിയൻ**

56. പെസഹായുടെ ഞായറാഴ്ചയെക്കുറിച്ച്: പരസ്യമായി കുരിശിനെപ്പറ്റി പ്രഘോഷിക്കുന്നു, നാം കർത്താവിന്റെ മരണം ഏറ്റുപറയുന്നു. എന്തുകൊണ്ടെന്നാൽ ദൈവത്വം ഒന്നും സഹിക്കുന്നില്ല. കാരണം, ദൈവത്വം സഹനാതീതമാണ്. എന്നാൽ ശരീരം ദൈവികപദ്ധതി പൂർത്തിയാക്കുന്നു.

57. ഒറ്റുകാരനായ യൂദായെപ്പറ്റി: അതുകൊണ്ട്, കർത്താവ് ഒറ്റിക്കൊടുക്കപ്പെട്ടു എന്നു കേൾക്കുമ്പോൾ, ദൈവികമായ ഔന്നത്യത്തെ വെറുപ്പിലേക്ക് വലിച്ചിഴയ്ക്കരുത്, ശാരീരിക പീഡനങ്ങൾ ദൈവികശക്തിക്ക് ആരോപിക്കരുത്. കാരണം, ദൈവത്വം സഹനാതീതവും വ്യതിയാനാതീതവുമാണ്. മനുഷ്യകുലത്തോടുള്ള സ്നേഹത്താൽ അവൻ ദാസന്റെ രൂപമെടുത്തെങ്കിലും തന്റെ സ്വഭാവത്തിന് മാറ്റമുണ്ടായില്ല. പിന്നെയോ, താനായിരുന്ന അവസ്ഥയിൽ നിലനിന്നുകൊണ്ട് ദൈവികശരീരം മരണം ആസ്വദിക്കാൻ അനുവദിച്ചു.

**അലക്സാണ്ഡ്രിയൻ മെത്രാൻ തെയോഫിലസ്**

58. ഒരു പെസഹാരേഖയിൽനിന്ന് (ലേഖനം 17): ബുദ്ധിരഹിത മൃഗങ്ങളുടെ ആത്മാക്കൾ നീക്കപ്പെട്ടു കഴിഞ്ഞാൽ പിന്നെ തിരകെ വരുന്നില്ല. അവ അവയുടെ ശരീരങ്ങളോടൊപ്പം നശിക്കുകയും മണ്ണിൽ അലിഞ്ഞുചേരുകയും ചെയ്യുന്നു. ക്രൂശാരോഹണാവസരം രക്ഷകൻ തന്റെ ആത്മാവിനെ തന്റെ ശരീരത്തിൽ നിന്ന് എടുത്തുമാറ്റി. പിന്നീട് അതിനെ മരിച്ചവരിൽനിന്ന് എഴുന്നേൽപ്പിച്ച് ശരീരത്തിന് തിരികെ കൊടുത്തു. "നീ എന്റെ ആത്മാവിനെ പാതാളത്തിൽ ഉപേക്ഷിച്ചില്ല. നിന്റെ പരിശുദ്ധൻ അഴിവു കാണാൻ നീ വിട്ടുകൊടുത്തില്ല" എന്ന പ്രഖ്യാപനത്താൽ സങ്കീർത്തകനിലൂടെ പ്രവചിച്ചപ്പോൾ, അവൻ ഇതിന് ഉറപ്പു നൽകി (16,10).

**പലസ്തീനയിലെ കേസറിയാ മെത്രാൻ വി. ജലാസിയുസ്**

59. പ്രത്യക്ഷീകരണത്തെ കുറിച്ചുള്ള പ്രതിപാദനത്തിൽ നിന്ന്: അവൻ കെട്ടപ്പെട്ടു, മുറിവേറ്റു, കുരിശിൽ തറയ്ക്കപ്പെട്ടു, കയ്യാങ്കളിക്ക് വിധേയനായി, മുറിവും ചതവുമേറ്റു, കുന്തത്താൽ കുത്തേറ്റു. മറിയത്തിൽ നിന്നു പിറന്ന

www.malankaralibrary.com

ശരീരമാണ് ഇവയെല്ലാം സഹിച്ചത്. എന്നാൽ കാലങ്ങൾക്കുമുമ്പേ പിതാവിൽ നിന്ന് ജനിച്ചവനെ ആർക്കും പീഡിപ്പിക്കാൻ കഴിഞ്ഞില്ല. കാരണം, വചനത്തിന്റേത് അത്തരത്തിലുള്ള സ്വഭാവം അല്ലായിരുന്നു. ദൈവത്വത്തെ എങ്ങനെയാണ് വരുതിയിൽ നിർത്താൻ കഴിയുക? അതിനെ എങ്ങനെയാണ് മുറിവേൽപ്പിക്കാൻ കഴിയുക? ശരീരരഹിതനിൽ എങ്ങനെ രക്തം ഒഴുക്കാനാവും? അതിനെ എങ്ങനെ കല്ലറയിൽ അടയ്ക്കാൻ കഴിയും? അതുകൊണ്ട്, നീ ആവശ്യത്താലുള്ള പരിധികളാൽ ബന്ധിതനായതിനാൽ, നിനക്ക് ഉപദ്രവിക്കാൻ കഴിയാത്തതിനെ ബഹുമാനിക്കുക, ദൈവത്വത്തെ ബഹുമാനിക്കുക.

**കോൺസ്റ്റാന്റിനോപ്പിൾ മെത്രാനായ വി. ജോൺ**

60. "എന്റെ പിതാവ് ഇപ്പോഴും പ്രവർത്തിക്കുന്നു, ഞാനും പ്രവർത്തിക്കുന്നു" എന്ന വാക്യത്തെക്കുറിച്ചുള്ള പ്രതിപാദനത്തിൽനിന്ന് (യോഹ.5,17): "നീ ഇവയെല്ലാം പ്രവർത്തിക്കുന്നതിനാൽ, നീ ഞങ്ങൾക്ക് എന്തടയാളം കാണിച്ചുതരും?" അവൻ എന്തു പറഞ്ഞു? "ഈ ആലയം തകർക്കുവിൻ, മൂന്നുദിവസങ്ങൾക്കകം ഞാനിതു പുനരുദ്ധരിക്കും എന്ന് അവൻ പറഞ്ഞു. അവൻ തന്റെ സ്വന്തം ശരീരത്തെപ്പറ്റിയാണ് പറഞ്ഞത്. എന്നാൽ അവർക്ക് അത് മനസിലായില്ല" (യോഹ.2,18-21).

61. അൽപം കഴിഞ്ഞ്: എന്തുകൊണ്ടാണ് സുവിശേഷകൻ ഇതു കടത്തിവിടാതെ, അവൻ തന്റെ ശരീരമായ ആലയത്തെപ്പറ്റിയാണ് പറഞ്ഞതെന്ന് ഒരു തിരുത്തലോടുകൂടെ കൂട്ടിച്ചേർത്തു പറഞ്ഞത്? ഉള്ളിൽ വസിച്ച ദൈവത്തെ വെളിപ്പെടുത്താനാണ്, "ഈ ശരീരം തകർക്കുവിൻ" എന്നു പറയാതെ, "ഈ ആലയം തകർക്കുവിൻ" എന്നു പറഞ്ഞത്. യഹൂദരുടേതിനേക്കാൾ മഹത്തായ "ഈ ആലയം തകർക്കുവിൻ". യഹൂദാലയത്തിൽ നിയമം ഉണ്ടായിരുന്നു, മറ്റതിൽ നിയമദാതാവുണ്ടായിരുന്നു. യഹൂദാലയത്തിൽ കൊല്ലുന്ന അക്ഷരമുണ്ടായിരുന്നു. മറ്റതിൽ ജീവദാതാവായ ആത്മാവുണ്ടായിരുന്നു.

62. വിനീതവാക്കുകളും കർമങ്ങളും ശക്തിയുടെ ബലഹീനതയിൽ നിന്നു വന്നവയല്ല, പിന്നെയോ, ദൈവികപദ്ധതി അനുസരിച്ചുള്ള വ്യത്യാസങ്ങളിൽ നിന്നാണ് എന്നതിനെപ്പറ്റിയുള്ള പ്രതിപാദനത്തിൽ നിന്ന് (6): "കഴിയുമെങ്കിൽ" എന്ന് എന്തിനാണ് അവൻ ഇവിടെ പറയുന്നത്? (മത്താ.26,39). മനുഷ്യപ്രകൃതിയുടെ ബലഹീനത അവൻ നമ്മെ കാണിക്കുന്നു. ഈ ജീവിതത്തിൽ നിന്ന് വെറുതെ പറിച്ചെറിയപ്പെടാൻ മനുഷ്യപ്രകൃതി താൽപര്യപ്പെടുന്നില്ല. ആരംഭം മുതൽ ദൈവം അതിൽ നിക്ഷേപിച്ചിരിക്കുന്ന, ഈ ജീവിതത്തോടുള്ള സ്നേഹം നിമിത്തം അത് പിൻവലിയുകയും പോകാൻ മടിക്കുകയും ചെയ്യുന്നു. അവൻ അനേകം കാര്യങ്ങൾ പറഞ്ഞശേഷവും, അവൻ ജഡമെടുത്തില്ലെന്ന് പറയാൻ ആളുകൾ മുതിർന്നെങ്കിൽ, ഇതൊന്നും പറയാതിരുന്നെങ്കിൽ, അവർ എന്തുതന്നെ പറയുകയില്ലായിരുന്നു?

www.malankaralibrary.com

63. അതേ പ്രതിപാദനത്തിൽ നിന്ന് (6): അവന്റെ മുൻയുഗത്തെപ്പറ്റി അവർ എങ്ങനെ പ്രവചിച്ചിരുന്നെന്ന് കാണുക. അതുകൊണ്ട്, ദൈവം ഭയപ്പെടുമോ, അറച്ചുനിൽക്കുമോ, പിന്മാറുമോ, ദുഃഖിക്കുമോ എന്നൊക്കെ പാഷണ്ഡികളോട് ചോദിക്കുക. 'അതേ' എന്ന് അവർ പറഞ്ഞാൽ, ആ സമയം മുതൽ അവരെ അവഗണിച്ചേക്കുക, അവരെ പിശാചിനോടൊപ്പം, അഥവാ, പിശാചിനേക്കാൾ താണപടിയിൽ നിർത്തുക. കാരണം, പിശാചുപോലും ഇതു പറയാൻ ധൈര്യപ്പെടുകയില്ല. എന്നാൽ ഇവയൊന്നും ദൈവത്തിനു ചേർന്നതല്ലെന്ന് അവർ പറഞ്ഞാൽ, ദൈവം പ്രാർഥിക്കുന്നുമില്ല എന്ന് അവരോടു പറയുക. ഇതിനും പുറമേ, ഇവ ദൈവത്തിന്റെ വാക്കുകളാണെങ്കിൽ, മറ്റൊരു അപരിചിതസംഗതിയും ഇതിൽ ഉൾക്കൊള്ളും. കാരണം, വേദന മാത്രമല്ല, രണ്ട് ഇച്ഛകളും ഈ വാക്കുകൾ സൂചിപ്പിക്കുന്നു. പരസ്പരവിരുദ്ധമായി പുത്രന്റേതൊന്ന്, പിതാവിന്റേത് മറ്റൊന്ന്. "ഞാൻ ഇച്ഛിക്കുന്നതുപോലെയല്ല, നിന്റെ ഇച്ഛപോലെ" എന്ന വാക്കുകൾ ഇത് സൂചിപ്പിക്കുന്ന ഒരാൾ പറഞ്ഞതാണ് (മത്താ.26,39).

64. അതേ പ്രതിപാദനത്തിൽ നിന്ന്: ഇത് ദൈവത്വത്തെപ്പറ്റിയാണ് പറഞ്ഞിരിക്കുന്നതെങ്കിൽ, പരസ്പരവിരുദ്ധതയും നിരവധി അപരിചിതസംഗതികളും അതിൽനിന്ന് ഉടലെടുക്കും. എന്നാൽ ഇത് ജഡത്തെപ്പറ്റിയാണെങ്കിൽ, പ്രസ്താവന ശരിയായിട്ടുള്ളതും മുറുമുറുപ്പിന് ഇടം നൽകാത്തതുമാണ്. മരിക്കാൻ ആഗ്രഹിക്കാതിരിക്കുക ജഡത്തിന് കുറ്റകരമല്ല, അത് അതിന്റെ പ്രകൃതിയിൽ തന്നെയുള്ളതാണ്. പാപമൊഴികെ സ്വഭാവത്തിന്റെ സവിശേഷതകളെല്ലാം വളരെ സമൃദ്ധമാംവിധം അവൻ കാണിക്കുന്നു. അങ്ങനെ അവന് പാഷണ്ഡികളുടെ വായടയ്ക്കാൻ കഴിയും. "കഴിയുമെങ്കിൽ ഈ കാസാ എന്നെ കടന്നുപോകട്ടെ, എങ്കിലും എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം നിറവേറട്ടെ" എന്ന് അവൻ പറയുമ്പോൾ, മരണത്തെ ഭയക്കുന്ന ജഡംകൊണ്ട് അവൻ സത്യമായും വസ്ത്രം ധരിച്ചിരിക്കയാണെന്ന് കാണിക്കുക മാത്രം ചെയ്യുന്നു. കാരണം, മരണത്തെ ഭയക്കുക, പിന്മാറുക, വേദന കൊണ്ട് പുളയുക തുടങ്ങിയവ ജഡത്തിന്റെ സവിശേഷതകളാണ്. അതിന്റെ ബലഹീനത കാണിക്കാനും അതിന്റെ സ്വഭാവം ഉറപ്പിക്കാനും അതിനെ കൈവിടാനും അതിന്റെ പ്രവർത്തനത്തിൽ നിന്ന് പിന്മാറാനും അവിടുന്ന് തിരുമനസായി. എന്നാൽ അവൻ വെറുമൊരു മനുഷ്യനല്ലെന്നു നീ ഗ്രഹിക്കാനായി, മറ്റവസരങ്ങളിൽ അവൻ അതിനെ മറച്ചുവയ്ക്കുന്നു.

**ഗാബാലായിലെ സെവേരിയൻ**

65. മുദ്രകളെപ്പറ്റിയുള്ള പ്രതിപാദനത്തിൽ നിന്ന്: യൂദർ ദൃശ്യമായതിനോട് പോരാടുന്നു. കാരണം, അദൃശ്യമായത് അവർക്ക് അജ്ഞാതമാണ്. അവർ ജഡത്തെ ക്രൂശിച്ചു. എന്നാൽ ദൈവത്വത്തെ നശിപ്പിച്ചില്ല. വാക്കിന്റെ വസ്ത്രമായ അക്ഷരത്തോടൊപ്പം എന്റെ വാക്ക് അപ്രത്യക്ഷമാകുന്നില്ലെ

www.malankaralibrary.com

ങ്കിൽ, ജീവന്റെ ഉറവിടമായ വചനമാം ദൈവം ജഡത്തോടൊപ്പം മരിക്കുമോ? പീഡാസഹനം ശരീരത്തിന്റേതാണ്, സഹനാതീതത്വം ദൈവത്വത്തിന്റേതും.

ഓർ. ലോകത്തിന്റെ കിഴക്കും പടിഞ്ഞാറും തെക്കും വടക്കുമുള്ളവയെ മേയ്ക്കുന്നവർ നിന്റെ പുതിയ പാഷണ്ഡത തള്ളിക്കളയുകയും ദൈവസ്വഭാവം സഹനാതീതമാണെന്ന് വ്യക്തമായി പ്രഘോഷിക്കുകയും ഗ്രീക്ക്, റോമൻ എന്നീ രണ്ടു ഭാഷകളും ദൈവികസംഗതികളെ കുറിച്ച് ഒത്തൊരുമയുള്ള വിശ്വാസപ്രഖ്യാപനം നടത്തുകയും ചെയ്യുന്നെന്ന് നാം കാണിച്ചത് മനസിലായല്ലോ.

എരാ. അവരുടെ പദപ്രയോഗങ്ങളിൽ ഞാൻ വളരെയധികം അന്തരം ശ്രദ്ധിച്ചെങ്കിലും, യോജിപ്പിൽ ആശ്ചര്യപ്പെടുന്നു.

ഓർ. എന്റെ സ്നേഹിതാ, കോപിക്കേണ്ട. കാരണം, അവരുടെ മിതത്വമില്ലായ്മയുടെ കാരണം, തങ്ങളുടെ എതിരാളികൾക്കെതിരെയുള്ള ശക്തിമത്തായ പോരാട്ടമാണ്. മുന്തിരിത്തോട്ടം നട്ടുപിടിപ്പിക്കുന്നവരും ഇതുതന്നെ ചെയ്യാറുണ്ട്. ഒരുചെടി വളഞ്ഞുകിടന്നാൽ, നേരേ പിടിച്ചുവയ്ക്കുക മാത്രമല്ല, വളഞ്ഞവശത്തേക്കുള്ള ചാച്ചിൽ നീക്കി നേരേ നിൽക്കാനായി എതിർ ദിശയിലേക്ക് അൽപം കൂടുതൽ വളയ്ക്കാറുണ്ടല്ലോ. ഇപ്പോഴത്തെ പാഷണ്ഡികൾ പുരാതന പാഷണ്ഡികളെക്കാൾ തങ്ങളുടെ തെറ്റായ പ്രബോധനം നിലനിർത്താൻ പരിശ്രമിക്കുന്നവരാണെന്ന് അറിഞ്ഞിരിക്കണം. നമുക്ക് വീണ്ടും അപ്പൊള്ളിനാരിസിന്റെ കൃതികൾ ശ്രവിക്കാം. ദൈവസ്വഭാവം സഹനാതീതമാണെന്ന് അവ പ്രഖ്യാപിക്കുകയും പീഡാനുഭവം ശരീരത്തിന്റേതാണെന്ന് ഏറ്റുപറയുകയും ചെയ്യുന്നു.

**അപ്പൊള്ളിനാരിസ്**

66. *എപ്പിറ്റോം* എന്ന കൃതിയിൽ നിന്ന്: ആലയം, അതായത്, ഉയർപ്പിച്ചവന്റെ ശരീരം, തകർക്കപ്പെട്ടെന്ന് യോഹന്നാൻ പറഞ്ഞു. ശരീരം അവനോടുകൂടെ പൂർണമായി ഒന്നായിരുന്നു. അവൻ അവയുടെ ഇടയിൽ മറ്റൊരാൾ ആയിരുന്നില്ല. കർതൃശരീരം കർത്താവുമായി ഒന്നായിരുന്നെങ്കിൽ, ശരീരത്തിന്റെ സവിശേഷതകൾ, ശരീരം നിമിത്തം അവന്റേതായിത്തീർന്നു.

67. വീണ്ടും: വചനത്തിന് മൂർത്തമാകൽ അല്ലാതെ മറ്റൊന്നും ഉണ്ടാകാൻ കഴിയാത്തവിധം വചനത്തെ പരിമിതപ്പെടുത്തത്തക്കവിധമല്ല ശരീരവുമായുള്ള ഐക്യം സംഭവിച്ചിരിക്കുന്നത് എന്നത് സത്യമാണ്. അതുകൊണ്ട്, മരണത്തിൽപോലും അമർത്യത അവനോടൊത്തുണ്ട്. വചനം ഈ സംയോജനത്തെ ഉല്ലംഘിക്കുന്നെങ്കിൽ, അവൻ ശിഥിലീകരണത്തെയും ഉല്ലംഘിക്കുന്നു. മരണം ശിഥിലീകരണമാണ്. അവൻ സംയോജനംവഴി പരിമിതനാകുന്നില്ല. കാരണം, അങ്ങനെ വന്നാൽ ലോകം ശൂന്യമായിപ്പോകും. ശിഥിലീകരണത്തിൽ ആത്മാവിനെപ്പോലെ അവൻ ശിഥിലീകരണത്തിൽ നിന്നുണ്ടാകുന്ന ആവശ്യത്തിന് വിധേയനുമല്ല.

www.malankaralibrary.com

68. വീണ്ടും: മരിച്ചവരുടെ ആത്മാക്കൾ കല്ലറകളിൽനിന്ന് പോകുന്നില്ലെങ്കിലും, മരിച്ചവർ കല്ലറകളിൽ നിന്ന് പോകുമെന്ന് രക്ഷകൻ പറയുന്നു. അതുപോലെ, ശരീരമാണ് ഉയർക്കുന്നതെങ്കിലും, അവനും മരിച്ചവരിൽ നിന്ന് ഉയർക്കുമെന്ന് അവൻ പറയുന്നു.

69. തത്തുല്യമായ മറ്റൊരു കൃതിയിൽ അവൻ ഇപ്രകാരം എഴുതുന്നു: മരിച്ചവരിൽ നിന്ന് ഉയർപ്പിക്കപ്പെടുക മനുഷ്യനു ചേരുന്നതാണ്. എന്നാൽ ഉത്ഥാനം ചെയ്യുന്ന പ്രവൃത്തി ദൈവത്തിനു ചേരുന്നതാണ്. ക്രിസ്തു രണ്ടുമാണ്: ഒരേയൊരാൾ തന്നെ ദൈവവും മനുഷ്യനുമാണ്. ക്രിസ്തു മനുഷ്യൻ മാത്രമായിരുന്നെങ്കിൽ, അവൻ മരിച്ചവർക്ക് നവജീവൻ നൽകുമായിരുന്നില്ല. ദൈവം മാത്രമായിരുന്നെങ്കിൽ, പിതാവിനെ കൂടാതെ, സ്വന്തമായി ചില മരിച്ചവർക്ക് നവജീവൻ നൽകുമായിരുന്നില്ല. എന്നാൽ ക്രിസ്തു രണ്ടുമായിരുന്നു. ഒരേയൊരാൾ തന്നെ ദൈവവും മനുഷ്യനുമായിരുന്നു. ക്രിസ്തു മനുഷ്യൻ മാത്രമായിരുന്നെങ്കിൽ, അവൻ ലോകത്തെ രക്ഷിക്കുമായിരുന്നില്ല. ദൈവം മാത്രമായിരുന്നെങ്കിൽ പീഡകളിലൂടെ ലോകത്തെ രക്ഷിക്കുമായിരുന്നില്ല. എന്നാൽ ക്രിസ്തു രണ്ടുമാണ്. അതുകൊണ്ട്, അവൻ ദൈവവും മനുഷ്യനുമാണ്. ക്രിസ്തു ദൈവമോ മനുഷ്യനോ മാത്രമായിരുന്നെങ്കിൽ, ദൈവത്തിനും മനുഷ്യർക്കും മധ്യേയുള്ള മധ്യസ്ഥൻ ആകുമായിരുന്നില്ല.

70. തുടർന്ന് ഉടൻ തന്നെ: ദൈവികപദ്ധതി അനുസരിച്ച്, പീഡനങ്ങൾക്ക് അനുയോജ്യമായ ജഡം ജീവന്റെ ഉപകരണമാണ്. വാക്കുകളോ, പ്രവൃത്തികളോ ജഡത്തിന്റെ സവിശേഷതകളല്ല. ജഡപ്രകൃതിപ്രകാരം ജഡം പീഡയനുഭവിക്കുമ്പോൾ, ദൈവത്തിന്റെ ശരീരമാകയാൽ അത് പീഡകൾക്കെതിരെ പ്രബലപ്പെടുന്നു.

71. തുടർന്ന് ഉടൻ തന്നെ: പുത്രൻ കന്യകയിൽനിന്ന് ജഡമെടുത്ത് ലോകത്തിലേക്കു വന്നു. നമ്മുടെയെല്ലാം വിശുദ്ധീകരണാർഥം അവൻ ജഡത്തെ പരിശുദ്ധാത്മാവിനാൽ നിറച്ചു; ജഡത്തെ മരണത്തിനു കയ്യാളിച്ചു. നാമെല്ലാവരുടെയും ഉത്ഥാനത്തിനു വേണ്ടിയുള്ള ഉത്ഥാനത്തിലൂടെ അവൻ മരണത്തെ നശിപ്പിച്ചു.

72. വിശ്വാസത്തെപ്പറ്റിയുള്ള ലഘുഗ്രന്ഥത്തിൽ അവൻ ഇപ്രകാരം പറയുന്നു: പീഡാസഹനം ജഡത്തിന്റേതാകയാൽ, അവന്റെ ശക്തി അതിന്റെ സഹനാതീതാവസ്ഥ നിലനിർത്തി. അതുകൊണ്ട് ശക്തിക്ക് പീഡാസഹനം ആരോപിക്കുന്നവൻ ദുഷ്ടനാണ്.

73. മനുഷ്യാവതാരത്തെപ്പറ്റിയുള്ള ലഘുഗന്ഥത്തിൽ അവൻ ഇപ്രകാരം എഴുതുന്നു: അതുകൊണ്ട്, മനുഷ്യനെന്ന നിലയിൽ മരിച്ചവരിൽ നിന്ന് ഉയർപ്പിക്കപ്പെട്ടവൻ ദൈവമെന്ന നിലയിൽ സമസ്തസൃഷ്ടികളെയും ഭരിക്കുന്നെന്ന് അവൻ ഇവിടെ കാണിക്കുന്നു.

www.malankaralibrary.com

ഓർ. ദൈവത്വത്തിന്റെ സഹനാതീതാവസ്ഥയെപ്പറ്റി ഒരു പാഷണ്ഡി വ്യക്തമായി പഠിപ്പിക്കുന്നതും ശരീരത്തെ ആലയമെന്നു വിളിക്കുന്നതും വചനമാം ദൈവം അതിനെ ഉയർപ്പിച്ചെന്ന് ശക്തിയായി അഭിപ്രായപ്പെടുന്നതും നീ കണ്ടുകഴിഞ്ഞല്ലോ.

എരാ. ഞാൻ ആശ്ചര്യപൂർവം ശ്രദ്ധിക്കുകയായിരുന്നു. ഈ മനുഷ്യന്റെ നവീനത്വത്തേക്കാൾ ഒഴിവാക്കേണ്ടതാണ് ഞങ്ങളുടെ ആശയങ്ങൾ എന്നു കണ്ട് ഞാൻ ആഴമായി ലജ്ജിക്കുന്നു.

ഓർ. മറ്റൊരു പാഷണ്ഡവിഭാഗത്തിൽ നിന്നുകൂടി ഞാനൊരു സാക്ഷ്യം അവതരിപ്പിക്കാം. ഏകജാതന്റെ ദൈവത്വത്തിന്റെ സഹനാതീതത്വം അവരും വ്യക്തമായി പ്രഘോഷിക്കുന്നു.

എരാ. നീ ആരെപ്പറ്റിയാണ് പരാമർശിക്കുന്നത്?

ഓർ. ലബനോന്റെ സമീപത്തുള്ള എമേസാ നഗരത്തിലെ മഹാപുരോഹിതനായിരുന്ന ഫിനീഷ്യാക്കാരൻ എവുസേബിയസിനെപ്പറ്റി നീ കേട്ടിട്ടുണ്ടായിരിക്കും.

എരാ. അയാളുടെ ചില കൃതികൾ ഞാൻ വായിച്ചിട്ടുണ്ട്. അയാൾ ആരിയൻ പ്രബോധനങ്ങളുമായി യോജിച്ചുപോകുന്നെന്ന് എനിക്കു മനസിലായി.

ഓർ. അയാൾ ആ വിഭാഗത്തിൽ ഒരംഗം ആകാൻ ഇടയായി. ഏകജാതനേക്കാൾ വലിയവനാണ് പിതാവ് എന്നു കാണിക്കാൻ അയാൾ ശ്രമിക്കുന്നെങ്കിലും, ചെറിയവനായി തീർന്നവന്റെ ദൈവത്വം സഹനാതീതമാണെന്ന് അയാൾ പ്രസംഗിക്കുന്നു. ഈ പ്രബോധനത്തെ പ്രതി അയാൾക്ക് സുദീർഘവും പ്രശസ്തവുമായ പോരാട്ടം നടത്തേണ്ടിവന്നു.

എരാ. അയാളുടെ അവതരണരീതി കേൾക്കാൻ എനിക്കു വളരെയധികം ആഗ്രഹമുണ്ട്.

ഓർ. കൊള്ളാം. നിന്നെ തൃപ്തിപ്പെടുത്താൻ നീണ്ട സാക്ഷ്യംതന്നെ ഞാനവതരിപ്പിക്കാം. അതുകൊണ്ട്, അയാളുടെ പ്രസംഗം കേട്ട്, അയാൾ തന്നെ നമ്മോടു സംസാരിക്കുന്നതായി വിഭാവന ചെയ്യുക.

**എമേസയിലെ എവുസേബിയസ്**

74. തലക്കെട്ടില്ല:[37] അവൻ എന്തിനാണ് മരണത്തെ ഭയക്കുന്നത്? മരണംവഴി അവന് എന്തെങ്കിലും സംഭവിക്കുമെന്നു കരുതിയല്ല. ആണോ? കാരണം, മരണം അവന് എന്താണ്? ജഡത്തെ ഉപേക്ഷിക്കുന്ന ശക്തിയായിരുന്നു. അല്ലേ? ഭയപ്പെടത്തക്കവിധം ആണികളേറ്റ ശക്തിയല്ലിത്. ആണോ?

ശരീരത്തോടൊത്ത് ആത്മാവ് സ്ഥിതിചെയ്യുന്നെങ്കിലും, ശരീരവേദനകളിൽ ആത്മാവ് വേദനിക്കുന്നില്ല. കണ്ണ് കാണാതെ വന്നാലും, മനസ് ആരോ

www.malankaralibrary.com

ഗ്യമുള്ളതായി സ്ഥിതിചെയ്യുന്നു. കാലു മുറിച്ചുകളഞ്ഞാലും ബുദ്ധിശക്തി തളരുന്നില്ല. പ്രകൃതി ഇതിനു സാക്ഷ്യം വഹിക്കുന്നു. "ശരീരത്തെ കൊല്ലാൻ കഴിവുണ്ടായിരിക്കയും എന്നാൽ ആത്മാവിനെ കൊല്ലാൻ കഴിയാതിരിക്കയും ചെയ്യുന്നവരെ ഭയപ്പെടേണ്ട" എന്നു പറഞ്ഞുകൊണ്ട് കർത്താവ് അത് ഉറപ്പിക്കുന്നു (മത്താ.10,28). ആത്മാവുമായി യോജിച്ചിരിക്കുന്ന ശരീരം വേദനിക്കുമ്പോൾ, ആത്മാവിനെ വേദനിപ്പിക്കാൻ അവർക്ക് കഴിയില്ല. അവർക്ക് വേണ്ടാത്തതിനാലല്ല, അവർക്ക് ആഗ്രഹമുണ്ടെങ്കിലും അവർക്കു കഴിയാത്തതിനാലാണ്. ഇതൊക്കെ സത്യമാണെങ്കിൽ, ആത്മാവിനെ സൃഷ്ടിക്കുകയും ശരീരത്തെ രൂപീകരിക്കുകയും ചെയ്തവൻ ശാരീരിക പീഡകൾ നിശ്ചയമായി തന്റേതായി എടുക്കുമ്പോഴും ശരീരത്തോടൊപ്പം വേദനിക്കുമോ?

എന്നാൽ "ക്രിസ്തു നമുക്കുവേണ്ടി പീഡയനുഭവിച്ചു" (1പത്രോ.2,21). നാം നുണ പറയുകയല്ല. അഥവാ, അവൻ എന്തെങ്കിലും തന്നെങ്കിൽ, അവൻ ഇത് തന്നു: "എന്തുകൊണ്ടെന്നാൽ ഞാൻ നൽകുന്ന അപ്പം എന്റെ ശരീരമാകുന്നു" (യോഹ.6,51). അവനത് നമുക്കു തന്നു. കീഴടക്കപ്പെടാവുന്നത് കീഴടക്കപ്പെട്ടു. ക്രൂശിക്കപ്പെടാവുന്നത് ക്രൂശിക്കപ്പെട്ടു. എന്നാൽ വസിക്കുന്നതിനും അതിനെ വിട്ടുപോകുന്നതിനും അധികാരമുള്ളവൻ പറയുന്നു: "പിതാവേ, അങ്ങേ തൃക്കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു" (ലൂ.23,46). പുറപ്പെട്ടു പോകാൻ നിർബന്ധിച്ചവരുടെ കൈകളിലല്ല. ഞാൻ തർക്കിക്കുകയല്ല. മറിച്ച്, തർക്കം ഒഴിവാക്കുകയാണ്. തർക്കമുള്ളവ ശാന്തമായും സാഹോദര്യാരൂപിയിലും അന്വേഷിക്കാനാണ് ഞാനാഗ്രഹിക്കുന്നത്. ശക്തിക്ക് ജഡത്തിന്റെ വേദനകൾ അനുഭവിക്കാൻ കഴിയില്ലെന്ന് പറയുമ്പോൾ, ഞാൻ സത്യം പറയുകയല്ലേ? അതുകൊണ്ട് ഞാൻ നിശ്ശബ്ദനായി. ശക്തി സഹിച്ചതെന്താണെന്ന് പറയാൻ വെമ്പുന്നവർ പറയട്ടെ. അതിന് എന്തെങ്കിലും കുറവുണ്ടായിരുന്നോ? കെണി മനസിലാക്കുക. അത് കെട്ടുപോയോ? ദൈവദൂഷണം കാണുക. അത് പിന്നെ സ്ഥിതിചെയ്തില്ലേ? ഇതാണ് മരണത്തിന്റെ അധികാരം. അത് പീഡ സഹിക്കത്തക്കവിധം അതിനെ പരാജയപ്പെടുത്താൻ എന്തിനു കഴിയുമെന്ന് പറയുക. ഞാൻ തർക്കിക്കുന്നില്ല. നിനക്ക് ഒന്നും പറയാനില്ലെങ്കിൽ, നിനക്ക് പറയാൻ കഴിയാത്തത് ഞാൻ പറയുന്നില്ല എന്നതിൽ നീ എന്തിന് എന്നോട് കയർക്കുന്നു?

ശക്തി ആണിയടിയേറ്റില്ല. ആത്മാവിൽ ആണി അടിക്കാമെങ്കിൽ, അത് ശക്തിയിലേക്ക് കയറിയെന്ന് ഞാൻ സമ്മതിക്കാം. എന്നാൽ അത് "വേദനയിൽ പങ്കുകൊണ്ടു." "വേദനയിൽ പങ്കുകൊണ്ടു" എന്നത് എനിക്കു വിശദീകരിച്ചു തന്നാലും. "വേദനയിൽ പങ്കുകൊണ്ടു" എന്നതിന്റെ അർഥമെന്താണ്? ആണി ശരീരത്തെ ബാധിക്കുന്നതുപോലെ, പീഡകൾ ശക്തിയെ ബാധിക്കുന്നു. ഇതാണ് "വേദനയിൽ പങ്കുകൊണ്ടു" എന്നതിന്റെ അർഥമെന്ന് നമുക്കു പറയാം. അടിയേൽക്കാത്ത ശക്തി വേദനയേറ്റു. കാരണം,

www.malankaralibrary.com

വേദന പീഡനത്തെ അനുഗമിക്കുന്നു. എന്നാൽ മനസിന് ആരോഗ്യമുള്ളപ്പോൾ, ചിന്താശക്തികൊണ്ട് ശരീരം പലപ്പോഴും വേദന അവഗണിക്കുന്നു. അപ്പോൾ അത് എന്തെങ്കിലും സഹിക്കയാണോ, സഹനത്തിൽ പങ്കാളിയാകുകയാണോ ചെയ്തതെന്ന് ശാന്തമായി ആരെങ്കിലും വിശദീകരിക്കട്ടെ. അപ്പോൾ എന്തു പറയാനാവും? ക്രിസ്തു നമുക്കുവേണ്ടി മരിച്ചില്ലേ? അവൻ എങ്ങനെ മരിച്ചു? "പിതാവേ, അങ്ങേ തൃക്കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു." ആത്മാവ് വേർപെട്ടു, ശരീരം അവശേഷിച്ചു. ശരീരം ശ്വാസമറ്റ് കിടന്നു. അപ്പോൾ, അവൻ മരിച്ചില്ലേ? അവൻ നമുക്കുവേണ്ടി മരിച്ചു. എഴുതിയിരിക്കുന്നതു പോലെ-എന്റെ ഭാവനയല്ല, ഞാൻ കേൾക്കുന്നതനുസരിച്ച്-"അവൻ നമുക്കുവേണ്ടി മരിച്ചു" (റോമ.5,8).

ഇടയൻ ആടിനെ അർപ്പിച്ചു, പുരോഹിതൻ ബലിയർപ്പിച്ചു. "അവൻ തന്നെത്തന്നെ നമുക്കായി അർപ്പിച്ചു" (തീത്തൂ.2,14). "അവൻ തന്റെ സ്വന്തം പുത്രനെ ഒഴിവാക്കാതെ, നമുക്കെല്ലാവർക്കുംവേണ്ടി തന്റെ പുത്രനെ നൽകി" (റോമ.8,32). ഞാൻ ഈ വാക്കുകൾ തള്ളിക്കളയുന്നില്ല. പ്രത്യുത, വാക്കുകളുടെ അർഥം തേടുകമാത്രം ചെയ്യുന്നു. "ദൈവത്തിന്റെ അപ്പം സ്വർഗത്തിൽ നിന്ന് ഇറങ്ങി വന്നതാകുന്നു" എന്ന് കർത്താവ് പറയുന്നു (യോഹ.6,33.50). ദിവ്യരഹസ്യങ്ങൾ നിമിത്തം എനിക്ക് വളരെ വ്യക്തമായി സംസാരിക്കാൻ കഴിയില്ലെങ്കിലും, "ഇത് എന്റെ ശരീരമാകുന്നു" എന്നു പറഞ്ഞുകൊണ്ട് അവൻ ഇത് വ്യാഖ്യാനിക്കുന്നു (യോഹ.6,55). പുത്രന്റെ ശരീരം സ്വർഗത്തിൽ നിന്ന് ഇറങ്ങിവന്നില്ല. അപ്പോൾ പിന്നെ "ദൈവത്തിന്റെ അപ്പം" സജീവവും സ്വർഗത്തിൽ നിന്ന് ഇറങ്ങിവന്നതും ആണെന്ന് വ്യാഖ്യാനമായി അവന് എങ്ങനെ പറയാൻ കഴിയും? (യോഹ.6,33.50).

എടുത്ത ശക്തി സ്വർഗത്തിൽ നിന്ന് ഇറങ്ങിവന്നതിനാൽ, ശക്തിക്കുള്ളത് അവൻ ജഡത്തിന് ആരോപിക്കുന്നു. ഇത് തിരിച്ചും പറയാം: ജഡം പീഡയനുഭവിക്കുന്നത് ശക്തിക്ക് അവൻ ആരോപിക്കുന്നു. ക്രിസ്തു എങ്ങനെയാണ് നമുക്കുവേണ്ടി പീഡയനുഭവിച്ചത്? അവർ അവന്റെ മുഖത്തു തുപ്പി, അവനെ മുഷ്ടിചുരുട്ടി കുത്തി, തലയിൽ മുൾക്കിരീടം വച്ചു, കൈകാലുകൾ കുത്തിത്തുളച്ചു. ഈ പീഡനങ്ങളെല്ലാം ശരീരത്തിന്റേതാണ്, എന്നാൽ അതിൽ വസിക്കുന്നവന് ഇവയെല്ലാം ആരോപിക്കുന്നു. ചക്രവർത്തിയുടെ പ്രതിമയെ കല്ലെറിയുക. എന്താണ് അപ്പോൾ പറയുക? നീ ചക്രവർത്തിയെ നിന്ദിച്ചു. ചക്രവർത്തിയുടെ മേൽവസ്ത്രം മുറിക്കുക, എന്താണ് പറയുക? നീ ചക്രവർത്തിക്കെതിരെ വിപ്ലവം ഉണ്ടാക്കി. ക്രിസ്തുവിന്റെ ശരീരത്തെ കുരിശിൽ തറയ്ക്കുക, എന്താണ് പറയുക? "ക്രിസ്തു നമുക്കുവേണ്ടി മരിച്ചു" (റോമ.5,8). എനിക്കും നിനക്കും എന്താണാവശ്യം? നമുക്ക് സുവിശേഷകരുടെ പക്കലേക്കു പോകാം. കർത്താവ് എങ്ങനെ മരിച്ചെന്ന് കർത്താവിൽ നിന്ന് എങ്ങനെയാണ് ഗ്രഹിക്കുക? "പിതാവേ, അങ്ങേ

www.malankaralibrary.com

തൃക്കരങ്ങളിൽ ഞാൻ എന്റെ ആത്മാവിനെ സമർപ്പിക്കുന്നു" എന്ന് വായിക്കുന്നു (ലൂ.23,46). ആത്മാവ് ഉന്നതത്തിലും ശരീരം നമുക്കുവേണ്ടി കുരിശിലുമാണ്. അവൻ ആടിനെ അർപ്പിച്ചു. ശരീരത്തിന്റേതായവയെല്ലാം അവന് ആരോപിച്ചിരിക്കുന്നു.

75. അതേ കൃതിയിൽ നിന്ന്: അവിടുന്ന് വന്നത് നമ്മുടെ സ്വഭാവത്തെ രക്ഷിക്കാനാണ്, തന്റേത് നശിപ്പിക്കാനല്ല. ഒരൊട്ടകം പറക്കുകയാണെന്നു ഞാൻ പറഞ്ഞാൽ, നീ ഉടൻതന്നെ ഞെട്ടിപ്പോകും. കാരണം, അത് സ്വാഭാവികമല്ല. നിന്റെ ഭാഗം ശരിയാണ്. മനുഷ്യർ കടലിൽ ജീവിക്കുന്നെന്നു ഞാൻ പറഞ്ഞാൽ, നീ അത് അംഗീകരിക്കയില്ല.

പ്രകൃതി അത് അനുവദിക്കാത്തതിനാൽ, നിന്റെ ഭാഗം ശരിയാണ്. അതുപോലെയാണിതും. എന്തെങ്കിലും ഒന്നിനെപ്പറ്റി വ്യത്യസ്തമായ മറ്റു സ്വഭാവങ്ങളുടെ കാര്യം പറഞ്ഞാൽ, നീ ആശ്ചര്യപ്പെടും. അതുപോലെ, യുഗങ്ങൾക്കു മുമ്പുള്ള ആ ശക്തി, ശരീരരഹിതൻ, ഔന്നത്യത്തിൽ സഹനാതീതൻ, പിതാവിനോടൊത്തു സ്ഥിതിചെയ്യുന്നവൻ, മഹത്വത്തിൽ പിതാവിന്റെ വലത്തുഭാഗത്ത് സ്ഥിതിചെയ്യുന്ന ശരീരരഹിതസ്വഭാവം പീഡയനുഭവിക്കുന്നെന്ന് ഞാൻ പറഞ്ഞാൽ, നീ നിന്റെ ചെവി അടച്ചുകളയുകയില്ലേ? ഇതു കേൾക്കുമ്പോൾ നീ നിന്റെ ചെവി അടയ്ക്കുന്നില്ലെങ്കിൽ, ഞാൻ എന്റെ ഹൃദയം അടച്ചുകളയും.

നമുക്ക് ഒരു മാലാഖയെ വാൾകൊണ്ട് വെട്ടിമുറിക്കാനോ, പൂർണമായി പങ്കിടാനോ, മാലാഖയോട് മറ്റെന്തെങ്കിലും ചെയ്യാനോ സാധിക്കുമോ? മാലാഖയോടെന്നു ഞാൻ എന്തിനാണ് പറയുന്നത്? ഒരാത്മാവിനോട് അപ്രകാരം ചെയ്യാൻ സാധിക്കുമോ? ആത്മാവിന് ആണിയുടെ അനുഭവം ഉണ്ടാകുന്നില്ല. അതിനെ മുറിക്കാനാവില്ല, കത്തിക്കാനാവില്ല. എന്തുകൊണ്ടെന്നു ചോദിച്ചാൽ, അതിനെ അങ്ങനെയാണ് സൃഷ്ടിച്ചിരിക്കുന്നതെന്ന് ഞാൻ പറയും. അവന്റെ സൃഷ്ടികൾ സഹനാതീതവും അവൻ സഹനവിധേയനുമാണോ? ഞാൻ ദൈവികപദ്ധതിയെ നിരസിക്കുന്നില്ല, ദുഷ്പ്രവൃത്തിയെ എതിർക്കുന്നു. ക്രിസ്തു നമുക്കുവേണ്ടി ക്രൂശിക്കപ്പെടുകയും മരിക്കുകയും ചെയ്തു. എഴുതപ്പെട്ടിരിക്കുന്നത് ഇതാണ്. പ്രകൃതി അനുഭവിച്ചത് ഇതാണ്. ഞാൻ വാക്കുകൾ മായിച്ചുകളയുകയോ, പ്രകൃതിയെ ദുഷിക്കുകയോ ചെയ്യുന്നില്ല. എന്നാൽ ഇത് ശരിയല്ല. കോപത്താലല്ല, നന്മ ചെയ്യാൻ, കൂടുതൽ സത്യസന്ധമായ വാക്കുകൾ സംസാരിക്കാം.

വിദ്യാർഥികൾ നന്ദിയില്ലാത്തവരല്ലെങ്കിൽ ഗുരു എതിരല്ല. നിനക്ക് ഏതോ നല്ല കാര്യം പറയാനുണ്ട്. നന്ദിപൂർവം ഞാൻ എന്റെ ചെവി തുറന്നുവയ്ക്കാം. വാദപ്രതിവാദത്തിലേർപ്പെടാൻ സമയമുണ്ടെങ്കിൽ വാദത്തിനു മുതിരാം. ദൈവപുത്രനെ ക്രൂശിക്കാൻ, ശക്തിയെ തന്നെ കൊല്ലാൻ യൂദർക്ക് കഴിവുണ്ടോ? ജീവിക്കുന്നവന് മരിക്കാനാവുമോ? അത്തരം ശക്തിയുടെ മരണം അതിന്റെ

www.malankaralibrary.com

ഇല്ലായ്മയാണ്. നാം മരിക്കുമ്പോൾ, നമ്മുടെ ജഡം അവശേഷിക്കും. നാം ആ ശക്തിയെ കൊന്നാൽ, നാമതിനെ അസ്തിത്വരാഹിത്യത്തിൽ ആക്കുകയാണ്. നിനക്കിതു ശ്രവിക്കാനാവുമോ എന്ന് എനിക്കറിയില്ല. ശരീരം മരിച്ചാലും ആത്മാവ് വേർപെട്ട് സ്ഥിതിചെയ്യുന്നു. എന്നാൽ ആത്മാവ് ശരീരരഹിതമായാൽ, അതു മരിച്ചാൽ, സ്ഥിതിചെയ്യുകയേ ഇല്ല. മരിക്കുന്ന ആത്മാവ് സ്ഥിതിചെയ്യുന്നതേയില്ല. അമർത്യവസ്തുക്കളുടെ മരണം അസ്തിത്വരാഹിത്യത്തിലേക്കാണ് നയിക്കുക.

ഇതിന്റെ മറുവശം പരിഗണിക്കുക. അതു പറയാൻപോലും ഞാൻ മുതിരുകയില്ല. നാമിവ മനസിലാക്കുന്നതുപോലെ, പറയുന്നു. എന്നാൽ ആരെങ്കിലും തർക്കിക്കാൻ വന്നാൽ നാം നിയമം ഒന്നും ഉണ്ടാക്കുന്നില്ല. എന്നാൽ ഒരുകാര്യം എനിക്കറിയാം: ഓരോരുത്തരും താന്താങ്ങളുടെ ചിന്തയുടെ ഫലം കൊയ്യും. ഓരോരുത്തരും ദൈവസമക്ഷം ഹാജരായി, ദൈവത്തെപ്പറ്റി പറഞ്ഞതും ചിന്തിച്ചതും അവതരിപ്പിക്കണം. ദൈവം ഗ്രന്ഥങ്ങൾ വായിക്കുന്നെന്ന് ചിന്തിക്കേണ്ട. നീ എന്തു പറയുന്നെന്നോ, എന്തു ചെയ്യുന്നെന്നോ ഓർക്കാൻ ദൈവം വ്യാകുലചിത്തനാകുന്നെന്നും കരുതേണ്ട. എല്ലാം അവന് സുസ്പഷ്ടമാണ്. ന്യായാധിപൻ ആസനസ്ഥനാകുന്നു. പൗലോസ് അവിടേക്ക് ആനീതനാക്കപ്പെടുന്നു. ഞാൻ ഒരു മനുഷ്യൻ ആയിരുന്നെന്ന് നീ പറഞ്ഞല്ലോ. നിനക്ക് എന്നോടുകൂടെ ജീവനില്ല. നീ എന്നെ അറിയാത്തതിനാൽ, ഞാൻ നിന്നെ അറിയുന്നില്ല. മറ്റൊരാൾ മുന്നോട്ടുവരുന്നു. ഞാൻ ഒരു സൃഷ്ടിയാണെന്ന് നീ പറഞ്ഞല്ലോ. നീ എന്റെ ഔന്നത്യം ഗ്രഹിച്ചില്ല. ഞാനും നിന്നെ അറിയുന്നില്ല. മറ്റൊരാൾ മുമ്പോട്ടു വരുന്നു: ഞാൻ ശരീരമെടുത്തില്ലെന്ന് നീ പറഞ്ഞല്ലോ. നീ എന്റെ കൃപ നിരസിച്ചുകളഞ്ഞു. നിനക്ക് എന്റെ അമർത്യതയിൽ പങ്കില്ല. വേറൊരാൾ മുമ്പോട്ടു വരുന്നു. കന്യകയുടെ ശരീരത്തെ രക്ഷിക്കാൻ ഞാൻ കന്യകയിൽ നിന്ന് ജനിച്ചില്ലെന്നു നീ പറഞ്ഞല്ലോ. നീ രക്ഷിക്കപ്പെടുകയില്ല. വിശ്വാസസംബന്ധമായി ഓരോരുത്തരും താന്താങ്ങളുടെ ചിന്തയുടെ ഫലം അനുഭവിക്കും.

ഓർ. ഏകജാതന്റെ ദൈവത്വം പീഡയനുഭവിച്ചെന്ന് നിന്നെ പഠിപ്പിച്ച നിന്റെ പ്രബോധകരുടെ മറ്റേ വിഭാഗം പോലും ഈ ദൈവദൂഷണം നിരസിക്കുകയും ദൈവത്വത്തിന്റെ സഹനാതീതത്വം പ്രഘോഷിക്കുകയും അതിന് പീഡാസഹനം ആരോപിക്കാൻ മുതിരുന്നവരുടെ നിരകളെ തകർക്കുകയും ചെയ്തത് നീ കണ്ടല്ലോ.

എരാ. ഞാൻ ആശ്ചര്യത്തോടെ പോരാട്ടങ്ങൾ ദർശിച്ചു. അവന്റെ ചിന്തയ്ക്കും ആശയങ്ങൾക്കും ഞാൻ അവനെ അഭിനന്ദിക്കുന്നു.

ഓർ. അങ്ങനെയെങ്കിൽ, എന്റെ നല്ല സ്നേഹിതാ, തിരുലിഖിതങ്ങളുടെ പുൽമേടുകൾക്കു ചുറ്റും നിന്റെ മനസിൽ പറന്ന് തേനീച്ചകളെ അനുകരിക്കുക. അതിപരിശുദ്ധ പിതാക്കന്മാരു ടെ അമൂല്യപുഷ്പങ്ങളിൽ നിന്ന് ശേഖ

www.malankaralibrary.com

രിക്കുക. വിശ്വാസത്തിന്റെ തേനടകൾ നിന്നിൽ തന്നെ സദയം നിർമിക്കുക.
ഈ അപ്പൊള്ളിനാരിസിനെപ്പോലെയോ, എവുസേബിയസിനെപ്പോലെയോ
ഭക്ഷ്യയോഗ്യമല്ലാത്തതോ, മധുരമില്ലാത്തതോ ആയ ഒരു സസ്യം എവിടെ
യെങ്കിലും നീ കാണാൻ ഇടയായാൽ, തേനുണ്ടാക്കാൻ അവ സഹായകമാ
ണെന്നു കണ്ടാൽ, പ്രയോജനപ്രദമായത് എടുത്തിട്ട് ഉപദ്രവകരമായത്
പിന്നിൽ ഉപേക്ഷിക്കുന്നതുകൊണ്ട് തെറ്റൊന്നുമില്ല. തേനീച്ചകൾ പലപ്പോഴും
വിഷലിപ്തമായ ചെടികളുടെ പക്കലെത്താറുണ്ട്. എന്നാൽ അവ മാരകമാ
യവ പിന്നിൽ ഉപേക്ഷിച്ചിട്ട്, പ്രയോജനപ്രദമായവ ശേഖരിക്കുന്നു. എന്റെ
സ്നേഹിതാ, സഖിത്വത്തിന്റെ നിയമം അനുസരിച്ച്, ഈ ചിന്തകൾ നിന്റെ
മുമ്പിൽ അവതരിപ്പിക്കുന്നു. ഈ ഉപദേശം നീ സ്വീകരിച്ചാൽ നന്നായിരി
ക്കും. നീ കേൾക്കുന്നില്ലെങ്കിൽ, ശ്ലീഹായുടെ വാക്കുകൾ ഞാൻ ആവർത്തി
ക്കും: “ഞങ്ങൾ ശുദ്ധരാണ്” (നട.20,26). പ്രവാചക വചനാനുസൃതം, ഞ
ങ്ങളോട് കൽപിച്ചതനുസരിച്ച് ഞങ്ങൾ മുന്നറിയിപ്പ് നൽകിയിരിക്കുന്നു.

www.malankaralibrary.com

# ഉപസംഹാരം

## 1. വചനമാം ദൈവം വ്യതിയാനരഹിതനാണ്

1. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും ഏകസത്തയാണെന്ന് നാം ഏറ്റുപറഞ്ഞു. ഈ സത്ത മാറ്റമില്ലാത്തതാണെന്ന് ഏകസ്വരത്തിൽ നാം പറഞ്ഞിട്ടുണ്ട്. അതുകൊണ്ട്, വ്യതിയാനരഹിതമായ ഏകസത്ത ആണെങ്കിൽ, ത്രിത്വത്തിൽ ഒരാളായ ഏകജാതനാം പുത്രൻ വ്യതിയാന രഹിതനാണ്. അവൻ വ്യതിയാനരഹിതനാണെങ്കിൽ, നിശ്ചയമായും മാറ്റം സംഭവിച്ചല്ല മാംസമായി തീർന്നത്, പിന്നെയോ, മാംസമെടുത്ത് മാംസമായി എന്ന് പറയപ്പെടുന്നു.

2. മാംസമായി മാറിക്കൊണ്ടാണ് വചനമാം ദൈവം മാംസമായതെങ്കിൽ, അവൻ വ്യതിയാനരഹിതനല്ല. മാറ്റത്തിനു വിധേയമാകുന്നതിനെ വിവരമുള്ളവരാരും വ്യതിയാനരഹിതമെന്നു വിളിക്കാറില്ല. വചനം വ്യതിയാനരഹിതനല്ലെങ്കിൽ, അവൻ അവനെ ജനിപ്പിച്ചവന്റെ അതേ സത്തയല്ല. അമിശ്രിതമായതിന്റെ ഒരു ഭാഗം വ്യതിയാനവിധേയവും മറ്റൊരുഭാഗം വ്യതിയാന രഹിതവും ആയിരിക്കുന്നതെങ്ങനെ? ഇതംഗീകരിച്ചാൽ, നാം ആരിയസിന്റെയും എവുണോമിയസിന്റെയും ദൈവദൂഷണത്തിൽ നിപതിക്കും. കാരണം, പുത്രൻ വ്യത്യസ്ത സത്തയിൽ നിന്നാണെന്ന് അവർ പറയുന്നു.

3. പുത്രൻ പിതാവിന്റെ അതേ സത്തയായിരിക്കയും പുത്രൻ മാംസമായി രൂപാന്തരപ്പെട്ട്, മാംസമായി തീരുകയും ചെയ്തെങ്കിൽ, ആ സത്ത വ്യതിയാനരഹിതമല്ല, മാറ്റത്തിന് വിധേയമാണ്. എന്നാൽ ആരെങ്കിലും ഈ ദൈവദൂഷണം പറഞ്ഞാൽ, പിതാവിനെതിരെയും ദൂഷണം പറഞ്ഞ് സംശയമെന്യേ ഇത് വർദ്ധിപ്പിക്കും. പിതാവിനും അതേ സത്തയാകയാൽ, അവനെയും വ്യതിയാനവിധേയനെന്ന് നിശ്ചയമായും വിളിക്കും.

4. വചനമാം ദൈവം മാംസവും ആത്മാവും എടുത്തെന്ന് തിരുലിഖിതം പറയുന്നു. "വചനം മാംസമായി" എന്ന് അതിദിവ്യശ്ലീഹായും പറയുന്നു. അതുകൊണ്ട്, രണ്ടിലൊന്ന് നാം ചെയ്യണം: ഒന്നുകിൽ വചനം മാംസമായി മാറിയെന്നു നാം അംഗീകരിക്കണം. വ്യാജം പഠിപ്പിക്കുന്നതിനാൽ, പഴയതും

www.malankaralibrary.com

പുതിയതുമായ തിരുലിഖിതം തിരസ്ക്കരിക്കണം. അല്ലെങ്കിൽ, തിരുലിഖിതങ്ങൾ വിശ്വസിക്കുകയും മാംസമെടുത്തെന്ന് ഏറ്റുപറയുകയും, തിരുലിഖിത ഭാഗം നന്നായി മനസിലാക്കുന്നതിനാൽ, നമ്മുടെ ചിന്തയിൽനിന്ന് മാറ്റത്തെ ദൂരെയകറ്റുകയും ചെയ്യണം. അതുകൊണ്ട് വചനമാം ദൈവത്തിന്റെ സ്വഭാവം വ്യതിയാനരഹിതമാണെന്ന് നാം ഏറ്റുപറയുന്നതിനാലും മാംസമെടുത്തതിനെപ്പറ്റി എണ്ണമറ്റ സാക്ഷ്യങ്ങൾ ഉള്ളതിനാലും രണ്ടാമത്തേത് ചെയ്യണം.

5. വസിക്കുന്നവനും വസിക്കുന്നിടവും തമ്മിൽ വ്യത്യാസമുണ്ട്. സുവിശേഷകൻ മാംസത്തെ വാസസ്ഥലമെന്നു വിളിക്കുകയും വചനമാം ദൈവം അതിൽ വസിച്ചെന്നു പറയുകയും ചെയ്തിരിക്കുന്നു. "വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു" എന്ന് അവൻ പറയുന്നു. മാറ്റത്തിലൂടെ അവൻ മാംസമായെങ്കിൽ, അവൻ അതിൽ വസിച്ചില്ല. എന്നാൽ അവൻ മാംസത്തിൽ വസിച്ചെന്നു നാം പഠിച്ചിരിക്കുന്നു. മറ്റൊരിടത്ത് അതേ സുവിശഷകൻ അവന്റെ ശരീരത്തെ ആലയമെന്നു വിളിക്കുന്നു (2,19). അതുകൊണ്ട്, ഈ വാക്യമെഴുതുകയും ചിലർക്ക് അവ്യക്തമെന്നു തോന്നിയത് വിശദീകരിക്കുകയും ചെയ്ത സുവിശേഷകനെ വിശ്വസിക്കണം.

6. "വചനം മാംസമായി" എന്നതിനുശേഷം അവ്യക്തത മാറ്റാൻ സുവിശേഷകൻ ഒന്നും കൂട്ടിച്ചേർത്തില്ലായിരുന്നെങ്കിൽ, തർക്കിക്കുന്നവർക്ക് അൽപം അടിത്തറ ഉണ്ടാകുമായിരുന്നു. അതായത്, ടെക്സ്റ്റിന്റെ അവ്യക്തത. എന്നാൽ ഉടൻതന്നെ "നമ്മുടെ ഇടയിൽ വസിച്ചു" എന്ന് കൂട്ടിച്ചേർത്തതിനാൽ, തർക്കിക്കുന്നവർ വൃഥാ കലഹിക്കുകയാണ്. കാരണം, തുടർന്നുള്ള ഭാഗം നേരത്തേയുള്ളതിന്റെ വിശദീകരണമാണ്.

7. വചനമാം ദൈവത്തിന്റെ വ്യതിയാനരാഹിത്യം സർവജ്ഞാനിയായ സുവിശേഷകൻ വ്യക്തമായി പ്രഖ്യാപിച്ചു. "വചനം മാസമായി നമ്മുടെ ഇടയിൽ വസിച്ചു" എന്നതിനുശേഷം "ഞങ്ങൾ അവന്റെ മഹത്വം ദർശിച്ചു, കൃപയും സത്യവും നിറഞ്ഞതും പിതാവിന്റെ ഏകജാതന്റേതുമായ മഹത്വം"എന്ന് ഉടൻതന്നെ അവൻ കൂട്ടിച്ചേർത്തു. ഭോഷന്മാർ പറയുന്നതുപോലെ, അവൻ മാംസമായി രൂപാന്തരപ്പെട്ടെങ്കിൽ, താനായിരുന്ന അവസ്ഥയിൽ അവൻ നിലനിൽക്കുമായിരുന്നില്ല. അവൻ മാംസത്തിൽ മറഞ്ഞിരുന്നെങ്കിലും, പിതാവിന്റെ മഹത്വത്തിന്റെ കിരണം ബഹിർഗ്ഗമിപ്പിക്കുന്നെങ്കിൽ, അവന് വ്യതിയാനരഹിത പ്രകൃതിയുണ്ട്. ശരീരത്തിൽപോലും അവൻ പ്രശോഭിക്കുകയും അദൃശ്യപ്രകൃതിയുടെ കിരണങ്ങൾ പ്രസരിപ്പിക്കുകയും ചെയ്യുന്നു. കാരണം, ആ പ്രകാശത്തിന് മങ്ങലേൽപ്പിക്കാൻ യാതൊന്നിനും കഴിവില്ല. അതിദിവ്യനായ യോഹന്നാൻ പറയുന്നതുപോലെ, "വെളിച്ചം അന്ധകാരത്തിൽ പ്രകാശിക്കുന്നു. അതിനെ കീഴടക്കാൻ ഇരുളിന് കഴിഞ്ഞില്ല" (1,5).

www.malankaralibrary.com

8. അതിഭാഗ്യവാനായ സുവിശേഷകൻ ഏകജാതനാം പുത്രന്റെ മഹത്വം വിശദീകരിക്കാൻ ആഗ്രഹിച്ചു. എന്നാൽ അപ്പോൾ അത് പൂർത്തിയാക്കാൻ അവന് കഴിഞ്ഞില്ല. അതുകൊണ്ട്, പിതാവുമായുള്ള ബന്ധം കൊണ്ട് അവൻ ഇത് കാണിക്കുന്നു. അവന്റെ അസ്തിത്വം ആ സ്വഭാവത്തിൽ നിന്നാണെന്ന് അവൻ പറയുന്നു. തന്റെ ഔന്നത്യത്തിന് ചേരാത്ത രീതിയിൽ ജോസഫ് ശുശ്രൂഷിക്കുന്നതു കാണുമ്പോൾ, അവന്റെ മഹനീയ വംശാവലിയെപ്പറ്റി അറിയാത്തവരോട് യാക്കോബ് അവന്റെ പിതാവാണെന്നും അബ്രഹാം അവന്റെ പൂർവപിതാവാണെന്നും പറയുന്നതു പോലെയാണ് സുവിശേഷകന്റെ ഈ പ്രവൃത്തി. നമ്മുടെ ഇടയിൽ വസിച്ചതിനാൽ തന്റെ സ്വഭാവത്തിന്റെ മഹത്വത്തിന് മങ്ങലേറ്റില്ലെന്ന് ഈ രീതിയിൽ അവനും പറഞ്ഞു. "ഞങ്ങൾ അവന്റെ മഹത്വം ദർശിച്ചു. കൃപയും സത്യവും നിറഞ്ഞതും പിതാവിന്റെ ഏകജാതന്റേതുമായ മഹത്വം." അവൻ ആയിരുന്നതുപോലെ അവൻ ആയിരുന്നെങ്കിൽ, മാംസമായ ശേഷവും അവൻ ആയിരുന്നതുപോലെ അവൻ നിലനിന്നു, അവൻ മാംസമായി മാറിപ്പോയില്ല.

9. വചനമാം ദൈവം വെറും മാംസം മാത്രമല്ല, ആത്മാവിനെയും എടുത്തെന്ന് നാം ഏറ്റുപറഞ്ഞതാണ്. അപ്പോൾ, 'ദിവ്യസുവിശേഷകൻ ഇവിടെ ആത്മാവിനെ വിട്ടുകളഞ്ഞു, മാംസത്തെപ്പറ്റി മാത്രം പറഞ്ഞു' എന്ന് എന്തിനാണ് നീ വിഭാവന ചെയ്യുന്നത്? അഥവാ ദൃശ്യസാദൃശ്യം അവതരിപ്പിക്കുകയും സ്വഭാവത്താലേ അതിനോട് ഐക്യപ്പെട്ട സ്വഭാവത്തെ അതിലൂടെ വെളിപ്പെടുത്തുകയുമാണോ ചെയ്തത്? അത് വ്യക്തമാണ്. കാരണം, മാംസത്തെപ്പറ്റി പറയുമ്പോൾ, ആത്മാവിനെ പറ്റിയുള്ള ചിന്ത അതോടൊത്തുപോകുന്നതാണ്. "സമസ്തജഡവും അവന്റെ വിശുദ്ധ നാമത്തെ വാഴ്ത്തട്ടെ" എന്ന് പ്രവാചകൻ പറയുന്നതായി കേൾക്കുമ്പോൾ (സങ്കീ.145,21), ആത്മാവില്ലാത്ത ജഡത്തെയാണ് പ്രവാചകൻ ഉപദേശിക്കുന്നതെന്ന് നാം കരുതാറില്ല. ഒരിക്കലുമില്ല. ഒരു ഭാഗത്തിലൂടെ മുഴുവനെയും സ്തുതിഗീതങ്ങൾക്കായി അവൻ ക്ഷണിക്കുകയാണ്.

10. "വചനം മാംസമായി" എന്ന ഭാഗം മാറ്റത്തിലേക്കല്ല, മനുഷ്യകുലത്തോടുള്ള അവാച്യസ്നേഹത്തിലേക്കാണ് വിരൽചൂണ്ടുന്നത്. അതിശ്രേഷ്ഠനായ സുവിശേഷകൻ പറഞ്ഞു: ''ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടുകൂടെ ആയിരുന്നു. വചനം ദൈവമായിരുന്നു." അവൻ ദൃശ്യാദൃശ്യയാഥാർഥ്യങ്ങളുടെ സ്രഷ്ടാവാണെന്ന് കാണിക്കുകയും അവനെ ജീവനെന്നും സത്യവെളിച്ചമെന്നും അതുപോലുള്ള മറ്റുസംഗതികളെന്നും വിളിക്കുകയും ചെയ്തു. മനുഷ്യമനസ്സിന് മനസിലാകത്തക്ക രീതിയിലും നാവിന് അതിന്റെ ഭാഷയിലൂടെ പ്രകടിപ്പിക്കാൻ കഴിയുന്ന വിധത്തിലും അവൻ ദൈവത്തെപ്പറ്റി പറഞ്ഞു. മനുഷ്യകുലത്തോടുള്ള മഹാസ്നേഹം കണ്ട് അത്ഭുതപരതന്ത്രനായി, ഇവയ്ക്കെല്ലാം ശേഷം അവൻ പറഞ്ഞു:

www.malankaralibrary.com

“വചനം മാംസമായി.” വചനം നിത്യമായി സ്ഥിതിചെയ്യുന്നെങ്കിലും, ദൈവമാണെങ്കിലും, നിത്യമായി ദൈവത്തോടുകൂടെ ആണെങ്കിലും, എല്ലാം സൃഷ്ടിച്ചെങ്കിലും, നിത്യജീവന്റെ ഉറവയും സത്യപ്രകാശവും ആണെങ്കിലും മനുഷ്യരെ രക്ഷിക്കാനായി മാംസം കൊണ്ടുള്ള ഒരു വാസസ്ഥലം തനിക്കായി രൂപീകരിച്ചു. എന്നാൽ അവൻ ദൃശ്യമായത് മാത്രമാണെന്ന് കരുതപ്പെട്ടു. അതുകൊണ്ടാണ് അവൻ ആത്മാവിനെപ്പറ്റി സൂചിപ്പിക്കുകപോലും ചെയ്യാതെ, നശ്വരവും മർത്യവുമായ ജഡത്തെപ്പറ്റി മാത്രം പറഞ്ഞത്. അനന്തമായ നന്മ വെളിപ്പെടുത്താൻ, ആത്മാവ് അമർത്യമാണെന്നൊന്നും അവൻ പറഞ്ഞില്ല.

11. കർത്താവായ ക്രിസ്തുവിനെ ദിവ്യശ്ലീഹാ അബ്രഹാമിന്റെ സന്തതിയെന്നു വിളിക്കുന്നു. അതു ശരിയാണ്. അങ്ങനെയെങ്കിൽ, വചനമാം ദൈവം മാംസമായി മാറിയില്ല, പിന്നെയോ, ശ്ലൈഹിക പ്രബോധനാനുസൃതം, അബ്രഹാമിന്റെ ബീജമെടുത്തു.

12. പ്രവാചകൻ പറഞ്ഞതു പോലെയും ശക്തനായ പത്രോസ് വിശദീകരിച്ചതു പോലെയും ക്രിസ്തു ജഡപ്രകാരം ദാവീദിന്റെ വംശാവലിയിൽ നിന്ന് ജനിക്കുമെന്ന് ദൈവം വാഗ്ദാനം ചെയ്തു. വചനമാം ദൈവം മാംസമായി മാറുകയും ക്രിസ്തു എന്നു വിളിക്കപ്പെടുകയും ചെയ്തെങ്കിൽ, ഈ വാഗ്ദാനത്തിന്റെ സത്യം നാം ഒരിക്കലും കണ്ടെത്തുകയില്ലായിരുന്നു. എങ്കിലും ദൈവം വ്യാജം പറയുകയില്ല, അവിടുന്ന് പരമസത്യമാണെന്ന് നാം പഠിച്ചിരിക്കുന്നു. അതുകൊണ്ട്, വചനമാം ദൈവം ജഡമായി രൂപാന്തരപ്പെട്ടില്ല, പിന്നെയോ, വാഗ്ദാനമനുസരിച്ച്, ദാവീദിന്റെ ബീജത്തിൽ നിന്ന് ആദ്യഫലത്തെ എടുക്കുകയാണ് ചെയ്തത്.

## 2. ഐക്യം മിശ്രിതമായിരുന്നില്ല

1. ഐക്യത്തിനുശേഷം ദൈവത്വത്തിന്റെയും മനുഷ്യത്വത്തിന്റെയുമായി ഏകസ്വഭാവമായിരുന്നു എന്ന് വിശ്വസിക്കുന്നവർ, ഈ ആശയംകൊണ്ട് സ്വഭാവങ്ങളുടെ സവിശേഷതകൾ നശിപ്പിക്കുകയും അവയെ നശിപ്പിച്ച് ഇരുസ്വഭാവങ്ങളെയും നിഷേധിക്കുകയുമാണ് ചെയ്യുന്നത്. ഐക്യപ്പെടുന്നവയെ കൂട്ടിക്കുഴച്ചാൽ, മാംസത്തെ മാംസമായും ദൈവത്തെ ദൈവമായും കാണാനാവില്ല. ഐക്യപ്പെട്ടവയുടെ വ്യത്യാസം വ്യക്തമാണെങ്കിൽ, ഐക്യത്തിനു ശേഷവും മിശ്രിതമല്ല, കൂടിക്കുഴച്ചിൽ കൂടാതുള്ള ഐക്യമാണുള്ളത്. ഇതാണ് നാം അംഗീകരിച്ച ഏറ്റുപറച്ചിലെങ്കിൽ, കർത്താവായ ക്രിസ്തു ഏകസ്വഭാവമല്ല. പിന്നെയോ, കലർപ്പില്ലാതെ ഓരോ സ്വഭാവവും കാണിക്കുന്ന ഏകപുത്രനാണ്.

2. ഗർഭധാരണത്തിൽ തന്നെ ഐക്യം സംഭവിച്ചെന്ന് നാം പറയുന്നു. അപ്രകാരം ഏറ്റുപറയാമെന്ന് അവരും സമ്മതിച്ചിട്ടുള്ളതാണ്. ഐക്യം

www.malankaralibrary.com

സ്വഭാവങ്ങളെ കൂട്ടിക്കലർത്തി മിശ്രിതമാക്കിയെങ്കിൽ, ജനനത്തിനുശേഷം ശരീരം എങ്ങനെ കാണപ്പെടാൻ കഴിഞ്ഞു? എന്നാൽ അതിന് മനുഷ്യരൂപം ഉണ്ടായിരുന്നു, ശിശുവിന്റെ പരിമിതികളുമുണ്ടായിരുന്നു. പിള്ളക്കച്ചകൾ കൊണ്ട് സംതൃപ്തനായി, അമ്മയുടെ മാർവിൽ നിന്ന് പാൽ നുകർന്നു. ഇതൊക്കെ മായാജാലമായും തോന്നലായും നടന്നതാണെങ്കിൽ, നമുക്ക് രക്ഷ കിട്ടിയതും വെറും മായാജാലവും തോന്നലും വഴിയാണ്. എന്നാൽ ഈ മനുഷ്യർ പോലും മായാജാലവും തോന്നലും അംഗീകരിക്കുന്നില്ലെങ്കിൽ ദൃശ്യമായത് യഥാർഥശരീരമായിരുന്നു. ഇതാണ് നാം യോജിപ്പിലെത്തി ഏറ്റുപറഞ്ഞത്. ഐക്യം സ്വഭാവങ്ങളെ കൂട്ടിക്കുഴച്ചില്ല, പ്രത്യുത, ഓരോ സ്വഭാവവും കലർപ്പില്ലാതെ നിലനിന്നു.

3. വചനമാം ദൈവം മാംസമായെന്ന് ഈ പാഷണ്ഡത കണ്ടുപിടിച്ചവർ ചിലപ്പോൾ പറയും. മാംസം ദൈവസ്വഭാവത്തിലേക്ക് രൂപാന്തരീകരിക്കപ്പെട്ടെന്ന് മറ്റവസരങ്ങളിൽ പറയും. ഓരോ പ്രസ്താവനയും കഥയില്ലാത്തതും പ്രയോജനരഹിതവും വ്യാജവുമാണ്. അവരുടെ ധാരണയനുസരിച്ചാണ് വചനമാം ദൈവം മാംസമായതെങ്കിൽ, അവനെ എന്തിനാണ് അവർ ലോകത്തിൽ ദൈവമെന്നു വിളിക്കുന്നത്? അവനെ എന്തുകൊണ്ട് മനുഷ്യൻ എന്നുകൂടി വിളിക്കാൻ മടിക്കുന്നു? അവൻ ദൈവവും മനുഷ്യനുമാണെന്ന് ഏറ്റുപറയുന്ന നമുക്കെതിരെ ശക്തമായ ദുരാരോപണങ്ങൾ നടത്തുന്നത് എന്തിനാണ്? മാംസം ദൈവത്വത്തിന്റെ സ്വഭാവത്തിലേക്ക് രൂപാന്തരപ്പെട്ടെങ്കിൽ, അവരെന്തിന് അവന്റെ ശരീരത്തിന്റെ പ്രതീകത്തിൽ പങ്കെടുക്കുന്നു? കാരണം, യാഥാർഥ്യം നശിപ്പിച്ചു കഴിഞ്ഞാൽ പ്രതീകം അധികപ്പറ്റാണല്ലോ.

4. ശരീരരഹിതമായ സ്വഭാവം ശാരീരിക പരിച്ഛേദനത്തിന് വിധേയമാകുന്നില്ല. ഹൃദയത്തിന്റെ ആത്മീയപരിച്ഛേദനം നിമിത്തമാണ് ശാരീരികം എന്നു കൂട്ടിച്ചേർത്തത്. പരിച്ഛേദനം നിശ്ചയമായും ശരീരസംബന്ധമാണ്. ക്രിസ്തു പരിച്ഛേദനം ചെയ്യപ്പെട്ടു. അതുകൊണ്ട് കർത്താവായ ക്രിസ്തുവിന് ശരീരം ഉണ്ടായിരുന്നു. ഇതാണ് നാം അംഗീകരിച്ച വിശ്വാസമെങ്കിൽ, മിശ്രിതമെന്ന ആശയവും ഖണ്ഡിക്കപ്പെട്ടിരിക്കുന്നു.

5. രക്ഷകനായ ക്രിസ്തുവിന് വിശന്നെന്നും ദാഹിച്ചെന്നും നാം പഠിച്ചിരിക്കുന്നു. ഇവ മായാജാലമല്ല, യഥാർഥത്തിൽ സംഭവിച്ചതാണെന്ന് നാം വിശ്വസിക്കുന്നു. ഇവയെല്ലാം ശരീരരഹിതസ്വഭാവത്തിനല്ല, പിന്നെയോ, ശരീരത്തിനു ചേർന്നതാണ്. അതുകൊണ്ട്, കർത്താവായ ക്രിസ്തുവിന് ശരീരമുണ്ടായിരുന്നു. ഉത്ഥാനത്തിനു മുമ്പ്, സ്വഭാവത്തിന് അനുസൃതമായവയ്ക്കെല്ലാം അത് വിധേയമായിരുന്നു. ദിവ്യശ്ലീഹായും ഇതിനു സാക്ഷ്യം വഹിക്കുന്നു. അവൻ പറയുന്നു: "നമ്മുടെ ബലഹീനതകളിൽ നമ്മോടൊത്ത് സഹതപിക്കാൻ കഴിയാത്ത ഒരു പ്രധാനപുരോഹിതനല്ല നമുക്കുള്ളത്, പിന്നെയോ, പാപമൊഴികെ, എല്ലാറ്റിലും നമ്മെപ്പോലെ പരീക്ഷിക്കപ്പെട്ടവ

www.malankaralibrary.com

നാണ് നമുക്കുള്ളത്'' (എബ്രാ.4,15). പാപം സ്വഭാവത്തിന്റെ ഭാഗമല്ല, പിന്നെയോ, തെറ്റായ സ്വതന്ത്രേച്ഛയിൽ നിന്ന് പുറപ്പെടുന്നതാണ്.

6. "ഇസ്രായേലിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുന്നില്ല, ഉറങ്ങുന്നുമില്ല" എന്ന് പ്രവാചകനായ ദാവീദ് ദൈവസ്വഭാവത്തെപ്പറ്റി പറഞ്ഞിരിക്കുന്നു. കർത്താവായ ക്രിസ്തു പടവിൽ കിടന്നുറങ്ങിയെന്ന് സുവിശേഷവിവരണം സാക്ഷിക്കുന്നു. എന്നാൽ ഉറങ്ങുന്നത് ഉറങ്ങാതിരിക്കുന്നതിന്റെ നേരേ എതിരാണ്. അതുകൊണ്ട്, അവർ പറയുന്നതുപോലെ, കർത്താവായ ക്രിസ്തു ദൈവം മാത്രമാണെങ്കിൽ, പ്രവാചകവചനം സുവിശേഷവചനത്തെ വ്യക്തമായി ഖണ്ഡിക്കുന്നു. വാസ്തവത്തിൽ അവ പരസ്പരവിരുദ്ധമല്ല. കാരണം, രണ്ടും ഏകഅരൂപിയിൽ നിന്നു വരുന്നു. അതുകൊണ്ട്, കർത്താവായ ക്രിസ്തുവിന് ശരീരമുണ്ടായിരുന്നു. അത് മറ്റു ശരീരങ്ങളെപ്പോലെ ആയിരുന്നു. അതിന് ഉറക്കത്തിന്റെ ആവശ്യമുണ്ടായിരുന്നു. അപ്പോൾ, മിശ്രിതത്തിനു വേണ്ടിയുള്ള വാദഗതികൾ പൊട്ടക്കഥകളാണെന്നു വ്യക്തം.

7. "അവന് വിശക്കുകയില്ല, അവൻ ക്ഷീണിച്ച് വിവശനാകില്ല" എന്നും മറ്റും ഏശായാ പ്രവാചകൻ ദൈവസ്വഭാവത്തെപ്പറ്റി പറഞ്ഞിരിക്കുന്നു (40,28). എന്നാൽ സുവിശേഷകൻ പറയുന്നു, "യേശു യാത്രാക്ഷീണത്താൽ കിണറ്റിൻ കരയിൽ ഇരുന്നു'' (യോഹ.4,6). ക്ഷീണിക്കുന്നതിന്റെ എതിരാണ് ക്ഷീണിക്കാതിരിക്കുന്നത്. അപ്പോൾ പ്രവചനം സുവിശേഷ വിവരണത്തെ ഖണ്ഡിക്കുന്നു. എന്നാൽ ഏകദൈവത്തിൽ നിന്നു വരുന്നതിനാൽ, അവ പരസ്പരവിരുദ്ധങ്ങളല്ല. അതുകൊണ്ട്, ക്ഷീണിക്കാതിരിക്കുക അനന്തസ്വഭാവത്തിന് ചേർന്നതാണ്. കാരണം, എല്ലാ വസ്തുക്കളെയും അത് നിറയ്ക്കുന്നു. എന്നാൽ പരിമിതിയുള്ള ശരീരത്തിനു ചേരുന്നതാണ് ചലനം. ചലിക്കുന്നത് നടക്കാൻ നിർബന്ധിതമാകുമ്പോൾ, യാത്രാക്ഷീണത്തിന് വിധേയമാകുന്നു. അതുകൊണ്ട്, ശരീരമാണ് നടന്ന് ക്ഷീണിച്ചത്. ഐക്യം സ്വഭാവങ്ങളെ കൂട്ടിക്കുഴച്ചില്ല.

8. ദിവ്യപ്രചോദിതനായ പൗലോസ് കാരാഗൃഹത്തിൽ ആയിരുന്നപ്പോൾ, കർത്താവായ ക്രിസ്തു അവനോടു പറഞ്ഞു: "പൗലോസേ, ഭയപ്പെടേണ്ട." പൗലോസിന്റെ ഭയം അകറ്റിയവൻ തന്നെ വേദനയെ ഭയപ്പെട്ടിരുന്നു. ഭാഗ്യവാനായ ലൂക്കോസ് പറയുന്നതുപോലെ, "അവന്റെ ശരീരം മുഴുവനും രക്തത്തുള്ളികൾ വിയർത്തു വീണു, അത് അവന്റെ ശരീരത്തിനു കീഴുള്ള ധരയെ നനച്ചു, ഒരു ദൂതൻ വന്ന് അവനെ ബലപ്പെടുത്തി" (ലൂ.22,43-44). ഇവ രണ്ടും പരസ്പരവിരുദ്ധങ്ങളാണ്. കാരണം, ഭയപ്പെടുന്നതും ഭയത്തെ നീക്കുന്നതും എങ്ങനെ പരസ്പരവിരുദ്ധങ്ങൾ അല്ലാതിരിക്കും? എന്നാൽ യഥാർഥത്തിൽ അവ പരസ്പരവിരുദ്ധങ്ങളല്ല. കാരണം, ഒരാൾ തന്നെ സ്വഭാവത്താലേ ദൈവവും സ്വഭാവത്താലേ മനുഷ്യനുമാണ്. ധൈര്യം ആവശ്യമുള്ളവരെ ദൈവമെന്ന നിലയിൽ അവിടുന്ന് ബലപ്പെടുത്തുന്നു. മനുഷ്യനെന്ന നില

www.malankaralibrary.com

യിൽ മാലാഖയിൽ നിന്ന് ധൈര്യം സ്വീകരിക്കുന്നു. എന്നാൽ ദൈവത്വവും ആത്മാവും അഭിഷേകമായി സന്നിഹിതമായിരുന്നെങ്കിലും, തദവസരം ദൈവത്വം അതിനോട് ഐക്യപ്പെടുകയോ, അതിപരിശുദ്ധാത്മാവ് ശരീരത്തെ ബലപ്പെടുത്തുകയോ, ആത്മാവിനെ പ്രോത്സാഹിപ്പിക്കുകയോ ചെയ്തില്ല. മറിച്ച്, ഈ സേവനം ഒരു മാലാഖയെ ഭരമേൽപിച്ചു. ശരീരത്തിന്റെയും ആത്മാവിന്റെയും ബലഹീനത വ്യക്തമായി കാണിക്കുന്നതിനും ബലഹീനതയിലൂടെ ബലഹീനവസ്തുക്കളുടെ സ്വഭാവം വെളിപ്പെടുത്തുന്നതിനുമായിരുന്നു അത്. ആത്മശരീരങ്ങളെ എടുത്തതിൽ വിശ്വസിക്കുന്നവർ തെളിവിന്റെ അവതരണം വഴി ഭാവിയിൽ ബലപ്പെടുന്നതിനും സംശയരഹിത സാക്ഷ്യത്താൽ അവരുടെ എതിരാളികൾ ഖണ്ഡിക്കപ്പെടുന്നതിനുമായി, ദൈവസ്വഭാവത്തിന്റെ അനുവാദത്താലാണ് ഇത് വ്യക്തമായി സംഭവിച്ചത്. അതുകൊണ്ട്, ഗർഭധാരണാവസരമാണ് ഐക്യം സംഭവിച്ചതെങ്കിൽ, ആ മനുഷ്യർ പറയുന്നതുപോലെ, ഐക്യം രണ്ടു സ്വഭാവങ്ങളെയും ഏകസ്വഭാവം ആക്കിയെങ്കിൽ, എങ്ങനെ സ്വഭാവങ്ങളുടെ സവിശേഷതകൾ വ്യതിരിക്തമായി നിലനിന്നു? ആത്മാവ് എങ്ങനെ വിവശനായി, ഭയാധികൃത്താൽ രക്തത്തുള്ളികൾ ഒഴുകത്തക്കവിധം ശരീരം എങ്ങനെ വിയർത്തു? രണ്ടാമത്തേത് ശരീരത്തിന്റേതും ആദ്യത്തേത് ആത്മാവിന്റേതും ആണെങ്കിൽ, ഐക്യത്തിൽ നിന്ന് ദൈവത്വവും മാംസവും ചേർന്ന് ഏകസ്വഭാവം ഉണ്ടായില്ല. പിന്നെയോ, തന്നിൽ ദൈവത്വവും മനുഷ്യത്വവും കാണിച്ച ഏകപുത്രൻ കാണപ്പെട്ടു.

9. ഉത്ഥാനാനന്തരം ശരീരം ദൈവത്വമായി രൂപാന്തരപ്പെട്ടെന്ന് അവർ പറഞ്ഞാൽ, ഈ രീതിയിൽ മറുപടി പറയണം. ഉത്ഥാനത്തിനു ശേഷം പോലും അത് കൈകാലുകളും മറ്റ് ശാരീരികാവയവങ്ങളുമുള്ള പരിമിത യാഥാർഥ്യമായിരുന്നു. അതിനെ കാണാനും സ്പർശിക്കാനും കഴിഞ്ഞു. ഉത്ഥാനത്തിനു മുമ്പുണ്ടായിരുന്ന മുറിവുകളും വടുക്കളും അതിനുണ്ടായിരുന്നു. അപ്പോൾ, രണ്ടിലൊന്ന് പറയേണ്ടിവരും: ശരീരം ദൈവത്വമായി മാറി ഈ അവയവങ്ങൾ സ്വന്തമാക്കിയെങ്കിൽ, ഈ അവയവങ്ങൾ ദൈവസ്വഭാവവുമായി കൂടുക. അല്ലെങ്കിൽ, ശരീരം അതിന്റെ സ്വഭാവത്തിന്റെ പിരിമിതിക്കുള്ളിൽ നിന്നെന്ന് ഏറ്റുപറയുക. ദൈവസ്വഭാവം കേവലവും മിശ്രിതരഹിതവുമാണ്. ശരീരം സംയുക്തവും അവയവങ്ങളായി വിഭജിതവുമാണ്. അതുകൊണ്ട്, അത് ദൈവസ്വഭാവത്തിലേക്ക് രൂപാന്തരപ്പെട്ടില്ല. മറിച്ച്, അത് അതിന്റെ പരിമിതികളോടൊപ്പം ശരീരമായി നിലനിന്നെങ്കിലും, ഉത്ഥാനാനന്തരം അതും അമർത്യവും വ്യതിയാനാതീതവും ദൈവികമഹത്വത്താൽ നിറഞ്ഞതുമാണ്.

10. വിശ്വസിക്കാതിരുന്ന ശ്ലീഹന്മാരെ ഉത്ഥാനത്തിനുശേഷം കർത്താവ് തന്റെ കൈകളും കാലുകളും ആണിപ്പഴുതുകളും കാണിച്ചു. അവർ കണ്ടത് മായാദർശനമല്ലെന്ന് അവരെ പഠിപ്പിക്കാൻ അവിടുന്ന് അവരോടു പറഞ്ഞു:

www.malankaralibrary.com

"എനിക്കുള്ളതായി നിങ്ങൾ കാണുന്നതുപോലെ ഭൂതത്തിന് മാംസവും അസ്ഥികളും ഇല്ലല്ലോ (ലൂ.24,39). അതുകൊണ്ട്, ശരീരം ആത്മാവായി രൂപാന്തരപ്പെട്ടില്ല. കാരണം,അത് മാംസവും അസ്ഥികളും കൈകാലുകളും ഉള്ളതായിരുന്നു. അതുകൊണ്ട്, ഉത്ഥാനാനന്തരം ശരീരം ശരീരമായിത്തന്നെ നിലനിന്നു.

11. ദൈവസ്വഭാവം അദൃശ്യമാണ്. എന്നാൽ അതിഭാഗ്യവാനായ സ്റ്റീഫൻ കർത്താവിനെ കണ്ടെന്നു പറഞ്ഞു (നട.7,56). അതുകൊണ്ട്, സ്വർഗാരോഹണാനന്തരവും കർതൃശരീരം ശരീരമാണ്. ദൈവസ്വഭാവം അദൃശ്യമാകയാൽ, ഇതാണ് വിജയിയായ സ്റ്റീഫൻ കണ്ടത്.

12. കർത്താവ് തന്നെ പറഞ്ഞതനുസരിച്ച്, "മനുഷ്യപുത്രൻ വാനമേഘങ്ങളിൽ വരുന്നത് എല്ലാ മനുഷ്യരും കാണും" (മത്താ.26,64). "ആരും എന്റെ മുഖം ദർശിച്ചിട്ട് ജീവിക്കയില്ല" എന്ന് അവൻ മോശയോടു പറയുകയും ചെയ്തു. ഇവ രണ്ടും ശരിയാണെങ്കിൽ, അവിടുന്ന് സ്വർഗത്തിലേക്കു പോയ അതേ ദൃശ്യശരീരത്തിൽ വരും. മാലാഖമാരും ഇതുതന്നെ ശ്ലീഹന്മാരോടു പറഞ്ഞു: "നിങ്ങളിൽ നിന്ന് സ്വർഗത്തിലേക്ക് എടുക്കപ്പെട്ട ഈ യേശു സ്വർഗത്തിലേക്കു പോകുന്നതായി നിങ്ങൾ കണ്ടതുപോലെ വരും" (നട.1,11). ഇതു സത്യമാണ്. ഇതു സത്യമാണെങ്കിൽ, ദൈവത്വത്തിനും മാംസത്തിനും കൂടി ഏകസ്വഭാവമല്ല; കാരണം, ഐക്യം മിശ്രിതത്തിൽ നിന്ന് വിമുക്തമാണ്.

## 3. രക്ഷകന്റെ ദൈവത്വം സഹനാതീതമാണ്.

1. പിതാവായ ദൈവത്തിന്റെ അതേ സത്തയാണ് പുത്രനെന്ന് ഏറ്റുപറയാൻ തിരുലിഖിതവും നിഖ്യായിൽ കൂടിയ പിതാക്കന്മാരും നമ്മെ പഠിപ്പിച്ചിരിക്കുന്നു. പിതാവിന്റെ സഹനാതീതത്വം സ്വഭാവം വെളിപ്പെടുത്തുന്നു. തിരുലിഖിതം അത് പ്രഖ്യാപിക്കയും ചെയ്യുന്നു. അതുകൊണ്ട്, പുത്രനും സഹനാതീതനാണെന്ന് നമുക്ക് ഏറ്റുപറയാം. സത്തയിലുള്ള താദാത്മ്യം ഈ നിർപചനം പഠിപ്പിക്കുന്നു. കുരിശിനെ പറ്റിയും കർത്താവായ ക്രിസ്തുവിന്റെ മരണത്തെ പറ്റിയും തിരുലിഖിതം പ്രഖ്യാപിക്കുമ്പോഴെല്ലാം, പീഡാനുഭവം ശരീരത്തിന്റേതാണെന്നു നമുക്കു പറയാം. കാരണം, സ്വഭാവത്താലേ സഹനാതീതമായ ദൈവത്വത്തിന് ഒരു തരത്തിലും സഹിക്കാൻ കഴിയില്ല.

2. "പിതാവിനുള്ളതെല്ലാം എന്റേതാകുന്നു" എന്ന് കർത്താവായ ക്രിസ്തു പറഞ്ഞു (യോഹ.16,15). എല്ലാം എന്നതിൽ സഹനാതീതത്വം ഉൾപ്പെടുന്നു. അതുകൊണ്ട്, ദൈവമെന്ന നിലയിൽ അവൻ സഹനാതീതൻ ആണെങ്കിൽ, മനുഷ്യനെന്ന നിലയിലാണ് പീഡ സഹിച്ചത്. കാരണം, ദൈവസ്വഭാവം സഹനവിധേയമല്ല.

3. "ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നൽകുന്ന അപ്പം എന്റെ ശരീരമാകുന്നു" എന്ന് കർത്താവ് പറഞ്ഞു (യോഹ.6,51). "ഞാൻ നല്ല ഇടയനാകു

www.malankaralibrary.com

ന്നു, ഞാൻ എനിക്കുള്ളവയെ അറിയുന്നു, എനിക്കുള്ളവ എന്നേയും. ആടുകൾക്കുവേണ്ടി ഞാൻ എന്റെ ജീവൻ സമർപ്പിക്കുന്നു" എന്നും കർത്താവ് പറഞ്ഞു (യോഹ.10,14-15). അതുകൊണ്ട്, ആത്മാവും ശരീരവുമുള്ള ആടുകൾക്കുവേണ്ടി നല്ല ഇടയൻ തന്റെ ആത്മാവിനെയും ശരീരത്തെയും സമർപ്പിച്ചു.

4. മനുഷ്യൻ ആത്മാവും ശരീരവും കൊണ്ടുള്ള സംയുക്തമാണ്. എന്നാൽ അത് പാപം ചെയ്യുകയും, കുറ്റംകൂടാത്ത ഒരു സമ്പൂർണബലി ആവശ്യമായി വരികയും ചെയ്തു. അതുകൊണ്ട് സ്രഷ്ടാവ് ആത്മാവിനെയും ശരീരത്തെയും എടുത്തു, പാപക്കറകളിൽ നിന്ന് അവയെ സംരക്ഷിച്ചു, ശരീരങ്ങൾക്ക് തന്റെ ശരീരത്തെയും ആത്മാക്കൾക്ക് തന്റെ ആത്മാവിനെയും നൽകി. ഇതാണ് വാസ്തവം. കാരണം, ഇവ സത്യവചനമാണ്. അങ്ങനെയെങ്കിൽ, ദൈവസ്വഭാവത്തിൽ പീഡാസഹനം ആരോപിക്കുന്നവർ കഥയില്ലായ്മയും ദൈവദൂഷണവും പുലമ്പുകയാണ്.

5. "മരിച്ചവരിൽ നിന്നുള്ള ആദ്യജാതൻ" എന്ന് ഭാഗ്യവാനായ പൗലോസ് ശ്ലീഹാ കർത്താവായ ക്രിസ്തുവിനെ വിളിച്ചു (കൊളോ.1,18). ആദ്യജാതന് അവനുൾക്കൊള്ളുന്ന സമൂഹത്തിന്റെ അതേ സ്വഭാവം നിശ്ചയമായും ഉണ്ടായിരിക്കണം. അതുകൊണ്ട്, മനുഷ്യനെന്ന നിലയിൽ അവൻ മരിച്ചവരിൽ നിന്നുള്ള ആദ്യജാതനാണ്. കാരണം, അവൻ ആദ്യം മരണത്തിന്റെ കഠിന വേദന ഇല്ലാതാക്കുകയും എല്ലാവർക്കും നവജീവന്റെ മധുര പ്രത്യാശ നൽകുകയും ചെയ്തു. അവൻ സഹിച്ചതുപോലെ ഉയർത്തു. അതുകൊണ്ട്, മനുഷ്യനെന്ന നിലയിൽ അവൻ പീഡ സഹിച്ചു; ഭീതിദായക ദൈവമെന്ന നിലയിൽ സഹനാതീതനായി നിലകൊണ്ടു.

6. "നിദ്ര പ്രാപിച്ചവരുടെ ആദ്യഫലം" എന്ന് ദിവ്യശ്ലീഹാ രക്ഷകനായ ക്രിസ്തുവിനെ വിളിച്ചു (1കൊറി,15,20). ആദ്യഫലത്തിന്, ആദ്യഫലമായിരിക്കുന്ന സമൂഹം മുഴുവനുമായി ബന്ധമുണ്ട്. അതുകൊണ്ട്, ദൈവമെന്ന നിലയിലല്ല, അവൻ ആദ്യഫലമെന്നു വിളിക്കപ്പെടുന്നത്. കാരണം, ദൈവത്വവും മനുഷ്യത്വം തമ്മിൽ എന്തു ബന്ധമാണ്? ഒന്ന് അമർത്യമാണ്, മറ്റത് മർത്യമാണ്. നിദ്ര പ്രാപിച്ചവർ പങ്കിടുന്ന സ്വഭാവത്തിന്റെ പ്രതീകമാണ് രണ്ടാമത്തേത്. അവരുടെ ആദ്യഫലമെന്നാണ് ക്രിസ്തു വിളിക്കപ്പെടുന്നത്. അതുകൊണ്ട് മരണവും ഉത്ഥാനവും ഈ സ്വഭാവത്തിന്റേതാണ്. പൊതുവായ ഉത്ഥാനത്തിന്റെ അച്ചാരമായി ഈ സ്വഭാവത്തിന്റെ ഉത്ഥാനമാണ് നമുക്കുള്ളത്.

7. താൻ മരണത്തെ തകർത്ത് ഉത്ഥാനം ചെയ്തത് സംശയിച്ച ശ്ലീഹന്മാരെ പ്രേരിപ്പിക്കാൻ കർത്താവായ ക്രിസ്തു ആഗ്രഹിച്ചതിനാൽ, തന്റെ പാർശ്വവും കൈകാലുകളും അവയിലെ സഹനങ്ങളുടെ അടയാളങ്ങളും ഉൾപ്പെടെ തന്റെ ശരീരാവയവങ്ങൾ അവരെ കാണിച്ചു. അതുകൊണ്ട്, അവർ വിശ്വസിച്ചില്ലെങ്കിലും, അവരെ കാണിച്ചത് ഈ ശരീരമാകയാൽ ഇത്

www.malankaralibrary.com

ഉത്ഥാനം ചെയ്തു. സംസ്ക്കരിക്കപ്പെട്ട ശരീരം തന്നെയാണ് ഉത്ഥാനം ചെയ്തത്. മരിച്ചതു തന്നെയാണ് സംസ്ക്കരിക്കപ്പെട്ടത്. കുരിശിൽ തറയ്ക്കപ്പെട്ടതാണ് നിശ്ചയമായും മരിച്ചത്. അതുകൊണ്ട്, ദൈവസ്വഭാവം, ശരീരവുമായി ഐക്യപ്പെട്ടിരുന്നെങ്കിലും, സഹനാതീതമായി നിലകൊണ്ടു.

8. കർതൃശരീരത്തെ ജീവദായകമെന്നു വിളിക്കുന്നവർ ജീവനെ തന്നെ തങ്ങളുടെ പ്രസ്താവനയിൽ മർത്യമാക്കുന്നു. അതുമായുള്ള ബന്ധത്താലാണ് ഇത് ജീവദായകമായിരിക്കുന്നതെന്ന് അവർ മനസിലാക്കേണ്ടിയിരുന്നു. അവർ പറയുന്നതനുസരിച്ച്, ജീവൻ മർത്യമാണ്. അങ്ങനെയെങ്കിൽ സ്വഭാവത്താലേ മർത്യമായ ജഡം, ജീവൻവഴി ജീവദായകമായി തീരുന്നതും തുടർന്നും ജീവദായകമായിരിക്കുന്നതും എങ്ങനെ?

9. വചനമാം ദൈവം സ്വഭാവത്താലേ അമർത്യമാണ്. മാംസം സ്വഭാവത്താലേ മർത്യമാണ്. വചനത്തിലുള്ള ഭാഗഭാഗിത്വംവഴി, സഹനത്തിനുശേഷം അതും അമർത്യമായി തീരുന്നു. അതുകൊണ്ട്, അമർത്യത പ്രദാനം ചെയ്യുന്നവൻ മരണത്തിൽ പങ്കുപറ്റി എന്നു പറയുന്നത് ദുഷ്ടതയല്ലേ?

10. വചനമാം ദൈവം ജഡത്തിൽ പീഡയനുഭവിച്ചെന്നു കരുതുന്നവരുടെ വാക്കുകളുടെ അർഥമെന്താണെന്ന് അവരോട് ചോദിക്കാം. ക്രൂശിക്കപ്പെട്ടപ്പോൾ ദൈവസ്വഭാവം ശാരീരികവേദനകളിൽ പങ്കുകൊണ്ടെന്ന് പറയാൻ മുതിർന്നാൽ, ദൈവസ്വഭാവം ആത്മാവിന്റെ ജോലി ചെയ്തില്ലെന്ന് അവർ പഠിക്കട്ടെ. വചനമാം ദൈവം ശരീരത്തോടുകൂടെ ആത്മാവിനെയും എടുത്തു. ഈ പ്രസ്താവന ദൈവദൂഷണമായി അവർ തിരസ്ക്കരിക്കുകയും ജഡം സ്വഭാവത്താലേ സഹിച്ചെന്നും വേദനകൾ തന്റെ ജഡത്തിന്റേതാകയാൽ, വചനമാം ദൈവം അവ തന്റേതാക്കിയെന്നും പറയുകയും ചെയ്താൽ, അവർ പിന്നെ വായിൽ തോന്നുന്ന രീതിയിലും അവ്യക്തശൈലിയിലും സംസാരിക്കാതെ, അപസ്വര പ്രയോഗത്തിന്റെ അർഥം ശരിയായി വ്യക്തമാക്കേണ്ടതുണ്ട്. ഈ വ്യാഖ്യാനത്തിന്റെ സഹരക്ഷകരായി തിരുലിഖിതത്തെ പിൻചെല്ലാൻ ആഗ്രഹിക്കുന്നവർ അവരുടെ ഇടയിൽ കാണും.

11. "ക്രിസ്തു ജഡത്തിൽ പീഡയനുഭവിച്ചു" എന്ന് കാതോലിക ലേഖനത്തിൽ ദിവ്യനായ പത്രോസ് പറഞ്ഞു (1പത്രോ.4,1). "ക്രിസ്തു" എന്നു കേൾക്കുമ്പോൾ, ശരീരരഹിതനായ ദിവ്യവചനത്തെ പറ്റിയല്ല, മാംസമായ വചനമാം ദൈവത്തെ പറ്റിയാണ് ചിന്തിക്കുക. "ക്രിസ്തു" എന്ന നാമം ഇരുസ്വഭാവങ്ങളെയും വെളിപ്പെടുത്തുന്നു. എന്നാൽ പീഡാസഹനത്തോടു ചേർത്തുള്ള "ജഡത്തിൽ" എന്ന പ്രയോഗം സഹിച്ച സ്വഭാവത്തെ സൂചിപ്പിക്കുന്നു, രണ്ടു സ്വഭാവങ്ങളെയുമല്ല. "ക്രിസ്തു ജഡത്തിൽ പീഡയനുഭവിച്ചു" എന്നു കേൾക്കുമ്പോൾ, ദൈവമെന്ന നിലയിൽ അവൻ സഹനാതീതനാണെന്നും സഹനം ജഡത്തിനു മാത്രം ആരോപിക്കണമെന്നും മനസിലാക്കുന്നു. ജഡപ്രകാരം ക്രിസ്തു ദാവീദിന്റെ വംശാവലിയിൽ നിന്നു വരുമെന്ന് ദൈവം ദാവീദിനോട് ശപഥം

www.malankaralibrary.com

ചെയതെന്നു കേൾക്കുമ്പോൾ, വചനമാം ദൈവം എടുത്ത മാംസം ദാവീദിന്റെ കുടുംബത്തിൽ നിന്നാണെന്ന് നാം പറയുന്നു. അല്ലാതെ ദാവീദിന്റെ വംശാവലിയിൽ നിന്ന് വചനമാം ദൈവം തന്റെ ആരംഭം എടുത്തെന്നല്ല. അതുപോലെ, “ക്രിസ്തു ജഡത്തിൽ പീഡയനുഭവിച്ചു” എന്നു കേൾക്കുമ്പോൾ, ജഡത്തിന്റെ പീഡാസഹനമാണ് മനസിലാക്കേണ്ടത്. അതേസമയം ദൈവത്വത്തിന്റെ സഹനാതീതത്വം ഏറ്റുപറയുകയും വേണം.

12. കർത്താവായ ക്രിസ്തു ക്രൂശിക്കപ്പെട്ടപ്പോൾ, “പിതാവേ, അങ്ങേതൃക്കൈകളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു” എന്ന് അവിടുന്ന് പറഞ്ഞു. ഈ ആത്മാവ് ഏകജാതന്റെ ദൈവത്വമാണെന്ന് ആരിയസിന്റെയും എവുണോമിയസിന്റെയും അനുയായികൾ പറയുന്നു. കാരണം, ആത്മാവില്ലാത്ത ശരീരമാണ് എടുത്തതെന്ന് അവർ കരുതുന്നു. എന്നാൽ ആത്മാവിനെ കുറിച്ചാണ് ഇതെന്ന് സത്യത്തിന്റെ പ്രഘോഷകർ പറയുന്നു. തുടർന്നു വരുന്ന വാക്കുകൾ നിമിത്തമാണ് അവർ ഇപ്രകാരം ചിന്തിച്ചത്. വിജ്ഞാനത്തികവായ സുവിശേഷകൻ ഉടനെ ഇങ്ങനെ കൂട്ടിച്ചേർക്കുന്നു: “ഇതു പറഞ്ഞിട്ട് അവൻ അന്ത്യശ്വാസം വലിച്ചു”(ലൂ.23,46). ഇങ്ങനെയാണ് ഈ സംഭവം ലൂക്കാ വിവരിക്കുന്നത്. “അവൻ അന്ത്യശ്വാസം വലിച്ചു” എന്ന് മർക്കോസും പറയുന്നു. എന്നാൽ “അവൻ ജീവൻ വെടിഞ്ഞു” എന്ന് അതിദിവ്യനായ മത്തായി പറഞ്ഞു (27,50). “അവൻ ആത്മാവിനെ സമർപ്പിച്ചു” എന്ന് ദിവ്യപ്രചോദിതനായ യോഹന്നാൻ പറഞ്ഞു (19,30). മാനുഷിക സംസാര രീതി അനുസരിച്ചാണ് അവർ ഈ വാക്കുകളെല്ലാം ഉച്ചരിച്ചത്. അവൻ അന്ത്യശ്വാസം വലിച്ചു, അവൻ തന്റെ ആത്മാവിനെ സമർപ്പിച്ചു, അഥവാ, അവൻ ജീവൻ വെടിഞ്ഞു എന്നൊക്കെ മരിച്ചവരെപ്പറ്റി പറയുക സാധാരണമാണല്ലോ. ഈ വാക്കുകളൊന്നും ദൈവത്വത്തെ സൂചിപ്പിക്കുന്നില്ല. അവ ആത്മാവിനെ പറ്റിയാണ്. ഈ ഭാഗത്തിന്റെ ആരിയൻ വ്യാഖ്യാനം സ്വീകരിച്ചാൽ പോലും, ദൈവസ്വഭാവം അമർത്യമാണെന്നു കാണാം. കാരണം, അവിടുന്ന് അതിനെ പിതാവിനെയാണ് ഭരമേൽപ്പിച്ചത്, മരണത്തിനല്ല കയ്യാളിച്ചത്. മനുഷ്യാത്മാവിനെ എടുത്തത് നിഷേധിക്കുന്നവർ, വചനമാം ദൈവം സൃഷ്ടിയാണെന്നു പറയുകയും ശരീരത്തിൽ ആത്മാവിന്റെ സ്ഥാനത്ത് അവൻ ആയിരുന്നെന്ന് പഠിപ്പിക്കുകയും ചെയ്യുന്നു. അവൻ മരണത്തിന് കയ്യാളിക്കപ്പെട്ടില്ല, പിതാവിനെ ഭരമേൽപിച്ചു എന്നാണ് അവർ പോലും പറയുന്നത്. അങ്ങനെയെങ്കിൽ, ത്രിത്വത്തിന് ഏകസത്ത എന്നും ആത്മാവ് അമർത്യമെന്നും ഏറ്റുപറയുകയും, പിതാവുമായി ഏകസത്തയായ വചനമാം ദൈവം മരണമാസ്വദിച്ചെന്ന് പറയാൻ ധൈര്യപ്പെടുകയും ചെയ്യുന്നവർക്ക് എന്ത് പാപപ്പൊറുതിയാണ് ലഭിക്കാൻ പോകുന്നത്?

13. തിരുലിഖിതം പഠിപ്പിക്കുന്നതു പോലെയും ഭാഗ്യവാന്മാരായ പിതാക്കന്മാർ എപ്പോഴും പ്രഘോഷിച്ചതു പോലെയും ക്രിസ്തു ദൈവവും മനു

www.malankaralibrary.com

ഷ്യനും ആയിരുന്നെങ്കിൽ, മനുഷ്യൻ എന്ന നിലയിൽ അവിടുന്ന് പീഡ സഹിച്ചു, ദൈവമെന്ന നിലയിൽ സഹനാതീതനായിരുന്നു.

14. ജഡമെടുത്തത് അവർ ഏറ്റുപറയുകയും ഉത്ഥാനത്തിനുമുമ്പ് അത് സഹനവിധേയമാണെന്ന് പറയുകയും ദൈവത്വത്തിന്റെ സഹനാതീതസ്വ ഭാവം പ്രഘോഷിക്കുകയും ചെയ്തിട്ട്, എന്തുകൊണ്ടാണ് ഈ ലോകത്തിൽ അവർ സഹനവിധേയസ്വഭാവത്തെ വിട്ടിട്ട്, സഹനാതീതസ്വഭാവത്തിന് പീഡാനുഭവം ആരോപിക്കുന്നത്?

15. ദിവ്യശ്ലീഹാ പറയുന്നതനുസരിച്ച്, കർത്താവും രക്ഷകനുമായവൻ നമ്മുടെ കടച്ചീട്ടിനെ കുരിശിൽ തറച്ചെങ്കിൽ, അവൻ ശരീരത്തിലാണ് ആണി യേറ്റത്. കാരണം, ഓരോ മനുഷ്യനും അക്ഷരങ്ങൾ പോലെ പാപക്കറകൾ ശരീരത്തിൽ തറയ്ക്കുന്നു. അതുകൊണ്ട് പൂർണമായി പാപരഹിതമായ ശരീരത്തെ പാപികളെപ്രതി അവൻ കയ്യാളിച്ചു.

16. ശരീരം, മാംസം അഥവാ മനുഷ്യത്വം പീഡയനുഭവിച്ചെന്നു നാം പറയുമ്പോൾ, നാം ദൈവസ്വഭാവത്തെ അതിൽ നിന്ന് വേർതിരിക്കുന്നില്ല. കാരണം, അതിനു വിശക്കുകയും ദാഹിക്കുകയും ക്ഷീണിക്കുകയും ചെയ്ത പ്പോഴും ഉറങ്ങുമ്പോഴും പീഡകൾ അനുഭവിക്കുമ്പോഴും ദൈവസ്വഭാവം അതി നോട് യോജിച്ചിരുന്നു. ദൈവസ്വഭാവം ഇവയ്ക്കൊന്നും വിധേയമായിരുന്നി ല്ലതാനും. എന്നാൽ സ്വാഭാവിക വേദനകൾ അനുഭവിക്കാൻ അതിനെ അനു വദിച്ചു. അതുപോലെ, അത് ക്രൂശിക്കപ്പെട്ടപ്പോഴും ദൈവസ്വഭാവം അതോട് ഐക്യപ്പെട്ടിരുന്നു. സഹനത്തിലൂടെ മരണത്തിന് അറുതി വരുത്താൻ, പീഡാ നുഭവം പൂർത്തീകരിക്കപ്പെടാൻ, അത് അനുവദിച്ചു. പീഡാനുഭവത്തിന്റെ വേദന ദൈവത്വം അനുഭവിച്ചില്ല. എന്നാൽ അത് തന്നോട് ഐക്യപ്പെട്ട തന്റെ സ്വന്തം ആലയത്തിന്റെയും ജഡത്തിന്റെയും സഹനമാകയാൽ, സഹനങ്ങൾ അത് തന്റേതാക്കി. ഈ മാംസം നിമിത്തം, വിശ്വസിക്കുന്നവർ ക്രിസ്തുവിന്റെ അവയവങ്ങളെന്ന് വിളിക്കപ്പെടുന്നു. വിശ്വസിക്കുന്നവരുടെ ശിരസ്സെന്ന് അവനും വിളിക്കപ്പെടുന്നു.

www.malankaralibrary.com

## അടിക്കുറിപ്പുകൾ

1. Gen.26,3-4; 28,13-15.
2. Mt.2,5-6; Micha,5,2.
3. 1Tim.1,17;6,16.
4. Ep.101,61.
5. *On the mystery of the Lord's Incarnation*, 6,59-61.
6. *Homily on John*,1,14.
7. *Dogmatic fragments on Epiphany.*
8. *Homily on John*,11,1-2.
9. *Discourse on the Seals*
10. *Gnostic Teachings.*
11. *Homily on Ps*.23,1.
12. *Comm.on 1Sam*.1,1.
13. *On the divinity of the Son and the Holy Spirit*
14. *Life of Moses*, 2.108,21-109,6.
15. *Books against Eunomius*,3,1.44.
16. *Homily (9) delivered after the Gothic elder*,3.
17. *Hom.7 on the Incomprehensible nature of God*, 3.
18. Jn 20,19;Gen.32,24.
19. *finite body*
20. *Hom.1 on the devil as tempter*, 2-3.
21. *Hom.7 on the Incomprehensible nature of God*, 6.

www.malankaralibrary.com

22. *Hom.1 on the devil as tempter*, 2.
23. *Oration 3 against the Jews*, 4.
24. *On the Ascension of our Lord Jesus Christ*, 3.
25. *Hom.1 on the Ep.to the Ephesians*, 4.
26. *Ibid*.Hom.3, 3
27. *Ibid*.Hom.4,1-2.
28. *Hom.11 on John*, 2.
29. *Hom.2 on Mathew*, 2.
30. Jn 6,1-15;11,38-44;Mt.8,24;14,22-27.
31. *On the Trinity*, l9,3.
32. *Ep*.137, 9.
33. *The book of Correction*, 3,27-4,12 (of Leporius).
34. *Scholia on the Incarnation of the Only Begotten*.
35. *Fourth Theological Oration or On the Son*, 16.
36. *Second Discourse on the holy Pasha*, 25.
37. *On free will, the will of Paul and the Lord's Passion*

---

വിവർത്തനത്തിന് മുഖ്യമായും ആധാരമാക്കിയിരിക്കുന്നത് :
Theodoret of Cyrus, *Eranistes* (tr.by G.H. Ettlinger) : The Fathers of the Church, A new Translation, The Catholic University of America, Washington D.C, 2003

www.malankaralibrary.com

# Fr. Geevarghese Chediath

Fr.Geevarghese Chediath (b.1945) is a priest of the Archdiocese of Trivandrum of the Malankara Catholic Church.He was born at Athirumkal on 29th May 1945 .His parents are C.G. Daniel (+2004) and Saramma. He had his Seminary Studies at the St.Thomas Apostolic Seminary, Vadavathoor/Kottayam and was ordained on 20th December 1969. Then he was Vice Rector (1970-1973) and later Rector (1993-96) at the St. Aloysius Minor Seminary, Pattom/Trivandrum. He was Secretary to the Archbishop Most Rev.Benedict Mar Gregorios. He had his Doctoral Studies at Augustinianum/Rome (1973-1978). He wrote his Doctoral Dissertation on the *Christology of Mar Babai the Great (+628)*. He taught at the St.Thomas Apostolic Seminary, Vadavathoor/ Kottayam (1979-1993) and is a Permanent Professor of the Pontifical Oriental Institute there. He is a Resident Professor at the St. Mary's Malankara Major Seminary, Nalanchira/Trivandrum since 1996. He teaches also at the St. Ephrem Ecumenical Institute (SEERI) Kottayam, and the Missionary Orientation Centre (MOC) Manganam/Kottayam. He teaches Patristics, Church History, Christology and Ecumenism. He was a member of the Pro-Oriente Syriac Commission, and is a member of the *Forum Syriacum* of the Pro-Oriente Foundation, representing the Malankara Catholic Church. He was one of the Malankara Catholic representatives at the *Catholic-Malankara Orthodox* and *Catholic – Syrian Orthodox* International theological Dialogues. He has written 90 books. He is the Section Editor of the Quarterly *Christian Orient* (Ecumenism).

## Books

***A. Malayalam Books***

1. Mar Aprem, *Suviseshabhashyam* (St.Ephrem, Diatessaron Commentary in Malayalam translation) , Kottayam, 2002.

2. Mar Aprem, *Ulpathibhashyam* (St. Ephrem, Commentary on Genesis, Letter to Publius, Sermon on our Lord, Hymns against Julian), 2001.

3. Mar Aprem, *Parudeesageethangal* (St.Ephrem, Hymns on Paradise), 2001.

4. Mar Aprem, *Kanyathvageethangal* (St.Ephrem, Hymns on Virginity) 2001.

www.malankaralibrary.com

5. Mar Aprem, *Manushyavatharageethangal* (St.Ephrem, Hymns on Nativity) 2001.

6. Mar Ishodad, *Suviseshabhashyam* (Ishodad, Commentary on the Gospels) 1997.

7. Mar Ishodad, *Puthiyaniyamabhashyam*, (Ishodad, Commentary on the New Testament: Acts and the Epistles) 2002.

8. *Sabhapithakanmar* (The Fathers of the Church) 1980.

9. *Sabhapithakanmar-I* (The Fathers of the Church-vol. 1) 1987.

10. *Sabhapithakanmar-II* (The Fathers of the Church-vol. II) 1988.

11. *Sabhapithakanmar-III* (The Fathers of the Church-vol. III) 2000.

12. *Jerusalemile Cyril*, *Matadhyapana Prasangangal* (Cyril of Jerusalem, Catechetical Homilies) 2000.

13. *Theodore, Matadhyapana Prasangangal* (Theodore of Mopsuestia, Catechetical Homilies), 1986.

14. *John Chrysostom, Matadhyapana Prsangangal* (Catechetical Homilies) 2003.

15. *Mar Marutha, Kanonakal* (The Canons of Mar Marutha of Maipherqat) 1989.

16. *Sunnahadosukal* (The Ecumenical Councils) 1996.

17. *Synodicon Orientale* (The Synods of the East Syrian Church) 1996.

18. *Mathews Mar Athanasiosinte Malankara Canon (*ed.), 2002.

19. *Pracina Sanyaasa Charitram* (Palladius, Lausiac History) 1993

20. *Sanyasathinte Anthardhaara* (St. Athanasius, Life of Antony) 1992.

21. *Palastinayile Sanyaasikal* (Cyril of Scythopolis, The Lives of the Monks of Palestine) Trivandrum 1994.

22. *Visudha Euthimiyasinte Jeevacaritram* (Cyril, The Life of St. Euthymius), Trivandrum, 1994.

23. *Theodoret, Christubhashyam* (Eranistes), Kottayam, 2007.

24. *Paithrkaprabhodhanam,* Anchal, 1973.

25. *Aadimasabhayude Sandesam* (Patristic manual- vol.1), 1994.

*www.malankaralibrary.com*

26. *Aadimasabhapitakanmar* (Patristic Manual vol 2) 1993(2nd ed.).

27. *Latin Sabhapitakanmar* (Patristic manual- vol. 3:Latin Church Fathers) 1992.

28. *Apostolika Pitakanmar* (The Apostolic Fathers) 1996(2nd ed.).

29. *Suriani Sabhapitakanmar* (Abdiso, Catalogus Librorum) 1982.

30. *Patristic Quiz*, 2001.

31. *Qurbanayude Vyakhyanangal* (Commentaries of the Holy Mass) 2000.

32. *Mar Babai, Christusastram* (Mar Babai the Great, Liber de Union, Kottayam, 2000.

33. *Jerome-Gennnadius, Mahatvyaktikal*, 1992.

34. Gregory Nyssa, *Giriprabhashanam* (Sermon on the Mount) ed.1982.

35. *Gregory Nyssa, Karthrprarthana* (The Lord's prayer), ed.1982.

36. *Marthomayude Nadapadikal* ( Acts of Thomas), 1998 ((3rd ed.).

37. *Eusebius-Thirusabhacharitram* (Ecclesiastical History) 1998 (2nd ed.).

38. *Socartes, Sabhacharitram* (Ecclesiastical History) 1990.

39. *Bar Ebraya, Sabhacharitram* (Ecclesiastical History-Part – II) 1990.

40. *Malankara Sabhacharitram* (Malankara Church History-I) 1998(2nd ed.).

41. *Antiochean Sabha-Udbhavavum Valarchayum* (Antiochene Church-Origin and Growth) 1986.

42. *Sabhacharitram:MalankaraSabha*,(Atmabodhanam-6),Tiruvalla, 2000.

43. *Origen, Uthamageetabhashyam* ,(Commentary on the Song of Songs) ed. 1986.

44. *Origen,Lukabhashyam* (Homilies and Fragments on the Gospel according to St. Luke by Origen), Trivandrum, 2005.

45. *Yohannante Suvisesham-Origente Bhashyam*(Origen, Commentary on the Gospel according to St. John) Trivandrum, 2005.

46. *Didascalia*, ed.1987

47. *Bar Salibi, Aaradhanakramathinte Vyakyanam* (Commentary on the Liturgy) 1990.

www.malankaralibrary.com

48. *Jeevamrtam* (Documents on Eucharist) (ed.) 1991

49. *Hermasinte Idayan* (The Shepherd of Hermas) (2nd ed.). 1992

50. *Prarthana Sabhayil* (Prayer in the Church) (2nd ed.). 1993

51. *Prarthana Surianisabhayil*, (Prayer in the Syriac Church) 1991.

52. *Qudosh Idtho Njayar* (Bible service) 1973.

53. *Marthomayude Dukrana* (Bible Service) 1984

54. *Malankara Geetangal*, 1981.

55. *Chraistava Geetangal*, 1982.

56. *Bible Geetangal*, 1983.

57. *Mathrkeertanangal,* 1988.

58. *Triyekadeivam* (Divine Trinity), 1993.

59. *Satyadeivavum Satyaaradhanayum* (The True God and the True Worship), 1995.

60. *Perunnalukalum Vedavayanakkurippukalum* (Liturgical Readings), Trivandrum, 1973.

61. *Madhyakala Sabbhacaritram*, (History of the Church of the Middle Ages) 2000.

62. *Katholika Visvasavum Pentecost Veekshanangalum* (The Catholic Faith and the Pentecostal Views-a comparative study) (5th ed.) 2005 .

63. *Ecumenism*, 1998.

64. *Sabhacaritra Patanangal* (Studies in Church History), (3rd ed.) 1996 .

65. *Paurastya Katholicos* (The Catholicos of the East) (2nd ed.) 1999.

66. *Marthoma Sleehayude Indian Sabha* (The Indian Church of St. Thomas) (3rd ed.) 2001.

67. *Keralathile Chraistava Sabhakal* (The Christian Churches in Kerala), (4th ed.) 1998.

68. *Yehowa Sakshikal*, (5th ed.) 1993.

69. *Sisusnanam Vedanusrtham*, (3rd ed.) 1998.

www.malankaralibrary.com

70. Mar Abraham, 1990.

71. *Yohannante Suvisesham-Theodorinte Bhashyam* (Theodore of Mopsuestia, Commentary on the Gospel of John) Trivandrum, 2006.

72. *Irenaeus,Apostolika Prabodhanathinte Thelivu*(Proof of the Apostolic Preaching) 2003.

73. *Visudha John Damascene, Satyavisvasam*, 2003.

74. *Visudha Augustine,Christmas-Denha Prasangangal*, 2003.

75. *Yohannante Suvisesham- Theodorinte Bhashyam*, 2006.

76. *Prachina Sanyasaniyamangal*, 2006.

77. *Vishudha John Crysostom, Kristusastram - Babylasinte Charithram*, Kottayam - 2006.

78. *Major Archbishop Catholicos*, Trivandrum, 2006.

79. *Patrology - Vol I*, Kottayam, 2006.

80. *Patrology - Vol II*, Kottayam, 2006.

81. *Communio in Christo - The Rules*, Trivandrum, 2007.

***B. English Books***

82. *Mar Babai, Some Useful Counsels on the Ascetical Life*, Kottayam, 2001.

83. *St.Thomas the Apostle of India*, by +Martin Gielen, (ed.), 1991.

84. *Ecumenism in Danger* (co-ed.), 1986.

85. *The Christology of Mar Babai the Great*, 1982.

86. *Bibliographical survey* (co-ed.), 1983.

87. *Christology*, 2002.

88. *The Malankara Catholic Church*, Kottayam, 2003.

89. *Archbishop Mar Ivanios in his Thoughts*, (ed. with alii) Trivandrum 2004.

90. *The Catholicos of the East*,(tr. by A .J. Joy Angemadathil) Trivandrum, 2005.

*www.malankaralibrary.com*

www.malankaralibrary.com

www.malankaralibrary.com

www.malankaralibrary.com